# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

2020 ഫെബ്രുവരി 4, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1190/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ - 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ - 37
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 37
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ - 114

**II അടിയന്തരപ്രമേയം**

വിദ്യാർത്ഥികൾക്കെതിരെ യു.എ.പി.എ. ചുമത്തിയ നടപടി
(അവതരണാനുമതി നിഷേധിച്ചു) - 510

**III ശ്രദ്ധ ക്ഷണിക്കൽ**

(1) തീരദേശ മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ - 531
ശ്രീ. റ്റി. വി. രാജേഷ്

(2) തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പിൽ
പേപ്പർ ബാലറ്റ് - 535
ശ്രീ. മഞ്ഞളാംകുഴി അലി

**IV. സബ്മിഷൻ**

(1) സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ബി.ജെ.പി. നേതാവ്
നടത്തിയ പ്രസ്താവന - 538
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

(2) തൊഴിൽ സേന - 540
-ശ്രീ. ബി. ഡി. ദേവസ്സി

(3) പോലീസ് സ്റ്റേഷൻ - 541
-ശ്രീ. ആർ. രാമചന്ദ്രൻ

(4) പോലീസ് സബ് ഡിവിഷൻ ഓഫീസ് – 542
- ശ്രീ. അനൂപ് ജേക്കബ്

(5) ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ - 543
-ശ്രീ. വി. എസ്. ശിവകുമാർ

(6) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം - 547
-ശ്രീ. ആർ. രാജേഷ്

(7) കർഷകത്തൊഴിലാളി ക്ഷേമനിധി - 551

-ശ്രീ. സി. കെ. ശശീന്ദ്രൻ

(8) ഇടത്താവള സമുച്ചയം - 552

-ശ്രീ. സജി ചെറിയാൻ

(9) അംഗീകാരങ്ങൾ വിഭാഗം തിരിച്ച് പ്രഖ്യാപിക്കുന്നത് ഒഴിവാക്കൽ - 554

-ഡോ. എൻ. ജയരാജ്

(10) സ്കൂളുകൾക്ക് അംഗീകാരം - 556

- ശ്രീ. എൻ. ഷംസുദ്ദീൻ

(11) വന്യജീവി ശല്യം - 558

-ശ്രീ. റോജി എം. ജോൺ

**V റൂളിംഗ്** - 559

**VI ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** - 562

**VI വ്യക്തിപരമായ വിശദീകരണം** - **617**

-ശ്രീ. എൻ. ഷംസുദ്ദീൻ

**നന്ദിപ്രമേയ ചർച്ച ( തുടർച്ച)** - **619**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

*2020 ഫെബ്രുവരി 4, ചൊവ്വ*

വാല്യം 179] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2020 ഫെബ്രുവരി മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*31)

### ടൂറിസം മേഖലയിലെ പദ്ധതികൾ

1(*31) ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് എത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് ടൂറിസം പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ വകുപ്പിനുണ്ടായതായി പറയപ്പെടുന്ന പരാജയം ടൂറിസം മേഖലയെ സാരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) അന്താരാഷ്ട്ര ടൂറിസം കേന്ദ്രങ്ങളായ കോവളത്തിന്റെയും വർക്കലയുടെയും ശോച്യാവസ്ഥ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ടൂറിസം കേന്ദ്രങ്ങളുടെ പരാധീനതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്നതും അതോടൊപ്പം സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടുമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെ നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- മലനാട്- മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- "ഗ്രീൻ കാർപ്പറ്റ് സ്കീം"
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്വ ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി

- ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് സമുച്ചയങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- ദേശീയ /അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തവും ദേശീയ/ അന്തർദ്ദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കലും
- FAM ടൂറുകൾ സംഘടിപ്പിക്കൽ
- അച്ചടി മാധ്യമം, ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- ബ്ലോഗ് എക്സ്പ്രസ്സ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ
- "Human By Nature" എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- ഓണാഘോഷം, നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, നിശാഗന്ധി മൺസൂൺ രാഗാസ് മ്യൂസിക് ഫെസ്റ്റിവൽ, ഉത്സവം എന്നീ പരിപാടികളുടെ നടത്തിപ്പ്
- വെള്ളാർ ക്രാഫ്റ്റ് വില്ലേജ്
- ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം അക്കാദമി.

(ബി) വർദ്ധനവ് വന്നിട്ടുണ്ട്. 2019 സെപ്റ്റംബർ വരെയുള്ള സ്ഥിതി വിവരക്കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾപ്രകാരം 2019 കലണ്ടർ വർഷം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 4.84 ശതമാനം വർദ്ധനവ് നേടാൻ സാധിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ടൂറിസം പദ്ധതികൾ സമയബന്ധിതമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ വീഴ്ചയോ, പരാജയമോ ഉണ്ടായിട്ടില്ല. ടൂറിസം വകുപ്പ് അടിസ്ഥാന സൗകര്യ വികസനത്തിനും വിപണന തന്ത്രത്തിനും പ്രാധാന്യം നൽകി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കേരളത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെയുണ്ടായ മഹാപ്രളയങ്ങളുടെയും മറ്റ് പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ ചില പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പുതലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി 16-5-2017-ലെ സ.ഉ.(സാധാ)നമ്പർ232/2017/ടൂറിസം പ്രകാരം അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

- വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് ഉദ്യോഗസ്ഥർ, നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികൾ എന്നിവർ പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട് വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.

- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരെ പ്രധാന ഡെസ്റ്റിനേഷനുകളിൽ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

- 14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു.

(ഡി) കോവളത്തും വർക്കലയിലും എത്തുന്ന സഞ്ചാരികൾക്കായി ഉന്നത

നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉതകുന്ന വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇതിൽ കോവളത്തിന്റെ പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ കുടിവെള്ള പദ്ധതി, ലൈറ്റിംഗ് സംവിധാനം, സുരക്ഷാ ക്യാമറ സംവിധാനം എന്നിവ ഇതിനകംതന്നെ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ, കോവളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് തയ്യാറാക്കിയ മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ 20 കോടിയോളം രൂപയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ മാതൃകയിൽ കോവളം വെള്ളാറിൽ ഒരു ക്രാഫ്റ്റ് വില്ലേജിന്റെ പ്രവൃത്തി ഒന്നാംഘട്ടം പൂർത്തിയാക്കിക്കഴിഞ്ഞു. സഞ്ചാരികൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി 'സൈലന്റ് വാലി സൺ ബാത്ത് പാർക്ക് പദ്ധതി ഉദ്ഘാടനത്തിന് തയ്യാറായിക്കഴിഞ്ഞു.

പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ വർക്കലയിൽ ഇതിനോടകം തന്നെ ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് പുറമെ, ഈ കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി സുസ്ഥിര വികസനം സാധ്യമാക്കുന്ന പ്രവൃത്തികൾ വകുപ്പ് ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി ടൂറിസം കേന്ദ്രത്തിന്റെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 8.99 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

കോവളത്തും വർക്കലയിലും വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

- ടൂറിസം ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ്- വർക്കല പാപനാശം.
- ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് വർക്കല 2017- ഇംപ്രൂവ്മെന്റ് ടു ദ റെനവേഷൻ ഓഫ് തീർത്ഥക്കുളം ഓഫ് ശ്രീജനാർദ്ദനസ്വാമി ടെംപിൾ ആന്റ് അലൈഡ് വർക്സ്.
- സെറ്റിംഗ് അപ് ഓഫ് സോളാർ ഇന്റഗ്രേറ്റഡ് ലൈറ്റ് സിസ്റ്റം അറ്റ് വർക്കല.
- പ്രൊവൈഡിംഗ് ന്യൂ ഫെൻസിംഗ് നിയർ ക്ലിഫ് അറ്റ് വർക്കല, തിരുവനന്തപുരം.
- ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് കോവളം ഫെയ്സ് വൺ (സമുദ്ര ബീച്ച് ആന്റ് ഗ്രോവ് ബീച്ച്).

- ഡെസ്റ്റിനേഷൻ ഡെവലപ്‌മെന്റ് ഓഫ് കോവളം ഫെയ്സ് ടു (ഈവ് ബീച്ച് ആന്റ് ലൈറ്റ് ഹൗസ് ബീച്ച്)
- വിവിഡ് കോർപ്പറേഷൻ വർക്കലയുമായി സഹകരിച്ച് ഒരു സാംസ്കാരിക കേന്ദ്രത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി.

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്ത് ടൂറിസം മേഖല പിന്നോട്ട് പോയതിന് പ്രധാന കാരണം ബാറുകൾ നിരോധിച്ചതായിരുന്നു. ഫൈവ് സ്റ്റാർ ബാറുകൾ മാത്രമുണ്ടായിരുന്ന സമയത്ത്, പ്രദേശികമായി മദ്യത്തിന്റെ ലഭ്യതക്കുറവിന്റെ ഭാഗമായി ടൂറിസം പിന്നോട്ട് പോയിയെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് യാതൊരു മനദണ്ഡവുമില്ലാതെ ധാരാളം ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ബാറുകൾ തുറന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഈ ബാറുകൾ തുറക്കുന്നതിന് മുമ്പ് ടൂറിസം മേഖലയിലുണ്ടായിരുന്ന വരുമാനത്തിന്റെയും ബാറുകൾ തുറന്നതിനുശേഷമുണ്ടായ വരുമാനത്തിന്റെയും കണക്ക് സർക്കാരിന്റെ കയ്യിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബാർ തുറക്കുന്നത് ടൂറിസം വ്യവസായത്തിന്റെ ഭാഗമായിട്ടല്ല. അത് എക്സൈസ് വകുപ്പ് ഹോട്ടലുകളുടെ ആവശ്യത്തിനുവേണ്ടി, ഒരു നയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിൽ വലിയ പ്രകൃതി ദുരന്തങ്ങളുണ്ടായി. നിപ വൈറസ് ഏറെ ബാധിച്ചത് ടൂറിസം മേഖലയെയാണ്. ഇപ്പോൾ കൊറോണ വൈറസ് വന്നപ്പോഴും കേരളത്തിലെ എല്ലാ ഹോട്ടലുകളുടെയും ഫെബ്രുവരി, മാർച്ച് മാസത്തിലെ ബുക്കിംഗെല്ലാം ഒഴിവായി. എല്ലാം ഫില്ലായിരുന്നു. ഈ പ്രതിസന്ധികൾക്കിടയിലും മാർക്കറ്റിംഗ് തന്ത്രം മാറ്റിയതിന്റെ ഫലമായി നമ്മൾ മുന്നോട്ടുപോയി.

2019-ലെ 9 മാസത്തെ കണക്ക് മാത്രമെടുക്കുമ്പോൾ 8,19,975 ടൂറിസ്റ്റുകൾ എത്തിയിട്ടുണ്ട്. 2018-ൽ സംസ്ഥാനത്ത് 10,96,407 ടൂറിസ്റ്റുകൾ വന്നിട്ടുണ്ടായിരുന്നു. നമ്മൾ മുന്നോട്ടുതന്നെയാണ് പോകുന്നത്. അത് ബാറുകളുമായി ബന്ധപ്പെടുത്തിയല്ല പറയുന്നത്. അതൊക്കെ തെറ്റിദ്ധാരണയാണ്.

ശ്രീ. അനിൽ അക്കര: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വ്യക്തമായി പറഞ്ഞ പ്രധാനപ്പെട്ടൊരു കാര്യം, അതത് നിയമസഭാമണ്ഡലങ്ങളിലെ പദ്ധതികളിൽ അതത് ഡി.എം.സി.യുടെ ചെയർമാൻമാരായി എം.എൽ.എ.മാരെ വച്ചുകൊണ്ട് മുന്നോട്ടുപോകുന്നു എന്നുള്ളതാണ്. അത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാന്യനായ എ. സി. മൊയ്തീൻ ടൂറിസം മന്ത്രിയായിരുന്ന

സമയത്ത് അദ്ദേഹത്തിന്റെകൂടി ജന്മനാടായ തെക്കുംകരയിലെ വാഴാനി പ്രദേശത്ത് ഒരുപാട് പദ്ധതികൾ കൊണ്ടുവന്നിരുന്നു. അതുപോലെതന്നെ പൂമല ഡാമിനോട് ചേർന്നും തൃശ്ശൂരിലെ വിലങ്ങൻകുന്നിലും നിരവധി പദ്ധതികൾ കൊണ്ടുവന്നു. പക്ഷേ ഇന്നും ആ പദ്ധതികളൊന്നും ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയിൽ നിൽക്കുകയാണ്. ഇറിഗേഷൻ വകുപ്പിന്റെ അനുമതി കിട്ടാത്തതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അതിലുണ്ട്. ഡി.എം.സി. ചെയർമാൻമാരുടെ അദ്ധ്യക്ഷതയിൽ ഡെസ്റ്റിനേഷൻ കമ്മിറ്റികൾ യോഗം ചേർന്ന് അക്കാര്യം കൃത്യമായി പരിഹരിക്കാൻ സാധിക്കും. പക്ഷേ, വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ രണ്ട് ഡി.എം.സി.കളാണുള്ളത്. ആ രണ്ട് ഡി.എം.സി.കളിലും ഇന്ന് ചെയർമാൻമാരില്ല. ഞാൻ എം.എൽ.എ. ആയ അന്നുമുതൽ കത്ത് കൊടുക്കുന്നതാണ്. ഞാൻ ചെയർമാനായി വരാതിരിക്കാൻവേണ്ടിയാണോ അതോ ശ്രീ. എ. സി. മൊയ്തീൻ പ്രഖ്യാപിച്ച പദ്ധതികൾ അവിടെ നടപ്പിലാക്കാതിരിക്കാൻ വേണ്ടിയാണോ എന്നെ ചെയർമാനായി വയ്ക്കാത്തത് എന്നൊരു ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.മാർ ചെയർമാൻമാരായിട്ടുള്ള കമ്മിറ്റി ഒരൊറ്റ ഉത്തരവിലൂടെ രൂപീകരിക്കപ്പെട്ടതാണ്. അങ്ങയെപ്പോലൊരാളെ ചെയർമാനായി വയ്ക്കുന്ന കാര്യത്തിൽ ടൂറിസം വകുപ്പിനോ സർക്കാരിനോ യാതൊരു തരത്തിലുള്ള ആക്ഷേപവുമില്ല. അക്കാര്യത്തിൽ എന്തെങ്കിലും പോരായ്മ വന്നിട്ടുണ്ടെങ്കിൽ അത് അടിയന്തരമായി പരിഹരിക്കാം.

അങ്ങ് മനസ്സിലാക്കേണ്ടത്, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ 67,22,51,615 രൂപയുടെ വിവിധ പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയിലാണ്. പലപ്പോഴും എം.എൽ.എ.-മാർ ഒരു ടൂറിസം പ്രോജക്ട് നടപ്പിലാക്കാനുള്ള വ്യഗ്രതയോടുകൂടി എൻ.ഒ.സി.-യൊന്നും വാങ്ങാതെ പ്രോജക്ടുമായി സമീപിക്കുകയും സമ്മർദ്ദം ചെലുത്തി അതിന് അനുമതി വാങ്ങുകയും ചെയ്യും. പക്ഷേ പദ്ധതിയുമായി മുന്നോട്ട് പോകുമ്പോൾ വകുപ്പ് സമ്മതിക്കുന്നില്ല എന്നതാണ് പ്രശ്നം. ഇപ്പോൾ ഇറിഗേഷൻ വകുപ്പിന്റെ കാര്യം അങ്ങ് സൂചിപ്പിക്കുകയുണ്ടായി. വാഴാനിയുടെ കാര്യത്തിൽ ഈയടുത്ത ദിവസം അനുമതി ലഭിച്ചിട്ടുണ്ട്. നടപടികൾ അടിയന്തരമായി ആരംഭിക്കും. അങ്ങയെ ചെയർമാനാക്കാത്തത് സംബന്ധിച്ച് അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിൽ അപ്പോൾത്തന്നെ നമുക്ക് തീരുമാനിക്കാൻ സാധിക്കുമായിരുന്നു. അതുടൻതന്നെ ചെയ്യാം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കേരളത്തിൽ ആഭ്യന്തര /വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ

ദിവസം ഒരു പത്രത്തിൽ റിപ്പോർട്ടു ചെയ്യുകയുമുണ്ടായി. അതു മാത്രമല്ല, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ റാങ്കിംഗ് വളരെയധികം താഴോട്ട് പോയിയെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം കുറയാനുള്ള സാഹചര്യമെന്താണ്, അതിലെന്തെങ്കിലും വാസ്തവമുണ്ടോ? ഉണ്ടെങ്കിൽ റാങ്കിംഗ് ഒന്നാം സ്ഥാനത്തേയ്ക്ക് വരാനും കൂടുതൽ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാനുള്ള സാഹചര്യമുണ്ടാക്കാൻ സാധിക്കുമോ; മറ്റൊരു കാര്യം, എല്ലാ ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലും ക്യാന്റീൻ സൗകര്യമുണ്ട്, പക്ഷെ ഈ സൗകര്യം പുറത്തുനിന്നും വരുന്ന ആളുകൾക്കില്ലാത്ത സാഹചര്യമാണ്, പ്രത്യേകിച്ചും ആലുവ ഗസ്റ്റ് ഹൗസിൽ. അത് ഗവൺമെന്റിന്റെ നിർദ്ദേശമാണോ; എം.എൽ.എ. മാരായാലും മറ്റുള്ളവരായാലും യാത്രയ്ക്കിടെ പെട്ടന്ന് ഭക്ഷണം കഴിക്കാൻ ഗസ്റ്റ് ഹൗസിൽ പോയാൽ ഭക്ഷണം കിട്ടുന്നില്ല, അതിനെന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ; അങ്ങനെയെങ്കിൽ ആ കാര്യം പുനഃപരിശോധിക്കാനുള്ള സാഹചര്യമുണ്ടാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് പത്രത്തിൽ വന്ന വാർത്തയെ അടിസ്ഥാനപ്പെടുത്തിയാണ് ഇവിടെ സംസാരിച്ചത്. ആ വാർത്തയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. വിദേശീയരും തദ്ദേശീയരുമായിട്ടുള്ള ടൂറിസ്റ്റുകളുടെ 2010 മുതലുള്ള കണക്ക് എന്റെ കയ്യിലുണ്ട്. 2010 മുതൽ കേരളത്തിന്റെ സ്ഥാനം 7-8 -ൽ തന്നെയാണ്. ഞാൻ വിദേശ ടൂറിസ്റ്റുകളുടെ കാര്യം പറയാം.

| | |
|---|---|
| 2010 | 6,59,250 |
| 2011 | 7,32,000 |
| 2012 | 7,93,000 |
| 2013 | 8,58,000 |
| 2014 | 9,23,000 |
| 2015 | 9,77,000 |
| 2016 | 10,38,000 |
| 2017 | 10,91,000 |
| 2018 | 10,96,000 |
| 2019- 9-ാം മാസം വരെ | 8,19,0975 |

2010-ൽ കേരളത്തിന്റെ റാങ്ക് 7-ഉം 2011-ൽ 8-ഉം 2012-ൽ 8-ഉം 2013-ൽ 7-ഉം 2014-ൽ 7-ഉം 2015-ൽ 7-ഉം 2016-ൽ 7-ഉം 2017-ൽ 8-ഉം

2018-ൽ 8-ഉം ആണ്. 2019-ന്റെ കാര്യം ഇനി വരുന്നതേയുള്ളൂ. വിവിധ സംസ്ഥാനങ്ങളിൽ ടൂറിസ്റ്റുകൾ വന്നതിന്റെ കണക്കുകളും നമ്മുടെ സംസ്ഥാനം സത്യസന്ധമായി കൊടുക്കുന്ന കണക്കുകളും താരതമ്യം ചെയ്യുമ്പോൾ മറ്റു സംസ്ഥാനങ്ങളുടെ കണക്ക് ശരിയായിട്ടുള്ളതായി തോന്നുന്നില്ല, ഒന്നാം റാങ്ക് കിട്ടിയെന്നു പറയുന്ന തമിഴ്നാട്ടിൽ 2018-ൽ അറുപത് ലക്ഷത്തി എഴുപത്തിനാലായിരം വിദേശ ടൂറിസ്റ്റുകൾ വന്നുവെന്നാണ് പറയുന്നത്. അത് എങ്ങനെയാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. രണ്ടാം റാങ്ക് കിട്ടിയ മഹാരാഷ്ട്രയിൽ അൻപത് ലക്ഷത്തി എഴുപത്തിഎണ്ണായിരം, രാജസ്ഥാനാണ് നമ്മുടെ രാജ്യത്തെ ഗോൾഡൻ ട്രയാങ്കിളിൽപെടുന്ന ഡൽഹി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സന്ദർശകരെത്തുന്ന ഒരു സംസ്ഥാനം. രാജസ്ഥാൻ അഞ്ചാം സ്ഥാനത്താണ്. ഉത്തർപ്രദേശ് മുപ്പത്തിയേഴ് ലക്ഷത്തി എൺപതിനായിരം വിദേശ ടൂറിസ്റ്റുകൾ സന്ദർശിച്ചു, ഇത് അവർതന്നെ കൊടുക്കുന്ന കണക്കാണ്. അതാത് സംസ്ഥാനങ്ങൾ കൊടുക്കുന്ന കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇത് വന്നിട്ടുള്ളത്. ഹോട്ടലുകളിൽ വന്ന് താമസിക്കുന്ന ആളുകളുടെ എണ്ണമാണ് നമ്മൾ കൊടുക്കുന്നത്. നമ്മുടെ കണക്കിൽ ഒരുകാലത്തും വലിയ വ്യത്യാസം വന്നിട്ടില്ല. ഞാൻ പറഞ്ഞത് 6,59,000-ൽ നിന്നും 2018 എത്തിയപ്പോൾ പ്രളയമൊക്കെ ഉണ്ടായെങ്കിലും 10,96,407-ലേയ്ക്ക് എത്താൻ സാധിച്ചു. തദ്ദേശീയ ടൂറിസ്റ്റുകളുടെ കാര്യത്തിലെ കണക്കും ഇങ്ങനെ തന്നെയാണ്, 2010-ൽ കേരളത്തിന്റെ റാങ്ക് 16-ഉം 2011-ൽ 17-ഉം 2012-ൽ 18-ഉം 2013-ൽ 18-ഉം 2014-ൽ 19-ഉം 2015-ൽ 18-ഉം 2016-ൽ 18-ഉം 2017-ൽ 17-ഉം ആയിരുന്നു. 2010-ൽ 8,59,00,000 ആയിരുന്നുവെങ്കിൽ 2018-ൽ അത് 15,60,00,000 ആയി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 9 മാസത്തെ കണക്കനുസരിച്ച് 13,18,04,227 പേരാണ് വന്നിട്ടുള്ളത്. പക്ഷെ നമ്മൾ ഈ വർദ്ധനവല്ല പ്രതീക്ഷിച്ചിട്ടുള്ളത്, ഈ വർദ്ധനവ് വന്നാൽ പോര. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പുതിയൊരു വൈറസ് വന്നപ്പോൾ തന്നെ ബിസിനസ്സ് താഴേയ്ക്ക് പോയൊരു അവസ്ഥാവിശേഷമാണ്. എല്ലാ ഹോട്ടലുകളുടെയും ബുക്കിംഗ് റദ്ദ് ചെയ്തു, അതിന്റേതായ ബുദ്ധിമുട്ടുണ്ട്.

അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം, ഗസ്റ്റ് ഹൗസുകളിൽ അവിടെ താമസിക്കുന്ന ആളുകൾക്കുള്ള മിനിമം ഭക്ഷണം മാത്രമേ ഉണ്ടാക്കുന്നുള്ളൂ എന്നാണ്. അതിലെ പ്രശ്നം, ഭക്ഷണം ഹോട്ടലുകളിൽ ഉണ്ടാക്കുന്നതുപോലെ ആളുകളെ പ്രതീക്ഷിച്ച് ഭക്ഷണം ഉണ്ടാക്കി നഷ്ടപ്പെടുത്താൻ പറ്റുകയില്ല. ഓർഡറിനനുസരിച്ച് ഭക്ഷണമുണ്ടാക്കുകയാണ് ചെയ്യുന്നത്. എം.എൽ.എ. മാർ നേരത്തെ ഓർഡർ ചെയ്താൽ, അവർക്ക് ഭക്ഷണം ലഭ്യമാകാനാവശ്യമായ നടപടി സ്വീകരിക്കാം. അല്ലാതെ സമയത്ത് പോയി ഭക്ഷണം ചോദിച്ചാൽ സ്വാഭാവികമായും അവർക്ക്

കൊടുക്കാൻ സാധിക്കുകയില്ല. റൂമിൽ താമസിക്കുന്ന ആളുകൾ എല്ലാവരും ഭക്ഷണം കഴിക്കുന്നവരല്ല, ഉച്ചയ്ക്ക് ഭക്ഷണം കഴിക്കുന്നവരും രാത്രി ഭക്ഷണം കഴിക്കുന്നവരും ആരൊക്കെയാണെന്ന് ചോദിച്ച് ഓർഡറനുസരിച്ച് ഭക്ഷണം കൊടുക്കുന്ന ക്രമീകരണമാണ് ഗസ്റ്റ് ഹൗസിലുള്ളതെന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. എം.എൽ.എ.-മാർക്ക് വേണമെങ്കിൽ ഭക്ഷണത്തിന് നേരത്തെ ഓർഡർ ചെയ്യാം, അതിനൊരു തടസ്സവുമില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ടൂറിസം മേഖലയിൽ അനന്തസാധ്യതകളുള്ള സംസ്ഥാനമാണ് നമ്മുടേത്. 2018-19-ലുണ്ടായ മഹാപ്രളയം ടൂറിസം മേഖലയിൽ കാതലായ നാശനഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്, പ്രത്യേകിച്ചും ഇടുക്കി, വയനാട് പോലെയുള്ള ജില്ലകളിൽ. വയനാട്ടിൽ ഏതാണ്ട് 15-ഓളം ചെറുതും വലുതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. ഇന്ന് ധാരാളം വിനോദസഞ്ചാരികൾ അവിടെ എത്തുന്നുണ്ടെങ്കിൽപോലും അവർക്ക് ഈ കേന്ദ്രങ്ങളിൽ എത്താൻ കഴിയുന്നില്ല. കാലവർഷക്കെടുതിയിൽ 2018-19-ൽ റോഡുകളും പാലങ്ങളും നടപ്പാതകളും നഷ്ടപ്പെടുകയും മണ്ണിടിച്ചിലുണ്ടാകുകയും ചെയ്തു. അതനുസരിച്ചുള്ള നിയന്ത്രണങ്ങളും വരുത്തിയിട്ടുണ്ട്. എടയ്ക്കൽ ഗുഹയിൽ മണ്ണിടിച്ചിലുണ്ടായതിന്റെ ഫലമായി, വിദഗ്ധപഠനം നടത്തിയതിനുശേഷം കൂടുതൽ സഞ്ചാരികളെ അങ്ങോട്ട് വിടാമെന്നുള്ള തീരുമാനം നടന്നിട്ടില്ല. കുറുവ ദ്വീപ് ഇന്നും നിയന്ത്രണത്തിലാണ്, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളാണ് അവിടെ ജോലി ചെയ്യുന്നത്. അവർക്കൊക്കെ നിയന്ത്രണമേർപ്പെടുത്തിയിരിക്കുകയാണ്. ഞാൻ കഴിഞ്ഞ സമ്മേളനത്തിലും പറഞ്ഞ കാര്യമാണ്. വയനാടിനുവേണ്ടി പ്രത്യേക യോഗം വിളിച്ചുചേർത്ത് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കുറുവ ദ്വീപിലെ പ്രശ്നങ്ങൾ നമ്മൾ പരിശോധിച്ചതാണ്. പാരിസ്ഥിതികമായ പ്രശ്നങ്ങളും ആ ദ്വീപിന് താങ്ങാൻ പറ്റാത്ത തരത്തിലുള്ള സന്ദർശക പ്രവാഹവുമൊക്കെയാണ് വനം വകുപ്പ് കർശന നിലപാടുകൾ സ്വീകരിക്കാൻ ഇടയാക്കിയിട്ടുള്ളതെന്ന കാര്യം നമുക്കറിയാം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 37,78,69,758 രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവിടത്തെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലയുടെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നതിനുവേണ്ടി യോഗം വിളിക്കുന്നതിന് തടസ്സമില്ല. അത് വയനാടോ തിരുവനന്തപുരത്തോ എവിടെ വേണമെങ്കിലും വിളിക്കാം, അക്കാര്യം നമുക്ക് പരിശോധിക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളം ദൈവത്തിന്റെ സ്വന്തം നാടെന്നാണ് പറയുന്നത്, ദൈവദത്തമായ കുറേ ടൂറിസ്റ്റ് കേന്ദ്രങ്ങൾ നമുക്കുണ്ട്.

കേരളത്തിൽ കുറേയധികം പാറമടകളുണ്ട്, അവിടെയൊക്കെ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാൻ നമുക്ക് കഴിയും. ഇത് ശ്രദ്ധയിൽപ്പെടുത്തിയെന്നു മാത്രമേയുള്ളൂ. എന്റെ ചോദ്യം, ടൂറിസം മേഖലകളിൽ സദാചാര പോലീസിന്റെ ഇടപെടൽ വളരെ ദോഷകരമായി ബാധിക്കുന്നുവെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങനെയൊരു പരാതി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയൊരു പരാതി പത്രങ്ങളിൽപ്പോലും വായിച്ചതായി ഞാൻ ഓർക്കുന്നില്ല. അങ്ങനെയെന്തെങ്കിലും പരാതിയുണ്ടെങ്കിൽ നമുക്ക് പരിശോധിക്കാവുന്നതാണ്. സദാചാര പോലീസിന്റെ പ്രവർത്തനം അനുവദിക്കാൻ പറ്റില്ല.

ശ്രീ. മുരളി പെരുനെല്ലി: സർ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടക്കുന്ന ഒറ്റപ്പെട്ട അക്രമങ്ങൾ, അപകടങ്ങൾ എന്നിവ അന്താരാഷ്ട്ര ശ്രദ്ധയാകർഷിക്കുന്ന സംഭവങ്ങളായി മാറാനുള്ള സാധ്യതയുള്ളതുകൊണ്ട് ഈ രംഗത്ത് അതീവ ജാഗ്രത പുലർത്തുന്നതിനും അതുപോലെ ടൂറിസം പോലീസിനെ ശാക്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടൂറിസം രംഗത്ത് പോലീസിനെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വികസന പ്രവർത്തനങ്ങൾ നടത്തുന്ന കൂട്ടത്തിൽ നമ്മുടെ ഗ്രാമീണ മേഖലയെയും കേരളത്തിന്റെ വിവിധങ്ങളായ ടൗണുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള, പൊതുവേയുള്ള പ്രദേശങ്ങൾ, തിരുവനന്തപുരത്ത് ചാല, കോഴിക്കോട് മിഠായിത്തെരുവ്, മലപ്പുറത്ത് വലിയങ്ങാടി പോലുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ഒരു കോമൺ ഫീച്ചറും കോമൺ കളറും കോമൺ അക്സസബിലിറ്റിയൊക്കെ വച്ച് ഗ്രാമീണമേഖലകളെക്കൂടി ഉൾപ്പെടുത്തി മുന്നോട്ട് പോയാൽ നന്നാകുമെന്ന് സൂചിപ്പിക്കുകയാണ്, അതിനുള്ള നടപടികളുണ്ടോ? ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ നിള പുനരുദ്ധാരണവുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ പദ്ധതികൾ ആരംഭിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് കുറ്റിപ്പുറം മേഖലയും നിളയുമൊമൊക്കെ ഉപയോഗപ്പെടുത്തിയാൽ നല്ലതായിരിക്കും. ഒട്ടനവധി സ്ഥലം അവിടെ ലഭ്യമാണ്. ഇടശ്ശേരിയുടേയും ശ്രീ. എം. ടി.- യുടേയും കഥാപാത്രങ്ങളുടേയും കവിതയുടെയുമൊക്കെ കേന്ദ്രമാണ്. തൊട്ടടുത്ത ദിവസം ഇടശ്ശേരിയുടെ ചരമദിനത്തോട് അനുബന്ധിച്ച് ശ്രീ. എം. ടി.-യും ശ്രീമതി സാറാ ജോസഫുമൊക്കെ കുറ്റിപ്പുറത്തെ ശ്രീ. നജീബ് നടത്തുന്ന സ്ഥാപനമായ 'ഇല' യിൽ കേന്ദ്രീകരിച്ച് ഇടശ്ശേരിയുടെ ചരമദിനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു അന്വേഷണം നടത്തിയിരുന്നു. ശ്രീ. എം. ടി.,

ഇടശ്ശേരിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കഴിഞ്ഞകാല ഓർമ്മകൾ അവിടെ പങ്കുവച്ചു. അവിടെയൊരു ക്രാഫ്റ്റ് വില്ലേജടക്കം തുടങ്ങിയാൽ വളരെ നന്നാകുമായിരുന്നു, അങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റിന് സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇപ്പോൾ ആ മേഖലയിൽ ക്രാഫ്റ്റ് വില്ലേജിനെ സംബന്ധിക്കുന്ന പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുന്നിലില്ല, അത് പരിശോധിക്കാവുന്ന കാര്യമാണ്.

ശ്രീമതി സി. കെ. ആശ: സർ, ഒരു സ്ഥലത്തെ ടൂറിസം വികസനം ആ പ്രദേശത്തെ ജനങ്ങളുടെ അഭിപ്രായത്തെക്കൂടി പരിഗണിച്ചുകൊണ്ടാകണമെന്ന കാഴ്ചപ്പാടിൽ ഇന്ത്യയിൽത്തന്നെ ആദ്യമായി നടപ്പിലാക്കിയ ഒരു ടൂറിസം പദ്ധതിയാണ് 'പെപ്പർ '. ഈ പദ്ധതി പൈലറ്റ് ചെയ്തിരിക്കുന്നത് വൈക്കത്താണ്. ഇതുസംബന്ധിച്ച് വിശേഷാൽ ഗ്രാമസഭകൾ ചേരുകയും പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ തുടർ നടപടികളെ സംബന്ധിച്ച് ഇതുവരെ വ്യക്തത വന്നിട്ടില്ല. പദ്ധതിയുടെ തുടർ നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വൈക്കം പ്രദേശത്തെ പ്രസ്തുത പദ്ധതിയുടെ ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 2017-18 വർഷമാണ് 'പെപ്പർ ടൂറിസം പദ്ധതി' ഉത്തരവാദിത്വ ടൂറിസം മിഷൻ ആരംഭിച്ചത്. പൈലറ്റ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ വൈക്കം താലൂക്കിനെ തെരഞ്ഞെടുക്കുകയും ആദ്യഘട്ടത്തിലെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവൻതുരുത്ത്, ടി.വി പുരം, ഉദയനാപുരം, കല്ലറ, വെച്ചൂർ, തലയാഴം എന്നീ 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയത്. തുടർന്ന് 8 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ ചേർന്നു. ഈ ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കണം. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ സഭാകാലയളവിൽത്തന്നെ യോഗം വിളിച്ച് തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നടപ്പിലാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം മതവിഭാഗങ്ങളുടെ വിശ്വാസവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളിലെല്ലാം ആയിരക്കണക്കിനാളുകൾ വന്നുപോകുന്ന, പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട മേഖലയാണ് വാഗമണിലെ വഴിക്കടവ്. അവിടെ കുരിശുമലയുണ്ട്, തങ്ങൾപ്പാറയുണ്ട്, മുരുകൻ മലയുണ്ട്. ഈ മൂന്ന് മേഖലയിലും ലക്ഷക്കണക്കിന്

ആളുകൾ വരുന്ന ദിവസങ്ങളുണ്ട്. അതിനോടു ചേർന്നാണ് ഏറ്റവും പ്രധാനപ്പെട്ട പാരാ ഗ്ലൈഡിംഗ് കേന്ദ്രം. ദിവസവും ഒരു ലക്ഷം ആളുകൾ വരെ വരുന്ന മേഖലയാണത്. കുട്ടിക്കൽ പഞ്ചായത്തിലെ സൂയിസൈഡ് പോയിന്റിലാണ് ഈ കേന്ദ്രമുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സഹായത്തോടെ 34 കോടി രൂപയുടെ മുണ്ടക്കയം-വാഗമൺ റോഡിന്റെയും 67 കോടി രൂപയുടെ തീക്കോയി - വാഗമൺ റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുന്ന സമയമാണ്. ഇത് ഇത്തരത്തിൽ എല്ലാ ഭൗതിക സൗകര്യങ്ങളും ഒരുക്കിയ സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ വാഗമണിന്റെ കാര്യം കണ്ടില്ല. വാഗമൺ എന്നുപറയുന്നുണ്ടെങ്കിലും യഥാർത്ഥ സ്ഥലം വഴിക്കടവാണ്. ആ മേഖലയിലെ ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ലിസ്റ്റിൽ ഇതുകൂടി ഉൾപ്പെടുത്തുമോ; അതോടൊപ്പം പറയാനുള്ള ഒരു കാര്യം, എം.എൽ.എ.-മാർ ചെയർമാനായ ഒരു കമ്മിറ്റി നിലവിലുണ്ടെന്ന കാര്യം ഞാനടക്കം ഇവിടെയുള്ള എം.എൽ.എ. മാരാരും അറിഞ്ഞിട്ടില്ല. അതുസംബന്ധിച്ച് വ്യക്തമായൊരു നിർദ്ദേശം കൊടുക്കാനുള്ള സന്മനസ്സുകൂടി പ്രകടിപ്പിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, നമ്മുടെ സംസ്ഥാനത്തെ ടൂറിസം മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തീർത്ഥാടന ടൂറിസം. ഗവൺമെന്റ് അതിനായി എല്ലാവിധ പിന്തുണയും കൊടുക്കുന്നുണ്ട്. കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികൾ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് ടൂറിസം വകുപ്പ് നിർവ്വഹിക്കുന്നുണ്ട്. ഇപ്പോൾ അങ്ങ് പറഞ്ഞ പ്രോജക്ട് ഗവൺമെന്റിന്റെ മുമ്പിലില്ല. അങ്ങ് ഇക്കാര്യം ഇതുവരെ നിർദ്ദേശിച്ചിട്ടില്ല, ഇപ്പോൾ സഭയിലാണ് പറയുന്നത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഞാൻ പറഞ്ഞിട്ടുണ്ട്, ഇതിനുമുമ്പ് ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിയോട് ചോദിച്ചാൽ മതി.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, മൂന്നര വർഷത്തിനു മുമ്പുള്ള മന്ത്രിയോട് ചോദിക്കാനാണോ പറയുന്നത്? ഏതായാലും അത്തരമൊരു നിർദ്ദേശം തന്നാൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് പദ്ധതിയുടെ സാദ്ധ്യത പരിശോധിച്ച് കാര്യങ്ങൾ ചെയ്യാം.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, സംസ്ഥാനത്ത് ടൂറിസം വികസനത്തിന്റെ ഭാഗമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്, അതിന്റെ ഭാഗമായി മലബാർ മേഖലയിൽ കാസർഗോഡ്, കണ്ണൂർ ജില്ലകൾ സംയുക്തമായി മലനാട് - മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് നടപ്പാക്കിവരികയാണ്. ഇതിനോടനുബന്ധിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കാനും ആ പ്രോജക്ടിൽ ഒരു

പ്രോട്ടോക്കോൾ പാലിക്കുന്നതിനും ശ്രമിക്കുമോ? പ്രത്യേകിച്ച് ഇങ്ങനെയൊരു ആവശ്യം ഉന്നയിക്കുന്നതിന് കാരണം, മലബാർ മേഖലയിലെ അഞ്ചു നദികളും ശുദ്ധജലമുള്ളവയാണ്, മാലിന്യം ഒട്ടുംതന്നെയില്ലാത്ത നദികളാണ്. എന്നാൽ റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് നടപ്പിലാക്കിയ പല പ്രദേശങ്ങളുടെയും അവസ്ഥ വളരെ ദയനീയമാണ്. അത്തരമൊരു ദുരവസ്ഥ ഉണ്ടാകാതിരിക്കാൻ ഒരു ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിനാവശ്യമായ നടപടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ടൂറിസം വകുപ്പ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവപ്പെട്ട ഒരു പ്രശ്നം തന്നെയാണ്. സമീപ ദിവസങ്ങളിലാണ് ആലപ്പുഴയിലെ വേമ്പനാട്ട് കായലിൽ ഒരു ഹൗസ് ബോട്ടിന് തീപിടുത്തമുണ്ടായത്. മഹാഭൂരിപക്ഷം ഹൗസ് ബോട്ടുകളും യാതൊരു നിയമങ്ങൾക്കും വിധേയമാകാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് പരിശോധനയിൽനിന്നും മനസ്സിലായത്. വളരെ കർശനമായിട്ടുള്ള ഒരു റെഗുലേഷൻ ഇക്കാര്യത്തിൽ ആവശ്യമായിരിക്കുകയാണ്. റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിലെങ്കിലും അതൊരു നിയമമാക്കണമെന്ന് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്, അല്ലാതെ നമുക്ക് മുമ്പോട്ടുപോകാൻ കഴിയില്ല. എണ്ണൂറോളം വരുന്ന ഹൗസ് ബോട്ടുകൾക്ക് മാത്രമാണ് അവിടെ ലൈസൻസുള്ളത്, രണ്ടായിരത്തോളം ഹൗസ് ബോട്ടുകൾ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നിയമവും അവർക്ക് ബാധകമാകുന്നില്ല, അതിനിയും തുടർന്നുപോകുന്നതിന് അനുവാദം നൽകാൻ സാധിക്കില്ല. മലബാർ - മലനാട് റിവർ ക്രൂയിസ് പദ്ധതി നടപ്പിലാകുമ്പോൾ എല്ലാ നിയമങ്ങൾക്കും വിധേയമായി, ഗ്രീൻ പ്രോട്ടോക്കോളടക്കം പാലിക്കുന്ന സംവിധാനം തന്നെ നടപ്പിലാക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ മാത്രം 115 -ഓളം കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. മലബാർ പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ഗവൺമെന്റിന്റെ സമീപനമായി ഇതിനെ കാണണം.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സർ, അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിൽ കാക്കത്തുരുത്ത് എന്നൊരു പ്രദേശമുണ്ട്. വേൾഡ് ജിയോഗ്രഫിക്കൽ ചാനൽ കണ്ടെത്തിയിട്ടുള്ള ഗ്ലോബൽ ലെവൽ ടൂറിസം ഡെസ്റ്റിനേഷനാണിത്. ഇവിടെ വന്ന് സൂര്യോദയം, സൂര്യാസ്തമയം എന്നിവ കാണാൻ സഞ്ചാരികൾ താത്പര്യപ്പെടുന്നുണ്ട്. എന്നാൽ കാക്കത്തുരുത്തിലേയ്ക്ക് പോകുന്നതിനായി ഒരു പാലമോ ജങ്കാറോ നിലവിലില്ല. വഞ്ചികളിലാണ് അങ്ങോട്ടു

പോകുന്നത്. ആ പ്രദേശം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സന്ദർശിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാക്കത്തുരുത്തിന്റെ വികസനത്തിനായി ഒരു സമഗ്ര പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കാക്കത്തുരുത്തിന്റെ വികസനത്തിനായി ഒരു പദ്ധതി ആവിഷ്കരിക്കാം. എന്നാൽ പാലം നിർമ്മാണം വകുപ്പിന് ചെയ്യാൻ സാദ്ധ്യമല്ല. പാലം പണി ചെയ്യേണ്ടവർ തന്നെ ചെയ്യണം. അവിടെ ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനായി ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശാനുസരണം കാര്യങ്ങൾ ചെയ്യാം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, കേരളത്തിൽ നിരവധി ടൂറിസം ഡെസ്റ്റിനേഷനുകളുണ്ട്. എന്നാൽ പ്രാദേശിക തലത്തിലുള്ള ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള ഒരു പരിശ്രമം ഉണ്ടാകേണ്ടതുണ്ട്. ഉദാഹരണത്തിന്, പത്തനംതിട്ട ജില്ലയിൽ വിവിധങ്ങളായിട്ടുള്ള പ്രാദേശിക ടൂറിസം കേന്ദ്രങ്ങളുണ്ട്. പ്രാദേശികതലത്തിൽ ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ മുൻകൈയെടുക്കുമോ? മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം സൂചിപ്പിക്കാനുള്ളത്, എന്റെ മണ്ഡലത്തിൽതന്നെ ഒരു പ്രോജക്ടുമായി ബന്ധപ്പെട്ട് പണം അനുവദിച്ചിരുന്നു, ആ കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. പഞ്ചായത്തിന്റെ സ്ഥലമാണ്, അന്നത് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർ കാബിനറ്റ് തീരുമാനം ആവശ്യമാണെന്ന് പറഞ്ഞ് ഫയൽ കൊടുത്തു. ആദ്യം റവന്യൂ വകുപ്പിലും പിന്നീട് ടൂറിസം വകുപ്പിലും അവസാനം ധനകാര്യ വകുപ്പിലുമാണ് ഫയൽ പോയിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ ഫയലുകളുടെ നീക്കത്തിൽ കാലതാമസമുണ്ടാക്കാതെ പെട്ടെന്നുതന്നെ തീരുമാനമെടുത്തുകൊണ്ട്, പ്രസ്തുത പദ്ധതി തടസ്സംകൂടാതെ നടപ്പാക്കാനുള്ള പരിശ്രമം ഗവൺമെന്റ് കൈക്കൊള്ളണം. ഓരോ വകുപ്പിലും ഫയലുകളിൽ ഇങ്ങനെ കാലതാമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ വിഷയം പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പ്രാദേശിക ടൂറിസം വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ രൂപീകരിച്ചത്. പത്തനംതിട്ട ഡി.റ്റി.പി.സി.യുടെ പ്രവർത്തനങ്ങളിൽ കൂടുതൽ കാര്യക്ഷമത വരുത്തേണ്ടതുണ്ടെങ്കിൽ അതാലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം. ഇവിടെ സൂചിപ്പിച്ച പ്രത്യേക ഫയലിന്റെ കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാദ്ധ്യമായിട്ടില്ലെങ്കിൽ, ബഹുമാനപ്പെട്ട എം.എൽ.എ.-യുമായി ആലോചിച്ച് യോഗം വിളിച്ചുചേർത്ത് ആവശ്യമായത് ചെയ്യാം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ദൈവത്തിന്റെ സ്വന്തം നാടിനോട് സഞ്ചാരികൾക്ക് പ്രിയംകുറയുകയാണ്. ടൂറിസം രംഗത്ത് കേരളത്തിന് ഇപ്പോൾ ഏഴാം സ്ഥാനമാണ്. എ. പി. ജെ. അബ്ദുൾകലാം ഈ സഭയിൽവന്ന് പ്രസംഗിച്ചപ്പോൾ ഒന്നാം സ്ഥാനം ടൂറിസത്തിനാണ് കൊടുത്തത്. ഇപ്പോഴത്തെ അവസ്ഥയ്ക്ക് പ്രകൃതി ദുരന്തങ്ങൾ കാരണമായിരിക്കാം. എന്നാലും ഇതിനെ മറികടന്നുപോകാൻ കഴിയേണ്ടതല്ലേ? ഇപ്പോൾ പലതരത്തിലുള്ള രോഗങ്ങളുണ്ടാകുന്നുണ്ട്. കൊറോണയുടെ കാര്യമെടുത്താൽ കേരളത്തിൽ മൂന്ന് പോസിറ്റീവ് കേസുകളുണ്ടെന്നാണ് വാർത്തകളിൽ വരുന്നത്. മാരകമായ ഈ രോഗത്തിന് ചികിത്സയുണ്ട്. കാരണം രോഗികളുടെ നില മെച്ചപ്പെടുന്നുണ്ട്. മെച്ചപ്പെടുന്നുവെങ്കിൽ ചികിത്സയുണ്ടെന്നുതന്നെയാണ് കാണിക്കുന്നത്. ഇതുപോലുള്ള വാർത്തകൾ നമ്മളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് രോഗം പോസിറ്റീവാണെന്ന് പറയുന്നത് ഭൂഷണമായി ഒരിക്കലും വരാൻ പാടില്ല. അവരെല്ലാം രക്ഷപ്പെടട്ടെ, ആർക്കും രോഗം മൂർച്ഛിക്കാതിരിക്കട്ടെയെന്ന് ആഗ്രഹിക്കുകയാണ്. കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന പ്രളയം, ഇതുപോലുള്ള പകർച്ചവ്യാധികൾ എന്നിവ മറികടക്കാൻ എങ്ങനെ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി കരുതുന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് സൂചിപ്പിക്കുന്നത്. ചെറിയ പ്രശ്നങ്ങളെ ദേശീയമായിട്ടും സാർവ്വദേശീയമായിട്ടും പർവ്വതീകരിച്ച് കാണിക്കാനുള്ള പരിശ്രമം ടൂറിസം വ്യവസായത്തെ വലിയ തോതിൽ ബാധിക്കുന്നുണ്ട്. 'നിപ' വൈറസുമായി ബന്ധപ്പെട്ടുള്ള പ്രചരണ കോലാഹലം സാർവ്വദേശീയമായി സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ വളരെ വലുതായിരുന്നു. 'കൊറോണ' വൈറസിനെ സംബന്ധിച്ചും അങ്ങനെയാണ് സംഭവിക്കുന്നത്. പ്രളയത്തിന്റെ കാര്യത്തിലും വകുപ്പിന് ഇടപെടേണ്ടിവന്നു. പ്രളയം കഴിഞ്ഞ് നാട് പഴയ സ്ഥിതിയിലായി സഞ്ചാരികൾ ധാരാളമായി എത്തിക്കഴിഞ്ഞതിനുശേഷവും ചില ദേശീയ ചാനലുകൾ പ്രളയകാലത്തിന്റെ ആദ്യദിവസങ്ങളിലുണ്ടായ ചിത്രങ്ങളും വാർത്തകളും പുറത്തുവിടുന്നുണ്ടായിരുന്നു. ഞങ്ങൾക്ക് ആ ചാനലുകളുമായി ഇടപെട്ട് ഇത് നിർത്തണമെന്ന് പറയേണ്ടിവന്നു. അക്കാര്യങ്ങളിലൊരു നിയന്ത്രണവും ജാഗ്രതയും വേണമെന്ന കാര്യത്തിൽ സംശയമില്ല, ഭയപ്പെടുത്തേണ്ട കാര്യവുമില്ല, ഇക്കാര്യങ്ങളിൽ എല്ലാവരും സ്വയം നിയന്ത്രണം സ്വീകരിച്ചാൽ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.

<u>മി. സ്പീക്കർ</u>: നക്ഷത്രചിഹ്നമിട്ട 32-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 49, 50 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട്

ശ്രീ. ജെയിംസ് മാത്യു, ശ്രീ. വി. എസ്. ശിവകുമാർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് മൂന്ന് ചോദ്യങ്ങൾക്കും ഒന്നിച്ച് മറുപടി പറയാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, മൂന്ന് ചോദ്യങ്ങളുടെയും ഉത്തരങ്ങൾ ചുരുക്കി പറയാം.

സർക്കാർ ഗൗരവമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. കഴിഞ്ഞ ആറ് വർഷമായി ചെലവ് ശരാശരി 15 ശതമാനം വർദ്ധിച്ചപ്പോൾ വരുമാനം 10 ശതമാനം വച്ചാണ് വർദ്ധിച്ചത്. ഈ സാമ്പത്തിക വർഷം സ്ഥിതി കൂടുതൽ മോശമായി. 2019-20-ൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം നവംബർ 30-വരെ 55,747 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ കാലയളവിൽ 1.32% മാത്രമാണ് വർദ്ധനവ്. സംസ്ഥാനത്തിന്റെ തനത് നികുതി 1.3% ആണെങ്കിൽ കേന്ദ്ര നികുതി 1.6% വർദ്ധിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് 12.8% കുറയുകയാണുണ്ടായത്. അവസാനപാദത്തിൽ കൂടുതൽ വഷളായി. നാല്പതിനായിരം കോടി രൂപ ഉണ്ടെങ്കിലേ മൂന്ന് മാസത്തെ ചെലവ് നടക്കുകയുള്ളൂ. ഇതിൽ പതിനായിരത്തി അഞ്ഞൂറുകോടി രൂപയുടെ കേന്ദ്ര വായ്പയാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. എന്നാൽ ഇത് ആയിരത്തിത്തൊള്ളായിരം കോടി രൂപയായി വെട്ടിക്കുറച്ചു. നികുതി വിഹിതം തരുന്നതിൽ രണ്ടായിരം കോടി രൂപ കുറയുമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ രണ്ടായിരം കോടി രൂപ കിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ പന്ത്രണ്ടായിരം കോടി രൂപ കുറയുമ്പോൾ വലിയ പ്രയാസത്തിലേയ്ക്ക് ഖജനാവ് നീങ്ങും. ഇത് പരിഹരിക്കാനുള്ള നടപടികളെക്കുറിച്ചാണ് ചോദ്യങ്ങൾ. താഴെ പറയുന്ന നടപടികളാണ് എടുത്തിട്ടുള്ളത്.

1. ചെലവ് ചുരുക്കുക.
2. പദ്ധതി മുപ്പത് ശതമാനം വെട്ടിക്കുറയ്ക്കുക.
3. കർശനമായ വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനൊരു ഇളവ് നൽകുന്നതിനുവേണ്ടി വിപുലമായ രീതിയിൽ എൽ.എസ്.ജി.ഡി.യുടെയും അക്രഡിറ്റഡ് കോൺട്രാക്ടേഴ്സിന്റെയും ബില്ലിൽ ഡിസ്കൗണ്ടിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.
4. ഈ വർഷത്തെ കുറച്ചധികം ബില്ലുകൾ അടുത്ത വർഷത്തേയ്ക്ക് Electronic Ledger Account. Monitoring System (e-LAMS) വഴി

മാറ്റി വയ്ക്കേണ്ടി വരും. ഇതോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക പിരിക്കുന്നതിനുമുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷങ്ങളിൽ കാര്യങ്ങൾ സാധാരണ ഗതിയിൽ കൊണ്ടുവരാൻ കഴിയുമെന്ന് കരുതുന്നു.

**സാമ്പത്തിക പ്രതിസന്ധി**

2(*32 ) ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ദൈനംദിന കാര്യങ്ങൾക്കുപോലും പ്രയാസപ്പെടുന്ന സാഹചര്യമുണ്ടോ; പ്രതിസന്ധിയുടെ കാരണങ്ങൾ വെളിപ്പെടുത്തുമോ; അവ മറികടക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും അനാവശ്യ ചെലവുകളും വലിയ സാമ്പത്തിക ബാധ്യതയുള്ള തസ്തികകളിൽ നിയമനവും നടത്തി കൂടുതൽ സാമ്പത്തിക പ്രയാസങ്ങൾ ഉണ്ടാക്കുന്നതായി ആക്ഷേപമുള്ള നയങ്ങൾ പുന:പരിശോധിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ&ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം

സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽ നിന്നും 4,908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1,920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതിയിളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാപരിധിക്ക് പുറത്ത് വായ്പയെടുക്കുവാനോ വായ്പാപരിധി ഉയർത്തുവാനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനഃസൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം, 2019 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 55747 കോടി രൂപയാണ്. മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഈ ഇനത്തിൽ 1.32 ശതമാനം വളർച്ചയുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 1.30 ശതമാനത്തിന്റെയും നികുതിയേതര വരുമാനത്തിൽ 19.22 ശതമാനത്തിന്റെയും വർദ്ധനവ് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. അതേസമയം, കേന്ദ്ര നികുതി വിഹിതത്തിൽ 1.63 ശതമാനത്തിന്റെയും ഗ്രാന്റ് ഇൻ എയ്ഡിൽ 12.84 ശതമാനത്തിന്റെയും ഇടിവുണ്ടായിട്ടുണ്ട്. ആകെ ചെലവിൽ 0.88 ശതമാനത്തിന്റെ ഉയർച്ചയും മേൽ കാലയളവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ധനക്കമ്മി മുൻവർഷത്തെ ഇതേകാലയളവിനെ അപേക്ഷിച്ച് 1.63 ശതമാനം വർദ്ധിച്ചപ്പോൾ റവന്യൂക്കമ്മിയിൽ 8.41 ശതമാനത്തിന്റെ കുറവ് വന്നിട്ടുണ്ട്.

നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(i) 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ച് പിടിക്കാൻ കഴിയും.

(ii) ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡാറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു:

(iii) ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശനമാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

(iv) റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(v) നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്ക സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

8. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(സി) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ തുടർച്ചയെന്നോണം വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. ഭരണപരമായ സൗകര്യം, ഭരണ നടപടികളുടെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി മാത്രമാണ് ഈ സർക്കാർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

## സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നടപടി

3(*49 ) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ദാസൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം, ജി.എസ്.ടി. തുടങ്ങിയ നടപടികൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആശങ്കാജനകമായ സ്ഥിതിയിലേയ്ക്ക് എത്തിക്കുകയും അതോടൊപ്പം വിലക്കയറ്റം രാജ്യത്തെ ജനങ്ങളെ ദുരിതത്തിലാക്കിയിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ദുരിതം ലഘൂകരിക്കാൻ ഏതൊക്കെ വിധത്തിൽ ഇടപെടുന്നെന്ന് വിശദമാക്കാമോ; സാമ്പത്തിക പ്രതിസന്ധി ക്ഷേമപദ്ധതികളെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഒരു ലക്ഷത്തി നാൽപത്തിഅയ്യായിരം കോടി രൂപ കോർപ്പറേറ്റ് നികുതിയിളവിലൂടെയും എഴുപതിനായിരം കോടി രൂപ മാന്ദ്യവിരുദ്ധ പാക്കേജായും കുത്തകകൾക്ക് ലഭ്യമാക്കിയതുവഴി ഖജനാവിനുണ്ടായ നഷ്ടം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ കുറവുണ്ടാക്കിയത് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മാന്ദ്യത്തിന്റെ ഫലമായി തനതു നികുതിയിലുണ്ടായ കുറവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കുറവും റവന്യൂക്കമ്മി വർദ്ധിപ്പിക്കുന്നതും പൊതുകടമെടുക്കാനുള്ള അവകാശം കേന്ദ്രസർക്കാർ നിയന്ത്രിച്ചതും സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി

ബാധിച്ചിരുന്നു. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ളിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തികവർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽനിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതിമാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാപരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുന:സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തികഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ഈ പ്രതികൂല സാഹചര്യത്തിലും ജനങ്ങളിന്മേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നികുതിപിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതോടൊപ്പംതന്നെ വിലക്കയറ്റത്തിൽ പൊറുതിമുട്ടുന്ന സാധാരണക്കാരനെ സഹായിക്കുന്നതിനായി പൊതുവിപണിയിൽ സർക്കാർ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. ക്ഷേമ പെൻഷനുകൾ അടക്കമുള്ള ക്ഷേമ, ആശ്വാസ നടപടികളിൽ സർക്കാർ വീഴ്ച വരുത്തിയിട്ടേയില്ല.

(ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവും സാമ്പത്തിക മാന്ദ്യം നേരിടുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സാമ്പത്തിക ഉത്തേജക പദ്ധതികളും കേന്ദ്ര സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഇടിവും ചെലവിൽ വരുത്തുന്ന വർദ്ധനവിന്റെ ഫലമായി സംജാതമാകുന്ന ലിക്വിഡിറ്റി പ്രതിസന്ധിയും സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിലും ഗ്രാൻഡ്-ഇൻ-എയ്ഡിലും കുറവ് വരുവാനുള്ള സാദ്ധ്യതയുണ്ട്. ഇത് എത്രത്തോളമുണ്ടാകുമെന്നത് സംബന്ധിച്ച

ആധികാരിക രേഖകൾ നിലവിൽ ലഭ്യമല്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 2019 നവംബർ 30 വരെയുള്ള കാലയളവിൽ കേന്ദ്ര നികുതി വിഹിതത്തിൽ 1.63 ശതമാനത്തിന്റെയും കേന്ദ്ര ഗ്രാൻഡ്-ഇൻ-എയ്ഡിൽ 12.84 ശതമാനത്തിന്റെയും മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഇടിവുണ്ടായിട്ടുണ്ട്. ഇപ്രകാരം കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റത്തിലുണ്ടാകുന്ന കുറവ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കാൻ ഇടയുണ്ട്.

(സി) നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നുഃ

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായി ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്ക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

**സാമ്പത്തിക പ്രതിസന്ധി**

4(*50 ) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. അനിൽ അക്കര:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില അനുദിനം ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് നീങ്ങുകയാണെന്ന ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നികുതി പിരിവിലെ പരാജയമാണ് ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്കെത്തിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിത്യനിദാന ചെലവുകൾക്കായി കോടികൾ കടമെടുക്കുമ്പോഴും സർക്കാർ ധൂർത്തും അനാവശ്യചെലവുകളും നടത്തുകയാണെന്ന് പറയപ്പെടുന്നത് വസ്തുതയാണോ;

(ഡി) സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ പാഴ്ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട്

നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബ്ബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തികവർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽനിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതിയിളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുന:സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

(ബി) ഇല്ല. രാജ്യം നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തികമാന്ദ്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വസ്തുത പരിഗണിക്കാതെയും അഭിമുഖീകരിക്കാതെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ഭാരമാണ് അടിസ്ഥാന കാരണം.

(സി&ഡി) അല്ല. നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ

ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവ് പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതോടൊപ്പം സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുമുണ്ട്. ടി പ്രവൃത്തി തുടരുന്നതാണ്. രാജ്യത്ത് നടപ്പിലാക്കുന്ന ഏറ്റവും ഫലപ്രദമായ മാന്ദ്യവിരുദ്ധ പാക്കേജ് കേരളത്തിൽ കിഫ്ബി മുഖാന്തിരം നടക്കുന്ന അനാദൃശ്യമായ മൂലധന നിക്ഷേപമാണ്.

<u>ശ്രീ. എം. സി. കമറുദ്ദീൻ</u>: സർ, സാമ്പത്തിക പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളെയാണ്. കഴിഞ്ഞ ഡിസംബറിനുമുമ്പ് കൊടുത്ത പരമാവധി 5 ലക്ഷം രൂപവരെയുള്ള ബില്ലുകൾ മാത്രമാണ് ഇപ്പോൾ മാറ്റിനൽകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോടിക്കണക്കിന് രൂപയുടെ ബില്ലുകൾ മാറാനാകാതെ ട്രഷറിയിലുണ്ട്. അത് ഇന്നത്തെ സാമ്പത്തിക പ്രതിസന്ധികൊണ്ടാണെന്നത് ഞാൻ വിസ്മരിക്കുന്നില്ല. പണം കിട്ടാതെ വന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവൃത്തികളുടെ ടെണ്ടർ എടുക്കാൻ ആരും തയ്യാറാകാത്തതുകാരണം വികസനപ്രവർത്തനങ്ങൾ പലതും തടസ്സമായിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിലും ഇതേ സ്ഥിതിതന്നെയാണ്. ഈ കുടിശ്ശികകൾ കൊടുക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സാമ്പത്തിക പ്രതിസന്ധി ഏറ്റവും കുറവ് തദ്ദേശഭരണ സ്ഥാപനങ്ങളിലാണ്. കാരണം അവരുടെ പ്ലാൻ വെട്ടിക്കുറയ്ക്കാൻ തയ്യാറായിട്ടില്ല, പഴയ നിലയിൽത്തന്നെ നിർത്തിയിരിക്കുകയാണ്. അവരുടെ ബില്ലുകൾ വാങ്ങിവയ്ക്കുന്നുണ്ടെങ്കിലും പണം കൊടുക്കുന്നതിന് നിയന്ത്രണമുണ്ട്. ഡിസ്കൗണ്ടിംഗ് അവിടെയും ബാധകമാക്കിയതോടുകൂടി അങ്ങനെയുള്ള ബില്ലുകളുടെ തുക വളരെക്കുറഞ്ഞു. ഒരുപക്ഷേ 100-150 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടാകും. പൊതുമരാമത്ത് വകുപ്പിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായമുള്ളതുകൊണ്ട് കോൺട്രാക്ടേഴ്സിന് പ്രശ്നമുണ്ടാകില്ല. ഡിസ്കൗണ്ടിംഗിൽ ഉൾപ്പെടാത്ത എം.എൽ.എ. അസറ്റ് ഫണ്ട്, അക്രെഡിറ്റഡ് ഏജൻസിവഴി ചെയ്യുന്ന പ്രവർത്തനങ്ങൾ, ഡെപ്പോസിറ്റ് വർക്ക് തുടങ്ങിയവയ്ക്കാണ് പ്രശ്നമുള്ളത്. ഈ മേഖലകൾക്ക് സിമ്പിൾ ഡിസ്കൗണ്ടിംഗ് ഏർപ്പെടുത്തിയപ്പോഴാണ് അവിടത്തെ പ്രവർത്തനങ്ങൾ തുടങ്ങിയത്. ഇതോടുകൂടി അവിടത്തെ ഞെരുക്കം ഇല്ലാതാകുമെന്ന് പ്രതീക്ഷിക്കാം.

ശ്രീ. എം. സി. കമറുദ്ദീൻ: സർ, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞയാഴ്ച ഞങ്ങളുടെ ജില്ലയിൽ വന്ന് കിഫ്ബി പദ്ധതികളെക്കുറിച്ചുള്ള ചർച്ചകളും വിലയിരുത്തലുമൊക്കെ നടത്തി. ഉപതെരഞ്ഞെടുപ്പ് വന്നതിനാൽ മറ്റ് മണ്ഡലങ്ങളെ അപേക്ഷിച്ച് മഞ്ചേശ്വരം മണ്ഡലത്തിൽ കിഫ്ബിയുമായി ബന്ധപ്പെട്ട പദ്ധതികൾ വളരെ കുറവാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ട ആയിരക്കണക്കിന് രോഗികളാണ് അവിടെയുള്ളത്. മഞ്ചേശ്വരം താലൂക്കാശുപത്രി ശോചനീയാവസ്ഥയിലാണ്. 21 തസ്തികകൾ അനുവദിക്കാൻ സൗകര്യമുണ്ടായിട്ടും അവിടെ ആകെ 9 തസ്തികകളാണുള്ളത്. മാത്രവുമല്ല, അവിടെ മൂന്ന് ഡോക്ടർമാരേയുള്ളൂ. ജനപ്രതിനിധികൾ വളരെയധികം വിഷമത്തിലാണ്. മിനിസ്റ്റേഷനൽപ്പെടെയുള്ള കാര്യങ്ങൾപോലും അവിടെ അന്യാധീനപ്പെട്ട് കിടക്കുകയാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ താലൂക്കാശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ ഒരു പദ്ധതി നേരത്തെ തന്നെ സമർപ്പിച്ചിട്ടുണ്ട്. അതുംകൂടി ഉൾപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിലെ എല്ലാ താലൂക്കാശുപത്രികളിലും സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കിഫ്ബി പ്രോജക്ടിന്റെ ആദ്യഘട്ടത്തിൽ താലൂക്കാശുപത്രികൾക്ക് അനുവദിച്ചിട്ടുള്ള തുക കണ്ടിട്ട് അതുപോലെ വേണമെന്ന് പറഞ്ഞാൽ ശരിയാകില്ല. ഇതൊരു മണിചെയിൻ പരിപാടിയല്ലല്ലോ. മൊത്തം അമ്പതിനായിരം കോടി രൂപ നിധിപോലെയാണ്. അതിലേയ്ക്കുള്ള പണം വർഷംതോറും അടച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ കൂടുതലായി നമുക്ക് എടുക്കാൻ കഴിയില്ല. അക്ഷയപാത്രമല്ല. അതിന് ചില നിയന്ത്രണങ്ങളുണ്ട്. ആ നിയന്ത്രണത്തിൽ നിന്നുകൊണ്ട് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് നമുക്ക് ആലോചിക്കാം. മഞ്ചേശ്വരം താലൂക്കാശുപത്രിയും മറ്റ് താലൂക്കാശുപത്രികൾ പോലെ നവീകരിക്കപ്പെടും.

ശ്രീ. പി. ഉബൈദുള്ള: സർ, ആസ്തിവികസന ഫണ്ടുപയോഗിച്ച് നടത്തിയ വർക്കുകളുടെ ബില്ലുകൾ മൂന്ന് വർഷമായിട്ടും നൽകിയിട്ടില്ല. ഇതിലെ പല വർക്കുകളും പൊതുമേഖലാ സ്ഥാപനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളത്. അവർക്കുപോലും ബിൽ ലഭിച്ചിട്ടില്ല. കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. ഇതിനിടയിലും ചരിത്രത്തിൽ ഇന്നേവരെ ഇല്ലാത്തവിധം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും സർക്കാരിനും നിരവധി ഉപദേഷ്ടാക്കളെ വച്ചിട്ടുണ്ട്. ക്യാബിനറ്റ് പദവി പലർക്കും നൽകിയിട്ടുണ്ട്. ഇതിന്

എത്രമാത്രം സാമ്പത്തിക ചെലവുണ്ടായിട്ടുണ്ട്; പ്രഗത്ഭനായ ധനകാര്യ വകുപ്പുമന്ത്രിയുള്ളപ്പോൾ അതിന് മുകളിൽ ധനകാര്യ ഉപദേഷ്ടാക്കാളെ നിയോഗിച്ചിട്ടും ആ ഉപദേഷ്ടാക്കളിൽ നിന്ന് സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവശ്യമായ എന്തെങ്കിലും ഉപദേശം സർക്കാരിന് ലഭ്യമായിട്ടുണ്ടോ; അത് എന്തൊക്കെയാണ്; അതിൽ ഏതൊക്കെ നടപ്പിലാക്കിയെന്ന് പറയാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ചോദ്യങ്ങൾക്ക് ഗൗരവത്തോടെയാണ് മറുപടി പറയുന്നത്. അപ്പോൾ ഇങ്ങനെ ബാലിശമായ കാര്യങ്ങൾ ദയവായി ചോദിക്കരുത്. എന്റെ അറിവിലേയ്ക്കുവേണ്ടി ഒരു കാര്യം ചോദിക്കുകയാണ്, മൂന്ന് വർഷമായി പേമെന്റ് നൽകാത്ത അസറ്റ് ഡെവലപ്മെന്റ് പ്രോജക്ടുകളുടെ ലിസ്റ്റ് തരണം; എനിക്ക് മനസ്സിലാക്കാൻവേണ്ടിയാണ്. (...ബഹളം...) ഞാൻ തരണമെന്നല്ലേ പറഞ്ഞത്. കുറ്റപ്പെടുത്താനല്ല പറഞ്ഞത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിനെ പോസിറ്റീവായെടുക്കണം. അങ്ങനെയാണെങ്കിൽ ലിസ്റ്റ് തയ്യാറാക്കിയശേഷം കൊടുക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അസറ്റ് ഡെവലപ്മെന്റ് പ്രോജക്ടിൽ നിന്നും മൂന്ന് വർഷമായി ബിൽ കിട്ടുന്നില്ലെന്ന് പറഞ്ഞപ്പോൾ ഞാൻ ഞെട്ടിപ്പോയി. ദയവുചെയ്ത് ലിസ്റ്റ് തരണം. ഞാൻ നേരത്തേ ഉത്തരം പറഞ്ഞല്ലോ; ബിൽ ഡിസ്കൗണ്ട് സ്കീമിൽ അസറ്റ് ഡെവലപ്മെന്റ് പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നില്ല. ചില കാറ്റഗറികൾ അതിലുണ്ടായിരുന്നില്ല. ഇപ്പോൾ അതുംകൂടി ഉൾപ്പെടുത്തി സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയും ഒരു ഡിലേയുമില്ലാതെ ബിൽ തയ്യാറാകുമ്പോൾത്തന്നെ ഡിസ്കൗണ്ട് ചെയ്ത് പണം നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ജനങ്ങളുടെ നിത്യജീവിതത്തെ ബാധിക്കുന്ന ചെറുതും വലുതുമായ അത്യാവശ്യങ്ങൾക്ക് പണമില്ലെന്ന് പറഞ്ഞ് നിർദ്ദയം നിരാകരിക്കുകയും ധനകാര്യവകുപ്പിന് ഹിതമെന്ന് തോന്നുന്ന അനാവശ്യങ്ങളെ അത്യാവശ്യങ്ങളായി ചിത്രീകരിച്ച് നിർലോഭം പണം ചെലവഴിക്കുകയും ചെയ്യുന്നതാണ് ഈ സർക്കാരിന്റെ നയം. തസ്തികകൾ സൃഷ്ടിക്കുന്നു, വാഹനങ്ങൾ വാങ്ങുന്നു, വൻതോതിൽ പണം ചെലവിട്ട് ആഡംബരമായി പലതും ചെയ്യുന്നു. വിദേശയാത്രകൾ യഥേഷ്ടം മന്ത്രിമാരും ഉദ്യോഗസ്ഥരും നടത്തുന്നു.

മി. സ്പീക്കർ: ഇത് എന്താണ്? അങ്ങ് പ്രസ്താവന വായിക്കുകയാണല്ലോ.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, യെസ്, യെസ് എന്നുപറഞ്ഞാൽ ഞാനത് പ്രോത്സാഹനമായിട്ടാണ് കാണുന്നത്.

മി. സ്പീക്കർ: അല്ല, അങ്ങ് പ്രസ്താവന വായിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നോ നോ എന്നാണ് പറയേണ്ടത്.

മി. സ്പീക്കർ: അല്ല, ഇത് നോ ആണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ജി.എസ്.ടി. എന്നുപറഞ്ഞാൽ ഗുഡ്സ് ആൻഡ് സർവ്വീസ് ടാക്സാണ്. സർവ്വീസസിന് ടാക്സുണ്ട്. എയർടിക്കറ്റ്, എൽ.ഐ.സി. അതിന്റെയൊക്കെ വിഹിതം എത്രയെന്ന് കണക്കാക്കി അത് ഈടാക്കാനുള്ള നടപടികളൊന്നും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് 'സി' ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് വസ്തുതകൾക്ക് നിരക്കുന്നതല്ല. ബാലിശമല്ലാത്ത ഉത്തരം പ്രതീക്ഷിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ജി.എസ്.ടി. പിരിക്കുന്നതിലുള്ള പോരായ്മ ഗൗരവത്തിലെടുത്ത് നിശ്ചയമായും അത് നികത്തും. അങ്ങ് പറഞ്ഞതുപോലെ കേരളത്തിലെ സേവന മേഖലയ്ക്ക് പ്രത്യേകം ഊന്നൽ നൽകി നികുതി പിരിക്കുന്ന ഏർപ്പാടുണ്ടാക്കാം. രണ്ടാമത്തേത്, പണമില്ലാത്തതുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ഇല്ല എന്നുപറഞ്ഞ് തള്ളികളയുകയാണെന്നാണ് അങ്ങ് പറഞ്ഞത്. അതിനുള്ള ഉത്തരം രണ്ടുദിവസം കഴിഞ്ഞുള്ള ബഡ്ജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽത്തന്നെ പറയാം. ഒരൊറ്റ വാചകത്തിൽ ഇപ്പോൾ പറയട്ടെ, അഞ്ചുവർഷംകൊണ്ട് യു.ഡി.എഫ്.-ന്റെ ഭരണകാലത്തുചെയ്ത എല്ലാ പ്രധാനപ്പെട്ട കാര്യങ്ങളിലും പണമല്ല, ഭൗതിക നേട്ടങ്ങളാണ് പറയുന്നത്. ഈ സർക്കാർ നാലുവർഷംകൊണ്ട് പലതും ഇരട്ടിയാക്കിയിട്ടുണ്ട്. ഇനിയുള്ള ഒരു വർഷമെന്നത് ബോണസാണ്. അതാണ് റെക്കോർഡ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞങ്ങൾ ചോദിച്ച ചോദ്യത്തിന് അഞ്ച് പേജുള്ള മറുപടി അങ്ങ് തന്നു. പക്ഷേ, കൃത്യമായിട്ടൊന്നും പറയുന്നില്ല. സംസ്ഥാനം രൂക്ഷമായ പ്രതിസന്ധി നേരിടുന്നുണ്ടോയെന്ന് ചോദിച്ചപ്പോൾ അങ്ങ് ഉണ്ടെന്നോ ഇല്ലെന്നോ പറയുന്നില്ല. ജി.എസ്.ടി.-യെക്കുറിച്ച് പറഞ്ഞുവെന്നല്ലാതെ അതിന്റെ കൃത്യമായിട്ടുള്ള അവസ്ഥ പറയുന്നില്ല. സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോയെന്ന് ചോദിച്ചതിന് ആർക്കും മനസ്സിലാകാതിരിക്കാൻവേണ്ടി, കൃത്യമായ ഒരു സംഖ്യയും പറയാതെ, കുറെ ശതമാനക്കണക്ക് മാത്രം പറഞ്ഞു. എന്റെ ചോദ്യം വളരെ ലളിതമാണ്. ഇന്നത്തെ ലിക്വിഡിറ്റി പ്രശ്നം മറികടക്കാൻ അണ്ടർ വാല്യുവേഷൻ, ഒറ്റത്തവണ തീർപ്പാക്കൽ, 70% ഡിസ്കൗണ്ട് എന്നൊക്കെ

പറഞ്ഞ് ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇരുപതുവർഷം മുമ്പ് രജിസ്റ്റർ ചെയ്ത പാവപ്പെട്ട ആൾക്കാരുടെ സ്ഥലങ്ങൾക്ക് അന്നത്തെ ഉദ്യോഗസ്ഥർ പറഞ്ഞുകൊടുത്ത വാല്യുവാണ് കാണിച്ചിട്ടുള്ളത്. അതല്ലാതെ അവരുടെ തെറ്റൊന്നുമല്ല. ആ കാലഘട്ടങ്ങളിൽ നോട്ടീസ് വന്നപ്പോൾ ഉദ്യോഗസ്ഥരുടെ അടുത്തുപോയി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കി. ഇപ്പോൾ വീണ്ടും നോട്ടീസ് അയയ്ക്കുകയാണ്. അതുപോലെ പത്തുപതിനഞ്ച് വർഷംമുമ്പ് നിർമ്മിച്ച വീടുകൾക്ക് ഒരു ശതമാനം സെസ്സ് ഈടാക്കുന്നുണ്ട്. സർക്കാർ പോക്കറ്റടിക്കാൻ ഇറങ്ങിയിരിക്കുകയാണെന്നാണ് ജനം പറയുന്നത്.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സാധാരണ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഈ പരിപാടിയിൽനിന്ന് സർക്കാർ പിന്നോക്കം പോകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗത്തിന് പറഞ്ഞത് മനസ്സിലായില്ലെന്ന് പറഞ്ഞപ്പോൾ ഞാൻ വളരെ ആകാംക്ഷാപൂർവ്വം ലളിതമായൊരു ചോദ്യത്തിന് കാത്തുനിൽക്കുകയായിരുന്നു. അങ്ങ് എന്താണ് കൃത്യമായി ചോദിച്ചതെന്നുള്ളത് സംബന്ധിച്ച് ഞാനും സംശയത്തിലാണ്. ഈ വർഷം കൂടുതൽ പ്രതിസന്ധിയുണ്ട്. അതിന്റെ പശ്ചാത്തലമെന്താണ്; എന്തുകൊണ്ട് ഈ വർഷം അത് കൂടി; എങ്ങനെയാണ് ഇത് പരിഹരിക്കാൻ ശ്രമിക്കുന്നതെന്ന് പറഞ്ഞു. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം നിയമസഭയിൽ കഴിഞ്ഞ ബഡ്ജറ്റിൽ ചർച്ച ചെയ്ത് അംഗീകരിച്ച കാര്യമാണ്. ശ്രീ. മഞ്ഞളാംകുഴി അലി അന്ന് അഭിപ്രായവ്യത്യാസം പറഞ്ഞതായി എന്റെ ഓർമ്മയിലില്ല. ആരുംതന്നെ പറഞ്ഞിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ അഞ്ചു ലക്ഷം രൂപ വരെ വരുന്ന ഏതാണ്ട് പത്തുലക്ഷം ആളുകളെ ഇതിൽ നിന്നും വിമുക്തമാക്കി. അതിനു മുകളിൽ വരുന്ന സീരിയസ് അണ്ടർ വാല്യുവേഷൻ കേസുകളിൽ മാത്രം മുപ്പതുശതമാനം തുക വന്നാൽ തീർക്കാം. സമ്മറിയായി വേറെ തെളിവൊന്നും ആവശ്യമില്ല. കോൺഗ്രസ് ഭരിച്ച അഞ്ചുവർഷത്തിൽ ആംനസ്റ്റി പ്രോഗ്രാം ഉണ്ടായിരുന്നെങ്കിലും നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ മൂന്നുവർഷമായി ഞങ്ങളും നടപ്പാക്കിയിട്ടില്ല. അടുത്ത വർഷം ഗൗരവമായി നോക്കാം.

ശ്രീ. കെ. വി. വിജയദാസ്: സർ, തകർന്നടിയുന്ന സമ്പദ്ഘടനയിൽ കിഫ്ബിയെന്ന നൂതന ആശയത്തിലൂടെ കേരളത്തിലെ വികസനപ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നുനൽകിയ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ജി.എസ്.ടി., നോട്ടുനിരോധനം,

ഭൂമിവിൽപ്പന, ചെറുകിട കച്ചവട തകർച്ച, കാർഷിക തകർച്ച, തൊഴിലുറപ്പ് പദ്ധതി വിഹിതം കുറച്ചത്, വായ്പയുടെ തോത് വെട്ടിക്കുറച്ചത്, ഇൻപുട്ട് ടാക്സ് നൽകാത്തത് തുടങ്ങിയ നടപടികൾ വലിയതോതിൽ കേരളത്തെ ഞെരുക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലും സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്നതിന് എന്തെങ്കിലും പാക്കേജ് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മൾ ഒരു പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ ആദ്യവർഷംതന്നെ രണ്ടാം മാന്ദ്യവിരുദ്ധപാക്കേജ് എന്ന് പറഞ്ഞാണ് 'കിഫ്ബി' അവതരിപ്പിച്ചത്. അതിന്റെ പ്രോജക്ടുകളെല്ലാം ട്രാക്കിലാണ്. ഇതെല്ലാം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഏറ്റവും കൂടുതൽ ചെലവ് അടുത്ത വർഷമായിരിക്കും ഇതിൽനിന്നും വരുന്നത്. അതിവിപുലമായ പാക്കേജ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മറ്റ് പുതിയ സ്കീമുകളും കാര്യങ്ങളും എന്താണെന്നുള്ളത് ബഡ്ജറ്റ് അവതരണവേളയിൽ തീർച്ചയായും ഞാൻ വിശദീകരിക്കുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, നോട്ടുനിരോധനവും ജി.എസ്.ടി.-യും ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിലൂടെ നമുക്ക് ലഭിക്കേണ്ട വിഹിതത്തിലെ വെട്ടിക്കുറവും കടവായ്പാ പരിധിയുടെ കുറയ്ക്കലുമെല്ലാം സർക്കാരിനെ വലിയ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിലും സംസ്ഥാനത്തിന്റെ നിത്യനിദാനച്ചെലവുകളെയും വികസനത്തെയും അൽപ്പംപോലും പ്രതികൂലമായി ബാധിക്കാതെ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്ന സർക്കാരിനെ മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. അതോടൊപ്പം, കേന്ദ്രം ഭരിക്കുന്ന സർക്കാർ ഇനിയും കൂടുതൽ ഗൗരവതരമായ പ്രതിസന്ധി നമുക്ക് മുമ്പിൽ സൃഷ്ടിക്കുമെന്ന യാഥാർത്ഥ്യബോധത്തോടുകൂടി, അത്യന്തം ജാഗ്രതയോടുകൂടി, നികുതിയേതര വരുമാന വർദ്ധനവിനുവേണ്ടി സത്വര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ? നമ്മെ സംബന്ധിച്ച് യാതൊരു പുതിയ നികുതിയും ഏർപ്പെടുത്താൻ കഴിയില്ല. സംസ്ഥാനത്തിനുള്ളത് എക്സൈസ് ഉൾപ്പെടെയുള്ള വളരെ ചുരുക്കം മേഖലകളാണ്. അവിടെ വർദ്ധിപ്പിക്കാവുന്നതിന് ഒരു പരിധിയും പരിമിതിയുമുണ്ട്. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ ഉൽപ്പാദന മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന നമ്മുടെ കടലോരവും ഭൂപ്രകൃതിയും മറ്റ് പ്രകൃതി സമ്പത്തും ഉൾപ്പെടെയുള്ള നാച്ചറൽ റിസോഴ്സസിനെ സർക്കാരിന്റെ ധനപ്രതിസന്ധി പരിഹരിക്കുന്നതിനും മുന്നോട്ടുപോകുന്നതിനും സാമ്പത്തികസ്ഥിതി ഭദ്രമാക്കുന്നതിനും ആവശ്യമായ രീതിയിൽ പ്രയോജനപ്പെടുത്താൻതക്കവണ്ണമുള്ള വിശദമായ പഠനത്തിന് സർക്കാർ മുൻകയ്യെടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത്തരമൊരു പരിശോധന നമ്മൾ നടത്തിയിട്ടുണ്ട്. അതിൽ പ്രധാനമായും കാണുന്നത്, പ്രളയത്തിന്റെ ഭാഗമായി മണൽ വലിയ തോതിൽ ഡാമുകളിലും നദികളിലും വന്നിട്ടുണ്ട് എന്നതാണ്. പാരിസ്ഥിതിക പരിഗണനകൾ ഉറപ്പുവരുത്തി അത് ഉപയോഗപ്പെടുത്താൻ കഴിയണം. ഇതാണ് പ്രധാനപ്പെട്ട ഒരു പ്രകൃതി സ്രോതസ്സിന്റെ വിവരം. രണ്ടാമത്തേത്, വലിയ തോതിൽ ഭൂമി പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്, അതിലൂടെ വിലയും വർദ്ധിച്ചിട്ടുണ്ട്. ആ വിലയുടെ ഒരു ഭാഗംകൂടി സർക്കാരിലേയ്ക്ക് ഉറപ്പുവരുത്തി പരിവർത്തനത്തെ അംഗീകരിക്കണം. ഇപ്പോൾത്തന്നെ അതിന് വ്യവസ്ഥയുണ്ട്. അത് കൂടുതൽ ഊർജ്ജിതമായി, ആവശ്യാനുസരണവും നിയമപ്രകാരവും ചെയ്യേണ്ടതുണ്ട്. മൂന്നാമത്തേത്, കരിമണലാണ്. അത് പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഇന്ന് ഏറ്റവും കൂടുതൽ മൂല്യവർദ്ധനയുണ്ടാകുന്ന കേരളത്തിന്റേതായ പ്രകൃതിവിഭവം കരിമണലാണ്. അത് ഇവിടെ മിനറൽ സെപ്പറേഷൻ പ്ലാന്റ് വച്ച് തിരിച്ച് കയറ്റുമതി ചെയ്യുകയോ അല്ലെങ്കിൽ ടൈറ്റാനിയമാക്കി കൊടുക്കുകയോ അല്ല വേണ്ടത്. ടൈറ്റാനിയം ഡയോക്സൈഡിൽനിന്ന് ടൈറ്റാനിയം മെറ്റലിലേയ്ക്കുവരെ പോകാൻ കഴിയണം. അത് വലിയൊരു മൂല്യവർദ്ധനയാണ്. അതുപോലെതന്നെ നമ്മുടെ പ്രകൃതി വിഭവത്തിൽപ്പെട്ടതാണ് ബയോമാസ്. വലിയതോതിലുള്ള മരവൽക്കരണത്തിനു വേണ്ടിയുള്ള പദ്ധതിയിലേയ്ക്ക് പോകുകയാണ്. മരത്തടിയുടെ പ്രശ്നമല്ല പറയുന്നത്. ഇതിനെ അടിസ്ഥാനമാക്കിയുള്ള വലിയ മൂല്യവർദ്ധന നമുക്ക് വുഡ് കോമ്പോസിറ്റുകളിൽനിന്നുണ്ടാക്കാൻ കഴിയും. അതിനെക്കുറിച്ചും നമ്മൾ ആലോചിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, കേന്ദ്ര സർക്കാരിൽനിന്ന് വലിയ ആനുകൂല്യങ്ങളൊന്നും നമ്മൾ പ്രതീക്ഷിക്കുന്നില്ല. ഇന്നലെ പാർലമെന്റിൽ ഫിനാൻസ് കമ്മിഷന്റെ ഇന്ററിം റിപ്പോർട്ട് വച്ചു. ചെറിയ വ്യത്യാസം ആ റിപ്പോർട്ടിലുണ്ട്, അത് എന്താണെന്ന് ഞാൻ പറയാം. നികുതി വിഹിതമായി നമുക്ക് 5,237 കോടി രൂപയേയുള്ളൂ. അതായത്, 1.93 ശതമാനം. നമ്മുടെ വിഹിതം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 15,323 കോടി രൂപ ആദ്യ വർഷം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ തവണ ആദ്യ വർഷം 5,800 കോടി രൂപയാണ് അനുവദിച്ചത്. ഇത്തവണ അത് ഗണ്യമായി ഉയർത്തിയിട്ടുണ്ട്. നമുക്ക് 15,323 കോടി രൂപ തരണമെങ്കിൽ ബഡ്ജറ്റിൽ ഈ വർഷം 74,000 കോടി രൂപ നീക്കിവയ്ക്കണമെന്നാണ് ധനകാര്യ കമ്മീഷൻ പറഞ്ഞിട്ടുള്ളത്. എന്നാൽ 30,000 കോടി രൂപയേ നീക്കിവച്ചിട്ടുള്ളൂ. നമ്മുടേത് വീണ്ടും കട്ട് ചെയ്തു എന്നതാണ് ഇഫക്ട്. എന്നാൽ വിസ്മയകരമെന്നുപറയട്ടെ, ഇന്നലെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഈ 74,000 കോടി രൂപ നീക്കിവയ്ക്കാമെന്നുള്ളത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് എങ്ങനെയാണ് ചെയ്യാൻ പോകുന്നതെന്ന് അറിയില്ല. പക്ഷേ, ഇത് ന്യായീകരിക്കാവുന്നതാണ്,

നമുക്ക് കോടതിയിൽ പോകാവുന്ന കാര്യമേയുള്ളൂ. അതുകൊണ്ട് നിശ്ചയമായും എസ്.ഡി.ജി. വഴിയും മറ്റും വരുമെന്നുതന്നെ പ്രതീക്ഷിക്കാം. എൽ.എസ്.ജി.ഡി.-ക്ക് 2,416 കോടി രൂപയുണ്ട്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, നികുതി കൂട്ടാതെയും വിലക്കയറ്റം ഉണ്ടാക്കാതെയും ഈ മാന്ദ്യകാലത്തും പ്രതിസന്ധിയുടെ കാലയളവിലും കേരളത്തെ പരിരക്ഷിക്കുന്നതിനുവേണ്ടി പിണറായി വിജയൻ സർക്കാർ സ്വീകരിച്ച നടപടികൾ ലോകം ശ്രദ്ധിക്കുന്നുണ്ട്. മാന്ദ്യകാലത്ത് ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാൻ സാധാരണഗതിയിൽ നാട്ടിൻപുറങ്ങളിൽ പണം എത്തിക്കുന്നതിനുള്ള പദ്ധതികളാണ് ലോകത്ത് പല രാജ്യങ്ങളും സ്വീകരിച്ചിട്ടുള്ളത്. ഇന്ത്യയിലും NREGS (National Rural Employment Guarantee scheme) വഴി നാട്ടിൻപുറങ്ങളിലെ പാവപ്പെട്ടവരുടെ പട്ടിണി മാറ്റാനും ആശ്വാസം കണ്ടെത്താനും ചില പദ്ധതികൾക്ക് രൂപം കൊടുക്കുകയും നടപ്പിലാക്കുകയും ചെയ്യുകയാണ്. ഈ ബഡ്ജറ്റിൽ വിവിധ സംസ്ഥാനങ്ങൾക്കുള്ള വിഹിതമായ 9,500 കോടി രൂപ വെട്ടിക്കുറച്ചതായാണ് വാർത്തകളിലൂടെ അറിയാൻ കഴിഞ്ഞത്. കേരളത്തിൽ പാവപ്പെട്ടവരുടെ കൈകളിൽ പണമെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന അടിസ്ഥാന സൗകര്യ വികസനം കുറേയധികം ആശ്വാസം നൽകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന് Integrated Goods and Service Tax ഇനത്തിൽ എത്ര വിഹിതമാണ് ലഭിച്ചത്? സാധാരണഗതിയിൽ ഇത് കേന്ദ്ര സർക്കാർ സെറ്റിൽ ചെയ്യേണ്ടതാണ്. State Goods and Service Tax ഇനത്തിൽ 2,900 കോടി രൂപ സംസ്ഥാനത്തിന് വിഹിതമായി ലഭിക്കാനുണ്ടെന്നാണ് പത്രവാർത്തകളിൽനിന്ന് അറിയാൻ കഴിഞ്ഞത്. ഇതിൽ എത്ര രൂപ ലഭിച്ചിട്ടുണ്ട്? അതോടൊപ്പം ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിൽ കോ-ഓപ്പറേറ്റീവ് സെക്ടറിനെക്കൂടി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ കോൺട്രാക്ടർമാർക്ക് ആശ്വാസമാകും. നാഷണലൈസ്ഡ് ബാങ്കുകളിൽമാത്രം ഒതുങ്ങി നിൽക്കാതെ കോ-ഓപ്പറേറ്റീവ് സെക്ടറിനെക്കൂടി അക്കാര്യത്തിൽ കൊണ്ടുവരുന്നത് സഹായകരമായിരിക്കും.

ഡോ. ടി. എം. തോമസ് ഐസക്: സർ, 14% വച്ച് ജി.എസ്.ടി. വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നെങ്കിൽ നമുക്ക് ഏതാണ്ട് 28,000 കോടി രൂപ ലഭിക്കേണമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ 15,000 കോടി രൂപയേ നമുക്ക് ലഭിച്ചിട്ടുള്ളൂ. ഈ വിടവ് കേന്ദ്ര സർക്കാർ കോമ്പൻസേഷനായി നികത്തിത്തരികയാണ്. എന്നാൽ, ഇനി ആ രീതിയിൽ കോമ്പൻസേഷൻ തരാൻ കഴിയില്ലെന്നാണ് ഇപ്പോഴത്തെ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. കോമ്പൻസേഷൻ സെസ്സിൽനിന്ന് പിരിഞ്ഞുകിട്ടുന്ന പണം അനുവദിക്കാം, അല്ലാതെ വിടവ് നികത്താൻ തയ്യാറല്ലെന്ന് പറഞ്ഞിരിക്കുകയാണ്. അത് നമുക്ക് വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കും.

ശ്രീ. കെ. ദാസൻ: സർ, ബി.ജെ.പി. ഇതര സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചപ്പോൾ ഏറ്റവുമാദ്യം പ്രതികരണവുമായി രംഗത്തെത്തിയത് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കാണ്. ഏതെല്ലാം നിലകളിലാണ് സംസ്ഥാന സർക്കാർ പ്രതിഷേധം രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ; ഈ പ്രതിഷേധത്തിന് കേരളത്തിൽനിന്നുള്ള എം.പി.-മാരിൽനിന്ന് ഏത് തരത്തിലുള്ള പിന്തുണയാണ് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളത്; പാർലമെന്റിലോ കേന്ദ്ര സർക്കാരിനുമുന്നിലോ ഈ വിഷയം വേണ്ടത്ര ഗൗരവത്തോടുകൂടി ഉയർത്തിക്കൊണ്ടുവന്നതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒന്ന്, കേന്ദ്ര സർക്കാരിന് നമ്മൾ നിരന്തരമായി കത്തെഴുതുന്നുണ്ട്. രണ്ട്, കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മന്ത്രിമാരും നമ്മളും സംയുക്തമായി ഇന്ത്യൻ യൂണിയൻ പ്രസിഡന്റിന് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ നിന്നുള്ള എല്ലാ എം.പി.-മാരുടെയും സഹായം സർക്കാർ എം.പി. കോൺഫറൻസിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. എല്ലാവരിൽനിന്നും സഹായങ്ങളുണ്ടായിട്ടുണ്ടെന്നുള്ള കാര്യം തുറന്നുപറയേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ലോട്ടറിയുടെ കേസ് വന്നപ്പോൾ മറ്റ് സംസ്ഥാനങ്ങളിലെ കോൺഗ്രസ് നേതാക്കന്മാരുമായി ബന്ധപ്പെടുന്നതിന് സഹായിച്ചിട്ടുണ്ടെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പുറപ്പെടുവിച്ച ധവളപത്രത്തിൽ 13,000 കോടി രൂപയുടെ നികുതി കുടിശ്ശികയുണ്ടെന്ന് പറയുകയുണ്ടായി. അത് അടിയന്തരമായി പിരിച്ചെടുക്കുമെന്നാണ് അന്ന് അങ്ങ് സൂചിപ്പിച്ചത്. പക്ഷേ, ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയുടെ മുഴുവൻ ഉത്തരവാദിത്വവും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളാണെന്നാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. അധികാരത്തിൽ വന്ന് മൂന്നര വർഷം കഴിഞ്ഞ പശ്ചാത്തലത്തിൽ, 13,000 കോടി രൂപയിൽ വെറും അഞ്ച് ശതമാനം മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. അതായത്, വെറും 120 കോടി രൂപ. ഇത് പിരിച്ചെടുക്കാതിരിക്കാനിടയായ സാഹചര്യമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ? സമയബന്ധിതമായി ഈ നികുതി കുടിശ്ശിക പിരിച്ചെടുത്താൽ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് വലിയൊരു അളവുവരെ പരിഹാരമുണ്ടാക്കാൻ കഴിയും. അതോടൊപ്പം, പ്രളയത്തെ നേരിടാൻ ആദ്യഘട്ടമായി കേന്ദ്രം നൽകിയ 3,000 കോടി രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതുകൊണ്ടാണ് രണ്ടാംഘട്ടത്തിലെ 2,150 കോടി രൂപ ലഭ്യമാകാത്തതെന്ന വാർത്തകൾ വന്നിട്ടുണ്ട്. സമയബന്ധിതമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകി പ്രസ്തുത തുക നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിനുള്ള മറുപടി കൃത്യമായും ബഡ്ജറ്റ് പ്രസംഗത്തിൽ നൽകാം. ഇപ്പോൾ മറുപടി പറയാൻ ധാരാളം സമയമെടുക്കും. ചുരുക്കിപ്പറഞ്ഞാൽ, ഈ വർഷം അത് പിരിക്കാതിരുന്നതാണ്. ഒരു കാരണവശാലും കോമ്പൻസേഷൻ പരിധിക്ക് മുകളിലേയ്ക്ക് പോകാൻ കഴിയില്ലെന്ന് കണ്ടപ്പോൾ, ബലം പ്രയോഗിച്ച് പിരിച്ചിട്ടുണ്ടെങ്കിൽ കോമ്പൻസേഷനിൽ തട്ടിക്കിഴിച്ച് പോകുകയേയുള്ളൂ. അതുകൊണ്ട് ഊർജ്ജിതമായി കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. രണ്ടാമത് ചോദിച്ച കാര്യത്തിന്, യഥാർത്ഥത്തിൽ റവന്യൂ വകുപ്പ് സെക്രട്ടറി മറുപടി നൽകിക്കഴിഞ്ഞു. മൂവായിരം കോടി രൂപ തന്നതിൽ ഇനിയും പണം ചെലവഴിക്കാനുണ്ടെന്ന കാര്യം ശരിയാണ്. പക്ഷേ, ഇതിനൊക്കെ കമ്മിറ്റ് ചെയ്തിട്ടുള്ള തുക, അനുവദിച്ച റോഡുകൾക്ക് ഇനി ബിൽ വരുമ്പോൾ കൊടുക്കേണ്ട തുക, വീടുകൾക്ക് നൽകേണ്ട തുക, വായ്പയെടുത്തതിന് പലിശ കൊടുക്കേണ്ട തുക എന്നിവയ്ക്ക് ഇത് തികയില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ചെലവാക്കിയതിന് ശേഷമേ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയൂ. 2019-ലെ പ്രളയത്തിന്റെ എല്ലാ വിശദാംശങ്ങളുംവച്ച് മാനദണ്ഡപ്രകാരം 2,400 കോടി രൂപ ആവശ്യപ്പെട്ടു. " ഞങ്ങൾ ഇതിന് തുക അനുവദിക്കുന്നു, നിങ്ങളുടെ കയ്യിലുള്ള പണത്തിൽനിന്ന് ചെലവാക്കിക്കൊള്ളൂ, അത് ചെലവാക്കിത്തീരുമ്പോൾ ഈ പണം തരും" എന്ന് പറയുകയായിരുന്നു കേന്ദ്രം ചെയ്യേണ്ടിയിരുന്നത്. അതല്ലാതെ, കമ്മിറ്റ് ചെയ്ത പണം തീർന്നിട്ടില്ല, 2019-ലെ പ്രളയത്തിനുള്ള ആശ്വാസം അവർ പരിഗണിക്കുമെന്ന് പറയുകയല്ല വേണ്ടത്. തെറ്റായ സമീപനമാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ളത്.

ശ്രീ. അനിൽ അക്കര: സർ, എം.എൽ.എ. ഫണ്ടും അസറ്റ് ഡെവലപ്മെന്റ് ഫണ്ടും ഇന്ററസ്റ്റ് ഷെയറിംഗിലൂടെ മാറ്റാനുള്ള സംവിധാനം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. അംബേദ്കർ ഗ്രാമവികസന പദ്ധതി ഓരോ നിയോജകമണ്ഡലത്തിലും കൊടുക്കുന്നുണ്ട്. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ഏതാണ്ട് ആറ് പദ്ധതിയിലായി ആറ് കോടി രൂപയുടെ വർക്ക് നടന്നുവരികയാണ്. അത് മുഴുവൻ നടത്തിക്കൊണ്ടിരിക്കുന്നത് നിർമ്മിതി കേന്ദ്രമാണ്. നിർമ്മിതി കേന്ദ്ര ഇപ്പോൾ പട്ടികജാതി വിഭാഗക്കാരുടെ വീടുവയ്ക്കുന്ന കാര്യങ്ങൾ ഉൾപ്പെടെയുള്ള വർക്കുകൾ നിർത്തിവച്ചു. കാരണം, അവർക്ക് ഫണ്ട് മാറാൻ കഴിയുന്നില്ല. പട്ടികജാതി മേഖലയിലെ വർക്കുകൾ, നിർമ്മിതി കേന്ദ്ര നടത്തുന്ന വർക്കുകൾ എന്നിവയ്ക്ക് അവർക്ക് ബിൽ മാറിക്കൊടുക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതുകൂടി പദ്ധതിയിലെ ബിൽ ഡിസകൗണ്ടിംഗ് സ്കീമിൽ ഉൾപ്പെടുത്താം. ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ നിക്ഷേപമായി ഉൾപ്പെടുത്താനുള്ള സംവിധാനമുണ്ടാക്കാം.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അക്ഷയ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം

5 (*33) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ കേരള മിഷന്റെ ഭാഗമായി അക്ഷയ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനത്തിന് നൽകി വരുന്ന പ്രാധാന്യത്തെക്കുറിച്ച് അറിയിക്കാമോ;

(ബി) സ്വന്തം പുരപ്പുറത്ത് സബ്സിഡിയോടെയും കെ.എസ്.ഇ.ബി.യുടെ സഹായത്തോടെയും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ ഗുണഭോക്താവ് മുടക്കേണ്ട വിഹിതമെത്രയാണ്; അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും ആദ്യഘട്ടത്തിൽ എത്ര ഗുണഭോക്താക്കളാണുള്ളതെന്നും ഉല്പാദന ലക്ഷ്യം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) കെൽട്രോണിന്റെ പങ്കാളിത്തത്തോടെ സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂര പ്രയോജനപ്പെടുത്തി സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതി വിപുലീകരിക്കാൻ പരിപാടിയുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ അനെർട്ട് മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ട 'സൗര' പദ്ധതിയിലൂടെ കേരളത്തിലെ സൗരോർജ്ജ വൈദ്യുതി ഉല്പാദനം 2021-ഓടെ 1000 മെഗാവാട്ട് കൂട്ടിച്ചേർക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്ന് 500 മെഗാവാട്ടും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ, സൗരോർജ്ജ പാർക്ക്, വൈദ്യുതി വാങ്ങൽ കരാർ തുടങ്ങിയവ ഉൾപ്പെടെ മറ്റു മാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പുരപ്പുറ സോളാർ പദ്ധതിയുടെ 200 മെഗാവാട്ട് ഉല്പാദന ലക്ഷ്യമുള്ള ആദ്യഘട്ടത്തിൽ 42,489 ഉപഭോക്താക്കളാണുള്ളത്.

(ബി) ഈ വർഷത്തെ പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതി വിതരണ യൂട്ടിലിറ്റികൾ മുഖാന്തരം നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മൂന്ന് കിലോവാട്ടിൽ താഴെയുള്ള നിലയങ്ങൾക്ക് 40 ശതമാനവും മൂന്നു മുതൽ പത്തു കിലോവാട്ടുവരെയുള്ള പദ്ധതികൾക്ക് 20 ശതമാനവുമാണ് സബ്സിഡി. സബ്സിഡി കഴിച്ച് ബാക്കി തുക ഉപഭോക്താക്കൾ തന്നെ വഹിക്കണമെന്ന രീതിയിലാണ് കേന്ദ്ര പദ്ധതി. എന്നാൽ സാമ്പത്തികമായി ദുർബ്ബലരായ ഉപഭോക്താക്കൾക്കും ഈ പദ്ധതിയുടെ നേട്ടം ലഭിക്കുന്നതിന് അത്തരം ഉപഭോക്താക്കൾ മുടക്കേണ്ട തുക ഗണ്യമായി കുറയുന്ന രൂപത്തിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് മൂന്ന് സങ്കര മാതൃകകൾ സംസ്ഥാന സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. പദ്ധതിയിൽ കെ.എസ്.ഇ.ബി.-യും പാനൽ സ്ഥാപിക്കുന്ന ഏജൻസിയും നിശ്ചിത വിഹിതം മുടക്കുന്ന നിലയിലാണ് പദ്ധതി രൂപപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം 2 കിലോവാട്ട്, 3 കിലോവാട്ട് നിലയങ്ങൾ വീടുകൾക്ക് മുകളിൽ സ്ഥാപിക്കുന്നതിന് 120 യൂണിറ്റുവരെ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഉപഭോക്താക്കൾ ആകെ ചെലവിന്റെ 12 ശതമാനവും 150 യൂണിറ്റുവരെ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഉപഭോക്താക്കൾ ആകെ ചെലവിന്റെ 20 ശതമാനവും 200 യൂണിറ്റുവരെ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഉപഭോക്താക്കൾ ആകെ ചെലവിന്റെ 25 ശതമാനവും തുകയാണ് പദ്ധതിക്കുവേണ്ടി മുടക്കേണ്ടത്. യഥാക്രമം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ 25, 40, 50 ശതമാനം സൗജന്യമായി പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുകയും ചെയ്യും. ഇതര വിഭാഗങ്ങൾക്ക് 2 മുതൽ 3 കിലോവാട്ട് വരെയുള്ള പ്ലാന്റുകൾക്ക് 60 ശതമാനവും 3-ന് മുകളിൽ 10 കിലോവാട്ട് വരെയുള്ള പ്ലാന്റുകൾക്ക് 80 ശതമാനവും ഉപഭോക്താവ് മുടക്കണം.

(സി) മേൽ പദ്ധതിയുടെ പ്രവർത്തനം മാർച്ച് മാസത്തോടുകൂടി ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആകെ 50 മെഗാവാട്ടാണ് ഉല്പാദന ലക്ഷ്യം.

(ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാൻ അനെർട്ട് മുഖേന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അക്ഷയോർജ്ജ രംഗത്ത് സംസ്ഥാനത്ത് MNRE (Ministry of New and Renewable Energy)-യുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് അനെർട്ടാണ്. സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്.

## ധന ഉത്തരവാദിത്വ നിയമത്തിലെ വ്യവസ്ഥകൾ

6 (*34) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എം.ഉമ്മർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത കാലയളവിൽ കമ്മി ഇല്ലാതാക്കുന്നതിനും ധനക്കമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്വ നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യസ്ഥിതിയെക്കുറിച്ചും എക്സ്പെൻഡിച്ചർ അവലോകന കമ്മിറ്റി എത്ര റിപ്പോർട്ടുകൾ ഈ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ സംസ്ഥാനത്തിന്റെ ധനക്കമ്മി കുറയ്ക്കുന്നതിനായി എന്തെല്ലാം മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്; ആയത് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട് പ്രകാരമുള്ള പുതുക്കിയ ധനലക്ഷ്യങ്ങൾ ചുവടെ പറയും പ്രകാരമാണ്:

(ശതമാനത്തിൽ)

| ധനസൂചകങ്ങൾ | | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|
| റവന്യൂ കമ്മി/ജി.എസ്.ഡി.പി. | ലക്ഷ്യം | 0 | 0 | 0 |
| | നേട്ടം | 2.46 | 1.68 RE | 1.00 BE |
| ധനകമ്മി/ ജി.എസ്.ഡി.പി. | ലക്ഷ്യം | 3.0 | 3.0 | 3.0 |
| | നേട്ടം | 3.91 | 3.06 RE | 3.00 BE |
| കടബാധ്യത/ ജി.എസ്.ഡി.പി | ലക്ഷ്യം | 30.40 | 30.01 | 29.67 |
| | നേട്ടം | 30.69 | 30.49 RE | 30.21 BE |

നോട്ടു നിരോധനവും ജി.എസ്.ടി. നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇടിവും വർദ്ധിച്ചുവരുന്ന റവന്യൂ ചെലവും കാരണമാണ് ധന ഉത്തരവാദിത്വ നിയമത്തിൽ അനുശാസിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്.

കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടേയും നോട്ട് നിരോധനത്തിന്റേയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടേയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യം സംസ്ഥാന സമ്പദ്‌വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റേയും ചരക്ക്സേവന നികുതിയുടേയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തലസൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർസൃഷ്ടിക്കേണ്ടതുമുണ്ട്.

(സി&ഡി) 2014-15, 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ സർക്കാരിന്റെ ചെലവുകളെക്കുറിച്ചും ധനസ്ഥിതിയെക്കുറിച്ചും യഥാക്രമം നാല് അവലോകന റിപ്പോർട്ടുകളാണ് നാലാമത് 'സംസ്ഥാന പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി' സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ ചുവടെ പറയുന്നവയാണ്:

- പല സാധനങ്ങൾക്കും ജി.എസ്.ടി. സമ്പ്രദായത്തിന് നിശ്ചയിച്ചിട്ടുള്ള വില വാറ്റ് സമ്പ്രദായത്തേക്കാൾ കുറഞ്ഞ നിരക്കിലായതിനാൽ ആയത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതിനാലും ജി.എസ്.ടി. സമ്പ്രദായത്തിൽ CGST-യും SGST-യും തുല്യ അനുപാതത്തിൽ വീതിക്കപ്പെടുന്നതിനാലും vertical fiscal imbalance വർദ്ധിക്കുന്നു. ഈ പ്രതിസന്ധികൾ ജി.എസ്.ടി. കൗൺസിൽ മുമ്പാകെയും 15-ാം ധനകാര്യ കമ്മീഷൻ മുമ്പാകെയും അവതരിപ്പിച്ച് പരിഹാരം തേടണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

- പദ്ധതി ചെലവിന്റെ നടത്തിപ്പിന് കൂടുതൽ പണം കണ്ടെത്തുന്നത് ഉറപ്പു വരുത്തേണ്ടതിന്റെ ആവശ്യകത കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.
- ധനകാര്യ കമ്മീഷന്റെ അധികാര പരിധിക്കപ്പുറത്തുള്ള ധനസഹായം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നതിനുള്ള ഒരു സംവിധാനത്തിന്റെ ആവശ്യകത കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന നികുതി, നികുതിയേതര വരുമാനം പരിമിതമായതിനാൽ അവ പിരിച്ചെടുക്കുന്നതിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്ന് കമ്മിറ്റി ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാനത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി ക്യാഷ് മാനേജ്മെന്റ് നിർവ്വഹിക്കേണ്ടതുണ്ട്.
- പലിശ നിരക്ക് കുറവാണെങ്കിൽ ആർ.ബി.ഐ.-യിൽ നിന്നുള്ള സ്പെഷ്യൽ, നോർമൽ വെയ്സ് & മീൻസ് അഡ്വാൻസുകളും ഓവർഡ്രാഫ്റ്റും എടുക്കുന്നത് പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്നതിന് മുമ്പ് പരിഗണിക്കേണ്ടതാണ്.
- ധനക്കമ്മി ലക്ഷ്യങ്ങളെ അപേക്ഷിച്ച് റവന്യൂ കമ്മി ലക്ഷ്യങ്ങളിൽ നിന്നുള്ള വർദ്ധനവ് സംസ്ഥാനത്തെ മൂലധന ചെലവിനെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രവണത പരിഹരിക്കേണ്ടതുണ്ട്.
- സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ദൃഢീകരണത്തിനായി, ഫലപ്രദമായ എക്സ്പെൻഡിച്ചർ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുക, ബഡ്ജറ്റിൽ ലക്ഷ്യമിട്ട വരുമാനം യാഥാർത്ഥ്യമാക്കുക, വരവും ചെലവും ഒപ്പത്തിനൊപ്പമാക്കുക എന്ന് കമ്മിറ്റി ശിപാർശ ചെയ്യുന്നു.
- സംസ്ഥാനത്തിനെ സുസ്ഥിര വികസന പാതയിലെത്തിക്കുന്നതിനായി ജി.എസ്.ടി.-യിൽ ഉൾപ്പെടുത്താത്ത നികുതി വിഭാഗങ്ങളുടെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്നും റവന്യൂ ചെലവുകൾ ക്രമാനുഗതമായി യുക്തിസഹമാക്കണമെന്നും മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് സൂക്ഷ്മത ഉറപ്പുവരുത്തണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.
- ലോട്ടറി ഒഴികെയുള്ള നികുതിയേതര വരുമാനത്തിന്റെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുള്ളതായി കമ്മിറ്റി നിരീക്ഷിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് ഇത് പരിശോധിക്കുകയും വരുമാനം ഉയർത്തുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിനായി കമ്മിറ്റി ശിപാർശ ചെയ്തിട്ടുമുണ്ട്.

- സംസ്ഥാനത്തിന്റെ ഏതാണ്ട് എല്ലാ കടമെടുപ്പ് സ്രോതസ്സുകളിലേയും പലിശ ഉയർന്നതായതിനാൽ കടമെടുപ്പ് സ്രോതസ്സിന്റെ തെരഞ്ഞെടുപ്പ് യുക്തിസഹമാക്കേണ്ടതാണെന്നും കടത്തിന്റെ തിരിച്ചടവ് ഷെഡ്യൂളിൽ സ്ഥിരത ഉറപ്പുവരുത്തുന്നതിനായി പബ്ലിക് അക്കൗണ്ടിന്റെ ബാധ്യത കുറച്ചുകൊണ്ടുവരേണ്ടതാണെന്നും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. പബ്ലിക് അക്കൗണ്ട് വഴിയുള്ള കടബാദ്ധ്യത കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ട്രഷറി അക്കൗണ്ടിൽ നിന്നും 2017-18, 2018-19 വർഷങ്ങളിൽ ചെലവഴിക്കാതെ അവശേഷിച്ച തുക തിരിച്ചെടുക്കുകയുണ്ടായി. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധനച്ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും നിലവിലെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്തുകൊണ്ട് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടും ധനലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

## കിയാലിൽ സി. ആന്റ് എ. ജി. ഓഡിറ്റ്

7 (*35) ശ്രീ. കെ. എം. ഷാജി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിയാൽ വിമാനത്താവള കമ്പനിയിൽ സംസ്ഥാന സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി എത്ര ശതമാനം ഓഹരിയാണുള്ളത്; വ്യക്തമാക്കുമോ;

(ബി) നിലവിലെ ഈ ഓഹരികൾ പ്രകാരം ഇത് സ്വകാര്യ കമ്പനിയല്ലെന്നത് കേന്ദ്ര കമ്പനികാര്യ മന്ത്രാലയം കിയാലിനെ അറിയിച്ചിട്ടുണ്ടോ;

(സി) കിയാലിൽ സി.ആന്റ്എ.ജി. ഓഡിറ്റ് തടസ്സപ്പെടുത്തിയാൽ തുടർനടപടി സ്വീകരിക്കുമെന്ന് കമ്പനി മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ-സി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ സർക്കാരിന് 32.99 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 19.83 ശതമാനവും ഓഹരിയാണുള്ളത്. കമ്പനിയുടെ ഓഹരി ഘടന താഴെ വിവരിക്കും പ്രകാരമാണ്:

| | | |
|---|---|---|
| 1 | കേരള സർക്കാർ | 32.99% |
| 2 | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | 17.88% |
| 3 | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 1.95% |
| 4 | എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ | 8.25% |
| 5 | ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷണൽ ബയേഴ്സ്, വ്യക്തികൾ, കമ്പനികൾ, സഹകരണ ബാങ്കുകൾ/സൊസൈറ്റികൾ, സമയാസമയങ്ങളിൽ ഡയറക്ടർ ബോർഡ് അംഗീകരിക്കുന്ന നിയമാനുസൃത സ്ഥാപനങ്ങൾ എന്നിവർ ഉൾപ്പെടെ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ കേരള സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംയുക്തമായി 63 ശതമാനത്തോളം ഓഹരിയുള്ളതിനാൽ കമ്പനി പരോക്ഷമായി സർക്കാരിന്റെ ഉടമസ്ഥതയിലുള്ളത് ആണെന്നും ആയതിനാൽ സി.&എ.ജി. ഓഡിറ്റ് കണ്ണൂർ വിമാനത്താവള കമ്പനിക്കും ബാധകമാണെന്ന് കേന്ദ്ര കമ്പനികാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കൂടാതെ സി. &എ.ജി. ഓഡിറ്റ് തടസ്സപ്പെടുത്തിയാൽ നിയമനടപടികൾ സ്വീകരിക്കുമെന്നും കമ്പനി മന്ത്രാലയം കിയാലിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിനെതിരായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ 32810/2019 ആയി റിട്ട് ഹർജി ഫയൽ ചെയ്യുകയും 3-12-2019-ലെ ഇടക്കാല ഉത്തരവ് പ്രകാരം കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ നിർദ്ദേശം സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. | 38.93% |

## കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

8 (*36) ശ്രീ. എം. സ്വരാജ്:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. പി. കെ. ശശി:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ വിവേചനപരമായ നിലപാടുകളും വികല നയങ്ങളും പ്രകൃതി ദുരന്തങ്ങളും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം മറികടക്കുന്നതിന് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ ലക്ഷ്യമിട്ട അമ്പതിനായിരം കോടിയുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്നതിന് പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ;

(ഡി) കിഫ്ബി വഴിയുള്ള പദ്ധതി നിർവ്വഹണം പുകമറ പരത്തി മന്ദീഭവിപ്പിക്കാനുള്ള നിക്ഷിപ്ത താല്പര്യക്കാരുടെ നീക്കം ഫലശൂന്യമാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സുതാര്യതയെക്കുറിച്ച് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാരിന്റെ ഭാവി വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് നാടിന്റെ പശ്ചാത്തലസൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നേടുന്നത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതുവരെ ആകെ 54391.47 കോടി

രൂപയുടെ 679 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇത്തരം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും സാംസ്കാരികവും ആരോഗ്യ, വിദ്യാഭ്യാസ, വ്യാവസായിക മേഖലകളുടെ വികസനം സാധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തന രീതി മാന്ദ്യകാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഈ രീതിയിൽ 50000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാന സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിക്കപ്പെടും

(ബി&സി) കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്താൻ സാധിക്കുന്നു. ഇതിനുപുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടുകൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പൊതുജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കുവാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്നപക്ഷം അവ ഫലപ്രദമായി ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ എല്ലാ ഘട്ടത്തിലും കിഫ്ബി സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടുപോകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നതുകൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടുതൽ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടന്നതോടെ പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന ബോധ്യത്തിൽ കൂടുതൽ മാനവവിഭവശേഷി ഉപയോഗിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിൽ ശാസ്ത്രീയമായി മാനവവിഭവശേഷി വിനിയോഗിച്ചുകൊണ്ടും സാങ്കേതികവിദ്യയുടെ സഹായത്തോടെയും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) കിഫ്ബി അതിന്റെ എല്ലാ പ്രവൃത്തികളിലും സുതാര്യത പുലർത്തുന്ന ഒരു സ്ഥാപനമാണ്. പദ്ധതികളുടെ അവലോകനം മുതൽ അവയുടെ നിർവ്വഹണത്തിനായുള്ള ഫണ്ട് വിതരണം വരെ കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളെ സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്കും കരാറുകാർക്കും പരിശോധിക്കാവുന്ന തരത്തിലുള്ള സംവിധാനം കിഫ്ബിയിൽ നിലവിലുണ്ട്. നിലവിലുള്ള ഓഡിറ്റിംഗ് സംവിധാനങ്ങൾക്ക് പുറമെ കിഫ് ആക്ട് വിഭാവനം ചെയ്തിട്ടുള്ള ഒരു നിരീക്ഷണ സംവിധാനമാണ് FTAC. ദേശീയ/അന്തർദ്ദേശീയ തലത്തിൽ പ്രശസ്തരായ ധനകാര്യ വിദഗ്ദ്ധരാണ് ഇതിലെ അംഗങ്ങൾ. ഈ കമ്മീഷൻ ആറുമാസത്തിലൊരിക്കൽ കിഫ്ബിയിൽ ഫണ്ടിന്റെ വിനിയോഗം ആക്ടിന്റെ വ്യവസ്ഥകൾക്കനുസരിച്ചാണെന്നും അടുത്ത ആറുമാസത്തേയ്ക്കുള്ള ചെലവുകൾ വഹിക്കുവാൻ ആവശ്യമായ ഫണ്ട് കിഫ്ബിയുടെ കൈവശമുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്ന ഫിഡലിറ്റി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുന്നു. നിക്ഷേപകർക്കിടയിൽ കിഫ്ബിയുടെ ഈയൊരു മാതൃകയ്ക്ക് പ്രശംസയും സ്വീകാര്യതയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിന് കേരള സംസ്ഥാന ആഡിറ്റ് വകുപ്പിൽ നിന്നും ചീഫ് ഓഡിറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് കിഫ്ബി പ്രവൃത്തികളും പദ്ധതികളും രേഖപ്പെടുത്തുന്നതിനുള്ള ഓൺലൈൻ പോർട്ടൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## അസെൻഡ് കേരള 2020

9 (*37) <u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീമതി ഗീതാ ഗോപി:</u>
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാൻ കൊച്ചിയിൽ നടത്തിയ അസെൻഡ് കേരള 2020 സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത സമ്മേളനത്തിൽ ഏതൊക്കെ തരത്തിലുള്ള പുതിയ നിക്ഷേപ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ വ്യവസായ സംരംഭങ്ങൾക്ക് സർക്കാർ സബ്സിഡി അനുവദിക്കുമെന്ന പ്രഖ്യാപനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയിക്കുമോ;

(ഡി) സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികൾക്ക് പുരുഷന്മാരേക്കാൾ രണ്ടായിരം രൂപ അധികവേതനം നല്കുമെന്ന പ്രസ്തുത സമ്മേളനത്തിലെ പ്രഖ്യാപനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്.

പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം.ഇ., ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവ്വേദം തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന 100-ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി.

അസെൻഡ് 2020-ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രോജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവസംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി.

കൊച്ചിയിൽ നടന്ന ASCEND 2020 നിക്ഷേപ സംഗമത്തിലൂടെ വലിയ തോതിൽ മുതൽ മുടക്കുള്ള 18 മെഗാ പദ്ധതിയുൾപ്പെടെ 100-ഓളം വ്യവസായ പദ്ധതികളാണ് നിക്ഷേപകർക്കിടയിൽ അവതരിപ്പിച്ചത്. അതുവഴി ഏകദേശം 1 ലക്ഷം കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്.

കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(സി&ഡി) കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിപ്പിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടുന്നതിന്റെ ഭാഗമായി അസെൻഡ് 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെപ്പറയുന്നവയാണ്:

- 2025-വരെ നിയമാനുസൃതമായ കാര്യങ്ങൾ പരിപാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്നതായിരിക്കും. പ്രസ്തുത സബ്സിഡി 25,000 രൂപ വരെ വരുമാനമുള്ള ജോലിക്കാരെ നിയമിക്കുമ്പോഴാണ് നൽകുക. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2,000 രൂപ അധികമായി നൽകുന്നതായിരിക്കും.
- വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നതാണ്.
- റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി കേരള ബിൽഡിംഗ് റൂൾസ് ഭേദഗതിചെയ്തുകൊണ്ട് ലഘൂകരിക്കുന്നതായിരിക്കും.
- കേരള ഫാക്ടറി റൂൾസ് അമെൻഡ് ചെയ്ത് സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
- 66,000 കോടി രൂപയിലേറെ മുതൽ മുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതിയായ Silverline-ന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.
- വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടിവരുന്ന വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷം കൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്നതാണ്.

## ശബരിമല തീർത്ഥാടനം

10 (*38) ശ്രീ. രാജു എബ്രഹാം:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല തീർത്ഥാടനം പരാതിക്ക് ഇടനൽകാതെ സുഗമവും സുരക്ഷിതവുമായി പൂർത്തിയാക്കുന്നതിന് സർക്കാരും ദേവസ്വം ബോർഡും നടത്തിയ മുന്നൊരുക്കങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ശബരിമല മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ലെന്ന് കേന്ദ്രമന്ത്രി പാർലമെന്റിനെ അറിയിച്ചതായി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; ശബരിമല മാസ്റ്റർപ്ലാനിലുള്ള ഏതെങ്കിലും പദ്ധതിക്ക് കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; മാസ്റ്റർപ്ലാൻ സംബന്ധിച്ച കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ ശബരിമല തീർത്ഥാടനകേന്ദ്രത്തിന്റെ വികസനത്തിനായി ചെയ്ത കാര്യങ്ങളിൽ പ്രധാനമായവ അറിയിക്കാമോ;

(ഡി) ശബരിമലയ്ക്ക് മാത്രമായി പ്രത്യേക ദേവസ്വം ബോർഡ് രൂപീകരിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതത്തെക്കുറിച്ച് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ശബരിമല തീർത്ഥാടകർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി മണ്ഡല മകരവിളക്ക് സീസൺ ആരംഭിക്കുന്നതിന് മാസങ്ങൾക്ക് മുമ്പുതന്നെ സർക്കാർ മുന്നൊരുക്കങ്ങൾ ആരംഭിച്ചിരുന്നു. മുഖ്യമന്ത്രി തലത്തിൽ 3 ഉന്നതതലയോഗങ്ങൾ ചേരുകയുണ്ടായി. വകുപ്പുമന്ത്രിതലത്തിൽ തിരുവനന്തപുരത്തും പമ്പയിലും സന്നിധാനത്തിലും വിവിധ വകുപ്പുകളുടെ ഉന്നതതലം മുതൽ താഴെക്കിടയിലുള്ള ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടേയും 3 യോഗങ്ങൾ ചേർന്നു. കൂടാതെ തീർത്ഥാടകരുടെ പ്രധാന

ഇടത്താവള കേന്ദ്രങ്ങളായ ഏറ്റുമാനൂർ, എരുമേലി, പന്തളം, ചെങ്ങന്നൂർ എന്നിവിടങ്ങളിൽ 2-11-2019-ന് വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം ചേരുകയുണ്ടായി. തുടർന്ന് മണ്ഡലകാലം കഴിഞ്ഞയുടൻ 1-1-2020-ന് മകരവിളക്കിനോടനുബന്ധിച്ച് സ്വീകരിക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വീണ്ടും ചേരുകയുണ്ടായി. ഇപ്രകാരം വിവിധ യോഗങ്ങൾ ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ അതാതുസമയങ്ങളിൽ നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറെയും സ്പെഷ്യൽ ഓഫീസറെയും ചുമതലപ്പെടുത്തിയിരുന്നു.

കേരള വാട്ടർ അതോറിറ്റിയും തിരുവിതാംകൂർ ദേവസ്വം ബോർഡും തീർത്ഥാടന കാലത്ത് കുടിവെള്ള വിതരണത്തിനായി പമ്പ, നിലയ്ക്കൽ, സന്നിധാനം, ഭക്തർ തമ്പടിച്ചിരുന്ന മറ്റെല്ലാ സ്ഥലങ്ങളിലും ആവശ്യമായ സംഭരണശേഷിയുള്ള ടാങ്കുകളും ടാപ്പുകളും ക്രമീകരിച്ച് 24 മണിക്കൂറും വെള്ളം ലഭ്യമാക്കിയിരുന്നു. ഇതുകൂടാതെ ഔഷധ ജല വിതരണം നടത്തിയിരുന്നു. കുടിവെള്ളത്തിന്റെ ശുദ്ധത എപ്പോഴും പരിശോധിച്ചിരുന്നു.

ശബരിമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി 5 MLD ട്രീറ്റ്മെന്റ് പ്ലാന്റാണ് ഉപയോഗിച്ചത്. പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിപ്പിച്ചു. കൂടാതെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ വിശുദ്ധി സേനാംഗങ്ങളെ നിയോഗിച്ചു. നിലയ്ക്കലിൽ പോലീസ് വകുപ്പിന്റെ നിർദ്ദേശാനുസരണം തിരക്ക് നിയന്ത്രിക്കാൻ സംവിധാനങ്ങൾ ഒരുക്കി. ശബരിമലയിൽ ശബരി പീഠം മുതലുള്ള പെർമനന്റ് ബാരിക്കേഡ്, പാണ്ടിത്താവളത്ത് താല്ക്കാലിക ബാരിക്കേഡ്, മറ്റെല്ലാ സ്ഥലങ്ങളിലും ബാരിക്കേഡുകൾ എന്നിവ നിർമ്മിച്ച് തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ കഴിഞ്ഞു.

നിലയ്ക്കൽ, പമ്പ, ചന്ദ്രാനന്ദൻ റോഡ് എന്നിവിടങ്ങളിലായി 1000-ൽ അധികം ശുചിമുറികളും 100 കുളിമുറികളും പ്രവർത്തനസജ്ജമാക്കി. പമ്പയിൽ പ്രളയത്തിൽ തകർന്ന ശുചിമുറികളും ടോയ്‌ലെറ്റ് ബ്ലോക്കുകളും പുതുക്കിപ്പണിതു. നിലയ്ക്കലിൽ വാഹന പാർക്കിംഗിന് കൂടുതൽ പാർക്കിംഗ് ഗ്രൗണ്ടും കൂടുതൽ താമസ സൗകര്യവും ഏർപ്പെടുത്തി.

ശബരിമലയിൽ ദർശനത്തിനെത്തിയ അയ്യപ്പഭക്തർക്കും സേവന ദാതാക്കളായ പോലീസ് ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും മാധ്യമ പ്രവർത്തകർക്കും സന്നദ്ധ സേവകർക്കും കുറ്റമറ്റ രീതിയിൽ താമസസൗകര്യങ്ങൾ ഒരുക്കി. ശബരിമലയിലും പമ്പയിലും നിലയ്ക്കലിലും എമർജൻസി മെഡിക്കൽ സെന്ററുകൾ കാര്യക്ഷമമായ

രീതിയിൽ പ്രവർത്തിച്ചു. എല്ലാ തീർത്ഥാടകർക്കും ആവശ്യമായ അപ്പം, അരവണ എന്നിവ ലഭ്യമാക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാധിച്ചു. പോലീസ് വകുപ്പിന്റെ വെർച്വൽ ക്യൂ സംവിധാനം ദർശനം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് സഹായം നൽകി. തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും സന്നദ്ധ സേവകരുടേയും പൂർണ്ണമായ സേവനവും സഹകരണവും ആദ്യാവസാനം ലഭ്യമാക്കി തീർത്ഥാടനം വലിയ വിജയമാക്കി തീർക്കാൻ സാധിച്ചു.

(ബി) ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ലെന്ന് കേന്ദ്രമന്ത്രി പാർലമെന്റിനെ അറിയിച്ചതായി പത്രവാർത്ത വന്നിരുന്നു. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല. എന്നാൽ മാസ്റ്റർ പ്ലാൻ നിർവ്വഹണ ചുമതലയുള്ള ഹൈപവർ കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്ന കേന്ദ്ര ടൂറിസം വകുപ്പിന്റെ സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 100 കോടി രൂപയിൽ 21 കോടി രൂപ ആദ്യഗഡുവായി ലഭിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനിന് വിധേയമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ശബരിമല ഉന്നതാധികാര സമിതി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശബരിമലയുടെ വികസനത്തിനായി ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതികളുടെ നിർവ്വഹണത്തിനായി ഈ സർക്കാർ 2016-2017-ൽ 10 കോടി രൂപയും 2017-2018-ൽ 15 കോടി രൂപയും 2018-19-ൽ 22.44 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഈ വർഷം 28 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർന്ന റോഡുകളും മറ്റും പുതുക്കിപ്പണിത് റീ ടാറിംഗ് ചെയ്തിട്ടുണ്ട്. നിലയ്ക്കൽ ബേസ് ക്യാമ്പിൽ 20,000/-ച.മീറ്റർ സ്ഥലത്ത് അധിക താൽക്കാലിക പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിച്ചിട്ടുണ്ട്. പോലീസിലെയും കെ.എസ്.ആർ.ടി.സി.-യിലെയും 600 ജീവനക്കാർക്ക് താമസിക്കുന്നതിന് അധിക താൽക്കാലിക സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ സ.ഉ.(എം.എസ്.)നമ്പർ 24/2019/റവ. തീയതി 18-1-2019 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 150 കോടി രൂപയുള്ള ഇടത്താവളം പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ 1250 ക്ഷേത്രങ്ങളുണ്ട്. അവയിൽ വളരെ കുറച്ച് ക്ഷേത്രങ്ങൾ മാത്രമാണ് സ്വയംപര്യാപ്തമായിട്ടുള്ളത്. മറ്റുള്ള ക്ഷേത്രങ്ങളുടെ നിത്യനിദാനച്ചെലവും ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയെല്ലാം ശബരിമലയിലെ വരുമാനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ശബരിമലയ്ക്ക് മാത്രമായി ഒരു പ്രത്യേക ബോർഡ് രൂപീകരിക്കുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന അവസ്ഥയാണുള്ളത്.

## ലോട്ടറി നികുതി ഏകീകരണം

11 (*39) ശ്രീ. കെ. രാജൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി നികുതി ഇരുപത്തിയെട്ട് ശതമാനമാക്കിയ ജി.എസ്.ടി.കൗൺസിലിന്റെ നടപടി സംസ്ഥാനത്തെ ഏതൊക്കെ വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വില്പന നടത്തുന്നത് സംസ്ഥാന ലോട്ടറിയുടെ വില്പനയെ ബാധിക്കുമെന്നതിനാൽ ആയത് പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ;

(സി) ലോട്ടറി നികുതി ഏകീകരിക്കുന്നത് അംഗീകരിച്ചാൽ ഇതര സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കാൻ അനുവദിക്കുമെന്ന് ജി.എസ്.ടി. കൗൺസിൽ മുമ്പ് നല്കിയിരുന്ന വാഗ്ദാനം നേടിയെടുക്കുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തുമോ;

(ഡി) ലോട്ടറി നികുതി ഏകീകരിക്കുന്നത് ലോട്ടറി മാഫിയയെ സഹായിക്കുന്നതിനുള്ള കേന്ദ്രത്തിന്റെ നടപടിയാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 18-12-2019-ൽ ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 1-3-2020 മുതൽ 12%-ത്തിൽ നിന്നും 28%-മായി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. കേരളത്തിന്റെ ശക്തമായ എതിർപ്പ് മറികടന്നാണ് ഈ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാവുകയും നിലവിൽ 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. നിലവിൽ

പ്രതിവാര ഭാഗ്യക്കുറികൾക്ക് 52%-ത്തോളം തുക സമ്മാനമായി നൽകിയിരുന്ന സ്ഥാനത്ത് ഏകദേശം 59%-ത്തോളം തുക സമ്മാനമായി നൽകിയും സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയുമാണ് പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടന പരിഷ്കരിച്ചിട്ടുള്ളത്. ഇപ്രകാരം പരിഷ്കരിക്കുന്ന സമ്മാന ഘടന പ്രകാരം ഏജന്റുമാർക്ക് മൂന്ന് സ്ലാബുകളിലായി താഴെപ്പറയുന്ന പ്രകാരം ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 2000 ടിക്കറ്റുകൾ വരെ | - | 23.5% |
| 2001 മുതൽ 10000 ടിക്കറ്റുകൾ വരെ | - | 24.25% |
| 10000-ത്തിന് മുകളിൽ | - | 25% |

ഈ വിധത്തിൽ പരിഷ്കരിക്കുന്ന സമ്മാന ഘടന പ്രകാരമുള്ള ആദ്യ നറുക്കെടുപ്പ് 1-3-2020-ന് നറുക്കെടുക്കുന്ന പൗർണ്ണമി ഭാഗ്യക്കുറിയുടെ 432-ാമത് നറുക്കെടുപ്പ് മുതൽ സർക്കാർ ഉത്തരവിന് വിധേയമായി പ്രാബല്യത്തിൽവരും. GST 28%-മായി ഏകീകരിച്ചതു വഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ നിന്നും 7% (പകുതിയോളം) കുറവുവരുത്തി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകുന്നതാണ്.

(ബി) അന്യ സംസ്ഥാന ലോട്ടറി കേരളത്തിൽ വ്യാപാരം നടത്തണമെങ്കിൽ കേരള ലോട്ടറി (റെഗുലേഷൻ) ചട്ടം പ്രകാരം നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുമതി അനിവാര്യമാണ്. കൂടാതെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56 (19) പ്രകാരം സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

- വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം ലോട്ടറി (റെഗുലേഷൻ) നിയമം 2010-ലെ നിയമം 3(3)&(4) പ്രകാരം അറിയിക്കേണ്ടതാണ്.
- ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വിൽപ്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.
- ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ലോട്ടറികളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

- വില്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വിൽപ്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വിൽപ്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേയ്ക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വിൽപ്പനയിൽ നിന്നും ലഭിച്ച തുക, ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വിൽപ്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേയ്ക്കായി ആവശ്യപ്പെടുമ്പോഴും അവയിൽ വിൽപ്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. നിയമാനുസൃതമല്ലാതെ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നത് പ്രതിരോധിക്കുവാൻ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

സംസ്ഥാന ലോട്ടറി ഉൾപ്പെടെ ഇതര സംസ്ഥാന ലോട്ടറികളുടെ നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിക്കും മോണിറ്ററിംഗിനും വിധേയമായി മാത്രമേ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭാഗ്യക്കുറി റൂൾ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും ഇത്തരക്കാരുടെ സ്ഥാപനങ്ങൾ അടച്ചുപൂട്ടി നിയമനടപടി കൈക്കൊള്ളുന്നതിനും പ്രസ്തുത കേരള സംസ്ഥാന ഭാഗ്യക്കുറി ഭേദഗതി റൂൾ വ്യവസ്ഥ ചെയ്യുന്നു.

സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ എടുക്കുന്നതിന് ഏജൻസി രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യക്തികൾ, സർക്കാർ authorise ചെയ്യാത്ത ടിക്കറ്റുകൾ വിൽക്കുന്നപക്ഷം അത്തരക്കാരുടെ ഏജൻസി രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, റീട്ടെയിലർമാർ, വിൽപ്പനക്കാർ എന്നിവരും ഈ നിബന്ധന പാലിക്കണമെന്ന് ഉറപ്പാക്കാൻ രജിസ്റ്റേർഡ് ഏജന്റുമാർക്ക് ഉത്തരവാദിത്തം നൽകിയിട്ടുണ്ടെന്നും അല്ലാത്തപക്ഷം ഏജന്റുമാർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ഉത്തരവായിട്ടുണ്ട്.

(സി) 18-6-2017-ലെ 17-ാമത് ജി.എസ്.റ്റി. കൗൺസിൽ മീറ്റിംഗിലാണ് പേപ്പർ ലോട്ടറികൾക്ക് രാജ്യത്ത് രണ്ട് വ്യത്യസ്ത നികുതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചത്. 21-6-2019-നാണ് ഡൽഹിയിൽ വച്ച് നടന്ന 35-ാമത് ജി.എസ്.റ്റി കൗൺസിൽ കൂടിക്കാഴ്ചയിൽ കേരള ധനകാര്യ വകുപ്പുമന്ത്രി GoM മീറ്റിംഗിലെ പരാമർശങ്ങളുമായി ബന്ധപ്പെട്ട് 10-3-2019-ലും 11-6-2019-ലും നൽകിയിട്ടുള്ള കത്തുകൾ ചൂണ്ടിക്കാട്ടി ലോട്ടറി നികുതി ഏകീകരണം എന്ന വിഷയത്തിൽ നിലനിൽക്കുന്ന പ്രതിസന്ധികളെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീം കോടതി ബി. ആർ. എന്റർപ്രൈസസ് vs. State of Uttar Pradesh എന്ന കേസിൽ (7-5-1999) Lotteries (Regulations) Act-ലെ സെക്ഷൻ 5 പ്രകാരം കേരളത്തിൽ അന്യസംസ്ഥാന ലോട്ടറികളുടെ വിപണനം നിരോധിക്കുവാൻ കഴിയുമെങ്കിലും സംസ്ഥാനം ലോട്ടറി നേരിട്ട് വ്യാപാരം നടത്തുന്നില്ല. എങ്കിൽ മാത്രമേ ആ നിയമം വിനിയോഗിക്കാൻ പാടുള്ളൂ എന്ന് വിധി പ്രസ്താവിച്ചിട്ടുള്ളതുമാകുന്നു. ജി.എസ്.റ്റി. നിയമം നടപ്പിലാക്കിയശേഷം കേരള ലോട്ടറി (റെഗുലേഷൻ) ചട്ടം പ്രകാരം ഒരു സംസ്ഥാനം കേരളത്തിൽ ലോട്ടറി വ്യാപാരം നടത്തുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുവാദം തേടണമെന്ന ഭേദഗതി വരുത്തി. ഇതുകൂടാതെ കേരളം സംസ്ഥാന ജി.എസ്.റ്റി. നിയമത്തിൽ പ്രത്യേകമായി 58(19), 58(20)A എന്നീ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

## കേരള ബാങ്ക് ലക്ഷ്യമിടുന്ന നേട്ടങ്ങൾ

12 (*40) ശ്രീ. വി. ജോയി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പ്രത്യേകിച്ച് കാർഷിക മേഖലയിലും ചെറുകിട വ്യാപാര വ്യവസായ മേഖലയിലും കേരള ബാങ്ക് ലക്ഷ്യമിടുന്ന നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ബാങ്കിന്റെ ആദ്യത്തെ പൊതുയോഗം അംഗീകരിച്ച ദർശന രേഖ, ബിസിനസ് ലക്ഷ്യം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ ഗ്രാമ, നഗര പ്രദേശങ്ങളിലെ സാധാരണക്കാർക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കേരള ബാങ്ക് ലക്ഷ്യമിടുന്നുണ്ടോയെന്ന് അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കാർഷിക-വ്യാവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തി പകരും. കാർഷികമേഖലയിൽ 1% പലിശയിൽ ഇളവുവരുത്തി 6% നിരക്കിൽ 5000 കോടി രൂപ ഈ സാമ്പത്തിക വർഷം നബാർഡിന്റെ പുനർവായ്പാ പദ്ധതിയിലൂടെ കേരള ബാങ്ക് വഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു. ചെറുകിട വ്യാപാര വ്യവസായ മേഖലയുടെ ഉന്നമനത്തിനായും മൈക്രോ ഫിനാൻസ് രംഗത്ത് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും കേരള ബാങ്കിന്റെ വരവ് സഹായകമാവും. ചെറുകിട വ്യവസായ വാണിജ്യ മേഖലയ്ക്ക് ലോൺ നൽകുന്നതിനായി വ്യക്തമായ പദ്ധതി ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്.

(ബി) സഹകരണ രംഗത്ത് സമസ്തമേഖലകളിലും ഉയർന്ന കാര്യക്ഷമതയോടുകൂടി എല്ലാ ബാങ്കിംഗ്/ധനകാര്യ സേവനങ്ങളും സമൂഹത്തിനാകെ ഒരു കുടക്കീഴിൽ നൽകാനും അതുവഴി സാമൂഹിക പ്രതിബദ്ധത നിലനിർത്തുന്നതിനും രാജ്യത്തിനകത്തും വിദേശങ്ങളിലും പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമായുള്ള ഒരു ദർശന രേഖ ബാങ്കിന്റെ വിശേഷാൽ പൊതുയോഗം അംഗീകരിച്ചു.

സഹകരണ മേഖലയിൽ വളരെ ശക്തിപൂർവ്വമായതും സാമൂഹിക പ്രതിബദ്ധതയുള്ളതുമായ എന്നാൽ ഇതര സഹകരണ പ്രസ്ഥാനങ്ങളെ ചേർത്തുനിർത്തിക്കൊണ്ട് സമ്പൂർണ്ണ സാമ്പത്തിക/ബാങ്കിംഗ് സേവനങ്ങൾ ആധുനിക സാങ്കേതിക മികവോടെ ന്യായമായ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകാൻ കഴിയുന്ന ഒരു പ്രസ്ഥാനമായി ഉയർത്തിക്കൊണ്ടുവരുന്ന ഒരു ദൗത്യരേഖയും ബാങ്കിന്റെ വിശേഷാൽ പൊതുയോഗം അംഗീകരിച്ചു.

അടുത്ത മൂന്നുവർഷം കൊണ്ട് 3 ലക്ഷം കോടി രൂപയുടെ ബിസിനസ്സ് ലക്ഷ്യത്തിന്റെ കണക്കുകളും ബാങ്കിന്റെ സ്പെഷ്യൽ ജനറൽ ബോഡി യോഗത്തിന് മുമ്പാകെ അവതരിപ്പിച്ചു. ആയത് താഴെ വിവരിക്കുന്നു:

| particulars | Un-audited | Projections | Projections | Projections |
|---|---|---|---|---|
| Year | 29-11-2019 | 2021 | 2022 | 2023 |
| Share Capital | 1,619.00 | 3,800.00 | 4,500.00 | 5,400.00 |
| Total Deposits | 53,469.00 | 90,000.00 | 1,40,000.00 | 1,75,000.00 |
| CASA | 6,495.00 | 20,000.00 | 42,000.00 | 65,000.00 |
| CASA | 12% | 22% | 30% | 35% |
| NRE/NRO | 94.00 | 10,000.00 | 15,000.00 | 20,000.00 |
| Loans | 36,873.00 | 63,000.00 | 98,000.00 | 1,25,000.00 |
| Agri.Loans | 3,800.00 | 7,500.00 | 10,000.00 | 15,000.00 |
| CD Ratio | 69% | 70% | 70% | 71% |
| Total Business | 90,342.00 | 1,53,000.00 | 2,38,000.00 | 3,00,000.00 |

(സി) കേരള ബാങ്കിന്റെ Common Core Banking Solution ഏർപ്പെടുത്തുന്നതിലൂടെ സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ കേരളത്തിലെ എല്ലാ ഗ്രാമനഗര പ്രദേശങ്ങളിലും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കുന്നതാണ്.

1600-ൽപ്പരം വരുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് 4000-ത്തിൽ അധികംവരുന്ന Banking touch points ആണുള്ളത്. ഈ ബാങ്കിംഗ് ശൃംഖലയും കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി ഭാവിയിൽ ഉപയോഗപ്പെടുത്താൻ കഴിയും.

**മെഡിസെപ് പദ്ധതി**

13 (*41) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മെഡിസെപ്പ് പദ്ധതി അടുത്തവർഷം പുനരാരംഭിക്കുന്നതിനായി റീ-ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയിൽ റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി വീഴ്ച വരുത്തിയത് മൂലം അവരെ ടെൻഡറിൽ നിന്ന് മാറ്റി നിർത്തുമോ; വ്യക്തമാക്കുമോ;

(സി) മെഡിസെപ്പ് പദ്ധതി എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) മെഡിസെപ് പദ്ധതിയിൽ കൂടുതൽ ചികിത്സകളും കൂടുതൽ ആശുപത്രികളെയും ഉൾക്കൊള്ളിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ(പി)നമ്പർ 87/2019/ധന സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ റീ-ടെണ്ടറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുടെ റീ-ടെണ്ടർ നടപടികളുടെ ഭാഗമായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിയമത്തിന്റേയും ചട്ടങ്ങളുടേയും IRDAI റെഗുലേഷൻസിന്റേയും അടിസ്ഥാനത്തിലാകും റീ-ടെണ്ടറിംഗ് നടപടികൾ സ്വീകരിക്കുക.

(സി) റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി വെളിപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഡി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ പട്ടികയും നിരക്കുകളും നിശ്ചയിക്കുന്നത് സർക്കാർ രൂപീകരിച്ച കമ്മീഷന്റെ ശിപാർശകളെ അടിസ്ഥാനമാക്കിയാണ് മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട ചികിത്സാ വ്യവസ്ഥകളും നിരക്കുകളും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. നിർദ്ദിഷ്ട പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിശ്ചിത ചികിത്സാ പ്രക്രിയകൾക്കാണ് (ഡേ കെയർ ഉൾപ്പെടെ) പദ്ധതിയിൻ പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നത്. എന്നാൽ ട്രീറ്റ്മെന്റുകൾക്ക് നിശ്ചയിച്ചിട്ടുള്ള താഴ്ന്ന നിരക്കുകൾ പദ്ധതിയിൽ നിന്നും ആശുപത്രികൾ വിട്ടുനിൽക്കുന്നതിനിടയാക്കി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പദ്ധതിയുടെ ചികിത്സാ നിരക്ക് പരിഷ്കരിക്കുന്നത് സംബന്ധിച്ച് 28-12-2019-ലെ സ.ഉ.(സാ) നമ്പർ 10206/2019/ധന ഉത്തരവ് പ്രകാരം ആരോഗ്യ രംഗത്തെ വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നടപടി**

14 (*42) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നടപടികൾമൂലം പ്രതിസന്ധിയിലായ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ സാഹചര്യത്തിൽ കേരളത്തിലേയ്ക്ക് കടന്നുവരുന്ന അന്തർസംസ്ഥാന ചരക്കുവാഹനങ്ങളിലെ ഇ-വേ ബിൽ പരിശോധന കാര്യക്ഷമമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി വാഹന പരിശോധന സ്ക്വാഡ് രൂപീകരിച്ച് പരിശീലനം നൽകിയിട്ടുണ്ടോ; അറിയിക്കുമോ;

(ഇ) അതിർത്തികളിലെ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനം പൂർണസമയവും ഉറപ്പാക്കി ഐ.ജി.എസ്.ടി. വരുമാനത്തിൽ കാര്യമായ വർദ്ധനവ് വരുത്താൻ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതുവിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്രസർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

I. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ,

വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

II. ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഈ-വേ ബിൽ ഡാറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

III. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്ക് വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബില്ലുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

IV. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

V. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

8. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

(സി) ഉണ്ട്. പുറത്തുനിന്ന് കൊണ്ടുവരുന്ന ചരക്കുകളുടെ ഇ-വേ ബിൽ പരിശോധിക്കുന്നതിനായി സംസ്ഥാനത്തുടനീളം 24 മണിക്കൂറും പ്രവർത്തനസജ്ജമായ സ്ക്വാഡുകൾ വിന്യസിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്കുവാഹനങ്ങൾക്ക് ഇ-വേ ബില്ലുണ്ടോ എന്ന് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുന്നു. ഓട്ടോമാറ്റിക് നമ്പർപ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വാണിജ്യനികുതി ചെക്ക്പോസ്റ്റുകൾ ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയതിനോടനുബന്ധിച്ച് നിർത്തലാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കു വാഹനങ്ങൾ പരിശോധനാ വിധേയമാക്കേണ്ടത് അനിവാര്യമാണ്. ഇതിലേയ്ക്കായി 75 മൊബൈൽ സ്ക്വാഡുകളും 20 സർവ്വയലൻസ് സ്ക്വാഡുകളും രൂപീകരിച്ച് പരിശോധന ഊർജ്ജിതമാക്കി നികുതി ചോർച്ച തടയുന്നതിന് അനിവാര്യമായ നടപടികൾ സ്വീകരിച്ചു. ചരക്കുസേവന നികുതി ഒരു പുതിയ നികുതി സമ്പ്രദായമായതിനാൽ എല്ലാ ഉദ്യോഗസ്ഥർക്കും വകുപ്പുതല പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം കൂട്ടുകയും അന്തർസംസ്ഥാന ചരക്കു നീക്കം പരിശോധിക്കുന്നതിനായി പ്രധാന അതിർത്തി പ്രദേശങ്ങളിൽ വിന്യസിച്ചിട്ടുമുണ്ട്. വാഹനപരിശോധന നടത്തുന്നതിനായി കമ്മീഷണറുടെ 17/2018 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ അതത് മേഖലകളിലെ ഇന്റലിജൻസ് വിഭാഗം അസിസ്റ്റന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ മേൽനോട്ടം വഹിക്കുന്നു.

## ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

15 (*43) <u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വരുമാനത്തിൽ കുറവുണ്ടായ സാഹചര്യത്തിൽ ജി.എസ്.ടി. യിൽ ഉള്ള തട്ടിപ്പുകൾ അവസാനിപ്പിക്കാൻ ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രജിസ്ട്രേഷൻ ബാധ്യതയുള്ളവരിൽ നിരവധി വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലെന്നും രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരിൽ ഗണ്യമായ ഒരു ഭാഗം നികുതി റിട്ടേൺ സമർപ്പിച്ചിട്ടില്ലെന്നുമുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ശക്തമായ പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള കാലപരിധി വീണ്ടും വീണ്ടും കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചുനൽകുന്നത് പരിശോധനയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(ഡി) അന്തർ സംസ്ഥാന ചരക്ക് നീക്കത്തിനും ആഭ്യന്തര ചരക്ക് നീക്കത്തിനും ഇ-വേ ബിൽ പരിശോധന ശക്തമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇവ റിട്ടേണുകളുമായി താരതമ്യം ചെയ്ത് പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയതിനോടനുബന്ധിച്ച് നിർത്തലാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ചരക്കുവാഹനങ്ങൾ പരിശോധനാ വിധേയമാക്കേണ്ടത് അനിവാര്യമായതിനാൽ നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം കൂട്ടുകയും പരിശോധന ഊർജ്ജിതമാക്കി നികുതി ചോർച്ച തടയുന്നതിന് അനിവാര്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക്പോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ആയത് വിജയകരമായതിനാൽ സംസ്ഥാന അതിർത്തികളിലുള്ള പ്രധാനപ്പെട്ട 23 മേഖലകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

നിയമാനുസൃതമായ ഇ-വേ ബിൽ ഇല്ലാതെയുള്ള ചരക്കുനീക്കം കർശനമായി പരിശോധിച്ചുവരുന്നു. കൂടാതെ 2 മാസത്തിൽ കൂടുതൽ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കുന്നത് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ GSTN സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകൾ യഥാസമയം സ്ക്രൂട്ടിനിക്ക് വിധേയമാക്കുന്നു. GSTR-1, GSTR-3B റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ബിൽ ഡാറ്റാ, GSTR 2A റിട്ടേൺ, ഡാറ്റാ, TDS/TCS ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ

IIITM-K എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

വിവിധ മേഖലകളിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചരക്കുസേവന നികുതി നിയമം നടപ്പിലായതിനുശേഷം മറ്റു പല സംസ്ഥാനങ്ങളിലും നികുതിദായകരുടെ എണ്ണം ഇരട്ടിയായി വർദ്ധിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിലൊരു വർദ്ധനവ് കേരളത്തിൽ പ്രകടമായില്ല. ആയതിനാൽ ഫുഡ് സേഫ്റ്റി, കെ.എസ്.ഇ.ബി., ഗ്യാസ് ഏജൻസികൾ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക് കമ്പ്യൂട്ടർ സംവിധാനം വഴി ആട്ടോമാറ്റിക്കായി 3 എ നോട്ടീസ് നൽകുന്നു. തുടർന്ന് റിട്ടേൺ സമർപ്പിക്കാത്ത പക്ഷം ASMT 13 നികുതി നിർണ്ണയ ഉത്തരവുകൾ നൽകിവരുന്നു. കൂടാതെ 2 മാസത്തിൽ കൂടുതൽ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കുന്നത് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ GSTN സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വാർഷിക റിട്ടേൺ പരിശോധനയിലൂടെ മാത്രമേ അർഹതയില്ലാതെ എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൂടാതെ ഇ-വേ ബിൽ, ഡാറ്റാ, GSTR 2A റിട്ടേൺ ഡാറ്റാ, TDS/TCS ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് വാർഷിക റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.

(ഡി) സംസ്ഥാനത്ത് ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചു. കൂടാതെ അന്തർ സംസ്ഥാന ചരക്കുനീക്കം പരിശോധിക്കുന്നതിനായി പ്രധാന അതിർത്തി പ്രദേശങ്ങളിൽ സർവ്വയലൻസ് സ്ക്വാഡുകളെ വിന്യസിച്ചു. കൂടാതെ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്നുവരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്ക്പോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ആയത് വിജയകരമായതിനാൽ സംസ്ഥാന അതിർത്തികളിലുള്ള പ്രധാനപ്പെട്ട 23 മേഖലകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

നിയമാനുസൃതമായ ഇ-വേ ബിൽ ഇല്ലാതെയുള്ള ചരക്കുനീക്കം കർശനമായി പരിശോധിച്ചുവരുന്നു. കൂടാതെ 2 മാസത്തിൽ കൂടുതൽ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾ ഇ-വേ ബിൽ എടുക്കുന്നത് തടയുന്നതിനാവശ്യമായ മാറ്റങ്ങൾ GSTN സോഫ്റ്റ്‌വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇ-വേ ബിൽ വഴി ലഭ്യമായ വിവരങ്ങൾ റിട്ടേണുകളുമായി താരതമ്യപ്പെടുത്തി പരിശോധന നടത്തിവരുന്നു.

## ആഗോള നിക്ഷേപകസംഗമം 2020

16 (*44) ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ കൊച്ചിയിൽ ആഗോള നിക്ഷേപകസംഗമം സംഘടിപ്പിച്ചതിലൂടെ സംസ്ഥാനത്ത് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായിട്ടുണ്ടോ;

(ബി) പ്രസ്തുത നിക്ഷേപക സംഗമത്തിലൂടെ എത്ര കോടി രൂപയുടെ വ്യവസായ നിക്ഷേപം സംബന്ധിച്ച ഉറപ്പുകളാണ് ലഭിച്ചത്; വിശദാംശം നൽകുമോ;

(സി) മുഖ്യമന്ത്രിയുടെ ഗൾഫ് യാത്രയിൽ നിക്ഷേപം സംബന്ധിച്ച് ഉറപ്പ് നൽകുകയോ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയോ ചെയ്ത എത്ര നിക്ഷേപകർ പ്രസ്തുത നിക്ഷേപക സംഗമത്തിൽ പങ്കെടുക്കുകയും പുതിയ ഉറപ്പുകൾ നൽകുകയും ചെയ്തു എന്നറിയിക്കുമോ;

(ഡി) ഈ സംഗമത്തിൽ ലഭിച്ച ഉറപ്പുകൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്;

(ഇ) നിക്ഷേപക സംഗമത്തിലെ ഉറപ്പുകൾ പ്രാവർത്തികമാകുന്ന പക്ഷം എത്ര പുതിയ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് ഉണ്ടാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്.

പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തികാണിക്കാൻ സാധിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം.ഇ., ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവ്വേദം തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന 100-ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി.

അസെൻഡ് 2020-ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രോജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവസംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി. കൊച്ചിയിൽ നടന്ന ASCEND 2020 നിക്ഷേപക സംഗമത്തിലൂടെ വലിയ തോതിൽ മുതൽ മുടക്കുള്ള 18 മെഗാ പദ്ധതിയുൾപ്പെടെ 100-ഓളം വ്യവസായ പദ്ധതികളാണ് നിക്ഷേപകർക്കിടയിൽ അവതരിപ്പിച്ചത്. അതുവഴി ഏകദേശം 1 ലക്ഷം കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താൽപ്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(സി) കേരളത്തിന്റെ വികസനത്തിനായി പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിന് ദുബായിയിൽ പ്രവാസി വ്യവസായികളുടെ നിക്ഷേപ സംഗമം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ഗൾഫ് മേഖലയിലെ നിക്ഷേപകസമൂഹത്തിന് നിക്ഷേപ സൗഹൃദമായ കേരളത്തെ അടുത്തറിയാനും നിക്ഷേപ സാധ്യതകൾ വ്യക്തമാക്കാനുമാണ് എൻ.ആർ.ഐ. എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചത്. കേരളത്തിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ്

ദുബായിയിലെ വ്യവസായ സമൂഹം നൽകിയത്. ഡി.പി. വേൾഡ് 3500 കോടി, ആർ.പി. ഗ്രൂപ്പ് 1000 കോടി, ലുലു ഗ്രൂപ്പ് 1500 കോടി, ആസ്റ്റർ 500 കോടി, മറ്റു ചെറുകിട സംരംഭകർ ചേർന്ന് 3500 കോടി എന്നിങ്ങനെയാണ് നിക്ഷേപ വാഗ്ദാനം. ഇതിൽ ഡി.പി. വേൾഡ് ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്ക്സ് വിഭാഗത്തിലും ആർ.പി. ഗ്രൂപ്പ് ടൂറിസം മേഖലയിലും ലുലു റീട്ടെയിൽ മേഖലയിലും ആസ്റ്റർ ആരോഗ്യ മേഖലയിലുമാണ് നിക്ഷേപം നടത്തുക എന്ന് അറിയിച്ചിട്ടുള്ളത്.

(ഡി) അസെൻഡ് 2020 സംഗമത്തിലൂടെ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിലേയ്ക്കായി വ്യവസായ വകുപ്പിന്റെ കീഴിൽ നോഡൽ ഓഫീസർമാരെ നിയമിച്ചുവരികയാണ്. പ്രസ്തുത പ്രോജക്ടുകൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല.

(ഇ) അസെൻഡ് 2020-ൽ ലഭിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ എടുത്തുവരികയാണ്. ആയതിനാൽ ഇത് മുഖേനയുള്ള യഥാർത്ഥ തൊഴിലവസരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിവരികയാണ്. എന്നിരുന്നാലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയാൽ ഏകദേശം 20,000 തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച**

17 (*45) <u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികനീതി നിലനിർത്തിക്കൊണ്ട് വൻതോതിൽ വ്യവസായ വളർച്ച കൈവരിക്കുന്നതിന് കൊച്ചിയിൽ സംഘടിപ്പിച്ച നിക്ഷേപക സംഗമം എത്രത്തോളം പ്രയോജനപ്രദമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) രാജ്യത്തെ അഞ്ച് മികച്ച നിക്ഷേപക സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റിത്തീർക്കുകയെന്ന ലക്ഷ്യം നേടുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡിയും ഭൂപരിഷ്കരണ ചട്ടങ്ങളിൽ ഇളവും പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) വ്യവസായ വികസനത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ):

(എ) ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തിക്കാണിക്കാൻ സാധിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം.ഇ., ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവേദം തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന 100-ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത മേഖലകളിൽപ്പെടുന്ന പ്രോജക്ടുകളിൽ താൽപ്പര്യമുള്ള നിക്ഷേപകർക്ക് ഏതവസരത്തിലും നിക്ഷേപിക്കാവുന്നതാണ്.

അസെൻഡ് 2020-ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രോജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവസംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ നിക്ഷേപ അനുകൂല സാഹചര്യങ്ങളെ ഉയർത്തിക്കാട്ടുവാൻ അസെൻഡ് സംഗമം മുഖേന സാധിച്ചിട്ടുണ്ട്.

പ്രസ്തുത സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താൽപ്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റുമെന്റ് അതോറിറ്റി നിക്ഷേപ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

(ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് " പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ

ഓൺലൈനായി ലഭ്യമാക്കുന്നതിന് കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിപ്പിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടുന്നതിന്റെ ഭാഗമായി അസെൻഡ് 2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെപ്പറയുന്നവയാണ്.

- 2025-വരെ നിയമാനുസൃതമായ കാര്യങ്ങൾ പരിപാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്നതായിരിക്കും. പ്രസ്തുത സബ്സിഡി 25,000 രൂപ വരെ വരുമാനമുള്ള ജോലിക്കാരെ നിയമിക്കുമ്പോഴാണ് നൽകുക. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകുന്നതായിരിക്കും.
- വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നതിനായി നടപടി സ്വീകരിക്കും.
- റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി കേരള ബിൽഡിംഗ് റൂൾസ് ഭേദഗതി ചെയ്തുകൊണ്ട് ലഘൂകരിക്കുന്നതായിരിക്കും.
- കേരള ഫാക്ടറി റൂൾസ് ഭേദഗതി ചെയ്ത് സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

- 66,000 കോടി രൂപയിലേറെ മുതൽമുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതിയായ Silverline-ന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.
- വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടിവരുന്ന വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനാവശ്യമായിവരുന്ന തുക സർക്കാർ 5 വർഷം കൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്നതാണ്.

(സി) കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപ്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽക്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപക സംഗമങ്ങൾ, ജില്ലാടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രാരംഭസഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്കാവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, സാങ്കേതിക പരിശീലനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനം ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. കാർഷിക-ഭക്ഷ്യസംസ്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ആ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനുമായി സംസ്ഥാനതലത്തിൽ കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ സംരംഭങ്ങൾക്ക് പുതിയ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യ നൽകുന്ന സ്ഥാപനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതും ലക്ഷ്യമാക്കി മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും സംസ്ഥാനത്തിലെ തനതായ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യമിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന സേവനങ്ങളെ അടിസ്ഥാനമാക്കിയുള്ള റാങ്കിംഗ് നടത്തി മികച്ച സ്ഥാപനത്തിന് അവാർഡ് നൽകുന്നതിനുള്ള പദ്ധതിയും സംരംഭവികസന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. അതിനുപുറമെ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലുമുള്ള ഏറ്റവും നല്ല സംരംഭകരെ എല്ലാ വർഷവും തെരഞ്ഞെടുത്ത് ആദരിക്കുകയും ചെയ്യുന്നു.

വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് കൈമാറുന്നതിന് സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായിട്ടുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല, ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാകേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്.

**ഉത്തരവാദിത്വ വിനോദസഞ്ചാരം**

18 (*46) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് നാട്ടുകാരുടെ പങ്കാളിത്തത്തോടെയുള്ള ഉത്തരവാദിത്വ വിനോദസഞ്ചാരം ഏതൊക്കെ തരത്തിലാണ് കേരളത്തിൽ നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(ബി) കാർഷിക ഗ്രാമീണ മേഖലകളിലെ കാഴ്ചകൾക്കപ്പുറത്തേക്ക് അനുഭവങ്ങൾ കൂടി തേടുന്ന സഞ്ചാരികൾക്ക് ഏതൊക്കെ തരത്തിലുള്ള വിഭവങ്ങളാണ് നമുക്ക് മുന്നോട്ട് വയ്ക്കുവാൻ കഴിയുന്നതെന്നറിയിക്കാമോ;

(സി) പ്രളയം സൃഷ്ടിച്ച മാന്ദ്യത്തെ മറികടക്കുന്നതിന് നമ്മുടെ വിനോദസഞ്ചാര മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; മേഖലയിൽ പുത്തനുണർവ് ദൃശ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേരളാ ടൂറിസത്തിന്റെ വളർച്ചയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉത്തരവാദിത്വ ടൂറിസം മിഷന്റെ (ആർ.ടി.മിഷൻ) എല്ലാ പ്രവർത്തനങ്ങളും തദ്ദേശവാസികളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. സാമ്പത്തികവും സാമൂഹികവും പാരിസ്ഥിതികവുമായ ഉത്തരവാദിത്വങ്ങളാണ് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ അടിസ്ഥാനം. അതുകൊണ്ടുതന്നെ പ്രാദേശിക സമൂഹത്തിനാവശ്യമായ അവബോധവും പരിശീലനങ്ങളും നൽകുന്നതിനായി 17,000 ആർ.ടി. യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് ടൂറിസം രംഗത്ത് ഇടപെട്ട് പ്രവർത്തിക്കുന്നതിനുള്ള അവസരം ഒരുക്കിനൽകുന്നു. ഇതിലൂടെ ഒരു ലക്ഷം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള സൗകര്യങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പരിസ്ഥിതി സൗഹാർദ്ദപരമായ ടൂറിസം പ്രവർത്തനങ്ങൾക്കാണ് മിഷൻ ഊന്നൽ നൽകുന്നത്. പ്രാദേശികമായ കലാരൂപങ്ങൾ, കരകൗശല വസ്തുക്കൾ, പരമ്പരാഗത കൈത്തൊഴിലുകൾ, എത്തിക്/ലോക്കൽ ഫുഡ്, ഉത്സവങ്ങളും പെരുന്നാളുകളും പോലുള്ള ആഘോഷങ്ങൾ എന്നിങ്ങനെ പ്രാദേശിക സമൂഹവുമായി ബന്ധപ്പെട്ടതും ടൂറിസവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെടുത്താവുന്നതുമായ എല്ലാ സാധ്യതകളെയും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്. പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽ നിന്നും നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് മിഷന്റെ സാമ്പത്തിക ഉത്തരവാദിത്വത്തിന്റെ പ്രാഥമിക ലക്ഷ്യമാണ്. ഒരുകാലത്ത് തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തുപറയത്തക്ക യാതൊരു പങ്കും ഇല്ലാതിരുന്ന ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദിത്വ ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ

പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആൻഡ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'. ടി പദ്ധതിയിലൂടെ ഒരു പ്രദേശത്തിന്റെ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര ടൂറിസം വികസനത്തിനുവേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്ത് 'വിശേഷാൽ ഗ്രാമസഭ' സംഘടിപ്പിക്കുന്നു. ഒരുപക്ഷേ ലോകചരിത്രത്തിൽത്തന്നെ ആദ്യമായിട്ടായിരിക്കും ഒരു പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യതകൾ ചർച്ച ചെയ്യാനായി ഗ്രാമസഭ സംഘടിപ്പിക്കുന്നത്. ഗ്രാമസഭയെത്തുടർന്ന് പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടത്തുന്നു. ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നു. ടൂർ പാക്കേജുകൾ തയ്യാറാക്കുന്നു പ്രദേശവാസികൾക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ആ പ്രദേശത്ത് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കുന്നു അവ നടപ്പാക്കുന്നു എന്നിങ്ങനെ വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവ്വഹണം വരെ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് 'പെപ്പർ'. ഉത്തരവാദിത്വ ടൂറിസം മിഷൻ പാരിസ്ഥിതിക ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. ആർ.ടി. മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി കേരള ട്രാവൽമാർട്ടുമായി ചേർന്ന് ക്ലീൻ കേരള ഇനിഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ടൂറിസം വ്യവസായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക, തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/സൗഹാർദ്ദ പ്രവർത്തനങ്ങൾ എന്നീ കാര്യങ്ങൾ പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരള മിഷൻ, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ.-കൾ എന്നിങ്ങനെ വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻസർട്ടിഫൈഡ് ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. വേമ്പനാട് കായലിനെ സംരക്ഷിക്കുന്നതിനുള്ള ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കായൽ ക്ലീൻ ചെയ്യുകയും 55 ലോഡ് മാലിന്യം നീക്കം ചെയ്യുകയുമുണ്ടായി. കുമരകത്ത് ഉത്തരവാദിത്ത ടൂറിസം മിഷനും ചേംബർ ഓഫ് വേമ്പനാട് ഹോട്ടൽസ് എന്നിവരുമായി ചേർന്ന് എല്ലാ ഹോട്ടലുകളിലും റിസോർട്ടുകളിലും പ്ലാസ്റ്റിക് ബാഗുകൾ ഒഴിവാക്കുവാനും പ്ലാസ്റ്റിക് സ്ട്രോകൾ ഒഴിവാക്കുവാനും പ്ലാസ്റ്റിക് കുപ്പികൾക്കുപകരം ഗ്ലാസ് ബോട്ടിലുകൾ

പ്രചരിപ്പിക്കുവാനും നടത്തിയ ശ്രമങ്ങൾ ഒരു പരിധിവരെ വിജയം കണ്ടുകഴിഞ്ഞു. ഉത്തരവാദിത്ത ടൂറിസം മിഷനും ചേംബർ ഓഫ് വേമ്പനാട് ഹോട്ടൽസ്, ഹൗസ് ബോട്ട് ഉടമാസംഘം, ശിക്കാര മോട്ടോർ ഓപ്പറേറ്റർമാർ, കുമരകം, അയ്മനം, ആർപ്പൂക്കര പഞ്ചായത്തുകൾ എന്നിവരെല്ലാം ചേർന്ന് 2019 ഡിസംബർ 31-ന് കുമരകത്തെ ഇന്ത്യയിലെ ആദ്യത്തെ പ്ലാസ്റ്റിക് വിമുക്ത ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള മുന്നേറ്റം നടത്തി. കുമരകത്തെ എല്ലാ ഹോട്ടലുകളും റിസോർട്ടുകളും ഹോംസ്റ്റേകളും പുരവഞ്ചികളും ഇപ്പോൾ പ്ലാസ്റ്റിക് വിമുക്തമാണ്.

(ബി) കാർഷിക മേഖലയെയും കൃഷിയെയും പ്രോത്സാഹിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ഫാം വിസിറ്റ് പാക്കേജുകൾ നടത്തിവരുന്നു, ഫാം ടൂറിസം പ്രൊമോട്ട് ചെയ്യുന്നു. ഇതിലൂടെ വിനോദ സഞ്ചാരികൾക്ക് കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് ഉൽപ്പാദന സ്ഥലത്തുനിന്നുതന്നെ വാങ്ങുന്നതിന് അവസരം ലഭിക്കുന്നു. കർഷകരുടെ യൂണിറ്റുകളും ക്ലസ്റ്ററുകളും രൂപീകരിച്ച് അവരുടെ ജൈവ ഉൽപ്പന്നങ്ങളെ പ്രാദേശികമായി ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള സഹായങ്ങളും ആർ.ടി. മിഷൻ ചെയ്തുവരുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നവരെ യൂണിറ്റുകളായി രജിസ്റ്റർ ചെയ്തുകൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾ ആർ.ടി. മിഷന്റെ ഓൺലൈൻ വഴി വിൽക്കുന്നതിനുള്ള അവസരവും ഒരുക്കിനൽകുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിവരുന്ന എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകളുടെ ഭാഗമായി താൽപ്പര്യമുള്ള വിനോദസഞ്ചാരികൾക്ക് കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരവും ഒരുക്കുന്നുണ്ട്.

(സി) പ്രളയം സൃഷ്ടിച്ച മാന്ദ്യം മറികടക്കുന്നതിന് വിനോദസഞ്ചാര മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ സമയബന്ധിതമായ ഇടപെടലുകൾ കാരണം ഇതിനോടകംതന്നെ സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ പുത്തനുണർവ്വ് ദൃശ്യമായിട്ടുണ്ട്. ഈ വർഷം കേരളം സന്ദർശിച്ച സഞ്ചാരികളുടെ വർദ്ധനവുതന്നെ ഇതിന് തെളിവാണ്.

2018 ആഗസ്റ്റ് മുതൽ കേരളം സന്ദർശിക്കുന്ന ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ വരവിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ഡിസംബർ മുതലും വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2019 ഏപ്രിൽ മുതലും തുടർച്ചയായുള്ള വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) കേരള ടൂറിസത്തിന്റെ വളർച്ചയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിൽ എത്തുന്നുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്. വകുപ്പ് ഈ വർഷം സംഘടിപ്പിച്ച പ്രചരണ ക്യാമ്പയിനായ 'ഹ്യൂമെൻ ബൈ നേച്ചർ' എന്ന ആശയത്തിലൂന്നിയുള്ള പരസ്യതന്ത്രം സ്വദേശത്തും വിദേശത്തുമുള്ള സഞ്ചാരികളെ വളരെയധികം ആകർഷിക്കുകയുണ്ടായി. മാത്രമല്ല കേരള ബ്ലോഗ് എക്സ്പ്രസ്, ഫെമിലിയറൈസേഷൻ ടൂറുകൾ, ചാമ്പ്യൻസ് ബോട്ട് ലീഗ്, ബി 2 ബി ആന്റ് ഫെയറുകൾ എന്നിവയിലൂടെയും കേരളത്തെ സഞ്ചാരികളുടെ ഏറെ പ്രിയപ്പെട്ട ഡെസ്റ്റിനേഷനാക്കിയിട്ടുണ്ട്.

2019 സെപ്റ്റംബർ വരെയുള്ള സ്ഥിതിവിവരക്കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പ്രകാരം 2019 കലണ്ടർ വർഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 16.48% വർദ്ധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84% വർദ്ധനവും നേടാൻ സാധിച്ചു. ആയതിന് ആനുപാതികമായി വരുമാനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ സാമ്പത്തികനില**

19 (*47) ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതിയിൽ അതിന് പരിഹാരം കാണുന്നതിന് നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ 2019-20-ൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; അത് പ്രതിസന്ധി പരിഹരിക്കുന്നതിന് ഗുണകരമായിട്ടുണ്ടോ;

(സി) സാമ്പത്തികനില പരിതാപകരമായതിനെത്തുടർന്ന് ഏർപ്പെടുത്തുന്ന ട്രഷറി നിയന്ത്രണം വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അധിക വിഭവ സമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആംനസ്റ്റി പദ്ധതി ഫലപ്രദമായിരുന്നോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>):

(എ&ബി) കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിതഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവസമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

- വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

- വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

- റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.
- നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കി.
- ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.
- വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.
- ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(i). 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

(ii). ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ -1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iii). ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബില്ലുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(iv). റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(v). നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

- ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്ക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുവാൻ കഴിഞ്ഞത് സർക്കാർ കൈക്കൊണ്ട മേൽ നടപടികൾ ഫലപ്രദമായിരുന്നതു കൊണ്ടാണ്.

(സി) ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കിവരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

(ഡി) മോട്ടോർ വാഹന വകുപ്പിൽ അധിക വിഭവ സമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായിരുന്നു. 1-4-2019 മുതൽ 31-12-2019 വരെ പ്രാബല്യത്തിലുണ്ടായിരുന്ന പദ്ധതിയിലൂടെ അഞ്ചുവർഷമോ അതിലധികമോ നികുതി കുടിശ്ശികയുള്ള 22,073 ട്രാൻസ്പോർട്ട്-നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിൽ നിന്നും 8,66,40,946 രൂപ (എട്ടുകോടി അറുപത്തിയാറു ലക്ഷത്തി നാൽപ്പതിനായിരത്തി തൊള്ളായിരത്തി നാൽപ്പത്തിയാറ് രൂപ) കുടിശ്ശികയിനത്തിൽ ഈടാക്കിയിട്ടുണ്ട്. കൂടാതെ പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സൂക്ഷിച്ച് ഉപയോഗിച്ചുകൊണ്ടിരുന്നതും കേരളത്തിൽ

മേൽവിലാസം ഉള്ളതുമായ വാഹന ഉടമകൾ ഇത്തരം വാഹനങ്ങളുടെ ടാക്സ് കേരള മോട്ടോർ വാഹന ടാക്സേഷൻ റൂൾ അനുസരിച്ച് അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ധാരാളം കേസുകൾ നിലവിലുണ്ടായിരുന്നു. ഇത്തരം വാഹനങ്ങൾക്ക് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു ആംനസ്റ്റി പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതി പ്രകാരം ഇത്തരം വാഹനങ്ങളിൽ നിന്ന് വളരെയധികം ടാക്സ് ലഭിക്കുകയുണ്ടായി. ഈ രീതിയിൽ 31-12-2019 വരെ ലഭിച്ച ടാക്സ് 37,60,73,575 രൂപയാണ് (മുപ്പത്തിയേഴുകോടി അറുപതു ലക്ഷത്തി എഴുപത്തിമൂവായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ).

രജിസ്ട്രേഷൻ വകുപ്പിൽ ആംനസ്റ്റി പദ്ധതി പ്രകാരം 1986 മുതൽ തീർപ്പാക്കാനുണ്ടായിരുന്ന 11,68,004 അണ്ടർ വാല്യുവേഷൻ കേസുകളിൽ 80 ശതമാനത്തോളം കേസുകൾ തീർപ്പാക്കുവാനായി സാധിച്ചിട്ടുണ്ട്. 31,49,52,972 രൂപ സമാഹരിക്കുവാനും സാധിച്ചിട്ടുണ്ട്. ബാക്കിയുള്ള കേസുകളിന്മേൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ അധികവിഭവ സമാഹരണത്തിനായി നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര ആംനസ്റ്റി പദ്ധതി പ്രകാരം, 31-12-2019-ലെ കണക്കനുസരിച്ച് 48043 അപേക്ഷകൾ ലഭിക്കുകയും പ്രസ്തുത അപേക്ഷകളിൽ 773.81 കോടി രൂപ ഉൾപ്പെട്ടിട്ടുള്ളതുമാകുന്നു. ഇതിൽനിന്നും പലിശ, പെനാൽറ്റി എന്നിവ ഒഴികെ 363.34 കോടി രൂപ ആംനസ്റ്റി പദ്ധതി പ്രകാരം അടയ്ക്കേണ്ട തുകയാണ്. 31-12-2019 വരെ 124.50 കോടി രൂപ അടച്ചു. ബാക്കി 238.84 കോടി രൂപ അടയ്ക്കുവാനുണ്ട്. ഇത് തവണകളായി അടയ്ക്കുന്നതിന് 31-3-2020 വരെ സമയം അനുവദിച്ചിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷൻ മസ്റ്ററിംഗ്

20 (*48) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗ് പൂർത്തിയാക്കിയോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പെൻഷനുകൾ വാങ്ങുന്നവരിൽ എത്ര ശതമാനം പേർ മസ്റ്ററിംഗ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അനർഹരെ ഒഴിവാക്കുകവഴി പ്രതിമാസം എത്ര രൂപ ലാഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം, സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേർ മസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം, സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ 91.5% പേർ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അനർഹരെ ഒഴിവാക്കുക വഴി പ്രതിമാസം 48.25 കോടി രൂപയുടെ ചെലവ് കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏകീകൃത വ്യവസായ ഉൽപ്പാദന ക്ലസ്റ്റർ

21 (*51) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന ഏകീകൃത വ്യവസായ ഉൽപ്പാദന ക്ലസ്റ്ററിന്റെ വികസനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ വ്യവസായ ക്ലസ്റ്ററിന് ഏത്ര ഏക്കർ ഭൂമിയാണ് ആവശ്യമായുള്ളതെന്നും ഇത് എവിടെ നിന്നാണ് എടുക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസി വഴിയാണെന്നും വ്യക്തമാക്കാമോ;

(സി) വ്യവസായ ഇടനാഴി എവിടെനിന്ന് എവിടേക്കാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും ആയതിൽ കൊച്ചി ഉൾപ്പെട്ടിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ-സി) കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ്-1) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പരിസ്ഥിതിക്ക് അനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. 20-11-2019-ലെ സ.ഉ.(സാധാ) നമ്പർ 1152/2019/വ്യവ. ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16-1-2020 തീയതിയിലെ സ.ഉ.(കൈ) നമ്പർ 15/2020/വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ പദ്ധതികൾ**

22 (*52) <u>ശ്രീ. ആന്റണി ജോൺ:</u>
<u>ശ്രീ. ബി. സത്യൻ:</u>
<u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളെ മറികടന്നുകൊണ്ട് വിനോദസഞ്ചാര മേഖലയിൽ രാജ്യത്ത് ഒന്നാമതെത്തുന്നതിനുള്ള പുരോഗതി കൈവരിക്കാൻ വിപണനത്തിലും അടിസ്ഥാന സൗകര്യവികസന മേഖലയിലും നടത്തിയ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര വ്യവസായത്തിന്റെ സദ്ഫലങ്ങൾ ഗ്രാമീണ മേഖലയിലേക്കുകൂടി എത്തിക്കുന്നതിന് ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) കേരളീയ ഭക്ഷണത്തെ ബ്രാൻഡാക്കി വിദേശികളുൾപ്പെടെയുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള എത്തിക് കുസീൻ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; ഹോം സ്റ്റേകളെ പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളെ മറികടന്നുകൊണ്ട് സംസ്ഥാന വിനോദസഞ്ചാര മേഖലയെ രാജ്യത്ത് ഒന്നാമതെത്തുന്നതിനുള്ള പുരോഗതി കൈവരിക്കാൻ വിപണനത്തിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും വിനോദസഞ്ചാര വകുപ്പ് പ്രധാനപ്പെട്ട പല പ്രവർത്തനങ്ങളും ആവിഷരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പ്രളയംമൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയായിക്കഴിഞ്ഞു. പ്രളയത്തിന് ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ മുതലായവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ട ചില പദ്ധതികൾ ചുവടെ ചേർക്കുന്നു:

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- " ഗ്രീൻ കാർപ്പറ്റ് സ്കീം "
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- വിവിധ ഗസ്റ്റ്ഹൗസുകളുടെ നവീകരണ പദ്ധതികൾ, അഡീഷണൽ ബ്ലോക്കുകളുടെ നിർമ്മാണം തുടങ്ങിയവ
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് സമുച്ചയങ്ങൾ.

പ്രകൃതി ദുരന്തങ്ങൾ സൃഷ്ടിച്ച ആഘാതങ്ങളെ മറികടന്നുകൊണ്ട് വിനോദ സഞ്ചാര മേഖലയിൽ രാജ്യത്ത് ഒന്നാമതെത്തുന്നതിനുള്ള പുരോഗതി കൈവരിക്കുവാൻ ടൂറിസം വകുപ്പ് നടത്തിയ വിപണന തന്ത്രങ്ങൾ ചുവടെ ചേർക്കുന്നു:

- " IT's Time for Kerala" എന്ന ആശയത്തിൽ ഊന്നിയ പ്രചാരണ പരിപാടികൾ
- ഇന്ത്യയിലെ വിവിധ സിനിമ സ്ക്രീനുകളിൽ നൽകിയ പരസ്യങ്ങൾ
- രാജ്യത്തിനകത്തും പുറത്തുമുള്ള പത്രങ്ങളിലും മാസികകളിലും നടത്തിയ പരസ്യപ്രചാരണം
- " Human By Nature" എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ
- FAM ടൂറുകൾ സംഘടിപ്പിക്കൽ
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും
- കൂടുതൽ ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിലുള്ള പങ്കാളിത്തം
- കൂടുതൽ ദേശീയ അന്തർദ്ദേശീയ സിറ്റികളിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടെലിവിഷൻ, റേഡിയോ എന്നിവയിലുള്ള പരസ്യങ്ങൾ
- ചാമ്പ്യൻസ് ബോട്ട് ലീഗ്
- കേരളം ബ്ലോഗ് എക്സ്പ്രസ്സ്
- OOH ക്യാമ്പയിനുകൾ
- വിദേശ വിപണികളിൽ ബസ്/ക്യാബ്/ട്രാം ബ്രാൻഡിംഗ്
- ലണ്ടൻ ട്യൂബ് ബ്രാൻഡിംഗ്

(ബി) ടൂറിസം മേഖലയിൽ സാധാരണക്കാരായ തദ്ദേശീയരായ ജനസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. 2017-ൽ നിലവിൽ വന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ (ആർ.ടി.മിഷൻ) നേതൃത്വത്തിലാണ് നിലവിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശീയ സമൂഹത്തിന്റെയും സഹായത്തോടെ അതാത് പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ചുള്ള ടൂറിസം വികസന പ്രവൃത്തികളും പദ്ധതികളും ആർ.ടി. മിഷൻ നടപ്പിലാക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പെപ്പർ പദ്ധതി, മോഡൽ ആർ.ടി. വില്ലേജ് പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ ഇപ്രകാരം നടന്നുവരുന്നു.

അതോടൊപ്പം വിവിധ ജില്ലകളിൽ അതാത് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരവും സാമൂഹികവും സാംസ്കാരികവുമായ സവിശേഷതകളും വിനോദസഞ്ചാരികൾക്ക് ആസ്വദിക്കുന്നതിനായി വില്ലേജ് ലൈഫ് എക്സ്പീരിയൻഷ്യൽ ടൂർപാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, സ്റ്റോറിടെല്ലിംഗ് പാക്കേജുകൾ, സൈക്കിൾ ടൂറുകൾ, ഗ്രാമയാത്രകൾ, ഉത്സവകാല ടൂർപാക്കേജുകൾ എന്നിങ്ങനെ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ ആർ.ടി.മിഷൻ നടത്തിവരുന്നു.

(സി) കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനുമായി ആർ.ടി. മിഷൻ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതിയാണിത്. കേരളത്തിലെ 14 ജില്ലകളിൽ നിന്നായി 2008 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. എത്തിക്ക് കുസീൻ നെറ്റ്‌വർക്കിൽ ഉൾപ്പെടുന്ന യൂണിറ്റുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമായും എടുത്തിരിക്കണം. ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് ടോയിലറ്റ് സൗകര്യം, പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കി ശുദ്ധമായ കുടിവെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പുവരുത്തണം. പദ്ധതിയുടെ ഭാഗമായുള്ള ആദ്യഘട്ട പരിശീലനം ജില്ലകളിൽ പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റ ഫീഡിംഗ് നടന്നുവരുന്നു. യൂണിറ്റുകൾക്ക് ഇതിനാവശ്യമായ സോഫ്റ്റ്‌വെയർ ട്രെയിനിംഗ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഭക്ഷണ വൈവിധ്യം ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുവാനായി കേരളീയ ഭക്ഷ്യവിഭവങ്ങൾ ഔദ്യോഗിക വെബ്സൈറ്റിലും മറ്റ് സമൂഹമാധ്യമ അക്കൗണ്ടുകളിലും ഉൾപ്പെടുത്തിവരുന്നു. മാത്രമല്ല കേരളീയ ഭക്ഷണവും ജീവിതാന്തരീക്ഷവും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്നതിനായി തന്നെയാണ് ഹോംസ്റ്റേ മുതലായവയ്ക്ക് വകുപ്പ് മുന്തിയ പരിഗണന നൽകുന്നത്. ഹോംസ്റ്റേകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇവയ്ക്ക് ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നിങ്ങനെ തരംതിരിച്ച് അംഗീകാരം നൽകിവരുന്നുമുണ്ട്. കൂടാതെ, വീട്ടമ്മമാരായ ചെറുകിട സംരംഭകർക്ക് തങ്ങളുടെ ഭക്ഷ്യവിഭവങ്ങൾ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുവാനുള്ള പദ്ധതി കൂടിയാണ് എത്തിക് കുസീൻ പദ്ധതി.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

23 (*53) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കമ്പനികളുമായാണ് കെ.എസ്.ഇ.ബി. കരാർ ഒപ്പുവെച്ചത്;

(ബി) പുരപ്പുറത്ത് സോളാർ പാനൽ സ്ഥാപിക്കുന്നവരെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എന്നുമുതൽ പ്രസ്തുത പദ്ധതി നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിയുമായാണ് ഇതുവരെ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പാക്കാൻ കരാർ ഒപ്പിട്ടത്.

(ബി) ആദ്യഘട്ടമായി 42,489 ഉപഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. മേൽക്കൂരയുടെ വിസ്തൃതിയും സ്വഭാവവും തടസ്സമില്ലാതെ സൂര്യപ്രകാശം ലഭിക്കാനുള്ള സാദ്ധ്യത, ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേയ്ക്ക് കടത്തിവിടാനുള്ള സൗകര്യം തുടങ്ങിയവയാണ് അനുയോജ്യമായ പുരപ്പുറങ്ങൾ തെരഞ്ഞെടുക്കാൻ സ്വീകരിച്ച പ്രധാന മാനദണ്ഡങ്ങൾ.

(സി) 2020 ജൂൺ മാസത്തോടെ പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

24 (*54) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്രനയത്തിന്റെ ഭാഗമായി മഹാരത്ന കമ്പനികളിലൊന്നായ കൊച്ചിൻ റിഫൈനറി തുച്ഛവിലയ്ക്ക് കൈമാറാൻ കേന്ദ്ര സർക്കാർ എടുത്തിട്ടുള്ള തീരുമാനം സംസ്ഥാന താല്പര്യത്തെ എങ്ങനെയെല്ലാം ബാധിക്കാനിടയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ നീക്കത്തിൽനിന്നും പിന്മാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഈ വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് അറിയിക്കാമോ;

(സി) കേന്ദ്ര നയത്തിന് ബദലായി സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) 2019-20-ൽ 1.05 ലക്ഷം കോടി രൂപ ഓഹരി വിറ്റഴിക്കലിലൂടെ ലക്ഷ്യമിടുന്ന എന്ന കേന്ദ്രസർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർച്ചയായാണ് മഹാരത്ന പദവിയിലുള്ളതും ഏകദേശം 5000 കോടി രൂപയിലധികം വാർഷിക ലാഭമുള്ളതുമായ രാജ്യത്തെ വലിയ പെട്രോളിയം കമ്പനികളിലൊന്നായ ബി.പി.സി.എൽ.-നെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കം ആരംഭിച്ചിട്ടുള്ളത്. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ സുപ്രധാനമായ സംഭാവന നൽകിവരുന്ന ബി.പി.സി.എൽ. സ്വകാര്യവൽക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാകുക.

കൊച്ചിൻ റിഫൈനറിയുടെ ഉൽപ്പന്നത്തെ ആശ്രയിച്ച് കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.-ന്റെ സ്വകാര്യവൽക്കരണം പ്രതികൂലമായി ബാധിക്കും. സംസ്ഥാനത്തിന്റെ വികസനത്തേയും വ്യവസായവൽക്കരണത്തേയും പ്രതികൂലമായി ബാധിക്കുന്ന ബി.പി.സി.എൽ. സ്വകാര്യവൽക്കരണം ഉപേക്ഷിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുള്ളതാണ്.

കൊച്ചി റിഫൈനറിയുടെ സ്വകാര്യവൽക്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താൽപ്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താൽപ്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

(സി) കേരള സർക്കാരും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിലെ

ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചപ്പോൾ സ്ഥാപനത്തെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനായി ഭെല്ലിന്റെ കൈവശമുള്ള 51% ഓഹരികൾ സംസ്ഥാനം വാങ്ങുന്നതിനായി സ.ഉ.(കൈ) നമ്പർ 78/19/വ്യവ. തീയതി 7-9-2019 പുറപ്പെടുവിക്കുകയും കരാർ ഒപ്പിടുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ ഉത്തരവാകുകയും കേന്ദ്ര ഘനവ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര/കേരള സർക്കാരുകളുടെ നിർദ്ദേശങ്ങളുംകൂടി പരിഗണിച്ച് കരട് ധാരണാപത്രം ഒപ്പിട്ട് കേന്ദ്ര സർക്കാരിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കമ്പനി സ്ഥാപിക്കുന്നതിനായി കേരള സർക്കാർ സൗജന്യമായി നൽകിയ 123.12 ഏക്കർ സ്ഥലത്തിന്റെ വിലകൂടി വേണമെന്ന കേന്ദ്രസർക്കാരിന്റെ നിലവിലെ ആവശ്യം ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുവാൻ സെക്രട്ടറിതല ചർച്ചകൾ പുരോഗമിച്ചുവരുന്നു.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ.)-നെ സ്വകാര്യവൽക്കരിക്കുന്ന നടപടികളിൽ നിന്ന് പിന്മാറണമെന്ന് കേരളം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും യാതൊരു പരിഗണനയും ലഭിച്ചില്ല. എച്ച്.എൻ.എൽ.-ന്റെ മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ ലിക്വിഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിലെ NCLT ഉത്തരവ് പ്രകാരം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ മാതൃസ്ഥാപനമായ HPCL ലിക്വിഡേഷനിൽ ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ ഓഹരികൾ 25 കോടി രൂപ നൽകി കേരളം വാങ്ങുന്നതിനായി ഒഫിഷ്യൽ ലിക്വിഡേറ്ററുമായി ചർച്ച നടത്തിയിരുന്നു. അതിനുള്ള അനുവാദം NCLT ന്യൂഡൽഹി ബഞ്ച് അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ HNL-ന്റെ ഫിനാൻഷ്യൽ ക്രഡിറ്റർമാർ (RBL Bank Ltd) കൊച്ചി NCLT മുമ്പാകെ സമർപ്പിച്ച അപേക്ഷ അനുസരിച്ച് Interim Resolution Professional (IRP)-നെ നിയമിക്കുകയും അവർ അനന്തര നടപടിയായി Committee of Creditors (CoC) രൂപീകരിക്കുകയും ചെയ്തു. വ്യാവസായികാവശ്യത്തിനായി സർക്കാർ നൽകിയ ഭൂമിയും പ്ലാന്റേഷനുവേണ്ടി വനം വകുപ്പ് നൽകിയ ഭൂമിയിലുള്ള അവകാശം സർക്കാരിനായതിനാൽ അവ തിരിച്ചെടുക്കുന്നതിനായി കോട്ടയം ജില്ലാ കളക്ടറും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും നൽകിയ നോട്ടീസ് സംബന്ധിച്ച വിവരവും IRP-യെ സർക്കാർ അറിയിച്ചിരുന്നു.

## വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനം

25 (*55) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം രണ്ടു ലക്ഷത്തോളം പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന തരത്തിൽ അമ്പത്തിരണ്ടായിരത്തോളം വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ സാധ്യമായ വിധത്തിൽ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചുവപ്പു നാടയിൽ കുരുക്കി അനാവശ്യ തടസ്സം സൃഷ്ടിക്കുന്നത് ഒഴിവാക്കി വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിനും സംരംഭകത്വ പ്രോത്സാഹനത്തിന് പരിശീലന പരിപാടികൾ വിപുലീകരിക്കുന്നതിനും സാമ്പത്തിക പിന്തുണക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും പരിപാടിയുണ്ടോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി " 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് " പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുവാനും സാധിച്ചിട്ടുണ്ട്.

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്കാവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാനാവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

സമൂഹത്തിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്ക്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും; മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

വ്യവസായ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രാരംഭ സഹായം, നിക്ഷേപ സഹായം, സാങ്കേതിക സഹായം എന്നീ മൂന്ന് ഘട്ടങ്ങളായാണ് സഹായം നൽകുന്നത്. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി കേന്ദ്ര സർക്കാരിന്റെ MSE-CDP പദ്ധതി പ്രകാരം വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസന പദ്ധതി. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്കാവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കൽ, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ, സാങ്കേതിക പരിശീലനങ്ങൾ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനം ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. എക്സിബിഷനുകൾ സംഘടിപ്പിക്കുന്നു. കാർഷിക-ഭക്ഷ്യസംസ്കരണ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും ആ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നതിനുമായി സംസ്ഥാനതലത്തിൽ കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിക്കുന്നു. കൂടാതെ സംരംഭങ്ങൾക്ക് പുതിയ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യ നൽകുന്ന സ്ഥാപനങ്ങളുമായി നേരിട്ട് ആശയവിനിമയം നടത്തുന്നതിനും ലക്ഷ്യമാക്കി മെഷിനറി എക്സ്പോ സംഘടിപ്പിക്കുന്നു. കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും സംസ്ഥാനത്തിലെ തനതായ

ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി വാണിജ്യ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംരംഭകർക്ക് നൽകുന്ന സേവനങ്ങളെ അടിസ്ഥാനമാക്കിയുള്ള റാങ്കിംഗ് നടത്തി മികച്ച സ്ഥാപനത്തിന് അവാർഡ് നൽകുന്നതിനുള്ള പദ്ധതിയും സംരംഭ വികസന മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. അതിനുപുറമെ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലുമുള്ള ഏറ്റവും നല്ല സംരംഭകരെ എല്ലാ വർഷവും തെരഞ്ഞെടുത്ത് ആദരിക്കുകയും ചെയ്യുന്നു.

വ്യവസായ ആവശ്യത്തിനുള്ള ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ലഭ്യമായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് കൈമാറുന്നതിന് സർക്കാർ തുടക്കമിട്ടുകഴിഞ്ഞു. നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായിട്ടുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യവസായ എസ്റ്റേറ്റുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാ കേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോടുകൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിംഗ്/ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യസംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്.

(സി) പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നവർക്കും ഇപ്പോൾ നിലവിലുള്ള സംരംഭകരെ സഹായിക്കുവാനും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിനും വേണ്ടി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ധാരാളം പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്.

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്ക്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തിവരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു.

## വൈദ്യുതസേവനങ്ങളുടെ നിലവാരം ഉയർത്താൻ പദ്ധതി

26 (*56) ശ്രീ. കെ. ദാസൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണവൈദ്യുതീകരണം സാദ്ധ്യമാക്കിയതിനുപുറമേ സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) വൈദ്യുതി വിതരണ പ്രസരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) വൈദ്യുതസേവനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നൂതനപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) വൈദ്യുതിമേഖലയിലുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ രംഗത്തിന് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി രൂപം നൽകിയ പദ്ധതിയാണ് ഊർജ്ജ കേരള മിഷൻ. വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമുള്ള 'ദ്യുതി 2021' പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന ' ട്രാൻസ്ഗ്രിഡ് 2.0' സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 'സൗര', 'ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' വൈദ്യുതി അപകടരഹിത കേരളം ലക്ഷ്യമിടുന്ന 'ഇ-സേഫ് ' എന്നിവയാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ.

1. ദ്യുതി 2021

രണ്ടായിരത്തി ഇരുപത്തിയൊന്നോടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പിലാക്കുന്ന ദ്യുതി 2021 പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുക.
- വൈദ്യുതി സേവനം നൽകുന്നതിനുള്ള നഗര-ഗ്രാമ വിവേചനം ഒഴിവാക്കുക.
- വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക.
- ഏറ്റവും മെച്ചപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.
- പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.

ട്രാൻസ്ഗ്രിഡ് 2.0

സമസ്ത മേഖലകളിലേയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി പ്രസരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് ട്രാൻസ്ഗ്രിഡ് 2.0 പ്രോജക്ട്. ആഭ്യന്തര ഉത്പാദനം വഴിയും പുറമേനിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് കാര്യക്ഷമവും തടസ്സരഹിതവുമായി ആവശ്യമായ വോൾട്ടേജ് നിലവാരത്തിൽത്തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഈ പദ്ധതിയുടെ ഒന്നുംരണ്ടും ഘട്ടങ്ങളിലായി നടപ്പാക്കുന്ന 6375 കോടി രൂപയുടെ പ്രവൃത്തികൾക്കാവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയായ കിഫ്ബിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. 400 കെ.വി. ലൈനുകൾ, 220 കെ.വി. ലൈനുകൾ, 110 കെ.വി. ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം, 400 കെ.വി.യുടേയും 220 കെ.വി.യുടേയും സബ്സ്റ്റേഷനുകളുടെ നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. സൗര

നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും പരമാവധി വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നതിന് ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്ത പദ്ധതിയാണ് സൗര. 2022-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40% എങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽനിന്നും ആകണമെന്നതാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്. 2021-ഓടുകൂടി 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ടും ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകൾ, സോളാർ പാർക്കുകൾ, ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ എന്നിങ്ങനെയുള്ള മറ്റ് സാദ്ധ്യതകളിൽ നിന്ന് 500 മെഗാവാട്ടും വൈദ്യുതിയാണ് ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

4. ഫിലമെന്റ് രഹിത കേരളം

സംസ്ഥാനത്തുടനീളം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫിലമെന്റ് ലാമ്പുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുക എന്ന ബൃഹത്തായ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. കെ.എസ്.ഇ.ബി.എൽ.-ഉം എനർജി മാനേജ്മെന്റ് സെന്ററും (EMC) ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്.

5. <u>ഇ-സേഫ് കേരളം</u>

കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് " ഇ-സേഫ്" . വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും റിന്യൂവബിൾ സാധ്യതകൾ വികസിപ്പിക്കുന്നതിനും അനെർട്ട് മുഖാന്തരവും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർവിന്റ് പവർ പ്ലാന്റിന്റെ ആദ്യ ഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

(ബി) വിതരണശൃംഖല സുരക്ഷിതവും കാര്യക്ഷമവുമാക്കി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി, വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണശൃംഖല ആധുനികവത്ക്കരിക്കാനും ആവിഷ്കരിച്ച ഊർജ്ജ കേരള മിഷന്റെ ഭാഗമായ ദ്യുതി 2021 പദ്ധതിയിൽ; പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി. അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്നു. വിതരണ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള ഊർജ്ജ ഓഡിറ്റിനുവേണ്ടി ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിലുള്ള 11 കെ.വി. ഫീഡറുകളിൽ ബോർഡർ മീറ്ററുകളും, എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളിലും " ഡി.റ്റി.ആർ." മീറ്ററുകളും സ്ഥാപിക്കുന്നുണ്ട്.

കൂടാതെ അന്തർ സംസ്ഥാന വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി തമിഴ്നാട്ടിലെ പുഗലൂരിൽനിന്നും കേരളത്തിലെ തൃശ്ശൂർവരെ നിർമ്മിക്കുന്ന 2000 MW ശേഷിയുള്ള 320 കെ.വി. HVDC പ്രസരണ ലൈനിന്റെയും തൃശ്ശൂരിലെ HVDC സബ്സ്റ്റേഷന്റെയും നിർമ്മാണം കേന്ദ്രസർക്കാർ ഏജൻസിയായ PGCIL നടത്തിവരുന്നു. കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി എത്തിക്കാനുള്ള തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. ഇടനാഴി പൂർത്തിയായിക്കഴിഞ്ഞു.

വിഭാവനം ചെയ്തിരിക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിക്കൊപ്പം താഴെത്തട്ടിലുള്ള മറ്റ് അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി പ്രസരണ നഷ്ടത്തിൽ 107.8 മെഗാവാട്ടിന്റെ കുറവുണ്ടാകുമെന്നും അതുവഴി പ്രതിവർഷം 522 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ലാഭമുണ്ടാകുമെന്നും കണക്കാക്കുന്നു. ഇതുകൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള പ്രസരണ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടേയും ശേഷി ഉയർത്തൽ, വോൾട്ടത വർദ്ധിപ്പിക്കൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവയും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 37 പുതിയ 220/110/66/33 കെ.വി. സബ്സ്റ്റേഷനുകളും 931 കി.മീ. ലൈനുകളും നിർമ്മിച്ച് ചാർജ്ജ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. അതിനുപുറമെ 11 സബ്സ്റ്റേഷനുകൾ വോൾട്ടേജ് നിലവാരം ഉയർത്തിയിട്ടുണ്ട്.

(സി) വൈദ്യുതി സേവനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിൽ പ്രധാനപ്പെട്ടത് ചുവടെ ചേർക്കുന്നു.

- സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവയുടെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ കെ.എസ്.ഇ.ആർ.സി. ചട്ടങ്ങളിൽ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

- പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. എച്ച്.റ്റി.,

ഇ.എച്ച്.റ്റി. കണക്ഷൻ നടപടികൾ ത്വരിതപ്പെടുത്തുവാനായി ഗ്രീൻ ചാനൽ സംവിധാനവും അതിനുവേണ്ടി അപേക്ഷിക്കുവാനായി വെബ്പോർട്ടലും ഏർപ്പെടുത്തുകയും ഇതുസംബന്ധിച്ച സംശയ നിവാരണത്തിനായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

- വൈദ്യുതി തടസ്സവും പുനഃസ്ഥാപനവും സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളെ മൊബൈൽ ഫോണിൽ എസ്.എം.എസ്. മുഖേന അറിയിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി, വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന 'ഊർജ്ജ സൗഹൃദ' പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കുവാൻ വിവിധങ്ങളായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വൈദ്യുതി അപകടനിരക്ക് കുറയ്ക്കുന്നതിനായി വൈദ്യുതിബോർഡ് ക്രിയാത്മകമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും അതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരികയും ചെയ്യുന്നു. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുക, ഭൂഗർഭ കേബിൾ, ആർ.എം.യു. എന്നിവ ഉപയോഗിച്ച് അതുവഴി വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുകയും വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുകയും നിലവിലുള്ള എച്ച്.റ്റി. ഓവർഹെഡ് ലൈനിലെ തകരാർ എളുപ്പം കണ്ടെത്തി പരിഹരിക്കുന്നതിനായുള്ള കമ്മ്യൂണിക്കബിൾ ഫോൾട്ട് പാസ് ഡിറ്റക്ടർ (CFPD) സ്ഥാപിക്കുക, അതുവഴി വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുക, ട്രാൻസ്ഫോർമർ എൽ.റ്റി. ഭാഗത്ത് വൈദ്യുത സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്മാർട്ട് എം.സി.സി.ബി. (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കർ) സ്ഥാപിക്കുന്നതിന് പഠനങ്ങൾ നടക്കുന്നു.

നടത്തിപ്പ് പ്രക്രിയയും പ്രവൃത്തി നിർദ്ദേശങ്ങളും നിയതപ്പെടുത്തി പ്രസിദ്ധീകരിക്കുകയും വൈദ്യുതി പ്രതിഷ്ഠാപനങ്ങളിലെ എല്ലാ പ്രവൃത്തികൾക്കും വ്യക്തമായ പെർമിറ്റ് വർക്ക് സംവിധാനം നടപ്പിലാക്കി ജോലി ചുമതലപ്പെടുത്തുക, പെർമിറ്റ് നൽകുക തുടങ്ങിയവയ്ക്ക് കൃത്യമായ സമയ മുദ്രണം ഉറപ്പുവരുത്തി, മേൽപ്പറഞ്ഞ നടത്തിപ്പ് പ്രക്രിയ ഓൺലൈനായി നിരീക്ഷിക്കുക തുടങ്ങിയ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ PMU, PmsU പദ്ധതി പ്രകാരം അപകട സാധ്യതയുള്ള ലൈനുകൾ സുരക്ഷിതമായി മാറ്റി സ്ഥാപിക്കാനുള്ള നടപടികളും തുടങ്ങി.

## വൈദ്യുതി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

27 (*57) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി വൈദ്യുതി മേഖലയിൽ നടപ്പാക്കിവരുന്ന സ്വകാര്യവൽക്കരണ നടപടികൾ സംസ്ഥാനത്തെ വലിയതോതിൽ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ആവശ്യമായ വൈദ്യുതിയുടെ ഏറിയ പങ്കും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങേണ്ടിവരുന്ന സാഹചര്യത്തിൽ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയുടെ ഏറിയ പങ്കും സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങേണ്ടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വൈദ്യുതി മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളിലൊന്ന് സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിന് ആവശ്യത്തിനുള്ള ഇടനാഴിയുടെ അഭാവമായിരുന്നു. ഇതിന് പരിഹാരമായി നിർദ്ദേശിച്ചിരുന്ന 2000 മെഗാവാട്ട് പ്രസരണശേഷിയുള്ള രണ്ട് സർക്യൂട്ടുകൾ ഉൾപ്പെടുന്ന ഇടമൺ-കൊച്ചി ലൈൻ പൂർത്തിയായതോടെ, ലൈനുകളുടെ ശേഷി വർദ്ധിച്ചതോടൊപ്പം കേരളത്തിന്റെ ഇറക്കുമതി ശേഷിയിൽ ഏകദേശം 500 മെഗാവാട്ടിന്റെ വർദ്ധനവുണ്ടായി. കൂടാതെ പുഗലൂർ-തൃശ്ശൂർ 320 കെ.വി.എച്ച്.വി.ഡി.സി. ലൈൻ പൂർത്തിയാകുന്നതോടെ 2000 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കേരളത്തിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കും. ഈ പദ്ധതി 5/2020 ആകുമ്പോഴേയ്ക്കും പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഇപ്രകാരം പുറമേനിന്നും എത്തിക്കുന്ന വൈദ്യുതി ആവശ്യാനുസരണം കേരളത്തിന്റെ ലോഡ് സെന്ററുകളിൽ എത്തിക്കുന്നതിനുള്ള പ്രസരണ ശൃംഖലയുടെ അപര്യാപ്തതയായിരുന്നു മറ്റൊരു പ്രതിസന്ധി. ഇതിന് പരിഹാരമായി 400 കെ.വി. ലെവലിലും 220 കെ.വി. ലെവലിലും ലൈനുകൾ നിർമ്മിച്ച് കേരളത്തിലെ പ്രധാന ലോഡ് സെന്ററുകളെ ബന്ധിപ്പിച്ച് പവർ ഹൈവേ നിലവിൽ വരുത്തുവാനായി 6375 കോടി ചെലവുവരുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്തിനകത്തുള്ള വൈദ്യുതിയുടെ വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും 220 കെ.വി. ആയി ഉയർത്തുന്നതിനും പുതിയ 400/220 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ കിഫ്ബിയുടെ ധനസഹായത്തോടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി വഴി ലക്ഷ്യമിട്ട് പൂർത്തീകരിച്ചുവരുന്നു.

ഇതിനൊക്കെ പുറമേ പ്രാദേശികമായി അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തിനും വൈദ്യുതി ദൗർലഭ്യത്തിനും പരിഹാരമായി നിരവധി 110 കെ.വി., 33 കെ.വി. സബ്സ്റ്റേഷനുകൾ പുതിയതായി നിർമ്മിക്കുകയും ഒട്ടനേകം 66 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി. ആയി ഉയർത്തുകയും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന തുടർ പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തിയാകുന്നതോടെ പ്രസരണമേഖലയിലെ പ്രതിസന്ധിക്ക് പൂർണ്ണമായും പരിഹാരമാകുന്നതാണ്.

ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 26 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ൽ പൂർത്തീകരിച്ചു (16.88 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 63 മെഗാവാട്ടും സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 97.84 മെഗാവാട്ടും കെ.എസ്.ഇ.ബി.-യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 177 Mwp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ്/പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടത്തിൽ 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി കെ.എസ്.ഇ.ബി.-ക്ക് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്.

കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചുവരുന്നു. കൂടാതെ സ്വകാര്യസംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് -2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) വൈദ്യുത രംഗത്ത് വൻതോതിലുള്ള സ്വകാര്യവത്ക്കരണത്തിന്റെ കടന്നുകയറ്റം സംസ്ഥാനത്തെ വൈദ്യുത മേഖലയെ വലിയ തോതിൽ ബാധിക്കാതിരിക്കാൻ പൊതുമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുതന്നെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ന്യായവിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം.

ഇലക്ട്രിസിറ്റി ആക്ട് 2003-നെ തുടർന്ന് മറ്റ് സംസ്ഥാനങ്ങളിൽ ബഹുഭൂരിപക്ഷവും സംസ്ഥാന വൈദ്യുതി ബോർഡുകൾ പ്രത്യേകം പ്രത്യേകം ഉത്പാദന, പ്രസരണ, വിതരണ കമ്പനികളായി മാറിയപ്പോഴും സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകൾമൂലം കേരളത്തിൽ സംസ്ഥാന വൈദ്യുതി ബോർഡ് വിഭജിക്കാതെ തന്നെ സർക്കാർ ഉടമസ്ഥതയിൽ ഒറ്റ കമ്പനിയായി നിലനിർത്താൻ സാധിച്ചു. മറ്റ് സംസ്ഥാനങ്ങളിൽ വിഭജനത്തിന് ശേഷവും മെച്ചപ്പെട്ട സേവനം ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കാതെ വന്നപ്പോൾ കേരളത്തിൽ ഒറ്റ കമ്പനിയായി നിലനിർത്തിക്കൊണ്ടുതന്നെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചു എന്നത് എടുത്ത് പറയേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ എല്ലാ ഗ്രാമങ്ങളിലും വൈദ്യുതി എത്തിക്കാൻപോലും സാധിക്കാത്ത സാഹചര്യങ്ങളിൽ കേരളത്തിൽ വാസയോഗ്യമായ എല്ലാ ഭവനങ്ങളിലും വൈദ്യുതി എത്തിച്ചു. അപ്പോഴും വിതരണനഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ കെ.എസ്.ഇ.ബി. വിജയകരമായി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.-യുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാനായി. ഇക്കാരണങ്ങളാൽത്തന്നെ ദേശീയതലത്തിൽ വൈദ്യുതി മേഖലയിലെ നിരീക്ഷണ സംവിധാനങ്ങളായ നാഷണൽ പവർ പോർട്ടലിലും കേരളത്തിന് വളരെ മെച്ചപ്പെട്ട സ്ഥാനമാണുള്ളത്. കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്.

അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു.

(സി) ആഭ്യന്തര വൈദ്യുതോൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.

- നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 3 ചെറുകിട ജലവൈദ്യുത പദ്ധതികൾ പണി പൂർത്തിയാക്കി 12.6 MW സ്ഥാപിതശേഷി വർദ്ധനവുണ്ടാക്കി.

(2) 2015 മുതൽ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി (60 MW), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW), ചാത്താൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി (6 MW) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചു.

(3) 39.5 MW സ്ഥാപിതശേഷിയുള്ള 4 പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

(4) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 193.5 MW സ്ഥാപിതശേഷിയുള്ള 10 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു.

(5) ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി (780 MW)-ക്കുവേണ്ടിയുള്ള സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(6) ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (7.5 MW)-യുടെ നിർമ്മാണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽനിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. പദ്ധതിയിൽ ഭാഗമാക്കാൻ താല്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 42,000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്തു സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 MW ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തുടർന്ന് മറ്റൊരു 300 MW പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും 150 MW ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്ന് 200 MW കരാർ ചെയ്യുന്നതിനുള്ള നടപടികളുമായി KSEB മുന്നോട്ടുപോകുന്നു.

എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി കെ.എസ്.ഇ.ബി.-യ്ക്ക് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും, കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി. കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്.

2012-ലെ സംസ്ഥാന ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രകാരം 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിൽ നടപ്പിലാക്കാൻ അനുമതി നൽകി. ഇത്തരം ചെറുകിട ജലവൈദ്യുത പദ്ധതികളെ വികസിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ ഊർജ്ജ ലഭ്യത ഒരുപരിധിവരെ വർദ്ധിപ്പിക്കും.

ഇവകൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യതാ വിവരണ പട്ടിക ക്രോഡീകരിച്ച് റിപ്പോർട്ടാക്കുന്ന പ്രവർത്തനം എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൻപ്രകാരം കരമനയാറ്, വാമനപുരം നദി, ഇത്തിക്കരയാറ്, കല്ലടയാറ് എന്നീ നദികളിൽ നിന്നായി 112 ചെറുകിട/മൈക്രോ/സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അനെർട്ട് വഴി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) സൗര-ഊർജ്ജ കേരള മിഷൻ:

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ

സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജമിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) " ബൈ മൈ സൺ" വെബ് പോർട്ടൽ: ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്ന ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സായ " ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(3) കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ : സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്തുവരുന്നു. ആകെ 1 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(4) പൊതുസ്ഥാപനങ്ങളിൽ സൗര നിലയം :

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

(5) ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(6) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% സബ്സിഡിയായി നൽകുന്നു.

(7) Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി : ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്-ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും, 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

(8) കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട്ട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

**ശബരിമല തീർത്ഥാടനം**

28 (*58) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനം സുഗമമാക്കുന്നതിനും തീർത്ഥാടകരുടെ തിരക്ക് ക്രമീകരിക്കുന്നതിനും എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ശബരിമല ദർശനം സുഗമമാക്കുന്നതിന് എന്തൊക്കെ തരത്തിലുള്ള ഓൺലൈൻ സേവനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്നും ആയതിന് ലഭിച്ച സ്വീകാര്യത എത്രത്തോളമാണെന്നും അറിയിക്കാമോ;

(സി) തിരക്ക് നിയന്ത്രിക്കുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് ഫലപ്രദമാണോ എന്നറിയിക്കാമോ;

(ഡി) ദേവസ്വം സേവനങ്ങളായ അപ്പം, അരവണ, വിഭൂതി, നെയ്യ് തുടങ്ങിയവ ഓൺലൈനായി വെബ് പോർട്ടൽ മുഖേന ബുക്ക് ചെയ്യുന്നതിന് അവസരം ഒരുക്കിയിരുന്നോ എന്ന് വെളിപ്പെടുത്താമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) തീർത്ഥാടനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും സന്നദ്ധ സേവകരുടേയും പൂർണ്ണമായ സേവനവും സഹകരണവും ആദ്യാവസാനം ലഭ്യമാക്കിയിരുന്നു. നിലയ്ക്കലിൽ പോലീസ് വകുപ്പിന്റെ നിർദ്ദേശാനുസരണം തിരക്ക് നിയന്ത്രിക്കാൻ സംവിധാനങ്ങൾ ഒരുക്കുകയും ശബരിമലയിൽ ശബരിപീഠം മുതലുള്ള പെർമനന്റ് ബാരിക്കേഡ്, പാണ്ടിത്താവളത്ത് താൽക്കാലിക ബാരിക്കേഡ്, മറ്റെല്ലാ സ്ഥലങ്ങളിലും ബാരിക്കേഡുകൾ എന്നിവ നിർമ്മിച്ച് തിരക്ക് നിയന്ത്രണവിധേയമാക്കുകയും ചെയ്തു. കൂടാതെ ദർശനം സുഗമമാക്കുന്നതിന് പോലീസ് വകുപ്പ് വെർച്വൽ ക്യൂ സംവിധാനം കൂടുതൽ സൗകര്യങ്ങളോടെ ഏർപ്പെടുത്തിയിരുന്നു.

കേരള വാട്ടർ അതോറിറ്റിയും തിരുവിതാംകൂർ ദേവസ്വം ബോർഡും തീർത്ഥാടന കാലത്ത് കുടിവെള്ള വിതരണത്തിനായി പമ്പ, നിലയ്ക്കൽ, സന്നിധാനം, ഭക്തർ തമ്പടിക്കുന്ന മറ്റെല്ലാ സ്ഥലങ്ങളിലും ആവശ്യമായ സംഭരണ ശേഷിയുള്ള ടാങ്കുകളും ടാപ്പുകളും ക്രമീകരിച്ചിട്ടുണ്ട്. തീർത്ഥാടകർക്കാവശ്യമായ അപ്പം, അരവണ എന്നിവ ലഭ്യമാക്കുന്നത് ഉറപ്പാക്കാനായി.

ശബരിമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിനായി 5 MLD ട്രീറ്റ്മെന്റ് പ്ലാന്റാണ് നിർമ്മിച്ചിട്ടുള്ളത്. പമ്പയിലും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനക്ഷമമാണ്. കൂടാതെ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ വിശുദ്ധി സേനാംഗങ്ങളെയും സർക്കാർ നിയോഗിച്ചിരുന്നു. നിലയ്ക്കലിൽ അധികമായി വാഹന പാർക്കിംഗ് സൗകര്യങ്ങൾ നടപ്പിലാക്കി.

നിലയ്ക്കൽ, പമ്പ, ചന്ദ്രാനന്ദൻ റോഡ് എന്നിവിടങ്ങളിലായി 1000-ൽ അധികം ശൂചിമുറികളും 100 കുളിമുറികളും പ്രവർത്തനസജ്ജമാക്കുകയും പമ്പയിൽ പ്രളയത്തിൽ തകർന്ന ശുചിമുറികളും ടോയ്‌ലെറ്റ് ബ്ലോക്കുകളും പുതുക്കിപ്പണിയുകയും ചെയ്തു.

ശബരിമലയിൽ ദർശനത്തിനെത്തിയ അയ്യപ്പഭക്തർക്കും സേവനദാതാക്കളായ പോലീസ് ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും മാധ്യമ പ്രവർത്തകർക്കും സന്നദ്ധ സേവകർക്കും കുറ്റമറ്റ രീതിയിൽ താമസ സൗകര്യങ്ങളൊരുക്കുകയും ശബരിമലയിലും പമ്പയിലും നിലയ്ക്കലിലും എമർജൻസി മെഡിക്കൽ സെന്ററുകൾ സജ്ജമാക്കുകയും ചെയ്തു.

(ബി) ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവ സമയത്ത് ദർശനം സുഗമമാക്കുന്നതിന് പോലീസ് വകുപ്പ് വെർച്വൽ ക്യൂ സംവിധാനത്തിലൂടെ ദർശനം മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് സൗകര്യം ഒരുക്കിയിരുന്നു. കൂടാതെ വെർച്വൽ ക്യൂ പോർട്ടൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പോർട്ടൽ എന്നിവയിലൂടെ ഭക്തർക്ക് വഴിപാട്/പ്രസാദം ബുക്കിംഗ്, അക്കോമഡേഷൻ ബുക്കിംഗ് എന്നിവയും ഏർപ്പെടുത്തിയിരുന്നു. ഓൺലൈൻ സേവനങ്ങൾക്കെല്ലാം വർദ്ധിച്ച സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്.

(സി) തിരക്ക് നിയന്ത്രിക്കുന്നതിന് വെർച്വൽ ക്യൂ ബുക്കിംഗ് വളരെ ഫലപ്രദമായിരുന്നു.

(ഡി) പോലീസിന്റെ വെർച്വൽ ക്യൂ പോർട്ടൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പോർട്ടൽ എന്നിവയിലൂടെ ഭക്തർക്ക് ദർശനം/വഴിപാട്/പ്രസാദം, അപ്പം, അരവണ, വിഭൂതി, ആടിയ നെയ്യ്, കുങ്കുമം, മഞ്ഞൾ, അക്കോമഡേഷൻ എന്നിവ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം നൽകിയിരുന്നു.

## സംസ്ഥാനത്തിന്റെ സാമ്പത്തികനില

29 (*59) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നില വർഷം കഴിയുന്തോറും കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്നത് വസ്തുതയാണോ എന്നറിയിക്കാമോ;

(ബി) മദ്യവില്പനയിലൂടെയും ഭാഗ്യക്കുറിയിലൂടെയുമുള്ള വരുമാനം മാത്രമാണ് വർഷംതോറും വർദ്ധിക്കുന്നതെന്നും മറ്റ് വരുമാന മാർഗ്ഗങ്ങൾ കുറയുകയാണെന്നതും സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗൾഫ് അടക്കമുള്ള വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന കേരളീയർ സംസ്ഥാനത്തേക്ക് അയയ്ക്കുന്ന തുക വരും വർഷങ്ങളിൽ കുറയുമെന്നതും അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ നിന്നും സമ്പാദിച്ച് മറ്റ് സംസ്ഥാനങ്ങളിലേക്ക് വൻതോതിൽ തുക കൊണ്ടുപോകുന്നുവെന്നതും പരിശോധനാവിധേയമാക്കിയിട്ടുണ്ടോ;

(ഡി) സാമ്പത്തിക വളർച്ച മുരടിച്ചുനിൽക്കുന്ന സാഹചര്യത്തിൽ നികുതി-നികുതിയേതര വരുമാനം കുറഞ്ഞ് സംസ്ഥാനം കടക്കെണിയിൽ അകപ്പെടുന്ന സാഹചര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; ഈ പ്രതിസന്ധി മറികടക്കുന്നതിന് ക്രിയാത്മകമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 2013-14 മുതൽ 2018-19 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ സംസ്ഥാന സർക്കാരിന്റെ ചെലവുകൾ ശരാശരി 16.13 ശതമാനം വീതവും റവന്യൂ വരുമാനം ശരാശരി 13.26 ശതമാനം വീതവുമാണ് വളർന്നത്. വരവും ചെലവും തമ്മിലുള്ള ഈ അന്തരമാണ് നമ്മുടെ ധനസ്ഥിതിയുടെ അസന്തുലിതാവസ്ഥയ്ക്ക് അടിസ്ഥാനം. 2006-2011 കാലത്ത് എന്നതുപോലെ റവന്യൂ വരുമാനം 18-19 ശതമാനം കണ്ട് വളർന്നാലേ ഇതിന് ശാശ്വത പരിഹാരമാകൂ. ജി.എസ്.റ്റി. നമ്മുടെ വരുമാനത്തിൽ ഗണ്യമായ വളർച്ചയുണ്ടാക്കുമെന്ന പ്രതീക്ഷ വിചാരിച്ചത്ര വേഗതയിൽ സാധിതപ്രായമായിട്ടില്ല. ഈ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിലുണ്ടായ രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത

വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്രസർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതുവിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിലുണ്ടാക്കുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർനിർമ്മാണത്തിന് വാർഷിക വായ്പാ പരിധിക്ക് പുറത്ത് വായ്പയെടുക്കുവാനോ വായ്പാപരിധി ഉയർത്തുന്നതിനോ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടില്ല. അതേസമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ട്.

(ബി) സർക്കാരിന്റെ തനത് നികുതി, നികുതിയേതര വരുമാനങ്ങളിൽ പ്രതീക്ഷിക്കുന്ന വർദ്ധനവ് കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. സാമ്പത്തിക മാന്ദ്യം, ഉപഭോഗത്തിലും നിക്ഷേപം അടക്കമുള്ള സാമ്പത്തിക പ്രവർത്തനങ്ങളിലുണ്ടായ കുറവടക്കമുള്ള വിവിധങ്ങളായ കാരണങ്ങൾ മേൽ പ്രശ്നത്തിന് നിദാനമാണ്. സർക്കാർ ഇക്കാര്യങ്ങളൊക്കെ കൃത്യമായ ഇടവേളകളിൽ വിശകലനം ചെയ്ത് ആവശ്യമായ മുൻകരുതലുകൾ എടുക്കാറുണ്ട്. തത്ഫലമായി വികസന ക്ഷേമപ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടുപോകുവാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

(സി) സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തിരുന്ന കേരളീയരുടെ സ്വദേശത്തേയ്ക്കുള്ള മടങ്ങിവരവ് വർദ്ധിച്ചിട്ടുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥിതി തുടരുന്നപക്ഷം അത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഹേതുവാകുമെന്നത് വസ്തുതയാണ്. അതേസമയം അന്യസംസ്ഥാന തൊഴിലാളികൾ സംസ്ഥാനത്ത് തൊഴിലെടുത്ത് വരുമാനം സ്വന്തം നാട്ടിലേയ്ക്ക് അയയ്ക്കുന്നത് സമ്പദ്ഘടനയിലുണ്ടാക്കുന്ന ചലനങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടില്ല.

(ഡി) രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ നയങ്ങൾ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഗുരുതര പ്രത്യാഘാതങ്ങളും കേന്ദ്രം സംസ്ഥാനത്തിനോട് പുലർത്തുന്ന നിസ്സഹകരണ മനോഭാവവും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്ക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽ നിജപ്പെടുത്തിയിട്ടുള്ളതാണ്. അതിനപ്പുറം കടമെടുക്കാൻ സംസ്ഥാനത്തിന് കഴിയില്ല. മാത്രമല്ല ഔട്ട്സ്റ്റാന്റിംഗ് ഡെബ്റ്റിന്റെ വളർച്ചാനിരക്ക് കുറയുകയാണ് ചെയ്യുന്നത്. ആയതിനാൽ സംസ്ഥാനം കടക്കെണിയിലാകുന്ന സാഹചര്യമില്ല.

## സിറ്റി ഗ്യാസ് പദ്ധതി

30 (*60) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പ്രകൃതി വാതകം എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിൽ ഇത് പ്രവർത്തന സജ്ജമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സംസ്ഥാനത്തിന്റെ വിഹിതമെത്രയാണ്; ഈയിനത്തിൽ ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി കേരളത്തിൽ രണ്ട് ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. കേരളത്തിലെ 8 വടക്കൻ ജില്ലകളായ കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, പാലക്കാട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുവാനായി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് PNGRB-യിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ 1250 വീടുകളിൽ ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 10,000 വീടുകളിൽ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ 7 CNG സ്റ്റേഷനുകളും 10 കൊമേഴ്സ്യൽ കണക്ഷനുകളും 4 ഇൻഡസ്ട്രിയൽ കണക്ഷനുകളും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വരും വർഷങ്ങളിൽ കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഇന്ത്യൻ ഓയിൽ

അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു. മറ്റ് വടക്കൻ ജില്ലകളിലും അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സ്ഥലം ഏറ്റെടുത്ത് സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിന്റെ തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നിവിടങ്ങളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുവാൻ AG&P LNG Marketing Pvt.Ltd & Atlantic Gulf & Pacific എന്ന കൺസോർഷ്യത്തെയാണ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത ഏജൻസി, പദ്ധതി സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) PNGRB, സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി Lay, Build, Operate ചെയ്യുന്നതിനായി ഏജൻസികളെ ബിഡ്ഡിംഗിലൂടെയാണ് തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് പ്രസ്തുത ഏജൻസികൾക്കു വേണ്ട സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. സംസ്ഥാനത്തിന് യാതൊരുവിധ സാമ്പത്തിക ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കട ബാധ്യത

1 (361) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തെ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 2019 ഡിസംബർ 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 31-3-2016 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 1,09,730.97 കോടി രൂപയാണ്. ഇത് അടിസ്ഥാനമാക്കിയുള്ള ആളോഹരി കടം 32,129.23 രൂപയുമായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ 31-12-2019 വരെയുള്ള കണക്കുകൾ പ്രകാരം (1-4-2018 മുതൽ 31-12-2019 വരെയുള്ള താത്കാലിക കണക്കുകൾ ഉൾപ്പെടെ) സംസ്ഥാനത്തിന്റെ പൊതുകടം 1,71,072.73 കോടി രൂപയാണ്. ഇത് അടിസ്ഥാനമാക്കിയുള്ള ആളോഹരി കടം 49,651.06 രൂപയുമാണ്.

## പുതിയ കെ.എസ്.എഫ്.ഇ. ശാഖകൾ സ്ഥാപിക്കുന്നത്

2 (362) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി കെ.എസ്.എഫ്.ഇ. ശാഖകൾ സ്ഥാപിക്കുന്നതിന് കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കരുനാഗപ്പള്ളി കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദീകരിക്കുമോ;

(സി) തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വെളുത്ത മണൽ കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പുതിയ കെ.എസ്.എഫ്.ഇ. ശാഖകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പുതിയകാവിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നതിന് ഓഫീസ് കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) തൊടിയൂർ ഗ്രാമപഞ്ചായത്തിലെ വെളുത്ത മണൽ കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കാനുതകുന്ന ബിസിനസ്സ് പ്രായോഗികത വിലയിരുത്തുവാൻ കൊല്ലം മേഖലാ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അനധികൃത നിത്യ നിധി ഡെയ്‌ലി ഡെപ്പോസിറ്റ്

3 (363) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരളാ മണി ലെൻഡേഴ്സ് നിയമപ്രകാരം നിത്യ നിധി ഡെയ്‌ലി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനാവശ്യമായ ലൈസൻസുകൾ ഏതെല്ലാമാണ്; ഇത്തരം ലൈസൻസുകൾ ഇല്ലാതെ ചില സംഘടനകൾ സംസ്ഥാനത്ത് എൻ.എൻ.ഡി. കളക്ഷൻ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ആർക്കാണ് പരാതി സമർപ്പിക്കേണ്ടത്; വെളിപ്പെടുത്താമോ;

(ബി) സർക്കാർ അനുമതി ഇല്ലാതെ എൻ.എൻ.ഡി. കളക്ഷൻ നടത്തുന്ന സംഘടനകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെന്നും ശിക്ഷകളെന്തെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നിത്യ സമ്പാദ്യ നിധി, അനധികൃത ചിട്ടികൾ എന്നിവ ചില സംഘടനകളുടെ നേതൃത്വത്തിൽ നടത്തുന്നതായി രേഖാമൂലം പരാതി സമർപ്പിച്ചാൽ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് കേരള മണി ലെൻഡേഴ്സ് നിയമപ്രകാരം നിത്യ നിധി ഡെയ്‌ലി ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനാവശ്യമായ ലൈസൻസുകൾ സംബന്ധിച്ച വിഷയം കേരള പണം കടം കൊടുപ്പുകാർ നിയമം 1958-ന്റെ പരിധിയിൽ വരുന്നതല്ല. ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്ക് പരാതി നൽകാവുന്നതാണ്.

(ബി) ഇത്തരം സംഘടനകൾക്കെതിരെ ഇന്ത്യൻ പീനൽ കോഡ്, Price Chits & Money Circulation Schemes (Banning) Act തുടങ്ങിയ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിത്യ നിധി, അനധികൃത ചിട്ടികൾ എന്നിവ കേരള പണം കടം കൊടുപ്പുകാർ നിയമം 1958-ന്റെ പരിധിയിൽ വരുന്നതല്ല. നിയമപരമായ ലൈസൻസുകളില്ലാതെ നിത്യ സമ്പാദ്യ നിധി, അനധികൃത ചിട്ടികൾ എന്നിവ നടത്തുന്നതിനായി പരാതിപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത ചിട്ടി ഇടപാടുകൾ വ്യാജ ചിട്ടികളുടെ നടത്തിപ്പ് കണ്ടെത്തുന്നപക്ഷം ടി സ്ഥാപനത്തിനെതിരെ അന്വേഷണം നടത്തി, തെളിവുകളുടെ അടിസ്ഥാനത്തിൽ അനധികൃത ചിട്ടി നടത്തിയ സ്ഥാപനത്തിനെതിരെ 1982-ലെ ചിട്ടി ഫണ്ട് നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികളാണ് സ്വീകരിക്കുന്നത്. ചിട്ടി നടത്തിപ്പിന്റെ റെഗുലേറ്ററായിട്ടുള്ള ചിട്ടി രജിസ്ട്രാർ കമ്പനി ആക്ടിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികൾ എന്തെങ്കിലും ലംഘനം നടത്തിയതായി കണ്ടെത്തിയാൽ പ്രസ്തുത കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്.

**കേന്ദ്ര നയങ്ങൾ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി**

4 (364) ശ്രീ. എസ്. ശർമ്മ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിയമപരമായി അവകാശപ്പെട്ട ഐ.ജി.എസ്.ടി വിഹിതവും എസ്.ജി.എസ്.ടി. നഷ്ടപരിഹാരവും ലഭ്യമാക്കാതെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചത് തരണം ചെയ്യാൻ സർക്കാർ നടത്തുന്ന ശ്രമം വിശദമാക്കാമോ;

(ബി) കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ വിവേചനവും ജി.എസ്.ടി. നടപ്പിലാക്കി സംസ്ഥാനത്തിന്റെ നികുതി സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയതും അതിജീവിക്കാൻ മാർഗ്ഗം പര്യാലോചിക്കുന്നുണ്ടോ;

(സി) കേന്ദ്രസർക്കാരിന്റെ കെടുകാര്യസ്ഥത സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാക്കിയതും അനുവദനീയമായ പരിധിക്കുള്ളിൽ പൊതുകടം എടുക്കാനുള്ള അവകാശം നിഷേധിച്ചതും വികസന പദ്ധതികളെയും ക്ഷേമപ്രവർത്തനങ്ങളെയും ബാധിക്കാനിടയുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന് നിയമപരമായി അവകാശപ്പെട്ട നികുതി നഷ്ടത്തിനുള്ള കോമ്പൻസേഷൻ കേന്ദ്രസർക്കാർ യഥാസമയം ലഭ്യമാക്കാതെയും നികുതി നിരക്കുകൾ സംസ്ഥാനത്ത് മുമ്പത്തേതിനെക്കാൾ താഴ്ത്തി നിശ്ചയിച്ചുള്ളതുമായി ബന്ധപ്പെട്ടും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചത് തരണം ചെയ്യാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചുകാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ.-3 ബി, ജി.എസ്.ടി.ആർ.- 1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആ ർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബില്ലുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം

ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

4. നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Technology Kerala (IIITMK)-യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.

5. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

6. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കുസേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.

9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ മന്ത്രിയുടേയും റവന്യൂ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ ജില്ലാകളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.

10. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശിക തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശമുണ്ട്.

11. കുടിശ്ശികകൾ ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രതിമാസ അവലോകന യോഗം കൂടി പുരോഗതി വിലയിരുത്തുന്നു.

രാഷ്ട്രീയ വിവേചനവും അനവധാനതയോടെയുള്ള ജി.എസ്.ടി. നടപ്പാക്കലും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. ഇത് മറികടക്കുന്നതിന് നിരവധി നടപടികൾ കൈക്കൊണ്ടുവരുന്നു.

(സി) ക്ഷേമ ആനുകൂല്യങ്ങളിലും സാധാരണ സർക്കാർ ഇടപെടലുകളിലും പ്രയാസമുണ്ടാക്കാതെ ഈ സ്ഥിതിവിശേഷം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.

## ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധന

5 (365) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയതിൽ ഏതൊക്കെ ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) 2018-19 വർഷത്തിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ 117 ഓഫീസുകളിൽ വിവിധ തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

ക്രമക്കേടുകളും അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ക്ഷാമബത്ത

6 (366) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്കായി 2019 ജനുവരി മുതലും ജൂലൈ മുതലും അനുവദിച്ച മൂന്ന് ശതമാനവും, അഞ്ച് ശതമാനവും ക്ഷാമബത്ത ഒരു വർഷം കഴിഞ്ഞിട്ടും സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മറ്റ് സംസ്ഥാന സർക്കാരുകൾ തങ്ങളുടെ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും ക്ഷാമബത്ത അനുവദിച്ച് നൽകിയിട്ടും, സംസ്ഥാനത്ത് മാത്രം അത് നിഷേധിക്കുന്നത് വില വർദ്ധനവ്മൂലം ദുരിതത്തിലായ ജീവനക്കാരുടെ ദുരിതം വർദ്ധിക്കുവാൻ ഇടയായിട്ടില്ലെയെന്ന് വ്യക്തമാക്കുമോ;

(സി) രാജ്യത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാര വർദ്ധനയ്ക്ക് ആനുപാതികമായിട്ടാണോ ഓരോ ആറുമാസം കഴിയുമ്പോഴും ക്ഷാമബത്ത അനുവദിക്കുന്നത്;

(ഡി) എങ്കിൽ വിലക്കയറ്റംമൂലം ജീവിതം ദുസ്സഹമായ സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും അടിയന്തരമായി ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തുടർച്ചയായുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിലുണ്ടായ ബുദ്ധിമുട്ടുകൾ കാരണം ക്ഷാമബത്ത യഥാസമയം അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

(ബി) വരുന്ന സാമ്പത്തികവർഷം ഡി.എ. നൽകുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ക്ഷാമബത്തയ്ക്ക് ആനുപാതികമായിട്ടാണ് സംസ്ഥാന സർക്കാർ ക്ഷാമബത്ത അനുവദിക്കുന്നത്.

(ഡി) വരുന്ന സാമ്പത്തികവർഷം ഡി.എ. നൽകുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്.

## സ്വർണ്ണവില നിയന്ത്രണം

7 (367) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണ വില നിയന്ത്രണങ്ങൾക്ക് എന്തെങ്കിലും സർക്കാർ സംവിധാനം നിലവിലുണ്ടോ എന്നും ആയതുവഴി സംസ്ഥാനത്തിന് ഓരോ ദിവസവും ലഭിക്കുന്ന നികുതി വരുമാനം എത്ര എന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഓരോ ദിവസവും വിപണനം നടത്തുന്ന സ്വർണ്ണം എത്ര എന്നും ആയതിനനുസരിച്ച നികുതി ഉപഭോക്താവിൽ നിന്നും പിരിച്ചെടുക്കുന്ന എങ്കിലും സർക്കാരിന് ലഭ്യമാകുന്നുണ്ടോ എന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) 2019 വർഷം ജനവരി -1 ന് ഒരു പവൻ സ്വർണ്ണം എത്ര രൂപയ്ക്കു ലഭിക്കുമായിരുന്നു എന്നും ആയത് 2019 ഡിസംബർ 31 ന് എത്ര എന്നും പ്രസ്തുത ഒരു വർഷക്കാലയളവിൽ വിലനിശ്ചയിച്ച അധികാര സ്ഥാനങ്ങൾ ഏത് എന്നും വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തുള്ള സ്വർണ്ണക്കച്ചവടം സർക്കാർ അറിവോടുകൂടെയും വിലനിർണ്ണയം സർക്കാരിൽ ഉറപ്പുവരുത്താനും ആയതുവഴി പ്രസ്തുത മേഖലയിലെ അഴിമതിയും തട്ടിപ്പും ഒഴിവാക്കാനും സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി ഉറപ്പുവരുത്താനുമായി ധനവകുപ്പ് എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വർണ്ണവില സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ഒരു മാസത്തെ വ്യാപാരിയുടെ വിറ്റുവരവ് അടിസ്ഥാനമാക്കി റിട്ടേൺ ഫയൽ ചെയ്ത് നികുതി നൽകുന്ന വിവരങ്ങൾ മാത്രമാണ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തിൽ സ്വർണ്ണത്തിന്റെ പ്രതിമാസ വിറ്റുവരവും നികുതിയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ടേണോവർ | ലഭിച്ച തുക |
|---|---|---|
| ഏപ്രിൽ 2019 | 9604.74 | 37.14 |
| മേയ് 2019 | 9429.95 | 32.42 |
| ജൂൺ 2019 | 7832.76 | 25.77 |
| ജൂലൈ 2019 | 8422.00 | 26.55 |
| ആഗസ്റ്റ് 2019 | 9674.86 | 30.65 |
| സെപ്തംബർ 2019 | 7949.52 | 28.14 |
| ഒക്ടോബർ 2019 | 9096.76 | 29.76 |
| നവംബർ 2019 | 9505.14 | 31.76 |
| ഡിസംബർ 2019 | 8063.01 | 37.56 |
| ആകെ | 79578.74 | 279.75 |

(ബി) ചരക്ക് സേവന നികുതി നിയമപ്രകാരം വ്യാപാരികൾ റിട്ടേൺ ഫയൽ ചെയ്യുമ്പോൾ വിറ്റുവരവ് തുക മാത്രം കാണിച്ചാൽ മതിയാകും. അതിൻപ്രകാരമുള്ള നികുതി ഇൻപുട്ട് കിഴിച്ചാണ് സർക്കാരിലേയ്ക്ക് നൽകാനുള്ളത്. ഇപ്രകാരം നൽകുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധന നടത്തി അപാകതകൾ കണ്ടുപിടിച്ചാൽ

നികുതി നിർണ്ണയം നടത്തുന്നു. കൂടാതെ സംശയാസ്പദമായ വ്യാപാര സ്ഥാപനങ്ങളിൽ കട പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയ നടപടികൾ ഇന്റലിജൻസ് വിഭാഗം ചെയ്തുവരുന്നു.

(സി) പ്രസ്തുത വിവരങ്ങൾ ഈ വകുപ്പിൽ ലഭ്യമല്ല.

(ഡി) പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ വ്യാപാരം നടത്തുന്ന സ്വർണ്ണവ്യാപാര സ്ഥാപനങ്ങൾ നിർബന്ധമായും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥരാണ്. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്ത് ക്രയവിക്രയങ്ങളുടെ വിവരങ്ങൾ ചരക്ക് സേവന നികുതി വകുപ്പിനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി ആധികാരികത ഉറപ്പ് വരുത്തുന്നു. റിട്ടേൺ പരിശോധനയിൽ അപാകതകൾ കണ്ടെത്തിയാൽ നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കും. കൂടാതെ നിയമാനുസൃതം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെയും നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കാറുണ്ട്. അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന സ്ഥാപനങ്ങൾ പരിശോധനാവിധേയമാക്കുകയും ആവശ്യമെങ്കിൽ ടെസ്റ്റ് പർച്ചേസ് നടത്തി ബിൽ കൊടുക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നു. ഇപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെ നികുതി വെട്ടിപ്പിനുള്ള പഴുതുകൾ തടയുന്നു. സ്വർണ്ണത്തിന് ഇ-വേ ബിൽ നടപ്പാക്കുന്നതിനെ സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിൽ ചർച്ച പുരോഗമിച്ചുവരുന്നു.

## നിഷ്ക്രിയ ആസ്തി

8 (368) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി 2019 ഡിസംബർ 31- ലെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരമുള്ള നിഷ്ക്രിയ ആസ്തി തിരികെ ഈടാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എഫ്.സി.യിൽ എഴുതിത്തള്ളിയ വായ്പകൾ എത്രയാണെന്ന് അറിയിക്കുമോ;

(ഡി) നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നിഷ്ക്രിയ ആസ്തി 31-3-2019-ലെ കണക്കുകൾ പ്രകാരം 5.77 ശതമാനമാണുള്ളത്. 2019 ഡിസംബർ 31-ലെ കണക്ക് സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ.

(ബി) 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട്, ആർ.ആർ.ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളും സർഫാസി, ഡെറ്റ്സ് റിക്കവറി ട്രിബ്യൂണൽ (DRT) വഴിയുള്ള റിക്കവറി നടപടികളുമാണ് നിഷ്ക്രിയ ആസ്തികൾ ഈടാക്കാൻ കെ.എഫ്.സി. സ്വീകരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഒരു വായ്പയും എഴുതിത്തള്ളിയിട്ടില്ല.

(ഡി) ഉണ്ട്.

നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ നിലവിലുള്ളതാകുന്നു:

1. വായ്പ അക്കൗണ്ട് പുനഃക്രമീകരിച്ചുനൽകുക.
2. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ
3. ഇതുകൂടാതെ നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ഫെബ്രുവരി മൂന്നാംവാരത്തിൽ ഒരു മിനി അദാലത്തും സംഘടിപ്പിക്കുന്നുണ്ട്.
4. സെറ്റിൽമെന്റിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ (ബി) പിരിവിൽ പറഞ്ഞ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കുന്നു.

## സംസ്ഥാനത്തെ ബാങ്കിംഗ് ഇടപാടുകാർ നേരിടുന്ന പ്രശ്നങ്ങൾ

9 (369) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്ക് വായ്പ സംബന്ധമായ മാനദണ്ഡങ്ങളും മറ്റ് നിബന്ധനകളും ബോധ്യപ്പെടുത്തുവാൻ കഴിയുംവിധം ബാങ്ക് ഇടപാടുകൾ സംബന്ധിച്ച എല്ലാ ഫോമുകളും കത്തിടപാടുകളും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) സർഫാസി നിയമത്തിന്റെ പിൻബലത്തിൽ വായ്പ കുടിശ്ശിക തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പേരിൽ അമിതമായ തുക വായ്പക്കാരനിൽ നിന്നും ഈടാക്കി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ ബാങ്ക് ശാഖകളിൽ നിർദ്ദേശങ്ങളും സൂചികക്കുറിപ്പുകളും മറ്റു വിവരങ്ങളും മലയാളത്തിലും പ്രദർശിപ്പിക്കുന്നതായും കത്തിടപാടുകൾ പരമാവധി പ്രാദേശിക ഭാഷയിൽ നടത്തുന്നതായും സംസ്ഥാനത്തെ ബാങ്ക് ജീവനക്കാർ പൊതുവെ മലയാളം നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നവരാണെന്നും അതിനാൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും വിഘാതം കൂടാതെ ഇടപാടുകൾ നടത്തുവാനും വിവരങ്ങൾ ആരായാനും സംശയദൂരീകരണം നടത്തുവാനും കഴിയുന്നുണ്ടെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ അറിയിച്ചിട്ടുണ്ട്.

എന്നാൽ, ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട എഗ്രിമെന്റുകൾ, വായ്പയുടെ സ്വഭാവം, ആവശ്യകത, വായ്പാതുക എന്നിവയ്ക്കനുസരിച്ച് വ്യത്യാസം വരുന്നതാണെന്നും എഗ്രിമെന്റുകൾ അതാത് ബാങ്കുകളിലെ നിയമവിഭാഗത്തിന്റെ നിർദ്ദേശംകൂടി കണക്കിലെടുത്ത് അഖിലേന്ത്യാതലത്തിൽ ഏകീകൃതമായാണ് അച്ചടിക്കുന്നതെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ അറിയിച്ചിട്ടുണ്ട്. അതാത് ബാങ്കുകളുടെ നിബന്ധനകൾക്കതീതമായി അമിതമായ തുക വായ്പക്കാരിൽനിന്നും ബാങ്കുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടില്ല.

## സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഫണ്ടുകളുടെ നിക്ഷേപം

10 (370) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള ഫണ്ടുകൾ നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ;

(ബി) സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ, മദ്രസ്സാധ്യാപകർക്ക് വായ്പ നൽകുന്നതിന് അനുവദിച്ച ഫണ്ടുകൾ ട്രഷറിയിൽ നിക്ഷേപിക്കാതെ രണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചത് ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടിയാണോ എന്നതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപം നടത്തിയത് നിയമാനുസൃതമല്ലായെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള സർക്കാരിതര തനത് ഫണ്ടുകൾ നിക്ഷേപിക്കുന്നതിന് സർക്കുലർ നമ്പർ 77/2018/ധന തീയതി 21-8-2018 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ശേഷിച്ച ഓഹരി മൂലധനം ട്രഷറിയിൽ നിക്ഷേപിക്കാതെ രണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിനായി ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി നേടിയിരുന്നില്ല. മദ്രസ്സാദ്ധ്യാപകർക്ക് വായ്പ അനുവദിച്ച ഫണ്ട് വേറിട്ട ബാങ്കുകളിൽ നിക്ഷേപിച്ചിട്ടില്ല.

(സി) സ്ഥാപനങ്ങളുടെ തനത് ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് സർക്കുലർ നമ്പർ 77/2018/ധന തീയതി 21-8-2018 പ്രകാരം നിയമാനുസൃതമാണ്. സർക്കാർ ഗ്രാന്റ് ബാങ്കുകളിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തിരുത്തുന്നതിനുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.

**കരാറുകാർക്ക് നൽകുവാനുള്ള ബിൽ തുക**

11 (371) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ എല്ലാ വകുപ്പുകളിലും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലും കരാറുകാർക്ക് നൽകുവാനുള്ള തുക ബിൽ ഡിസ്കൗണ്ട് സിസ്റ്റത്തിലൂടെ മാറ്റി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കോടി രൂപയുടെ കുടിശ്ശികയാണ് പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവയിൽ കരാറുകാർക്ക് നൽകുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ബിൽ ഡിസ്കൗണ്ട് സിസ്റ്റം നടപ്പിലാക്കുമ്പോൾ ബാങ്കുകൾക്ക് നൽകുവാനുള്ള പലിശയുടെ എത്ര ശതമാനം പലിശയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പുകളിലെ കരാറുകാർക്ക് നടപ്പിലാക്കിവരുന്ന ബിൽ ഡിസ്കൗണ്ട് സിസ്റ്റം 15-1-2020-ലെ 7/2020/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കരാറുകാർക്കും വിതരണക്കാർക്കും അംഗീകൃത ഏജൻസികൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പൊതുമരാമത്ത് (കെട്ടിട) വകുപ്പ് | - 354.09 കോടി രൂപ |
| പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പ് | - 1154.60 കോടി രൂപ |
| ജലവിഭവ വകുപ്പ് | - 145.62 കോടി രൂപ |
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | - 252 കോടി രൂപ |

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പലിശ നൽകേണ്ടതില്ല.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

12 (372) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ എത്ര രൂപ മിച്ചമുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്തപക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്കുശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ.-യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിലുണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

## വിധവാ പെൻഷൻ

13 (373) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവാ പെൻഷൻ ലഭിക്കുന്ന സ്ത്രീകളോട് പുനർവിവാഹം നടത്തിയിട്ടില്ല എന്ന സർട്ടിഫിക്കറ്റിനൊപ്പം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പതിറ്റാണ്ടുകൾക്ക് മുമ്പ് മരണപ്പെട്ടവരുടെ മരണ സർട്ടിഫിക്കറ്റുകൾ സംഘടിപ്പിക്കുന്നതിലുള്ള പ്രായോഗിക വിഷമം പെൻഷൻ വാങ്ങുന്ന പ്രായമായ സ്ത്രീകളെ പ്രയാസപ്പെടുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വിധവാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചതിനെത്തുടർന്ന് വിധവയല്ലാത്ത എന്നാൽ ഭർത്താവിൽനിന്നും അകന്നുകഴിയുന്ന വ്യക്തികൾക്ക് ചട്ടവിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കുന്നത് തടയുന്നതിനായി, വിധവാ പെൻഷൻ ഗുണഭോക്താക്കൾ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും അവിവാഹിത/വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/പുനർവിവാഹം ചെയ്തിട്ടില്ലായെന്ന് തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ/വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണെന്നും 15-2-2019-ലെ സ.ഉ.(എം.എസ്.) നമ്പർ 88/19/ധന., 11-12-2019-ലെ സർക്കുലർ നമ്പർ 97/19/ധന. പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

വിധവാ പെൻഷൻ അപേക്ഷയോടൊപ്പം ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ഭർത്താവിനെ കാണ്മാനില്ലായെന്ന് റവന്യൂ അധികാരികൾ നൽകിയ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ വീണ്ടും ആയത് നൽകേണ്ടതില്ല.

(ബി&സി) ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വിവാഹമോചനം നേടിയവരും ഭർത്താവുമായി അകന്ന് കഴിയുന്നവരുമായ സ്ത്രീകൾ വിധവാ പെൻഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ നിലവിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കഴിയുകയില്ല. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുന്നതാണ്.

## വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം

14 (374) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് വെളിപ്പെടുത്താമോ;

(സി) 2020 ജനുവരി 31 വരെ ഓരോ വകുപ്പും പദ്ധതി വിഹിതത്തിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും ഇത് പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തിലെ വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ കുറവുവരുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ചുള്ള വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.

2020 ജനുവരി 31 വരെ ഓരോ വകുപ്പും പദ്ധതി വിഹിതത്തിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മെഡിസെപ് പദ്ധതി

15 (375) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കേണ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് -ന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസം എന്താണെന്നും ഏതൊക്കെ ഏജൻസികളാണ് പരിഗണനയിൽ ഉള്ളതെന്നും വിശദമാക്കാമോ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെൻഡറിന് മുന്നോടിയായി 15-7-2019-ലെ സ.ഉ. (പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മെഡിസെപ് പദ്ധതിയുടെ റീ-ടെൻഡറിന് മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു. റീ-ടെൻഡർ ചെയ്യുന്ന സമയത്ത് IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെൻഡർ മുഖേന മാത്രമാണ് ഇൻഷ്വറൻസ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്.

(സി) 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾക്കൊള്ളുന്ന ധനകാര്യ വകുപ്പിന്റെ പ്രോജക്ടാണ് സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്). സംസ്ഥാന സർക്കാർ ജീവനക്കാർക്കായി സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (എസ്.എൽ.ഐ., ജി.ഐ.എസ്., ജി.പി.എ.ഐ.എസ്. മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണ്ണമാണ്. ആരോഗ്യ ഇൻഷുറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണ്ണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നത് പ്രായോഗികമല്ല.

## പാറശ്ശാല മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭരണാനുമതി

16 (376) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പാറശ്ശാല മണ്ഡലത്തിലെ കള്ളിക്കാട് ടൗൺ ഹാൾ നിർമ്മാണം (ഫയൽ നമ്പർ 1378941), ആനാവൂർ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ സ്റ്റേഡിയം നിർമ്മാണം (ഫയൽ നമ്പർ 1419678) എന്നിവയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തര പ്രാധാന്യത്തോടെ ഭരണാനുമതി ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2019-20 വർഷത്തിലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II ക്രമ നമ്പർ 699-ൽ ഉൾപ്പെട്ടതും 2 കോടി രൂപ എസ്റ്റിമേറ്റ് തുക രേഖപ്പെടുത്തിയിട്ടുള്ളതുമായ പാറശ്ശാല നിയോജക മണ്ഡലത്തിലെ 'കള്ളിക്കാട് ടൗൺ ഹാൾ നിർമ്മാണം' എന്ന പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയത് ഭരണാനുമതി അനുവദിക്കുന്നതിനുള്ള അനുമതിക്കായി (ഇ. നമ്പർ 1334578) ഫയൽ നമ്പർ LSGD-DB2/292/2019-LSGD പ്രകാരം ഭരണവകുപ്പിൽ നിന്നും ലഭ്യമായിട്ടുള്ളത് പരിശോധിച്ച് പ്രതിപാദ്യ പദ്ധതി ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്ത പദ്ധതിയാണോ എന്നും മറ്റേതെങ്കിലും സമാന പദ്ധതികൾ അംഗീകാരം നേടി പോയിട്ടുണ്ടോ എന്നതിൽ വ്യക്തത വരുത്തി ഫയൽ അടിയന്തരമായി പുനഃസമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ധനകാര്യ (ഡെവലപ്പ്മെന്റ് വിംഗ്) വകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഫയൽ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനാവശ്യമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

ആനാവൂർ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച വിഷയം (EDN-B1/34/2020-FIN ഫയൽ) നിലവിൽ ധനകാര്യ (വിദ്യാഭ്യാസ-ബി) വകുപ്പിന്റെ പരിശോധനയിലാണ്.

## വാമനപുരം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

17 (377) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ വാർഷിക ബജറ്റുകളിൽ നിന്നും വാമനപുരം നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് നൽകുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള വാർഷിക ബഡ്ജറ്റുകളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന 5 കോടി രൂപ വീതവും പ്രത്യേക വികസന പദ്ധതി മുഖേന 1 കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. കിഫ്ബി വഴിയുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങളും മറ്റ് പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി* ചേർക്കുന്നു.

## പ്രളയ സെസ്സ്

18 (378) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തുന്നതിനായി പ്രളയ സെസ്സ് പിരിക്കുവാൻ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലെന്ന് അറിയിക്കാമോ;

(ബി) എത്ര തുകയാണ് പ്രസ്തുത സെസ്സ് മുഖേന പ്രതിവർഷം പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്;

(സി) 31-12-2019 വരെ പ്രസ്തുത സെസ്സിലൂടെ എന്ത് തുക പിരിച്ചെടുക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രളയാനന്തര പുനർനിർമ്മാണത്തിന് പണം കണ്ടെത്തുന്നതിനായി പ്രളയ സെസ്സ് പിരിക്കുവാൻ ആരംഭിച്ചിട്ടുണ്ട്. 1-8-2019 മുതലാണ് സെസ്സ് പിരിക്കുവാൻ ആരംഭിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സെസ്സ് മുഖേന പ്രതിവർഷം 600 കോടി രൂപ പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) 31-12-2019 വരെ പ്രസ്തുത സെസ്സിലൂടെ 373.57 കോടി രൂപ പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

## ഇ-ലാംസിലേയ്ക്ക് മാറ്റിയ ഫണ്ടുകൾ

19 (379) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇ-ലാംസിലേക്ക് ഫണ്ടുകൾ മാറ്റിയിട്ടുണ്ടോ; എങ്കിൽ ഓരോ സാമ്പത്തിക വർഷവും എത്ര കോടി രൂപ ഇപ്രകാരം മാറ്റിയെന്ന് വെളിപ്പെടുത്താമോ;

(ബി) 2017-18-ൽ ഇ-ലാംസിലേക്ക് മാറ്റിയ തുകയിൽ നിന്നും 2018-19- ലും 2018-19-ൽ ഇ-ലാംസിലേക്ക് മാറ്റിയ തുകയിൽ നിന്നും 2019-20- ലും എത്ര തുക വീതമാണ് റിലീസ് ചെയ്ത് നൽകിയതെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 749.47 കോടി രൂപ , 994.60 കോടി രൂപ ഇ-ലാംസിലേയ്ക്ക് മാറ്റുകയും ആയതിൽ 244.79 കോടി രൂപ 393.94 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

## രണ്ടാം ലോക കേരള സഭയുടെ ചെലവിനായി അനുവദിച്ച തുക

20 (380) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ലോക കേരള സഭയുടെ ചെലവിനായി എത്ര കോടി രൂപയാണ് അനുവദിച്ചത്; വിശദമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ചെലവുകൾ സംബന്ധിച്ച് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഒന്നാം ലോക കേരള സഭയുടെയും രണ്ടാം ലോക കേരള സഭയുടെയും ഓഡിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ടാം ലോക കേരള സഭയുടെ നടത്തിപ്പിനായി 2019-20 സാമ്പത്തിക വർഷത്തിൽ 3.045 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 1 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കണക്കാക്കി വരുന്നു.

(സി) ഒന്നാം ലോക കേരള സഭയുടെ ചെലവുകൾ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. രണ്ടാം ലോക കേരള സഭയുടെ ഓഡിറ്റിംഗ് നടന്നിട്ടില്ല.

**വേയ്സ് ആന്റ് മീൻസ് നിയന്ത്രണം**

21 (381) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേയ്സ് ആന്റ് മീൻസ് നിയന്ത്രണവുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം നാളിതുവരെ എത്ര തുകയ്ക്കുള്ള ബില്ലുകളാണ് തടഞ്ഞുവച്ചിട്ടുള്ളത്;

(ബി) ഈ സാമ്പത്തിക വർഷം ഓരോ മാസവും പാസാക്കാതെ തടഞ്ഞുവെച്ച ബില്ലുകൾ സംബന്ധിച്ച വിശദാംശം ബില്ലുകളുടെ എണ്ണം, തുക എന്നിവ സഹിതം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)31-1-2020-ലെ WAMS-റിപ്പോർട്ടനുസരിച്ച് 4368 ഡോക്കറ്റുകളിലായി 3193.62 കോടി രൂപയുടെ ബില്ലുകൾക്കാണ് ക്ലിയറൻസ് നൽകാനുള്ളത്.

(ബി) ഈ സാമ്പത്തിക വർഷം ഓരോ മാസവും പാസാക്കാതെ തടഞ്ഞുവച്ച ബില്ലുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| മാസം | എണ്ണം | തുക(കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| ഏപ്രിൽ | 5 | 2.02 |
| മേയ് | 85 | 27.51 |
| ജൂൺ | 78 | 236.15 |
| ജൂലായ് | 145 | 98.64 |
| ആഗസ്റ്റ് | 238 | 102.1 |
| സെപ്റ്റംബർ | 149 | 95.74 |

| (1) | (2) | (3) |
|---|---|---|
| ഒക്ടോബർ | 294 | 349.57 |
| നവംബർ | 886 | 524.17 |
| ഡിസംബർ | 931 | 560.99 |
| ജനുവരി | 1567 | 1196.73 |

## വൻകിട പദ്ധതികൾക്ക് വകയിരുത്തിയ തുക

22 (382) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കായി എത്ര തുകയാണ് 2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്നത് എന്നറിയിക്കാമോ;

(ബി) ഏതൊക്കെ വൻകിട പദ്ധതികൾക്കാണ് പ്രസ്തുത വർഷങ്ങളിൽ തുക വകയിരുത്തിയിരുന്നത്;

(സി) ഓരോ സാമ്പത്തിക വർഷവും ഈയിനത്തിൽ എത്ര തുക ചെലവായെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 2536.07 കോടി, 1552 കോടി, 1638.31 കോടി, 1643.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കൊച്ചി മെട്രോ റെയിൽ, വിഴിഞ്ഞം ഇന്റർനാഷണൽ ഡീപ് വാട്ടർ സീ-പോർട്ട് ലിമിറ്റഡ്, ഐ.ഐ.റ്റി., പാലക്കാട്, 35-ാമത് ദേശീയ ഗെയിംസ്, കൊച്ചി മെട്രോ പ്രോജക്ട്-ജല മെട്രോ, കൊച്ചി മെട്രോ പ്രോജക്ട് -ഇടപ്പള്ളി-ഹൈക്കോടതി റോഡ് വികസനം, കണ്ണൂർ എയർപോർട്ട് പ്രോജക്ട്, കേരളാ റെയിൽ ഡെവലപമെന്റ് കോർപ്പറേഷൻ, CRDP-വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി, ട്രിഡ-CRDP-ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ, കൊല്ലം-ആലപ്പുഴ ദേശീയപാത, ഇലക്ട്രോണിക് ഹാർഡ്പാർക്ക്-കൊച്ചി, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്, വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ, ഈഞ്ചക്കൽ ബസ് ടെർമിനൽ, KRDC Ltd. - റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (RRTS), CRDP (TRIDA) – LAR കേസുകൾ, CRDP- സാങ്കേതിക വിദ്യാഭ്യാസം, കേരള വാട്ടർവെയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഗ്രീൻഫീൽഡ് സ്റ്റേഡിയം, തിരുവനന്തപുരത്തും കോഴിക്കോട്ടും മോണോറെയിൽ പ്രോജക്ടുകൾ, ലൈറ്റ് മെട്രോ സംവിധാനം, മൊബിലിറ്റി ഹബ്ബ്, സബർബെൻ

റെയിൽ കോറിഡോർ, ഇൻഡസ്ട്രിയൽ ഡെവലപമെന്റ് സോൺ (ഐ.ഡി.ഇസഡ്), ഭൂമി ഏറ്റെടുക്കലും അടിസ്ഥാന സൗകര്യ വികസനവും, ട്രാൻസ്ഗ്രിഡ് 2.0, പാലക്കാട് മെഗാ വുഡ് പാർക്ക്, ഒറ്റപ്പാലത്ത് ഡിഫൻസ് പാർക്ക്, ബേക്കലിൽ എയർസ്ട്രിപ്പ് സ്ഥാപിക്കൽ, മെഗാ ഫുഡ് പാർക്ക്, പാലക്കാട്, പാലങ്ങളുടെയും കലുങ്കുകളുടെയും പുനർ നിർമ്മാണം, ഖരമാലിന്യങ്ങളുടെ മാനേജ്മെന്റിനുവേണ്ടിയുള്ള ഫണ്ട്, ക്രിയേഷൻ ഓഫ് ജുഡീഷ്യൽ ഇൻഫ്രാസ്ട്രക്ച്ചർ, എലിവേറ്റഡ് ഹൈവേ ഇൻ വയനാട് ആന്റ് ബന്ദിപ്പൂർ എന്നീ പദ്ധതികൾക്കായിട്ടാണ് തുക വകയിരുത്തിയിരുന്നത്.

(സി) 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 911.50, 1336.60, 250.77 കോടി രൂപയും 2019-20 സാമ്പത്തിക വർഷം നാളിതുവരെ 110.94 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

### നികുതിയേതര വരുമാനം

23 (383) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം നികുതിയേതര വരുമാനമായി എന്ത് തുക ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതുവരെ എന്ത് തുക ഈയിനത്തിൽ ലഭ്യമായിട്ടുണ്ടെന്ന വിശദാംശം നൽകുമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം നികുതിയേതര വരുമാനമായി 1,50,70,07,00,000 രൂപ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം 2019 ഡിസംബർ 31 വരെ നികുതിയേതര വരുമാനമായി 79,25,54,83,079 രൂപ ലഭിച്ചിട്ടുണ്ട്.

### സാമ്പത്തിക പ്രതിസന്ധി

24 (384) ശ്രീ. പി. കെ. ശശി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ മൂലം രാജ്യത്താകമാനമുണ്ടായിട്ടുള്ള വളർച്ച മുരടിപ്പ്, ജി.എസ്.ടി. വരുമാനത്തിലെ ഇടിവ്, കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചത് മൂലമുണ്ടാകുന്ന നികുതിനഷ്ടം

മുതലായവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ജി.എസ്.ടി. ഇനത്തിൽ മുൻവർഷത്തെക്കാൾ ഇതുവരെ എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്;

(സി) സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ കേന്ദ്ര സർക്കാർ വരുത്തിയ കുറവ് മൂലം സംസ്ഥാനത്തിന് അനുവദനീയമായ തുകയിൽ എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായിട്ടുള്ളതെന്നും വായ്പാപരിധി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്നും അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങളും ജി.എസ്.ടി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.ടി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടായ കുറവുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവുവരാനിടയുണ്ട്. ഇതേത്തുടർന്ന് കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും. പദ്ധതി പദ്ധതിയേതര ചെലവുകളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇത് ഒരു പരിധിവരെ മറികടക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്ക് പ്രകാരം 2019 ഡിസംബർ മാസം വരെ ജി.എസ്.ടി. ജനത്തിൽ മുൻവർഷത്തെക്കാൾ 899.80 കോടി രൂപയുടെ കുറവാണുണ്ടായിട്ടുള്ളത്.

(സി) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത് 24,915 കോടി രൂപയാണ് (തനി). കുറവ് ചെയ്തതിനുശേഷം പൊതുവിപണിയിൽ നിന്നും കടമെടുക്കുന്നതിനായി 16,602 കോടി രൂപയുടെ (മൊത്തം) അനുമതി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. വായ്പാപരിധി ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിനോട് കേന്ദ്രസർക്കാർ ഇതുവരെ അനുകൂലമായി പ്രതികരിച്ചിട്ടില്ല.

## സർക്കാർ സേവനങ്ങളുടെ ചാർജ്ജിലും ഫീസിലും വരുത്തിയ വർദ്ധനവ്

25 (385) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 8-3-2019-ലെ ജി.ഒ.(പി) 28/2019/ധന. ഉത്തരവ് പ്രകാരം 1-4-2019 മുതൽ പ്രാബല്യം നൽകി സർക്കാരിന്റെ എല്ലാത്തരം സേവനങ്ങളുടെ ചാർജ്ജിലും ഫീസിലും 5 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ബി) ഇതുമൂലം എന്ത് തുക അധികമായി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 8-3-2019-ലെ സ.ഉ.(പി) നമ്പർ 28/2019/ധന പ്രകാരം 1-4-2019 മുതൽ പ്രാബല്യം നൽകി എല്ലാ സേവന നിരക്കുകളിലും 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) മുൻ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പുസാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനം

26 (386) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനങ്ങളിൽ മുഖ്യപങ്ക് ലോട്ടറിയിൽ നിന്നും മദ്യവില്പനയിൽ നിന്നുമാണെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(ബി) 2019-20 സാമ്പത്തിക വർഷം ഇതുവരെ സംസ്ഥാന ലോട്ടറിയിൽ നിന്നും എന്ത് വരുമാനം ലഭിച്ചുവെന്നും അതിന്റെ ലാഭമെത്രയെന്നും വ്യക്തമാക്കുമോ;

(സി) 2019-20-ൽ ഇതുവരെ ബിവറേജസ് കോർപ്പറേഷൻ വഴി മദ്യം വിറ്റ വകയിൽ ലഭിച്ച മൊത്തവരവ് എത്രയെന്നും അതിലൂടെ ലഭിച്ച നികുതി വരുമാനം എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2019-20 വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെ 1,702 കോടി രൂപ എക്സൈസ് വകുപ്പിൽ നിന്നും 2019-20 സാമ്പത്തിക വർഷം (2020

ജനുവരി 29 വരെ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും 8516 കോടി രൂപയും വരുമാനമായി ലഭിച്ചിട്ടുണ്ട്. (ലോട്ടറിയുടേത് വിറ്റുവരവാണ്, അറ്റാദായമല്ല.) 2019-20 സാമ്പത്തിക വർഷം (2020 ജനുവരി 29 വരെ) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നും 8516 കോടി രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. ഏകദേശ ലാഭം 1,277.50 കോടി രൂപയാണ്. അതേസമയം SGST വരുമാനം 511 കോടി രൂപയാണ്.

(സി) 2019-20 വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ബിവറേജസ് കോർപ്പറേഷന്റെ ആകെ വിറ്റുവരവ് 11,162 കോടി രൂപയാണ്. ഇതിൽ 9,557 കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

## കടമെടുപ്പുപരിധി

27 (387) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി വർദ്ധിപ്പിച്ചു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ;

(ബി) സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കോ ഏതെങ്കിലും പ്രത്യേക പദ്ധതി ചെലവിനേ ആണോ പരിധി ഉയർത്തി നൽകാൻ ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(സി) അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നികുതി പിരിവുകൾ ഊർജിതമാക്കിയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3%-മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2016-17, 2017-18 സാമ്പത്തിക

വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ച് പബ്ലിക് അക്കൗണ്ട് വഴി വായ്പ എടുത്തുവെന്ന കാരണം ചൂണ്ടിക്കാട്ടി വായ്പ 2019-20-ലെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ട്രഷറി നിക്ഷേപവും മറ്റും സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽപ്പെടുത്തുന്ന ഈ കേന്ദ്രസർക്കാർ നടപടി അസാധാരണവും ആദ്യവുമാണ്. ഇത് പ്രളയാനന്തര പുനർനിർമ്മാണങ്ങളേയും വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിലനിർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വൻതോതിലുള്ള വിഭവസമാഹരണം നടത്തേണ്ടതുണ്ട്. എന്നാൽ നോട്ടു നിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും കടമെടുപ്പ് പരിധി വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളത്.

(സി) അനാവശ്യ ചെലവുകൾ ഒഴിവാക്കിയും നികുതി പിരിവുകൾ ഊർജ്ജിതമാക്കിയും സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഇതുവരെ 54,391.47 കോടി രൂപയുടെ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.

2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.

3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കി.

5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

6. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

7. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(i). 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വിൽക്കൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിച്ച് നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയും.

(ii) ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാ വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(iii) ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്തുന്നതാണ്. കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബില്ലുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതാണ്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ വാളയാറിൽ നടപ്പിലാക്കുകയും മറ്റ് പ്രധാന 23 അതിർത്തി മേഖലകളിൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലുമാണ്.

(iv) റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(v) നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചുവാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിതരണക്കാർക്കും ഉപയോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു കൂടാതെ വ്യാപാര സ്ഥാപനങ്ങൾ ബിൽ കൊടുക്കുന്നുണ്ടോയെന്ന് ടെസ്റ്റ് പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു.

8. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യവത്ക്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു.

വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യക്ഷേമ രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തിപ്പോരുന്ന നമ്മുടെ സംസ്ഥാനത്ത്, പ്രസ്തുത മേഖലകളിലടക്കമുള്ള രംഗങ്ങളിലെ സർക്കാർ ഇടപെടലുകളിലും ക്ഷേമപ്രവർത്തനങ്ങളിലും നിയന്ത്രണങ്ങൾ വരുത്തുന്നതും ചെലവ് ചുരുക്കുന്നതും അഭികാമ്യമല്ല. എന്നാൽ, റബ്ബർ ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലകൾ ഉയരാത്തതുമൂലവും ഗൾഫിലെ തൊഴിൽ നയങ്ങളുടെ ഭാഗമായി ആ രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റത്തിലുണ്ടായ ഇടിവ് വഴി ഗൾഫ് പണ വരുമാനം കുറയുന്നതുമൂലവും കേരള സമ്പദ്ഘടന മുരടിപ്പിന്റെ ശക്തമായ ഭീഷണിയെ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ, വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകളും ധൂർത്തും നിയന്ത്രിച്ചും സാമൂഹ്യക്ഷേമ വികസന മേഖലകളിൽ പരമാവധി പണം ചെലവഴിക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചു വരുന്ന നയം. ആയതിന്റെ അടിസ്ഥാനത്തിൽ, ധൂർത്തും അനാവശ്യ ചെലവുകളും നിയന്ത്രിക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിലും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിലും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിലും അടക്കം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയന്ത്രണങ്ങൾ കർശനമായി പാലിച്ചുപോരുന്നുണ്ട്.

**വർദ്ധിച്ചുവരുന്ന പൊതുകടം**

28 (388) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് വികസന നേട്ടത്തിന്റെ സൂചകമായി കണക്കാക്കപ്പെടുന്നുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലപരിധിക്കുള്ളിലെ ആയത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) നിലവിലെ പൊതുകടത്തിന് പ്രതിവർഷം പലിശയായി നൽകേണ്ട തുക കഴിച്ചാൽ ഓരോ വർഷവും കടമെടുക്കുന്ന തുകയിൽ വികസന പ്രവർത്തനങ്ങൾക്കായി എന്തു തുക ശേഷിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് കണക്കുപ്രകാരം വിശദമാക്കാമോ;

(സി) ഇതിന് പരിഹാരം കാണേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും ഫലപ്രദമായ നടപടി പരിഗണനയിലുണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ക്രമാതീതമായി കടം വർദ്ധിപ്പിക്കാനാവില്ല. GSDP-യുടെ 3%-ൽ ധനക്കമ്മി നിയന്ത്രിക്കുവാൻ നിയമപരമായി നാം ബാദ്ധ്യസ്ഥരാണ്. കേന്ദ്രസർക്കാരിന്റെ നടപ്പുസാമ്പത്തിക വർഷത്തെ ധനക്കമ്മി 3.8 ശതമാനമാകുമെന്നും 2020-21-ൽ അത് 3.5 ശതമാനമാകുമെന്നുമാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. കടമെടുത്ത തുക പൂർണ്ണമായും ആസ്തി വികസന പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് വേണ്ടത്. റവന്യൂ കമ്മി ഇല്ലാതായാലേ ഇത് സാദ്ധ്യമാകൂ. റവന്യൂ കമ്മി എല്ലാ പ്രയാസങ്ങളുടെ ഇടയിലും കുറച്ചുകൊണ്ടുവരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല, Outstanding Debt-ന്റെ വളർച്ചാ നിരക്ക് കുറഞ്ഞുവരികയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരുപരിധിവരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016-17 വർഷം വരെയുള്ള പൊതുകടം 125882.86 കോടി രൂപയും 2017-18 വർഷം വരെയുള്ള പൊതുകടം 142984.53 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2018-19 വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ പൊതുകടവും (മൊത്തം) പലിശയും സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്:

(തുക കോടിയിൽ)

| | 2016-17 | 2017-18 | 2018-19 (BE) |
|---|---|---|---|
| പൊതുകടം (മൊത്തം) | 23857.89 | 30233.76 | 37121.02 |
| പലിശ | 9437.17 | 10961.90 | 12035.22 |
| പലിശ കിഴിച്ചുള്ള പൊതുകടം (മൊത്തം) | 14420.72 | 19271.86 | 25085.80 |

(സി) നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

**റീ ബിൽഡ് കേരളയ്ക്കായി ലോകബാങ്ക് വായ്പ**

29 (389) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയ്ക്കായി ലോകബാങ്കിൽ നിന്നും ലഭിച്ച ആദ്യഗഡു വായ്പ എത്രയാണ്; വായ്പയുടെ റിലീസിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) വായ്പ റീബിൽഡ് കേരള ഇൻഷിയേറ്റീവിന്റെ അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തുക ഏഴ് ദിവസത്തിനുള്ളിൽ റീ ബിൽഡ് കേരളയ്ക്ക് കൈമാറണമെന്ന് റിലീസിംഗ് ഓർഡറിൽ വ്യവസ്ഥയുണ്ടോ;

(ഡി) ഏഴ് ദിവസത്തിനുള്ളിൽ തുക കൈമാറിയില്ലെങ്കിൽ പലിശ നൽകേണ്ട സാഹചര്യമുണ്ടോ?

ഉത്തരം

(എ) റീബിൽഡ് കേരളയ്ക്കായി ലോകബാങ്കിൽ നിന്നും ലഭിച്ച ആദ്യഗഡു വായ്പ 1779.58 കോടി രൂപയാണ്. കേന്ദ്രസർക്കാരിൽ നിന്നുള്ള റിലീസ് ഓർഡറിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി-ഡി) കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി 4-9-2019-ൽ ലഭിച്ച ലോകബാങ്കിന്റെ സഹായം 6004-09-101-96 (R) എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും അതുവഴി സംസ്ഥാനത്തിന്റെ സഞ്ചിതനിധിയുടെ ഭാഗമായി തീരുകയും ചെയ്തിട്ടുണ്ട്. ടി തുക ഈ ശീർഷകത്തിലെ നീക്കിയിരുപ്പായി കണക്കാക്കാം. നിലവിൽ 2019-20 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബജറ്റിൽ കേരള പുനർനിർമ്മാണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിക്കായി 5475-00-115-94 എന്ന ശീർഷകത്തിൽ 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട് (അനുബന്ധം*). ലോകബാങ്ക് സഹായമായി ലഭിച്ച തുക മുഴുവനും ലോകബാങ്ക് നിർദ്ദേശിക്കുന്ന രീതിയിലുള്ള ചെലവുകൾക്ക് സഞ്ചിതനിധിയിൽ നിന്നും ആവശ്യാനുസരണം വിനിയോഗിക്കാവുന്നതാണ്. ലോകബാങ്കിൽ നിന്നുള്ള തുക ലഭിച്ച് 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രോജക്ട് അതോറിറ്റിക്ക് കൈമാറണമെന്നും അല്ലാത്തപക്ഷം കൈമാറാത്ത തുകയിന്മേൽ കേന്ദ്രസർക്കാരിന് പലിശ ചുമത്താവുന്നതാണെന്നും റിലീസ് ഓർഡറിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നിരുന്നാലും, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി, വിദേശസഹായ വായ്പകളുടെ മുതലും പലിശയും സംസ്ഥാന സർക്കാരാണ് തിരിച്ചടയ്ക്കുന്നത് എന്നതിനാൽ പ്രോജക്ട് അതോറിറ്റിക്ക് കൈമാറാത്ത തുകയിന്മേൽ കേന്ദ്രസർക്കാർ പലിശ ചുമത്തുന്ന സാഹചര്യം വിരളമാണ്.

## ബാങ്കുകളുടെ കർഷക വിരുദ്ധ നിലപാടുകൾ

30 (390) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ കർഷകരുടെ വായ്പ എഴുതിത്തള്ളുന്നതിന് ബാങ്കുകൾക്ക് അനുവദിച്ച തുക എത്രയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ, ബാങ്കുകളുടെ പേരുവിവരം, അനുവദിച്ച തുക ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) വായ്പ എഴുതിതള്ളാൻ അനുവദിച്ച മുഴുവൻ തുകയും അർഹരായ കർഷകർക്ക് നൽകാതെ വിവിധ ബാങ്കുകൾ മറ്റ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കടാശ്വാസ കമ്മീഷൻ വായ്പ എഴുതി തള്ളിയ കർഷകരെ ബാങ്കുകൾ പാപ്പരായി കാണുകയും അവർക്ക് പുനർവായ്പ നൽകാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) വിവിധ ജില്ലകളിലെ കർഷകരുടെ വായ്പയിന്മേൽ കടാശ്വാസ കമ്മീഷൻ പുറപ്പെടുവിച്ച അവാർഡുകളിന്മേൽ പരിശോധന നടത്തിയശേഷം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്തുപ്രകാരം 2401-00-104-86(01)-34-3 ശീർഷകത്തിൻ കീഴിൽ വകയിരുത്തിയിരുന്ന 20 കോടി രൂപയിൽനിന്നും

ആകെ 16,43,13,695 രൂപ അനുവദിക്കുന്നതിന് 2019-20 സാമ്പത്തിക വർഷം 9-1-2020 വരെ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അതിൽ 11,34,23,279 രൂപയുടെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. തുക അനുവദിച്ച സഹകരണ സംഘങ്ങളുടെ പേരുവിവരം, അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കരാറുകാർക്ക് കൊടുത്തു തീർക്കുവാനുള്ള തുക**

31 (391) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ വിവിധ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരമുള്ള കുടിശ്ശികയുടെ കണക്കുകൾ തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം എന്നിങ്ങനെയുള്ള വകുപ്പുകളിൽ ഇനം തിരിച്ച് അറിയിക്കാമോ; ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കാനാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2020 മാർച്ച് 31 വരെ ട്രഷറിയിൽ എത്തുന്ന ബില്ലുകൾ മാറാൻ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) വിവിധ മരാമത്ത് വകുപ്പുകൾ ലഭ്യമാക്കിയ വിശദാംശങ്ങൾ അനുസരിച്ച് 1-4-2019 മുതൽ 31-1-2020 വരെയുള്ള കാലയളവിൽ കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള തുകയുടെ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത് പാലം) | 1154.60 |
| പൊതുമരാമത്ത് (കെട്ടിടം) | 354.09 |
| ജലവിഭവം | 145.62 |

ഇതിനു പുറമേ, ട്രഷറി ഡയറക്ടർ ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് കരാറുകാർക്ക് നൽകേണ്ട കുടിശ്ശിക 252 കോടി രൂപയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ച് പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട കരാറുകാരുടെ 2019 മാർച്ച് 31 വരെയുള്ള ബില്ലുകളുടെ തുക ഇതിനകം തന്നെ നൽകിയിട്ടുണ്ട്. 2019 ആഗസ്റ്റ് 31 വരെയുള്ള ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്:

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ഏപ്രിൽ 2019 | 21-4-2020 |
| മേയ് 2019 | 19-5-2020 |
| ജൂൺ 2019 | 23-6-2020 |
| ജൂലൈ 2019 | 20-7-2020 |
| ആഗസ്റ്റ് 2019 | 17-8-2020 |

തദ്ദേശസ്വയംഭരണമടക്കമുള്ള മറ്റു വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കുന്നതിന് താഴെപ്പറയും പ്രകാരം സമയക്രമം നിശ്ചയിച്ചിട്ടുണ്ട്:

| കുടിശ്ശിക കാലയളവ് | തുക നൽകുന്ന തീയതി |
|---|---|
| ഒക്ടോബർ 2019 | 20-5-2020 |
| നവംബർ 2019 | 20-5-2020 |
| ഡിസംബർ 2019 | 20-6-2020 |
| ജനവരി 2020 | 18-7-2020 |

മേൽ പ്രകാരമുള്ള സമയക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള ബില്ലുകൾ ഉടനടി മാറുന്നതിനായി ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം വഴിയുള്ള സൗകര്യവും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇതിനു പുറമേയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ് തുടങ്ങിയ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കപ്പെടുന്ന മുറയ്ക്കുതന്നെ നിലവിൽ മാറിനൽകുന്നുണ്ട്.

## സർക്കാരിന്റെ കടമെടുപ്പ് പരിധി

32 (392) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഫ്.ആർ.ബി.എം. നിയമപ്രകാരം 2019-20-ലെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി എത്ര രൂപയാണെന്ന് അറിയിക്കാമോ;

(ബി) ഇതിനകം ഈ സാമ്പത്തിക വർഷം എത്ര രൂപ കടപ്പത്രങ്ങൾ വഴിയും മറ്റും സംസ്ഥാനം വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ കിഫ്ബി ഈ സാമ്പത്തിക വർഷം ബോണ്ടുവഴിയും മറ്റ് വിധത്തിലും എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 1-4-2019 മുതൽ 31-12-2019 വരെ 19,888.84 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മാൾ സേവിംഗ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ്.

(സി) കിഫ്ബി ഈ സാമ്പത്തിക വർഷം (2019-20) ബോണ്ടു വഴിയും മറ്റ് വിധത്തിലും സമാഹരിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| നമ്പർ | സ്രോതസ്സ് | സമാഹരിച്ച തുക |
|---|---|---|
| 1 | ടേം ലോണുകൾ | 1250 |
| 2 | നബാർഡ് ലോൺ | 100 |
| 3 | കെ.എസ്.എഫ്.ഇ (ബോണ്ടുകൾ) | 89.79 |
| 4 | നോർക്ക (ഡിവിഡന്റ് സ്കീം) | 17.93 |
| | ആകെ (30-1-2020-ലെ കണക്കുകൾ പ്രകാരം) | 1457.72 |

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

33 (393) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ കടമെടുപ്പ് പരിധി എത്ര ശതമാനമാണ്; ഇത് എത്ര ശതമാനമായി ഉയർത്തണമെന്നാണ് കേന്ദ്രത്തോട്

ആവശ്യപ്പെട്ടിരുന്നത്; ഇതിന് കേന്ദ്ര സർക്കാർ അനുമതി നൽകാത്തതിന് കാരണം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ബി) കടമെടുപ്പ് പരിധി ഉയർത്തുന്നത് വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് എന്തെല്ലാം പ്രതികൂലാവസ്ഥ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) സാമ്പത്തിക അച്ചടക്കം പാലിക്കാതെയും ധൂർത്ത് നിയന്ത്രിക്കാതെയും കടം വാങ്ങുന്നതിനുള്ള പരിധി ഉയർത്തുന്നത് സംസ്ഥാനത്തിന്റെ ഭാവി വികസനത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്രത്തിന്റെ അനുകൂല പ്രതികരണം ലഭിക്കാത്ത സാഹചര്യത്തിൽ എന്ത് ബദൽ മാർഗ്ഗമാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3%-മായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള വിഭവസമാഹരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 4.5 ശതമാനമായി ഉയർത്തണമെന്നും ലോകബാങ്ക് മുതലായ വിദേശ സഹായ ഏജൻസികളിൽ നിന്നെടുക്കുന്ന വായ്പകൾ കടമെടുപ്പ് പരിധിക്ക് പുറമേ അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ചിട്ടുള്ള വായ്പ 2019-20-ലെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ഇത് പ്രളയാനന്തര പുനർനിർമ്മാണങ്ങളേയും വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പുസാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915 കോടി രൂപയിൽ നിലനിർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വൻതോതിലുള്ള വിഭവസമാഹരണം നടത്തേണ്ടതുണ്ട്. എന്നാൽ നോട്ടുനിരോധനവും GST നടപ്പിലാക്കിയതിലുള്ള അപാകതയും കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള ഇടിവ് സംസ്ഥാനത്തിന്റെ

സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കും കടമെടുപ്പ് പരിധി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

(സി&ഡി) നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിനാവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികളുണ്ട്. കേന്ദ്രസർക്കാരിന്റെ എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിന് വിലങ്ങുതടി ആകുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ഉത്തേജനം നൽകുന്ന അടിസ്ഥാന സൗകര്യവികസന പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് കിഫ്ബി വഴി അനുമതി നൽകിയിട്ടുണ്ട്.

**പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവ്**

34 (394) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2016-17, 2017-18, 2018-19, 2019-20 (ഡിസംബർ 31 വരെ) എന്നീ സാമ്പത്തിക വർഷങ്ങളിലെ പൊതുകടം, പൊതുകടത്തിലുണ്ടായ വർദ്ധനവ്, വർദ്ധനവിലുണ്ടായ ശതമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവ് ആശങ്കാജനകമാണോയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുകടത്തിലുണ്ടാകുന്ന വർദ്ധനവും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന അധികച്ചെലവും കൂടുതൽ തസ്തിക സൃഷ്ടിക്കലും സാമ്പത്തിക സ്ഥിതി മോശമാകുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ അത് നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2012-13 മുതൽ 2019-20 (ഡിസംബർ 31 വരെ) വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ പൊതുകടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പൊതുകടം | പൊതുകടത്തിലുണ്ടായ വർദ്ധനവ് | പൊതുകടത്തിലുണ്ടായ വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|
| 2012-13 | 72250.19 | 10457.10 | 16.92 |
| 2013-14 | 83466.56 | 11216.37 | 15.52 |
| 2014-15 | 96132.96 | 12666.40 | 15.18 |
| 2015-16 | 109730.97 | 13598.01 | 14.15 |
| 2016-17 | 125882.86 | 16151.89 | 14.72 |
| 2017-18 | 142984.53 | 17101.67 | 13.59 |
| 2018-19 * | 157558.88 | 14574.35 | 10.19 |
| 2019-20* (ഡിസംബർ 2019 വരെ) | 171072.72 | 13513.84 | 8.58 |

* അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം.

(ബി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പപരിധി GSDP-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം, കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. 2016-17 മുതൽ പൊതുകടത്തിന്റെ വളർച്ചാ നിരക്ക് കുറഞ്ഞുവരുന്നതായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കുറയ്ക്കാതെ നികുതി-നികുതിയേതര വരുമാന വളർച്ചയിലൂടെ കമ്മി കുറയ്ക്കുകയെന്നതാണ് സംസ്ഥാനത്തിന്റെ നയം. രാജ്യം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി ഉപഭോഗത്തിലുണ്ടാകുന്ന കുറവുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവു

വരാനിടയുണ്ട്. ഇതേത്തുടർന്ന് കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി വെട്ടിക്കുറച്ചതുമൂലം കേന്ദ്രനികുതി വിഹിതത്തിൽ കുറവ് വരുന്നതാണ്. ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുള്ള വിഭവ ലഭ്യതയിൽ കുറവ് വരുത്തും. പദ്ധതി പദ്ധതിയേതര ചെലവുകളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഇത് ഒരു പരിധിവരെ മറികടക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) റവന്യൂ വരുമാനവും ചെലവും സന്തുലിതമാക്കുകയും ധനക്കമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുക, നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്നീ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങളും ജി.എസ്.റ്റി. അനവധാനതയോടെ നടപ്പിലാക്കിയതും ആലോചനയില്ലാതെ ആഡംബര വസ്തുക്കളുടെ ജി.എസ്.റ്റി. ഗണ്യമായി കുറച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ട്. ജി.എസ്.റ്റി.എൻ.-ൽ ഉണ്ടായ തകരാറുകളും ആയത് സമ്പൂർണ്ണ സജ്ജമാകാത്തതും നികുതി വരുമാനത്തെ ബാധിച്ചു.

ഭൂമിയുടെ ന്യായവില യുക്തിസഹമാക്കുക, ഫീസുകളും മറ്റും ക്രമപ്പെടുത്തുക, മോട്ടോർ വാഹന നികുതി, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ യുക്തിസഹമായ പുതുക്കലുകൾ വരുത്തുക എന്നീ നടപടികളും സംസ്ഥാന നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിയതമായ വർക്ക് സ്റ്റഡി നടത്തിയതിനുശേഷം മാത്രമേ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നുള്ളൂ. മറ്റ് അനാവശ്യ ചെലവുകൾ ഒഴിവാക്കണമെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ കമ്മി ഒഴിവാക്കി മൂലധനച്ചെലവ് ഗണ്യമായി ഉയർത്തുക എന്ന സമീപനം സ്വീകരിച്ചാണ് സർക്കാർ പ്രവർത്തിക്കുന്നത്.

### ജി.എസ്.ടി. കുടിശ്ശികയിനത്തിൽ കേന്ദ്രം നൽകേണ്ട തുക

35 (395) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വിഹിതമടക്കം സംസ്ഥാനത്തിന് അർഹമായ തുക കേന്ദ്രം നൽകാത്തത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കോടി രൂപയാണ് ജി.എസ്.ടി. കുടിശ്ശികയിനത്തിൽ കേന്ദ്രം നൽകുവാനുള്ളതെന്നും അത് ഏത് മാസത്തെ കുടിശ്ശികയാണെന്നും വ്യക്തമാക്കാമോ;

(സി) 2019-ൽ ജി.എസ്.ടി. വിഹിതമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ഇതിനകം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ലഭിക്കേണ്ട മൂന്ന് മാസത്തെ നികുതി വിഹിതം എത്രയാണെന്നും അതിൽ കേന്ദ്രം എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം സമയബന്ധിതമായി ലഭിക്കുന്നതിന് എന്തൊക്കെ സമ്മർദ്ദങ്ങളാണ് ചെലുത്തുന്നതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നഷ്ടപരിഹാരമടക്കം സംസ്ഥാനത്തിന് അർഹമായ തുക കേന്ദ്രം നൽകാത്തത് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് കാരണമായിട്ടുണ്ട്.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപ ലഭിക്കുവാനുണ്ട്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് due ആകുന്നത്.

(സി) 2019-20 സാമ്പത്തിക വർഷം ജി.എസ്.ടി. കോമ്പൻസേഷനായി 30-9-2019 വരെ 3743 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) 2019-2020 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കേന്ദ്ര ബജറ്റ് പ്രകാരം അനുവദിച്ചിട്ടുള്ള നികുതി വിഹിതം( BE) 20228.33 കോടി രൂപയാണ്. 2020 ജനുവരി വരെ നികുതിയിനത്തിൽ സംസ്ഥാനത്തിന് 13345.72 കോടി രൂപ ലഭിച്ചിട്ടുണ്ട്. കേന്ദ്ര ബജറ്റിന്റെ 2019-20-ലെ Revised Estimate പ്രകാരമുള്ള നികുതി വിഹിതം 16401.05 കോടി രൂപയാണ്. Budget Estimate-നെ അപേക്ഷിച്ച് നികുതി വിഹിതത്തിൽ 3827.28 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് RE പ്രകാരം അനുമാനിക്കേണ്ടത്. അതേ സമയം യഥാർത്ഥത്തിൽ ലഭിക്കുന്ന നികുതിവിഹിതം എത്രയാകും എന്നത് വർഷാവസാനം മാത്രമേ തിട്ടം പറയാൻ കഴിയൂ. ജി.എസ്.ടി. നഷ്ടപരിഹാരം തുടങ്ങി കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട മറ്റ് കൈമാറ്റങ്ങളിലും അനിശ്ചിതത്വം നിലനിൽക്കുകയാണ്.

(ഇ) സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ആഗസ്റ്റ്, 2019 സെപ്റ്റംബർ മാസങ്ങളിലേത് ഒക്ടോബർ 2019-ൽ ലഭിക്കാതിരുന്ന സാഹചര്യമുണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി.

ഇതിനായി കേരളം മുൻകയ്യെടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി.-മാർ പാർലമെന്റിൽ ഉന്നയിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്ന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു.

**കേന്ദ്ര സർക്കാർ നൽകുവാനുള്ള നികുതി വിഹിതം**

36 (396) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. വഴിയും മറ്റ് നികുതി ഇനത്തിലുമായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് സംസ്ഥാന സർക്കാരിന് നൽകാനുള്ളത് എന്നും എന്നുമുതലുള്ള തുകയാണ് നൽകാനുള്ളത് എന്നും വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര സർക്കാർ നികുതിയിനത്തിലുള്ള സംസ്ഥാന വിഹിതം നൽകാതിരിക്കുന്നതിന് എന്തെങ്കിലും കാരണം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കേന്ദ്രം നൽകാനുള്ള വിഹിതം എന്നത്തേയ്ക്ക് നൽകും എന്നാണ് കരുതുന്നത്;

(ഡി) കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ഏതൊക്കെ മേഖലകളിലാണ് സാമ്പത്തിക ബുദ്ധിമുട്ട് വന്നിരിക്കുന്നത്; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപ ലഭിക്കുവാനുണ്ട്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് due ആകുന്നത്.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ സെസ്സ് വഴി സ്വരൂപിക്കുന്ന കോമ്പൻസേഷൻ ഫണ്ടിലെ അപര്യാപ്തതയെക്കുറിച്ചും കോമ്പൻസേഷൻ ഫോർമുല അതിനാൽ പുനഃപരിശോധിക്കേണ്ട ആവശ്യകതയെക്കുറിച്ചും ഗോവയിൽ നടന്ന 38-ാം ജി.എസ്.ടി കൗൺസിൽ യോഗത്തിലും തുടർന്ന് ഡൽഹിയിൽ നടന്ന യോഗത്തിലും കേന്ദ്രം സൂചിപ്പിക്കുകയുണ്ടായി. എന്നാലും എന്തുതന്നെ സാഹചര്യമുണ്ടായാലും കോമ്പൻസേഷൻ നൽകുക എന്നത് കേന്ദ്രത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തമാണ് എന്നാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അന്നത്തെ ചർച്ചകളിൽ നിലപാടെടുത്തത്.

(സി) ഇതുസംബന്ധിച്ച് കേന്ദ്രത്തിൽനിന്നും അറിയിപ്പൊന്നും ലഭ്യമായിട്ടില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിക്കും.

**കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട നികുതി വിഹിതം**

37 (397) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് നിയമാനുസൃതമായി ലഭ്യമാകേണ്ട നികുതി വരുമാന വിഹിതത്തിൽ, എത്ര കോടി രൂപ 2019-20 സാമ്പത്തിക വർഷം ലഭിച്ചു;

(ബി) നിയമാനുസൃതം ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്ര കുറവ് വന്നുവെന്നറിയിക്കാമോ;

(സി) പ്രസ്തുത തുക ലഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് ജി.എസ്.ടി. നഷ്ടപരിഹാരമായി 2019-20 സാമ്പത്തിക വർഷം 30-9-2019 വരെ 3,743 കോടി രൂപ ലഭിച്ചു.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. 2019 ഒക്ടോബർ, നവംബർ എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1,510.76 കോടി രൂപ ലഭിക്കുവാനുണ്ട്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് due ആകുന്നത്.

(സി) 2019 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഒക്ടോബറിൽ ലഭിക്കാതിരുന്ന സാഹചര്യമുണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും കേരളം മുൻകയ്യെടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി.-മാർ പാർലമെന്റിൽ ഉന്നയിക്കുകയും ഇതിന്റെ ഫലമായി 2019 ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്നത് 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു.

**ഇൻപുട്ട് ടാക്സായി ലഭിക്കേണ്ടിയിരുന്ന തുക**

38 (398) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം 'ഇൻപുട്ട് ടാക്സ്' ഇനത്തിൽ 2019 ഡിസംബർ 31 വരെ കേരളത്തിന് ലഭിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നുവെന്നും ഇതിൽ എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്രത്തിൽ നിന്നും ഇൻപുട്ട് ടാക്സ് സമയബന്ധിതമായി ലഭിക്കാത്തതിനുള്ള സാഹചര്യം എന്താണെന്ന് വിശദീകരിക്കാമോ;

(സി) കേരളത്തിന് ഇൻപുട്ട് ടാക്സ് സമയബന്ധിതമായി ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിയമപരമായി ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുകയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യാപാരികൾ ഐ.ജി.എസ്.ടി. ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുന്ന തുകയാണ് പ്രധാനമായും ഇൻപുട്ട് ടാക്സ് എന്ന ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്നത്. ഇത് വ്യാപാരികൾ ഓൺലൈനായി റിട്ടേൺ ഫയൽ ചെയ്യുന്ന മുറയ്ക്ക് അത് കണക്കുകൂട്ടി അതാത് മാസാവസാനം സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതാണ്. IGST Settlement of Fund Rules 10 പ്രകാരമാണ് ഇത് ലഭ്യമാക്കുന്നത്. 2019-20 സാമ്പത്തിക വർഷം 31-1-2020 വരെ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| മാസം | IGST Utilized or payment of SGST (Rs.Core) |
|---|---|
| ഏപ്രിൽ 2019 | 871.16 |
| മേയ് 2019 | 849.29 |
| ജൂൺ 2019 | 921.51 |
| ജൂലൈ 2019 | 911.57 |
| ആഗസ്റ്റ് 2019 | 815.64 |
| സെപ്റ്റംബർ 2019 | 834.85 |
| ഒക്ടോബർ 2019 | 731.46 |
| നവംബർ 2019 | 854.27 |
| ഡിസംബർ 2019 | 729.85 |
| ജനവരി 2019 | 816.91 |

(ബി) കേന്ദ്രത്തിൽ നിന്നും ഇൻപുട്ട് ടാക്സ് സമയബന്ധിതമായി ലഭിക്കാത്തത്, GST കോമ്പൻസേഷൻ സെസ്സ് വഴി സ്വരൂപിക്കുന്ന compensation fund-ലെ അപര്യാപ്തതയാണ് എന്നാണ് 38, 39 ജി.എസ്.ടി. കൗൺസിൽ യോഗങ്ങളിൽ കേന്ദ്രപ്രതിനിധികൾ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ Compensation Fund-ൽ മതിയായ മിച്ചമുണ്ടായിട്ടും bi-monthly compensation നൽകാതെ നീട്ടിവയ്ക്കുന്നതിലെ പ്രശ്നങ്ങൾ സംസ്ഥാന സർക്കാർ നിരന്തരം ചൂണ്ടിക്കാണിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ആഗസ്റ്റ്, 2019 സെപ്റ്റംബർ മാസങ്ങളിലേത് ഒക്ടോബർ 2019-ൽ ലഭിക്കാതിരുന്ന സാഹചര്യമുണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി.

കേരളം മുൻകയ്യെടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാര തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി.-മാർ പാർലമെന്റിൽ ഉന്നയിക്കുകയും ഇതിന്റെ ഫലമായി 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്ന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജിഎസ്.ടി. നഷ്ടപരിഹാരം 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു.

## റിട്ടേണുകളുടെ സൂക്ഷ്മപരിശോന

39 (399) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ സംവിധാനത്തിൽ, മുൻ നികുതി കുടിശ്ശികയിൽ നിന്ന് ഒഴിവാകുന്നതിന് വ്യാപാരികൾ കള്ളക്കണക്ക് ഹാജരാക്കുന്നതായുള്ള പരാതികൾ പരിഹരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) റിട്ടേണുകളുടെ സൂക്ഷ്മപരിശോധനയിൽ കാലതാമസമുണ്ടാകുന്നു എന്ന പഴുതിലൂടെ വരുമാനം കുറച്ചുകാണിക്കുന്ന വ്യാപാരികൾക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) വ്യാപാരികൾ മുൻകാലങ്ങളിൽ നൽകിയ റിട്ടേണുകളുടെ താരതമ്യപഠനം നടത്തുവാൻ വകുപ്പുതലത്തിൽ നടപടി ആരംഭിക്കുമോ?

### ഉത്തരം

(എ)തുടർച്ചയായ 2 മാസം GSTR 3B ഫയൽ ചെയ്യാത്ത വ്യാപാരികളുടെ ഇ-വേ ബിൽ ബ്ലോക്ക് ചെയ്യുന്നതാണ്. ഇങ്ങനെയുള്ള കേസുകളിൽ ചരക്കുവിതരണം ചെയ്യുന്നയാളിനും സ്വീകരിക്കുന്നയാളിനും ഇ-വേ ബിൽ ജനറേറ്റ് ചെയ്യാൻ കഴിയുകയില്ല. ഇത് ഒഴിവാക്കുന്നതിനായി റിട്ടേൺ പ്രകാരം സമർപ്പിക്കേണ്ട ടേണോവർ കുറച്ചുകാണിച്ച് റിട്ടേൺ ഫയൽ ചെയ്ത് ഇ-വേ ബിൽ ബ്ലോക്കിംഗ് ഒഴിവാക്കപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കേസുകൾ അതാത് ഡെപ്യൂട്ടി കമ്മീഷണർമാർക്ക് സംസ്ഥാന ചരക്കുസേവന നികുതി നിയമത്തിലെ 61-ാം വകുപ്പ്, ചട്ടം 99 പ്രകാരം സ്കൂട്ടിനി നടത്തി നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിക്കഴിഞ്ഞു. കൂടാതെ മനഃപ്പൂർവ്വമായി തെറ്റായ റിട്ടേൺ ഫയൽ ചെയ്ത കേസുകളിൽ വകുപ്പ് 74 പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വ്യാപാരികളുടെ വിറ്റുവരവിനെ ആസ്പദമാക്കി A, B, C, D, E എന്നിങ്ങനെ 5 വിഭാഗങ്ങളിലായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ A, B കാറ്റഗറി വിഭാഗത്തിൽപ്പെടുന്നവർ ഏറ്റവും കൂടുതൽ നികുതി നൽകുന്ന വിഭാഗത്തിൽപ്പെടുന്ന വ്യാപാരികളാണ്. പ്രസ്തുത വ്യാപാരികളുടെ റിട്ടേണുകൾ മുൻഗണനാക്രമത്തിൽ യഥാസമയം സൂക്ഷ്മ പരിശോധന നടത്തിവരുന്നു. വ്യാപാരികൾ സ്വയം നികുതി നിർണ്ണയം നടത്തി സമർപ്പിക്കുന്ന റിട്ടേണുകൾ ഇ-വേ ബിൽ, ടിഡിഎസ്,

ടിസിഎസ്, 2A റിട്ടേണുകൾ എന്നിവയിലെ വിവരങ്ങളുമായി താരതമ്യം ചെയ്തു അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ ചരക്കുസേവന നികുതി നിയമപ്രകാരം നികുതിനിർണ്ണയം നടത്തി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി ടി വ്യാപാരിയിൽനിന്നും വസൂലാക്കുന്നതാണ്.

(സി) മൂല്യവർദ്ധിത നികുതി നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകളിലെ വിവരങ്ങൾ ചെക്ക്പോസ്റ്റ് ട്രാൻസാക്ഷൻ, ഇൻവോയ്സ് ഡാറ്റാ, വാഹനപരിശോധന, കട പരിശോധന എന്നിവയിലൂടെ ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്യുന്ന നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കിവരുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന കേസുകളിൽ പുനർനികുതി നിർണ്ണയം നടത്തിവരുന്നു. ചരക്കുസേവന നികുതി നിയമപ്രകാരം സമർപ്പിച്ച റിട്ടേണുകൾ ഇ-വേബിൽ, ടിഡിഎസ്, ടിസിഎസ്, 2A റിട്ടേണുകൾ എന്നിവയിലൂടെ ലഭ്യമായ വിവരങ്ങളുമായി താരതമ്യം ചെയ്ത് അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ നിയമപ്രകാരം നികുതി നിർണ്ണയം നടത്തി സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതി വ്യാപാരികളിൽനിന്നും വസൂലാക്കുന്നു.

**ഡൽഹി സംസ്ഥാനത്തെ ധനമിച്ചം**

40 (400) <u>ശ്രീ. കെ. എം. ഷാജി:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u>
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ:</u>
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ ജനക്ഷേമപദ്ധതികളും വികസന പ്രവർത്തനങ്ങളും നടപ്പാക്കിക്കഴിഞ്ഞും ധനമിച്ചം ഉണ്ടാക്കാൻ ഡൽഹി സംസ്ഥാനത്തിന് കഴിഞ്ഞതായി അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ കണ്ടെത്തിയതായ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ആ റിപ്പോർട്ട് വസ്തുതാപരമാണോ എന്ന കാര്യം അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൺട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ സമർപ്പിച്ചിട്ടുള്ള ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയുടെ 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ 2016-17-ൽ ഉണ്ടായിരുന്ന 1051 കോടി രൂപയുടെ ധനകമ്മിയിൽ നിന്ന് 2017-18-ൽ 113 കോടി രൂപയുടെ ധനമിച്ചം ഉണ്ടാക്കാൻ കഴിഞ്ഞതായി സൂചിപ്പിച്ചിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധി

41 (401) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ദൈനംദിന ചെലവുകളെ ബാധിക്കുന്ന തരത്തിലുള്ള സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനും ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിനും ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ സർക്കാർ നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹചര്യത്തിലും മുഖ്യമന്ത്രിയുൾപ്പെടെയുള്ളവർ വിദേശയാത്ര നടത്തുന്നത് ഈ പ്രതിസന്ധി രൂക്ഷമാക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ധനകാര്യ വകുപ്പ് ഇത്തരം യാത്രകൾക്ക് ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉന്നയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ നയങ്ങൾ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഗുരുതര പ്രത്യാഘാതങ്ങളും കേന്ദ്രം സംസ്ഥാനത്തിനോട് പുലർത്തുന്ന നിസ്സഹകരണ മനോഭാവവും ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രയാസമുണ്ടാക്കിയിട്ടുണ്ട്. ടി സാഹചര്യത്തിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ യാതൊരു ഭംഗവും കൂടാതെ നടപ്പിലാക്കാൻ ഉതകുന്ന വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്.

(സി&ഡി) സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം മുൻനിർത്തി ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും വിദേശരാജ്യങ്ങൾ സന്ദർശിക്കേണ്ടതായി വരുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ചെലവുകളിൽ പരമാവധി മിതത്വം പാലിക്കാറുണ്ട്.

## സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ നടപടി

42 (402) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുദിനം ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുകയാണ് എന്ന ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) നികുതി പിരിവിലെ പരാജയമാണ് ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചത് എന്നത് വാസ്തവമാണോ എന്ന് വ്യക്തമാക്കാമോ;

(സി) നിത്യനിദാന ചെലവുകൾക്കായി കോടികൾ കടമെടുക്കുമ്പോഴും സർക്കാർ ധൂർത്തും അനാവശ്യചെലവുകളും നടത്തുകയാണ് എന്ന ആക്ഷേപം വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ രൂക്ഷമായ സാഹചര്യത്തിൽ പാഴ്ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ നയങ്ങൾ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഗുരുതര പ്രത്യാഘാതങ്ങളും കേന്ദ്രം സംസ്ഥാനത്തിനോട് പുലർത്തുന്ന നിസ്സഹകരണ മനോഭാവവും ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ടി പ്രതിസന്ധി സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്.

(ബി) രാജ്യം നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വസ്തുത പരിഗണിക്കാതെയും അഭിമുഖീകരിക്കാതെയും കേന്ദ്രസർക്കാർ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ഭാരമാണ് അടിസ്ഥാന കാരണം.

(സി&ഡി) നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശ യാത്രയ്ക്കും വിമാന യാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതോടൊപ്പം സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുമുണ്ട്. ടി പ്രവൃത്തി തുടരുന്നതാണ്. രാജ്യത്ത് നടപ്പിലാക്കുന്ന ഏറ്റവും ഫലപ്രദമായ മാന്ദ്യവിരുദ്ധ പാക്കേജ് കേരളത്തിൽ കിഫ്ബി മുഖാന്തരം നടക്കുന്ന അന്യാദൃശമായ മൂലധന നിക്ഷേപമാണ്.

### സർക്കാരിന്റെ സാമ്പത്തിക നില

43 (403) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സാമ്പത്തിക നില അതീവ ഗുരുതരമായ സാഹചര്യത്തിൽ വരുമാനം കൂട്ടുവാൻ ഭൂനികുതി ഇരട്ടിയാക്കണമെന്നും ഭൂമിയുടെ ന്യായവില വർഷംതോറും കൂട്ടണമെന്നും സെക്രട്ടറി തല സമിതി ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഇത് നടപ്പിലാക്കുന്നതോടുകൂടി പ്രതിവർഷം എത്ര കോടി രൂപ അധികമായി സമാഹരിക്കുവാൻ സാധിക്കുമെന്നാണ് കരുതുന്നത്?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) റിപ്പോർട്ടിന്മേൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

### സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി

44 (404) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതി എന്തെന്നും മുൻസർക്കാർ പുറത്തിറക്കിയ ധവളപത്രത്തിലെ ആക്ഷേപങ്ങളിലെ പൊരുത്തക്കേടുകൾ എന്തെല്ലാമെന്നും നിലവിലെ ധനസൂചിക സംബന്ധിച്ച വിശദാംശങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്തുണ്ടായ മൂലധന നിക്ഷേപക്കുതിപ്പും മുൻസർക്കാരിന്റെ കാലത്തുണ്ടായ മൂലധന നിക്ഷേപ തകർച്ചയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ഓരോ വർഷത്തെയും ധനസൂചിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) കേന്ദ്രസർക്കാർ സംസ്ഥാനത്തിന് വർഷംതോറും നൽകേണ്ട സാമ്പത്തിക വിഹിതം (ജി.എസ്.ടി. ഉൾപ്പെടെ) എത്രയെന്നും, അതിൽ ലഭ്യമായത് എത്രയെന്നും മുൻ വർഷം ലഭ്യമാകേണ്ടിയിരുന്ന കുടിശ്ശിക നാളിതുവരെ ലഭ്യമായോയെന്നും, ആയത് നേടിയെടുക്കാനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ധനസൂചകങ്ങളുടെ അടിസ്ഥാനത്തിലുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്:

(ശതമാനത്തിൽ)

| ഇനം | 2016-17 | 2017-18 | 2018-19 (RE) | 2019-20 (BE) |
|---|---|---|---|---|
| റവന്യൂ കമ്മി/ജി.എസ്.ഡി.പി. | 2.51 | 2.46 | 1.68 | 1.00 |
| ധനകമ്മി/ ജി.എസ്.ഡി.പി. | 4.29 | 3.91 | 3.06 | 3.00 |
| പ്രാഥമിക ധനകമ്മി/ ജി.എസ്.ഡി.പി. | 2.33 | 1.71 | 1.04 | 1.04 |
| കടബാധ്യത/ ജി.എസ്.ഡി.പി. | 30.25 | 30.69 | 30.49 | 30.21 |

മുൻ സർക്കാർ പുറത്തിറക്കിയ 2011-ലെ ധവളപത്രത്തിൽ ജി.എസ്.ഡി.പി.-യുടെ വളർച്ചാ നിരക്കിലാണ് പ്രധാനമായും പൊരുത്തക്കേടുണ്ടായിട്ടുള്ളത്. 2004-05 വർഷത്തിൽ ജി.എസ്.ഡി.പി.-യിൽ 23.34% വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് പ്രസ്തുത ധവളപത്രത്തിൽ അവകാശപ്പെട്ടിരുന്നു. എന്നാൽ 1999-2000-ലെ വില സൂചിക (Series) അടിസ്ഥാനപ്പെടുത്തിയാണ് 2003-04 വർഷത്തെ ജി.എസ്.ഡി.പി. 96698 കോടിയായി കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം 2004-05 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി. കണക്കാക്കിയാൽ 110260 കോടിയാകും. ഇതിന്റെ വളർച്ചാനിരക്ക് 14.02% മാത്രമാണ്. ധവളപത്രത്തിൽ 2004-05 സാമ്പത്തിക വർഷത്തെ ജി.എസ്.ഡി.പി.-യായ 119264 കോടി കണക്കാക്കിയിട്ടുള്ളത് 2004-05 വില

സൂചിക (Series) അടിസ്ഥാനമാക്കിയാണ്. രണ്ട് വ്യത്യസ്ത വില സൂചികകളെ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ള ജി.എസ്.ഡി.പി. ധവളപത്രത്തിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ് 2003-04-നെ അപേക്ഷിച്ച് 2004-05 വർഷത്തിൽ ജി.എസ്.ഡി.പി.-യിൽ 23.34% വളർച്ച കൈവരിച്ച എന്ന് സൂചിപ്പിക്കാൻ ഇടയാക്കിയിട്ടുള്ളത്. ആയതിനാൽ 2004-05 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ യഥാർത്ഥ വളർച്ചാ നിരക്ക് 14.02% ആണെന്ന് കാണാവുന്നതാണ്. ഇതനുസരിച്ച് 2004-05-ലെ ജി.എസ്.ഡി.പി. അടിസ്ഥാനമാക്കിയുള്ള ധനസൂചകങ്ങളിലും പൊരുത്തക്കേടുണ്ടായിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ അന്തിമ കണക്കുകൾ പ്രകാരമുള്ള 2011-12 സാമ്പത്തിക വർഷം മുതൽ 2017-18 വരെയുള്ള മൂലധന ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | മൂലധനച്ചെലവ് |
|---|---|
| 2011-12 | 3852.92 |
| 2012-13 | 4603.29 |
| 2013-14 | 4294.33 |
| 2014-15 | 4254.59 |
| 2015-16 | 7500.04 |
| 2016-17 | 10125.95 |
| 2017-18 | 8748.87 |

(ഡി)) കേന്ദ്രസർക്കാരിൽ നിന്ന് 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം (കേന്ദ്രനികുതി, ധനകാര്യ കമ്മിഷൻ ഗ്രാന്റ്) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | ലഭിക്കേണ്ട തുക | ലഭിച്ച തുക |
|---|---|---|
| കേന്ദ്ര നികുതി | 19038.17 | 19028.17 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1900.06 | 1614.12 |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് ഇനത്തിലുള്ള കുടിശ്ശിക ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കലാണ് ലഭിക്കേണ്ടത്. 2019 ഒക്ടോബർ മാസം മുതലുള്ള ഏകദേശം 1600 കോടി രൂപയുടെ നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

45 (405) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്ന വിലയിരുത്തൽ തെറ്റായിരുന്നുവെന്ന നിഗമനത്തിൽ ഇപ്പോൾ എത്തിച്ചേർന്നിട്ടുണ്ടോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയത് വഴി റവന്യൂ വരുമാനത്തിൽ വലിയ തോതിലുള്ള ഇടിവ് സംഭവിച്ചിട്ടുണ്ടോ; ഇതിന്റെ യഥാർത്ഥ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നുള്ള അർഹതപ്പെട്ട നികുതി വിഹിതം ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും അപാകതകൾ ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യവും കേന്ദ്രസർക്കാർ കൈക്കൊണ്ട വികലമായ നയങ്ങൾ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഗുരുതര പ്രത്യാഘാതങ്ങളും കേന്ദ്രം സംസ്ഥാനത്തിനോട് പുലർത്തുന്ന നിസ്സഹകരണ മനോഭാവവും ജീവനക്കാരുടെ പി.എഫ്., ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയതും ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നതും സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

(ബി&സി) ജി.എസ്.ടി. എന്നത് Destination Based Tax ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് ഗുണകരമാകേണ്ടതാണ്. എന്നാൽ കേന്ദ്രസർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിൽ വന്ന പാളിച്ചകൾമൂലം നികുതി

ചോർച്ചയുണ്ടാകുകയും തത്ഫലമായി ചരക്ക് സേവന നികുതിയിലെ പ്രഖ്യാപിത വരുമാന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ചരക്കുസേവന നികുതി നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാന നഷ്ടം നികുത്തുന്നതിന് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. എന്നാൽ ടി നിയമപ്രകാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ട നഷ്ടപരിഹാരം അകാരണമായി വൈകുന്നതും സംസ്ഥാനത്ത് ലിക്വിഡിറ്റി പ്രതിസന്ധിക്ക് ഹേതുവായിട്ടുണ്ട്.

(ഡി) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെയും സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ യഥാസമയം സർക്കാർ സമർപ്പിച്ചിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കുന്ന ഘട്ടത്തിൽ നിയമപ്രകാരം രണ്ട് മാസത്തിലൊരിക്കൽ സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം വൈകുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മുൻകാലങ്ങളിൽ നിന്നും വിഭിന്നമായൊരു നയം സ്വീകരിച്ച് സംസ്ഥാനത്തിന്റെ അംഗീകൃത വായ്പാ പരിധി വെട്ടിച്ചുരുക്കിയ വിഷയവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങളിലൊന്നും സർക്കാരിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ല.

## കിഫ്ബിയുടെ പരസ്യത്തിന് ചെലവായ തുക

46 (407) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നവകേരള നിർമ്മാണം വാക്കിനൊപ്പം ചുവടും' എന്ന തലക്കെട്ടിൽ കിഫ്ബി പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പരസ്യം പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി ഓരോ പത്രവും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പരസ്യത്തിന്റെ ബില്ലുകൾ ഇതിനകം മാറി നൽകിയിട്ടുണ്ടോ; എങ്കിൽ ആകെ എന്ത് തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) നൽകിയിരുന്നു. പ്രസ്തുത പരസ്യത്തിന് മലയാള മനോരമ, ഹിന്ദു, ദേശാഭിമാനി എന്നീ പത്രങ്ങളൊഴികെ ബാക്കി എല്ലാ പത്രങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള തുകയ്ക്കാണ് പരസ്യം നൽകിയത്. പ്രസ്തുത പരസ്യത്തിന് വിവിധ പത്രങ്ങൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള നിർമ്മിതി ബോധവൽക്കരണ പരിപാടി

47 (408) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 20-12-2019-ന് തിരുവനന്തപുരത്ത് നടത്തിയ കേരള നിർമ്മിതി എന്ന ബോധവൽക്കരണ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ഈ പ്രോഗ്രാമിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; എസ്റ്റിമേറ്റിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ജില്ലാതലത്തിൽ ഇതുപോലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പരിപാടിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) അഞ്ച് വർഷം കൊണ്ട് 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പിന് കീഴിൽ സ്ഥാപിതമായ കേന്ദ്രീകൃത ഏജൻസിയാണ് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ കിഫ്ബി. സമഗ്രവും സുദൃഢവും സുസ്ഥിരവുമായ വികസന യജ്ഞവുമായി ആധുനിക കേരളത്തിന് കരുത്തേകുന്ന സംരംഭമായ കിഫ്ബി നാളിതുവരെ 54,391.47 കോടി രൂപയുടെ 679 പദ്ധതികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. നാളിതുവരെ കാണാത്ത തരത്തിൽ സംസ്ഥാനത്തെങ്ങും ജനജീവിതത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്ന അനേകം പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വിവിധ വകുപ്പുകളുടെ പദ്ധതികൾക്ക് ധനലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കിക്കൊണ്ട് കിഫ്ബി ഈ വികസന കുതിപ്പിന് പുതിയ ഊർജ്ജം പകരുന്നു.

സംസ്ഥാന ചരിത്രത്തിൽ സമാനതകളില്ലാത്ത ഈ വികസന മുന്നേറ്റത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധമുണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമായതിനാൽ കിഫ്ബിയിൽ മീഡിയ പ്ലാൻ നടപ്പിലാക്കുന്നതിന് കിഫ് ബോർഡ് തീരുമാനിച്ചതിൻപ്രകാരമാണ് ഓരോ ജില്ലയിലും പദ്ധതികളുടെ പ്രദർശനങ്ങൾ നടത്തുവാൻ നിശ്ചയിച്ചത്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ മോഡലുകൾ ജനങ്ങൾക്കിടയിൽ പ്രദർശിപ്പിക്കുക വഴി, സ്വന്തം ജില്ലയിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി

സ്വീകരിക്കുന്ന നൂതന മാർഗ്ഗങ്ങളെക്കുറിച്ചും വിവിധ ധനസമാഹരണ മാർഗ്ഗങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്ക് നേരിട്ട് മനസ്സിലാക്കുവാൻ ബോധവൽക്കരണ പരിപാടിയിലൂടെ സാധിക്കുന്നു. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി നടത്തുന്ന പദ്ധതി അവലോകന യോഗങ്ങൾ വഴി നിയമസഭാ സാമാജികർക്ക് അവരവരുടെ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചും അതിന്മേലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസി ഉദ്യോഗസ്ഥരുമായും കിഫ്ബി ഉദ്യോഗസ്ഥരുമായി സംവദിക്കുന്നതിനും സാധിക്കുന്നു.

ഇത്തരത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായാണ് എല്ലാ ജില്ലകളിലും കിഫ്ബിയിലൂടെയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള പ്രദർശനങ്ങൾ നടത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത ബോധവൽക്കരണ പരിപാടി തുടർന്ന് എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതാണ്.

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC, Chavara)-നെയാണ് പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ളത്. അവർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 86,05,333 രൂപയാണ് ഒരു പ്രോഗ്രാമിന് ചെലവ് വരുന്നത്. എസ്റ്റിമേറ്റിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) എല്ലാ ജില്ലകളിലും കിഫ്ബിയിലൂടെയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നതാണ്. ആയതിന് മൊത്തമായി 12,90,80,000 രൂപയാണ് എസ്റ്റിമേറ്റ് തുക.

## കിഫ്ബി

48 (409) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി-യിലൂടെ 2020 ജനുവരി 20 വരെ എത്ര തുകയ്ക്കുള്ള പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ എത്ര തുക ഇതിനോടകം ചെലവായിട്ടുണ്ട്; വിശദവിവരം നൽകാമോ;

(സി) കിഫ്ബി-യിലൂടെ അംഗീകാരം നൽകിയിട്ടുള്ളതും അംഗീകാരത്തിനായി ലഭ്യമായിട്ടുള്ളതുമായ 100 കോടി രൂപയ്ക്ക് മേലുള്ള പദ്ധതികളുടെ വിശദവിവരം നൽകാമോ?

ഉത്തരം

(എ) കിഫ്ബിയിലൂടെ 2020 ജനവരി 20 വരെ 54391.47 കോടി തുകയ്ക്കുള്ള പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) 3-2-2020-ലെ കണക്കുകൾ പ്രകാരം 4580.96 കോടി രൂപ ചെലവായിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) കിഫ്ബിയിലൂടെ അംഗീകാരം നൽകിയിട്ടുള്ളതും അംഗീകാരത്തിനായി ലഭ്യമായിട്ടുള്ളതുമായ 100 കോടി രൂപയ്ക്ക് മേലുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

## കിഫ്ബി മസാല ബോണ്ട്

49 (410) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മസാല ബോണ്ടുവഴി എത്ര കോടി രൂപയാണ് സമാഹരിച്ചത്; അതിന്റെ കൂപ്പൺറേറ്റ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) മസാല ബോണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് വേറെ ഏതൊക്കെ ഇനങ്ങളിൽ ചെലവുണ്ടായിയെന്നും ;ഓരോ ഇനത്തിലും എന്ത് തുക ചെലവായിയെന്നും; ആർക്കൊക്കെയാണ് തുക കൈമാറിയതെന്നും വ്യക്തമാക്കാമോ;

(സി) മസാല ബോണ്ടിന്റെ സമാഹരണവുമായി ബന്ധപ്പെട്ട് ആവർത്തന ചെലവുകൾ ഉണ്ടാകുമോ; ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത ചെലവ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബി മസാല ബോണ്ടുവഴി 2150 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഈ ബോണ്ടുകൾക്ക് 9.723% ആണ് കൂപ്പൺ റേറ്റ്.

(ബി&സി) മസാല ബോണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ചെലവുകളുടെ വിവരങ്ങൾ ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ

50 (411) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ നടപടികൾ (അലൈൻമെന്റ്, ഡി.പി.ആർ. ഉൾപ്പെടെ) വൈകാൻ കാരണമെന്ത്; വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ തീരദേശ ഹൈവേ എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) താരതമ്യേന കൂടുതലായുള്ള ഭൂമി ഏറ്റെടുക്കലും അതിനോടനുബന്ധിച്ചുള്ള പുനരധിവാസവുമാണ് തീരദേശ ഹൈവേ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന നീണ്ട സമയക്രമത്തിനുള്ള പ്രധാന കാരണം. കൂടാതെ വിശദ പഠന റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കാൻ പുറത്തുള്ള വിദഗ്ദ്ധ ഏജൻസികൾ/ കൺസൾട്ടൻസികളുടെ സഹായം വേണമെന്നതും ഒരു കാരണമാണ്. തീരദേശ ഹൈവേയുടെ ഭൂരിഭാഗം സ്ട്രെച്ചുകളിലും കടലാക്രമണത്തെ ചെറുക്കുന്ന പ്രത്യേക നിർമ്മാണങ്ങൾ വേണ്ടി വരുന്നതിനാലാണ് വിദഗ്ദ്ധ ഏജൻസികളുടെ സേവനം വേണ്ടിവരുന്നത്.

(ബി) ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത മലപ്പുറം ജില്ലയിലെ 15 കിലോമീറ്റർ വരുന്ന ഒരു സ്ട്രെച്ചിൽ തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. പ്രത്യേക നിർമ്മാണങ്ങൾ ആവശ്യമില്ലാത്ത മറ്റു ചില സ്ട്രെച്ചുകളുടെയും ഫലങ്ങളുടെയും വിശദ പഠന റിപ്പോർട്ട് നിർവ്വഹണ ഏജൻസിയായ കെ.ആർ.എഫ്.ബി. തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കലും പുനരധിവാസവും ത്വരിതപ്പെടുത്താനായി കിഫ്ബിയുടെ നാല് പ്രത്യേക ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയിലെ വിവിധ സ്ട്രെച്ചുകളുടെയും പാലങ്ങളുടെയും വിശദ പഠന റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് അവയ്ക്ക് കിഫ്ബി അംഗീകാരം നൽകുകയും ഭൂമി ഏറ്റെടുക്കലിനുശേഷം നിർമ്മാണം ആരംഭിക്കുകയും ചെയ്യും.

## കിഫ്ബി ആക്ട് പ്രകാരമുള്ള വിവിധ സ്രോതസ്സുകൾ

51 (412) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആക്ട് പ്രകാരമുള്ള വിവിധ സ്രോതസ്സുകൾ മുഖേന കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്രോതസ്സുകളിൽ നിന്നുമാണ് കിഫ്ബി ധനസമാഹരണം നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഓരോ സ്രോതസ്സിൽ നിന്നും ഇതിനകം സമാഹരിച്ച തുക എത്രയൊക്കെയാണെന്ന് പ്രത്യേകമായി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ് ആക്ടിൽ വിവക്ഷിക്കും പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നും ധനസമാഹരണം നടത്തുന്നുണ്ട്. ഇതുവരെ കിഫ്ബി വിവിധ സ്രോതസ്സുകളിൽ നിന്നും സമാഹരിച്ച തുകയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബി മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

52 (413) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവർത്തനമാരംഭിച്ച കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്; ഓരോന്നിനും അനുവദിച്ച തുക ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും സാങ്കേതിക തടസ്സങ്ങൾമൂലം നിർത്തലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) കിഫ്ബി പദ്ധതി പ്രഖ്യാപിച്ചതിനുശേഷം ഓരോ എം.എൽ.എ. മാർക്ക് അല്ലെങ്കിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ഡി) ഓരോന്നിനും അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കിഫ്ബി മുഖേന 679 Sub Project-കൾക്ക് ഇതുവരെ KIIFB ധനാനുമതി നൽകി. ഇവയിൽ 347 പ്രോജക്ടുകളുടെ ടെൻഡർ പൂർത്തീകരിച്ചിട്ടുണ്ട്. 25 പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭിച്ച് അതിന്മേൽ അവലോകനം നടത്തി പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സങ്ങളുള്ളതായി (കിഫ്ബി മാനദണ്ഡങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രകാരം സാങ്കേതിക തടസ്സങ്ങൾ ഉൾപ്പെടെ) കണ്ടെത്തിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കിഫ്ബി പദ്ധതി

53 (414) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ എന്തെല്ലാം മാനദണ്ഡങ്ങളാണു പാലിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പത്തുമീറ്റർ വരെ വീതിയുള്ള റോഡുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പത്തുമീറ്റർ വരെ വീതിയുള്ള റോഡുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡുകൾ തെരഞ്ഞെടുക്കുന്നതിനുള്ള എല്ലാ മാനദണ്ഡങ്ങളും 20-11-2018-ലെ KIIFB മാനുവൽ പതിപ്പ് 2.0-ൽ വിശദമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് (SPV) കൈമാറിയിട്ടുണ്ട്. ഈ വിവരങ്ങൾ KIIFB വെബ് സൈറ്റിലും ലഭ്യമാണ്.

(ബി&സി) KIIFB നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച്, കുറഞ്ഞത് 10 മീറ്റർ റൈറ്റ് ഓഫ് വേ (ROW) ഉള്ള റോഡുകൾക്ക് മാത്രമേ KIIFB അംഗീകാരം നൽകുകയുള്ളൂ.

## കിഫ്ബി പരസ്യം നൽകുന്ന രീതികൾ

54 (415) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരസ്യം നൽകുന്നതിന് കിഫ്ബി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് എന്നറിയിക്കാമോ;

(ബി) ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും ഏജൻസിയുടെ കമ്മീഷൻ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഏജൻസി വഴിയല്ലാതെ കിഫ്ബി നേരിട്ട് പരസ്യം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു തുകയ്ക്കാണ് പരസ്യം നൽകിയത്; വെളിപ്പെടുത്താമോ;

(ഡി) ഏജൻസി വഴി ആർക്കെല്ലാം പരസ്യം നൽകിയെന്നും ഇപ്രകാരം പരസ്യം നൽകിയതിന് എത്ര തുകയാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കിഫ്ബിയിൽ രൂപീകരിച്ച മീഡിയാ മാനേജ്മെന്റ് സെൽ മുഖേനയാണ് പരസ്യങ്ങൾ നൽകുന്നത്. സർക്കാരിന്റെ ഐ & പി ആർ ഡി വകുപ്പ് എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികൾ മുഖേനയാണ് പരസ്യങ്ങൾ നൽകുന്നത്.

(സി&ഡി) കിഫ്ബിയുടെ മീഡിയാ മാനേജ്മെന്റ് സെൽ മുഖേന പരസ്യം നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബി വഴിയുള്ള പദ്ധതികൾ**

55 (416) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ കിഫ്ബി വഴി എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) കിഫ്ബി മുഖേന എത്ര പ്രോജക്ടുകൾക്ക് ഇതുവരെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട് എന്നും അവയിൽ എത്ര പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) കിഫ്ബി വഴി എത്ര കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവൃത്തിയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ കിഫ്ബിയിൽനിന്നും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഇതുവരെ കിഫ്ബി വഴി 679 പദ്ധതികൾക്കായി 54391.47 കോടി രൂപയുടെ അംഗീകാരമാണ് നൽകിയത്. കിഫ്ബി മുഖേന 347 പ്രോജക്ടുകളുടെ ടെൻഡർ പൂർത്തീകരിച്ചിട്ടുണ്ട്. 25 പ്രോജക്ടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി&ഡി) കിഫ്ബി വഴി 1759.27 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് 1-2-2020-ലെ കണക്കുകൾ പ്രകാരം 4580.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതികൾ

56 (417) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഇതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ എത്ര തുകയ്ക്കുള്ള പദ്ധതികൾ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തിയാക്കിയെന്നും പൂർത്തിയാക്കിയ പദ്ധതികളുടെ മൊത്തം അടങ്കൽ എത്ര കോടി രൂപയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കിഫ്ബി നാളിതുവരെ 54391.47 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ബി) ഇതിൽ 10581.78 കോടി രൂപയ്ക്കുള്ള പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) നിർമ്മാണം ആരംഭിച്ച പദ്ധതികളിൽ ഇതിനകം 13 പദ്ധതികൾ പൂർണ്ണമായും 8 പദ്ധതികൾ വിവിധ ഘട്ടത്തിലും 46 ആശുപത്രികളിൽ കാത്ത് ലാബ്/ഡയാലിസിസ് യൂണിറ്റുകളുടെ സ്ഥാപിക്കലും 33 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. പൂർത്തിയാക്കിയ പദ്ധതികളുടെ മൊത്തം അടങ്കൽ തുക 1764.27 കോടി രൂപയാണ്.

## കിഫ്ബി ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി

57 (418) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ നീക്കിയിരിപ്പ് തുക ഫലപ്രദമായി നിക്ഷേപിക്കുന്നതിന് ഉപദേശം നൽകുന്നതിനായി കിഫ്ബി ഇൻവെസ്റ്റ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നതിന് കിഫ്ബി എന്തെങ്കിലും പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി)പ്രസ്തുത കമ്മിറ്റിയുടെ ഉപദേശപ്രകാരം എത്ര കോടി രൂപയാണ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ഇതിനകം നിക്ഷേപിച്ചത്; വിശദാംശം നൽകു മോ ;

ഉത്തരം

(എ&ബി) കിഫ്ബിയുടെ നീക്കിയിരുപ്പ് തുക ഫലപ്രദമായി നിക്ഷേപിക്കുന്നതിലേയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിലേയ്ക്കായി ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കിഫ്ബിയിലെ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നത് കിഫ്ബിയിൽ നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസി പ്രകാരമാണ്. പ്രസ്തുത പോളിസി പ്രകാരം നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിന്മേൽ ഉപദേശം നൽകുന്നതിനും നിക്ഷേപങ്ങളുടെയും നിക്ഷേപസ്ഥാപനങ്ങളുടെയും സമയബന്ധിതമായ വിശകലനം നടത്തുന്നതിനും ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ട്. ധനകാര്യ (റിസോഴ്സ്) സെക്രട്ടറി കൺവീനറും സാമ്പത്തിക രംഗത്തെ വിദഗ്ദ്ധരായ ശ്രീ. ജെ. എൻ. ഗുപ്ത, പ്രൊഫ. സുശീൽ ഖന്ന, ശ്രീ. ആർ. കെ. നായർ എന്നിവർ അംഗങ്ങളായുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ് വിദഗ്ദ്ധ ഉപദേശം നൽകുന്നത്. പദ്ധതി ചെലവുകൾക്കായി പ്രതീക്ഷിക്കുന്ന തുകയ്ക്ക് ഉപരിയായുള്ള മിച്ച പണമാണ് മികച്ച വരുമാനവും സുരക്ഷിതത്വവും ഉറപ്പുവരുത്തി വിവിധ നിക്ഷേപങ്ങളാക്കി മാറ്റുന്നത്. ബാങ്കുകളിൽ തുക നിക്ഷേപിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ, പരിധി എന്നിവ സംബന്ധിച്ച വിവരങ്ങൾക്കായി കിഫ്ബിയിൽ നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസി അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) കിഫ്ബി നിലവിൽ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപങ്ങളുടെയും മ്യൂച്വൽ ഫണ്ട് നിക്ഷേപങ്ങളുടെയും വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**റെയിൽവേ മേൽപ്പാലങ്ങൾ**

58 (419) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര റയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനാണ് കിഫ്ബിയുടെ ധനസഹായത്തോടെ പദ്ധതിയിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഏതെല്ലാം മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പുൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഏതെല്ലാം റയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവെന്നും ആയവയിൽ എത്രയെണ്ണം കോൺക്രീറ്റ് സ്ട്രക്ചറിൽ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും വിശദീകരിക്കുമോ;

(ഡി) കോൺക്രീറ്റ് സ്ട്രക്ചറിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച ഏതെല്ലാം പാലങ്ങൾ സ്റ്റീൽ സ്ട്രക്ചറിൽ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയെന്നും ആയതിന്റെ പുരോഗതി എന്തെല്ലാമെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കിഫ്ബിയുടെ മേൽനോട്ടത്തിൽ 69 റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ട്.

(ബി) മാളിയേക്കൽ റെയിൽവേ മേൽപ്പാലം, കൊടുവള്ളി റെയിൽവേ മേൽപ്പാലം എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് പൂർണ്ണമായും ചിറയിൻകീഴ് റെയിൽവേ മേൽപ്പാലത്തിന്റെ 95% സ്ഥലമെടുപ്പും പൂർത്തീകരിച്ചിട്ടു ണ്ട്.

(സി) മാളിയേക്കലും ചിറയിൻകീഴും എസ്റ്റിമേറ്റും പ്ലാനും അംഗീകരിച്ച് എസ്.പി.വി. ടെണ്ടർ നടപടി പൂർത്തീകരിച്ചു. സ്റ്റീൽ സ്ട്രക്ച്ചറിൽ നിർമ്മിക്കുന്നതിനുവേണ്ടി ഇവയുടെ ടെണ്ടർ ഡോക്യുമെന്റ്സ് എസ്.പി.വി. പുനഃക്രമീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) കോൺക്രീറ്റ് സ്ട്രക്ച്ചറിൽ നിർമ്മിക്കുന്നതിനുള്ള 10 റെയിൽവേ മേൽപ്പാലങ്ങൾ (മാളിയേക്കൽ, ചിറയിൻകീഴ്, കൊടുവള്ളി, അകത്തേത്തറ, ഗുരുവായൂർ, ഇരവിപുരം, ചിറങ്ങര, താനൂർ-തെയ്യാല, വാടാനംകുറിശ്ശി, ചേളാരി-ചെട്ടിപ്പടി). ഇപ്പോൾ സ്റ്റീൽ സ്ട്രക്ച്ചറിൽ നിർമ്മിക്കുന്നതിനുവേണ്ടി എസ്.പി.വി. ടെണ്ടർ ഡോക്യുമെന്റ്സ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

**തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

59 (420) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കിഫ്ബി മുഖാന്തരം തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച മുഴുവൻ പ്രവൃത്തികളും ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെയൊക്കെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിഫ്ബി മുഖാന്തരം തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെയും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി* ചേർക്കുന്നു.

**കിഫ്ബിക്ക് ലഭിച്ച നിക്ഷേപം**

60 (421) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് സർക്കാരിൽ നിന്നുമല്ലാതെ ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഓരോ നിക്ഷേപത്തിന്റെയും തിരിച്ചടവ് കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപങ്ങളുടെ തിരിച്ചടവിന് എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾക്ക് പുറമെ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വരൂപിച്ച നിക്ഷേപങ്ങളുടെ വിവരം (10-2-2020-ലെ കണക്കുകൾ പ്രകാരം) താഴെ പറയുന്നു:

| നമ്പർ | സ്രോതസ്സ് | തുക അനുവദിച്ച ദിവസം | അനുവദിച്ച തുക | വിനിയോഗിച്ച തുക | നിലവിലെ പലിശ നിരക്ക് (%) | തിരിച്ചടവ് കാലാവധി |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | Jan-19 | 1,000 | 600 | 9 | 10 |
| 2 | ഇന്ത്യൻ ബാങ്ക് | Jan-19 | 500 | 500 | 9.15 | 12 |
| 3 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | Feb-19 | 500 | 500 | 8.95 | 10 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 4 | സിൻഡിക്കേറ്റ് ബാങ്ക് | Sep-19 | 200 | 200 | 8.6 | 12 |
| 5 | നബാർഡ് | Dec-17 | 565 | 200.8 | 9 | 12 |
| 6 | കെ .എസ് .എഫ്.ഇ. -സെക്യൂരിറ്റി ബോണ്ട് (പ്രവാസി ചിട്ടി) | Nov-18 | NA | 21.198 | 8.5 | 5 |
| 7 | കെ .എസ് .എഫ്.ഇ.- ഡെപ്പോസിറ്റ് ബോണ്ട് (പ്രവാസി ചിട്ടി) | Jul-19 | NA | 76.76 | 8.6 | 3 |
| 8 | നോർക്ക ഡിവിഡന്റ് സ്കീം | Dec-19 | NA | 17.93 | 9 | ** |

** ഡിവിഡന്റ് സ്കീമിന്റെ മാനദണ്ഡങ്ങളനുസരിച്ച് ആദ്യ മൂന്നവർഷങ്ങളിൽ തിരിച്ചടവുകൾ ഒന്നുംതന്നെ വേണ്ടിവരികയില്ല. ശേഷം വരിക്കാരന്റെയും അവകാശിയുടെയും മരണശേഷം മാത്രമേ ഇതിന്റെ തിരിച്ചടവ് വരൂ.

## കിഫ്ബിയുടെ ധനസമാഹരണം

61 (422) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് ഫണ്ട് സമാഹരിക്കുന്നതിനായി രാജ്യാന്തര കടപ്പത്ര വിപണിയിൽനിന്നും ബോണ്ടുവഴി പണം സ്വരൂപിക്കുന്നതിനും കൂടുതൽ നിക്ഷേപം കിഫ്ബിയിലേയ്ക്ക് ആകർഷിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏതൊക്കെ തരത്തിലുള്ള ബോണ്ടുകളിലൂടെയാണ് പ്രസ്തുത ധനസമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) ഡയസ്പോറ ബോണ്ട് വഴി എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; അതിനായുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ആഭ്യന്തര-അന്താരാഷ്ട്ര ധനവിപണിയെ കിഫ്ബി കൃത്യമായി നിരീക്ഷിച്ചു വരുന്നുണ്ട്. ഉചിതമായ സന്ദർഭങ്ങളിൽ ധനത്തിന്റെ ലഭ്യതയും ആവശ്യകതയും നിരക്കും അടിസ്ഥാനപ്പെടുത്തി മികച്ച സ്രോതസ്സിലൂടെ ധനസമാഹരണം നടത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്. നിലവിൽ പാരിസ്ഥിതിക സൗഹൃദ പദ്ധതികൾക്ക് നിക്ഷേപകർ ധാരാളം ഉണ്ടെന്നിരിക്കെ ഇത്തരത്തിലുള്ള സ്രോതസ്സുകളുടെ സാധ്യതയും കിഫ്ബി തേടുന്നുണ്ട്. ഡയസ്പോറ ബോണ്ടുകളെ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 6-2-2020-ലെ സ.ഉ. (സാധാ) നമ്പർ 1040/2020/ധന പ്രകാരം നവകേരള നിർമ്മാണത്തിന്റെ ഭാഗമായി ഡയസ്പോറ ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും ധനസമാഹരണത്തിനും കിഫ്ബിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനത്തെ കിഫ്ബി പദ്ധതികളുടെ പുരോഗതി**

62 (423) <u>ശ്രീ. മോൻസ് ജോസഫ്</u>:

<u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിഫ്ബി പദ്ധതികളുടെ പുരോഗതിയെ കുറിച്ച് വിശദമാക്കാമോ; ഇതുവരെ അനുവദിച്ച പദ്ധതികളിൽ തൃപ്തികരമായി പൂർത്തിയാക്കിയ പദ്ധതികളുടെ വിശദംശങ്ങൾ അറിയിക്കാമോ;

(ബി) ഇതുവരെ അനുവദിച്ച പദ്ധതികളിൽ തുടങ്ങാൻ കഴിഞ്ഞിട്ടില്ലാത്തതും തുടക്കത്തിൽത്തന്നെ നിലച്ചുപോയതുമായ പദ്ധതികളിൽ സർക്കാർ കൈക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(സി) കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇതുവരെ അനുവദിച്ച പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതുവരെ അനുവദിച്ച പദ്ധതികളിൽ നിർമ്മാണം തുടങ്ങാത്ത പദ്ധതികളിൽ തടസ്സങ്ങൾക്കുള്ള കാരണങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള വിവിധ നടപടിക്രമങ്ങൾ നിർവ്വഹണ ഏജൻസികളും ഭരണവകുപ്പും കിഫ്ബിയും കൈക്കൊള്ളുന്നുണ്ട്. കിഫ്ബി തലത്തിൽ നടപടികൾ കൈക്കൊള്ളാനായി സി.ഇ.ഒ. തലത്തിൽ നിർവ്വഹണ ഏജൻസികളെയും ഭരണവകുപ്പുകളെയും പങ്കെടുപ്പിച്ച് നിശ്ചിത കാലയളവുകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(സി) കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ കിഫ്ബി പദ്ധതികൾക്കായി നാല് പ്രത്യേക ഭൂമി ഏറ്റെടുക്കൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

**കിഫ്ബിയിലേയ്ക്കുള്ള നിക്ഷേപം**

63 (424) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതി നിലവിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ആകെ എത്ര തുകയുടെ പദ്ധതികൾക്കാണ് കിഫ് ബി വഴി പണം നൽകാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് അനുവദിച്ച തുക എത്ര വീതമാണെന്ന് അറിയിക്കാമോ;

(സി) കിഫ്ബിയിലേക്ക് ഇതിനോടകം എത്ര തുകയുടെ നിക്ഷേപം സമാഹരിച്ചിട്ടുണ്ടെന്നും, നിലവിൽ അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) അഞ്ച് വർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്നുള്ളതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. അതിനായി 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 28218 കോടി രൂപയുടെ പദ്ധതികളും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 25961 കോടി രൂപയുടെ പദ്ധതികളും കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ അനുവദിച്ച തുക പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുസരിച്ചുമാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(ബി) ഓരോ സാമ്പത്തിക വർഷവും പ്രസ്തുത പദ്ധതികൾക്കായി കിഫ്ബി അംഗീകരിച്ച തുക ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | അംഗീകരിച്ച തുക |
|---|---|
| 2016-17 | 11574.25 കോടി രൂപ |
| 2017-18 | 8516.17 കോടി രൂപ |
| 2018-19 | 22560.50 കോടി രൂപ |
| 2019-20 | 11740.55 കോടി രൂപ |

ടി അംഗീകരിച്ച തുകയിൽ 4580.96 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. (3-2-2020- ലെ കണക്കുകൾ പ്രകാരം)

(സി) നാളിതുവരെ (29-1-2020) കിഫ്ബിയിൽ കോർപ്പസ്സ് ഫണ്ടുൾപ്പെടെ 12,333.23 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നിലവിൽ അക്കൗണ്ടിൽ കോർപ്പസ്സ് ഫണ്ടുൾപ്പെടെ 8362.70 കോടി രൂപ നീക്കിയിരിപ്പുണ്ട്.

**റോഡ് നവീകരണം കിഫ്ബിയിലുൾപ്പെടുത്തുന്നതിന് നടപടി**

64 (425) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കൈതമുക്ക്-ചമ്പക്കട-പേട്ട റോഡ് വീതികൂട്ടി നവീകരിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ മുപ്പത്തിനാല് കോടി രൂപയുടെ എസ്റ്റിമേറ്റിന് ധനവകുപ്പ് അനുമതി നൽകുമോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ തിരക്കേറിയതും വീതി കുറഞ്ഞതുമായ റോഡിന്റെ അവസ്ഥയും പ്രദേശവാസികളുടെ നിരന്തര ആവശ്യവും കണക്കിലെടുത്ത് നഗരത്തിലെ ഈ പ്രധാന റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് കിഫ്ബിയിലുൾപ്പെടുത്തുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കൈതമുക്ക് - ചമ്പക്കട – പേട്ട റോഡ് വീതി കൂട്ടുന്നതിന് കിഫ്ബിയിൽ 34 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല.

(ബി) കിഫ്ബിയിലുൾപ്പെടുത്തുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികളും അതല്ലെങ്കിൽ മന്ത്രിസഭ നിർദ്ദേശിച്ചതും ഭരണാനുമതിയുള്ളതുമായ പ്രവൃത്തികളും

മാത്രമാണ് കിഫ്ബിയുടെ പരിഗണനയിൽ വരുന്നത്. നിലവിൽ 54391 കോടി രൂപയുടെ 679 പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതിനാൽ പുതിയ പദ്ധതികൾ കിഫ്ബിയിൽ അംഗീകരിക്കുന്നതിന് നിയന്ത്രണമുണ്ട്.

## കിഫ്ബി

65 (426) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഊട്ടറ പാലത്തിന്റെയും റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണത്തിനായുള്ള പ്രോജക്റ്റ് റിപ്പോർട്ട് പരിശോധിച്ചശേഷം 10.61 കോടി രൂപ കിഫ്ബിയുടെ 20-1-2020 കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായുള്ള പദ്ധതി നിർവ്വഹണ ഏജൻസിയായി RBDCK-യെ ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഉടനെ തന്നെ നിർമ്മാണ നടപടികൾ തുടങ്ങാവുന്നതാണ്.

## കിഫ്ബി പരിശോധന

66 (427) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാങ്കക്കടവ്-കുറ്റിപ്പുറം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രൊപ്പോസൽ കിഫ്ബിയിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; കിഫ്ബി പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)എന്നാണ് കിഫ്ബിക്ക് പ്രൊപ്പോസൽ കൈമാറിയത്; കൈമാറിയ പ്രൊപ്പോസലിൽ വീണ്ടും ന്യൂനതകൾ ഉണ്ടായിരുന്നുവോ; എന്തെല്ലാമായിരുന്നു ന്യൂനതകൾ; വിശദമാക്കാമോ;

(സി) കിഫ്ബി പരിശോധന പൂർത്തിയായെങ്കിൽ ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കാങ്കക്കടവ് - കുറ്റിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രൊപ്പോസൽ കിഫ്ബിയിൽ 9-7-2018 -ൽ ലഭിച്ചിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ന്യൂനതകൾ സംഗ്രഹിച്ച് പദ്ധതി നിർവ്വഹണ ഏജൻസിയായ KIIDC- യെ 23-8-2018 ൽ തന്നെ അറിയിച്ചിട്ടുണ്ട്. ശേഷം 1-11-2019 ൽ ന്യൂനതകൾക്കു മറുപടി കത്ത് അപ്രൈസൽ ഏജൻസിയായ സി.എം.ഡി മുഖേന ലഭിച്ചിട്ടുണ്ട്. ഇതിൽ പരിഹരിക്കാത്ത ന്യൂനതകൾ സൂചിപ്പിച്ച് പദ്ധതി നിർവ്വഹണ ഏജൻസിക്ക് 24-12-2019-ന് കത്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) G.O. (Rt) No. 859/2017/WRD Dt. 17-10-2017 പ്രകാരം In Principle Approval (100 കോടി രൂപയ്ക്ക്) ഭരണവകുപ്പ് നൽകി കഴിഞ്ഞിട്ടുണ്ട്. പ്രൊപ്പോസലിലെ ന്യൂനതകൾ പൂർണ്ണമായും പരിഹരിച്ചുകിട്ടുന്ന മുറയ്ക്ക് കിഫ്ബിയുടെ ഫണ്ടിംഗിന് പരിഗണിക്കുന്നതാണ്.

**കിഫ്ബി പദ്ധതികൾ**

67 (428) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ആക്ടിന്റെ 6-എഫ് വകുപ്പ് പ്രകാരം കണ്ണൂർ, പാലക്കാട് വ്യവസായ പാർക്കുകളുടെ വികസനത്തിനായി കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഓരോ സ്ഥലത്തും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസായ പാർക്കുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും ഇതിനകം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ്ബി ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി കണ്ണൂർ, പാലക്കാട് ജില്ലകളിൽ വ്യാവസായിക പാർക്കുകളുടെ വികസനത്തിനായി 12710 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ 4896 ഏക്കറും പാലക്കാട് ജില്ലയിൽ 470 ഏക്കറുമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത വ്യവസായ പാർക്കുകൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും കണ്ടിജൻസി ചാർജായി 50,00,000 രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്.

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട വൈപ്പിൻ മണ്ഡലത്തിലെ പ്രവൃത്തികൾ

68 (429) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട വൈപ്പിൻ മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) കിഫ്ബി അനുമതി നൽകിയതിന് ശേഷവും പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇത്തരത്തിൽ തടസ്സപ്പെട്ടു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർവ്വഹണ ചുമതല ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾക്കാണ്. കാലതാമസം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

69 (430) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്നും ലഭിക്കാത്തവയ്ക്ക് എപ്പോൾ ഭരണാനുമതി ലഭിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നെന്മാറ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെയും അവയുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു. അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിക്കാണ്. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് തൃപ്തികരമാണെങ്കിൽ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കും.

**ആലത്തൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

70 (431) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം ഏതൊക്കെ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്നും ഇതിൽ നിർമ്മാണം ആരംഭിച്ചവ ഏതൊക്കെയാണെന്നും ആരംഭിക്കാത്തവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

ഉത്തരം

ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിലവിലെ അവസ്ഥ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**തൃശ്ശൂർ-കുറ്റിപ്പുറം പാത വികസനം**

71 (432) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ 15/000 മുതൽ 19/650 വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്നാണ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച ഡി.പി.ആർ. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ളത് ആയിരുന്നില്ല. ആയതിനാൽ ഡി.പി.ആർ. പുനഃപരിശോധന നടത്തി വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി അവലോകന വിഭാഗം പുനഃപരിശോധന നടത്തി യോഗ്യമാണെന്ന് ഉറപ്പാകുന്ന മുറയ്ക്ക് പദ്ധതി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ

72 (433) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി കാസർഗോഡ് ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും ഭരണാനുമതി നൽകാനുള്ള എത്ര പ്രവൃത്തികൾ പ്രഖ്യാപിച്ചിട്ടുണ്ട്; ഇവയ്ക്കായി എത്ര കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) നാളിതുവരെ കിഫ്ബി വഴി കാസർഗോഡ് ജില്ലയിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ആകെ 1879.10 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

(ബി) കിഫ്ബി വഴി കാസർഗോഡ് ജില്ലയിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ ഇനിയും സാമ്പത്തികാനുതി നൽകുവാനുള്ള പദ്ധതികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## മാനന്തവാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

73 (434) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി കിഫ്ബി അനുവദിച്ച തുകയും പദ്ധതിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കിഫ്ബി ധനസഹായം ഉപയോഗിച്ച് മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി ധനസഹായം ഉപയോഗിച്ച് മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ്

74 (435) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിനായി കിഫ്ബി മുഖാന്തിരം എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) എന്നാണ് മേൽതുക അനുവദിച്ചത്; എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) 20-1-2020-ൽ നടന്ന കിഫ്ബിയുടെ പതിനാലാമത് എക്സിക്യൂട്ടീവ് മീറ്റിംഗിൽ ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡ് ബി.എം. & ബി.സി. ചെയ്യുന്നതിനായി 54.32 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനാവശ്യമായ തുടർനടപടികൾ ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കൈക്കൊള്ളുന്നതാണ്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

75 (436) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ?

ഉത്തരം

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ നെന്മാറ, കൊട്ടുവായൂർ ബൈപ്പാസുകൾ

76 (437) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ നെന്മാറ, കൊട്ടുവായൂർ ബൈപ്പാസ് റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) എൻ.എച്ച്.എ.ഐ.-യുടെ വടക്കാഞ്ചേരി - പൊള്ളാച്ചി നാഷണൽ ഹൈവേ നെന്മാറ വഴിയാണ് പോകുന്നത്. അതിന്റെ ഡി.പി.ആർ. നടപടികൾ എൻ.എച്ച്.എ.ഐ. നടത്തിവരികയാണ്. ആയതിനാൽ ഈ പ്രോജക്റ്റ് കിഫ്ബി ഫണ്ടിംഗിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് തീരുമാനം. കൊട്ടുവായൂർ ബൈപ്പാസിന്റെ ഭൂമിയേറ്റെടുക്കലും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന ജോലികളും നടന്നുവരുന്നു.

## കിഫ്ബിയിലൂടെ സ്കൂളുകളുടെ നവീകരണം

77 (438) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എത്ര സ്കൂളുകളുടെ നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിൽ ഇനിയും വർക്കുകൾ തുടങ്ങാൻ കഴിയാത്ത സ്കൂളുകളുടെ വർക്കുകൾ "എസ്.പി.വി."കളെ ഒഴിവാക്കി പി.ഡബ്ല്യൂ.ഡി. മുഖേന ചെയ്യുന്നതിന് അനുമതി നൽകുമോ;

(സി) ഇതിൽ കെ.ഐ.ടി.ഇ., വാപ്കോസ്, കില, ഇൻകെൽ എന്നിവയെ എസ്.പി.വി. കളായി നിശ്ചയിച്ച് നൽകിയതിൽ എത്ര സ്കൂളുകളിൽ വർക്ക് തുടങ്ങുവാൻ കഴിയാത്ത സാഹചര്യമുണ്ട്; പാലക്കാട് ജില്ലയിലെ മണ്ഡലം തിരിച്ചുള്ള വിശദവിവരം നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം ഉയർത്തുന്നതിന് വിവിധ പദ്ധതികളിലായി 2037.91 കോടി രൂപയുടെ ധനാനുമതി കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | തുക |
|---|---|
| സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (ഒരു സ്കൂളിന് 3 കോടി രൂപവരെ) | 185 സ്കൂളുകൾക്ക് 550.12 കോടി രൂപയുടെ ധനാനുമതി (സ്കൂളുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു) |
| പിപിഇ മിഷൻ- ഓരോ നിയോജക മണ്ഡലത്തിലും ഒരു സ്കൂളിന്റെ നവീകരണം (ഒരു സ്കൂളിന് 5 കോടി രൂപവരെ) | 141 സ്കൂളുകൾക്ക് 702.29 കോടി രൂപയുടെ ധനാനുമതി നല്കി(സ്കൂളുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു) |
| കേരളത്തിലെ എൽ.പി. &യു.പി. സ്കൂളുകൾക്കായുള്ള ഹൈടെക് ലാബുകൾ | 11300 സ്കൂളുകൾക്ക് 292 കോടി രൂപയുടെ ധനാനുമതി നൽകി |
| ഹൈടെക് ക്ലാസ് മുറികൾ | 44705 ക്ലാസ് മുറികൾക്കായി 493.5 കോടി രൂപയുടെ ധനാനുമതി നൽകി |
| ആകെ | 2037.91 കോടി രൂപ |

(ബി) കിഫ്ബി മാനദണ്ഡപ്രകാരം ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസിയാണ് പദ്ധതിയുടെ പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്.

(സി) പാലക്കാട് ജില്ലയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം ഉയർത്തുന്നതിന് വിവിധ പദ്ധതികളിലായി 89.49 കോടി രൂപയുടെ ധനാനുമതി കിഫ്ബി മുഖേന അനുവദിച്ചിട്ടുണ്ട്. ഇതിൽ 7 സ്കൂളുകളുടെ നിർവ്വഹണ ചുമതല കൈറ്റിൽ നിന്ന് മാറ്റി വാപ്കോസിന് നല്കിയിട്ടുള്ളതായി ബന്ധപ്പെട്ട ഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. ഇവയുടെ പ്രവൃത്തിയുടെ വിവരം (പദ്ധതി നിർവ്വഹണ ഏജൻസി നൽകിയത്) അനുബന്ധമായി* ചേർക്കുന്നു.

## തിരുവനന്തപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

78 (439) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിർവ്വഹണം നടന്നുവരുന്ന പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം മണ്ഡലത്തിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചതും നിർവ്വഹണം നടന്നുവരുന്നതുമായ പദ്ധതികളുടെ വിശദ വിവരവും നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

## മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്രവികസനം

79 (440) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്രവികസനത്തിന് കിഫ്ബി മുഖേന എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രോജക്ടിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്ടിന്റെ സ്പെഷ്യൽ പർപസ് വെഹിക്കിളായി ഇൻകെലിനെ നിയോഗിച്ചിരുന്നോ;

(ഡി) ഈ പ്രോജക്ടിന്റെ പ്രവൃത്തിയിൽ ഇൻകെലിന്റെ ഭാഗത്തു നിന്നും ഗുരുതരമായ ക്രമക്കേട് ഉണ്ടായി എന്ന് കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമായിരുന്നു ക്രമക്കേടുകളെന്ന് വിശദമാക്കുമോ;

(ഇ) ഇതുമൂലമുണ്ടായ നഷ്ടം എത്രയാണെന്നും ഇൻകെലിന് പകരം പുതിയ സ്പെഷ്യൽ പർപസ് വെഹിക്കിളിനെ പദ്ധതി നിർവഹണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ ആരെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്രവികസന പദ്ധതിയുടെ പദ്ധതി റിപ്പോർട്ടുകൾ ഒന്നും തന്നെ ഭരണവകുപ്പ് ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികൾ ഇതേവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 13-11-2019-ലെ സ.ഉ.(സാധാ) നമ്പർ 395/2019/TSM പ്രകാരം M/s INKEL-നെ ഈ പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുണ്ട്.

(ഡി) എ, ബി പിരിവുകൾക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഇ) നിലവിൽ Kerala Irrigation Infrastructure Development Corporation (KIIDC) എന്ന സ്ഥാപനത്തിനെയാണ് സർക്കാർ ഈ പദ്ധതി നടപ്പിലാക്കാനായി നിയോഗിച്ചിരിക്കുന്നത്.

**ഇരിങ്ങാലക്കുടയിലെ കിഫ്ബി പദ്ധതികൾ**

80 (441) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മുഖാന്തരം, ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**ലൈഫ് സയൻസ് പാർക്ക് - ഫേസ് 2**

81 (442) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്ക് - ഫേസ് 2 (തിരുവനന്തപുരം) പെട്രോകെമിക്കൽ പാർക്ക് എന്നീ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) മേല്പറഞ്ഞ ഓരോ പദ്ധതിക്കുമായി കിഫ്ബി എന്ത് തുക ധനസഹായമായി നൽകിയെന്ന് അറിയിക്കുമോ;

(സി) ഓരോ പദ്ധതിക്കും സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) കിഫ്ബി മുഖേന വ്യവസായ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ലൈഫ് സയൻസ് പാർക്ക് - ഫേസ് 2 (തിരുവനന്തപുരം) -ന് 301.17 കോടി രൂപയും പെട്രോകെമിക്കൽ പാർക്കിന് 977.46 കോടി രൂപയും കിഫ്ബി മുഖേന അംഗീകരിക്കുകയും ഈ തുക മുഴുവനും രണ്ടു പദ്ധതികൾക്കായി കിഫ്ബിയിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിനായി വിതരണം ചെയ്തു കഴിഞ്ഞതുമാണ്.

(സി) ലൈഫ് സയൻസ് പാർക്ക് - ഫേസ് 2 (തിരുവനന്തപുരം) - ഭൂമി ഏറ്റെടുക്കുന്ന സംബന്ധിച്ചുള്ള നടപടികൾ നടന്നുവരികയാണ്. മൊത്തം 128.50 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതിൽ 86 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയാണ്. പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ പൂർത്തിയായി കഴിഞ്ഞു.

## എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും സ്കൂളുകൾക്ക് വാഹനങ്ങൾ

82 (443) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂളുകൾക്ക് വാഹനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും കായണ്ണ ജി.എച്ച്.എസ്സിന് അനുവദിച്ച സ്കൂൾ വാഹനം വാങ്ങുന്നതിന് ഇതുവരെ അനുമതിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുമ്പോൾ അതിനു ഉത്തരവാദികളായവർക്ക് എതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത് 9-12-2016-ലെ സ.ഉ.(അ) നമ്പർ 178/2016/ധന പ്രകാരമാണ്. ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ (DDE) സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം

വാങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന/പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളോട് കൂടിയാണ് പ്രസ്തുത ഉത്തരവിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായ '4202-01-800-88-projects under LAC-ADS(NP)' എന്ന ശീർഷകത്തിൽ നിന്നാണ് ഇതിനായുള്ള ചെലവ് വഹിച്ചിരുന്നത്. മേൽ ശീർഷകത്തിൽനിന്നും ഫണ്ടുകൾ മാറി നൽകുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ ആവശ്യത്തിലേയ്ക്ക് മാത്രമായി '4202-01-800-84-Projects under LAC-ADS - Other projects (NP)' എന്ന ഒരു പുതിയ ശീർഷകം 2018-19 സാമ്പത്തിക വർഷത്തെ ആദ്യത്തെ ഉപധനാഭ്യർത്ഥനയിലൂടെ ആരംഭിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയാണ് ഈ ശീർഷകത്തിന്റെ നിയന്ത്രണാധികാരിയായി നിശ്ചയിച്ചിട്ടുള്ളത്. ബസ് വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുന്നത് സംബന്ധിച്ച പരാതിയും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ബസുകൾ വാങ്ങുന്നത് സംബന്ധിച്ച് നിലവിലുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കണമെന്നാണ് ഈ വകുപ്പ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സാധാരണ ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള Government e marketplace (GeM) വഴി ലഭ്യമാക്കുന്നതിന് 27-3-2018-ലെ G.O.(Ms)No.02/2018/SPD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായുള്ള വിവിധതരം ബസുകളുടെ സ്പെസിഫിക്കേഷൻ GeM പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും വാഹനങ്ങൾ GeM പോർട്ടൽ ഉപയോഗിച്ച് വാങ്ങുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളിൽ ബസ്സുകൾ വാങ്ങുന്നതിനുള്ള തുക അനുവദിക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. 5-3-2019 ലെ സ.ഉ.(സാധാ) നമ്പർ 1648/2019/ധന. ഉത്തരവുപ്രകാരം 14 ജില്ലകളിലേയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെ 4202-01-800-84(NPV) എന്ന ശീർഷകത്തിൽ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി നിയോഗിച്ച ഉത്തരവായിട്ടുണ്ട്. മേൽ വിവരങ്ങൾ എല്ലാ ജില്ലാ കളക്ടർമാരേയും അറിയിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിഗണനയിലാണ്.

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിന് മനഃപൂർവ്വമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അതിന് ഉത്തരവാദികളായവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുന്നതാണ്.

## ആസ്തി വികസന ഫണ്ട്

83 (444) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തലശ്ശേരി നിയോജകമണ്ഡലത്തിൽ നടത്തിയ മുഴുവൻ പ്രവൃത്തികളും ഏതൊക്കെയാണെന്നും ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തിയാവാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണുള്ളതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18, 2018-19, 2019-20 വർഷങ്ങളിലെ തലശ്ശേരി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന മുഴുവൻ പ്രവൃത്തികളുടെ വിവരങ്ങളും നിലവിലുള്ള അവസ്ഥയുടെ വിശദവിവരങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) എരഞ്ഞോളി ഗ്രാമപഞ്ചായത്ത് ചുങ്കം - കുടകുളം റോഡ് മാത്രമേ പൂർത്തിയായിട്ടുള്ളൂ. എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആസ്തി വികസന ഫണ്ട് പദ്ധതികൾ

84 (445) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽനിന്നും ഒരു മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒന്നിലധികം കുടിവെള്ള പദ്ധതികൾ ഒരു പദ്ധതി നിർദ്ദേശമായി സമർപ്പിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കാമോ;

(ബി) ഈ വർഷത്തെ വേനൽ ശക്തമാവുമെന്നും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുമെന്നുമുള്ള കാലാവസ്ഥാ പ്രവചനത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടിസ്ഥാനത്തിൽ ഒന്നിലധികം കുടിവെള്ള പദ്ധതികൾ ഒരു പദ്ധതിയായി പരിഗണിച്ചുകൊണ്ട് ആസ്തി വികസനഫണ്ടിൽനിന്നും നടപ്പിലാക്കാൻ സാധിക്കുന്ന വിധത്തിലുള്ള നിർദ്ദേശങ്ങൾ നല്കുമോ?

ഉത്തരം

(എ&ബി) ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 10 ലക്ഷം രൂപയോ അതിൽ കൂടുതലോ തുകയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമാണ് അനുമതി നല്കുന്നത്. ഒന്നിലധികം പദ്ധതികൾക്കായി ഒന്നായി ഭരണാനുമതി നല്കാൻ നിർവ്വാഹമില്ല. പ്രവൃത്തികളുടെ പ്രാധാന്യം പരിഗണിച്ച് പ്രത്യേകാനുമതിയിലൂടെ മാത്രമേ അത്തരം പദ്ധതികൾക്ക് അനുമതി നല്കാവൂ.

**ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്**

85 (446) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏത് സാമ്പത്തിക വർഷം മുതലാണ് എം.എൽ.എ.ആസ്തി വികസന ഫണ്ടിന് ടെണ്ടർ സേവിങ്ങ്സ് അനുവദിച്ച് ഉത്തരവ് ഇറങ്ങിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ എം.എൽ.എ.ആസ്തി വികസന ഫണ്ടിൽ നിന്നും നടപ്പിലാക്കിയ പദ്ധതികളിൽ എത്ര തുകയുടെ ടെണ്ടർ സേവിങ്ങ്സ് ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ടെണ്ടർ സേവിങ്ങ്സ് തുക സമയബന്ധിതമായി എം.എൽ.എ.മാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) 2017-18 സാമ്പത്തിക വർഷം മുതലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിച്ച് തുടങ്ങിയത്. 4-8-2018 -ലെ സ.ഉ.(പി) നമ്പർ 119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ

നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഒരു എം.എൽ.എ. ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അപ്രകാരം ടെണ്ടർ സേവിംഗ്സ് നിർണ്ണയിച്ച് കഴിഞ്ഞതിനുശേഷമേ പ്രസ്തുത വിവരം എം.എൽ.എ.-മാരെ അറിയിക്കുവാൻ കഴിയുകയുള്ളൂ.

**ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

86 (447) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 2016-2020 കാലയളവിലെ ഏതെല്ലാം പദ്ധതികളാണ് നെന്മാറ നിയോജകമണ്ഡലത്തിൽ നാളിതുവരെ തുടങ്ങാൻ കഴിയാത്തത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എം.എൽ.എ. അനുവദിക്കുന്ന ആസ്തി വികസന ഫണ്ട് പദ്ധതി നിർദ്ദേശങ്ങൾ അടിയന്തരമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് എസ്റ്റിമേറ്റിനായി സമർപ്പിക്കും. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഭരണാനുമതിക്കായി ജില്ലാ കളക്ടർക്ക് സമയബന്ധിതമായി സമർപ്പിക്കുന്നതാണ്. ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നടപടിക്രമം ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അയച്ച് കൊടുത്ത് തുടർപ്രവർത്തനങ്ങൾ നടത്തുവാൻ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

(ബി) 2016-2017 വർഷത്തെ നെന്മാറ നിയോജകമണ്ഡലത്തിൽ തുടങ്ങാൻ കഴിയാത്ത പദ്ധതികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവ്

87 (448) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവിനുള്ള തുക നൽകണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം എ.ഡി.സി.(ജനറൽ) ധനകാര്യ (നോഡൽ സെന്റർ-ബി)യ്ക്ക് നൽകിയ 23-11-2019-ലെ പി1/2222/17 നമ്പർ കത്തുപ്രകാരം 2017-18,2018-19,2019-2020 എന്നീ സാമ്പത്തിക വർഷങ്ങളിൽ എന്തെങ്കിലും തുക അനുവദിച്ച നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഒരോ സാമ്പത്തിക വർഷവും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

3-11-2017 ലെ സ.ഉ.(സാധാ) നമ്പർ 8308/2017/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതിയുടെ ഭരണ ചെലവിനുള്ള തുകയായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് 7 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു. 20-11-2017 ലെ സ.ഉ.(പി) നമ്പർ 150/2017/ധന ഉത്തരവ് പ്രകാരം മേൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കളക്ടേറ്റുകളുടെ ഭരണ കൈകാര്യ ചെലവുകൾക്ക് ഓരോ കളക്ടേറ്റുകളിലെയും ബന്ധപ്പെട്ട വിഭാഗത്തിന് ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, ഒരു ലാപ്ടോപ്പ്, പതിനായിരം രൂപയിൽ താഴെ വിലയുള്ള ഒരു പ്രിന്റർ, ഏഴായിരം രൂപയിൽ താഴെ വിലയുള്ള ഒരു സ്കാനർ, ഒരു സ്റ്റീൽ റാക്ക്, മറ്റ് ഭരണ കൈകാര്യ ചെലവുകൾക്ക് പ്രതിവർഷം ഓരോ കളക്ടേറ്റിനും അൻപതിനായിരം രൂപയും അനുവദിച്ചിരുന്നു. 3-11-2017-ലെ ഉത്തരവ് പ്രകാരം അധികമായി വരുന്ന തുക സർക്കാരിലേയ്ക്ക് തിരിച്ച് അടയ്ക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. 11-6-2019-ലെ സ.ഉ.(സാധാ) നമ്പർ4391/2019/ധന ഉത്തരവ് പ്രകാരം ആസ്തി വികസന പദ്ധതി 2018-19 കൈകാര്യം ചെയ്യുന്നതിനുള്ള ഭരണ കൈകാര്യ ചെലവിലേയ്ക്കായി ഓരോ കളക്ടേറ്റിനായും അൻപതിനായിരം രൂപ അനുവദിച്ച് നൽകുകയും മുൻ വർഷങ്ങളിൽ അനുവദിച്ച് നൽകിയ തുകയിൽ നിന്നും ഇതിനുള്ള ചെലവ് വഹിക്കേണ്ടതും അവശേഷിക്കുന്ന തുക തിരിച്ച് അടയ്ക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം അനുവദിച്ച തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ എല്ലാ ജില്ലാ കളക്ടർമാരും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം അവശേഷിച്ച തുക ഇതിനോടകം തിരിച്ചടച്ചിട്ടുള്ള ജില്ലകൾക്ക് പ്രത്യേക അലോട്ട്മെന്റ് നൽകുന്നതും അതിനായുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

**പിറവം നിയോജകമണ്ഡല ആസ്തി വികസന പദ്ധതികൾ**

88 (449) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം നിയോജകമണ്ഡലത്തിൽ 2017-2018, 2018-2019 വർഷങ്ങളിലേക്ക് നിർദ്ദേശിക്കപ്പെട്ട നിയോജകമണ്ഡല ആസ്തി വികസന പദ്ധതികളിന്മേൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പേരും അവയ്ക്ക് ഭരണാനുമതി ലഭിച്ച തീയതിയുമടങ്ങുന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ പിറവം നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി* നൽകുന്നു.

**മണലൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

89 (450) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തിവികസനപദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിനായി 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ മണലൂർ നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

90 (451) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഒല്ലൂർ നിയോജക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിലേക്ക് നിർദ്ദേശിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും, അവയിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഉത്തരം

2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി* ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപ്രകാരമുള്ള പദ്ധതികൾ

91 (452) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന നിധി പ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചു; പൂർത്തീകരിച്ച ഏതെല്ലാം പദ്ധതികളുടെ ബില്ലുകൾ മാറി നൽകി; പൂർത്തീകരിച്ച പദ്ധതികളിൽ ബില്ലുകൾ മാറി നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ ആയതിന്റെ കാരണം എന്താണ്; വിശദമാക്കാമോ;

(സി) പ്രസ്തുത വർഷങ്ങളിലെ പദ്ധതികളിൽ ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഉണ്ടോ; എങ്കിൽ ഭരണാനുമതി ലഭിക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ-ഡി) 2016-17 സാമ്പത്തിക വർഷത്തിലെ വിവരം ശേഖരിച്ചു വരുന്നു. കൽപ്പറ്റ നിയോജക മണ്ഡലത്തിൽ 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ പൂർത്തീകരിച്ച പ്രവൃത്തികൾ, നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ, ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി* കാണാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

92 (453) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് 2016-17 മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാം; ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാം; പൂർത്തീകരിച്ച പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ ബില്ലുകൾ മാറി തുക നൽകി;

(സി) ഇനിയും ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാം; ഭരണാനുമതി നൽകിയിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാം; ആയതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ - സി) വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## വാഹനങ്ങൾ വാങ്ങുന്നതിന് നിബന്ധന

93 (454) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും വാഹനങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ ജി.ഇ.എം. (ഗവണ്മെന്റ് ഇ-മാർക്കറ്റ് പ്ലേസ്) വഴി മാത്രമേ പർച്ചേസ് ചെയ്യാവൂ എന്ന നിബന്ധന ധനകാര്യ വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ജി.ഇ.എം.-ൽ ഉൾപ്പെട്ടിട്ടില്ലാത്ത വാഹനങ്ങൾ വാങ്ങാൻ പർച്ചേസ് കമ്മിറ്റി രൂപീകരിച്ച് ഡീലർമാരിൽ നിന്നും നേരിട്ടുവാങ്ങാനുള്ള അനുമതി ധനകാര്യ വകുപ്പ് നൽകുമോ;

(സി) വിവിധ പി.എച്ച്.സി.കളിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വാഹനങ്ങൾ വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്താൻ സാധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽ നിന്നും വാഹനങ്ങൾ വാങ്ങുന്നതിന് കേന്ദ്രസർക്കാരിന്റെ GeM(ഗവണ്മെന്റ് ഇ-മാർക്കറ്റ് പ്ലേസ്) വഴി മാത്രമേ പർച്ചേസ് ചെയ്യാവൂ എന്ന നിബന്ധന ധനകാര്യ വകുപ്പ് നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി & സി) സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ബസ്സുകൾ വാങ്ങുന്നതിനാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ അനുമതി നൽകിയിരിക്കുന്നത്. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് മറ്റ് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ല. ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ ഉപഡയറക്ടർ (DDE) സാക്ഷ്യപ്പെടുത്തുന്ന ആവശ്യകതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വാഹനം വാങ്ങുന്നതിനായുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിക്കണമെന്നും വാങ്ങുന്ന വാഹനത്തിന്റെ ആവർത്തന /പരിപാലന ചെലവുകൾ സർക്കാർ വഹിക്കുന്നതല്ല എന്നുമുള്ള നിബന്ധനകളോടുകൂടിയാണ് ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള Government e-Marketplace (GeM) വഴി ലഭ്യമാക്കുന്നതിന് 27-3-2018 ലെ G.O.(Ms)No.02/2018/SPD പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉപയോഗത്തിനായുള്ള വിവിധതരം ബസുകളുടെ സ്പെസിഫിക്കേഷൻ GeM പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും GeM പോർട്ടൽ ഉപയോഗിച്ച് അവ വാങ്ങുന്നതിനും പൊതുവിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. GeM പോർട്ടലിൽ ഉൾപ്പെട്ടിട്ടില്ലാത്ത വാഹനങ്ങൾ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടിക്രമം സ്വീകരിക്കാവുന്നതാണ്. ഗുണഭോക്തൃ വകുപ്പിലെ അധികാര പ്രത്യായോജന (Delegation of Powers) പ്രകാരം പര്യാപ്തനായ ഉദ്യോഗസ്ഥനാണ് വാഹനം വാങ്ങിനൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടത്.

## ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ

94(455) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 2018-19 മുതൽ ഹൈമാസ്റ്റ്/ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭിച്ച ശേഷം ടെൻഡർ നടത്തുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെടെ ഭരണാനുമതി ലഭിച്ച മറ്റ് പ്രവൃത്തികൾ ഇ-ടെൻഡർ മുഖേന നടപ്പിലാക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കുലർ നമ്പർ 60/2018/ധന തീയതി 2-7-2018 പ്രകാരം ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളിലെ എൽ.ഇ.ഡി. ബൾബുകൾ വാങ്ങുന്നത് ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലെയ്സ് (GeM) വഴി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്നതിന് തടസ്സമില്ല.

**ഷൊർണ്ണൂർ മണ്ഡലത്തിലെ എ.ഡി.എഫ്., എസ്.ഡി.എഫ്. പ്രവൃത്തികൾ**

95 (456) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ശിപാർശ ചെയ്ത ഏതെങ്കിലും എ.ഡി.എഫ്., എസ്.ഡി.എഫ്. പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാൻ ബാക്കിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രവൃത്തിയുടെ പേരും ആയതിന് ഭരണാനുമതി നൽകാത്തതിന്റെ കാരണങ്ങളുൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ ശിപാർശ ചെയ്യുകയും എന്നാൽ ഭരണാനുമതി നല്കാൻ ബാക്കിയുള്ളതുമായ എ.ഡി.എഫ്., എസ്.ഡി.എഫ്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധത്തിൽ* കാണാവുന്നതാണ്.

**എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്**

96 (457) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുമതി ലഭ്യമാകുന്ന പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾക്ക് ശേഷം പ്രവൃത്തി നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുടെ എൻ.ഒ.സി. വാങ്ങണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഭരണാനുമതിയും ടെണ്ടർ നടപടിയും പൂർത്തിയായതിനു ശേഷമുള്ള ഇത്തരം നിബന്ധനകൾ മൂലം പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മറ്റ് പദ്ധതികൾ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പണികളും പ്രവൃത്തികളും നടപ്പിലാക്കുന്ന ഘട്ടത്തിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾക്കും ബാധകമാണ്. ടി നടപടിക്രമങ്ങൾ ഒരു പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ നടത്തിപ്പിൽ നിന്നുമാത്രം ഒഴിവാക്കാൻ നിർവ്വാഹമില്ല. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മാത്രമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എം.എൽ.എ. ഫണ്ട്**

97 (458) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകൾക്ക് പാചകപ്പുര, ടോയ്ലറ്റ്, കുടിവെള്ള പദ്ധതികൾ എന്നിവ എം.എൽ.എ.യുടെ എ.ഡി.എഫ്.-എസ്.ഡി. എഫ്-ൽ നിന്നും അനുവദിക്കുന്നതിന് സ്കൂളിന്റെ സ്ഥലം സർക്കാരിലേക്ക് വിട്ടു നൽകണമെന്ന നിബന്ധന ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ. ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) നിബന്ധനയില്ല.

(ബി) എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി (MLA SDF) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കൽ, ടോയ്ലെറ്റുകൾ/ പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം, ടോയ്ലെറ്റുകളോട് ചേർന്ന് സാനിറ്ററി നാപ്കിൻ വെൻഡിംഗ്/ഡിസ്പോയർ മെഷീനുകൾ സ്ഥാപിക്കൽ, കുടിവെള്ളം എത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീചാർജ്ജിംഗ് സൗകര്യമൊരുക്കൽ, കുഴൽക്കിണർ നിർമ്മിക്കൽ

എന്നിവയ്ക്കായി വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് (LAC ADF) വിനിയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലെറ്റും പാചകപ്പുരയും നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു സ്കൂളിന് പരമാവധി 10 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണ്. കൂടാതെ എയ്ഡഡ് സ്കൂളുകളുടെ നവീകരണത്തിനായി സർക്കാർ പ്രഖ്യാപിച്ച ചലഞ്ച് ഫണ്ട് പദ്ധതിയിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്. ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഒരു സ്കൂളിനായി അനുവദിക്കാവുന്ന സർക്കാർ/ആസ്തി വികസന ഫണ്ട് വിഹിതം പരമാവധി 50 ലക്ഷം രൂപയാണ്. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം/നവീകരണം, ലൈബ്രറി/ലബോറട്ടറി, ഹൈടെക്ക്/സ്മാർട്ട് ക്ലാസ്സ് റൂമുകൾ, സ്കൂൾ സ്റ്റേഡിയങ്ങളുടെ നിർമ്മാണം/നവീകരണം, കളിസ്ഥല നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ശുചിമുറി നിർമ്മാണം, പാചകപ്പുര/ഡൈനിംഗ് ഹാൾ, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവ ചലഞ്ച് ഫണ്ട് പദ്ധതിയിൽ അനുവദനീയമാണ്.

### എസ്.ഡി.എഫ്.-ലെ ടെണ്ടർ സേവിംഗ്സ്

98 (459) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൽ. എ. എസ്.ഡി.എഫ്. പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളിൽ ടെൻഡർ സേവിംഗ്സ് വരുന്ന തുക പുതിയ പ്രവൃത്തികൾക്കുള്ള ഭരണാനുമതി നൽകുന്നതിന് തടസ്സമാകുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും അനുവദിക്കുന്ന ഒരു കോടി രൂപയിൽ മുൻ വർഷങ്ങളിൽ വരുന്ന ടെൻഡർ സേവിംഗ്സ് ഉൾപ്പെടുത്തി ഒരു കോടിയിൽ അധികം വിനിയോഗിക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും പ്രത്യേക അനുമതി ആവശ്യമുണ്ടോ എന്ന് അറിയിക്കുമോ;

(സി) എസ്.ഡി.എഫ്.വികസന നിധിയിൽ നിന്ന് ഒരു കോടി രൂപയിൽ അധികം വരുന്ന ടെൻഡർ സേവിംഗ്സ് വിനിയോഗിക്കുവാൻ 25-11-2019-ൽ നമ്പർ D1/2222/17 പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്കു വേണ്ടി എ.ഡി.സി. (ജനറൽ) നൽകിയ അപേക്ഷ പ്രകാരം ഫിനാൻസ് നോഡൽ സെന്റർ ബി വകുപ്പ് തുക വിനിയോഗിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഉത്തരവിന്റെ പൂർണ്ണ രൂപം നൽകാമോ; ഉത്തരവിന്റെ നമ്പർ തീയതി എന്നിവയും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

(സി & ഡി) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25-11-2019-ലെ D1/2222/17 നമ്പർ കത്ത്, നമ്പർ 136/എൻ.സി.ബി.1/2019/ധന [1385866] എന്ന ഫയലിൽ പരിശോധിക്കുകയും ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് 12-12-2018 -ലെ സ.ഉ.(അച്ചടി) നമ്പർ 194/2018/ധന ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ ഒരു വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയിൽ മിച്ചം വരുന്ന തുക ഉപയോഗിച്ച് അടുത്ത രണ്ട് സാമ്പത്തിക വർഷത്തിനുള്ളിൽ തൻവർഷത്തെ തുകയ്ക്ക് പുറമെ ഭരണാനുമതി പുറപ്പെടുവിക്കാവുന്നതാണെന്ന് കത്ത് മുഖേന തിരുവനന്തപുരം ജില്ലാ കളക്ടറെ അറിയിച്ചിട്ടുള്ളതാണ്.

## പിറവം നിയോജകമണ്ഡലത്തിലെ എം.എൽ.എ. സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

99 (460) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പിറവം നിയോജകമണ്ഡലത്തിൽ, നിർദ്ദേശിക്കപ്പെട്ട, 2017-18, 2018-19 വർഷങ്ങളിലേക്കുള്ള എം.എൽ.എ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് പദ്ധതികളിന്മേൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പേരും അവയ്ക്ക് ഭരണാനുമതി ലഭിച്ച തീയതിയുമടങ്ങുന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## ടെണ്ടർ സേവിംഗ്സ്

100 (461) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് എം.എൽ.എ- യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2017-18, 2018-19, 2019-20 വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് വകയിൽ വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മേൽ തുക പുതിയ പ്രവൃത്തികൾ നടത്തുന്നതിനായി വിനിയോഗിക്കുന്നതിന് അനുമതി ലഭിക്കുമോ?

ഉത്തരം

(എ & ബി) 4-8-2018-ലെ സ.ഉ.(പി) നമ്പർ 119/2018/ധന ഉത്തരവിന്റെ ഖണ്ഡികകൾ 2.7 മുതൽ 2.10 വരെയുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നത്. ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് അതത് ജില്ലാകളക്ടർമാരാണെങ്കിലും അവ നടപ്പിലാക്കുന്നത് വിവിധ എഞ്ചിനീയറിംഗ് വിഭാഗങ്ങൾ/അക്രഡിറ്റഡ് ഏജൻസികൾ മുഖേനയാണ്. ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ തുടങ്ങിയ വിവിധ ഘട്ടങ്ങൾ പിന്നിട്ട് പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത്, ഒരു എം.എൽ.എ. ഒരു സാമ്പത്തിക വർഷം ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത വർഷത്തെ ടെണ്ടർ സേവിംഗ്സ്/ടെണ്ടർ എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

**അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുക**

101 (462) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന്റെ 7-6-2019 ലെ 229/2019 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയതും കേരള സംഗീത നാടക അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്നതുമായ പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുക ലഭ്യമാക്കുന്നതിൽ ധനകാര്യ വകുപ്പിൽ നിന്നും നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംഗീത നാടക അക്കാദമി മുഖാന്തരം നടപ്പിലാക്കുന്ന പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 50 ലക്ഷം രൂപ അധിക ധനസഹായമായി

2018-19 സാമ്പത്തിക വർഷം (ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി) ധന വകുപ്പ് അനുവദിച്ചിരുന്നു. എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള മാതൃകാ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ പ്രസ്തുത പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകുവാൻ കഴയാത്തതുകാരണം തുക ലാപ്സായിരുന്നു. തുടർന്ന്, 7-6-2019-ലെ സ.ഉ.(സാധാ) നമ്പർ 229/2019/സാം.കാ.വ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കുകയും 2019-20 സാമ്പത്തിക വർഷത്തെ "2205-00-102-90-36(നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധിക തുകയായി അനുവദിക്കുന്നതിനു ശിപാർശ സമർപ്പിക്കുകയും ചെയ്തതിൻ പ്രകാരം ധനവകുപ്പ് ടി വിഷയം വീണ്ടും പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ടി ശിപാർശ അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 1,21,50,000 രൂപയിൽ 90,72,500 രൂപ ധന വകുപ്പ് അനുവദിച്ചിരുന്നു. ആയതിൽ 30,78,000 രൂപ ടി ശീർഷകത്തിൽ അവശേഷിക്കുന്നുണ്ട്.

(ബി) അടുത്ത സാമ്പത്തിക വർഷം ടി പദ്ധതിക്കായുള്ള തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ലീവ് ട്രാവൽ കൺസഷനിലെ വിമാനയാത്രയുടെ തോത്**

102 (464) <u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുന്ന ലീവ് ട്രാവൽ കൺസഷൻ ആനുകൂല്യത്തിൽ വിമാനയാത്രയുടെ തോത് വെട്ടിക്കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2500 കി.മീ. വരെ നൽകുന്ന വിമാനയാത്രാക്കൂലി 10,000 രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത തുക ജീവനക്കാരനും കുടുംബത്തിനും കൂടി ആകെ അനുവദിക്കുന്ന തുകയാണോ എന്ന് വ്യക്തമാക്കാമോ ;

(ഡി) എൽ.ടി.സി ആനുകൂല്യം വെട്ടിക്കുറക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും നൽകുന്ന ലീവ് ട്രാവൽ കൺസഷൻ ആനുകൂല്യത്തിൽ വിമാനയാത്രയുടെ തോത് വെട്ടിക്കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അവധിയാത്രാ ആനുകൂല്യം അനുവദിച്ച 2-1-2013-ലെ സ.ഉ.(പി) നമ്പർ 5/2013/ധന ഉത്തരവിൽ, വിമാനയാത്ര നടത്തുന്നതിനായി Aerial Distance- ഉം വിമാനയാത്രാ നിരക്കും പ്രതിപാദിച്ചിരുന്നില്ല. ആയതിനാൽ Aerial Distance- ഉം വിമാനയാത്രാ നിരക്കും ഉൾപ്പെടുത്തി 3-12-2019-ലെ 94/2019/ധന നമ്പർ സർക്കുലർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(ബി) 3-12-2019-ലെ 94/2019/ധന നമ്പർ സർക്കുലർ പ്രകാരം എൽ.ടി.സി. ഉപയോഗിച്ച് ഒരു ദിശയിലേയ്ക്ക് മാത്രം 2500 കി.മീ. (Aerial Distance) യാത്ര നടത്തുമ്പോൾ അനുവദനീയമായ പരമാവധി വിമാനയാത്രാക്കൂലി 10,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) അല്ല. പ്രസ്തുത തുക കുടുംബത്തിലെ ഒരു അംഗത്തിന് നൽകുന്ന തുകയാണ്.

(ഡി) എൽ.ടി.സി. ആനുകൂല്യം വെട്ടിക്കുറച്ചിട്ടില്ല.

## ശമ്പള/പെൻഷൻ പരിഷ്കരണം

103 (465) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ശമ്പള/പെൻഷൻ പരിഷ്കരണം അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) 2019 ജൂലൈ മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണം എന്ന് മുതൽ നടപ്പിലാക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്;

(സി) ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണ്; എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മീഷന് നിർദ്ദേശം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ശമ്പള പരിഷ്കരണ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച 6-11-2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ 414/2019/ധന.-യിൽ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മീഷനോട് നിർദ്ദേശിച്ചിട്ടുള്ളത്.

## സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

104 (466) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ വീണ്ടും ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) 2019 ഏപ്രിലിൽ നടപ്പിൽ വരുമെന്നു പറഞ്ഞ പ്രസ്തുത പദ്ധതി ഇനി എന്നുമുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്നും എന്നുമുതൽ ജീവനക്കാരിൽനിന്നും പ്രീമിയം തുക സ്വീകരിച്ചു തുടങ്ങുമെന്നും വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇനിയുമുള്ള നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് കഴിയുന്നതും വേഗം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ ടെണ്ടറിനു മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാ നിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി & ഡി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതാണ്. പദ്ധതി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. റീ ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പദ്ധതി എന്നുമുതൽ ആരംഭിക്കുമെന്നും ജീവനക്കാരിൽ നിന്നും എന്ന് മുതൽ പ്രീമിയം സ്വീകരിച്ച്തുടങ്ങുമെന്നുള്ള വിവരങ്ങൾ ലഭ്യമാകൂ.

**മെഡിസെപ് ഇൻഷ്വറൻസ് പദ്ധതി**

105 (467) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിസെപ് ഇൻഷ്വറൻസ് പദ്ധതിയിൽ എം.എൽ.എ.മാരുടെ അഡീഷണൽ പി.എ.മാരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 54/2017/ധന പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന

സർവ്വകലാശാലകളിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും ജീവനക്കാർ/ പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/കുടുംബപെൻഷൻകാർ എന്നിവരേയും ഇവരുടെ ആശ്രിതരേയും മാത്രമാണ് ഗുണഭോക്താക്കളായി നിശ്ചയിച്ചിട്ടുള്ളത്.

**ക്ഷാമബത്ത**

106 (468) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഒടുവിൽ പ്രഖ്യാപിച്ച ക്ഷാമബത്ത അടക്കം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആകെ എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശികയുണ്ട്; ഓരോ കേന്ദ്ര ക്ഷാമബത്തയ്ക്കും ആനുപാതികമായി സംസ്ഥാനം എത്ര ശതമാനം ക്ഷാമബത്തയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്ത സമയബന്ധിതമായി നൽകാൻ ഈ സർക്കാരിന് കഴിയാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷാമബത്ത അനുവദിക്കുന്നതിനായി ഏതെല്ലാം സർവ്വീസ് സംഘടനകൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടെന്നും അതിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ ജീവനക്കാർക്കായി 2019 ജനുവരി മുതലുള്ള 3 ശതമാനവും ജൂലൈ മുതലുള്ള 5 ശതമാനവും ചേർത്ത് ആകെ 8 ശതമാനത്തിന് ആനുപാതികമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുവാനുണ്ട്. 2019 ജനുവരി മുതലുള്ള 3 ശതമാനത്തിന് ആനുപാതികമായി നിലവിൽ നൽകിവരുന്ന 20 ശതമാനം ക്ഷാമബത്ത 23 ശതമാനമായും ജൂലൈ മുതലുള്ള 5 ശതമാനത്തിന് ആനുപാതികമായി 28 ശതമാനമായുമാണ് വർദ്ധിക്കുക.

(ബി) പെട്ടെന്നുണ്ടായ പ്രകൃതിക്ഷോഭവും കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയവുംമൂലം സംസ്ഥാന സർക്കാരിന് സാമ്പത്തിക പ്രയാസമുണ്ടായി.

എന്നിരുന്നാലും അവസാന ഗഡു ശമ്പള പരിഷ്കരണ കുടിശ്ശികയും മുൻക്ഷാമബത്ത കുടിശ്ശികയും ജീവനക്കാർക്ക് നേരിട്ട് വിതരണം ചെയ്യുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം 2019 ജനവരി മാസം മുതലുള്ള ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യുവാൻ കാലതാമസം നേരിടുന്നുണ്ട്.

(സി) സ്റ്റേറ്റ് എംപ്ലോയീസ് & ടീച്ചേഴ്സ് ഓർഗനൈസേഷൻ ചെയർമാൻ സമർപ്പിച്ച (ഫയൽ നമ്പർ 1195013/PRU2/19/Fin), നിവേദനവും സെക്രട്ടേറിയറ്റ് പെൻഷനേഴ്സ് വെൽഫയർ അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച (ഫയൽ നമ്പർ 1342971/PRU2/23/2019) നിവേദനവും കേരള എൻ.ജി.ഒ. യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനവും (ഫയൽ നമ്പർ 1355394/PRU2/24/2019) സർക്കാരിന്റെ പരിഗണനയിലുണ്ട്.

**പെൻഷൻ പ്രായം ഏകീകരണം**

107 (469) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം കൂട്ടുന്നതിനോ മുൻകാലത്ത് ചെയ്തതു പോലെ വിരമിക്കൽ തീയതി ഏകീകരിക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെങ്കിലും വിഭാഗം സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഇവരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുവാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പെൻഷൻ പ്രായം കൂട്ടുന്നതോ വിരമിക്കൽ തീയതി ഏകീകരണമോ പരിഗണനയിലില്ല.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

**ക്ഷാമബത്ത കുടിശ്ശിക അനുവദിക്കാൻ നടപടി**

108 (470) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും നിലവിൽ എത്ര ശതമാനം ക്ഷാമബത്ത കുടിശ്ശിക നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ക്ഷാമബത്ത കുടിശ്ശിക ലഭ്യമാക്കാത്തത് മൂലം സർക്കാർ ജീവനക്കാരും പെൻഷൻകാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് കുടിശ്ശിക അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കേന്ദ്രസർക്കാർ 2019 ജനുവരിയിൽ പ്രഖ്യാപിച്ച 3 ശതമാനം ക്ഷാമബത്തയ്ക്കും 2019 ജൂലൈയിൽ പ്രഖ്യാപിച്ച 5 ശതമാനം ക്ഷാമബത്തയ്ക്കും ആനുപാതികമായ ക്ഷാമബത്ത നൽകാനുണ്ട്.

(ബി) ക്ഷാമബത്ത കുടിശ്ശിക ലഭ്യമാക്കുന്നതു സംബന്ധിച്ച കാര്യം സർക്കാർ ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

109 (471) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി തുടർന്നുകൊണ്ടുപോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി(റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതി

110 (472) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുനഃപരിശോധിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് നിയോഗിച്ചതെന്നും സമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ ഓഫീസിന് എവിടെയാണ് സ്ഥലം അനുവദിച്ചിട്ടുള്ളതെന്നും ഓഫീസിൽ നിലവിലെത്ര ജീവനക്കാരുണ്ടെന്നും ഇവർക്ക് ശമ്പളയിനത്തിൽ പ്രതിമാസം എന്ത് തുകയാണ് വേണ്ടിവരുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത ഓഫീസിന്റെ ഫർണിഷിംഗ് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണോ നിർവ്വഹിച്ചതെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ;

(ഡി) പങ്കാളിത്ത പെൻഷൻ പുന-പരിശോധിക്കുന്ന കമ്മിറ്റിയുടെ പ്രവർത്തനത്തിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.), പ്രൊഫ. ഡി. നാരായണ എന്നിവർ അംഗങ്ങളുമായി സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന പ്രകാരം പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയെ നിയമിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ഗാന്ധിപുരം റോഡിൽ സ്ഥിതി ചെയ്യുന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ അഞ്ചാം നിലയിലാണ് പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിയുടെ ഓഫീസിന് സ്ഥലം അനുവദിച്ചിട്ടുള്ളത്. ചെയർമാനുൾപ്പെടെ 3 പേരാണ് സമിതി അംഗങ്ങളായിട്ടുള്ളത്. പ്രതിമാസം ആകെ 2,25,000 രൂപയാണ് ഓണറേറിയമായി സമിതിയംഗങ്ങൾക്ക് അനുവദിക്കുന്നത്. 7 സ്ഥിരം ജീവനക്കാരും ശുചീകരണ ജോലികൾക്കായി കുടുംബശ്രീ യൂണിറ്റിൽ നിന്നും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഒരാളുമാണ് ഓഫീസ് ജീവനക്കാരായുള്ളത്.

7 സ്ഥിരം ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റിലാണ് നിയമിച്ചിരിക്കുന്നത് എന്നതിനാൽ അവർക്ക് മാതൃവകുപ്പിൽ നിന്നുതന്നെയാണ് ശമ്പളം നല്കുന്നത്. കരാറടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റിൽ നിന്നുമുള്ള ആളിന് പ്രതിദിനം 320 രൂപ നിരക്കിൽ പരമാവധി ഒരു മാസം 8,000 രൂപയാണ് ശമ്പളയിനത്തിൽ വേണ്ടിവരുന്നത്.

(സി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന സമിതിക്ക് ഓഫീസ് മുറികൾ സജ്ജമാക്കിയത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷനാണ്. പ്രസ്തുത ഓഫീസിന്റെ ഫർണിഷിംഗിനായി സർക്കാർ നാളിതുവരെയും തുകകൾ അനുവദിച്ചിട്ടില്ല.

(ഡി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനത്തിനായി 2019-20 സാമ്പത്തിക വർഷത്തെ 2071-01-800-91-NP-V എന്ന ശീർഷകത്തിൽ 1,000 രൂപ വകയിരുത്തി നൽകുകയും ടി ശീർഷകത്തിൽ നിന്നും 50 ലക്ഷം രൂപയുടെ അധിക ധനാനുമതി അനുവദിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. 1-2-2020 വരെ 14,87,939 രൂപ ടി ശീർഷകത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

111 (473) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അപാകതയുണ്ടെന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പെൻഷൻ വിഹിതത്തിലേക്ക് സർക്കാരിന്റെ മാച്ചിങ് ഫണ്ട് വൈകിയിട്ടും അതിന് പലിശ നൽകിയില്ല, ശമ്പളത്തിൽ നിന്നും പിടിച്ച പെൻഷൻ വിഹിതം യഥാസമയം നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന് നൽകിയില്ല, അഖിലേന്ത്യ സർവ്വീസുകാരുടെ ബാക്ക് ലോഗ് വിഹിതം ഈടാക്കിയില്ല തുടങ്ങിയ വിഷയങ്ങൾ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കൃത്യമായി വിഹിതം ഈടാക്കുന്നത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; ഇതിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ സർക്കാരിനെ വിമർശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരിൽ നിന്നും എന്നു മുതലാണ് പെൻഷൻ വിഹിതം പിടിച്ചു തുടങ്ങിയത്; സർക്കാർ വിഹിതം എന്നു മുതലാണ് അടച്ചു തുടങ്ങിയത്; സർക്കാർ വിഹിതം വൈകിയിട്ടും അതിനുള്ള പലിശ ജിവനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ലെന്ന പരാതി പരിശോധിക്കുമോ; വിശദമാക്കുമോ;

(ഇ) 2018 ജനുവരി മുതൽ 2019 ഡിസംബർ വരെ എത്ര പേർ സർക്കാർ സർവ്വീസിൽ ചേർന്നു; ഇതിൽ എത്ര പേർക്ക് പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (പ്രാൺ) അനുവദിച്ചു; എത്ര പേർക്ക് നമ്പർ നൽകിയിട്ടില്ല; കാരണം ലഭ്യമാക്കുമോ;

(എഫ്) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പങ്കാളിത്ത പെൻഷനുമായി ബന്ധപെട്ട അപാകതകളെ സംബന്ധിച്ച് കേരളത്തിന് അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ; ഇവയ്ക്ക് ധനകാര്യവകുപ്പ് അയച്ച മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ജി) പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പരാതി ബോധിപ്പിക്കാനുള്ള ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമാക്കുമോ; 2018 ജനുവരി മുതൽ 2019 ഡിസംബർ 31 വരെ പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചു; ഇതിൽ എത്ര പരാതികൾക്ക് മറുപടി നൽകി; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) നിലവിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും കൃത്യമായി എൻ.പി.എസ്. വിഹിതം ഈടാക്കുന്നത് നിരീക്ഷിക്കാൻ സംവിധാനമില്ല. സംസ്ഥാന ട്രഷറി സ്പാർക്കുമായി സഹകരിച്ച് മേൽസംവിധാനം നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫെബ്രുവരി 2014 മുതൽക്കുള്ള ശമ്പളത്തിൽ നിന്നാണ് വിഹിതം ഈടാക്കിത്തുടങ്ങിയത്. 1-4-2013 മുതൽ 31-5-2014 വരെയുള്ള സർക്കാർ വിഹിതത്തിന് പലിശ ജീവനക്കാരന് അനുവദിക്കുന്നതിനായി സർക്കാർ 14-1-2015-ലെ സ.ഉ.(പി) നമ്പർ 25/2015/ധന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ വിഹിതം വൈകിയിട്ടും അതിനുള്ള പലിശ ജീവനക്കാരന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി വിഷയം പരിഹരിക്കുന്നതിനായി സർക്കാർ 10-12-2019-ലെ സർക്കുലർ നമ്പർ 96/2019/ധന പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) സ്പാർക്കിൽനിന്നും ലഭ്യമായ വിവരം അനുസരിച്ച് 2018 ജനവരി മുതൽ 2019 ഡിസംബർ വരെ 47814 പേർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. എൻ.എസ്.ഡി.എൽ.-ന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കാലയളവിൽ 45059 ജീവനക്കാർക്ക് പ്രാൺ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടപ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രാണിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ജീവനക്കാർക്കും പെർമെനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (പ്രാൺ) അനുവദിച്ചിട്ടുണ്ട്.

(എഫ്) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പങ്കാളിത്ത പെൻഷനുമായി ബന്ധപ്പെട്ട അപാകതകളെ സംബന്ധിച്ച് കേരളത്തിന് കത്തുകൾ അയച്ചിട്ടില്ല.

(ജി) ദേശീയ പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കുള്ള പരാതികൾ ധനകാര്യ വകുപ്പിലെ സ്റ്റേറ്റ് നോഡൽ ഓഫീസർക്കാണ് സമർപ്പിക്കേണ്ടത്. snokerala.fin@kerala.gov.in എന്ന ഇ മെയിൽ വിലാസത്തിലും www.cmokerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമായിട്ടുള്ള എല്ലാ പരാതികൾക്കും DDO/സ്പാർക്ക് മുഖേന പരിഹാരം കണ്ടിട്ടുണ്ട്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

112 (474) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതിയുടെ പ്രവർത്തന അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ഇതിനകം സമിതി എത്ര സിറ്റിംഗുകൾ നടത്തി; ആരിൽ നിന്നെല്ലാം തെളിവെടുപ്പുകൾ നടത്തി; വിശദാംശം നൽകുമോ;

(സി) നിലവിലെ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് എൻ.പി.എസിൽ നിന്നും പിന്മാറാൻ സാധിക്കുമോ; ഇതു സംബന്ധിച്ച നിയമപ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) നാഷണൽ പെൻഷൻ സ്കീമുമായി (എൻ.പി.എസ്.) ബന്ധപ്പെട്ട് കേന്ദ്ര ധനകാര്യകമ്മീഷൻ സംസ്ഥാനത്തിന് നൽകിയ ശുപാർശകൾ വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി പുനഃപരിശോധിക്കുമെന്ന് തെരഞ്ഞെടുപ്പ് വാഗ്ദാനം നൽകിയ ഈ സർക്കാരിന്റെ ഇതു സംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ പ്രവർത്തനം ഓരോ ഘട്ടത്തിലും സർക്കാർ വിലയിരുത്തുന്നുണ്ട്.

(ബി) 7-11-2018-ൽ സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 14-10-2019-ന് മുൻപ് സമിതി നിരവധി തവണ അനൗദ്യോഗിക സിറ്റിംഗുകൾ നടത്തുകയും ടി തീയതിക്കുശേഷം 1-2-2020 വരെ 12 ഔദ്യോഗിക സിറ്റിംഗുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ സമിതി ആരിൽനിന്നും തെളിവെടുപ്പുകൾ നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായിട്ടാണ് ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി സർക്കാർ പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുള്ളത്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) ന്യൂ പെൻഷൻ സ്കീമിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്ന് 13-ാം ധനകാര്യ കമ്മീഷൻ (2010-2015) സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. അതിലേയ്ക്കായി ജീവനക്കാർക്കും പെൻഷൻകാർക്കും ഡാറ്റാബേസ് രൂപീകരിക്കുന്നതിന് സംസ്ഥാനത്തിന് 10 കോടി രൂപ ഗ്രാന്റ് അനുവദിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കുന്നതിനായി സർക്കാർ ഇതിനോടകംതന്നെ ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ്. (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതിയെ നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ്**

113 (475) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കുമായി അവിഷ്കരിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിന്നും റിലയൻസിനെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാർ ഉണ്ടാക്കിയ അവസരത്തിൽ റിലയൻസിന് മുൻകൂർ തുക സർക്കാർ നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത തുക റിലയൻസ് സർക്കാരിന് തിരികെ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും പുതിയ കമ്പനികളുമായി കരാർ ഒപ്പിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്ക് ഇപ്പോൾ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; ഇതിന്മേൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നിയമത്തിന്റേയും ചട്ടത്തിന്റേയും IRDAI നിബന്ധനകളുടേയും അടിസ്ഥാനത്തിൽ സുതാര്യമായ ടെണ്ടർ നടപടികളിലൂടെയായിരിക്കും ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുക.

(ബി) ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി നടപ്പിലാക്കുന്നതിനായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി. (REQUEST FOR PROPOSAL)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിട്ടുള്ളതിനാൽ ടി കമ്പനിയുമായി യാതൊരുവിധ കരാറിലും സർക്കാർ ഏർപ്പെട്ടിട്ടില്ല.

(സി) പദ്ധതിയുടെ റീ-ടെണ്ടറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു. IRDAI നിബന്ധനകളുടെ അടിസ്ഥാനത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി സുതാര്യമായ ഇ-ടെണ്ടർ മുഖേന റീ-ടെണ്ടർ നടപടികളിലൂടെ മാത്രമേ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഇൻഷ്വറൻസ് ഏജൻസികളെ തെരഞ്ഞെടുക്കുകയുള്ളൂ.

(ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങൾ നിലവിൽ നിർത്തലാക്കിയിട്ടില്ല.

**സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

114 (476) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ പുതിയ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ-ടെണ്ടറിനു മുന്നോടിയായി 15-7-2019-ലെ സ.ഉ.(പി) നമ്പർ 87/2019/ധന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യരംഗത്തെ വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി ഒരു മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റീ-ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പദ്ധതി എന്നുമുതൽ ആരംഭിക്കാമെന്ന് വ്യക്തമാക്കുവാൻ കഴിയുകയുള്ളൂ.

(സി) സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അദ്ധ്യാപകർക്കും നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റീ-ടെണ്ടറിനു മുന്നോടിയായുള്ള നടപടികൾ നിലവിൽ പുരോഗമിച്ചുവരുന്നു.

**ശമ്പളപരിഷ്കരണം സംബന്ധിച്ച നടപടികൾ**

115 (477) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പളപരിഷ്കരണം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ശമ്പളപരിഷ്കരണ കമ്മീഷന് ജീവനക്കാരുടെ സംഘടനകളിൽനിന്നും ഇതര സംഘടനകളിൽനിന്നും ലഭിച്ച നിവേദനങ്ങൾ സംബന്ധിച്ച വിവരം വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ;

(സി) വിദ്യാഭ്യാസ വകുപ്പിലെ ജില്ല വിദ്യാഭ്യാസ ഓഫീസുകളിലെ പി.എ. (പേഴ്സണൽ അസിസ്റ്റന്റ്), ഡി.ഡി.ഇ. ഓഫീസുകളിലെ എ.എ. (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) എന്നിങ്ങനെയുള്ള തസ്തികകളുടെ പേര് മാറ്റുന്നത് സംബന്ധിച്ച് കമ്മീഷന് നിവേദനം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ശമ്പളകമ്മീഷന്റെ റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6-11-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 414/2019/ധന. പ്രകാരം ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ശമ്പള പരിഷ്കരണ കമ്മീഷന് ജീവനക്കാരുടെ സംഘടനകളിൽനിന്നോ ഇതര സംഘടനകളിൽനിന്നോ നാളിതുവരെ നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല.

(സി) നിവേദനം ലഭിച്ചിട്ടില്ല.

(ഡി) ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**പെൻഷൻ പ്രായം**

116 (478) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻപ്രായം ഉയർത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ സർക്കാരിന്റെ ഭാഗത്ത് നിന്നും നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

**മിച്ചൽ ജംഗ്ഷൻ വൈഡനിംഗിന്റെ കണ്ടിജൻസി ചാർജ്**

117 (479) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിലെ മിച്ചൽ ജംഗ്ഷൻ വൈഡനിംഗിന് ബഡ്ജറ്റിൽ ഇരുപത്തിയഞ്ച് കോടി രൂപ വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പ്രവൃത്തിയുടെ കണ്ടിജൻസി ചാർജ് ലഭിക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ചാർജ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 25-9-2018-ലെ സ.ഉ.(സാധാ) നമ്പർ 1515/2018/PWD പ്രകാരം ഭരണാനുമതി ലഭിച്ച മിച്ചൽ ജംഗ്ഷൻ വൈഡനിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിന്റെ കണ്ടിജൻസി ചാർജ്ജിനത്തിലെ ചെലവ് വഹിക്കുന്നതിനായി 37.54 ലക്ഷം രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് 1-2-2020-ലെ സ.ഉ.(സാധാ) നമ്പർ 908/2020/Fin പ്രകാരം അനുവദിച്ചിട്ടുണ്ട്.

**വാർഷിക പദ്ധതിയിലെ കുറവ്**

118 (480) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വാർഷിക പദ്ധതിയിൽ കുറവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ എത്ര ശതമാനം കുറവ് വരുത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്നുമുള്ള വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ എന്നറിയിക്കാമോ ; ഈ സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ചതിനുശേഷം മാത്രമേ അടുത്ത വാർഷിക പദ്ധതി വകയിരുത്തൽ സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

(ബി) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ കുറവ് വരുത്തിയിട്ടില്ല.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്ര നികുതി വിഹിതമായി 19028.34 കോടി രൂപയും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 11388.96 കോടി രൂപയുമാണ് ലഭിച്ചത്. അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ വരെയുള്ള താൽക്കാലിക

കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 11886.46 കോടി രൂപയും ഗ്രാന്റ്-ഇൻ-എയ്ഡ് ഇനത്തിൽ 5387.44 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്. അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമായാൽ മാത്രമേ കേന്ദ്രത്തിൽ നിന്നുള്ള വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരികയുള്ളൂ. 31-1-2020-ലെ കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ പദ്ധതിച്ചെലവ് (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുൾപ്പെടെ) 17739.68 കോടി രൂപയാണ്. ഇത് ആകെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 57.95 ശതമാനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് (31-1-2020 വരെ) 39.69 ശതമാനമാണ്.

## ബഡ്ജറ്റ് പ്രവൃത്തികൾ

119 (481) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 -ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- ൽ എം.എൽ.എ. മാർ ശിപാർശ നൽകിയ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനം അനുവദിച്ച പ്രവൃത്തികളുടെ പേരും അവയുടെ മണ്ഡലവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്നതിന്റെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടില്ലാത്ത ബാക്കി പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകാമോ?

<u>ഉത്തരം</u>

(എ - സി) എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഉൾപ്പെടുത്തുന്നത്. ഇപ്രകാരം 2852 പ്രവൃത്തികൾ നടപ്പുവർഷം ഈ വാല്യത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിയമസഭാ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ഈ വാല്യത്തിൽ ലഭ്യമല്ല. നിയമസഭ ബഡ്ജറ്റ് പാസ്സാക്കുന്ന മുറയ്ക്ക് ഓരോ വകുപ്പിലെയും പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളാണ് അവ നടപ്പിലാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നത്. ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് ഓരോ പ്രവൃത്തിക്കും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി

120 (482) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പലതും നടപ്പിലാക്കുന്നതിന് ഇനിയും നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019-20-ലെ ബഡ്ജറ്റിൽ 20 ശതമാനം തുക മാറ്റിവെച്ച പ്രവൃത്തികൾക്ക് പോലും ഭരണാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിനുള്ള കാരണമെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ തുക നീക്കിവെച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ് എന്നറിയിക്കാമോ;

(ഡി) ഇത്തരത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നാൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓരോ സാമ്പത്തിക വർഷവും പ്ലാൻ മൂലധന ബഡ്ജറ്റുകൾ അന്തിമമായി തീരുമാനിച്ചതിനുശേഷമാണ് ബഹുമാനപ്പെട്ട നിയമസഭ സാമാജികർ ശിപാർശ ചെയ്യുന്നതും മറ്റു രീതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത, എന്നാൽ അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികൾ 20% തുക വകയിരുത്തി 5054-80-800-66 (NP) എന്ന ശീർഷകത്തിലുൾപ്പെടുത്തി PWD Works Budget Vol II അംഗീകരിക്കുന്നത്. ഇതിൽ പൊതുമരാമത്ത് വകുപ്പിന് പുറമേ ജലസേചനം, തദ്ദേശസ്വയംഭരണം മുതലായ വകുപ്പുകളിലെ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിലെ പ്രവൃത്തികൾക്ക് വേണ്ട തുക 5054 ശീർഷകത്തിൽനിന്നും റീ-അപ്രോപ്രിയേറ്റ് ചെയ്ത് നൽകി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ PWD Works Budget Vol II-ൽ ഇരുപത് ശതമാനം വകയിരുത്തിയിരിക്കുന്ന ഓരോ

നിയമസഭ മണ്ഡലത്തിലേയും വർക്കുകളിൽ ഒന്ന് (ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) സാധാരണ കഴിഞ്ഞ വർഷങ്ങളിൽ അനുവദിക്കുന്നതുപോലെ അനുവദിച്ചുവരുന്നു. ഒന്നിൽ കൂടുതൽ വർക്കുകൾ ഇതിനകം അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ പുതിയ വർക്കുകൾക്ക് ശിപാർശ ലഭിക്കുമ്പോൾ ബഹുമാനപ്പെട്ട ധനമന്ത്രിയുടെ അംഗീകാരത്തോടുകൂടിയാണ് ഉത്തരവാകുന്നത്. ഈ നിയന്ത്രണം മുൻവർഷങ്ങളിലെ ബഡ്ജറ്റുകളിൽ പറഞ്ഞിരിക്കുന്ന വർക്കുകൾക്ക് ബാധകമല്ല.

(സി) നിലവിൽ ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം വഴി പരിശോധിച്ചുവരുന്നു.

(ഡി) വിവിധ വകുപ്പുകൾ കൃത്യമായ പരിശോധനകൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ വാർഷിക ബഡ്ജറ്റ് പദ്ധതികൾ**

121 (483) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18, 2018-19 വാർഷിക ബഡ്ജറ്റുകളിൽ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക ബജറ്റുകളിൽ ആലത്തൂർ മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA SDF) കീഴിൽ ഒരു കോടി രൂപ വീതവും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു*. ഇതിനു പുറമെ പൊതുമരാമത്ത് വകുപ്പ് വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങളും കിഫ്ബി വഴിയുള്ള പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പയ്യനാമൺ-കുപ്പക്കര, തണ്ണിത്തോട്മൂഴി - കരുമാൻതോട് എന്നീ റോഡുകളുടെ പണിക്ക് ഭരണാനുമതി

122 (485) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പയ്യനാമൺ-കുപ്പക്കര, തണ്ണിത്തോട്മൂഴി-കരുമാൻതോട് എന്നീ റോഡുകളുടെ പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എന്നാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചതെന്ന് അറിയിക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ഈ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) നടപ്പ് സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിലെ ഒരു പ്രവൃത്തിക്കാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കോന്നി നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പാറ – കിഴക്കുപുറം - വടക്കുപുറം - വെട്ടൂർ റോഡ് (Ch 1/600 to 5/900) പുനരുദ്ധാരണത്തിന് 600 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ പയ്യനാമൺ-കുപ്പക്കര, തണ്ണിത്തോട്മൂഴി - കരുമാൻതോട് എന്ന പ്രവൃത്തി പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവുകൾ

123 (486) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും 2020 ജനുവരി 31 വരെയുള്ള പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ കാലഘട്ടത്തിൽ എത്ര കോടി രൂപ ചെലവഴിച്ചു;

(സി) ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളിൽ 2020 ജനുവരി 31 വരെ എത്ര കോടി രൂപയുടെ ബില്ലുകൾ പെയ്മെന്റ് നടത്താതെ മാറ്റിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രാദേശിക സർക്കാരുകളുടെ തലം തിരിച്ചുള്ള ചെലവുകളുടെ 31-12-2019 വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഈ കാലയളവിൽ 2491.11 കോടി രൂപയാണ് പ്രാദേശിക സർക്കാരുകളുടെ പദ്ധതിച്ചെലവ്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

(തുക കോടിയിൽ)

| | |
|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | 236.84 |
| മുനിസിപ്പാലിറ്റി | 317.68 |
| ജില്ലാ പഞ്ചായത്ത് | 272.83 |
| ബ്ലോക്ക് പഞ്ചായത്ത് | 385.01 |
| ഗ്രാമ പഞ്ചായത്ത് | 1278.76 |
| ആകെ | 2491.11 |

(സി) 31-1-2020 വരെ ട്രഷറികളിൽ ഇ-സബ്മിറ്റ് ചെയ്തിട്ടുള്ളതിൽ 648.55 കോടി രൂപയുടെ ബില്ലുകൾ പാസ്സാക്കാനുണ്ട്.

## 2019-20 ബഡ്ജറ്റ് എസ്റ്റിമേറ്റ്

124 (487) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം, നികുതിയേതര വരുമാനം എത്രയായിരുന്നു; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ ഇനത്തിലും ഇതിനകം ലഭിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്രനികുതി വിഹിതമായും കേന്ദ്ര ധനസഹായമായും പ്രതീക്ഷിച്ച തുക എത്രയായിരുന്നു; ഇതിൽ ഇതിനകം ഓരോ ഇനത്തിലും ലഭിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 65784.60 കോടി രൂപയും നികുതിയേതര വരുമാനം 15070.07 കോടി രൂപയുമായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ മാസത്തെ പ്രാരംഭ കണക്കുകൾ പ്രകാരം തനത് നികുതി വരുമാനമായി 37128.90 കോടി രൂപയും നികുതിയേതര വരുമാനമായി 7925.55 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്.

(സി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്ര നികുതി വിഹിതമായി 22797.61 കോടി രൂപയും കേന്ദ്ര ധനസഹായമായി 11702.43 കോടി രൂപയുമാണ് പ്രതീക്ഷിച്ചിരുന്നത്. അക്കൗണ്ടന്റ് ജനറലിന്റെ 2019 ഡിസംബർ മാസത്തെ പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതമായി 11886.46 കോടി രൂപയും കേന്ദ്ര ധനസഹായമായി 5387.44 കോടി രൂപയുമാണ് ലഭിച്ചിട്ടുള്ളത്.

**വിധവാ പെൻഷൻ മുടങ്ങാതിരിക്കുവാൻ നടപടി**

125 (488) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വിധവാ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വിവാഹമോചിതർക്ക് പെൻഷൻ നിർത്തലാക്കി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) ഭർത്താക്കന്മാരുടെ മരണം വിവിധ കാരണങ്ങളാൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത അറുപതു വയസ്സ് കഴിഞ്ഞ വിധവകൾക്ക് പോലും സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വിധവകൾക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ മുടങ്ങാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവർ മാത്രമാണ് 'വിധവ' എന്ന വിഭാഗത്തിൽപ്പെടുന്നത്. അതിനാൽ അവർ മാത്രമേ വിധവാ പെൻഷന് അർഹരാകൂ. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ഭർത്താവിനെ ഏഴുവർഷമായി കാണാനില്ല എന്ന് സാക്ഷ്യപ്പെടുത്തി റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് വിവരങ്ങൾ 'സേവന'യിൽ രേഖപ്പെടുത്തണം. നിയമപരമായ വിവാഹമോചനം നേടിയവരും ഭർത്താവിൽ നിന്നും അകന്നു കഴിയുന്നവരും 'വിധവ' എന്ന വിഭാഗത്തിൽപ്പെടില്ല. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് 25-4-2019-ലെ 35/2019/ധന, 11-12-2019-ലെ 97/2019/ധന എന്നീ നമ്പറുകളിലുള്ള പരിപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

**ക്ഷേമ പെൻഷൻ മസ്റ്ററിംഗ്**

126 (489) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമ പെൻഷൻ മസ്റ്ററിംഗിനുശേഷം എത്ര പേരെയാണ് അനധികൃത പെൻഷൻ വാങ്ങുന്നവരായി കണ്ടെത്തി ഒഴിവാക്കാനായത്; വിശദമാക്കാമോ;

(ബി) ഇതുവഴി ക്ഷേമ പെൻഷൻ ഇനത്തിൽ എത്ര രൂപയാണ് സർക്കാരിന് അധികമായി ലഭിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) ക്ഷേമ പെൻഷനിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. സേവന സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്കായി നടത്തിയ മസ്റ്ററിംഗിൽ 2020 ജനുവരി 31 വരെ 402059 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃപ്പട്ടികയിൽ നിന്നും 86723 പേർ സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്തൃപ്പട്ടികയിൽനിന്നും ഒഴിവായിട്ടുണ്ട്. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനു ശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.

(ബി) ഇപ്പോഴത്തെ കണക്കുകൾ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ പ്രതിമാസം ഏകദേശം 48.25 കോടി രൂപയും ക്ഷേമനിധി ബോർഡിൽ 10.41 കോടി രൂപയും ഉൾപ്പെടെ ആകെ 58.66 കോടി രൂപ പ്രതിമാസ ചെലവ് കുറയ്ക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

127 (490) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷ പെൻഷനായി ഇപ്പോൾ എത്ര രൂപ വീതമാണ് നൽകിവരുന്നത്; അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷ പെൻഷനായി ഇതുവരെയായി എത്ര രൂപ നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത പെൻഷൻ ലഭിക്കുന്ന ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2019 ഏപ്രിൽ മാസം മുതൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്കുകൾ ചുവടെ ചേർക്കുന്നു:

| പെൻഷൻ ഇനം | നിരക്ക് (രൂപ) |
|---|---|
| 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | |
| 75 വയസ്സ് വരെ | 1200 |
| 75 വയസ്സിനു മുകളിലുള്ളവർക്ക് | 1500 |
| 2. കർഷക തൊഴിലാളി പെൻഷൻ | 1200 |
| 3. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1200 |
| 4. ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 1200 |
| 5. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | |
| അംഗപരിമിതി 80%-ൽ കുറവ് | 1200 |
| അംഗപരിമിതി 80%-വും അതിൽ കൂടുതലും | 1300 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷ പെൻഷനായി ഇതുവരെ 19030.34 കോടി രൂപ നൽകിയിട്ടുണ്ട്.

(സി)

| | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1. | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2448958 |
| 2. | കർഷക തൊഴിലാളി പെൻഷൻ | 453330 |
| 3. | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 84031 |
| 4. | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1343836 |
| 5. | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 403955 |
| | ആകെ | 4734110 |

ഇതുകൂടാതെ ക്ഷേമ പെൻഷൻ സഹായമായി 678164 പേർക്ക് പ്രതിവർഷം 976.56 കോടി രൂപയും സർക്കാർ സഹായം നൽകിവരുന്നു. എല്ലാ ക്ഷേമ പെൻഷൻ/സാമൂഹ്യ സുരക്ഷാ പെൻഷനുകളും 100 രൂപ വീതം വർദ്ധിപ്പിച്ച് 1300 രൂപയാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷൻ

128 (491) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കണമെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) അപേക്ഷകന്റെ വയസ് തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാമെന്ന മുൻ ഉത്തരവ് ഭേദഗതി ചെയ്യുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ പുതിയ ഉത്തരവ് സ്കൂൾ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർക്കും പഠിക്കുവാൻ അവസരം കിട്ടാത്തവർക്കും പെൻഷൻ നിഷേധിക്കുന്ന സാഹചര്യം ഉണ്ടാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ പുനർചിന്തനം നടത്തുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) UIDAI പുറപ്പെടുവിച്ച 20-12-2018-ലെ ഓഫീസ് മെമ്മോറാണ്ടത്തിലെ ഖണ്ഡിക 6 (സി) പ്രകാരം ജനനത്തീയതി തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ ഉപയോഗിക്കുവാൻ പാടില്ലായെന്ന് സ്പഷ്ടീകരണം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാമെന്ന 26-7-2018-ലെ 69/2018/ധന. നമ്പർ സർക്കുലർ ഭേദഗതി ചെയ്തത്.

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകരുടെ വയസ്സ് തെളിയിക്കുന്നതിനായി ആധാർ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, പകരം സ്കൂൾ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള മറ്റ് സർക്കാർ അംഗീകൃത രേഖകൾ പരിഗണിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## ബയോമെട്രിക് മസ്റ്ററിംഗ്

129 (492) ശ്രീ. സി. ദിവാകരൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമപെൻഷനും വാങ്ങുന്നവരുടെ ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗത്തിലുള്ള ആൾക്കാരാണ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് അനർഹമായി പെൻഷൻ കൈപ്പറ്റുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഏത് വിഭാഗത്തിലുള്ള പെൻഷൻകാരിലാണ് അനധികൃതമായി പെൻഷൻ കൈപ്പറ്റുന്നവർ കൂടുതലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ബയോമെട്രിക് മസ്റ്ററിംഗ് പൂർത്തിയാകുമ്പോൾ സർക്കാരിന് ഏതൊക്കെ വിധത്തിലുള്ള നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) അക്ഷയ കേന്ദ്രങ്ങൾ മുഖേന സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ ബയോമെട്രിക് മസ്റ്ററിംഗിനായി 2019 ഡിസംബർ 15 വരെ അനുവദിച്ചിരുന്ന സമയപരിധി, 2019 ഡിസംബർ 31 വരെയും തുടർന്ന് 2020 ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേരും (91.5%) സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങിയിരുന്ന 678164 ഗുണഭോക്താക്കളിൽ 591441 പേരും (87.21%) മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) മസ്റ്ററിംഗ് നടത്താത്തവരിൽ കുറച്ചുപേർ കൂടി പലവിധ കാരണങ്ങളാൽ കഴിയാതെ പോയവരായിട്ടുണ്ടാകാം. അതിന്റെ വിവരങ്ങൾകൂടി ലഭ്യമായാലേ അന്തിമ കണക്കുകളിൽ എത്തിച്ചേരാനാകൂ. ജീവിച്ചിരിപ്പുണ്ടോ, സ്ഥലത്ത് സ്ഥിരതാമസമുണ്ടോ, പുനർ വിവാഹിതർ, വിധവാ പെൻഷൻ കൈപ്പറ്റുന്നുണ്ടോ എന്നീ വിവരങ്ങൾ മാത്രമാണ് മസ്റ്ററിംഗ് ഘട്ടത്തിൽ പ്രധാനമായും പരിശോധിക്കപ്പെട്ടിട്ടുള്ളത്. മറ്റ് അർഹതാ മാനദണ്ഡങ്ങൾ ഈ ഘട്ടത്തിൽ

വിശദമായി പരിശോധിച്ചിട്ടില്ല. ഈ വിഭാഗത്തിൽ തന്നെ വലിയൊരു നമ്പർ അനർഹർ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(സി) മരണപ്പെട്ടിട്ടും പെൻഷൻ റദ്ദ് ചെയ്യാതെ അനന്തരവകാശികൾ പെൻഷൻ വാങ്ങുന്ന വിഭാഗത്തിലുള്ളവരാണ് അനർഹരിൽ കൂടുതലുള്ളത് എന്നതാണ് നിലവിലുള്ള മസ്റ്ററിംഗ് വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള അനുമാനം.

(ഡി) അനർഹമായി പെൻഷൻ കൈപ്പറ്റുന്നത് തടയുക വഴി ഈ ഇനത്തിലുള്ള ചെലവ് കുറയ്ക്കുവാൻ കഴിയും.

**സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവർക്കായുള്ള മസ്റ്ററിംഗ് സംവിധാനം**

130 (493) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ വാങ്ങുന്നവർ അക്ഷയ കേന്ദ്രങ്ങൾ വഴി നടത്തുന്ന മസ്റ്ററിംഗ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ഇതിനകം എത്ര ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്തിയിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ നൽകുമോ;

(ബി) മസ്റ്ററിംഗിലൂടെ അനർഹർ പെൻഷൻ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേരുണ്ടെന്നും അവർക്ക് ആകെ എന്തു തുക പെൻഷൻ ഇനത്തിൽ നൽകിയിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) മസ്റ്ററിംഗ് നടത്തുന്നതിനുള്ള കാലാവധി 2020 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷേമ പെൻഷനിൽ സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഉൾപ്പെടുന്നു. അക്ഷയ കേന്ദ്രങ്ങൾ മുഖേന സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിനായി 2019 ഡിസംബർ 15 വരെ അനുവദിച്ചിരുന്ന സമയപരിധി 2019 ഡിസംബർ 31 വരെയും തുടർന്ന് 2020 ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

2020 ജനുവരി 31 വരെ ലഭ്യമായ വിവരങ്ങൾ പ്രകാരം സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയിരുന്ന 4733586 ഗുണഭോക്താക്കളിൽ 4331527 പേരും (91.5%) സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങിയിരുന്ന 678164 ഗുണഭോക്താക്കളിൽ 591441 പേരും (87.2%) മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെ കൂടി വിവരങ്ങൾ ലഭിച്ചതിനുശേഷമേ ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.

നിലവിലെ ഏറ്റവും കുറഞ്ഞ പെൻഷൻ തുകയായ 1200 രൂപ നിരക്കിൽ പ്രതിമാസം ഏകദേശം 58.66 കോടിയോളം രൂപ പെൻഷൻ ഇനത്തിൽ നൽകിയിരുന്നതായി കണക്കാക്കുന്നു.

(സി) സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയപരിധി 2020 ജനുവരി 31 വരെയായിരുന്നു.

മസ്റ്ററിംഗിനുള്ള കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**ബയോമെട്രിക് മസ്റ്ററിംഗ്**

131 (494) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. അബ്ദുൽ ഹമീദ് പി.:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ ഏതാണ്ട് അഞ്ചുശതമാനം പേർ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനായി ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗിനു ശേഷം 2020 ജനുവരി 31-ലെ കണക്കുകൾ പ്രകാരം ഗുണഭോക്തൃപ്പട്ടികയിലുണ്ടായിരുന്ന 402059 പേർ മസ്റ്ററിംഗ് ചെയ്യാതെ അവശേഷിക്കുന്നു. ഇത് ഏകദേശം 8.5% വരും. ഇവരിൽ പല കാരണങ്ങളാലും മസ്റ്ററിംഗ് നടത്താൻ കഴിയാതെ പോയവരും ഉൾപ്പെട്ടിരിക്കാം. അവരുടെകൂടി വിവരങ്ങൾ ലഭിച്ചതിനുശേഷമേ

ഇക്കാര്യത്തിലെ അന്തിമ കണക്കുകൾ വ്യക്തമാകുകയുള്ളൂ. അതേസമയം മരണപ്പെട്ടവരുടെ പേരിലും അനർഹരായവരും സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റിയിരുന്നു എന്ന നിഗമനത്തിലേയ്ക്കാണ് ഈ കണക്കുകൾ എത്തിക്കുന്നത്.

(ബി) അർഹരായ പെൻഷൻകാരെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനുമാണ് നിലവിൽ ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തിയത്.

(സി) മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെ അക്ഷയ കേന്ദ്രങ്ങളിൽ നേരിട്ടെത്തി മസ്റ്റർ ചെയ്യാൻ കഴിയാത്ത എല്ലാ പെൻഷൻ ഗുണഭോക്താക്കളെയും അവരുടെ വീടുകളിലെത്തി മസ്റ്റർ ചെയ്യുന്നതിന് അക്ഷയകേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

**ക്ഷേമ പെൻഷൻ മസ്റ്ററിംഗ്**

132 (495) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷൻ മസ്റ്ററിംഗ് യഥാസമയത്ത് ചെയ്യാൻ കഴിയാതെ പോയവർക്ക് മസ്റ്ററിംഗിന് സമയം അനുവദിക്കുമോ;

(ബി) ഇത്തരത്തിൽ മസ്റ്ററിംഗ് ചെയ്യാൻ വിട്ടുപോയ യഥാർത്ഥ പെൻഷൻകാർക്ക് ആയത് നിലവിൽ ചെയ്യാൻ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അക്ഷയകേന്ദ്രങ്ങൾ മുഖേനയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായുള്ള മസ്റ്ററിംഗിന് അനുവദിച്ചിരുന്ന സമയം 2019 ഡിസംബർ 15 വരെ ആയിരുന്നു. വിവിധ കാരണങ്ങളാൽ യഥാസമയം മസ്റ്ററിംഗ് ചെയ്യാൻ കഴിഞ്ഞില്ലായെന്ന പരാതികൾ ലഭിച്ചതിനെത്തുടർന്ന് മസ്റ്ററിംഗിനായുള്ള സമയപരിധി 2019 ഡിസംബർ 31 വരെയും തുടർന്ന് 2020 ജനുവരി 31 വരെയും ദീർഘിപ്പിച്ചു നൽകിയിരുന്നു.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**കായകുളം കായൽ ആഴം കൂട്ടുന്നതിനുള്ള ഫണ്ട്**

133 (496) <u>ശ്രീമതി യു. പ്രതിഭ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരും വർഷങ്ങളിൽ കായംകുളത്ത് നടക്കുന്ന ചാമ്പ്യൻസ് ബോട്ട് ലീഗ് മത്സര വള്ളംകളിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി കായംകുളം കായൽ ആഴം കൂട്ടുന്നതിനുള്ള ഫണ്ട് വകയിരുത്തുമോ ?

<u>ഉത്തരം</u>

2019-20 ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 82-ൽ പ്രഖ്യാപിച്ച പ്രകാരം കേരള ബോട്ട് ലീഗിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 19-7-2019-ലെ സ.ഉ.(സാധാ) നമ്പർ 5689/2019/ധന ഉത്തരവുപ്രകാരം 10 കോടി രൂപയും ചാമ്പ്യൻസ് ലീഗ് ബോട്ട് മത്സരങ്ങളുടെ നടത്തിപ്പിനായി 3-10-2019-ലെ സ.ഉ.(സാധാ) നമ്പർ 7858/2019/ധന ഉത്തരവുപ്രകാരം 10 കോടി രൂപയും അധികധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിനായി അനുവദിച്ച തുക**

134 (499) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ എത്ര തുകയാണ് അനുവദിച്ചത്; എന്നാണ് അനുവദിച്ചത്എന്നറിയിക്കാമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം ബൈപ്പാസിനായി അനുവദിച്ച തുകയിൽ നിന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ - സി) ഒറ്റപ്പാലത്ത് ബൈപ്പാസ് നിർമ്മാണത്തിനായി കിഫ്ബി 78.05 കോടി രൂപയുടെ പദ്ധതിരേഖയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളതും G.O.(Rt) No.1324/PWD/2016 dated 27-9-2016 പ്രകാരം ടി നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എൽ.എ. കണ്ടിജൻസി ചാർജ് അടവാക്കുന്നതിനായി 50 ലക്ഷം രൂപയും (17-10-2019) പ്രാരംഭ ചെലവുകൾക്കുവേണ്ടി സെന്റേജ് ചാർജ്ജ് അഡ്വാൻസായി 10.50 ലക്ഷം രൂപയും (17-3-2018) ആർ.ബി.ഡി.സി.കെ.-യ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. അനുവദിച്ച തുകയിൽ നിന്നും സ്ഥലം ഏറ്റെടുപ്പിനുവേണ്ടി ജില്ലാ കളക്ടർക്ക് 25 ലക്ഷം രൂപയും ഡി.പി.ആർ. ഫീസായി 7.8 ലക്ഷം രൂപയും ലാന്റ് അക്വിസിഷനുവേണ്ടി കല്ലിട്ടതിനായി 1.67 ലക്ഷം രൂപയുമടക്കം ആകെ 34.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

135 (501) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ്; പ്രവൃത്തികളുടെ ബില്ലുകൾ മാറിനൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധന ബഡ്ജറ്റ് ഹാൾ നവീകരണത്തിന്റേയും ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണത്തിനുമായുള്ള രണ്ട് പ്രവൃത്തികളാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുള്ളത്.

(ബി) (എ) ധനകാര്യ ബഡ്ജറ്റ് ഹാൾ നവീകരണത്തിനായി 76,58,596 രൂപയുടെ (എഴുപത്തിയാറ് ലക്ഷത്തി അൻപത്തിയെണ്ണായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയാറ് രൂപ മാത്രം) എസ്റ്റിമേറ്റാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിരുന്നത്. പ്രസ്തുത ബില്ലുകൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം പൊതുമരാമത്ത് വകുപ്പിൽനിന്നും 29-1-2020-ൽ മാത്രമാണ് ഈ വകുപ്പിൽ ലഭ്യമായിട്ടുള്ളത്. ടി ബില്ലുകൾ മാറിനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണത്തിനായി 41,52,957 രൂപയുടെ (നാൽപ്പത്തിയൊന്ന് ലക്ഷത്തി അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി അൻപത്തിയേഴ് രൂപ മാത്രം) എസ്റ്റിമേറ്റ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിരുന്നു. അതിൽ ഫർണിച്ചർ വർക്ക്സിനു ചെലവായ 6,59,081 രൂപയുടെ (ആറ് ലക്ഷത്തി അൻപത്തിയൊൻപതിനായിരത്തി എൺപത്തിയൊന്ന് രൂപ മാത്രം) ബില്ലുകൾ മാറി നൽകിയിട്ടുണ്ട്. ബാക്കി തുകയുടെ വർക്ക്ബില്ലുകൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി സമർപ്പിച്ചിട്ടില്ല.

## ജി.എസ്.ടി.-യിലൂടെയുള്ള നികുതി വരുമാനം

136 (502) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി. യിലൂടെയുള്ള നികുതി വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നുവോ;

(ബി) അത് നേടിയെടുക്കുവാൻ ഭരണപരമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(സി) കൂടുതൽപേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് സ്ട്രീറ്റ് സർവ്വേ പോലുള്ളവ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലം ജി.എസ്.ടി. രജിസ്ട്രേഷനിൽ വർദ്ധന വന്നിട്ടുണ്ടോ;

(ഡി) നികുതി വകുപ്പിന്റെ പുനഃസംഘടനയുടെ ഭാഗമായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷം ജി.എസ്.ടി.യിലൂടെയുള്ള നികുതി വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

(ബി) ജി.എസ്.ടി. വരുമാനം 30 ശതമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വില്പന, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ച് കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വാർഷിക റിട്ടേൺ നൽകേണ്ട അവസാന തീയതി 2020 ഫെബ്രുവരി 7 വരെ ജി.എസ്.ടി. കൗൺസിൽ നീട്ടി നൽകുകയുണ്ടായി.

- ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാവിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

- ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്തപക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.
- KSEB, Pollution Control Board, Food & Safety വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് അവ റിട്ടേണുമായി ഒത്തുനോക്കുന്ന പ്രക്രിയ തുടർന്നുവരുന്നു.
- റിട്ടേൺ ഫയൽ ചെയ്യാത്തവരെ കണ്ടുപിടിച്ച് നൽകേണ്ട നികുതിയുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് നോട്ടീസ് നൽകി അസസ്സ്മെന്റുകൾ പൂർത്തിയാക്കിവരുന്നു.
- ജി.എസ്.ടി. Back-end സംവിധാനം ഉപയോഗിച്ച് റിട്ടേണിലെ പൊരുത്തക്കേട് വിശദീകരിക്കുവാൻ വ്യാപാരികൾക്ക് നോട്ടീസ് നൽകിവരുന്നു.
- നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Technology Kerala-യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.
- റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ പേരെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിന് ഇന്റലിജൻസ് വിഭാഗം സ്ട്രീറ്റ് സർവ്വേ പോലുള്ളവ നടത്തുന്നുണ്ട്. ഇതിന്റെ ഫലമായി 31-3-2019-ൽ 3,40,300 രജിസ്ട്രേഷൻ ഉണ്ടായിരുന്നത്. ഇപ്പോൾ (3-2-2020 വരെ) 3,51,589 ആയി വർദ്ധിച്ചിട്ടുണ്ട്.

(ഡി) 2017 ജൂലൈ 1 മുതൽ രാജ്യത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാന അതിർത്തികളുള്ളിൽ പ്രവർത്തിച്ച് വന്നിരുന്ന വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ വകുപ്പിൽ നിലവിലുണ്ടായിരുന്ന ഇന്റലിജൻസ് സ്ക്വാഡുകളെ പുനഃസംഘടിപ്പിച്ച്, സംസ്ഥാന അതിർത്തി കടന്നുവരുന്ന അന്തർസംസ്ഥാന ചരക്കുനീക്കം പരിശോധിക്കുന്നതിലേയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 20 സർവയലൻസ് സ്ക്വാഡുകളും സംസ്ഥാനത്തിനുള്ളിലൂടെയുള്ള ചരക്കുനീക്കം പരിശോധിക്കുന്നതിലേയ്ക്കായി 75 മൊബൈൽ സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. റിട്ടേൺ ഫയൽ ചെയ്യാതിരിക്കൽ മുതലായ മറ്റ് മാനദണ്ഡങ്ങൾ എന്നിവ വിലയിരുത്തി കട പരിശോധനയും നടത്തിവരുന്നു.

## ജി.എസ്.ടി. പ്രകാരം സ്വർണ്ണവ്യാപാരികളിൽനിന്നും ലഭിച്ച അധിക നികുതി

137 (503) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നടപ്പിലാക്കിയശേഷം സ്വർണ്ണവ്യാപാരികളിൽനിന്നും നേരത്തേ ലഭിച്ചുവരുന്ന നികുതിയിൽ എത്ര കോടി രൂപയുടെ അധികവരുമാനം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സ്വർണ്ണവ്യാപാരികളിൽനിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച വരുമാനം (കോടിയിൽ) |
|---|---|
| വാറ്റ് നിലവിലുണ്ടായിരുന്ന കാലത്തെ വരുമാനം | |
| 2014-15 | 456.76 |
| 2015-16 | 541.70 |
| 2016-17 | 629.65 |
| 2017-18 (2017 ഏപ്രിൽ മുതൽ 2017 ജൂൺ വരെ) | 232.81 |
| ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം സംസ്ഥാന ജി.എസ്.ടി.യും ഐ.ജി.എസ്.ടി. സെറ്റിൽമെന്റും ഉൾപ്പെടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം - ഇൻപുട്ട് നികുതി കഴിച്ച് | |
| 2017-18 (2017 ജൂലൈ മുതൽ 2018 മാർച്ച് വരെ) | 247.91 |
| 2018-19 | 387.29 |

**ജി.എസ്.ടി.**

138 (504) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടത്തിന്റെ വ്യാപ്തി വ്യക്തമാക്കാമോ;

(ബി) ഈ നഷ്ടം പരിഹരിക്കുന്നതിനായി എത്ര തുകയാണ് കേന്ദ്രം അനുവദിക്കേണ്ടിയിരുന്നത് എന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര തുക കേന്ദ്രം അനുവദിച്ചു എന്ന് അറിയിക്കാമോ?

ഉത്തരം

(എ - സി) ജി.എസ്.ടി. ഉൾപ്പെടെ വിവിധ നികുതി ഇനങ്ങളിലായി കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച വരുമാനം (കോടിയിൽ) |
|---|---|
| 2014-15 | 27870.89 |
| 2015-16 | 31152.07 |
| 2016-17 | 34038.36 |
| 2017-18<br>(ജി.എസ്.ടി കളക്ഷനുൾപ്പെടെ) | 38403.69 |
| 2018-19<br>(ജി.എസ്.ടി കളക്ഷനുൾപ്പെടെ) | 43707.51 |

ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി വരുമാനത്തിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിനുവേണ്ടി ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടനുസരിച്ച് താഴെപ്പറയുന്ന മാനദണ്ഡം ഉപയോഗിച്ച് കുറവുവരുന്ന തുക ജി.എസ്.ടി. കോമ്പൻസേഷനായി നൽകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. അതുപ്രകാരം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ 5 വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകും. നഷ്ടപരിഹാരം ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. 2015-16-ലെ കളക്ഷന്റെ 14 ശതമാനം വർദ്ധനവ് ഓരോ വർഷവും കണക്കാക്കിയാണ് സംരക്ഷിത റവന്യൂ നിശ്ചയിച്ചിരിക്കുന്നത്. 2017-18 മുതൽ 2019-20 വരെയുള്ള സംരക്ഷിത റവന്യൂ ചുവടെ ചേർക്കുന്നു:

| വർഷം | സംരക്ഷിത റവന്യൂ (തുക കോടിയിൽ) |
|---|---|
| 2017-18 (ജൂലൈ 2017 മുതൽ മാർച്ച് 2018 വരെ) | 16398 |
| 2018-19 | 24924 |
| 2019-20 | 28416 |

സംരക്ഷിത റവന്യൂവിൽനിന്നും എസ്.ജി.എസ്.ടി. കളക്ഷനും എസ്.ജി.എസ്.ടി. അടയ്ക്കുവാനുപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റ് ഉൾപ്പെടെയുള്ള ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് തുകയും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കൂട്ടിക്കിഴിച്ചുള്ള തുക ദ്വൈമാസ കോമ്പൻസേഷനായി ലഭിക്കുന്നു. 2019 സെപ്റ്റംബർ വരെയുള്ള കോമ്പൻസേഷൻ ലഭിച്ചു. 2019 ഒക്ടോബർ-നവംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷനായ 1510.76 കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് കാലാവധി എത്തുന്നത്.

2017-18 മുതൽ 2019-20 വരെ ജി.എസ്.ടി. ഇനത്തിൽ ലഭിച്ച കോമ്പൻസേഷൻ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച കോമ്പൻസേഷൻ (തുക കോടിയിൽ) |
|---|---|
| 2017-18 | 1772 |
| 2018-19 | 2884 |
| 2019-20 (30.09.2019 വരെ) | 3743 |

**ജി.എസ്.ടി. കണക്കുകൾ**

139 (505) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.റ്റി. നടപ്പിലാക്കുന്നതിനുമുമ്പ് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വകുപ്പിൽ ഒരിക്കൽ സമർപ്പിച്ച് തീർപ്പാക്കിയിട്ടുള്ള കണക്കുകളിൽ പൊരുത്തക്കേടുണ്ടെന്നും, പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നും കാണിച്ച് വ്യാപാരികൾക്ക് ഇപ്പോൾ നോട്ടീസ് അയയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഒരിക്കൽ തീർപ്പാക്കിയ രേഖകളും കണക്കുകളും വീണ്ടും ഹാജരാക്കാൻ വ്യാപാരികൾക്ക് അക്കൗണ്ടന്റിനും ആഡിറ്റർക്കും വീണ്ടും ഫീസ് നൽകേണ്ടിവരുന്നത് അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) പ്രളയത്തെത്തുടർന്നുണ്ടായ വ്യാപാരരംഗത്തെ ഇടിവും, പ്രളയസെസ്സ് ഏർപ്പെടുത്തിയ സാഹചര്യങ്ങളും കൊണ്ട് കേരളത്തിലെ വ്യാപാരികൾ നിലനില്പിനായി ബുദ്ധിമുട്ടുന്ന അവസ്ഥയിലായിരിക്കേ, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം ഇടപെടലുകൾ നിയന്ത്രിക്കാമോ; വിശദമാക്കാമോ?

ഉത്തരം

(എ) 2011-2012, 2012-13, കാലഘട്ടങ്ങളിലെ നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ ഫയലുകൾ അക്കൗണ്ടന്റ് ജനറൽ ആഡിറ്റിന് വിധേയമാക്കിയതിനുശേഷം എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത നികുതി നിർണ്ണയ ഉത്തരവുകൾ പുനർനിർണ്ണയം

നടത്തേണ്ടതായിട്ടുണ്ട്. അപ്രകാരമുള്ള കേസുകളിലാണ് അക്കൗണ്ടന്റ് ജനറൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി വ്യാപാരികൾക്ക് വീണ്ടും നോട്ടീസുകൾ നൽകുന്നത്. വ്യാപാരികൾക്ക് മറുപടി സമർപ്പിക്കുവാനും ഹിയറിംഗിനും അവസരം നൽകിയതിനുശേഷമാണ് പുനർനിർണ്ണയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇത് നിയമപരമായുള്ള നടപടിക്രമമാണ്. 2013-14 വർഷത്തെ നികുതി നിർണ്ണയം പൂർത്തിയാക്കേണ്ട നിയമപരമായ കാലാവധി 2020 മാർച്ച് 31 വരെയാണ്. പ്രസ്തുത കാലയളവിനുള്ളിൽ നികുതി നിർണ്ണയ അധികാരികൾ വ്യാപാരികൾ സ്വയം നികുതി നിർണ്ണയം നടത്തി ഫയൽ ചെയ്ത റിട്ടേണുകൾ KVATIS-ലെ വിവരങ്ങളുമായി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ പ്രീ-അസസ്സ്മെന്റ് നോട്ടീസ് നൽകുകയാണ് ചെയ്യുന്നത്.

ജനറൽ സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് നൽകിയ പ്രീ-അസസ്സ്മെന്റ് നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള വിറ്റുവരവ് മറച്ചുവയ്ക്കൽ, വാങ്ങൽ മറച്ചുവയ്ക്കൽ തുടങ്ങിയവ എപ്രകാരം എത്തിച്ചേർന്നുവെന്ന കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടില്ലായെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്. മാത്രമല്ല വ്യാപാരികൾക്ക് അനുവദനീയമായ പല ഇളവുകളും കണക്കിലെടുക്കാതെയാണ് നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ ജനറൽ സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകൾ പിൻവലിച്ചശേഷം കേരള വാറ്റ് നിയമത്തിലെ വകുപ്പ് 25 (1) പ്രകാരം ഉചിതമായ കേസുകളിൽമാത്രം ബഹുമാനപ്പെട്ട ഹൈക്കോടതി N. Jaya V. Commercial Tax Officer & Another (2017) 25 KTR 449 (Ker) എന്ന കേസിൽ നിഷ്കർഷിച്ചതുപോലെ വിശദാംശങ്ങളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടും നിയമപ്രകാരം നിലനിൽക്കുന്നതുമായ പുതുക്കിയ നോട്ടീസ് വീണ്ടും നൽകുന്നതാണ്. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, എ.ജി.-യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്സ്മെന്റ് നടപടികൾ തുടരുന്നതാണ്.

(ബി) സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ പ്രീ-അസസ്സ്മെന്റ് നോട്ടീസ് നൽകുന്നു. ഇപ്രകാരം നോട്ടീസ്

നൽകിയ ഫയലുകളിൽ വ്യാപാരികൾക്ക് മറുപടി നൽകുന്നതിനുള്ള സമയം നൽകുകയും മറുപടി പരിഗണിച്ച് ഹിയറിംഗിനും അവസരം നൽകിയതിനുശേഷമാണ് നികുതി നിർണ്ണയം പൂർത്തിയാക്കുന്നത്.

(സി) ഒരിക്കൽ തീർപ്പാക്കിയ കേസുകളിൽ റിട്ടേൺ സ്കൂട്ടിണിയുടെയോ ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിലോ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിലോ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കണക്കുകൾ പുനഃപരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് നിയമപരമായി നികുതി നിർണ്ണയ ഓഫീസർക്ക് അധികാരമുണ്ട്. നികുതി നിർണ്ണയ നോട്ടീസ് പ്രകാരം ചൂണ്ടിക്കാണിച്ചിരിക്കുന്ന ക്രമക്കേടുകൾക്ക് തൃപ്തികരമായ തെളിവ് നൽകുക എന്നത് മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 9 പ്രകാരം വ്യാപാരിയിൽ നിക്ഷിപ്തമാണ്. കൃത്യമായി വ്യാപാരം ചെയ്യുന്ന വ്യാപാരികളെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട നോട്ടീസുകൾ ബാധിക്കുന്നില്ല. ഓഫീസിൽനിന്ന് നൽകുന്ന നോട്ടീസുകൾക്ക് മറുപടി നൽകി ഹിയറിംഗിന് പങ്കെടുക്കുന്നത് വ്യാപാരിക്ക് സ്വമേധയായോ/അധികാരപ്പെടുത്തിയ ടാക്സ് പ്രാക്ടീഷണർ വഴിയോ ചെയ്യാവുന്നതാണ്.

(ഡി) സത്യസന്ധമായി ക്രയവിക്രയ വിവരങ്ങൾ സൂക്ഷിച്ച് റിട്ടേൺ ഫയൽ ചെയ്ത് വ്യാപാരം ചെയ്യുന്ന വ്യാപാരികളെ ഇത്തരം നോട്ടീസുകൾ ബാധിക്കുന്നില്ല. റിട്ടേൺ സ്കൂട്ടിണിയുടെയോ ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിലോ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിലോ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കണക്കുകൾ പുനഃപരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് നിയമപരമായി നികുതി നിർണ്ണയ ഓഫീസർക്ക് അധികാരമുണ്ട്. ഇത് അനാവശ്യ ഇടപെടലായി കണക്കാക്കാനാവില്ല.

**ചരക്ക് സേവന നികുതി സംവിധാനം**

140 (506) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ചോർച്ച തടയുമെന്നും , വരുമാനം വർദ്ധിക്കുമെന്നും പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ചരക്ക് സേവന നികുതി സംവിധാനം പരാജയമാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെന്താണ്;

(ബി) ജി.എസ്.ടി.യുടെ ഭാഗമായി കോടികളുടെ നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ഇതിനകം നികുതി വെട്ടിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണെന്നറിയുമോ;

(ഡി) ജി.എസ്.ടി. റീഫണ്ടുമായി ബന്ധപ്പെട്ട് കോടികളുടെ തട്ടിപ്പ് നടക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ സംവിധാനത്തിലെ പിഴവുകൾ കണ്ടെത്തുന്നതിനായി കേന്ദ്രസർക്കാർ സമിതികൾ രൂപീകരിച്ചിട്ടുള്ളതായറിവുണ്ടോ;

(ഇ) 2019-20-ൽ ജി.എസ്.ടി. വരുമാന ഇനത്തിൽ എന്ത് തുക പിരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; അതിൽ ഇതുവരെ എന്ത് തുക ലഭ്യമായി എന്നറിയിക്കാമോ?

ഉത്തരം

(എ) ജി.എസ്.ടി. പ്രാപ്യാധിഷ്ഠിത ഉപഭോക്തൃ നികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരേയും ലഭ്യമായിട്ടില്ല. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75 ശതമാനത്തിൽ കൂടുതൽ ലഭ്യമായിരുന്നത് 14.5 ശതമാനം നികുതി നിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195- ഓളം ചരക്കുകളുടെ നികുതി നിരക്ക് 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽത്തന്നെ അന്തർസംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇതു കുറേയൊക്കെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്.

ജി.എസ്.ടി സോഫ്റ്റ്‌വെയർ പൂർണ്ണമായും സജ്ജമാകാതെ ജി.എസ്.ടി. നടപ്പിലാക്കിയത് നിമിത്തം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വെരിഫിക്കേഷൻ ഫലപ്രദമായി നടപ്പാകുന്നില്ല. ഇതും നികുതി വരുമാനം കുറഞ്ഞതിന് ഒരു ഘടകമാണ്.

ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതിപിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വാർഷികവർദ്ധനവ് കണക്കാക്കി കേരളത്തിന്റെ നികുതി 2017-18-ലേയ്ക്ക് 16398 കോടി രൂപയും (ജൂലൈ 2017 മുതൽ മാർച്ച് 2018 വരെ) 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് 24924 കോടി രൂപയും 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 28416 കോടി രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതിപിരിവ് വർദ്ധന ശരാശരി 12 ശതമാനമണെന്നിരിക്കെ ജി.എസ്.ടി.യിൽ 14 ശതമാനം നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ തത്വത്തിൽ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. എന്നാൽ 2019 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ നഷ്ടപരിഹാരം 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്നത്, 2019 ഡിസംബർ മാസത്തിലാണ് ലഭിച്ചത്. 2019 ഒക്ടോബർ - നവംബർ മാസങ്ങളിലേയ്ക്ക് അർഹതപ്പെട്ട കോമ്പൻസേഷൻ 1510.76 കോടി രൂപ ഇതുവരെ ലഭിച്ചിട്ടില്ല. ഈ കാലതാമസം സംസ്ഥാനത്തിന്റെ ധനഃസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

വരുംകാലങ്ങളിൽ നിലവിലെ വ്യവസ്ഥകളനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രതലത്തിൽ പുനർവിചിന്തനം വേണമെന്ന ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ട്. അന്തിമ തീരുമാനമൊന്നും ആയിട്ടില്ലെങ്കിലും നഷ്ടപരിഹാരം ലഭിച്ചില്ലെങ്കിൽ സംസ്ഥാന ധനഃസ്ഥിതിയെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

- 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്ക്രൂട്ടിണൈസ് ചെയ്ത് വ്യാപാരികളുടെ വില്പ്പൽ, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രെഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- ജി.എസ്.ടി.ആർ-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ-3 ബി, ജി.എസ്.ടി.ആർ-1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ യഥാസമയം പരിശോധനാവിധേയമാക്കി നടപടികൾ സ്വീകരിച്ചുവരുന്നു.

- ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം

(എ.എൻ.പി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. GSTN തൽസമയമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ചു വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചരക്കു സേവന നികുതി വകുപ്പ് വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ ബില്ല് കൊടുക്കുന്നുണ്ടോയെന്ന് അറിയാൻ ടെസ്റ്റ് പരിശോധനകളും നടത്തുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ജി.എസ്.ടി. കൗൺസിലിലും നികുതി കമ്മീഷണർമാരുടെ യോഗത്തിലും ഈ വിഷയം ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിലും നടപടിക്രമങ്ങളിലും കൂടുതൽ പരിശോധന സംവിധാനം ഉൾപ്പെടുത്തുന്ന കാര്യങ്ങൾ കൗൺസിലിന്റെ പരിഗണനയിലാണ്.

(ഇ) 2019-20- ൽ ജി.എസ്.ടി. വരുമാനയിനത്തിൽ 29010.62 കോടി രൂപ പിരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ 31-1-2020 വരെ 20524.57 കോടി രൂപ ലഭ്യമായിട്ടുണ്ട്.

## നികുതി തട്ടിപ്പ്

141 (507) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളിൽനിന്നും ജി.എസ്.ടി.യും വാറ്റും ഒന്നിച്ച് ഈടാക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) പല സ്ഥാപനങ്ങളും ഇവ ഈടാക്കിയശേഷം അത് സർക്കാറിലേക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളുടെ ലിസ്റ്റ് ശേഖരിച്ചിട്ടുണ്ടോ;

(സി) ഈ രീതിയിൽ നികുതി തട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, സർചാർജ്ജ് തുടങ്ങിയ നികുതികൾ അന്തർഗണിച്ചാണ് ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയിട്ടുള്ളത്. അതിനാൽ 1-7-2017 മുതൽ ജി.എസ്.ടി. മാത്രമാണ് സംസ്ഥാനത്ത് പിരിക്കുന്നത്. 1-8-2018 മുതൽ കേരള പ്രളയ സെസ്സും ബാധകമാണ്.

(ബി) പ്രതിവർഷം 40 ലക്ഷം രൂപയിൽ കൂടുതൽ ടേണോവറുള്ള ചരക്കുകൾ കൈകാര്യം ചെയ്യുന്നവർക്കും 20 ലക്ഷം രൂപയിൽ കൂടുതൽ ടേണോവറുള്ള സേവനങ്ങൾ നൽകുന്നവർക്കുമാണ് ചരക്കുസേവന നികുതി നിയമപ്രകാരം രജിസ്ട്രേഷനെടുക്കാൻ നിയമപരമായി ബാദ്ധ്യതയുള്ളത്. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾക്ക് ഉപഭോക്താക്കളിൽനിന്നും നികുതി വസൂലാക്കുന്നതിന് നിയമപരമായി അധികാരമുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന നികുതി അടുത്തമാസം റിട്ടേൺവഴി ഖജനാവിലേയ്ക്ക് അടയ്ക്കേണ്ടതാണ്. റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉപഭോക്താക്കളിൽനിന്നും നികുതി വസൂലാക്കിയതിനുശേഷം റിട്ടേൺ ഫയൽ ചെയ്യാത്ത വ്യാപാരികൾക്കെതിരെ കമ്പ്യൂട്ടർ സംവിധാനംവഴി 3A നോട്ടീസ് നൽകി നികുതി നിർണ്ണയ നടപടിക്രമങ്ങൾ ചെയ്തുവരുന്നു. കൂടാതെ വ്യാപാരികൾ ഫയൽ ചെയ്ത റിട്ടേണുകൾ, ഇ-വേ ബിൽ, ടി.സി.എസ്., ടി.ഡി.എസ്., 2A റിട്ടേൺ എന്നിവയുമായി വിശകലനം ചെയ്ത് അപാകതയുള്ള

കേസ്സുകളിൽ നികുതി നിർണ്ണയ നടപടികൾ സ്വീകരിക്കുന്നു. കൂടാതെ ടെസ്റ്റ് പർച്ചേസ്, കട പരിശോധന എന്നിവയിലൂടെ വ്യാപാരികൾ ശരിയായ രീതിയിലാണ് ക്രയവിക്രയങ്ങൾ നടത്തുന്നതെന്ന് ഇന്റലിജൻസ് വിഭാഗം ഉറപ്പുവരുത്തുന്നു.

## നികുതി വെട്ടിപ്പ് തടയാൻ നടപടി

142 (508) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിലൂടെ നികുതി വെട്ടിപ്പ് തടയുന്നതിന് എത്ര മാത്രം സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഉപഭോക്താക്കളിൽ നിന്നും വ്യാപാരികൾ ഈടാക്കുന്ന നികുതി സർക്കാരിലേക്ക് ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ഡി) ഈടാക്കിയ നികുതി ഒടുക്കാത്ത വ്യാപാരികളിൽ എത്രപേർക്കെതിരെ ഈ സാമ്പത്തിക വർഷം കേസ് രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ.) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കുവാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തത്സമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സമയമായ ഇ-വേ ബിൽ ഡേറ്റാ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 ഏപ്രിൽ മാസത്തോടുകൂടി പൂർണ്ണമായും ഉപയോഗക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇ-വേ ബിൽ സമ്പ്രദായം റിട്ടേൺ ഫയലിംഗുമായി ബന്ധപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് രണ്ടോ അതിലധികമോ മാസം ജി.എസ്.ടി. ആർ 3 ബി റിട്ടേണുകൾ ഫയൽ ചെയ്യാത്ത വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കുന്നത് ഓട്ടോമാറ്റിക് ആയി ബ്ലോക്ക് ചെയ്യപ്പെടും. റിട്ടേൺ ഫയൽ ചെയ്യാത്തത് 2 മാസത്തിൽ താഴെ ആണെങ്കിൽ മാത്രമേ ഇ-വേ ബിൽ എടുക്കുന്നതിന് സാധിക്കുകയുള്ളൂ. ഇതുമൂലം കൃത്യ സമയത്തിനുള്ളിൽ 3 ബി റിട്ടേണുകൾ ഫയൽ ചെയ്ത് നികുതി ഒടുക്കുന്നതിന് വ്യാപാരികൾ സശ്രദ്ധരാകും.

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും 2019-2020 സാമ്പത്തിക വർഷം 31-12-2019 വരെ 1283718 ചരക്കുവാഹനങ്ങൾ പരിശോധിക്കുകയും 5919 ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി ഉപഭോക്താക്കളിൽനിന്നും വ്യാപാരികൾ ഈടാക്കുന്ന നികുതി സർക്കാരിലേയ്ക്ക് ഒടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ റിട്ടേൺ ഫയൽ ചെയ്യാത്തവർക്കെതിരെ അസസ്മെന്റ് നടപടികളും, കടപരിശോധന, പിഴ എന്നീ നടപടികളും എടുത്തുവരുന്നു. റിട്ടേൺ സ്ക്രൂട്ട്നി പ്രകാരവും നികുതി ഒടുക്കുന്നതിൽ പിഴവോ കുറവോ വരുത്തിയവർക്കെതിരെ നിയമനടപടികളും കൈക്കൊള്ളുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം

143 (509) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനു ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തുന്നുണ്ടോ;

(ബി) നഷ്ടപരിഹാരത്തുക നേടിയെടുക്കുന്നതിൽ സംസ്ഥാന സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് അറിയിക്കാമോ;

(സി) നഷ്ടപരിഹാര തുക ലഭിക്കാത്തതിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് പോലീസിനെയും മോട്ടോർവാഹന വകുപ്പിനെയും മറ്റു വകുപ്പുകളെയും ഉപയോഗിച്ച് ജനങ്ങളിൽ പിഴ ചുമത്തിവരുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് ലഭിക്കേണ്ട ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നതിൽ കേന്ദ്ര സർക്കാർ കാലതാമസം വരുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം 2019 ആഗസ്റ്റ്, 2019 സെപ്റ്റംബർ മാസങ്ങളിലേത് ഒക്ടോബർ 2019-ൽ ലഭിക്കാതിരുന്ന സാഹചര്യമുണ്ടായി. ഇതിനായി മറ്റ് സംസ്ഥാനങ്ങളുമായി ചേർന്ന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി.

ഇതിനായി കേരളം മുൻകയ്യെടുത്ത് സംസ്ഥാന ധനമന്ത്രിമാരുടെ യോഗം പ്രത്യേകമായി വിളിക്കുകയും കേന്ദ്രത്തിനോട് നഷ്ടപരിഹാരത്തുക റിലീസ് ചെയ്യുവാൻ ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ മറ്റ് സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുമായി രണ്ട് പ്രാവശ്യം വീഡിയോ കോൺഫറൻസ് വഴി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വിഷയം കേരളത്തിലെ എം.പി. മാർ പാർലമെന്റിൽ ഉന്നയിക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി 2019 ഒക്ടോബർ മാസത്തിൽ ലഭിക്കേണ്ടിയിരുന്ന ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ജി.എസ്.ടി. നഷ്ടപരിഹാരം 2019 ഡിസംബർ മാസത്തിൽ സംസ്ഥാനത്തിന് ലഭിച്ചു.

(സി) അവാസ്തവമായ പ്രസ്താവനയാണിത്.

## പാലക്കാട് ജില്ലയിൽ ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ

144 (510) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ട്രഷറി വകുപ്പിന് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ കൊല്ലങ്കോട്, വടക്കഞ്ചേരി, മണ്ണാർക്കാട്, അഗളി എന്നീ സബ്‌ട്രഷറികൾക്കും ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്കും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചുവരുന്നത്.

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു.

കൊല്ലങ്കോട് സബ്ട്രഷറിക്ക് നിലവിൽ ട്രഷറി സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ തന്നെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ട്രഷറി വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇൻകെൽ തെരഞ്ഞെടുക്കുന്ന കോൺട്രാക്ടർ മുഖേന ഉടൻ തന്നെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

വടക്കഞ്ചേരി സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വടക്കഞ്ചേരി വില്ലേജിൽ സർവ്വേ നമ്പർ 204-ൽ ലഭ്യമായ 10 സെന്റ് സ്ഥലത്ത് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ സാധിക്കും.

മണ്ണാർക്കാട് സബ്ട്രഷറിയുടെ നിലവിലുള്ള കെട്ടിടത്തിന്റെ കുറച്ച് ഭാഗങ്ങൾ നിലനിർത്തിക്കൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കുന്നത് അപ്രായോഗികമാണെന്ന് ബോദ്ധ്യമായതിനാൽ ഇൻകെൽ ലിമിറ്റഡ്, ട്രഷറിയുടെ പ്രവർത്തനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റണമെന്നാവശ്യപ്പെടുകയും പഴയ കെട്ടിടം പൊളിച്ച് മാറ്റിക്കൊണ്ട് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

അഗളി സബ്ട്രഷറിയുടെ കുറച്ച് ഭാഗങ്ങൾ നിലനിർത്തിക്കൊണ്ടും ഒരു ട്രഷറിക്കാവശ്യമായ മറ്റ് സൗകര്യങ്ങളൊക്കെ കൂട്ടിച്ചേർത്തുകൊണ്ടുമുള്ള രീതിയിലാണ് നിർമ്മാണ പ്രവൃത്തികൾ തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുള്ളതിനാൽ ഗ്രൗണ്ട് ഫ്ലോറിന്റെ ബ്ലോക്ക് വർക്കുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

ചെർപ്പുളശ്ശേരി ജില്ലാ ട്രഷറിക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽ നിന്നും കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറി കെട്ടിടനിർമ്മാണം**

145 (511) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ താലൂക്കിൽ വയക്കര വില്ലേജിൽ റീസർവ്വേ നമ്പർ 59/1-ൽപ്പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽനിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് നിർമ്മാണനിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിലേയ്ക്കുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ അന്തിമഘട്ടത്തിലുമാണ്. പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്ക് വിധേയമായി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## തൃക്കരിപ്പൂരിൽ പുതിയ സബ്-ട്രഷറി

146 (512) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂരിൽ നിലവിലുണ്ടായിരുന്ന വൺ-മാൻ ട്രഷറിക്ക് പകരം പുതിയ സബ്-ട്രഷറി അനുവദിക്കുമെന്ന് അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെയായി സബ്-ട്രഷറി അനുവദിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി ഏർപ്പെടുത്തി നൽകിയാൽ എപ്പോൾ ട്രഷറി അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി ഇടപാടുകാർക്ക് നിലവിൽ ഏത് ട്രഷറിയിൽ നിന്നും ഇടപാട് നടത്താൻ തക്കവണ്ണം ട്രഷറികൾ സജ്ജമായികഴിഞ്ഞതിനാൽ നിലവിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നത് പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## ട്രഷറി നിയന്ത്രണവും ആസ്തി വികസന ഫണ്ടും

147 (513) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽനിന്നും ബില്ലുകൾ മാറി നൽകാത്തതുമൂലം എം.എൽ.എ.യുടെ മണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കാൻ പ്രയാസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എം.എൽ.എ.ഫണ്ടിൽ നിന്നുള്ള സ്കൂൾ ബസ്, കുടിവെള്ള പദ്ധതി എന്നിവയെ അവശ്യ സർവ്വീസായി പരിഗണിച്ച് ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(സി) ട്രഷറി നിയന്ത്രണംമൂലം സംസ്ഥാനത്ത് ട്രഷറികളിൽ കെട്ടിക്കിടക്കുന്ന എം.എൽ.എ.ഫണ്ട് പ്രവൃത്തി ബില്ലുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) കേന്ദ്ര നികുതി വിഹിതം, ജി.എസ്.ടി. നഷ്ടപരിഹാരത്തുക എന്നിവയിലുണ്ടായ കുറവും വായ്പാ പരിധി കുറച്ചതുമെല്ലാംമൂലം ലിക്വിഡിറ്റിയിൽ വന്ന പ്രയാസം പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുള്ള നിയന്ത്രണങ്ങളാണ് ട്രഷറിയിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ക്ഷേമ, ആശ്വാസ പ്രവർത്തനങ്ങളെ ബാധിക്കാത്ത വിധമാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. കരാറുകാർക്കും സാധനങ്ങളും സേവനങ്ങളും സപ്ലൈ ചെയ്യുന്നവർക്കും പുതിയതായി ബിൽ ഡിസ്കൗണ്ടിംഗ് സൗകര്യം കൊണ്ടുവന്നത് ഇതുമൂലമുണ്ടായിട്ടുള്ള പ്രയാസങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ സമർപ്പിക്കുന്നത് ബന്ധപ്പെട്ട ഗുണഭോക്തൃ വകുപ്പുകളായതിനാൽ ട്രഷറി നിയന്ത്രണംമൂലം മാറി നൽകാതിരിക്കുന്ന ഇത്തരം ബില്ലുകളെ സംബന്ധിച്ച വിവരം കൃത്യമായി പ്രസ്തുത വകുപ്പുകൾക്ക് മാത്രമേ നൽകാൻ സാധിക്കൂ.

**പീരുമേട് നിയോജകമണ്ഡലത്തിൽ ഒരു സബ്ട്രഷറി കൂടി ആരംഭിക്കുവാനുള്ള നടപടി**

148 (514) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിവിസ്തൃതമായ ആറ് ഗ്രാമപഞ്ചായത്തുകൾ സേവന മേഖലയായി 1964-ൽ പ്രവർത്തനം ആരംഭിച്ച പീരുമേട് സബ്ട്രഷറി അന്നുണ്ടായിരുന്ന അതേ എണ്ണം തസ്തികകൾ മാത്രമായാണ് ഇപ്പോഴും പ്രവർത്തിക്കുന്നത് എന്നതിനാൽ ട്രഷറി സേവനം ലഭ്യമാക്കുന്നതിൽ നിരവധി പരിമിതികൾ ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സബ്ട്രഷറി പ്രവർത്തനം ആരംഭിക്കുമ്പോൾ സേവനമേഖലയിൽ ഉണ്ടായിരുന്ന സർക്കാർ ഓഫീസുകൾ, ജീവനക്കാർ, പെൻഷൻകാർ എന്നിവരുടെ എണ്ണവും ട്രഷറി സേവനം ഉപയോഗപ്പെടുത്തുന്ന പൊതുജനങ്ങളുടെ എണ്ണവും പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട് എന്നതും ട്രഷറി സേവനമേഖലയുടെ വിവിധ പ്രദേശങ്ങളിൽനിന്ന് ട്രഷറിയിൽ എത്തിച്ചേരുവാൻ നാല്പതോളം കിലോമീറ്റർ യാത്ര ചെയ്യേണ്ടിവരുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സാഹചര്യങ്ങൾ പരിഗണനയിലെടുത്ത് പീരുമേട് നിയോജകമണ്ഡലത്തിൽ ഒരു സബ്ട്രഷറി കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്നുമുണ്ടാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പീരുമേട് സബ്ട്രഷറിയിൽ നിന്നും ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി കാരണം സേവനങ്ങൾ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ടുകൾ വരുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നോ ട്രഷറി പരിധിയിൽ വരുന്ന ഓഫീസുകളിൽ നിന്നോ കത്തുകളോ പരാതികളോ ലഭിച്ചിട്ടില്ല.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതോടെ ട്രഷറി ഇടപാടുകാർക്ക് നിലവിൽ ഏത് ട്രഷറിയിൽ നിന്നും ഇടപാട് നടത്താൻ തക്കവണ്ണം ട്രഷറികൾ സജ്ജമായി കഴിഞ്ഞതിനാൽ നിലവിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നത് പരിഗണനയിലില്ല.

### ചിറ്റാർ സബ്ട്രഷറി

149 (515) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാറിൽ ഒരു സബ്ട്രഷറി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സബ്ട്രഷറിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) 30-10-2012-ലെ സ.ഉ.(സാധാ) നമ്പർ 9159/12/ധന. പ്രകാരം ചിറ്റാർ കേന്ദ്രമാക്കി ഒരു പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ട്രഷറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുടെ ലഭ്യതയും ഉറപ്പുവരുത്തുന്ന മുറയ്ക്ക് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ട്രഷറി അക്കൗണ്ടുകളിലെ നിക്ഷേപ തുക**

150 (516) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറി അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് സമാഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും നിക്ഷേപം സ്വീകരിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എത്ര കോടി രൂപയാണ് സമാഹരിച്ചത്;

(സി) ഇവ പ്രസ്തുത സ്ഥാപനങ്ങൾക്ക് മടക്കി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ മടക്കി നൽകിയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപം നടത്തുവാനുള്ള സൗകര്യം നിലവിൽ ട്രഷറികളിലുണ്ട്. ട്രഷറി അക്കൗണ്ടുകളിലേയ്ക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി വിവിധ ക്ഷേമനിധി ബോർഡുകളും ജീവനക്കാരുടെ സഹകരണസ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും ട്രഷറികളിൽ നിക്ഷേപം നടത്തിയിരുന്നു.

(ബി) നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി 893,48,00,000 (എണ്ണൂറ്റി തൊണ്ണൂറ്റി മൂന്ന് കോടി നാല്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയാണ് വിവിധ ക്ഷേമനിധി ബോർഡുകളും സഹകരണസംഘങ്ങളും ട്രഷറികളിൽ നിക്ഷേപിച്ചിരുന്നത്.

(സി) നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി നടത്തിയ നിക്ഷേപങ്ങൾ വിവിധ കാലയളവിലേയ്ക്കുള്ളതാണ്. ഇത്തരത്തിൽ നടത്തിയ സ്ഥിരനിക്ഷേപങ്ങളിൽ 557,98,00,000 (അഞ്ഞൂറ്റി അമ്പത്തിയേഴ് കോടി തൊണ്ണൂറ്റി എട്ട് ലക്ഷം രൂപ മാത്രം) രൂപ മടക്കി നൽകിയിട്ടുണ്ട്.

**പഴയങ്ങാടി സബ്ട്രഷറി കെട്ടിടം**

151 (517) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകെൽ ലിമിറ്റഡ് നിർമ്മാണ നിർവ്വഹണ ഏജൻസിയായ, 243 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

പഴയങ്ങാടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയങ്ങാടി ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയിൽ നിന്നും 11.75 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 16-7-2017-ലെ സ.ഉ.(സാധാ) നമ്പർ 5721/2017/ധന. ഉത്തരവ് പ്രകാരം 2,43,18,330 രൂപയുടെ ഭരണാനുമതിയും 28-12-2018-ലെ സ.ഉ.(സാധാ) നമ്പർ 10644/2018/ധന. ഉത്തരവ് പ്രകാരം 2,13,91,000 രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതാണ്. നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ താഴത്തെ നിലയുടെ റൂഫ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനുള്ള അനുബന്ധ ജോലികൾ പുരോഗമിച്ചുവരുന്നു.

**സംസ്ഥാന ലോട്ടറി ടിക്കറ്റിന്റെ വിലവർദ്ധനവ്**

152 (518) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) ഇപ്രകാരം വില വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിലാളികൾക്ക് നൽകുന്ന കമ്മീഷനിലും വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) സർക്കാർ ലോട്ടറികൾക്കും സ്വകാര്യ ലോട്ടറികൾക്കും ഒരേ പോലെ 28 ശതമാനം ജി.എസ്.ടി. നിരക്ക് നിശ്ചയിക്കണമെന്ന ജി.എസ്.ടി. ഉപസമിതി ശുപാർശ ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ തീരുമാനം സംസ്ഥാന ലോട്ടറിയെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 18-12-2019-ൽ ചേർന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 1-3-2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമാവുകയും, നിലവിൽ 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയിലുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ കടുത്ത വിയോജിപ്പ് മറികടന്നാണ് കൗൺസിൽ ഈ തീരുമാനം കൈക്കൊണ്ടത്. കൗൺസിലിൽ നടന്ന വോട്ടെടുപ്പിൽ നമ്മുടെ നിലപാടിനെ പിന്തുണയ്ക്കുമെന്ന് കരുതിയ സംസ്ഥാനങ്ങൾ പിന്തുണയ്ക്കാതിരുന്ന സാഹചര്യത്തിൽ കൂടിയാണ് പ്രയാസകരമായ ഈ സ്ഥിതിയുണ്ടായത്.

(ബി) തൊഴിലാളികൾക്ക് ലഭിച്ചുവന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത വിധമാണ് ഘടന ക്രമീകരിച്ചിട്ടുള്ളത്.

(സി) 35-ാമത് ജി.എസ്.ടി. കൗൺസിലിൽ കേരള ധനകാര്യ മന്ത്രി നികുതി ഏകീകരണത്തിൽ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ കൗൺസിലിൽ ആദ്യമായി വോട്ടെടുപ്പ് നടത്തി പാസ്സാക്കിയ വിഷയമാണ് ലോട്ടറിയുടെ നികുതി ഏകീകരണം, ഇപ്രകാരം നടന്ന വോട്ടെടുപ്പിന്റെ ഫലമായാണ് ഏകീകൃത നികുതിയായി ജി.എസ്.ടി. ഘടനയിലെ ഉയർന്ന നികുതി നിരക്കായ 28% ഏർപ്പെടുത്തിയത്.

(ഡി) ഈ തീരുമാനം നടപ്പാക്കുക വഴി അന്യസംസ്ഥാന ലോട്ടറിയെ സഹായിക്കാൻ വേണ്ടി മാത്രമുള്ളതാണെന്ന നമ്മുടെ നിലപാട് കൗൺസിലിൽ ശക്തമായി ഉന്നയിച്ചു. നമ്മുടെ നിലപാടിനെ പിന്തുണയ്ക്കേണ്ട സംസ്ഥാനങ്ങൾ തന്നെ അതിനു തയ്യാറാകാത്ത സ്ഥിതി വന്നു. ഉയർന്ന നിരക്കിൽ നികുതി ഏർപ്പെടുത്തിയ സാഹചര്യത്തിൽ ലാഭവിഹിതത്തിൽ കുറവ് സംഭവിക്കും. ലോട്ടറിയുടെ വില നിശ്ചയിക്കുന്നതിൽ നികുതി കൂടാതെ ലാഭവിഹിതം, ഇതര വരുമാന ചെലവുകൾ എന്നീ ഘടകങ്ങളെ ആസ്പദമാക്കിയതിനാൽ വിൽപ്പന വിലയിൽ വർദ്ധനവ് അനുഭവപ്പെട്ടേക്കാം. ജി.എസ്.ടി. 28% ആയി ഏകീകരിച്ചതു വഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7%

ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുന്നുണ്ട്. എന്നാൽ നികുതി കൂട്ടിയതുകൊണ്ട് മാത്രം ഇതര സംസ്ഥാന ലോട്ടറികൾ സംസ്ഥാനത്തിനകത്തേയ്ക്ക് യഥേഷ്ടം കടന്നുവരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സർക്കാർ അതിശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

### ലോട്ടറിയുടെ ജി.എസ്.ടി. ഉയർത്തിയ നടപടി

153 (519) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ ജി.എസ്.ടി. 28% ആക്കി ഉയർത്തിയ നടപടി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ഏത് രീതിയിലാണ് ബാധിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ലോട്ടറി വിൽപ്പനയുടെ ലാഭം കുറയുമെങ്കിലും നികുതി വരുമാനം വർദ്ധിക്കുമെന്നതിനാൽ സമ്മാന ഘടനയിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ജി.എസ്.ടി. വർദ്ധിപ്പിച്ചതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ലോട്ടറി വിൽപ്പനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള വരുമാന നഷ്ടം ഉണ്ടാകുമോ; ഇവരുടെ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 1-3-2020 മുതൽ 12% ത്തിൽ നിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. നിലവിൽ 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറു പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയിലുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരികയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിലുമാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്.

(ബി) പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ ജി.എസ്.ടി. 28% ആയി ഏകീകരിക്കുന്നതുവഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുന്നുണ്ട്. പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിൽ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിയാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്.

(സി) തൊഴിലാളികൾക്ക് ലഭിക്കുന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത തരത്തിലാണ് പുതിയ ഘടന തീരുമാനിച്ചിട്ടുള്ളത്.

**ലോട്ടറിയുടെ ജി.എസ്.ടി. ഏകീകരിച്ച നടപടി**

154 (520) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറിയുടെ നികുതി ജി.എസ്.ടി. കൗൺസിൽ ഏകീകരിച്ചതുമൂലം സംസ്ഥാന സർക്കാരിന് പ്രതിമാസം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ നഷ്ടം നികത്തുന്നതിന് സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇങ്ങനെ സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില വർദ്ധിപ്പിക്കുകയാണെങ്കിൽ അത് ഇതരസംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വിലയേക്കാൾ കൂടുതലാകുമെന്നും അത് കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വിൽപ്പനയെ പ്രതികൂലമായി ബാധിക്കുമെന്നുമുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ വില കുറച്ച് അതുവഴി വിൽപ്പന വർദ്ധിപ്പിച്ച് സർക്കാരിന്റെ വരുമാനം കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിൽപ്പനവില 30 രൂപയുണ്ടായിരുന്ന ഒരു ഭാഗ്യക്കുറി ടിക്കറ്റിന് 28% ജി.എസ്.ടി. യാകുമ്പോൾ 3.34 രൂപ മുഖവിലയിൽ കുറവ് വരുന്നതിനാൽ ഒരു വർഷം ഏകദേശം 1302 കോടിയോളം രൂപയുടെ വരുമാനക്കുറവ് ഭാഗ്യക്കുറി വകുപ്പിന് ഉണ്ടാകാനിടയുണ്ട്.

(ബി) പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില എകീകരിച്ചിട്ടുള്ളത്.

(സി) ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിനകത്ത് വിൽപ്പന നടത്തുന്നില്ല. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 28% ആയി ഏകീകരിച്ചതു വഴി മാത്രം ഇതര സംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിനകത്ത് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി നിയമം 2018-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) 50 രൂപ വില്പനവിലയുള്ള കാരുണ്യ ഭാഗ്യക്കുറിയുടെ വില കുറച്ച് പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40 രൂപയായി ഏകീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ലോട്ടറി മേഖലയിലെ പരിഷ്കാരങ്ങൾ**

155 (521) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റുകളിലെ ജി.എസ്.ടി. നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ മേഖലയിൽ എന്ത് പരിഷ്കാരങ്ങൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ബി) ലോട്ടറി ടിക്കറ്റ് വിൽപ്പന ഉപജീവനമാർഗ്ഗമാക്കിയ വിഭിന്നശേഷിക്കാരുൾപ്പെടെയുള്ള ആളുകളുടെ ജീവിതോപാധി നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 1-3-2020 മുതൽ 12% ത്തിൽനിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. നിലവിൽ 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയിലുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7%

ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരികയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിലുമാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്.

(ബി) പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ ജി.എസ്.ടി. 28% ആയി ഏകീകരിക്കുന്നതുവഴി സംസ്ഥാന സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുന്നുണ്ട്. പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിൽ സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തി ആകർഷകമാക്കിയാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ടിക്കറ്റ് വിറ്റ് ഉപജീവനം നടത്തുന്ന വില്പനക്കാർക്ക് ലഭിക്കുന്ന കമ്മീഷൻ/വരുമാനം കുറയാത്തവിധമാണ് പുതിയഘടന തീരുമാനിച്ചിട്ടുള്ളത്.

## സർക്കാർ ലോട്ടറിയുടെ ലാഭം

156 (522) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ടു നടത്തുന്ന ലോട്ടറിയുടെ നികുതി വർദ്ധിപ്പിച്ച് മറ്റുള്ള സംസ്ഥാനങ്ങൾക്ക് തുല്യമായ ഇരുപത്തെട്ട് ശതമാനമാക്കിയ കേന്ദ്ര ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം നികുതി ഏകീകരണത്തിനെതിരെ കേരളം നടത്തിയ പോരാട്ടത്തിനേറ്റ തിരിച്ചടിയായി സർക്കാർ കാണുന്നുണ്ടോ;

(ബി) നികുതി ഏകീകരണത്തോടെ കേരള സർക്കാർ ലോട്ടറിയിൽ നിന്നുള്ള ലാഭം കുറയുകയും ഇതര സംസ്ഥാന ലോട്ടറികൾക്ക് വിപണിയിൽ തുല്യ മൽസര സാഹചര്യം കൈവരികയും ചെയ്യുമോ; ഇതിനെ എങ്ങനെ മറികടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) പുതിയ സാഹചര്യം ഇതരസംസ്ഥാന ലോട്ടറികൾ കേരളത്തിലേക്ക് കടന്നു വരുന്നതിന് വഴി ഒരുക്കുമോ;

(ഡി) പ്രതിവർഷം 1200 കോടി രൂപയാണ് ലോട്ടറിയിൽ നിന്നുള്ള സർക്കാരിന്റെ ലാഭം എന്നിരിക്കെ പുതിയ സാഹചര്യത്തിൽ ലാഭത്തുക നികുതിയായി മാറുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ കടുത്ത എതിർപ്പ് മറികടന്നാണ് കൗൺസിൽ ഈ തീരുമാനം കൈക്കൊണ്ടത്. കൗൺസിലിൽ നടന്ന വോട്ടെടുപ്പിൽ നമ്മുടെ നിലപാടിനെ പിന്തുണയ്ക്കുമെന്ന് കരുതിയ ചില സംസ്ഥാനങ്ങൾ പോലും പിന്തുണയ്ക്കാത്ത സാഹചര്യത്തിലാണ് ഈ പ്രയാസവുമുണ്ടായത്.

(ബി) കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 28% ആയി ഏകീകരിച്ചതു വഴി മാത്രം ഇതര സംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിനകത്ത് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി നിയമം 2018-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്കു സേവന നികുതി ചട്ടം 56(19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

1. വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം ലോട്ടറി (റഗുലേഷൻ) നിയമം 2010-ലെ നിയമം 3(3) & 4 പ്രകാരം അറിയിക്കേണ്ടതാണ്.

2. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത് അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.

3. ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെനിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ്.

4. വിൽപ്പനയ്ക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാനത്തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേയ്ക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള ഇൻഫർമേഷൻ റിട്ടേൺ -ൽ

പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേയ്ക്കായി ആവശ്യപ്പെട്ടുമ്പോഴും അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനയ്ക്ക് ഹാജരാകേണ്ടതുമാണ്.

(സി) നിയമാനുസൃതമല്ലാതെ കേരളത്തിനുള്ളിൽ ഇതരസംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നത് പ്രതിരോധിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിൽ കേരള സർക്കാർ ലോട്ടറിയും ഇതരസംസ്ഥാന ലോട്ടറികൾ ഉൾപ്പെടെയുള്ളവയുടെയും നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിക്കും മോണിറ്ററിംഗിനും വിധേയമായി മാത്രമെ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുമുള്ള ഭാഗ്യക്കുറി ഭേദഗതി റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും അത്തരക്കാരുടെ സ്ഥാപനം അടച്ചുപൂട്ടി നിയമനടപടി കൈക്കൊള്ളുന്നതിനും, പ്രസ്തുത കേരള സംസ്ഥാന ഭാഗ്യക്കുറി ഭേദഗതി റൂൾ (2018) വ്യവസ്ഥ ചെയ്യുന്നു. കൂടാതെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56 (19), 56 (20A) പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാൽ മാത്രമേ അന്യസംസ്ഥാന ലോട്ടറികൾക്ക് കേരളത്തിൽ വ്യാപാരം നടത്തുവാനാകൂ.

(ഡി) ശരാശരി 14.8 ശതമാനം ലാഭം കിട്ടിയിരുന്നതിൽ നിന്നും ലാഭത്തിന്റെ പകുതിയിലധികം തുക സമ്മാനത്തുകയായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലെ സമ്മാനഘടന പ്രകാരം നൽകിവരുന്ന 51.93% സമ്മാനത്തുക 58.01% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ മുമ്പുണ്ടായിരുന്നതുപോലെ തന്നെ ജി.എസ്.ടി. പിരിക്കുന്നതിന്റെ പകുതി കേന്ദ്ര ജി.എസ്.ടി. ആയി കേന്ദ്ര സർക്കാരിലേയ്ക്ക് അടക്കേണ്ടിവരുന്നുണ്ട്.

**ഇതരസംസ്ഥാന ലോട്ടറി മാഫിയയെ നിരോധിക്കാൻ നടപടി**

157 (523) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ടു നടത്തുന്ന ലോട്ടറിക്ക് 28 ശതമാനം നികുതി ഏർപ്പെടുത്തിയത് ഈ മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരെയും സംസ്ഥാന വരുമാനത്തെയും പ്രതികൂലമായി ബാധിക്കാനിടയാകുന്നതിനാൽ ഇതിനെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(ബി) സംസ്ഥാന ലോട്ടറിയുടെ കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ചികിത്സകൾപ്പെടെയുള്ള ക്ഷേമ കാര്യങ്ങൾക്കും വികസന പ്രവർത്തനത്തിനും വിനിയോഗിക്കുന്ന തുക ഇതര സംസ്ഥാന ലോട്ടറി ഇടനിലക്കാർക്ക് സ്വന്തമാക്കാൻ അവസരം സൃഷ്ടിക്കുമെന്നതിനാൽ ഇതര സംസ്ഥാന ലോട്ടറി മാഫിയയെ നിരോധിക്കാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; ഇക്കാര്യത്തിൽ നിയമ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ ജി.എസ്.ടി. 1-3-2020 മുതൽ 12% ത്തിൽനിന്നും 28% ആയി ഉയർത്തുന്നതിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വിലയിൽ മാറ്റം വരുത്തേണ്ട സ്ഥിതി സംജാതമായിട്ടുണ്ട്. നിലവിൽ 30 രൂപ വിൽപ്പന വിലയുണ്ടായിരുന്ന ആറ് പ്രതിവാര ഭാഗ്യക്കുറികളുടെയും 50 രൂപ വിൽപ്പന വിലയിലുണ്ടായിരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെയും വിൽപ്പന വില 40 രൂപയായി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. മുഖവില 31.25 രൂപയാക്കി നിജപ്പെടുത്തി ഇതിന്റെ 28% കൂടി ചേർത്താണ് വിൽപ്പന വില ഏകീകരിച്ചിട്ടുള്ളത്. ഇതുവഴി സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരികയും പ്രസ്തുത തുക കൂടി സമ്മാനമായി പൊതുജനങ്ങൾക്ക് നൽകത്തക്കവിധത്തിൽ ആകർഷകമാക്കിയാണ് സമ്മാനഘടന പരിഷ്കരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. തൊഴിലാളികൾക്ക് ലഭിച്ചുവന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത വിധമാണ് ഘടന പരിഷ്കരിച്ചിട്ടുള്ളത്.

(ബി) സംസ്ഥാന ലോട്ടറിയുടെ കഴിഞ്ഞ വർഷത്തെ വരവ് 9264.55 കോടി രൂപയും ആകെ ചെലവ് 7591.44 കോടി രൂപയുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ടിക്കറ്റ് വില്പനയിലൂടെ ലഭിച്ച വരുമാനം | - | 9262.70 കോടി |
| മറ്റിനങ്ങൾ | - | 1.85 കോടി |
| ആകെ വരുമാനം | - | 9264.55 കോടി |
| ജീവനക്കാരുടെ സാലറി, മറ്റ് ഓഫീസ് ചെലവുകൾ | - | 35.40 കോടി |

ടിക്കറ്റ് അച്ചടിക്കൂലി, നറുക്കെടുപ്പ് ചെലവുകൾ, ടിക്കറ്റ് വിതരണ വാഹന ചാർജ്, ടിക്കറ്റ് കയറ്റിറക്കുകൂലി മുതലായവ-139.78 കോടി

| | | |
|---|---|---|
| പരസ്യചെലവ് | - | 27.94 കോടി |
| ഏജന്റുമാർക്കുള്ള സമ്മാനം | - | 479.94 കോടി |
| ഏജന്റുമാർക്കുള്ള ഡിസ്കൗണ്ട് | - | 2320.68 കോടി |
| സമ്മാനവിതരണം | - | 4587.70 കോടി |
| ആകെ ചെലവ് | | 7591.44 കോടി |

(സി) ഇതര സംസ്ഥാന ഭാഗ്യക്കുറി ഇടനിലക്കാരെ പ്രതിരോധിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരം നൽകുന്ന റൂൾ ചേർത്ത് കേന്ദ്ര ലോട്ടറി റെഗുലേഷൻസ് റൂൾസ് ഭേദഗതി വരുത്തുവാൻ കേന്ദ്ര ആഭ്യന്തര വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയോടുകൂടി മാത്രമേ കേരളത്തിൽ ലോട്ടറി നടത്തുവാൻ സാധിക്കുകയുള്ളൂവെന്നും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ നടത്തുന്ന ലോട്ടറികൾ പിടിച്ചെടുക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തുകൊണ്ട് കേരള ലോട്ടറി റെഗുലേഷൻ റൂൾസ് 2005 ഭേദഗതി വരുത്തിയിട്ടുണ്ട്. ടി ഭേദഗതി റൂൾസ് കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾസ് 2018 പ്രകാരം, നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ നടത്തുന്ന ലോട്ടറികൾക്കെതിരെ നിയമനടപടി സ്വീകരിക്കാവുന്നതാണ്.

**പാലക്കാട് ജില്ലയിലെ ഭാഗ്യക്കുറി സബ് ഓഫീസുകൾ**

158 (524) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് എത്ര ഭാഗ്യക്കുറി സബ് ഓഫീസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ ഈ ഓഫീസുകൾ നിലവിലില്ലാത്ത മണ്ഡലങ്ങളിൽ ആയത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഭാഗ്യക്കുറി വകുപ്പിന് രണ്ട് ഭാഗ്യക്കുറി സബ് ഓഫീസുകൾ നിലവിലുണ്ട് - പട്ടാമ്പി, ചിറ്റൂർ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

### കോന്നി മണ്ഡലത്തിൽ കെ.എസ്.എഫ്.ഇ. ശാഖകൾ

159 (525) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ കെ.എസ്.എഫ്.ഇ. ശാഖകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

കോന്നി നിയോജകമണ്ഡലത്തിൽ കെ.എസ്.എഫ്.ഇ. ശാഖകളില്ലാത്ത പഞ്ചായത്തുകളായ മലയാലപ്പുഴ, ഏനാദിമംഗലം എന്നിവിടങ്ങളിൽ ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

### ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂരിൽ കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച്

160 (526) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൂരിൽ കെ.എസ്.എഫ്.ഇ.യുടെ ബ്രാഞ്ച് ആരംഭിക്കുന്നതിനായി ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ആയതിൻമേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ശാഖ ആരംഭിക്കാനുതകുന്ന ബിസിനസ്സ് പ്രായോഗികത വിലയിരുത്തുവാൻ തൃശ്ശൂർ റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

### പാലക്കാട് ജില്ലയിൽ സ്റ്റാമ്പ് വെണ്ടർ

161 (527) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിൽ സ്റ്റാമ്പ് വെണ്ടർ ഒഴിവുണ്ടെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ സ്വീകരിക്കാൻ നടപടിയെടുക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കുഴൽമന്ദം, കൊല്ലങ്കോട്, കോട്ടായി എന്നീ പഞ്ചായത്തുകളിൽ സ്റ്റാമ്പ് വെണ്ടർമാരുടെ ഒഴിവുണ്ട്.

(ബി) 7-4-2017 മുതൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുദ്രപ്പത്രങ്ങൾ ഇ-സ്റ്റാമ്പിംഗിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് താഴെ മൂല്യമുള്ള സ്റ്റാമ്പുകളും മുദ്രപത്രങ്ങളും കൂടി ഇ-സ്റ്റാമ്പിംഗിലേയ്ക്കു മാറ്റാനുള്ള സോഫ്റ്റ്‌വെയർ ഒരുക്കങ്ങൾ നടത്തിവരികയാണ്. "ഇ-സ്റ്റാമ്പിംഗ്" പൂർണ്ണമായിട്ടും നടപ്പിലാക്കുന്ന പശ്ചാത്തലത്തിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് അനുവദിക്കേണ്ടതില്ലെന്നും താല്ക്കാലിക വെണ്ടർ ലൈസൻസ് സ്ഥിരപ്പെടുത്തി നൽകേണ്ടതില്ലെന്നും പുതിയ വെണ്ടർ തസ്തിക സൃഷ്ടിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

**കയർ മേഖലയുടെ വൈവിധ്യവൽക്കരണം**

162 (528) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയുടെ വൈവിധ്യവൽക്കരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർ വ്യവസായത്തിന്റെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് "കയർ മേഖലയിലെ രണ്ടാം പുനഃസംഘടന" . പരമ്പരാഗത രീതിയിൽ ചകിരി ഉല്പാദനത്തിൽ ഏർപ്പെട്ടിരുന്ന കയർ സഹകരണ സംഘങ്ങളിൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുക വഴി ചകിരി ഉല്പാദനം ഗണ്യമായ തോതിൽ വർദ്ധിക്കുകയും ടി സംഘങ്ങൾ ചകിരിയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ കയർപിരി മേഖലയിൽ പരമ്പരാഗത റാട്ടുകൾക്കു പകരം ഇലക്ട്രോണിക് റാട്ടുകൾ/ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയർ ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിൽ യന്ത്രവൽക്കരണ പദ്ധതിയിൽ കയർ ജിയോ ടെക്സ്റ്റൈൽസ് (കയർ ഭൂവസ്ത്രം), കയർ നീഡിൽ ഫെൽറ്റ്, കയർ കോമ്പോസിറ്റ് ബോർഡ്സ്, കയർ അക്വസ്റ്റിക്സ് പാനൽസ് എന്നിങ്ങനെയുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിനാണ് പ്രാമുഖ്യം നൽകുന്നത്. ഫോം മാറ്റിംഗ് (ഇന്ത്യാ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പോസിറ്റ്

ബോർഡുകൾ നിർമ്മിക്കുന്ന ഫാക്ടറിയുടെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാന കയർ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള "നാഷണൽ" കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് കയർ അക്വസ്റ്റിക്സ് പാനലുകളുടെ സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ ചകിരിച്ചോറിൽ നിന്നും കുറഞ്ഞ സമയത്തിനുള്ളിൽ ജൈവവളം നിർമ്മിക്കുന്ന സാങ്കേതികവിദ്യയും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് തൃശ്ശൂർ, വൈക്കം എന്നീ പ്രോജക്ടുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരിയുടെയും, കയറിന്റെയും കയറുല്പന്നങ്ങളുടെയും ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2016-17 വർഷത്തിൽ സംസ്ഥാനത്ത് കയർ കെട്ടിക്കിടക്കുന്ന അവസ്ഥ നിലവിലുണ്ടായിരുന്നു. മാത്രമല്ല വിറ്റഴിക്കുന്നതിന് ഉയർന്ന തോതിലുള്ള ഡിസ്കൗണ്ടും നൽകേണ്ടിവന്നു. എന്നാൽ 2017-18-ൽ കയർ ഭ്രവസ്ത്ര പദ്ധതി നടപ്പിലായതോടെ ഉല്പാദനം ഗണ്യമായി വർദ്ധിക്കുകയും അതോടൊപ്പം വിപണി വിപുലപ്പെടുകയും ചെയ്തു.

| വർഷം | കയർ ഉല്പാദനം | കയർ സംഭരണം |
|---|---|---|
| 2015-16 | 86702.44 ക്വി. | 78820.40 ക്വി. |
| 2018-19 | 164850 ക്വി. | 157000 ക്വി. |
| വർദ്ധനവ് | 90% | 99.19% |

തന്മൂലം കയർ മേഖലയിലെ തൊഴിലാളികളുടെ പ്രവർത്തിദിനങ്ങൾ കൂടുകയും ആളോഹരി വരുമാനത്തിൽ വർദ്ധനവുണ്ടാകയും ചെയ്തിട്ടുണ്ട്.

### കയറും കയറുല്പന്നങ്ങളുടെയും പോഷണത്തിനായി പദ്ധതികൾ

163 (529) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിപണനരംഗത്ത് കയറും കയറുല്പന്നങ്ങളുടെയും പോഷണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കയറുല്പന്നങ്ങളുടെ നിർമ്മാണ രംഗത്ത് പുതിയതായി നടപ്പിലാക്കിയിട്ടുള്ള ആധുനിക സാങ്കേതിക സങ്കേതങ്ങൾ എന്തെല്ലാമെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സാധാരണക്കാരിലേയ്ക്ക് കയർഫെഡിന്റെ ഉല്പന്നങ്ങൾ എത്തിയ്ക്കുന്നതിന് സഹായകമായി സബ്സിഡികളോ സമാന ഇളവുകളോ പ്രഖ്യാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) കയർഫെഡ് അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുകൊണ്ട് ഒരു ഇ-കൊമേഴ്സ്യൽ പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്യുക തുടങ്ങിയ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കയർ കോർപ്പറേഷൻ ഓൺലൈൻ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആമസോൺ, ഫ്ലിപ്പ്കാർട്ട്, പെപ്പർഫ്രൈ, ട്രേഡ് ഇന്ത്യ.കോം എന്നീ ഏജൻസികളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് ഡിജിറ്റൽ മാർക്കറ്റിംഗിനായി കമ്പനി ഉല്പന്നങ്ങൾക്ക് ആവശ്യം പോലെ നേരിട്ട് ഓർഡർ നൽകാവുന്ന വെബ്സൈറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഓരോ രാജ്യവുമായിട്ടുള്ള കയറ്റുമതിയിലൂടെ ലഭ്യമായിട്ടുള്ള പ്രതിവർഷ വരുമാനം വാർഷികക്രമത്തിൽ ചുവടെ ചേർക്കുന്നു:

കയർ ഫെഡ്

| വർഷം | തുക ലക്ഷത്തിൽ | സ്ഥലം |
|---|---|---|
| 2017-18 | 10.00 | കാനഡ |
| 2018-19 | 29.48 | സ്പെയിൻ |
| 2019-20 (T) | 25.86 | ഫ്രാൻസ് |

കയർ കോർപ്പറേഷൻ

| രാജ്യം | 1-4-2016- 31-3-2017 (തുക കോടിയിൽ) | 1-4-2017- 31-3-2018 (തുക കോടിയിൽ ) | 1-4-2018 31-3-2019 (തുക കോടിയിൽ ) |
|---|---|---|---|
| ബ്രസീൽ | 2.82 | 0.96 | 0.82 |
| ആസ്ട്രേലിയ | 0.64 | 1.40 | 1.71 |
| ഗ്വാട്ടിമാല | 0.19 | 0.11 | - |
| കുവൈറ്റ് | 0.10 | - | - |
| യു.എസ്.എ. | 0.10 | 0.17 | 0.41 |
| ഫ്രാൻസ് | 0.41 | 1.57 | 1.85 |
| പോളണ്ട് | 3.00 | 3.53 | 2.58 |
| ഇറ്റലി | 2.90 | 3.40 | 3.80 |
| ആകെ | 10.16 | 11.14 | 11.17 |

കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങളായ കയർഫെഡും കയർ കോർപ്പറേഷനും ഫോം മാറ്റിംഗ്സും അവരവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് പരസ്യപ്രചാരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചുവരുന്നു. 2017- സംസ്ഥാനത്ത് കയർ വികസന വകുപ്പ് നടപ്പിലാക്കിയ കയർ കാർണിവൽ വഴി ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സർക്കാർ സംഭരിച്ച 10 കോടിയുടെ ഹാന്റ്ലൂം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2019-ൽ കൽക്കട്ടയിൽ വച്ചുനടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ കയർഫെഡിൽ നിന്നും കയർ ഡയറക്ടറേറ്റിൽ ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി. സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ജിയോ ടെക്സ്റ്റൈൽസ് ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഓർഡർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കയർ ഉല്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

<u>കയർ അക്വസ്റ്റിക് പാനൽ</u>

ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയർ ഉപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുകയുണ്ടായി. തീപിടുത്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന ഈ ബോർഡുകൾ നിലവിൽ വിപണിയിലുള്ള അക്വസ്റ്റിക് പാനലുകളേക്കാൾ വളരെ ചെലവ് കുറഞ്ഞതും എന്നാൽ വളരെ ഉപയോഗപ്രദവുമായിട്ടുള്ളതാണ്. ശബ്ദം ആഗിരണം ചെയ്യുന്നതിനു പുറമെ ഒരു ഇൻസുലേറ്ററായി പ്രവർത്തിച്ച് താപനില ക്രമീകരിക്കുന്നതിന് സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

<u>കയർ കോമ്പോസിറ്റ്സ്</u>

ചകിരിനാരും പോളിമറും ഉപയോഗിച്ചുകൊണ്ട് മോട്ടോർ വാഹന വ്യവസായത്തിലും റെയിൽവേക്കും ഗാർഹികാവശ്യങ്ങൾക്കും വേണ്ടിയുള്ള കയർ കോമ്പോസിറ്റ്സുകളും വികസിപ്പിക്കുകയുണ്ടായി.

<u>ബൈൻഡർലെസ് ബോർഡ്</u>

തൊണ്ട് ഉപയോഗിച്ച് തടിക്കു പകരം രാസവസ്തുക്കൾ ഒന്നും

ഉപയോഗിക്കാതെ കയർ ബോർഡുകൾ ഉല്പാദിപ്പിക്കാമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. പൂർണ്ണമായും പരിസ്ഥിതിക്ക് അനുയോജ്യമായതും അഗ്നിബാധയെ ചെറുത്തുനിൽക്കാനും ശേഷിയുള്ള വസ്തുവാണ് ബൈൻഡർലെസ് ബോർഡ്.

കയർ ജിയോസെൽ

ചരിവ് പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനോടൊപ്പം കൃഷിക്കനുയോജ്യമാക്കുന്നതിനായി കയർ ജിയോസെൽ വികസിപ്പിക്കുകയുണ്ടായി. അറകളായി നെയ്തെടുത്ത ഇതിൽ മണ്ണ് നിറച്ച് ആവശ്യത്തിന് വളവും ചേർത്ത് ചരിവ് പ്രദേശത്ത് കൃഷി ചെയ്യാമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

മൾച്ചിംഗ് മാറ്റ്

വിളകൾക്കിടയിൽ തഴച്ചുവളരുന്ന കളകളെ ഒഴിവാക്കാനായി ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ പഠനങ്ങൾ വഴി വികസിപ്പിച്ചുകൊണ്ടിരിക്കുന്നു.

സംസ്ഥാനത്ത് കയർപിരി മേഖലകളിൽ 10 എഎസ്എം-കൾ വീതം അടിസ്ഥാനസൗകര്യം ഏർപ്പെടുത്താൻ കഴിയുന്ന എല്ലാ കയർ സഹകരണ സംഘങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. ആലപ്പുഴ, വൈക്കം, കണ്ണൂർ എന്നീ പ്രോജക്ടുകളിലെ സഹകരണസംഘങ്ങളിൽ ഫാക്ടറിമോഡൽ സംഘങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ജോയിന്റ് വെഞ്ച്വർ പ്രോജക്ടുകളായി കയർ നീഡിൽ ഫെൽറ്റ്, ബയന്റർലെസ് ബോർഡ്, അക്വസ്റ്റിക് പാനൽ ബോർഡ് എന്നിവ നിർമ്മിക്കുന്നതിന് കയർ വികസന വകുപ്പിന് പദ്ധതിയുണ്ട്. ആലപ്പുഴയിൽ ബയന്റർലെസ് ബോർഡ് ഫാക്ടറിയുടെ പൈലറ്റ് പ്ലാന്റ് എൻ.സി.ആർ.എം.ഐ.-യുടെ സഹായത്തോടെ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകികഴിഞ്ഞു. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉല്പാദനം ആരംഭിച്ചതോടെ ലഭ്യമാകുന്ന കയർപിത്ത് (ചകിരിച്ചോറ്) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കുന്നതിനും ബ്രിക്കറ്റ് ചെയ്യുന്നതിനും അനുയോജ്യമാണ്. ഇതിനാവശ്യമായ സാങ്കേതികവിദ്യ എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചിട്ടുണ്ട്.

(സി) നിലവിൽ കയർഫെഡിന് 10% മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്, മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി കയറും, ചകിരിയും വിൽക്കുന്നതിന് പ്രൈസ് ഫ്ലക്ച്വേഷൻ സബ്സിഡി, സർവ്വീസ് ചാർജ്ജ് എന്നിവയും മാർക്കറ്റ് വിപുലീകരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും സർക്കാർ ധനസഹായവും ലഭിക്കുന്നുണ്ട്.

## മൊഗ്രാലിൽ കയർഫെഡ് പ്രോജക്ട്

164 (530) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലം കുമ്പള ഗ്രാമപഞ്ചായത്ത് മൊഗ്രാലിൽ കയർഫെഡിന്റെ ഒരേക്കർ 30 സെന്റ് സ്ഥലം വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി കയർഫെഡ് തയ്യാറാക്കിയ ഏതെങ്കിലും പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) അനുയോജ്യമായ പ്രോജക്ട് പ്രസ്തുത സ്ഥലത്ത് ആരംഭിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി സ്ഥലം കയർ, ചകിരി എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവന്നിരുന്നതാണ്. തൊണ്ട് മൂടുന്ന സംവിധാനം നിലച്ചതോടുകൂടിയും വാട്ടർഫ്രണ്ട് ആണെന്നുമുള്ള കാരണവുംമൂലമാണ് ടി വസ്തു ഉപയോഗശൂന്യമായി കിടക്കുന്നത്.

(ബി) ടി സ്ഥലത്തിന്റെ ഒരു ഭാഗത്ത് ഒരു ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരികയാണ്.

(സി) അനുയോജ്യമായ പ്രോജക്ട് ആരംഭിക്കുന്നതിന്റെ സാധ്യത പഠിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കയർ കേരള 2019

165 (531) ശ്രീ. വി. ടി. ബൽറാം:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കേരള 2019 സംഘടിപ്പിക്കുന്നതിന് ചെലവാക്കിയ തുക തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ മേള വഴി എത്ര രൂപയുടെ കയർ ഉൽപ്പന്നങ്ങൾ വിൽക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും എത്ര രൂപയുടെ കയർ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി എന്നും വിശദമാക്കാമോ;

(സി) കയർ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കയർ കേരള 2019-ന്റെ വരവ് ചെലവ് കണക്കുകൾ അന്തിമമാക്കിയിട്ടില്ല. ആയതു പൂർത്തീകരിക്കുമ്പോൾ മാത്രമേ വരവ്-ചെലവ് സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(ബി) കയർ കേരള 2019 വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡിനും ലഭിക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. ഇതിൽ 181 കോടി രൂപ ആഭ്യന്തര വിപണിയിൽ നിന്നും 218 കോടി രൂപ കയറ്റുമതി വഴി വിദേശവിപണിയിൽ നിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കയർ കേരള 2019 വഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 167.50 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 47 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ ഇതുവരെ വിപണനം ചെയ്തിട്ടുണ്ട്. കയർ കേരള 2019 ലൂടെ കയർഫെഡിന് 40 ലക്ഷം രൂപയുടെ കയറും കയറുല്പന്നങ്ങളും വില്പന നടത്താൻ സാധിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. കയർ കേരള 2017 മേളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമപഞ്ചായത്തുകളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തികവർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവർ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും, കയർ ഉല്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കയർ കേരള 2019 ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർരംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്.

കയർ അപ്പക്സ് സഹകരണ സ്ഥാപനമായ കയർഫെഡും കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരും തങ്ങളുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് ആവശ്യമായ പരസ്യപ്രചാരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ

പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചുവരുന്നു. 2017-ൽ സംസ്ഥാനത്ത് കയർ വികസന വകുപ്പ് നടപ്പിലാക്കിയ കയർ കാർണിവൽ വഴി ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സർക്കാർ സംഭരിച്ച 10 കോടിയുടെ ഹാന്റ്ലൂം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2019-ൽ കൊൽക്കത്തയിൽ വച്ച് നടന്ന നാച്വറൽ ഫൈബറുകളുടെ സെമിനാറിൽ സംസ്ഥാന കയർ വികസന വകുപ്പിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ഭൂവസ്ത്രം ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിലെത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഓർഡർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവയുടെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിറ്റുവരവ് | |
|---|---|---|
| | കയർ കോർപ്പറേഷൻ (തുക കോടിയിൽ) | കയർഫെഡ് (തുക കോടിയിൽ) |
| 2015-16 | 103 | 56.53 |
| 2016-17 | 105 | 68.58 |
| 2017-18 | 113 | 110.86 |
| 2018-19 | 178 | 125.72 |

2015-16- ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ വിറ്റുവരവ് 103 കോടി രൂപയായിരുന്നത് 2018-19-ൽ 178 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിറ്റുവരവിൽ 72.8% വർദ്ധനവ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഈ കാലയളവിൽ കൈവരിച്ചിട്ടുണ്ട്. 2015-16- ൽ കയർഫെഡിന്റെ വിറ്റുവരവ് 56.53 കോടി രൂപ ആയിരുന്നത് 2018-19 -ൽ 125.72 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിറ്റുവരവിൽ 122.39% വർദ്ധനവ് കയർഫെഡിന് ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണെന്ന് ഈ കണക്കുകൾ തെളിയിക്കുന്നു.

## കൊച്ചി താലൂക്കിലെ കയർ സഹകരണ സംഘങ്ങൾ

166 (532) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം എന്നിവിടങ്ങളിൽ പ്രവർത്തനരഹിതമായിട്ടുള്ളതും ലിക്വിഡേഷനിൽ ഇരിക്കുന്നതുമായ കയർ സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വസ്തുവകകൾ അന്യാധീനപ്പെടാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കൊച്ചി താലൂക്കിലെ ഇടക്കൊച്ചി, പെരുമ്പടപ്പ്, കുമ്പളങ്ങി, ചെല്ലാനം എന്നീവിടങ്ങളിൽ ലിക്വിഡേഷനിലായ കയർ വ്യവസായ സഹകരണ സംഘങ്ങൾ താഴെപ്പറയുന്നവയാണ്:

1. കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ 579
2. കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ. 208
3. കുമ്പളങ്ങി സി.വി.സി.എസ്. ലി. നമ്പർ 361
4. ഇടക്കൊച്ചി സി.വി.സി.എസ്. ലി.നമ്പർ. 444

പ്രവർത്തനരഹിതമായ സംഘങ്ങൾ

1. പെരുമ്പടപ്പ് സി.വി.സി.എസ്. ലി.നമ്പർ. 388
2. ചെല്ലാനം സി.വി.സി.എസ്. ലി. നമ്പർ 515

ലിക്വിഡേഷനിലായ സംഘങ്ങളും പ്രവർത്തനരഹിതമായ സംഘങ്ങളും പുനരുദ്ധരിക്കുന്നതിന് പദ്ധതികൾ നിലവിലില്ല. പ്രവർത്തനരഹിതമായ ചെല്ലാനം കയർ വ്യവസായ സഹകരണ സംഘം ലി. നമ്പർ 515-ന് നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയുമുണ്ട്. കൂടാതെ സംഘത്തിൽ ചകിരി സൂക്ഷിക്കുന്നതിനും കയർ സംഭരിച്ച് വയ്ക്കുന്നതിനുമുള്ള സൗകര്യവുമുണ്ട്. 16 തൊഴിലാളികൾ സംഘത്തിൽ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായി വന്നിട്ടുണ്ട്. സംഘം ഭരണസമിതിയുടെ യോഗം കൂടുകയും പുനഃപ്രവർത്തനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംഘം പുനരുദ്ധരിക്കാൻ പുനരുദ്ധാരണ പദ്ധതിയിനത്തിൽ

27-3-2013 -ൽ സ്ഥിര മൂലധനമായി 2,50,000 രൂപയും പ്രവർത്തനമൂലധനമായി 2,00,000 രൂപയും അനുവദിച്ച നൽകിയതിൽ ബാക്കി നിൽപ്പുള്ള തുക പിൻവലിച്ച് പ്രവർത്തനമൂലധനമായി വിനിയോഗിക്കുന്നതിന് അനുവാദം നൽകണമെന്നും പ്രസ്തുത തുകയുടെ വിനിയോഗ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിച്ച നൽകണമെന്നുള്ള അപേക്ഷ കയർ വികസന ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) എല്ലാ മാസവും ലിക്വിഡേറ്റർ നേരിട്ടുപോയി വസ്തുവകകൾ പരിശോധിക്കുകയും കയ്യേറ്റങ്ങൾ ഒന്നുമില്ലെന്ന് ഉറപ്പുവരുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നുണ്ട്.

## കയർ വ്യവസായ സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

167 (533) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വ്യക്തമാക്കാമോ;

(ബി) കയർ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ കയർ വ്യവസായ സഹകരണസംഘങ്ങളിലെ (കയർപിരി സംഘങ്ങൾ, മാറ്റ്സ &, മാറ്റിംഗ്സ്/ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ, ചകിരി/തൊണ്ട് സഹകരണ സംഘങ്ങൾ) ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും 23-11-2012-ലെ സ.ഉ.(കൈ) നമ്പർ 139/2012/വ്യവ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിരുന്നു. സംഘങ്ങളെ വിറ്റുവരവിന്റെ തോത് അനുസരിച്ച് 5 ഗ്രേഡുകളായി തിരിച്ചിരുന്നു. ആയത് പ്രകാരം 5 ഗ്രേഡുകളായി ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ സ്കെയിലുകൾ നിശ്ചയിക്കുകയുണ്ടായി.

അടിസ്ഥാന ശമ്പളത്തോടൊപ്പം ക്ഷാമബത്ത, വീട് വാടക ബത്ത (അടിസ്ഥാന ശമ്പളത്തിന്റെ 8%), സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് എന്നിവ കൂടാതെ ചുവടെ നൽകുന്ന ആനുകൂല്യങ്ങളും കയർ സഹകരണസംഘം ജീവനക്കാർക്ക് ലഭിക്കുന്നുണ്ട്:

1. എല്ലാ ജീവനക്കാർക്കും ഒരു വർഷം പരമാവധി 1,500 രൂപ മെഡിക്കൽ അലവൻസ്.
2. കണ്ണട അലവൻസ് (ആകെ സർവ്വീസിൽ ഒരിക്കൽ) - 100 രൂപ.

3. അവധി ശമ്പളം - 30 ദിവസത്തെ വേതനം
4. ആർജ്ജിതാവധി - 1/20 ദിവസം എന്ന കണക്കിൽ.
5. വനിതാ ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ പ്രസവാവധി.
6. പേഴ്സണൽ പേ- 2012-ലെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയതിനു ശേഷം ഏതെങ്കിലും സ്കെയിലിൽ ഉയർന്ന വേതനം നിലനിൽക്കുന്നുവെങ്കിൽ വ്യതിയാനം വരുന്ന തുക പേഴ്സണൽ പേ ആയി കണക്കുകൂട്ടി നൽകുകയും ചെയ്യുന്നു.

(ബി) കയർ വ്യവസായ സഹകരണസംഘങ്ങളിലെ (കയർപിരി സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ്/ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങൾ, ചകിരി/തൊണ്ട് സഹകരണ സംഘങ്ങൾ) ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിന് ഒരു ശമ്പളപരിഷ്കരണ കമ്മിറ്റി സർക്കാർ 15-10-2018-ലെ സ.ഉ.(സാധാ) നമ്പർ 1194/2018/വ്യവ ഉത്തരവ് പ്രകാരം രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് 31-1-2020 തീയതിയിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കയറും കയറുല്പന്നങ്ങളുടെയും കയറ്റുമതി**

168 (534) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കയറും കയറുല്പന്നങ്ങളും ഏതെല്ലാം രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി നടത്തിയിട്ടുണ്ടെന്നതിന്റെ പട്ടിക ലഭ്യമാക്കുമോ;

(ബി) ആയതിന്മേൽ ഓരോ രാജ്യവുമായിട്ടുള്ള കയറ്റുമതിയിലൂടെ ലഭ്യമായിട്ടുള്ള പ്രതിവർഷ വരുമാനം വാർഷിക ക്രമത്തിൽ അറിയിക്കുമോ;

(സി) ടി ഉല്പന്നങ്ങളുടെ അന്തർദ്ദേശീയ വിപണനത്തിനായി ഓൺലൈൻ വിപണന സങ്കേതം പരമാവധി ഉപയോഗ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കയർ വികസന വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, സഹകരണ അപ്പെക്സ് ഫെഡറേഷനായ കയർഫെഡ് എന്നിവിടങ്ങളിൽ നിന്നും കയറും കയറുല്പന്നങ്ങളും കയറ്റുമതി നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. കയർഫെഡ്:- ഈ സർക്കാരിന്റെ കാലയളവിൽ കാനഡ, സ്പെയിൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലേയ്ക്ക് കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്തു.

2. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ:- ഈ സർക്കാരിന്റെ കാലയളവിൽ യു.എസ്.എ., ഫ്രാൻസ്, പോളണ്ട്, ബ്രസീൽ, ഇറ്റലി, ആസ്ട്രേലിയ, ഗ്വാട്ടിമാല, കുവൈറ്റ് എന്നീ രാജ്യങ്ങളിലേയ്ക്ക് കയറും കയറുല്പന്നങ്ങളും കയറ്റുമതി ചെയ്തു.

(ബി) കയർ ഫെഡ്

| വർഷം | തുക ലക്ഷത്തിൽ | സ്ഥലം |
|---|---|---|
| 2017-18 | 10.00 | കാനഡ |
| 2018-19 | 29.48 | സ്പെയിൻ |
| 2019-20 (T) | 25.86 | ഫ്രാൻസ് |

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ

| രാജ്യം | 1-4-2016- 31-3-2017 (തുക കോടിയിൽ) | 1-4-201,-31-3-2018 (തുക കോടിയിൽ ) | 1-4-2018- 31-3-2019 (തുക കോടിയിൽ ) |
|---|---|---|---|
| ബ്രസീൽ | 2.82 | 0.96 | 0.82 |
| ആസ്ട്രേലിയ | 0.64 | 1.40 | 1.71 |
| ഗ്വാട്ടിമാല | 0.19 | 0.11 | - |
| കുവൈറ്റ് | 0.10 | - | - |
| യു.എസ്.എ. | 0.10 | 0.17 | 0.41 |
| ഫ്രാൻസ് | 0.41 | 1.57 | 1.85 |
| പോളണ്ട് | 3.00 | 3.53 | 2.58 |
| ഇറ്റലി | 2.90 | 3.40 | 3.80 |
| ആകെ | 10.16 | 11.14 | 11.17 |

(സി) കയർഫെഡ്:-

കയർഫെഡ് അന്താരാഷ്ട്ര വിപണി ലക്ഷ്യമിട്ടുകൊണ്ട് ഒരു ഇ-കൊമേഴ്സ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടികളും ഓൺലൈൻ സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ:-

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഓൺലൈൻ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ആമസോൺ, ഫ്ലിപ്പ്കാർട്ട്, പെപ്പർഫ്രൈ, ട്രേഡ് ഇന്ത്യ.കോം എന്നീ ഓൺലൈൻ വിപണന സങ്കേതങ്ങളിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്:-

ഫോം മാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് ഇ-വിപണനം ലക്ഷ്യമിട്ട് വെബ് സൈറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുവഴി കമ്പനിക്ക് ഓർഡർ നേരിട്ട് സ്വീകരിക്കുന്നതിന് സാധിക്കും.

**അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ**

169 (535) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിലിരിക്കുമ്പോൾ അടഞ്ഞു കിടന്ന ഏതൊക്കെ വ്യവസായ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ അടച്ചു പൂട്ടാൻ തീരുമാനിച്ച ഏതെങ്കിലും വ്യവസായ സ്ഥാപനം കേരള സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ അല്ലെങ്കിൽ ഏറ്റെടുക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ സ്വകാര്യസംരംഭകരാണ് നടത്തുന്നത്. ഇത്തരം യൂണിറ്റുകൾ തുറന്നുപ്രവർത്തിക്കുന്നത് ഉടമസ്ഥരുടെ ചുമതലയിലാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടിക്കിടന്ന പ്രസ്തുത 80 യൂണിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ഈ

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ മുൻകാലങ്ങളിൽ തന്നെ പ്രവർത്തനം നിർത്തലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തുറന്നു പ്രവർത്തിച്ചിട്ടില്ല. നേരത്തെ പ്രവർത്തനം നിർത്തലാക്കിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജീവനക്കാരെല്ലാം സ്വയംവിരമിക്കൽ പദ്ധതി പ്രകാരം മുൻകാലങ്ങളിൽ തന്നെപിരിഞ്ഞുപോയിട്ടുള്ളതും കമ്പനി രജിസ്ട്രാറുടെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നവയുമാണ്.

(ബി & സി) കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നയത്തിന്റെ ഭാഗമായി ഓഹരികൾ വിറ്റഴിക്കുന്നതിനായി തീരുമാനിച്ച കേരളത്തിൽ പ്രവർത്തിക്കുന്ന ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കാസർഗോഡ്, ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്/എച്ച്.എൻ.എൽ. വെള്ളൂർ എന്നീ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള ഇടപെടലുകളാണ് പ്രാരംഭമായി കേരള സർക്കാർ നടത്തിയത്. പ്രസ്തുത നടപടികൾ ഫലം കാണാത്തതിനാൽ ഏറ്റെടുക്കൽ നടപടികളുമായി സർക്കാർ ഇപ്പോൾ മുന്നോട്ടുപോകുകയാണ്. ഈ സ്ഥാപനങ്ങളുടെ ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.

ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്

കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Limited) എന്ന കമ്പനിയിലെ ഭെല്ലിന്റെ 51% ഓഹരികൾ ഒരു രൂപ വിലയ്ക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ തലത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. കേരള സർക്കാരും ബി.എച്ച്.ഇ.എൽ.-മായി കരാർ ഒപ്പുവയ്ക്കാവുന്നതിനുള്ള അന്തിമ തീരുമാനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കേണ്ടതുണ്ട്.

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്

ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാടിന്റെ 31-3-2017 പ്രകാരമുള്ള ആസ്തി ബാധ്യതകൾ നിജപ്പെടുത്തി 53.02 കോടി രൂപയ്ക്ക് ആസ്തികൾ ഏറ്റെടുക്കുന്നതിന് സംയുക്തമായി തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും ഈ തീരുമാനത്തിന് അന്തിമ അനുമതി ഇതുവരെ ലഭ്യമായിട്ടില്ല.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്. എൻ. എൽ.)

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ സബ്സിഡിയറി കമ്പനിയായ കോട്ടയം ജില്ലയിൽ വെള്ളൂരിൽ പ്രവർത്തിക്കുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ (എച്ച്.എൻ.എൽ.) കേന്ദ്ര സർക്കാർ തീരുമാനപ്രകാരം സ്വകാര്യവത്ക്കരിക്കാനുള്ള സമ്മതപത്രം ക്ഷണിച്ചെങ്കിലും പ്രാപ്തരായ നിക്ഷേപകരുടെ അഭാവംമൂലം നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന കേരള സർക്കാരിന്റെ ആവർത്തിച്ചുള്ള ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചതിനെ തുടർന്ന് കമ്പനി കേരള സർക്കാർ ഏറ്റെടുക്കുവാനുള്ള സന്നദ്ധത അറിയിച്ച് തുടർനടപടികൾ സ്വീകരിക്കുകയുണ്ടായി.

സ്വകാര്യവത്ക്കരിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ നടപടികൾ മൂലമുണ്ടായ വിവിധ കാരണങ്ങളാൽ സ്ഥാപനം 2019 ജൂൺ മാസം മുതൽ തുടർച്ചയായി ഉല്പാദനം നിർത്തിവച്ചിരിക്കുകയാണ്. നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ ഡൽഹി ബഞ്ചിന്റെ 25-11-2019-ലെ തീരുമാനപ്രകാരം മാതൃസ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ 100% ഓഹരികളും 25 കോടി രൂപയ്ക്ക് കേരള സർക്കാരിന് കൈമാറുവാൻ ഉത്തരവായി. എന്നാൽ നാഷണൽ കമ്പനി ലാ ട്രിബ്യൂണൽ കൊച്ചി ബെഞ്ചിൽ ഹിന്ദുസ്ഥാൻ ന്യൂസ് ലിമിറ്റഡിനെതിരെ ആർ.ബി.എൽ. ബാങ്ക് സമർപ്പിച്ചിരുന്ന അപേക്ഷ 28-11-2019-ൽ ഫയലിൽ സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്രോസസിന് വിധേയമാക്കുവാൻ തീരുമാനിക്കുകയും തുടർനടപടികൾ പുരോഗമിക്കുകയുമാണ്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ ഏറ്റെടുത്ത് ഉല്പാദനം പുനരാരംഭിക്കുന്നതിനും പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനായി എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്.

**വ്യവസായ സംരംഭകരുടെ അപേക്ഷകളിൽ തീരുമാനം**

170 (536) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭിക്കുന്ന വ്യവസായ സംരംഭകരുടെ അപേക്ഷകളിൻമേൽ ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിന് സാധിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) ഇപ്രകാരം തീരുമാനം എടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഡീംഡ് അംഗീകാരം ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ 2019 ഏപ്രിലിന് ശേഷം പുതിയ വ്യവസായ സംരംഭകരുടെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്രയെണ്ണത്തിൽ ഒരു മാസത്തിനകം തീരുമാനം എടുത്തുവെന്നും എത്ര അപേക്ഷകൾക്ക് ഡീംഡ് അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് പുരസ്കാരം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭിക്കുന്ന സംരംഭകരുടെ അപേക്ഷകളിന്മേൽ ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ സാധിക്കുന്നുണ്ട്. എന്നാൽ ലൈൻ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്ന അപേക്ഷകളിൽ ഡീംഡ് അംഗീകാരം ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നുണ്ട്.

(സി) 2019 ഏപ്രിലിന് ശേഷം കെ-സ്വിഫ്റ്റ് വഴി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്:

| | | |
|---|---|---|
| ലഭിച്ച അപേക്ഷകൾ | - | 524 എണ്ണം |
| അംഗീകാരം നൽകിയത് | - | 107 എണ്ണം |
| ഡീംഡ് അംഗീകാരം ലഭിച്ചത് | - | 152 എണ്ണം |

(ഡി) ഉണ്ട്.

## വ്യവസായ സ്ഥാപനങ്ങളിലെ അപകടസാദ്ധ്യതകൾ

171 (537) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളിലെയും തൊഴിലിടങ്ങളിലെയും അപകട സാധ്യതകൾ കുറയ്ക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ബിഹേവിയർ ബേസ്ഡ് സേഫ്റ്റി പോലുള്ള ശാസ്ത്രീയ സമീപനങ്ങൾ വ്യവസായ സ്ഥാപനങ്ങളിലെയും തൊഴിലിടങ്ങളിലെയും അപകടങ്ങൾ തടയുന്നതിനായും സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ വികസന എസ്റ്റേറ്റ്/ഏരിയകളിലും വ്യവസായ വികസന പ്ലോട്ടുകളിലും അപകട സാധ്യതകൾ കുറയ്ക്കുന്നതിനുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ സുരക്ഷയ്ക്കായി ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വ്യവസായ പാർക്കുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സുരക്ഷാമാനദണ്ഡങ്ങൾ അനുസരിച്ചുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫയർ എക്സ്റ്റിംഗ്വിഷർ, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നീ സജ്ജീകരണങ്ങളും ക്രമീകരിച്ചിട്ടുണ്ട്.

(ബി & സി) വ്യവസായ മേഖലയിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി മതിയായ സംവിധാനങ്ങൾ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

## വ്യാപാര വ്യവസായ സ്ഥാപനങ്ങൾ

172 (538) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം ഇളവുകളാണ് പുതുതായി നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) റോഡരികിലുള്ള സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് പുതുതായി എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തി 22-10-2019 തീയതിയിൽ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് വ്യവസായ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവ് തീയതിക്ക് മുമ്പായി മുതൽ മുടക്കി പ്രവർത്തിക്കാൻ ആരംഭിച്ച സ്ഥാപനങ്ങൾക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ ഉത്തരവിൽ ഇളവ് അനുവദിക്കാൻ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) രാജ്യത്തെ വ്യവസായ സൗഹൃദാന്തരീക്ഷമുള്ള ആദ്യ അഞ്ച് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെയും മാറ്റുകയെന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും അതിവേഗം ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് പുതിയ സോഫ്റ്റ്‌വെയർ കെ-സ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. സാക്ഷ്യപത്രം ഉപയോഗിച്ച് പുതിയ വ്യവസായം ആരംഭിക്കാം. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്നു വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതി.

(ബി) വ്യവസായ വകുപ്പ് ഇത്തരത്തിൽ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(സി) 22-10-2019-ലെ ജി.ഒ.(എം.എസ്.) 46/2019/പി.ഡബ്ല്യൂ.ഡി. പ്രകാരം പെട്രോളിയം പമ്പുകൾക്ക് ലൈസൻസ് നൽകുന്നതിന്റെ IRC 12-2016 ബാധകമാക്കിയിട്ടുണ്ട്.

(ഡി) റോഡരികിലുള്ള സ്ഥലങ്ങളിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

## നിക്ഷേപക സംഗമത്തിലെ മെഗാ പദ്ധതികൾ

173 (539) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കൊച്ചിയിൽ നടത്തിയ ആഗോള നിക്ഷേപക സംഗമത്തിൽ (അസെൻഡ്- 2020) സർക്കാർ മെഗാ പദ്ധതികളായി പ്രത്യേകം അവതരിപ്പിച്ച പതിനെട്ട് പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ എറണാകുളം ജില്ലയിൽ ഏതൊക്കെ പദ്ധതികളുണ്ടെന്നും അവയിൽ നിർമ്മാണ ഘട്ടത്തിലേക്ക് കടക്കുന്ന പദ്ധതികൾ എതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 എന്ന ആഗോള നിക്ഷേപക സംഗമത്തിൽ 100 ൽ കൂടുതൽ പദ്ധതികൾ അവതരിപ്പിക്കുകയുണ്ടായി. അതിൽ 100 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) എറണാകുളം ജില്ലയിൽ നിന്നും 100 കോടിയിൽ കൂടുതൽ നിക്ഷേപം വരുന്ന 20 പദ്ധതികളാണ് അസെൻഡിൽ അവതരിപ്പിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## വ്യവസായ പുരോഗതി

174 (540) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം സംസ്ഥാനത്തെ വ്യവസായ പുരോഗതിക്ക് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമം നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പത്ത് കോടി രൂപ മുതൽമുടക്കുള്ള മാലിന്യം ഉണ്ടാക്കാത്ത വ്യവസായങ്ങൾക്ക് ലൈസൻസോ, പെർമിറ്റോ ഇല്ലാതെ അനുമതി നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) 1999-ലെ കേരളാ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് ഇക്കാര്യത്തിനായി ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം മുഖേന 7 ആക്ടുകളും 10 നിയമങ്ങളും വ്യവസായ സംരംഭകർക്ക് സഹായമാകുന്ന വിധത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുമൂലം വ്യവസായം തുടങ്ങുന്നതിനുള്ള അനുമതികളും/ലൈസൻസുകളും സുതാര്യതയോടുകൂടി കാലതാമസം കൂടാതെ നേടുന്നതിന് സംരംഭകരെ സഹായിക്കുന്നുണ്ട്.

സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇതുമൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളിലൂടെ 2018-നുശേഷം ഏകദേശം 2300 കോടി രൂപയുടെ നിക്ഷേപവും 84000 തൊഴിലും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ നിയമം നിലവിൽ വന്നശേഷം സംസ്ഥാനത്ത് 24023 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനം വഴി ഇതിനകം 519 കോമൺ ആപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്.

(സി) പത്ത് കോടി രൂപയിൽ താഴെ മുതൽമുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം അനുസരിച്ച് ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ വ്യവസായങ്ങൾ അതിവേഗം ആരംഭിക്കുന്നതിന് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ ആക്ട് പുറപ്പെടുവിക്കുകയും ഇതിന്റെ ചട്ടങ്ങളും വിജ്ഞാപനം ചെയ്തിട്ടുമുണ്ട്. ഇതുമൂലം ആവശ്യമായ അനുമതികൾ/ ലൈസൻസുകൾ/ ക്ലിയറൻസുകൾ എന്നിവയ്ക്ക് മൂന്നുവർഷത്തെ ഇളവ് ലഭിക്കുന്നതാണ്.

(ഡി) 2019-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ആക്ട് 7 ഡിസംബർ 2019-ൽ വിജ്ഞാപനമായി പുറപ്പെടുവിച്ചിട്ടുണ്ട്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേയ്ക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവരുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിക്കു മുകളിലുള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്.

## നിക്ഷേപകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

175 (541) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപകരെയും സംരംഭകരെയും ആകർഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിൽ വരുത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദ വിവരങ്ങൾ നല്കാമോ;

(ബി) ഈ പ്രവർത്തനങ്ങളുടെയും നിയമ നിർമ്മാണങ്ങളുടെയും ഫലമായി പുതിയ സംരംഭകരെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നല്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ പാരിസ്ഥിതികാവസ്ഥയ്ക്ക് അനുയോജ്യമാകുന്നതും മലിനീകരണം കുറഞ്ഞതുമായ വ്യവസായങ്ങളെ സംസ്ഥാനത്തേയ്ക്ക് സ്വാഗതം ചെയ്യുന്നതിനും വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ-അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുന്നതിനുമായി നിക്ഷേപകരെ ആകർഷിക്കുന്നതിന് അനുകൂലമായ ഒരു വ്യവസായ നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ വ്യവസായം ആരംഭിക്കുന്ന നിക്ഷേപകർക്ക് ലൈസൻസുകളും അനുമതികളും സുഗമമായി ലഭ്യമാക്കുന്നതിലേയ്ക്കായി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ

നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്ന കെ-സ്വിഫ്റ്റ് ഓൺലൈൻ സംവിധാനം 11-2-2019 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി,സമയബന്ധിത ക്ലിയറൻസുകൾ ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിൽ മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999, ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ പദ്ധതികളും വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/അപ്രൂവലുകളോ/പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളം ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന് ബോധ്യപ്പെടുത്തുവാനും, അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുവാനും സാധിച്ചിട്ടുണ്ട്. ഈ നിക്ഷേപസംഗമത്തിൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപത്തിന് സംരംഭകർ തയ്യാറായിട്ടുണ്ട്.

(ബി) വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ നിയമനിർമ്മാണങ്ങളിലൂടെ ലഘൂകരിക്കുക വഴി വ്യവസായം നടത്തുവാനുള്ള അനുകൂലമായ ഒരു സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ഈ അനുകൂല സാഹചര്യങ്ങൾ ഉപയോഗിച്ച് കേരളത്തിൽ നിലവിലുള്ളതും പുതിയതുമായ സംരംഭകരെ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ഇതിനകം 519 കോമൺ ആപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്.

## എഫ്.ആർ.ബി.എൽ. -ന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി

176 (542) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ടിന്റെയും രാഷ്ട്രീയ കെമിക്കൽ ആന്റ് ഫെർട്ടിലൈസേഴ്സിന്റെയും സംയുക്ത സംരംഭമായ അമ്പലമുകളിൽ പ്രവർത്തിക്കുന്ന എഫ്.എ.സി.ടി. ആർ.സി.എഫ്. ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് (എഫ്.ആർ.ബി.എൽ.) എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സ്ഥാപനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) എറണാകുളം ജില്ലയിൽ അമ്പലമുകളിൽ ഫാക്ടിന്റെയും രാഷ്ട്രീയ കെമിക്കൽ ആന്റ് ഫെർട്ടിലൈസേഴ്സിന്റെയും സംയുക്ത സംരംഭമാണ് എഫ്.എ.എസ്.ടി.-ആർ.സി.എഫ്. ഇതിന്റെ പ്ലാന്റും മെഷീനറിയും മുംബൈയിലെ M/s NICB ബാങ്കിന് 2008-ൽ പണയപ്പെടുത്തിയിരിക്കുന്നു. തുക തിരിച്ചടക്കാത്തതിനാൽ ബാങ്ക് കോടതിയെ സമീപിച്ചിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

## കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

177 (543) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് വിദേശത്ത് നിന്ന് ഉൾപ്പെടെ ഇതിനകം എത്ര ഓർഡറുകൾ ലഭിച്ചിട്ടുണ്ട്;

(സി) നഷ്ടത്തിലോടുന്ന കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ ലാഭകരമാക്കുവാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിദേശത്ത് നിന്ന് ഓർഡറുകൾ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തിനകത്ത് നിന്ന് 35 വാഹനങ്ങൾക്ക് ഓർഡർ ലഭിച്ചു. (തിരുവനന്തപുരം സ്മാർട്ട് സിറ്റിയിൽ നിന്ന് നേരിട്ട് 15 വാഹനങ്ങൾക്കും ഡീലേഴ്സിൽ നിന്നും 20 വാഹനങ്ങൾക്കും.)

(സി) നഷ്ടത്തിലോടുന്ന കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിനെ ലാഭകരമാക്കുന്നതിന്റെ ഭാഗമായി സർക്കാർ 7 കോടി രൂപ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് പ്ലാന്റ് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. ഇ-ഓട്ടോ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദനം നടത്തുന്നതിനുള്ള നടപടികൾ തുടരുകയും ചെയ്യുന്നു. ബി.എസ്.6 വാഹനം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

178 (544) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭനഷ്ടങ്ങൾ സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലങ്ങളിലെ താരതമ്യ കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് പ്രഥമ പരിഗണന നൽകിവരുന്നു. ഇതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തനമേഖലയ്ക്ക് അനുയോജ്യമായ നൂതനരീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാദ്ധ്യതയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവുണ്ടാക്കുവാനും സാധിച്ചു. പരിസ്ഥിതിക്ക് അനുയോജ്യമായ ഇലക്ട്രിക് വാഹനങ്ങളും അനുബന്ധ വ്യവസായങ്ങളും ആരംഭിക്കുവാൻ സാധിച്ചു. ഇലക്ട്രിക് മുച്ചക്രവാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട വി.എസ്.എസ്.സി./ ഐ.എസ്.ആർ.ഒ. എന്നിവയ്ക്കും പ്രതിരോധമേഖലയ്ക്കും ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണവും അനുബന്ധജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തെയും പ്രവർത്തനം അവലോകനം ചെയ്യുന്നതോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളുടെയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തനസംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സമഗ്ര വികസനത്തോടൊപ്പം തന്നെ മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കുന്നതിനും വേണ്ടി റിയാബിന്റെ നേതൃത്വത്തിൽ വിവിധ തലത്തിലുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ (2015-16 കാലയളവിൽ) ഈ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2799.72 കോടി രൂപയും മൊത്തം നഷ്ടം

121.18 കോടി രൂപയുമായിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2018-19-ലെ കണക്കുകൾ പ്രകാരം) സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 3442.74 കോടി രൂപയും മൊത്തം ലാഭം 8.26 കോടി രൂപയായി ഉയർത്തുവാനും സാധിച്ചു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

179 (545) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ കിയാൽ മാതൃകയിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിൽ ഇവയുടെ ഉൽപാദനക്ഷമത ഉയർത്തി ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും അതിലൂടെ അവയുടെ സംരക്ഷണം ഉറപ്പുവരുത്താനുമാണ് സർക്കാർ ശ്രമിച്ചുവരുന്നത്. കൂടാതെ പ്രവർത്തനമൂലധനം നൽകിയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.എം.എം.എൽ., ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിലവിലുള്ള ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ആട്ടോമൊബൈൽസിൽ ഇലക്ട്രിക് മുച്ചക്രവാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട് വി.എസ്.എസ്.സി./

ഐ.എസ്.ആർ.ഒ. പ്രതിരോധമേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കിവരികയാണ്. ആധുനിക മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കെ.എസ്.ഡി.പി. യിൽ നടപ്പിലാക്കി വരുന്നു. സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം എന്നിവ നിർമ്മിക്കുന്നതിന് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ സജ്ജമാക്കിയിട്ടുണ്ട്.

മാനേജിംഗ് ഡയറക്ടർമാരുടെയും ജീവനക്കാരുടെയും കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നതിനുമായി വിവിധ തരത്തിലുള്ള പരിശീലന പരിപാടികളിലൂടെയും നിരന്തരമായ അവലോകനത്തിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവിലും, ലാഭത്തിലും വർദ്ധനവ് ഉണ്ടാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) വിവിധ നവീകരണ പ്രവർത്തനങ്ങളിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനമേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ വിപണന സാദ്ധ്യതയുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണി വിപുലീകരിക്കുന്നതിനും വിറ്റുവരവിൽ വർദ്ധനവുണ്ടാക്കുവാനും സാധിച്ചു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിലൂടെ കെമിക്കൽ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ ലാഭത്തിലാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനനിർമ്മാണം, വി.എസ്.എസ്.സി./ഐ.എസ്.ആർ.ഒ. തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്പേസ് ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണം എന്നിവയിലൂടെ ഇലക്ട്രോണിക്സ്/എഞ്ചിനീയറിംഗ് മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുവാൻ സാധിച്ചിട്ടുണ്ട്. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ സ്മാർട്ട് മീറ്റർ നിർമ്മാണം, ജി.പി.എസ്. അധിഷ്ഠിത വെഹിക്കിൾ ട്രാക്കിംഗ് സംവിധാന നിർമ്മാണം എന്നിവ മുഖേനയും കെ.എസ്.ഡി.പി. യിൽ ആധുനിന മരുന്നുനിർമ്മാണം മുഖേനയും പ്രസ്തുത

കമ്പനികളെ നേട്ടത്തിന്റെ പാതയിലെത്തിക്കുവാൻ സാധ്യമായിട്ടുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ അംഗപരിമിതർക്ക് സംവരണം**

180 (546) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആർ.പി.ഡബ്ല്യൂ.ഡി. ആക്ടിലെ നിർദ്ദേശ പ്രകാരം അംഗപരിമിതർക്ക് നാല് ശതമാനം സംവരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നിലവിൽ ഓരോ പൊതുമേഖലാ സ്ഥാപനത്തിലും ജോലി ചെയ്യുന്നവരുടെ എണ്ണവും ഇതിൽ അംഗപരിമിതരുടെ എണ്ണവും സ്ഥാപനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

**കെ-സ്വിഫ്റ്റ് പോർട്ടൽ**

181 (547) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകം നിയമനിർമ്മാണം നടത്തിയതിനെത്തുടർന്ന് 2019 ഫെബ്രുവരിയിൽ കെ-സ്വിഫ്റ്റ് പോർട്ടൽ ആരംഭിച്ചിരുന്നോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പോർട്ടൽ വഴി വ്യവസായം ആരംഭിക്കുന്നതിന് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിലെത്ര അപേക്ഷകൾക്ക് അനുമതി നൽകിയെന്നും വ്യക്തമാക്കുമോ;

(സി) അപേക്ഷ നൽകി 30 ദിവസം കഴിഞ്ഞിട്ടും അനുമതി നൽകാത്ത സാഹചര്യത്തിൽ എത്ര അപേക്ഷകർക്ക് ഡീംഡ് ലൈസൻസ് ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ-സ്വിഫ്റ്റ് പോർട്ടലിന് എന്തെങ്കിലും സാങ്കേതിക തകരാർ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഇ) 2019 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത കെ-സ്വിഫ്റ്റ് പോർട്ടൽ 2020 ജനവരിയിൽ വീണ്ടും ഉദ്ഘാടനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ സാഹചര്യമെന്തായിരുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകം നിയമനിർമ്മാണം നടത്തിയതിനെതുടർന്ന് 2019 ഫെബ്രുവരി 11-ന് ആരംഭിച്ചിട്ടുള്ള കെ-സ്വിഫ്റ്റ് പോർട്ടൽ വഴി ഇതിനോടകം വ്യവസായം ആരംഭിക്കുന്നതിലേയ്ക്കായി 519 കോമൺ ആപ്ലിക്കേഷൻ ഫോം സമർപ്പിച്ചതിൽ 481 അനുമതികൾ/ലൈസൻസുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 251 അനുമതികൾ/ലൈസൻസുകൾ നൽകിയിട്ടുണ്ട്.

(സി) 150 അപേക്ഷകൾക്ക് ഡീംഡ് ലൈസൻസ് ലഭിച്ചിട്ടുണ്ട്.

(ഡി) കെ-സ്വിഫ്റ്റ് പോർട്ടൽ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായി ബന്ധിപ്പിച്ച പ്രവർത്തിക്കുന്ന ഒന്നാണ്. വ്യവസായ സംരംഭകർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്നതനുസരിച്ച് പോർട്ടലിന് കൂടുതൽ ഉപയോഗ്യത വരുത്തുന്നതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി.-യുടെ നിർദ്ദേശം അനുസരിച്ച് എൻ.ഐ.സി. യാണ് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നത്. ഇതിനുവേണ്ടി പ്രത്യേകം തുക ചെലവഴിച്ചിട്ടില്ല.

(ഇ) 2019 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്ത കെ-സ്വിഫ്റ്റ് പോർട്ടൽ 2020 ജനവരിയിൽ വീണ്ടും ഉദ്ഘാടനം ചെയ്തിട്ടില്ല. നിയമസഭാ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം 2019 ഡിസംബർ 7-ന് വിജ്ഞാപനം ചെയ്യുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നിലവിലുണ്ടായിരുന്ന കെ-സ്വിഫ്റ്റ് പോർട്ടലിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ പദ്ധതികളും വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളും അപ്രൂവലുകളും പെർമിറ്റുകളും ഹാജരാക്കുന്നതിന് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി സ്വയം സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് കൈപ്പറ്റ് രസീത് നൽകുന്ന ഓൺലൈൻ സംവിധാനം കൂടി ഉൾക്കൊള്ളിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനമാണ് 2020 ജനവരിയിൽ നടന്നത്.

## പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് അനുമതി

182 (548) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും അതിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്, പുറപ്പെടുവിപ്പിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സ്വിഫ്റ്റ് 11-2-2019 നിലവിൽ വന്നു. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (ഐ.പി.എഫ്.സി.) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഐ.പി.എഫ്.സി. സംരംഭകർക്കായുള്ള എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകുന്നതിനുവേണ്ടിയാണ് രൂപീകരിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999, ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപ്പെടാത്തതും 10 കോടി രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ പദ്ധതികളും വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ

പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകൾക്കും അപ്രൂവലുകൾക്കും പെർമിറ്റുകൾക്കും 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ സംഘടിപ്പിച്ച അസെൻഡ് 2020 പരിപാടിയിലൂടെ കേരളം ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാണെന്ന് ബോധ്യപ്പെടുത്തുവാനും, അവതരിപ്പിക്കുവാനും സംസ്ഥാനത്തേയ്ക്ക് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുവാനും സാധിച്ചിട്ടുണ്ട്.

## 2020 ജനുവരിയിൽ കൊച്ചിയിൽ വച്ചുനടന്ന നിക്ഷേപക സംഗമം

183 (549) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ കൊച്ചിയിൽ വച്ച് നടന്ന നിക്ഷേപക സംഗമം വഴി ഏതെല്ലാം പുതിയ വ്യവസായ സംരംഭകർ സംസ്ഥാനത്ത് വ്യവസായം തുടങ്ങാനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നറിയിക്കാമോ; അവർ എത്രപേരാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇവർക്ക് വ്യവസായം തുടങ്ങാനായി എന്തെല്ലാം സഹായങ്ങൾ സംസ്ഥാന സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ട്; ആയതുവഴി എത്രപേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകാൻ കഴിയും; വ്യക്തമാക്കാമോ;

(സി) 2020 ഏപ്രിൽ മുതൽ 2025 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തു തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ സർക്കാർ വാഗ്ദാനമായി പ്രഖ്യാപിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) നാളിതുവരെ എത്ര വ്യവസായികൾ ആയതിനായി മുമ്പോട്ട് വന്നിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത നിക്ഷേപ സംഗമം വഴി എത്ര കോടി രൂപയുടെ മുതൽമുടക്കുള്ള വ്യവസായങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇന്ത്യയിലെ മികച്ച അഞ്ച് നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തോടെ ജനുവരി 2020-ൽ നടന്ന അസെൻഡ് 2020 എന്ന നിക്ഷേപ സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടാൻ കഴിഞ്ഞു. അതുമൂലം സംസ്ഥാനത്തിനുള്ളിൽനിന്നും പുറത്തുനിന്നും വിവിധ മേഖലകളിലെ 149 വ്യവസായികളാണ് പദ്ധതികൾ തുടങ്ങാൻ താല്പര്യം കാണിച്ചിട്ടുള്ളത്. അസെൻഡ് 2020 ലൂടെ ലഭിച്ച ധാരണാ പത്രങ്ങളും താല്പര്യപത്രങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിലേയ്ക്കായി നോഡൽ ഓഫീസർമാരെ നിയമിച്ചുവരികയാണ്.

(ബി) അസെൻഡ് 2020-ൽ ലഭിച്ച പദ്ധതികൾ പൂർണ്ണമായും യാഥാർത്ഥ്യമാകുന്ന മുറയ്ക്കേ കൃത്യമായ വിവരം ലഭ്യമാകു. എങ്കിലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയാൽ ഏകദേശം 20000 തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കാൻ സാധിക്കുമെന്ന് കരുതുന്നു.

(സി) കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ബഹു. മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെന്റ് സബ്സിഡി നൽകുന്നതായിരിക്കും. പ്രസ്തുത സബ്സിഡി 25000 രൂപ വരെ വരുമാനമുള്ള ജോലിക്കാരെ നിയമിക്കുമ്പോഴാണ് നൽകുക. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത സബ്സിഡി ഇനത്തിൽ 2000 രൂപ അധികമായി നൽകുന്നതായിരിക്കും.

2. വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വ്യക്തിക്കോ കമ്പനിക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നതാണ്.

3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി ലഘൂകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കും.

4. സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

5. 66000 കോടി രൂപയിലേറേ മുതൽ മുടക്കുള്ള കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സിൽവർലൈനിന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.

6. വ്യവസായികൾക്ക് വ്യാവസായികാവശ്യാനുസരണം വേണ്ടിവരുന്ന വൈദ്യുതി വിതരണശൃംഖല നവീകരിക്കുന്നതിനാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷം കൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി&ഇ) നാളിതുവരെ 149-ഓളം സംരംഭകർ വ്യവസായം തുടങ്ങുന്നതിനുള്ള താല്പര്യം പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ടുവന്നിട്ടുണ്ട്. പ്രസ്തുത സംഗമത്തിലൂടെ 100355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇതുകൂടാതെ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപതാല്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു.

## കെ.പി.പി. നമ്പ്യാർ സ്മാരക ഇലക്ട്രോണിക്സ് ഗവേഷണ കേന്ദ്രം

184 (550) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരകമായി ഇലക്ട്രോണിക് ഗവേഷണ കേന്ദ്രവും ഇലക്ട്രോണിക് മ്യൂസിയവും സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

കെ.പി.പി. നമ്പ്യാരുടെ സ്മാരകമായ ഇലക്ട്രോണിക്സ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. പ്ലിന്ത് ലെവൽ വരെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി. കെ.പി.പി. നമ്പ്യാരുടെ പ്രതിമയോ അതുമായി ബന്ധപ്പെട്ട ഒരു ലോകോത്തര ശില്പമോ നിർമ്മിക്കുന്നതിനുവേണ്ടി പ്രശസ്ത ശില്പി ശ്രീ. കാനായി കുഞ്ഞിരാമനുമായി ചർച്ച നടത്തിവരുന്നു.

## കരകൗശല വ്യവസായ മേഖലയുടെ വികസനം

185 (551) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല വ്യവസായ മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കരകൗശല ഉല്പന്നങ്ങളുടെ വിപണനത്തിന് കേരള കരകൗശല വികസന കോർപ്പറേഷൻ ഓൺലൈൻ ഷോപ്പിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കരകൗശല തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യ അനുയോജ്യമായ രീതിയിൽ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനും ഡിസൈൻ, ടെക്നോളജി ശിൽപശാലകൾ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കരകൗശല തൊഴിലാളികൾക്ക് ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കാമോ; വിശദവിവരം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) കേരള കരകൗശല വികസന കോർപ്പറേഷൻ, കേരള കരകൗശല അപെക്സ് സഹകരണ സംഘം (സുരഭി), കേരളാ ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന വികസന ക്ഷേമ കോർപ്പറേഷൻ (കെൽപാം), കേരള ബാംബൂ കോർപ്പറേഷൻ എന്നിവയാണ് കരകൗശല വ്യവസായ മേഖലയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ.

(ബി) ഉണ്ട്. ഓൺലൈൻ വ്യാപാരത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കോർപ്പറേഷൻ KAIRALI- HANDICRAFTS (www.keralahandicrafts.in) എന്ന പേരിൽ സ്വന്തമായി ഇ-കൊമേഴ്സ് വെബ്സൈറ്റ് ആരംഭിച്ചു. കൂടാതെ ആമസോൺ, ഫ്ലിപ്കാർട്ട്, ജി.ഇ.എം. (Government E marketplace) എന്നീ ഇ-കൊമേഴ്സ് പോർട്ടലുകളിൽ ഓൺലൈൻ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനും പുതിയ ഡിസൈനുകൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ എന്നിവിടങ്ങളിലായി കരകൗശല വികസന കോർപ്പറേഷൻ 9 ഡിസൈൻ - ടെക്നോളജി വർക്ക്ഷോപ്പുകൾ പൂർത്തിയാക്കുകയുണ്ടായി. കരകൗശല അപെക്സ് സഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ പുതിയ ഡിസൈനുകൾ വികസിപ്പിച്ചെടുക്കാനുള്ള പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി.

(ഡി) പരമ്പരാഗത കൈത്തൊഴിൽ മേഖലകളായ മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപണി, ചെമ്പ്-ഓട്ടുപാത്ര നിർമ്മാണം, മൺപാത്ര നിർമ്മാണം, കെട്ടിട നിർമ്മാണം മുതലായവയിൽ പണിയെടുക്കുന്ന ആർട്ടിസാൻമാരുടെ ഉന്നമനത്തിനായാണ് കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. കൈത്തൊഴിൽ മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും മരപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന ആർട്ടിസാൻമാർക്ക് നൂതന സാങ്കേതികവിദ്യയും ആധുനിക യന്ത്രസാമഗ്രികളും ഉപയോഗപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസി എന്ന നിലയ്ക്ക് നിരവധി മരപ്പണിക്കാർ, ഇരുമ്പുപണിക്കാർ, കൽപ്പണിക്കാർ എന്നിവർക്ക് തൊഴിൽ ലഭ്യത നൽകിവരുന്നു. കൂടാതെ കാഡ്കോവിനു കീഴിൽ കേരളത്തിലെ ആർട്ടിസാൻമാരുടെ സമഗ്രവിവരശേഖരണം നടത്തി 'ഡാറ്റാബാങ്ക്' തയ്യാറാക്കി വിവിധ മേഖലകളിലെ തൊഴിലവസരങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**വയനാട് ജില്ലയെ കാർബൺ ന്യൂട്രൽ ജില്ലയാക്കാൻ നടപടി**

186 (552) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയെ കാർബൺ ന്യൂട്രൽ ജില്ലയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്ന സാഹചര്യത്തിൽ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി പ്രധാന നഗരങ്ങളിൽ പ്രത്യേകിച്ച് വയനാട്ടിൽ ഇ-ഓട്ടോ വ്യാപിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയെ കാർബൺ ന്യൂലിത ജില്ലയാക്കി മാറ്റുന്നതിനായി കിൻഫ്രയുടെ നേതൃത്വത്തിൽ കാർബൺ ന്യൂട്രൽ കോഫി പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(ബി) വയനാട്ടിൽ KAL-ന്റെ NEEM-G ഇ-ഓട്ടോ വിൽപ്പന നടത്തി കാർബൺ ബഹിർഗമനം ഒരളവുവരെ കുറയ്ക്കാവുന്നതാണ്.

## വയനാട് ജില്ലയിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

187 (553) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള സംരംഭക സഹായ പദ്ധതി പ്രകാരം 6,21,94,796 രൂപയും ആശ പദ്ധതി പ്രകാരം 1,75,815 രൂപയും നാനോ ഹൗസ് ഹോൾഡ് സ്കീം 1,00,359 രൂപയും സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സംരംഭകർക്കായി നൈപുണ്യ വികസന പരിപാടി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം (ബോധവത്കരണ സെമിനാറുകൾ) വിവിധ നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക്, വ്യവസായ എക്സിബിഷനുകൾ എന്നിവ വർഷംതോറും നടത്തിവരുന്നുണ്ട്. പ്രസ്തുത പരിപാടികൾക്ക് മൂന്ന് വർഷങ്ങളിലായി ആകെ 33.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കൈത്തറിയും ടെക്സ്റ്റൈൽസും വകുപ്പ് സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം 34 യൂണിറ്റുകൾക്ക് 40,75,000 രൂപ മാർജിൻ മണി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ TPC 1,35,00,000 രൂപയാണ്. ഇതുപ്രകാരം 135 പേർക്ക്

തൊഴിൽ നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 54 അപേക്ഷകൾ ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റി (DLTFC) അംഗീകരിച്ച് പാസ്സാക്കി ബാങ്കിലേയ്ക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ TPC 3,66,84,157 രൂപയാണ്. ഇതുപ്രകാരം 25 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. മാർജിൻ മണി ഇനത്തിൽ 34,64,262 രൂപ വിതരണം ചെയ്തിട്ടുണ്ട്. തേൻ കലവറ പദ്ധതി പ്രകാരം 15 പേർക്ക് പരിശീലനം നൽകുകയും 25,000 രൂപ സബ്സിഡി ഇനത്തിൽ തേനീച്ചപ്പെട്ടി വിതരണം ചെയ്യുന്നതിനും നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ പള്ളിക്കുന്ന് ഖാദി നെയ്ത്ത് സെന്ററിൽ പുതുതായി തറികൾ സ്ഥാപിച്ച് നെയ്ത്ത് യൂണിറ്റുകൾ ആരംഭിക്കുകയും 8 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഖാദിഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ വയനാട് ജില്ലയിലെ പുൽപ്പള്ളി, പള്ളിക്കുന്ന്, തിരുനെല്ലി തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ നെയ്ത്ത്/നൂൽപ്പ് കേന്ദ്രങ്ങൾ സൃഷ്ടിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

കൈത്തറിയും ടെക്സ്റ്റൈൽസും വകുപ്പിന്റേതായി വയനാട് ജില്ലയിൽ യുവവീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി എന്നിവ നടപ്പിലാക്കാനും പരിശ്രമിക്കുന്നുണ്ട്.

## വ്യവസായ വകുപ്പുമുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

188 (554) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പദ്ധതികളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പുമുഖേന തിരുവനന്തപുരം ജില്ലയിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

<u>വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ</u>

വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള സംരംഭക സഹായ പദ്ധതി, ആശാ സ്കീം, നാനോ ഇന്ററസ്റ്റ് സബ് വെൻഷൻ സ്കീം, പി.എം.ഇ.ജി.പി. പദ്ധതി തുടങ്ങിയ പദ്ധതികൾ തിരുവനന്തപുരം ജില്ലയിലും നടപ്പിലാക്കിവരുന്നു.

KSIDC മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

ലൈഫ് സയൻസ് പാർക്ക് - ജൈവശാസ്ത്ര അധിഷ്ഠിതമായ വ്യവസായങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടി ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 75 ഏക്കർ സ്ഥലം തെരഞ്ഞെടുക്കുകയും അതിൽ 69.75 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

KINFRA മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

വർക്കല താലൂക്കിലെ അയിരൂർ വില്ലേജിൽ 30.93 ഏക്കർ ഭൂമി ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ രണ്ടാംഘട്ട വികസനത്തിനായി ഏറ്റെടുത്തു.

DHT മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ

- കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി
- സർക്കാർ ഓഹരി പങ്കാളിത്തം വഴി വിവിധ പവർ ലൂം സൊസൈറ്റികൾക്ക് ധനസഹായം
- ജി.എസ്.പി. (കൈത്തറി)
- നെയ്ത്ത് ഉപകരണങ്ങൾ
- സി.റ്റി.എഫ്.
- ഇൻകം സപ്പോർട്ട്
- ഹാങ്ക് യാൺ സബ്സിഡി പദ്ധതി
- ഡൈസ് ആന്റ് കെമിക്കൽ സബ്സിഡി പദ്ധതി
- MML to Yarn Bank പദ്ധതി
- ലൂം എ ഹൗസ് പദ്ധതി
- യുവ വീവ് പദ്ധതി
- പ്രൊഡക്ഷൻ ഇംപ്രൂവ്മെന്റ് സ്കീം
- വർക്ക് ഷെഡുകളുടെ നവീകരണം
- ഡൈ ഹൗസുകളുടെ നവീകരണം
- എക്സിബിഷൻ ഗ്രാന്റ്
- കോളേജുകളിൽ സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിക്കൽ
- കലാപരമായ കൈത്തറി പദ്ധതി

- വസ്ത്രങ്ങളിൽ ഓർഗാനിക് കോട്ടൺ ഡയിംഗ് പദ്ധതി
- വീവേഴ്സ് ഫെസ്റ്റ്.

KKVIB മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

- എന്റെ ഗ്രാമം പദ്ധതി പ്രകാരം 90 യൂണിറ്റുകൾക്കായി 78.37 ലക്ഷം രൂപ മാർജിൻ മണി (സബ്സിഡി) അനുവദിച്ചു.
- ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ ആകെ 52.53 ലക്ഷം രൂപയുടെ പദ്ധതികൾ ഖാദി വ്യവസായ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്.
- കെ.ജി.എസ്. തമ്പാനൂർ - തമ്പാനൂർ ബസ് ടെർമിനലിൽ ഒരു പുതിയ വില്പനശാല ആരംഭിച്ചു.
- പി.എം.ഇ.ജി.പി. വായ്പാ പദ്ധതി പ്രകാരം 2016-17 മുതൽ നാളിതുവരെ 63 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു.
- ബാലരാമപുരത്ത് സിൽക്ക് വീവിംഗ് സെന്റർ ആരംഭിച്ചു.
- ബെഡ്ഷീറ്റ് ഉല്പാദനം ആരംഭിച്ചു.

RIAB മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ

- കേരള ആട്ടോ മൊബൈൽസ് ലിമിറ്റഡ് മുഖേന കേരള നീംജി എന്ന പേരിൽ ഇലക്ട്രിക് ഓട്ടോറിക്ഷയുടെ വ്യവസായിക ഉല്പാദനം ആരംഭിച്ചു.
- ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെയും സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെയും 24 കോടി രൂപയുടെ നവീകരണ പദ്ധതി, റോഡ് മാർക്കിംഗ് പെയിന്റ്, ഡൈജസ്റ്റർ വേസ്റ്റിൽനിന്നും ബ്രിക്സുണ്ടാക്കുന്ന പദ്ധതി, മലബാർ സിമന്റ്സിന് ജിപ്സം നൽകുന്ന പദ്ധതി തുടങ്ങിയവ പുരോഗമിച്ചുവരുന്നു.
- ഹാന്റക്സിന്റെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഗാർമെന്റ് യൂണിറ്റിൽ മൂന്ന് കോടി രൂപ ചെലവ് വരുന്ന നവീകരണ പദ്ധതി നടപ്പിലാക്കി.
- കേരളത്തിലെ കോടതികളിലും ജയിലുകളിലുമായി 470 സ്ഥലങ്ങളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, മോട്ടോർ വാഹന വകുപ്പിനുവേണ്ടി ആധുനിക രീതിയിലുള്ള വെഹിക്കിൾ ടെസ്റ്റ് സ്റ്റേഷനുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി,

ലാപ്ടോപ് കമ്പ്യൂട്ടറുകളുടെയും സർവറുകളുടെയും നിർമ്മാണത്തിനായി കെൽട്രോണിന്റെ കൂടി പങ്കാളിത്തത്തോടെ കൊക്കോണിക്സ് എന്ന പേരിൽ ഒരു കമ്പനി, വാഹനങ്ങളിലും ഉപഗ്രഹങ്ങളിലും ഉപയോഗിക്കുന്ന വിവിധ ഏവിയോണിക്സ് പാക്കേജുകളുടെ ഫാബ്രിക്കേഷനിൽ നൂതന സാങ്കേതികവിദ്യയിൽ പരിശീലനം നൽകുന്ന പദ്ധതി തുടങ്ങിയവ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

- ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിൽ യാൺ ബാങ്ക്, വിദേശ രാജ്യങ്ങളിലേയ്ക്ക് നൂൽ കയറ്റുമതി ചെയ്യുന്ന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.
- കെൽപാമിൽ പെറ്റ് ബോട്ടിൽ റീഫില്ലിംഗ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചു.
- ഹാൻഡി ക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് കരകൗശല വസ്തുക്കളുടെ വിപണനത്തിനായി ഒരു വെബ് പോർട്ടൽ (www.keralahandicrafts.in) പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.
- കേരള സ്റ്റേറ്റ് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആർട്ടിസാൻസ് ലേബർ ഡാറ്റബാങ്ക് രജിസ്ട്രേഷൻ ആരംഭിച്ചു.

## വ്യവസായ മേഖലയിൽ യുവജനങ്ങൾക്കായി പദ്ധതികൾ

189 (555) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

യുവാക്കളിൽ വിദ്യാഭ്യാസത്തോടൊപ്പം സംരംഭക സംസ്കാരം കൂടി വളർത്തിയെടുക്കുന്നതിലേയ്ക്കായി സ്കൂളുകൾ, കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ വകുപ്പ് മുഖേന സംരംഭകത്വ വികസന ക്ലബ്ബുകൾ സ്ഥാപിക്കുകയും ആയതിന്റെ പ്രവർത്തനത്തിനായി പ്രതിവർഷം 20,000 രൂപ ധനസഹായവും അനുവദിച്ച് വരുന്നുമുണ്ട്. 2020 ജനുവരിയിൽ

പ്രസ്തുത ക്ലബ്ബുകൾ നിർമ്മിച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്നതിനുമായി ENLIGHT 2020 എന്ന പേരിൽ ആദ്യമായി സംരംഭകത്വ വികസന ക്ലബ്ബ് കോൺക്ലേവ് സംഘടിപ്പിച്ചു.

വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം യുവാക്കളായ സംരംഭകർക്ക് ജനറൽ വിഭാഗത്തിന്റെ 15 ശതമാനം സബ്സിഡിക്കുപുറമെ 5 ശതമാനം അധിക സബ്സിഡി നൽകിവരുന്നു. നാനോ വ്യവസായങ്ങൾക്കുള്ള പലിശ സബ്സിഡി ജനറൽ വിഭാഗത്തിന് 6 ശതമാനവും യുവാക്കൾക്ക് 8 ശതമാനവുമാണ് നൽകിവരുന്നത്.

കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവും പ്രായോഗികവും വിപണനയോഗ്യവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. മുഖേന ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭ മൂലധന സഹായം (സീഡ് ഫണ്ട് സഹായം). ഈ ഇനത്തിൽ ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. പ്രസ്തുത പദ്ധതിയിൽ കെ.എസ്.ഐ.ഡി.സി. ഇതുവരെ 109 യുവസംരംഭങ്ങൾക്ക് 22.84 കോടി രൂപ മൂലധന സഹായം അനുവദിക്കുകയുണ്ടായി. പ്രസ്തുത സ്റ്റാർട്ടപ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നുണ്ട്.

## പുതിയ ചെറുകിട വ്യവസായ യൂണിറ്റുകൾ

190 (556) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പുതിയതായി ആരംഭിച്ചു;

(ബി) ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായി;

(സി) എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു; വിശദമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (1-6-2016 മുതൽ 31-12-2019 വരെ) വ്യവസായ വാണിജ്യ വകുപ്പ് മുഖേന 53218 സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ 4775.34 കോടി രൂപയുടെ നിക്ഷേപമുണ്ടാവുകയും 185581 പേർക്ക് തൊഴിൽ നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

## കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിക്ക് പാട്ടത്തിന് നൽകിയ സ്ഥലം

191 (557) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലം, ടി കമ്പനി പ്രവർത്തനം നിർത്തി വർഷങ്ങൾ പിന്നിട്ടിട്ടും തിരിച്ചെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോടതി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും, ടി കമ്പനിക്കു നൽകിയ സ്ഥലം തിരിച്ചുപിടിയ്ക്കുന്നതിനും, പുതിയ വ്യവസായ വികസന സൗകര്യങ്ങൾക്കായി പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കൊരട്ടി വൈഗൈ ത്രെഡ്സ് പ്രൊസ്സസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ കമ്പനിക്ക് സർക്കാർ പാട്ട വ്യവസ്ഥയിൽ നൽകിയിരുന്ന 84.85 1/2 ഏക്കർ ഭൂമി എൻ.എച്ച്. വിപുലീകരണത്തിനും ഒരേക്കർ ഭൂമി കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനും കൈമാറിയതിനുശേഷം ബാക്കിനിൽക്കുന്ന 76 ഏക്കർ ഭൂമിയിൽ 45.43 ഏക്കർ സ്ഥലം റവന്യൂവകുപ്പ് തിരികെ എടുക്കുകയും അതിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് ഐ.ടി. വകുപ്പിന് കൈമാറുകയും ചെയ്തു. അവശേഷിക്കുന്ന 30.57 ഏക്കർ ഭൂമിയും റവന്യൂ വകുപ്പ് തിരികെ എടുത്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പരിസമാപ്തീകരണം ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിശ്ചയിച്ച ഒഫിഷ്യൽ ലിക്വിഡേറ്ററുടെ ചുമതലയിലാണ്. അതുകൊണ്ടുതന്നെ കമ്പനിയുടെ മുഴുവൻ ആസ്തികളും ഒഫിഷ്യൽ ലിക്വിഡേറ്ററുടെ സംരക്ഷണയിലാണ്. സർക്കാർ പാട്ടം റദ്ദ് ചെയ്ത് ഉത്തരവിട്ടെങ്കിലും പ്രസ്തുത കമ്പനി ഫയൽ ചെയ്തിട്ടുള്ള കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നതിനാൽ ടി ഭൂമിയും മറ്റുള്ള ആസ്തികളും കൈവശപ്പെടുത്തുന്നതിനോ മറ്റാവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. വൈഗ ത്രഡ്സുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-6-2019-ൽ ചേർന്ന യോഗതീരുമാനപ്രകാരം കമ്പനിയുടെ സമാപ്തീകരണത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതി നിയമിച്ച ഒഫിഷ്യൽ ലിക്വിഡേറ്ററുമായി നേരിൽ ബന്ധപ്പെട്ട് ലിക്വിഡേഷൻ നടപടികളുടെ പുരോഗതി വിലയിരുത്തി ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ വ്യവസായ വാണിജ്യ

ഡയറക്ടർ/ജില്ലാ കളക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. ആയതിൻ പ്രകാരം വൈഗ ത്രെഡ്സ് കമ്പനിയിൽ നിന്നും ഭൂമി തിരിച്ചെടുക്കുന്നതിനും കമ്പനിയുടെ പേരിൽ നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനുമായി കർണ്ണാടക ഹൈക്കോടതിയിൽ ക്ലെയിം പെറ്റീഷൻ തയ്യാറാക്കി ഫയൽ ചെയ്യുന്നതിന് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ, കേരള മുഖേന നടപടി സ്വീകരിച്ചുവരുന്നുവെന്ന വിവരം തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത ഭൂമിയിൽ പ്രവേശിക്കുവാൻ കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതാണ്.

## നെടുമങ്ങാട് മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം

192 (558) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിൽ റബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള പഠനം നടത്തുന്നതിനായി ഏത് സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) സാധ്യതാപഠനം നടത്തുന്നതിനായി പ്രസ്തുത സ്ഥാപനം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാധ്യതാപഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാലാവധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാലാവധി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെടുമങ്ങാട് മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിനുള്ള പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീസ് പ്രൊമോഷനെ (കെ-ബിപ്പ്) ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പുറമെനിന്നുള്ള ഒരു വിദഗ്ദ്ധ ഏജൻസി മുഖേനയാണ് പ്രസ്തുത സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ടത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ തുക കണ്ടെത്തി വിദഗ്ദ്ധ ഏജൻസിയെ തെരഞ്ഞെടുത്ത് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിന് കെ-ബിപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത സാധ്യതാ പഠനം പൂർത്തിയാക്കി മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പരമ്പരാഗത കരകൗശല മേഖലയുടെ പരിപോഷണം**

193 (559) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കരകൗശല മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരമ്പരാഗത കരകൗശല തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കയാണെന്ന് വ്യക്തമാക്കാമോ;

(സി) കരകൗശല മേഖലയിലെ സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് 'ആഷ' പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

(എ-സി) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഉന്നമനത്തിനുമായി ബഹുമുഖ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ആർട്ടിസാൻസ് വികസന കോർപ്പറേഷൻ (കാഡ്കോ), കേരളാ പനയുല്പന്ന വികസന ക്ഷേമ കോർപ്പറേഷൻ (കെൽപാം), കേരളാ ബാംബൂ മിഷൻ എന്നീ സ്ഥാപനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലും സാമ്പത്തിക സഹായത്തിലും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിലൂടെ വിവിധ പദ്ധതികൾ മുഖേന കരകൗശല മേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. സർക്കാരിൽനിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി കരകൗശല തൊഴിലാളികൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് നൽകുക, പരിശീലനം നൽകുക, ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുക, വിപണനത്തിനായി സ്ഥിരം സംവിധാനങ്ങൾ നിലനിർത്തുകയും വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ച് വിപണികൾ കണ്ടെത്തുക എന്നിവയും ഈ സ്ഥാപനങ്ങൾ നടത്തിവരുന്നു. കൂടാതെ കരകൗശല മേഖലയിൽ ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

Assistance Scheme for Handicraft Artisans എന്ന ഈ പദ്ധതി പ്രകാരം കരകൗശല മേഖലയിലെ ചെറുകിട സംരംഭങ്ങൾക്കാവശ്യമുള്ള കെട്ടിടം/പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 40 ശതമാനം തുക, പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം ചെയ്യുന്നു. പട്ടികജാതി/പട്ടികവർഗ്ഗ, വനിതാ, യുവജന സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 50 ശതമാനം തുക, പരമാവധി 3 ലക്ഷം രൂപ ധനസഹായം ലഭിക്കുന്നു.

കരകൗശല മേഖലയിലെ ആധുനികവൽക്കരണത്തിനും കരകൗശല തൊഴിലാളികളുടെ ഉല്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനും വേണ്ടി കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഗാന്ധിശില്പ ബസാർ, ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. ഈ അടുത്ത കാലയളവിൽ ഇത്തരത്തിൽ 68 മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്.

കരകൗശല തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പും വിവിധ ക്രാഫ്റ്റുകളിലായി ട്രെയിനിംഗും സുരഭി നടത്തിവരുന്നു. അതുപോലെ കരകൗശല വികസന കോർപ്പറേഷന്റെ കീഴിൽ ഒരു പ്രത്യേക ക്രാഫ്റ്റിൽ വൈദഗ്ദ്ധ്യം ലഭിച്ച ഒരുകൂട്ടം ശില്പികൾക്ക് പരിശീലനത്തിനും വൈവിദ്ധ്യമാർന്ന ഉല്പന്നങ്ങൾ നിർമ്മിക്കാനും 3 പൊതുസേവന കേന്ദ്രങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഡിസൈൻ വർക്ക്ഷോപ്പുകൾ, ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പുകൾ, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ശില്പ അവബോധന പ്രോഗ്രാമുകൾ, സൗജന്യ ടൂൾ കിറ്റ് വിതരണം, കരകൗശല കലാകാരൻമാർക്ക് വായ്പാ പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാടും കണ്ണൂരിലും ഇന്റർനാഷണൽ കരകൗശല എക്സിബിഷനുകൾ സംഘടിപ്പിച്ച് കരകൗശല മേഖലയെ പ്രോത്സാഹിപ്പിച്ചു. കൂടാതെ ഓൺലൈൻ മാർക്കറ്റിംഗും ആരംഭിച്ചു.

**പരമ്പരാഗത തൊഴിലാളികൾക്ക് ഖനന നിയമങ്ങളിൽ ഇളവ്**

194 (560) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് നിലവിലുള്ള എല്ലാ ഖനന നിയമങ്ങളിലും ഇളവ് നൽകിക്കൊണ്ട് 2015-ൽ പുറപ്പെടുവിച്ചിട്ടുള്ള മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഉത്തരവ് പ്രകാരം അമ്പത് ടൺ വരെ മണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106(5) പ്രകാരം പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്ക് 50 MT വരെ ഓർഡിനറി ക്ലേ (സാധാരണ ചെളി) ഖനനം ചെയ്തുപയോഗിക്കുന്നതിന് ചട്ടങ്ങളിൽ ഇളവ് അനുവദിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളതും ആയത് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അധികാരമുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**മാവൂർ ഗ്വാളിയർ റയോൺസ്**

195 (561) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് പ്രവർത്തിച്ചിരുന്ന സ്ഥലം പ്രകൃതി സൗഹൃദ വ്യവസായങ്ങൾ തുടങ്ങുന്നതിന് ഉപയോഗപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വ്യവസായം തുടങ്ങാൻ തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവൂർ ഗ്വാളിയർ റയോൺസ് പ്രവർത്തിച്ചിരുന്ന ഭൂമിയിൽ പ്രകൃതി സൗഹൃദ വ്യവസായങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) ഇൻഡസ്ട്രീസ് (ജി) വകുപ്പിന്റെ 10-10-2017 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 97/2017/ഐ.ഡി. പ്രകാരം കമ്പനിയുടെ കൈവശമുള്ള 238.41 ഏക്കർ ഭൂമി തിരികെ ഏറ്റെടുക്കുന്നതിനും ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് അനുവദിക്കുന്നതിനുമാണ് സർക്കാർ ഉത്തരവായിരുന്നത്. ടി സർക്കാർ ഉത്തരവിനെതിരെ ഗ്രാസിം ഇൻഡസ്ട്രീസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C) 33103/2017 ആയി റിട്ട് ഹർജി ബോധിപ്പിക്കുകയും ആയത് പ്രകാരം 97/2017 നമ്പർ സർക്കാർ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിക്കുകയും ചെയ്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ കേസ് കോടതിയുടെ പരിഗണനയിലാണ്.

**പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള ഭൂമി**

196 (562) <u>ശ്രീ .മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കമ്പനി പറമ്പിൽ വ്യവസായ വകുപ്പിന് എത്ര ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയിൽ വ്യവസായ വകുപ്പ് വിവിധ വ്യവസായങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഭൂമിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ ഭൂമിയിൽ നാല്പത് വർഷത്തിലധികമായി താമസിച്ചു വരുന്ന പട്ടയം ലഭിച്ചിട്ടില്ലാത്തവർ ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി മണ്ഡലത്തിൽ കമ്പനി പറമ്പിൽ ആമയൂർ ദേശത്ത് 9.53 ഏക്കർ ഭൂമി വ്യവസായ വകുപ്പിനുണ്ട്.

(ബി) വിവിധ വ്യവസായ സംരംഭകർക്കായി രണ്ടേക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വ്യവസായ വകുപ്പിന്റെ ഭൂമി അനധികൃതമായി കയ്യേറി താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്ന നടപടി വ്യവസായ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

**ചെന്നൈ - ബെംഗളൂരു വ്യവസായ ഇടനാഴി**

197 (563) <u>ശ്രീ. പാറക്കൽ അബ്ദുല്ല:</u>
<u>ശ്രീ. സി. മമ്മൂട്ടി:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഈ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യമാണോയെന്ന് പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുമുഖേന എത്രമാത്രം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20-11-2019-ലെ സ.ഉ. (സാധാ) നമ്പർ 1152/2019/വ്യവ. ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്കനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുക, നൈപുണ്യവികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ് -I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16-1-2020 തീയതിയിലെ സ.ഉ. (കൈ) നമ്പർ 15/2020/വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്. വ്യവസായ ഇടനാഴി പദ്ധതി പ്രാവർത്തികമാവുന്നതോടെ പ്രത്യക്ഷത്തിൽ 22000-ത്തോളം തൊഴിലവസരങ്ങളും പരോക്ഷമായി 80000-ത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വ്യവസായ ഇടനാഴിയിലുൾപ്പെട്ടിട്ടുള്ള കേരളത്തിലെ പഞ്ചായത്തുകൾ

198 (564) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ള കേരളത്തിലെ പഞ്ചായത്തുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകൾക്ക് പുറമെ സമീപ പഞ്ചായത്തുകളെ കൂടി വ്യവസായ ഇടനാഴിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20-11-2019-ലെ സ.ഉ. (സാധാ.) നമ്പർ 1152/2019/വ്യവ. ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. കിൻഫ്ര, പാലക്കാട് പദ്ധതിക്കായി (നോഡ് - I) ഭൂമി ഏറ്റെടുക്കുന്നതിനായി കണ്ണമ്പ്ര (310 ഏക്കർ), പുതുശ്ശേരി സെൻട്രൽ (600 ഏക്കർ), ഒഴലപ്പതി (250 ഏക്കർ) എന്നിവിടങ്ങളിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുശ്ശേരി സെൻട്രലിന് സമീപത്തുള്ള 501 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ പാലക്കാട് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചെന്നൈ - ബെംഗളൂരു വ്യവസായ ഇടനാഴി**

199 (565) ശ്രീ. എം. സി. കമറുദ്ദീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കാനുള്ള ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) ചെന്നൈ-ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20-11-2019-ലെ സ.ഉ. (സാധാ.) നമ്പർ 1152/2019/വ്യവ. ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്കനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച്

സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുക, നൈപുണ്യ വികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി വികസിപ്പിക്കുന്ന ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളിൽ ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ്-I) പ്രഥമ പരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വിസകനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16-1-2020 തീയതിയിലെ സ.ഉ.(കൈ) നമ്പർ 15/2020/വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## കോയമ്പത്തൂർ - കൊച്ചി വ്യവസായ ഇടനാഴി

200 (566) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോയമ്പത്തൂർ - കൊച്ചി വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യേണ്ടതുണ്ട് എന്നറിയിക്കാമോ;

(സി) ഏതെല്ലാം ജില്ലകളിലാണ് ഒന്നാം ഘട്ടം എന്ന നിലയിൽ സ്ഥലം അക്വയർ ചെയ്യുന്നത്; വിശദാംശം നൽകുമോ;

(ഡി) ഭൂമി ഏറ്റെടുക്കാനുള്ള പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനുള്ള ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഇ) വ്യവസായ ഇടനാഴി യാഥാർത്ഥ്യമായാൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ-ഇ) ചെന്നൈ - ബെംഗളൂരു വ്യവസായ ഇടനാഴി കോയമ്പത്തൂർ വഴി കൊച്ചിയിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി 20-11-2019-ലെ സ.ഉ. (സാധാ) നമ്പർ 1152/2019/വ്യവ. ഉത്തരവ് പ്രകാരം കിൻഫ്രയെ ഈ പദ്ധതിക്കാവശ്യമായ ഭൂമി

ഏറ്റെടുക്കുന്ന നോഡൽ ഏജൻസിയായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പരിസ്ഥിതിക്കനുയോജ്യമായ വിവിധ പദ്ധതികൾ പ്രോത്സാഹിപ്പിച്ച് സംസ്ഥാനത്തിന് സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഉല്പാദനത്തിന് ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളൊരുക്കുക, നൈപുണ്യ വികസനം വർദ്ധിപ്പിക്കുക തുടങ്ങിയവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതിയിൽ ആറ് ഏകീകൃത ഉല്പാദന ക്ലസ്റ്ററുകളാണ് വികസിപ്പിക്കുന്നത്. ഒന്നാം ഘട്ടമായി പാലക്കാടിനാണ് (നോഡ്-I) പ്രഥമപരിഗണന നൽകിയിരിക്കുന്നത്. പാലക്കാട് നോഡിന്റെ വികസനത്തിനുള്ള 1351 ഏക്കർ ഭൂമി കിഫ്ബി ധനസഹായത്തോടെ (1038 കോടി രൂപ) ഏറ്റെടുക്കുന്നതിന് 16-1-2020 തീയതിയിലെ സ.ഉ. (കൈ) നമ്പർ 15/2020/വ്യവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത വ്യവസായ ഇടനാഴി പദ്ധതി പ്രാവർത്തികമാവുന്നതോടെ പ്രത്യക്ഷത്തിൽ 22000-ത്തോളം തൊഴിലവസരങ്ങളും പരോക്ഷമായി 80000-ത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വരവൂർ വ്യവസായ പാർക്ക്

201 (567) <u>ശ്രീ. യു. ആർ. പ്രദീപ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്ക് നിർമ്മാണ പുരോഗതി അറിയിക്കാമോ ;

(ബി) അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ച് പാർക്ക് എന്നു മുതൽ വ്യവസായ സംരംഭകർക്ക് തുറന്നു കൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വരവൂർ വ്യവസായ പാർക്കിൽ രണ്ട് ഘട്ടങ്ങളിലായി സ്ഥലവികസനം, ആന്തരിക റോഡ് നിർമ്മാണം, ഡ്രെയിനേജ് നിർമ്മാണം, ജലവിതരണ ശൃംഖല, ജലസംഭരണി, പമ്പ് റൂം, സൈറ്റ് ഓഫീസ്, ചുറ്റുമതിൽ എന്നിവ പൂർത്തിയായിട്ടുണ്ട്.

(ബി) വ്യവസായ ആവശ്യത്തിനനുയോജ്യമായ രീതിയിൽ ഭൂമി പ്ലോട്ടുകളായി തരംതിരിച്ചതിനുശേഷം മാത്രമേ വ്യവസായ സംരംഭകർക്ക് അനുവദിച്ച് നൽകാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്വകാര്യ വ്യവസായ പാർക്കുകൾ

202 (568) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനായി മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) അതിൻപ്രകാരം സ്വകാര്യ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള ഭൂപരിഷ്കരണ നിയമത്തിൽ ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം എത്ര സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിച്ചുവെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 20-6-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 47/2017/ഐഡി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) 14-8-2018-ലെ ജി.ഒ. (എം.എസ്.) 64/2018/ഐഡി പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 25 ഏക്കർ ഭൂമിയായും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 15 ഏക്കറായും നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്വകാര്യ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം സ്വകാര്യ സംരംഭകർക്കായിരിക്കും. അനുബന്ധ അനുമതികൾ ലഭ്യമാകുന്ന ഏകജാലക സംവിധാനം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വകാര്യ വ്യവസായ പാർക്കുകൾക്കും ബാധകമായിരിക്കും. 20-6-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 47/2017/ഐഡി ഉത്തരവ് പ്രകാരം 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 81(3) വകുപ്പ് പ്രകാരമുള്ള ഇളവ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനും നൽകുന്നുണ്ട്.

(ഡി) സ്വകാര്യ വ്യവസായ പാർക്കുകൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് നടപടി

203 (569) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ അപ്പാരൽ പാർക്ക് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) അപ്പാരൽ പാർക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമുള്ള സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് ഒന്ന് മുതൽ അഞ്ച് ഏക്കർ വരെ സ്ഥലം ആവശ്യമാണ്. അനുയോജ്യമായ സ്ഥലം ഇതുവരെയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

## സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിലെ നിയമനം

204 (570) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ആളുകളെ നിയമിക്കരുത് എന്ന് കോടതി ഉത്തരവോ സർക്കാർ ഉത്തരവോ നിർദ്ദേശമോ നിലവിലുണ്ടോ എന്നറിയിക്കുമോ;

(ബി) നിലവിൽ സ്ഥാപനത്തിൽ ദിവസവേതനാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലി നോക്കുന്നവരുടെ തസ്തികയും പേരും അടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സ്ഥാപനത്തിൽ നിലവിൽ ഒഴിവുള്ള തസ്തികയും ഒഴിവുകളുടെ എണ്ണവും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിലെ നിയമനം

205 (571) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്)-ൽ സർക്കാർ അംഗീകരിച്ചതും കമ്പനി മാനുവൽ അനുസരിച്ചുമുള്ള സ്റ്റാഫ് പാറ്റേൺ എത്രയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ മറികടന്ന് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സ്ഥാപനത്തിലേക്ക് 2015-ൽ ഒഴിവുള്ള തസ്തികകളിലേക്ക് ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ കഴിഞ്ഞ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി* ചേർക്കുന്നു.

(ബി) വിരമിക്കലിന് ആനുപാതികമായി സ്ഥിരജീവനക്കാരുടെ നിയമനം നടക്കാത്തതും നാൾക്കുനാൾ വർദ്ധിച്ചുവരുന്ന വിവിധ പ്രോജക്ട് ഓർഡറുകൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള മാനവ വിഭവശേഷിയുടെ അപര്യാപ്തതയുംമൂലം കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ തൊഴിലാളികളെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചല്ലാതെയും നിയമിക്കേണ്ടിവരുന്നു.

(സി) നിയമനം നടത്തിയിട്ടില്ല.

## സൈബർ പാർക്കിനുള്ള സ്ഥലം കിൻഫ്ര ഏറ്റെടുക്കുന്ന നടപടി

206 (572) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം - കുറ്റൂർ ഗ്രാമപഞ്ചായത്തിൽ പുല്ലുപാറയിൽ സൈബർ പാർക്ക് സ്ഥാപിക്കുന്നതിനായി നീക്കിവച്ച സ്ഥലം കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് വരെയായെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ചീമേനിയിലെയും എരമത്തെയും സ്ഥലങ്ങളുടെ വില ഐ.ടി. പാർക്കുകളിൽ സർക്കാർ ഓഹരിയായി കണക്കാക്കുവാൻ റവന്യൂ വകുപ്പ് ഉത്തരവായിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം കിൻഫ്ര വിലയ്ക്കുവാങ്ങാനുദ്ദേശിക്കുന്നില്ല.

**സിഡ്കോ**

207 (573) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോ-യിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ വർക്ക് സ്റ്റഡി നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വർക്ക് സ്റ്റഡിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വർക്ക് സ്റ്റഡിയിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം സംബന്ധിച്ച നിർദേശങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. വർക്ക് സ്റ്റഡിയിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം സംബന്ധിച്ച് നിർദ്ദേശങ്ങളുണ്ട്. അന്തിമ റിപ്പോർട്ടായിട്ടില്ല.

**ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയ സംഭാവന**

208 (574) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർക്ക് ഏതു കാലഘട്ടം വരെയുള്ള ആർജ്ജിതാവധി സറണ്ടർ ചെയ്തു നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന് ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരിൽ നിന്ന് സിഡ്കോ എന്തു തുകയാണ് സമാഹരിച്ചിട്ടുള്ളതെന്നും ആയതിൽ നിന്നും എത്ര രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയെന്നും വിശദമാക്കാമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകുന്നതിന് ജീവനക്കാർ നൽകിയ അപേക്ഷ സിഡ്കോ

മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച നൽകിയിരുന്നുവോ; ഇതുപ്രകാരം ദുരിതാശ്വാസ നിധിയിലേക്ക് തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ഡി) ജീവനക്കാരുടെ സമ്മതം കൂടാതെ ശമ്പളത്തിൽ നിന്നും സിഡ്കോ തുക പിടിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) 2015-വരെ തുടർച്ചയായും 2018-19-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകുന്നതിനായും ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) 2,49,128 രൂപ സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) അംഗീകരിച്ചുനൽകിയിരുന്നു. ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക നൽകിയിരുന്നു.

(ഡി) ഇല്ല.

**പുതിയ ക്വാറികൾക്ക് അനുമതി**

209 (575) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും അനുമതി നൽകിയ ക്വാറികളുടെ എണ്ണം സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പരിസ്ഥിതി ദുർബലപ്രദേശമായി പ്രഖ്യാപിക്കുന്നതിന് മുമ്പ് അനുമതി നൽകിയ ക്വാറികൾക്ക് അനുമതി പുതുക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഖനനത്തിന് അനുമതി ലഭിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; ഇതിന് വിരുദ്ധമായി അനുമതി നൽകുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ക്വാറികൾക്ക് അനുമതി നൽകുന്നതിന് നേരത്തെ ഉണ്ടായിരുന്ന നിബന്ധനകളിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തൊക്കെ ഇളവുകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പുതിയ ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഒരു വർഷ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ക്വാറിയിങ് പെർമിറ്റിൽ പ്രവർത്തിക്കുന്ന ക്വാറികളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 12 |
| (1) | (2) |
| കൊല്ലം | 6 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 0 |
| കോട്ടയം | 7 |
| ഇടുക്കി | 2 |
| എറണാകുളം | 27 |
| തൃശ്ശൂർ | 0 |
| പാലക്കാട് | 31 |
| മലപ്പുറം | 25 |
| കോഴിക്കോട് | 12 |
| വയനാട് | 1 |
| കണ്ണൂർ | 21 |
| കാസർഗോഡ് | 1 |

2016 മേയ് മാസത്തിനുശേഷം അനുവദിച്ച ദീർഘകാല ക്വാറിയിങ് ലീസുകളുടെ എണ്ണം ജില്ല തിരിച്ച് താഴെ കൊടുക്കുന്നു:

| ജില്ല | ക്വാറികളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 25 |
| കൊല്ലം | 18 |
| പത്തനംതിട്ട | 16 |
| ആലപ്പുഴ | 0 |

| (1) | (2) |
|---|---|
| കോട്ടയം | 11 |
| ഇടുക്കി | 6 |
| എറണാകുളം | 28 |
| തൃശ്ശൂർ | 15 |
| പാലക്കാട് | 36 |
| മലപ്പുറം | 79 |
| കോഴിക്കോട് | 40 |
| വയനാട് | 3 |
| കണ്ണൂർ | 44 |
| കാസർഗോഡ് | 12 |

(ബി) അനുമതി പുതുക്കി നൽകിയിട്ടില്ല.

(സി) ഖനനത്തിന് അനുമതി നൽകുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇതിനുവിരുദ്ധമായി അനുമതി നൽകുന്നില്ല. 18-5-2012-നുമുമ്പ് ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നതും എന്നാൽ നിലവിൽ കാലാവധിയുള്ളതുമായ ക്വാറികൾക്ക് ലീസ് പുതുക്കുന്ന അവസരത്തിൽ മാത്രമേ പാരിസ്ഥിതികാനുമതി സമ്പാദിക്കേണ്ടതുള്ളൂ.

(ഡി) 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ക്വാറികളിൽനിന്നും റിസർവോയറുകൾ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, ആൾതാമസമുള്ള വീടുകൾ, മറ്റ് പൊതുനിർമ്മാണങ്ങൾ, ആരാധനാലയങ്ങളുടെ അതിരുഭിത്തികൾ, ശ്മശാനം, ശവപ്പറമ്പ്, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നു. എന്നാൽ 7-2-2015 തീയതിയിലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നപ്പോൾ മേൽപ്പറഞ്ഞ ദൂരപരിധി 100 മീറ്ററായി വ്യവസ്ഥ ചെയ്തിരുന്നു. തുടർന്ന് 22-6-2017-ലെ 25/2017/വ്യവ. നമ്പർ ഭേദഗതി പ്രകാരം ക്വാറികളിൽനിന്നും റിസർവോയറുകൾ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, വാസഗൃഹങ്ങൾ, മറ്റ് പൊതുനിർമ്മാണങ്ങൾ, ആരാധനാസ്ഥലങ്ങളുടെ അതിരുഭിത്തികൾ, നദീതീരത്തുള്ള ശവസംസ്കാര സ്ഥലങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിച്ചിട്ടുണ്ട്.

## ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

210 (576) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണയിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരുടെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ചർച്ചകൾ നടന്നിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സിഡ്കോ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ ഇടപെടൽ ഉണ്ടാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹരിക്കുവാൻ നടപടി ഉണ്ടാകുമോ;

(സി) സിഡ്കോ ജീവനക്കാർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും ലഭ്യമാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാരെ സിഡ്കോയുമായി ചേർക്കുന്നതിന് അനുകൂലമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഇ) സിഡ്കോയിൽ ജീവനക്കാർക്കു നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടികൾ ഉണ്ടായിട്ടുണ്ടോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) പ്രസ്തുത വിഷയം പരിശോധിച്ചുവരികയാണ്.

## കൊരട്ടിയിലെ കെയർ കേരള ആയുർവേദ കൺസോർഷ്യം

211 (577) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയിലെ കെയർ കേരള ആയുർവേദ കൺസോർഷ്യം എന്ന സ്ഥാപനം നിലനിർത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൊരട്ടി കിൻഫ്ര പാർക്കിൽ പ്രവർത്തിക്കുന്ന ആയുർവേദ കൺസോർഷ്യം കമ്പനിയായ കെയർ കേരളം എന്ന സ്ഥാപനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും വായ്പയെടുത്ത തുക തിരിച്ചടക്കുന്നതിൽ കുടിശ്ശിക വരുത്തിയതിനാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ SARFAESI ACT പ്രകാരം ആസ്തി കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. തുടർന്ന് കെയർ കേരളം കമ്പനിയിൽ മുതൽമുടക്കുന്നതിന് പുതിയ നിക്ഷേപകരെ കണ്ടെത്താനുള്ള ശ്രമങ്ങൾ വിജയിച്ചില്ല. തുടർന്ന് കമ്പനിയെ പുനരുദ്ധരിക്കുന്നതിനായി പദ്ധതി തയ്യാറാക്കി KSIDC-യെ സമീപിച്ച് പ്രസ്തുത സ്ഥാപനം നിലനിർത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

## ആറ്റിങ്ങലിലെ സ്റ്റീൽ പ്ലാന്റ് ക്യാമ്പസിൽ ആരംഭിച്ച പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്

212 (578) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി അടഞ്ഞുകിടന്ന സ്റ്റീൽ പ്ലാന്റ് ക്യാമ്പസിൽ ആരംഭിച്ച പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ എന്നറിയിക്കാമോ;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ കേന്ദ്രസർക്കാർ സ്ഥാപനമായ MSME-DI ആണ് ടി പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നത്. നിലവിലുള്ള സൗകര്യങ്ങൾ കൂട്ടുന്നതിലേയ്ക്കായി MSME-DI കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) ആറ്റിങ്ങൽ ട്രെയിനിംഗ് സെന്ററിൽ പ്രിസിഷൻ മെഷിനിംഗ്, ഹൈഎൻഡ് കംപ്യൂട്ടർ ട്രെയിനിംഗ്, റബ്ബർ, മാനുഫാക്ചറിംഗ് വ്യവസായം എന്നിവയ്ക്കാവശ്യമുള്ള സ്കിൽ ട്രെയിനിംഗ് ഫെസിലിറ്റീസുണ്ടാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായാണ് MSME-DI പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ ഈ ആവശ്യത്തിലേയ്ക്കായി ഈ സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ല.

## മൂവാറ്റുപുഴ താലൂക്ക് പരിധിയിലെ ക്വാറികൾ

213 (579) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്ക് പരിധിയിൽ നിലവിൽ എത്ര ക്വാറികൾ പ്രവർത്തിക്കുന്നു ; ഇവയിൽ വൻകിട ക്വാറികൾ എത്ര; ചെറുകിട ക്വാറികൾ എത്ര; വിശദമാക്കാമോ;

(ബി) പ്രസ്തുത ക്വാറികളിൽ നിയമാനുസൃതമായി പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ക്വാറികളിൽ ഏതൊക്കെ ക്വാറികൾക്ക് എതിരെ ജല സ്രോതസ്സ് മലിനീകരണം, പൊടി ശല്യം,ശബ്ദ മലിനീകരണം, ടിപ്പർ ലോറികളുടെ നിരന്തര സഞ്ചാരം മൂലമുള്ള റോഡ് തകർച്ച, എന്നിങ്ങനെയുള്ള പരാതികൾ നാട്ടുകാർ/തദ്ദേശീയർ/സമീപവാസികൾ ഉന്നയിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;എങ്കിൽ എന്തു നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ക്വാറിയിംഗ് ലീസ് ദീർഘകാലാടിസ്ഥാനത്തിൽ സമ്പാദിച്ച് പ്രവർത്തിക്കുന്ന 21 ക്വാറികളും 1 വർഷം വരെ കാലാവധിയിൽ ക്വാറിയിംഗ് പെർമിറ്റ് സമ്പാദിച്ച് പ്രവർത്തിക്കുന്ന 13 ക്വാറികളും ഉൾപ്പെടെ നിലവിലുള്ള 34 ക്വാറികളും നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നത്.

(സി) മേൽ പരാമർശിച്ച ക്വാറികളുടെ പ്രവർത്തനത്തിനെതിരെ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ കാണിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ക്വാറികൾക്കെതിരെ വിവിധ വിഷയങ്ങളിലുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും റിപ്പോർട്ട് തേടി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മണ്ണെടുക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ്

214 (580) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികൾക്ക് മണ്ണെടുക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തുവാൻ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ചട്ടത്തിലുള്ള വ്യവസ്ഥകൾ കാരണം സർക്കാർ പദ്ധതികൾക്ക് കെട്ടിടം പണിയുന്നതിന് പ്ലോട്ട് ഫില്ല് ചെയ്യുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിഷ്കർഷിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 4-1-2020-ലെ ജി.ഒ. (പി) 1/2020/വ്യവ. ഉത്തരവ് പ്രകാരം സർക്കാർ പദ്ധതികൾക്ക് മണ്ണെടുക്കുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 4-1-2020-ലെ ജി.ഒ. (പി) 1/2020/വ്യവ. ഉത്തരവ് പ്രകാരം സർക്കാർ പദ്ധതികൾക്ക് മണ്ണെടുക്കുന്നതിനായി ഖനന പെർമിറ്റിനായുള്ള ഫോറം N-ലെ വ്യവസ്ഥകളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

**കരിമണൽ ഖനനാനുമതി**

215 (581) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ അനുവദിച്ച കരിമണൽ ഖനനാനുമതികൾ റദ്ദാക്കണമെന്ന് 2019 മാർച്ച് ഒന്നിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന ഖനനാനുമതി ലൈസൻസ് റദ്ദാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഖനനാനുമതി റദ്ദാക്കലിന്റെ വിശദാംശങ്ങൾ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ മേഖലയിൽ അനുവദിച്ചിട്ടുള്ള കരിമണൽ ഖനനാനുമതികൾ റദ്ദാക്കണമെന്ന കേന്ദ്രസർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(ബി&സി) റദ്ദാക്കിയിട്ടില്ല. സ്വകാര്യ മേഖലയിലെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ 8-4-2016-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ 1-3-2019-ലെ കേന്ദ്രസർക്കാർ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ**

216 (582) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ 9 ബി വകുപ്പ് പ്രകാരം സംസ്ഥാനത്ത് ഓരോ ജില്ലയിലും ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചട്ടങ്ങൾക്ക് നിയമസഭയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഓരോ ജില്ലയിലുമുള്ള ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&സി) 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ 9 ബി വകുപ്പ് പ്രകാരം സംസ്ഥാനത്ത് ഓരോ ജില്ലയിലും ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ (ഡി.എം.എഫ്.) രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും ഡി.എം.എഫ്. ഫൗണ്ടേഷൻ ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ളതും ട്രസ്റ്റിന്റെ പേരിൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുള്ളതുമാണ്. 31-12-2019 വരെ കേരളത്തിൽ ആകെ 22.09 കോടി രൂപ ഡി.എം.എഫ്. ഫണ്ട് സ്വരൂപിച്ചിട്ടുണ്ട്. ഡി.എം.എഫ്. ട്രസ്റ്റിന്റെ ഭരണ സമിതിയിൽ ജില്ലാ കളക്ടർ ചെയർപേഴ്സണും മാനേജിംഗ് ട്രസ്റ്റിയുമാണ്. കൂടാതെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രസിഡന്റും ജില്ലാ കളക്ടറാണ്. 10 ജില്ലകളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗ് നടന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2018-ലെ കേരള ഡിസ്ട്രിക്ട് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ 22-5-2018-ൽ എസ്.ആർ.ഒ. നമ്പർ 326/2018 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾക്ക് കേരള നിയമസഭയുടെ വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമതി IV അംഗീകാരം നൽകിയിട്ടുണ്ട്.

## കൈത്തറി ഗ്രാമങ്ങൾ

217 (583) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി ഗ്രാമങ്ങൾ നിലവിൽ പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോയെന്ന് വ്യക്തമാക്കുമോ;

(ബി) കൈത്തറി തൊഴിലാളികൾ നൂൽ വില്പനക്കാരുടെ നിരന്തര ചൂഷണത്തിന് ഇരയാകുന്നതിനാൽ ഇത്തരം ചൂഷണങ്ങളിൽനിന്നും അവരെ മോചിപ്പിക്കുന്നതിന് എന്തെല്ലാം ഇടപെടലുകൾ നടത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂൾ യൂണിഫോമിന് കൈത്തറി വസ്ത്രം വ്യാപകമാക്കിയതിലൂടെ കൈത്തറി മേഖലയുടെ പുനരുജ്ജീവനം എത്രമാത്രം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭൂമി ഉപയോഗപ്രദമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പ്രവർത്തന മൂലധനത്തിന്റെ അഭാവത്താൽ കൈത്തറി മേഖല പ്രതിസന്ധി നേരിട്ടിരുന്നുവെങ്കിലും 2016 മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയോടുകൂടി നെയ്ത്തിനുള്ള അസംസ്കൃത വസ്തുക്കളും തൊഴിലാളികൾക്കുള്ള കൂലിയും ലഭ്യമാക്കി കൈത്തറി മേഖലയെ പൂർണ്ണമായും സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കൈത്തറി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുവായ നൂൽ യാൺ ബാങ്കുകൾ വഴി നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (എൻ.എച്ച്.ഡി.സി.) നിന്നും സബ്സിഡി നിരക്കിൽ ന്യായമായ വിലയ്ക്ക് നൽകിവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷം സബ്സിഡി നൽകുന്നതിനായി ബഡ്ജറ്റ് വിഹിതമായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് 'യഥാസമയം ' നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് മാർജിൻ മണി ലോണും നൽകിവരുന്നു.

ഹാൻടെക്സ്, ഹാൻവീവ്, 6 യാൺ ബാങ്കുകൾ എന്നിവ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പ്രവർത്തന മൂലധനമായാണ് യാൺ ബാങ്കുകൾക്ക് മാർജിൻ മണി ലോൺ അനുവദിക്കുന്നത്. 2019-20 സാമ്പത്തികവർഷം ഇതിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ കൈത്തറി തൊഴലാളികൾക്കാവശ്യമായ നൂലുകൾ സർക്കാർ നൽകിവരികയും ചെയ്യുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയുടെ പുനരുജ്ജീവനം ലക്ഷ്യമാക്കി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധികവേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഈ പദ്ധതി നടപ്പിലാക്കി മൂന്ന് വർഷം പിന്നിട്ടപ്പോൾ 5000-ലധികം നെയ്ത്ത് തൊഴിലാളികൾ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. ആയതിൽ നെയ്ത്ത് ജോലി പഠിച്ച് പുതുതായി 1026 പേർ യൂണിഫോം പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം വർഷങ്ങളായി നെയ്ത്തുജോലിയിൽനിന്ന് മാറിനിന്ന ഏകദേശം 1300 പേർ യൂണിഫോം പദ്ധതിയുടെ ഭാഗമായി നിലവിൽ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടിക്കിടന്നിരുന്ന 15 കൈത്തറി സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നുപ്രവർത്തിപ്പിക്കാൻ സാധിച്ചു. യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഇതുവരെ 124.8 കോടി രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിമൂലം നെയ്ത്ത് തൊഴിലാളികൾക്ക് കൂലി വർദ്ധനയും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതോടൊപ്പം കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വും സംജാതമായിരിക്കുകയാണ്.

(ഡി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രഭുറാം മില്ലിന്റെ കൈവശമുള്ള ഭൂമിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 249.34 സെന്റും റൈസ് പാർക്ക് സ്ഥാപിക്കുന്നതിന് 518.80 സെന്റും ഭൂമി വിട്ടുനൽകുന്നതിനുള്ള സാദ്ധ്യത ഗൗരവമായി പരിശോധിച്ചുവരുന്നു.

ടെക്സ്റ്റ്ഫെഡിന് കീഴിലുള്ള ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ, കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ, മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ്, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ എന്നീ മില്ലുകളുടെ കൈവശമുള്ള ഉപയോഗശൂന്യമായ ഭൂമിയിൽ സോളാർ പാനൽ പദ്ധതി നടപ്പിലാക്കുന്നതിനായി അനർട്ടിനെ ചുമതലപ്പെടുത്തുകയും അവർ സമർപ്പിച്ച വിശദമായ പ്രാരംഭ പഠന റിപ്പോർട്ട് പരിശോധിച്ചുവരികയുമാണ്.

## ഖാദിമേഖല നേരിടുന്ന പ്രശ്നങ്ങൾ

218 (584) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. അനിൽ അക്കര:</u>
<u>ശ്രീ. വി. ടി. ബൽറാം:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദിമേഖല നേരിടുന്ന പ്രശ്നം ആവശ്യത്തിനു ഖാദി ഉല്പാദനം നടത്തുവാൻ കഴിയാത്തതും, തൊഴിലാളികൾക്കു മികച്ച വേതനം ലഭ്യമാക്കുവാൻ കഴിയാത്തതുമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ, അതു പരിഹരിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) പരമ്പരാഗത ചർക്കകളുടെയും, തറികളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പരമ്പരാഗത ഖാദി ഉല്പന്നങ്ങൾക്ക് ഭീഷണിയാകുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള കള്ള ഖാദി വസ്ത്രങ്ങളാണെന്നിരിക്കേ, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഖാദിവസ്ത്രങ്ങൾ പ്രത്യേക ബ്രാൻഡ് നെയിമിൽ വിൽക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ഡി) കേരളത്തിലെ ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി സ്പെഷ്യൽ റിബേറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഖാദി മേഖലയെ ശക്തിപ്പെടുത്തുന്നതിനും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനുകീഴിൽ ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ചർക്കകളുടെയും

തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിലാളികൾക്ക് മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടികൾ, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കിയത് (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1 കഴിക്ക് 1.80 രൂപയും), ഇ.എസ്.ഐ, ക്ഷേമനിധി ആനുകൂല്യങ്ങൾ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാനുതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, ഖാദി മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി ഖാദി ഗ്രാമം പദ്ധതി നടപ്പിലാക്കി വരികയും ചെയ്തിരിക്കുന്നു. ഈ വർഷം മിനിമം വേതനമിനത്തിൽ 21 കോടി രൂപയും ഉല്പാദന ഇൻസെന്റീവ് ഇനത്തിൽ 5 കോടി രൂപയും ഖാദി തൊഴിലാളികൾക്ക് സർക്കാർ നൽകുകയുണ്ടായി.

(ബി) ഖാദി ഗ്രാമ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും പഴയ ചർക്കകൾക്കും തറികൾക്കും പകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഖാദി വസ്തുങ്ങൾക്ക് പ്രത്യേക ബ്രാൻഡ് നെയിം നൽകാൻ സാധിക്കില്ല. ഖാദി ഉല്പാദനവും വിപണനവും കേന്ദ്ര ഖാദി കമ്മീഷന്റെ സർട്ടിഫൈഡ് സ്ഥാപനങ്ങൾക്കുമാത്രമേ നടത്താൻ കഴിയൂ. ആയതിനാൽ സംസ്ഥാനങ്ങൾക്ക് ഖാദിക്ക് പ്രത്യേക ബ്രാൻഡ് നെയിം കൊടുക്കാൻ കഴിയുന്നതല്ല.

(ഡി) കേരളത്തിലെ ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി പുതുതായി സ്പെഷ്യൽ റിബേറ്റ് പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ എല്ലാ ഖാദി തുണിത്തരങ്ങൾക്കും അനുവദിച്ചുവന്നിരുന്ന 10 ശതമാനം സ്പെഷ്യൽ റിബേറ്റ് 24-12-2018-നുശേഷം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ഖാദി ഉല്പന്നങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇത് ഖാദിയുടെ ആഭ്യന്തര ഉല്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഈ വർഷം സംസ്ഥാന സർക്കാർ റിബേറ്റിനത്തിൽ 10 കോടി രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷൻ

219 (585) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസ്സിയേഷന് സംസ്ഥാന ജൂനിയർ, സീനിയർ, സബ് ജൂനിയർ ചാമ്പ്യൻഷിപ്പുമായി ബന്ധപ്പെട്ട് 2015-16, 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ എത്ര തുകയാണ് സ്പോർട്സ് കൗൺസിൽ നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മുൻകൂർ ആയി നൽകുന്നതിനുള്ള തടസ്സമെന്ത് എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിന്നും അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ബോൾ ബാഡ്മിന്റൺ കായിക താരങ്ങൾക്ക് ടി.എ., ഡി.എ. ഇനങ്ങളിൽ 2015 ജനുവരി മുതൽ 2019 ഡിസംബർ വരെ തുക അനുവദിച്ചു നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 30,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 70,000 രൂപയും സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് അനുവദിച്ചിട്ടില്ല.

(ബി) ഗ്രാന്റ് ഇൻ എയ്ഡ് റെഗുലേഷൻ പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് കൗൺസിലിൽ സമർപ്പിക്കുന്ന ക്ലെയിമുകൾ പരിഗണിച്ച് കൗൺസിൽ ഗ്രാന്റ് അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ യഥാസമയം മാനദണ്ഡങ്ങൾ പാലിക്കാത്ത സാഹചര്യങ്ങളിൽ (ആനുവൽ റിപ്പോർട്ട്, ആഡിറ്റഡ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ടസ് സമയബന്ധിതമായി സമർപ്പിക്കാത്തതിനാലും കൗൺസിൽ അനുവദിച്ച് അഡ്വാൻസ് ക്ലെയിമുകൾ യഥാസമയം ക്രമീകരിക്കാത്തതിനാലും) മുൻകൂർ തുക അനുവദിക്കാൻ സാധിക്കുകയില്ല.

(സി) സംസ്ഥാനത്തുനിന്നും അഖിലേന്ത്യാ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ബോൾ ബാഡ്മിന്റൺ കായിക താരങ്ങൾക്ക് ടി.എ., ഡി.എ. ഇനങ്ങളിൽ 2015 ജനുവരി മുതൽ 2019 ഡിസംബർ വരെ ആകെ 1,87,000 രൂപ അനുവദിച്ചിട്ടുണ്ട്.

## ആറന്മുള മണ്ഡലത്തിലെ കായിക പദ്ധതികൾ

220 (586) ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് പ്രഖ്യാപിച്ചതും അനുമതി നൽകിയതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ ആറന്മുള നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കായിക യുവജനകാര്യ വകുപ്പ് പ്രഖ്യാപിച്ച പദ്ധതി പത്തനംതിട്ട ജില്ലാ സ്റ്റേഡിയമായ ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയമാണ്. പ്രസ്തുത സ്റ്റേഡിയത്തിനായി 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പത്തനംതിട്ട ബ്ലസ്സൻ ജോർജ്ജ് സ്റ്റേഡിയത്തിന്റെ നിർമ്മാണം പത്തനംതിട്ട നഗരസഭയുടെ നിയന്ത്രണത്തിലുള്ള പത്തനംതിട്ട മുനിസിപ്പൽ ഗ്രൗണ്ടിലാണ് നടത്താനുദ്ദേശിക്കുന്നത്. എന്നാൽ നിർദ്ദിഷ്ട സ്റ്റേഡിയത്തിന്റെ സ്ഥലയുടമയായ പത്തനംതിട്ട നഗരസഭ കായികയുവജനകാര്യ ഡയറക്ടറുമായി അംഗീകൃത മാതൃകയിലുള്ള ധാരണാപത്രത്തിൽ ഏർപ്പെടാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ലഭ്യമായ ഇതര സ്ഥലത്ത് സ്റ്റേഡിയം പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. പുതുതായി ആരംഭിക്കുന്ന സ്പോർട്സ് ഡിവിഷൻ പത്തനംതിട്ട ജില്ലയിൽ ആറന്മുള നിയോജകമണ്ഡലത്തിൽ ജി.എച്ച്.എസ്.എസ്. പത്തനംതിട്ടയിലാണുദ്ദേശിക്കുന്നത്.

## വിദ്യാർത്ഥികളിൽ കായികക്ഷമത വളർത്തുന്നതിനായുള്ള പദ്ധതികൾ

221 (587) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ കായികക്ഷമത വളർത്തുന്നതിനായി സ്പോർട്സ് വകുപ്പിന്റേതായ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ; അറിയിക്കാമോ;

(ബി) പൊതു വിദ്യാലയങ്ങളിൽ മതിയായ കായികാദ്ധ്യാപകരുടെ അഭാവം മൂലം കായിക പരിശീലന ലഭ്യതയുടെ പരിമിതി വിദ്യാർത്ഥികൾക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് തയ്യാറാകുമോ;

(സി) അനുബന്ധ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളിൽ കായികക്ഷമത വളർത്തുന്നതിനായി കിക്കോഫ്, സ്പ്ലാഷ്, ഹൂപ്സ്, സ്പ്രിന്റ് , പ്ലേ ഫോർ ഹെൽത്ത്, സ്വയം പ്രതിരോധ പരിശീലന പദ്ധതി, കായികക്ഷമത മിഷൻ എന്നീ പദ്ധതികൾ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) <u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u> ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി നടപ്പ് സാമ്പത്തികവർഷം വ്യാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

<u>സ്പ്ലാഷ്</u>

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സുമുതൽ 18 വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

<u>ഹൂപ്സ്</u>

ലോകനിലവാരമുള്ള ബാസ്കറ്റ് ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി

ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ പത്ത് സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തായ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

കായികക്ഷമത മിഷൻ

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും

കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**സമഗ്ര കായികനയം**

222 (588) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മത്സരങ്ങളിൽ അത്‌ലറ്റിക് ഇനങ്ങളിൽ മികവു തെളിയിച്ച കേരളത്തിന് മറ്റിനങ്ങളിലും മികച്ച പുരോഗതി കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കാമോ;

(ബി) ഒരു സമഗ്ര കായികനയം രൂപീകരിച്ച് നടപ്പിലാക്കി മികച്ച കായിക താരങ്ങളെ കണ്ടെത്തി പ്രത്യേക പരിശീലനമടക്കം നൽകി മുൻനിരയിൽ കൊണ്ടുവരുന്നതിന് തയ്യാറാകുമോ;വ്യക്തമാക്കുമോ;

(സി) പരിശീലന കാര്യങ്ങളിൽ, വിവിധ ഇനങ്ങളിൽ കഴിവു തെളിയിച്ച മുൻ ഇന്ത്യൻ താരങ്ങളുടെ സേവനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) അത്‌ലറ്റിക് ഉൾപ്പെടെ വിവിധ കായിക ഇനങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായികയിനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'.

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായികയിനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള

കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നതപരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

കായികക്ഷമത മിഷൻ

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുന്നതിന് സഹായകരമായി കേരളത്തിലെ നഗര-ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത

പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി നടപ്പ് സാമ്പത്തിക വർഷം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സ് മുതൽ 18 വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്സ്

വിദ്യാർത്ഥികൾക്ക് ലോകനിലവാരമുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ പത്ത് സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തായ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000 കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

ബീച്ച് ഗെയിംസ്

തീരദേശ കായിക സംസ്കാരവും വിനോദസഞ്ചാരമേഖലയിലെ പുത്തൻ സാദ്ധ്യതകളും മുൻനിർത്തി കേരളത്തിന്റെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ് നൽകുന്നതിനുമായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഗുണഭോക്താക്കളാകുന്ന പരിപാടിയുടെ ജില്ലാതല മത്സരങ്ങൾ 2019 നവംബർ, ഡിസംബർ, 2020 ജനവരി മാസങ്ങളിലായി സംഘടിപ്പിച്ചു. സംസ്ഥാനതല മത്സരങ്ങൾ ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽവച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലി രോഗങ്ങളിൽനിന്നും മുക്തിനേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായികാവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ

ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്.

(ബി) സമഗ്ര കായിക നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിഗണിക്കുന്നതാണ്.

**കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

223 (589) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിട്ടുണ്ട്. ഇതിനുപുറമെ കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങളുമുൾപ്പെടെ 57 പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികയുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി. വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവൺമെന്റ് ജി.വി. എച്ച്.എസ്.എസ്. (സ്പോർട്സ്), കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**കായിക മേഖലയിലെ പദ്ധതികൾ**

224 (590) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിൽ ഉണർവ് ഉണ്ടാക്കുന്നതിനായി 2016-17, 2017-18 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച 14 ജില്ലാ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെയും ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെന്ന പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമനം ഏത് ഘട്ടത്തിലാണെന്നും ഈ വർഷം എത്ര ഒഴിവുകളിലേക്കാണ് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)കായികമേഖലയിൽ ഉണർവുണ്ടാക്കുന്നതിനായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2016-17, 2017-18 എന്നീ വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച 14 ജില്ലാ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെയും ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെന്ന പദ്ധതിയുടെയും നിലവിലെ സ്ഥിതി അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഫുട്ബോൾ പരിശീലനം നൽകുന്നതിന് നടപ്പാക്കിയിട്ടുള്ള കിക്കോഫ് എന്ന പദ്ധതിയിൽ 19 കേന്ദ്രങ്ങളിലായി 25 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു. പെൺകുട്ടികൾക്കായി 14 കേന്ദ്രങ്ങൾ കൂടി ഈ വർഷം ആരംഭിക്കുന്നതാണ്. കൂടാതെ ഫുട്ബോളിനെ പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവർത്തിക്കുന്ന സ്പോർട്സ് അക്കാഡമികളിലൂടെ ഏകദേശം 300 കായികതാരങ്ങൾക്ക് ഫുട്ബോളിൽ മികച്ച പരിശീലകരുടെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു.

(സി) 2015 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ട നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നതിനുള്ള വിജ്ഞാപനം തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. പ്രതിവർഷം 50 എന്ന തോതിൽ 150 ഒഴിവുകളാണ് മേൽകാലയളവിലുള്ളത്. അതിൽ 2016 വർഷത്തിലെ 50 ഒഴിവിൽ, ഒന്നിൽ മലയാളിയായ മികച്ച ഇന്ത്യൻ ഫുട്ബോൾ താരം, ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റ് അസിസ്റ്റന്റായി, സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയത് കുറച്ച്, ബാക്കി 149 ഒഴിവുകളിലേയ്ക്കാണ് നിയമനം നടത്താനുള്ളത്.

## കായിക സംസ്കാരം വളർത്തൽ

225 (591) ശ്രീ. എ. പ്രദീപ്കുമാർ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള കായിക പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സ്പോർട്സ് സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി എല്ലാ പൊതുവിദ്യാലയങ്ങളിലും കായിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കായികാദ്ധ്യാപകരെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) കായികാദ്ധ്യാപകരുടെ മികവ് ഉയർത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട തുടർ പരിശീലനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)

ഫുട്ബോൾ ലോകറാങ്കിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി നടപ്പ് സാമ്പത്തികവർഷം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സുമുതൽ 18 വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

ഹൂപ്സ്

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ പത്ത് സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21-ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽ വച്ച് നടത്തി.

## സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാദ്ധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

## പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

## പെൺകുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലന പദ്ധതി

ഹയർ സെക്കന്ററി സ്കൂളുകളിലെ പെൺകുട്ടികൾക്ക് തായ്ക്കൊണ്ടോ, ജൂഡോ, കരാട്ടെ, കളരിപ്പയറ്റ് എന്നീ ഇനങ്ങളിൽ സ്വയം പ്രതിരോധ പരിശീലനം നൽകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തൊട്ടാകെ 21,000/- കുട്ടികൾക്കാണ് ഒരു അക്കാദമിക് വർഷം പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നൽകാനുദ്ദേശിക്കുന്നത്.

## അന്താരാഷ്ട്ര സ്പോർട്സ് എക്സ്പോ

കായികമേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉല്പന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി 'ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ കേരള 2019 ' സംഘടിപ്പിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടം 2020 ഫെബ്രുവരി 13, 14, 15 തീയതികളിൽ തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലും 2020 ഫെബ്രുവരി 18, 19, 20 തീയതികളിൽ കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ബീച്ച് ഗെയിംസ്

തീരദേശ കായിക സംസ്കാരവും വിനോദസഞ്ചാരമേഖലയിലെ പുത്തൻ സാദ്ധ്യതകളും മുൻനിർത്തി കേരളത്തിന്റെ കടലോരമേഖലയിലെ കായിക വികസനത്തിന് ഉണർവ് നൽകുന്നതിനുമായി ടൂറിസം, ഫിഷറീസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ബീച്ച് ഗെയിംസ്. വിവിധ ജില്ലകളിലെ കായികതാരങ്ങൾ, മത്സ്യത്തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവർ ഗുണഭോക്താക്കളാകുന്ന പരിപാടി 2019 നവംബർ, ഡിസംബർ, 2020 ജനുവരി മാസങ്ങളിലായി ജില്ലാതല മത്സരങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാനതല മത്സരങ്ങൾ ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽവച്ച് നടത്തുവാൻ തീരുമാനച്ചിട്ടുണ്ട്.

സ്പോർട്സ് കേരള മാരത്തോൺ

കായിക കേരളത്തിലെ ഒരു സുപ്രധാന കായികയിനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടംനേടിയ ഈ കായികയിനത്തിന്റെ ആദ്യ പതിപ്പിൽ ദേശീയ, അന്തർദേശീയ കായികതാരങ്ങളുൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ രണ്ടാം ഘട്ടത്തിൽ കണ്ണൂർ, കോഴിക്കോട്, എറണാകുളം ജില്ലകളിൽ യഥാക്രമം 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഹാഫ് മാരത്തോണും തിരുവനന്തപുരത്ത് ഫുൾ മാരത്തോണും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഷൂട്ടിംഗ് അക്കാഡമി

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിംഗിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദ്ദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ

ജീവിതശൈലി രോഗങ്ങളിൽനിന്നും മുക്തിനേടി ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ്

വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായികാവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. നിലവിൽ 8 സ്ഥലങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. കൂടാതെ 9 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതാണ്.

<u>സൈസ്മൽ പദ്ധതി</u>

സൈസ്മൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>കായികക്ഷമത മിഷൻ</u>

ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും യുവതീയുവാക്കളിലും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുണ്ടെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ പ്രവർത്തിച്ച മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിഭാവനം ചെയ്ത് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കേരള കായികക്ഷമതാ മിഷൻ ". സ്കൂൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

<u>ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>

2020, 2024-ലെ ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായികയിനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ ഒളിമ്പ്യ'.

ടി കായികയിനങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായികയിനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ

കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്, വോളിബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായികയിനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു.

(ബി) കായികയുവജനകാര്യ വകുപ്പിനുകീഴിലുള്ള ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ അക്കാഡമിക് നിലവാരം ഉയർത്തുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ പ്രസ്തുത വിദ്യാലയങ്ങളിൽ ഇന്ററാക്ടീവ് ക്ലാസ് റൂമുകൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) പൊതുവിദ്യാലയങ്ങളിൽ കായിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കായിക അദ്ധ്യാപകരെ നിയോഗിക്കുന്നതിനുമുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) 2018-19 വർഷം മുതൽ കേരള സ്കൂൾ സ്പോർട്സ് മാന്വലിൽ പുതുതായി ഉൾപ്പെടുത്തിയ 18 ഇനം ഗെയിമുകളിൽ എല്ലാ ജില്ലയിലെയും കായികാദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

**കായിക പ്രതിഭകളെ കണ്ടെത്തുന്നതിനായുള്ള പദ്ധതികൾ**

226 (592) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഗുണഭോക്താക്കളെ തിരിഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ഏതെല്ലാം പദ്ധതികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സ്കൂൾതലം മുതൽ കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>

ഫുട്ബോൾ ലോകറാങ്കിൽ ഇന്ത്യയുടെ നിലവാരം ഉയർത്താൻ സഹായകമാകുന്ന രീതിയിൽ കേരളത്തിലെ നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളെ ചെറിയ പ്രായത്തിൽത്തന്നെ കണ്ടെത്തി വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ് എന്ന ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതി പെൺകുട്ടികൾക്കുവേണ്ടിയുള്ള 14 സെന്ററുകളിലേയ്ക്കുകൂടി നടപ്പ് സാമ്പത്തികവർഷം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

<u>സ്പ്ലാഷ്</u>

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ് പദ്ധതി. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 8 വയസ്സുമുതൽ 18 വയസ്സുവരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്.

<u>ഹൂപ്സ്</u>

സ്കൂൾ വിദ്യാർത്ഥികൾക്ക് ലോകനിലവാരത്തിലുള്ള ബാസ്കറ്റ് ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തികവർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം

എന്നീ ജില്ലകളിലെ പത്ത് സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

സ്പ്രിന്റ് - ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം

ലോക നിലവാരത്തിലെത്താൻ സാദ്ധ്യതയുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 24 സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതികളിൽ സ്പ്രിന്റ് ഒഴികെയുള്ള മറ്റുള്ള പദ്ധതികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

## സ്പോർട്സ് അക്കാദമിയും ഹോസ്റ്റലും

227 (593) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്പോർട്ട്സ് അക്കാദമിയും സ്പോർട്ട്സ് ഹോസ്റ്റലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്പോർട്ട്സ് അക്കാദമിയും സ്പോർട്ട്സ് ഹോസ്റ്റലും ആരംഭിക്കുന്നതിന് വ്യക്തികൾ , സ്വകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനായി എന്തെല്ലാം പ്രാഥമിക കാര്യങ്ങളാണ് ഒരുക്കേണ്ടത്; പശ്ചാത്തല സൗകര്യങ്ങൾ എന്തെല്ലാമാണ്;വിശദമാക്കുമോ;

(ഡി) ജില്ലാതലത്തിൽ സ്പോർട്ട്സ് അക്കാദമിയും ഹോസ്റ്റലും ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഓരോ ജില്ലയിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകരുടെ പേരും വ്യക്തമാക്കുമോ;

(ഇ) സ്പോര്ട്സ് കൗൺസിലിൽ നിന്നോ സർക്കാരിൽ നിന്നോ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകാനുദ്ദേശിക്കുതെന്ന് വിവരിക്കുമോ;

(എഫ്) സർക്കാർ സ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കും സ്പോർട്സ് അക്കാദമികൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുമോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ-എഫ്) നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാദമികൾ, 54 കോളേജ് സ്പോർട്സ് അക്കാദമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിച്ച് വരുന്നു. മേൽപ്പറഞ്ഞ അക്കാദമികൾക്ക് പുറമെ പുതിയ അക്കാദമികൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ലാത്തതിനാൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

## സ്പോർട്സ് കൗൺസിൽ രൂപീകരിക്കാൻ നടപടികൾ

228 (594) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കായികവികസനം ലക്ഷ്യം വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കൗൺസിലുകളുടെ ഘടന, പ്രവർത്തനം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) 2000-ലെ കേരള സ്പോർട്സ് ആക്റ്റ് (2001-ലെ 2-ാം ആക്റ്റ്) അദ്ധ്യായം 4 സെക്ഷൻ 15, 16, 17, 18, 19, 24, 25, 26, 27, 28, 29 വ്യവസ്ഥ ചെയ്തിരിക്കും പ്രകാരം കോർപ്പറേഷൻ സ്പോർട്സ് കൗൺസിലുകൾ, മുനിസിപ്പൽ സ്പോർട്സ് കൗൺസിലുകൾ, ഗ്രാമ സ്പോർട്സ് കൗൺസിലുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ഓരോ വിഭാഗത്തിലും എക്സ് ഒഫീഷ്യോ അംഗങ്ങൾ, നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ എന്നിവരും ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയുമുണ്ടാകും.

അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിക്കുള്ളിലുള്ള കായിക വികസനമാണ് ലക്ഷ്യമാക്കുന്നത്. കായിക ക്ലബ്ബുകൾക്കുള്ള രജിസ്ട്രേഷൻ, കായിക മത്സരങ്ങളുടെ നടത്തിപ്പ്, കായിക വികസന പദ്ധതികളുടെ നടപ്പാക്കൽ എന്നിവയാണ് പ്രധാന പ്രവർത്തന മേഖല.

**ഇടുക്കി വോളിബോൾ അക്കാദമിയുടെ നിർമ്മാണ പുരോഗതി**

229 (595) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വോളിബോൾ അക്കാദമിയുടെ ഗ്രൗണ്ട് ലെവലിംഗ്, ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇടുക്കി വോളിബോൾ അക്കാദമിയുടെ ഗ്രൗണ്ട് ലെവലിംഗ്, ചുറ്റുമതിൽ നിർമ്മാണം (കരിങ്കൽ കെട്ടി ഫെൻസിംഗ് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തികൾ) തുടങ്ങിയ അധിക പ്രവൃത്തികൾക്ക് സർക്കാർ 1.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ വിളിക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ വസ്തുവിന്റെ അതിർത്തി സംബന്ധിച്ച് പരിസരവാസികൾ തർക്കമുന്നയിക്കുകയും പ്രവൃത്തികൾ തടസ്സപ്പെടുത്തുകയും ചെയ്തതിനാലും 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിൽ മണ്ണ് ഖനനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം ഫില്ലിംഗ് പ്രവൃത്തികൾക്കുള്ള മണ്ണിന് ദൗർലഭ്യം നേരിട്ടതിനാലും പണി തടസ്സപ്പെട്ടിരുന്നു. ഇടുക്കി വോളിബോൾ അക്കാദമിയുടെ അതിർത്തി സംബന്ധിച്ച തർക്കം റവന്യൂ വകുപ്പിന്റെ സഹായത്തോടെ പരിഹരിക്കുകയും നിലവിൽ ഫെൻസിംഗ് പോസ്റ്റ്

സ്ഥാപിച്ച് അതിർത്തി അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാന പാതയിൽ നിന്നും അക്കാദമിയിലേയ്ക്ക് റോഡ് നിർമ്മിക്കുന്ന പ്രവൃത്തികളും ഫില്ലിംഗ് പ്രവൃത്തികളും ഇനി പൂർത്തിയാക്കേണ്ടതായുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് പുതിയ ഡി.എസ്.ആർ. പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇടുക്കി വോളിബോൾ അക്കാദമിയിൽ പണികഴിപ്പിച്ചിട്ടുള്ള ഇൻഡോർ കോർട്ടിൽ മേപ്പിൾ വുഡ് സ്പോർട്സ് ഫ്ളോറിംഗ്, ഫ്ലെഡ് ലൈറ്റിംഗ് മുതലായവ പൂർത്തീരിച്ച് ഇൻഡോർ ഹാൾ വോളിബോൾ പരിശീലനത്തിന് തയ്യാറാക്കിയിട്ടുണ്ട്. വോളിബോൾ അക്കാദമിയുടെ വസ്തുവിന്റെ അതിർത്തികളിൽ ചെയിൻലിങ്ക് സ്ഥാപിക്കുന്ന പ്രവൃത്തികൾ, അക്കാദമിയുടെ ഭൂമി മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ആധുനിക നിലവാരത്തിലുള്ള ജിംനേഷ്യം

230 (596) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ആധുനിക നിലവാരത്തിലുള്ള ജിംനേഷ്യം സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട് കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## കിഫ്ബി മുഖേനയുള്ള സ്റ്റേഡിയം നിർമ്മാണം

231 (597) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി മുഖേന എത്ര സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും ഇവ ഏതൊക്കെ എന്നും വ്യക്തമാക്കാമോ;

(ബി) കിഫ്ബി മുഖേന പുനർനിർമ്മാണം നടത്തുന്ന സ്റ്റേഡിയങ്ങൾ ഏതൊക്കെ എന്നും ഈ സ്റ്റേഡിയങ്ങൾക്ക് എത്ര കോടി രൂപയാണ് ആകെ അനുവദിച്ചതെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളും 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 10 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവയിൽ വിവിധ സാങ്കേതിക കാരണങ്ങളാൽ ഉപേക്ഷിച്ച 5 പദ്ധതികൾ ഒഴികെയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ജില്ലാ സ്റ്റേഡിയങ്ങൾ

- തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം
- ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം
- തൃശ്ശൂർ ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയം
- വയനാട് സി. കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം
- എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം
- കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം
- കാസർഗോഡ് എം. ആർ. സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം
- ഇടുക്കി കെ. പി. തോമസ് ഇൻഡോർ സ്റ്റേഡിയം
- കൊല്ലം ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം
- മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം
- കോട്ടയം സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം
- കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം
- പാലക്കാട് കെ. കെ. പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം
- പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

പഞ്ചായത്ത് കളിസ്ഥലം - ബഡ്ജറ്റ് 2016-2017

- നീലേശ്വരം ഇ. എം.എസ്. സ്റ്റേഡിയം
- വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്രൻ സ്റ്റേഡിയം)
- എടപ്പാൾ ഗവ.എച്ച്.എസ്.എസ്. മലപ്പുറം

- തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്.
- കൊട്ടുമൺ സ്റ്റേഡിയം
- ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം
- കൂത്തുപറമ്പ് മുൻസിപ്പൽ സ്റ്റേഡിയം
- നിലമ്പൂർ മിനി സ്റ്റേഡിയം
- പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം
- തലശ്ശേരി വി. ആർ. കൃഷ്ണയ്യർ സ്റ്റേഡിയം
- ചാലക്കുടി മുൻസിപ്പൽ സ്റ്റേഡിയം
- ചിറ്റൂർ ഗവ.കോളേജ് സ്പോർട്സ് കോംപ്ലക്സ്
- ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം
- മട്ടന്നൂർ സ്റ്റേഡിയം
- നെടുങ്കണ്ടം സ്റ്റേഡിയം
- നടുവണ്ണൂർ വോളിബോൾ അക്കാഡമി
- താന്നൂർ സ്റ്റേഡിയം
- പുല്ലൂരാംപാറ തിരുവമ്പാടി
- ജി.വി. രാജ സെന്റർ ഫോർ എക്സലൻസ്
- പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ
- പടിയൂർ ഇൻഡോർ സ്റ്റേഡിയം
- മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ്
- പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്
- അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട്
- കോതമംഗലം ചേലാട് സ്റ്റേഡിയം
- ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം
- പാലക്കാട് ഇൻഡോർ സ്റ്റേഡിയം
- ആലപ്പുഴ റോവിംഗ് ട്രാക്ക്

ബഡ്ജറ്റ് 2017-18 -ലെ പദ്ധതികൾ(10 എണ്ണം)

- പറളി സ്കൂൾ, പാലക്കാട്
- പുനലൂർ മുൻസിപ്പൽ സ്റ്റേഡിയം
- മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട്
- വടകര ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
- ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം
- പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ
- പയ്യന്നൂർ മുൻസിപ്പൽ സ്റ്റേഡിയം
- ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട്
- തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്
- തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം

(ബി) പാലക്കാട് ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് എന്നിവയാണ് കിഫ്ബി മുഖേന പുനർനിർമ്മാണം നടത്തുന്ന പദ്ധതികൾ. രണ്ട് പദ്ധതികൾക്കും 5 കോടി രൂപ വീതം ഭരണാനുമതി നൽകിയിട്ടുണ്ട്.

**വെള്ളറട ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം**

232 (598) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജക മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി സ്വന്തമായി വാങ്ങി നൽകിയ ഒന്നര ഏക്കർ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിച്ചു നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

ഉത്തരം

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കോട്ടയം ജില്ലയിലെ നാഗമ്പടം നെഹ്റു സ്റ്റേഡിയം

233 (599) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നാഗമ്പടം നെഹ്റു സ്റ്റേഡിയത്തിൽ മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയം ഗ്രീൻഫീൽഡ് സ്റ്റേഡിയം മാതൃകയിൽ വികസിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കോട്ടയം ജില്ലയിൽ ചിങ്ങവനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്-ന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിലെ സ്പോർട്ട്സ് താരങ്ങൾക്ക് ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുവാൻ ഉതകുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) നാഗമ്പടം നെഹ്റു സ്റ്റേഡിയം കായികയുവജനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലല്ല.

(സി & ഡി) കോട്ടയം ചിങ്ങവനത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് ആരംഭിക്കുന്നതിനായി 11.25 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ച് നൽകിയതിനെത്തുടർന്ന് 23-2-2016 -ന് പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തറക്കല്ലിടുകയും ഇതേത്തുടർന്ന് മൂന്ന് പ്രീഫാബ് യൂണിറ്റുകൾ ടി സ്ഥലത്ത് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കായികയുവജനകാര്യാലയം മുഖേന കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലത്ത് സൂസൻ മേബിൾ തോമസ് ഇൻഡോർ സ്റ്റേഡിയം എന്ന പേരിൽ ഇൻഡോർ സ്റ്റേഡിയം സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്ന പക്ഷം ശാസ്ത്രീയ പരിശീലനം ലഭ്യമാക്കുവാൻ ഉതകുന്ന ഇൻസ്റ്റിറ്റ്യൂട്ട് എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ സാധിക്കും.

## അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം

234 (600) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച് കായിക വകുപ്പിന് കീഴിൽ നടപ്പാക്കുന്ന 3 കോടി രൂപ അടങ്കൽ തുകയുള്ള അനങ്ങനടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം എന്ന പ്രവൃത്തിയിന്മേൽ നാളിതുവരെ കായിക വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും; അറിയിക്കാമോ?

ഉത്തരം

(എ & ബി) 2019-20 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അനങ്ങനടി പഞ്ചായത്തിലെ മിനി സ്റ്റേഡിയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത റിപ്പോർട്ട് സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതി

235 (601) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിർമ്മാണ പുരോഗതിയും, നിർമാണത്തിന്റെ എത്ര ശതമാനം പൂർത്തീകരിച്ചു എന്നും വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട മൾട്ടി പർപ്പസ് ഇൻഡോർ കോർട്ടിന്റെയും, പരിശീലന നീന്തൽ കുളത്തിന്റെയും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പദ്ധതി താമസിക്കുന്നതിൽ കായിക വകുപ്പിന് പങ്കുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുടെ സാങ്കേതിക തടസ്സങ്ങൾ മറികടക്കുന്നതിന് കായിക വകുപ്പും, തദ്ദേശസ്വയംഭരണ വകുപ്പും തമ്മിൽ ഉന്നതതല ധാരണയുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലമ്പൂർ താലൂക്കിന്റെ സ്വപ്ന പദ്ധതിയായ നിലമ്പൂർ മിനി സ്റ്റേഡിയം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ 30% പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയിലുൾപ്പെട്ട പവലിയൻ കെട്ടിടത്തിന്റെ ഫിനിഷിംഗ് പണികളും ഫുട്ബോൾ ഗ്രൗണ്ടിന്റെ പണികളും പുരോഗമിച്ചു വരുന്നു.

(ബി) ഇൻഡോർ സ്റ്റേഡിയത്തിന്റെയും നീന്തൽക്കുളത്തിന്റെയും നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി സൈറ്റിൽ നിലവിലുള്ള 6 പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതുണ്ട്. ഇതിലേയ്ക്കായി നഗരസഭ മൂന്ന് തവണ ലേലം നടത്തിയിരുന്നുവെന്നും എന്നാൽ എസ്റ്റിമേറ്റ് തുകയേക്കാൾ ഉയർന്ന തുകയ്ക്ക് ലേലം കൊള്ളാൻ ആളില്ലാതിരുന്നതിനാൽ പൊളിച്ചുമാറ്റൽ നടപടികൾ നീണ്ടുപോകുന്നുവെന്നും പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. മാത്രമല്ല, മേൽ പരാമർശിച്ച കെട്ടിടം കാലപ്പഴക്കം കാരണം അപകടാവസ്ഥയിലാണെന്നും കിറ്റ്കോ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം മലപ്പുറം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കായികയുവജനകാര്യ വകുപ്പ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധവും ആയതിനുള്ള ശ്രമങ്ങൾ നടത്തിവരികയുമാണ്. നിലവിലുള്ള കാലതാമസം മേൽപ്പറഞ്ഞ പ്രകാരമുള്ളതും ഇക്കാര്യത്തിൽ കായികയുവജനകാര്യ വകുപ്പിന് യാതൊരു പങ്കുമില്ലാത്തതുമാണ്.

(സി) പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) തടസ്സങ്ങൾ പരിഹരിച്ച് നിലമ്പൂർ താലൂക്കിന്റെ സ്വപ്നപദ്ധതിയായ നിലമ്പൂർ മിനിസ്റ്റേഡിയം 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## ശ്രീപാദം സ്റ്റേഡിയത്തിലെ കായികപരിശീലനം

236 (602) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കായികപരിശീലനത്തിനുള്ള അവസരം ഏതെല്ലാം ഇനങ്ങൾക്കാണ് നിലവിൽ ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ബി) സ്റ്റേഡിയത്തിൽ പൊതുജനങ്ങൾക്ക് പരിശീലനം നടത്താൻ ഏതെല്ലാം ഇനങ്ങളിലാണ് സൗകര്യം ഒരുക്കിയിട്ടുള്ളത്; നിലവിൽ ഓരോ ഇനത്തിലും പരിശീലനം നടത്തുന്ന താരങ്ങളുടെ വിവരം വകുപ്പിന്റെ പക്കൽ ലഭ്യമാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ ഇൻഡോർ ഹാളിൽ നിലവിൽ ജില്ലാ സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് ബോക്സിംഗ്, തായ്ക്കൊണ്ടോ, ഖോ ഖോ, റെസ്സ്ലിംഗ് എന്നീ കായികയിനങ്ങളിലും, ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി പ്രകാരം റെസ്ലിംഗ്, ബോക്സിംഗ് എന്നീ കായികയിനങ്ങളിലും പരിശീലനം നൽകിവരുന്നുണ്ട്.

(ബി) നിലവിൽ സ്റ്റേഡിയത്തിലെ ട്രാക്കിന്റെ മെയിന്റനൻസ് വർക്ക് നടക്കുന്നതിനാൽ പൊതുജനങ്ങൾക്ക് പരിശീലനത്തിനായി അനുവദിച്ചു വരുന്ന ട്രാക്കും ഫീൽഡും ഇപ്പോൾ ഉപയോഗയോഗ്യമല്ല. എന്നാൽ ജിംനേഷ്യം പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയും നിലവിൽ 54 പേർ പരിശീലനം നടത്തി വരികയും ചെയ്യുന്നു.

**താമരക്കുളം സ്റ്റേഡിയം നിർമ്മാണം**

237 (603) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച താമരക്കുളം സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയനിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2019-20 ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബഡ്ജറ്റ് ഹെഡിൽ താമരക്കുളം സ്റ്റേഡിയം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുകയും എസ്റ്റിമേറ്റ് അടങ്കലായി 1 കോടി രൂപ നടപ്പു സാമ്പത്തിക വർഷം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായികയുവജനകാര്യാലയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് താമരക്കുളം പഞ്ചായത്ത് അധികൃതരുമായി യോഗം ചേരുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) താമരക്കുളം സ്റ്റേഡിയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാനിന്റെ കരട് പരിശോധനയ്ക്കായി പഞ്ചായത്ത് അധികൃതർക്ക് സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### കാട്ടാക്കട നിയോജകമണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം

238 (604) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച വിവിധ സ്റ്റേഡിയങ്ങളുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന്റെ കാലതാമസം സംബന്ധിച്ചും ആയതിന്റെ തുടർ നടപടികൾ സംബന്ധിച്ചും വിശദ വിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽ 3 സ്റ്റേഡിയങ്ങളുടെ (കുളങ്ങരക്കോണം-പള്ളിച്ചൽ പഞ്ചായത്ത്, വലിയറത്തല-മലയൻകീഴ് പഞ്ചായത്ത്, കണ്ടല -മാറനല്ലൂർ പഞ്ചായത്ത്) നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും 1,13,25,100 രൂപയുടെ ഭരണാനുമതി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം കായികയുവജനകാര്യാലയം മുഖേന നടപ്പിലാക്കുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

### പട്ടിക്കാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കളിസ്ഥലം വികസിപ്പിക്കുന്നതിനുള്ള നടപടി

239 (605) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പ് മുഖേന ഒല്ലൂർ നിയോജക മണ്ഡലത്തിലെ പട്ടിക്കാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ കളിസ്ഥലം വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾ**

240 (606) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി എത്ര അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റേഡിയങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രൊപ്പോസലും ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി ധനസഹായത്തോടെ 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും അന്താരാഷ്ട്ര നിലവാരത്തിലുള്ളവയാണ്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇതുകൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളിലും സ്ഥല ലഭ്യതയ്ക്കനുസരിച്ച് FIFA, IAAF, FIBA, FINA തുടങ്ങിയ അന്താരാഷ്ട്ര കായിക ഏജൻസികളുടെ മാനദണ്ഡ പ്രകാരമുള്ള കളിസ്ഥലങ്ങളായാണ് നിർമ്മിക്കുന്നത്.

**മാനേജർമാരുടെയും കോച്ചുമാരുടെയും തെരഞ്ഞെടുപ്പ്**

241 (607) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സിവിൽ സർവ്വീസ് കായികമേളയിൽ പങ്കെടുക്കുന്ന വിവിധ ടീമുകളുടെ മാനേജർമാരെയും കോച്ചുമാരെയും തിരഞ്ഞെടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള ടീമിന്റെ മാനേജർമാരായും കോച്ചുകളായും പ്രവർത്തിക്കുന്നവർക്ക് നിശ്ചിത യോഗ്യതയില്ലാത്തകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) അതത് കായിക ഇനത്തിൽ ടീമിന്റെ അംഗബലം, ദേശീയ തലത്തിൽ പ്രതീക്ഷിക്കുന്ന പ്രകടന മികവ്, മത്സരങ്ങൾ നടക്കുന്ന വേദി, ലഭ്യമായ താമസ/യാത്രാ സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വത്തിന്റെ തോത് നിർണ്ണയിച്ച്, നാമനിർദ്ദേശം ചെയ്യപ്പെടുന്ന സന്നദ്ധരായ ഉദ്യോഗസ്ഥരിൽ നിന്നും മുൻകാല കായിക നേട്ടങ്ങൾ, സംഘാടക മികവ്, പരിചയ സമ്പത്ത്, കൃത്യനിർവ്വഹണത്തിലെ പ്രാവീണ്യം, സർവ്വീസ് ദൈർഘ്യം എന്നിവ പരിഗണിച്ച് സർക്കാർ തെരഞ്ഞെടുക്കുന്ന അനുയോജ്യരായ വ്യക്തികളെയാണ് അതാത് കായികയിനത്തിന്റെ കോച്ച്/മാനേജർ ചുമതല നൽകി സർക്കാർ ഉത്തരവാകുന്നത്. യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ച് പുറപ്പെടുവിച്ച പ്രത്യേക ഉത്തരവുകൾ നിലവിലില്ല.

## ഓങ്ങല്ലൂർ പഞ്ചായത്തിന് അനുവദിച്ച കളിസ്ഥലം

242 (608) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സംസ്ഥാന ബജറ്റിൽ ഓങ്ങല്ലൂർ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള കളിസ്ഥലവുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കാമോ;

(ബി) ഈ മൈതാനത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഓങ്ങല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് നവീകരിക്കുന്നതിനായി 2019-2020 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് ഹെഡിൽ 1 കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും ടോക്കൺ പ്രൊവിഷനായി 100 രൂപയും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ബഹു. എം.എൽ.എ. യുടെ നിർദ്ദേശ പ്രകാരം

തയ്യാറാക്കിയ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് അടങ്കൽ പ്രതീക്ഷിക്കുന്ന മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തി ഒന്നാം ഘട്ടത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് അടങ്കൽ പ്രതീക്ഷിക്കുന്ന ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാഡമി

243 (609) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാഡമിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഇനിയും ഏതെല്ലാം ആരംഭിക്കാനുണ്ട്; ആരംഭിച്ചവയിൽ ഏതെല്ലാം പൂർത്തീകരിക്കാനുണ്ട്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബോൾ അക്കാഡമിയുടെ തുടർ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് കിറ്റ്കോ ഏറ്റെടുത്ത പ്രവൃത്തികൾക്ക് സ.ഉ.(സാധാ) നമ്പർ 68/2016/കാ.യു.വ തീയതി 1-3-2016 പ്രകാരം (പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.) 4,01,30,216 രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചത് 25-3-2017-ലെ 2520/2017/ധന (പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) ഉത്തരവ് പ്രകാരമാണ്. ഈ തുക കായികയുവജനകാര്യ ഡയറക്ടറുടെ 27-3-2017 -ലെ എ 1-837/2017 നടപടിക്രമം പ്രകാരം (പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.) നിർമ്മാണ പ്രവൃത്തികളുടെ ജനറൽ കൺവീനറായ മലപ്പുറം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- സ്പോർട്സ് കോംപ്ലക്സിനോട് അനുബന്ധിച്ചുള്ള ബോയ്സ്, ഗേൾസ് ഹോസ്റ്റൽ നവീകരണം 2 ബാസ്കറ്റ് ബോൾ കോർട്ടുകളുടെ നിർമ്മാണം എന്നിവയ്ക്കായി 76,29,864 രൂപയുടെ ഭരണാനുമതി നൽകുകയും സ.ഉ.(സധാ) നമ്പർ 280/2017/കാ.യു.വ തീയതി 23-12-2017 പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.(ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) ഫുട്ബോൾ സ്റ്റേഡിയത്തിന്റെ ടർഫ് നിർമ്മാണത്തിനായി കായികയുവജനകാര്യാലയത്തിൽ നിന്ന് 20 ലക്ഷം രൂപ കായികയുവജനകാര്യ ഡയറക്ടറുടെ നടപടിക്രമം നമ്പർ എ 1/1182/18/DSYA തീയതി 26-3-2018 പ്രകാരം അനുവദിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) കൂടാതെ മഞ്ചേരി സ്പോർട്സ് ഹോസ്റ്റലിന്റെ അധിക ഇലക്ട്രിക്കൽ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി കായികയുവജനകാര്യ ഡയറക്ടറുടെ 27-8-2019 -ലെ എ 2-1396/19/ DSYA നടപടിക്രമം പ്രകാരം (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) 97,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- സംസ്ഥാനത്തിന്റെ കായിക ആസ്തി വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൊയ്തീൻകുട്ടി മെമ്മോറിയൽ ഇൻഡോർ സ്പോർട്സ് കോംപ്ലക്സിന് സ. ഉ. (സാധാ) നമ്പർ 43/2017/ കാ.യു.വ. തീയതി 10-3-2017 പ്രകാരം 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) കൂടാതെ 3-12-2019 -ലെ സ.ഉ. (സാധാ) നമ്പർ 232/2019/കാ.യു.വ (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*) പ്രകാരം സ്പോർട്സ് കോംപ്ലക്സിന്റെയും ഫുട്ബോൾ അക്കാഡമിയുടെയും ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിന് 52,93,638 രൂപ അധിക തുകയായി അനുവദിച്ചിട്ടുണ്ട്.

(സി) മൊയ്തീൻകുട്ടി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- ഇൻഡോർ സ്റ്റേഡിയം
- 8 ലെയ്ൻ സിന്തറ്റിക് ട്രാക്ക്
- ഒളിമ്പിക് സ്വിമ്മിംഗ് പൂൾ, പ്രാക്ടീസ് -ഡ്രൈവിംഗ് പൂളുകൾ, ചെയ്ഞ്ച് റൂം
- ഹോക്കി കോർട്ട്
- നിലവിലുള്ള ഹോസ്റ്റലുകളുടെ വിപുലീകരണം
- നിലവിലുള്ള പവലിയന്റെ നവീകരണം.

**വാമനപുരം നിയോജകമണ്ഡലത്തിലെ കായിക പദ്ധതികൾ**

244 (610) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരമേറ്റശേഷം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**വാണിയംകുളം പഞ്ചായത്തിൽ സിന്തറ്റിക് ട്രാക്കും ഗ്രൗണ്ടും**

245 (611) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കായിക വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന അഞ്ച് കോടി രൂപ അടങ്കൽ തുകയുള്ള വാണിയംകുളം പഞ്ചായത്തിൽ സിന്തറ്റിക്ക് ട്രാക്കും ഗ്രൗണ്ടും എന്ന പ്രവൃത്തിയിന്മേൽ വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമാക്കി ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) 2018 -19 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വാണിയംകുളം പഞ്ചായത്ത് ഗ്രൗണ്ടിൽ സിന്തറ്റിക് ട്രാക്കിന്റെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രകാരം ടി പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**യുവജനക്ഷേമ പദ്ധതികൾ**

246 (612) <u>ശ്രീ. എം. സ്വരാജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ കീഴിൽ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരളോത്സവം, യൂത്ത് ക്ലബ്ബ് (യൂത്ത് കേരള എക്സ്പ്രസ്സ്, യുവാക്ലബ്ബുകൾ, കായിക വികസന പ്രവർത്തനങ്ങൾ - സെവൻസ് ഫുട്ബാൾ മത്സരം), കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, ജൻഡർ പദ്ധതികൾ (ആത്മരക്ഷ ആയോധനത്തിലൂടെ വനിതകൾക്ക് കളരിപ്പയറ്റ് പരിശീലനം, ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം), കലയും സംസ്കാരവും (നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ), അഡ്വഞ്ചർ അക്കാഡമി (നാഷണൽ അഡ്വഞ്ചർ അക്കാഡമി - ദേവികുളം - നിർമ്മാണ പ്രവർത്തനങ്ങൾ), മറ്റ് വികസന പരിപാടികൾ (യുവതാ മാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും, അമച്വർ നാടകോത്സവം, ONENESS- ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ പരിശീലനം) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും അദാലത്തുകളും സിറ്റിംഗുകളും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക മേഖലയിലെ യുവാക്കൾക്കിടയിലും കോളേജുകളിലും മദ്യം മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ ബോധവത്ക്കരണ പരിപാടികൾ, ദേശീയ/ജില്ലാ സെമിനാറുകൾ, സിമ്പോസിയം, ശില്പശാലകൾ, ജോബ് പോർട്ടൽ, യൂത്ത് ഐക്കൺ അവാർഡ്, ദേശീയ യുവജനദിനാഘോഷം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക മേഖലകളിൽ നിറവ് ആദിവാസി കലാമേള എന്നീ പദ്ധതികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന നടപ്പിലാക്കിവരുന്നു.

## ലോഡ് ഷെഡ്ഡിംഗ്

247 (613) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ഈ വർഷം ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഈ വർഷം ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ ആഭ്യന്തര ഉത്പാദനത്തിന്റെയും നിലവിലുള്ള കരാറുകൾ പ്രകാരം ലഭിക്കാവുന്ന വൈദ്യുതിയുടെയും അടിസ്ഥാനത്തിൽ 2020 -ലെ വേനൽക്കാലത്ത് പ്രതീക്ഷിക്കാവുന്ന വൈദ്യുതി കമ്മി പരമാവധി 500 മെഗാവാട്ടായിരിക്കുമെന്ന് കെ.എസ്.ഇ.ബി. മുൻകൂട്ടി വിലയിരുത്തിയിരുന്നു. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി ഹ്രസ്വകാല കരാറുകളിലൂടെ പരമാവധി നികത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വേനൽക്കാലത്ത് അധിക വൈദ്യുതി ഉപഭോഗം നിറവേറ്റാൻ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽ നിന്നും DSM (ഡിമാന്റ് സൈഡ് മാനേജ്മെന്റ്) വഴിയും വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ട്.

## കെ.എസ്.ഇ.ബി. യുടെ കടബാദ്ധ്യത

248 (614) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് -ന്റെ കടബാധ്യത എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി കുടിശ്ശിക ഇനത്തിൽ ലഭിക്കുവാൻ ഉണ്ടെന്നും, അതിൽ ഏറ്റവും കൂടുതൽ തുകയുടെ വീഴ്ചവരുത്തിയവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) കോടിക്കണക്കിന് രൂപ വൈദ്യുതി ചാർജ് ഇനത്തിൽ നൽകാനുള്ള ഇത്തരം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കുടിശ്ശിക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി. യുടെ കടബാധ്യത വൈദ്യുതി നിരക്ക് വർദ്ധനവിന്റെ പേരിൽ സാധാരണക്കാരിലേക്ക് അടിച്ചേൽപ്പിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 31-3-2019 വരെയുള്ള ആഡിറ്റ് പൂർത്തിയായ കണക്കുകൾപ്രകാരം വൈദ്യുതി ബോർഡിന്റെ കടബാധ്യത 7889 കോടി രൂപയാണ്.

(ബി) കേരള വൈദ്യുതി ബോർഡിനു 31-12-2019 വരെ കുടിശ്ശികയിനത്തിൽ 1548.5 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ കേരള വാട്ടർ അതോറിറ്റിയാണ് ഏറ്റവും കൂടുതൽ കുടിശ്ശിക (273.63 കോടി രൂപ) വരുത്തിയിട്ടുള്ളത്. കുടിശ്ശികയെപ്പറ്റിയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | കോടി രൂപ |
|---|---|
| • സംസ്ഥാന സർക്കാർ വകുപ്പുകൾ | - 93.80 |
| • സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | - 407.57 |
| • തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | - 4.77 |
| • കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | - 6.40 |
| • കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | - 59.77 |
| • സ്വകാര്യ സ്ഥാപനങ്ങൾ | - 963.30 |
| • ലൈസൻസി | - 12.88 |

(സി) സപ്ലൈ കോഡ് 2014 -ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിനുശേഷം 2016 -ൽ ഒരു പ്രാവശ്യം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയതിനു പുറമേ 2018 -ലും 2019 -ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉത്തരവും ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സർക്കാർ തലത്തിൽ കൂടിയാലോചനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 30-9-2018 വരെയുള്ള വൈദ്യുതി കുടിശ്ശിക തുക 1326.69 കോടി രൂപ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി 2019 - 20 സാമ്പത്തിക വർഷം മുതൽ നാലുതവണകളായി കെ.എസ്.ഇ.ബി.എൽ. -ന് നൽകുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക ഈടാക്കി വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജിനത്തിൽ 140.62 കോടി രൂപ വൈദ്യുതി ബോർഡിനു ലഭിച്ചിട്ടുണ്ട്. 30-6-2018 വരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആശുപത്രികളുടെ വൈദ്യുതി കുടിശ്ശികയിനത്തിൽ എൽ.എസ്.ജി.ഡി മുഖാന്തിരം 5.65 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ഡ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുന്നതിന് കുടിശ്ശിക കാരണമാകുന്നില്ല. മറിച്ച് വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തവ് പ്രകാരം ഓരോ വർഷവും ചെലവിന് ആനുപാതികമായി വരവിനുണ്ടാകുന്ന കുറവിന്റെ ഒരു ഭാഗം മാത്രമാണ് നിരക്ക് വർദ്ധനവിലൂടെ പിരിച്ചെടുക്കുന്നത്.

കുടിശ്ശിക പിരിച്ചെടുക്കുന്നതും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായമാണ് (accrual Accounting System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചു വരുന്നത്. വൈദ്യുതി നിയമം 2003, നാഷണൽ താരിഫ് പോളിസി -2016, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ -2018 എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്.

സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് വ്യത്യാസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. ആയതിനാൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക ഒന്നുംതന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുകയില്ല.

വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ വൈദ്യുതി ഉത്പാദന ചെലവുകൾ (Generation & Power Purchase Cost), പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost), സാമ്പത്തിക, പലിശ ചെലവുകൾ (Interest & Finance Charges), മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ്.

**വൈദ്യുതി ചാർജ് കുടിശ്ശിക**

249 (615) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ നാളിതുവരെ എന്ത് തുകയാണ് കെ.എസ്.ഇ.ബി.-ക്ക് നൽകുവാനുള്ളത്;

(ബി) ഇത് പിരിച്ചെടുക്കുവാൻ കെ.എസ്.ഇ.ബി. എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 31-12-2019 -ലെ കണക്ക പ്രകാരം വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ 11/1141 എന്ന കൺസ്യൂമർ നമ്പരിലുള്ള കുടിശ്ശിക തുക പലിശ കൂടാതെ 35.57 കോടി രൂപയാണ്.

(ബി) ഇത് പിരിച്ചെടുക്കുവാൻ കെ.എസ്.ഇ.ബി.എൽ. Form B -യിൽ നാഷണൽ കമ്പനി ലോ ട്രൈബ്യൂണലിൽ (എൻ.സി.എൽ.ടി.) ക്ലെയിം ഫയൽ ചെയ്തിട്ടുണ്ട്.

## പുതിയകാവ് - ചക്കുവള്ളി റോഡിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ

250 (616) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ പുതിയകാവ്-ചക്കുവള്ളി റോഡിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വെറ്റമുക്ക്-താമരക്കുളം റോഡിന്റെ പുനർനിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള എസ്റ്റിമേറ്റ് തുക കിഫ്ബി ഇലക്ട്രിസിറ്റി ബോർഡിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കരുനാഗപ്പള്ളി നോർത്ത് സെക്ഷനിലെ അഞ്ച് എ-പോൾ ഉൾപ്പെടെ 32 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് 5,32,935 രൂപയുടെ എസ്റ്റിമേറ്റും ശൂരനാട് സെക്ഷനിലെ 52 കോൺക്രീറ്റ് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള 6,82,153 രൂപയുടെ എസ്റ്റിമേറ്റും പി.ഡബ്ല്യൂ.ഡി. ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. മണപ്പള്ളി സെക്ഷനിൽ മൂന്നര കിലോമീറ്ററിലധികം വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇരുമ്പ് തൂണുകളും കോൺക്രീറ്റ് തൂണുകളും ഉൾപ്പെടെ 45-ലധികം പോസ്റ്റുകളുടെയും ലൈനുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ട്. കൂടാതെ മണപ്പള്ളി സെക്ഷനു കീഴിൽ ടി റോഡിൽ പാലം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് 56,186 രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യൂ.ഡി. വിഭാഗത്തിന് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

എന്നാൽ വെറ്റമുക്ക് - താമരക്കുളം റോഡിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട്, കരുനാഗപ്പള്ളി ഇലക്ട്രിക്കൽ ഡിവിഷനുകീഴിൽ 7 ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലായി 14 എസ്റ്റിമേറ്റുകളിലായി, 52,34,755 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 3-10-2019-ന് പി.ഡബ്ല്യൂ.ഡി. ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ചാരുംമൂട് ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 6-9-2019-ന് 87344 രൂപയുടെയും വള്ളിക്കുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 26-9-2019-ന് 3009723 രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്.

(സി) തുക അടയ്ക്കുന്ന മുറയ്ക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതാണ്.

## ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം

251 (617) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കാൻ അതത് വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ;

(ബി) നിലവിൽ പൊതുമരാമത്ത് റോഡിലോ ഗ്രാമീണ റോഡിലോ ഉള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ;

(സി) വ്യക്തികളോ സ്ഥാപനങ്ങളോ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ അപേക്ഷിച്ചാൽ സാധാരണ പോസ്റ്റ് മാറ്റുന്നതിനും എ പോൾ പോസ്റ്റ് മാറ്റുന്നതിനുമുള്ള നിരക്കുകൾ അറിയിക്കാമോ;

(ഡി) റോഡിലെ ലൈൻ മാറ്റി സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിനുള്ള നിരക്കിനെ കൂടാതെ ചുമത്തുന്ന നിരക്കുകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകുകയും ആവശ്യമായ സംഖ്യ അടയ്ക്കുകയും ചെയ്താൽ പണി പൂർത്തീകരിക്കുന്നതിന് സമയപരിധിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164 പ്രകാരവും ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് 1885 -ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും വിതരണ ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ.-ന് ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കാൻ മറ്റ് വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമില്ല. പുതുതായി ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ സ്ഥല പരിശോധന നടത്തി

സാങ്കേതികമായി അനുയോജ്യമായ സ്ഥലങ്ങളിൽ, യാത്രക്കാർക്കോ പരിസരവാസികൾക്കോ അസൗകര്യം ഇല്ലാത്തവിധത്തിൽ നിലവിലുള്ള റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്ന മാത്രമാണ് സ്ഥാപിച്ചു വരുന്നത്.

(ബി) നിലവിൽ പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി, മറ്റ് തടസ്സങ്ങളില്ലെങ്കിൽ, (ഏതെങ്കിലും അനുമതി കൂടി ആവശ്യമുണ്ടെങ്കിൽ ആയത് ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച്) പ്രസ്തുത ജോലിക്കുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത വകുപ്പിന് ഡിമാന്റ് നോട്ടീസ് നൽകുന്നതും ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്.

(സി) ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുവാൻ അപേക്ഷിച്ചാൽ വേണ്ടി വരുന്ന പ്രവൃത്തിയുടെ നിരക്കുകൾ വിവിധ കാര്യങ്ങളെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. പ്രധാനമായും ആവശ്യമായി വരുന്ന പോസ്റ്റിന്റെ (PSC/A pole) ഉയരത്തിനനുസരിച്ചും, അധിക സാധനസാമഗ്രികളുടെയും, പ്രവൃത്തികളുടെ പണിക്കൂലിയുടെയും അടിസ്ഥാനത്തിലും ഭൂപ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ചുമാണ് നിരക്കുകൾ നിശ്ചയിക്കുന്നത്.

(ഡി) പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ ഇലക്ട്രിക് പോസ്റ്റിന്റെ നിരക്ക് കൂടാതെ മാറ്റി സ്ഥാപിക്കേണ്ടുന്ന മറ്റു സാധനസാമഗ്രികളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കും അവയുടെ 16% സെന്റേജ് ചാർജ്ജും മാറ്റി സ്ഥാപിക്കുവാൻ അംഗീകരിച്ചിട്ടുള്ള പണിക്കൂലിയും Transportation ചാർജ്ജും ആയതിന്റെ 10% മേൽനോട്ടക്കൂലിയും കൂടാതെ സാധനസാമഗ്രികളുടെ വിലയും പണിക്കൂലിയും ചേർന്ന തുകയുടെ 18% GST -യും 1% flood cess -ഉം ഈടാക്കുന്നതാണ്. ഇതുകൂടാതെ നിയമപരമായ മറ്റു അധികാരികൾ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, BSNL, വാട്ടർ അതോറിറ്റി തുടങ്ങിയവ) ആവശ്യപ്പെടുന്ന തുകകൾ അടയ്ക്കേണ്ടുന്നതുമാണ്.

(ഇ) റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ അപേക്ഷ നൽകി ആവശ്യമായ തുക അടച്ചതിനുശേഷം ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി താമസംവിനാ പൂർത്തീകരിക്കുന്നതുമാണ്.

എന്നാൽ ഉപഭോക്താവിന്റെ പ്രിമൈസസിലുള്ള സർവ്വീസ് ലൈനുകൾ മാറ്റി സ്ഥാപിക്കൽ, കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014 -ലെ റെഗുലേഷൻ 94 പ്രകാരം, ആവശ്യമായ തുക കെ.എസ്.ഇ.ബി.എൽ.-ൽ ഒടുക്കിയ ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ എൽ.ടി. ലൈനുകളും പോസ്റ്റുകളും 45 ദിവസത്തിനുള്ളിൽ എച്ച്.ടി. ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതാണ്.

**വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതി**

252 (618) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കുളനട, മെഴുവേലി പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കുളനട പഞ്ചായത്തിൽ നിന്നും വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഴുവേലി പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഴുവേലി പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വിതരണ വിഭാഗത്തിന് കീഴിൽ 2019-2020-ലെ ദ്യുതി പദ്ധതിയിൽ താഴെപ്പറയുന്ന പ്രദേശങ്ങളിലെ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| സ്ഥലം | ലൈനിന്റെ നീളം |
|---|---|
| കാരിത്തോട്ട തൊണ്ട്യാമോടി കോളനി | 0.4 കി.മീ. |
| എമിങ്ങാൻ കുന്ന് അമ്പലത്തിനു സമീപം | 0.9 കി. മീ. |
| കാരിത്തോട്ട ഗുരുമന്ദിരത്തിന് സമീപം | 0.5 കി.മീ. |
| തവിട്ടപ്പൊയ്ക | 1.5 കി.മീ. |
| വടക്കേക്കര | 0.65 കി.മീ. |
| പറയൻകര | 0.5 കി.മീ. |

കുളനട പഞ്ചായത്തിൽ വിതരണ വിഭാഗത്തിന് കീഴിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ദ്യുതി പദ്ധതി പ്രകാരം സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റി വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

| സ്ഥലം | ലൈനിന്റെ നീളം |
|---|---|
| മാന്തുക | 1.5 കി.മീ. |
| പനയങ്ങാട് | 0.6 കി.മീ. |
| നെട്ടൂർ | 0.52 കി.മീ. |
| ഉളനാട് | 2.9 കി.മീ. |
| തുമ്പമൺ താഴം | 3.6 കി.മീ. |
| അമ്പലക്കടവ് | 2.8 കി.മീ |
| ഉള്ളന്നൂർ വെറ്റിനറി ഭാഗം | 2 കി.മീ. |

**ഇ-സേഫ് കേരള പദ്ധതി**

253 (619) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സേഫ് കേരള പദ്ധതി വഴി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്;

(സി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കൾ ആരെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2021 -ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്കു ലഭ്യമാക്കുന്നതിനായി, കേരളത്തിലെ വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരളാ മിഷന്റെ ഭാഗമായി വൈദ്യുത അപകടങ്ങൾ കുറച്ചുകൊണ്ടു വരുന്നതിലേയ്ക്കായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് ഇ -സേഫ്. വൈദ്യുതി സുരക്ഷാ ബോധവത്ക്കരണവും ഉത്പാദന -പ്രസരണ-വിതരണ ലൈനുകളിലും ഗാർഹിക മേഖലയിലും ഉണ്ടാകുന്ന അപകടം കുറയ്ക്കാനുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആയതിലേയ്ക്ക് ലൈൻ നവീകരണം, ഉപകരണങ്ങളുടെ ക്വാളിറ്റി ചെക്ക്, സേഫ്റ്റി ഓഡിറ്റ്, ഡിജിറ്റൽ

സുരക്ഷ, സേഫ് കരിയർ, സേഫ്റ്റി ട്രെയിനിംഗ്, സേഫ്റ്റി മോണിറ്ററിംഗ് തുടങ്ങിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അതിലൂടെ യൂട്ടിലിറ്റികളുടെയും ഉപഭോക്താക്കളുടെയും പ്രതിഷ്ഠാപനങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനുള്ള പ്രവൃത്തികളാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി ഗാർഹിക മേഖലയിലെ വൈദ്യുതി അപകടങ്ങൾ കുറയ്ക്കാൻ വേണ്ടി സമൂഹത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുടുംബങ്ങളിൽ ഇ.എൽ.സി.ബി. (എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ) സ്ഥാപിക്കുന്നതും വിഭാവനം ചെയ്തിട്ടുണ്ട്. അപ്രകാരം പാലക്കാട്, അഗളി, പൂതൂർ, ഷോളയൂർ എന്നീ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീടുകളിൽ കാലപ്പഴക്കം ചെന്ന വയറിംഗുകൾ മാറ്റി ഇ.എൽ.സി.ബി. സ്ഥാപിച്ച് സ്റ്റാൻഡേർഡൈസ് ചെയ്യുന്ന പദ്ധതി വകുപ്പ് പൂർത്തിയാക്കിവരുന്നു. കൂടാതെ ആശാവർക്കർ, കുടുംബശ്രീ എന്നിവരെ ഉൾപ്പെടുത്തി വൈദ്യുത സുരക്ഷാ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവർ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) പൊതുജനങ്ങളും വൈദ്യുത മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുമാണ് ഇതിന്റെ ഗുണഭോക്താക്കൾ.

## പുതിയ ജലവൈദ്യുത പദ്ധതികൾ

254 (620) <u>ശ്രീ.. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിയ്ക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദ വിവരം നൽകുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ടി പദ്ധതികൾക്ക് അനുമതി നൽകുകയെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്ന് ആരംഭിയ്ക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ - സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ പുതിയതായി പന്ത്രണ്ട് ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. വിശദാംശം

അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പദ്ധതി രൂപരേഖ (Detailed Project Report) തയ്യാറാക്കുന്നതിനുവേണ്ടി ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

ആകെ 47.4MW സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകരിലൂടെ " ബൂട്ട്" (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിക്കുകയും, പദ്ധതി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 20 പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- ആറ്റ് ലെ - 1 (6MW) - പാലക്കാട്
- ആറ്റ് ലെ - 2 (6MW) - പാലക്കാട്
- ബാലൻതോട് (0.25 MW) - ഇടുക്കി
- ചെറുപുഴ (0.6MW) - മലപ്പുറം
- ഇടത്തനാൽകുത്ത് (0.5MW) - ഇടുക്കി
- ഫർലോങ്കര (0.35MW) - കണ്ണൂർ
- കക്കാടംപൊയിൽ സ്റ്റേജ് 2 (11 MW) - കോഴിക്കോട്
- കങ്ങപുഴ (0.75MW) - ഇടുക്കി
- കാഞ്ഞിരപ്പുഴ (1MW) - പാലക്കാട്
- കിള്ളിക്കല്ല് (3MW) - കോഴിക്കോട്
- കുളിരാമുട്ടി (3MW) - കോഴിക്കോട്
- മന്തൻപൊട്ടി (3MW) - പാലക്കാട്
- മുള്ളരിങ്ങാട് (0.15MW) - ഇടുക്കി /എറണാകുളം
- ഓനിപ്പുഴ (1.5MW) - കോഴിക്കോട്
- പഴക്കക്കാനം (2MW) - കോട്ടയം/ഇടുക്കി
- പെരുവ (2MW) - കണ്ണൂർ
- പൊട്ടൻതോട് (0.8MW) - കണ്ണൂർ
- തിപ്പിലിക്കയം (1.5MW) - പാലക്കാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- ഉരുട്ടിപ്പുഴ (1MW) - കണ്ണൂർ
- വാലൻതോട് സ്റ്റേജ് II (3 MW) - മലപ്പുറം

## ജലേതര സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതോത്പാദനം

255 (621) ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലേതര സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പുതിയതായി ഈ മേഖലയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നുള്ളതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ഈ രംഗത്ത് സ്വകാര്യ/സഹകരണ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ-സി) 'സൗര' പദ്ധതി പ്രകാരം 2021 ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽ നിന്നും 500 മെഗാവാട്ടും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ, സൗരോർജ്ജ പാർക്ക്, വൈദ്യുതി വാങ്ങൽ കരാർ ഉൾപ്പെടെ മറ്റു മാർഗ്ഗങ്ങളിലൂടെ 500 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ ഭാഗഭാക്കാകാൻ താത്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കളിൽ നിന്ന് തെരഞ്ഞെടുക്കുന്ന 42,000-ത്പ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്തു സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 MW ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തുടർന്ന് മറ്റൊരു 300 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നു. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്ന് 200 മെഗാവാട്ട് കരാർ ചെയ്യുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ.ബി. മുമ്പോട്ടു പോകുന്നു.

എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. എൻ.ടി.പി.സി.

കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 MW വൈദ്യുതി വാങ്ങുവാനും SECI യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി. കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള റീടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

അനെർട്ട് മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

- 'ബൈ മൈ സൺ' വെബ് പോർട്ടൽ: ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നു കൊണ്ടുതന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ് ആയ ബൈ മൈ സൺ (www.buymysun.com) എന്ന ഇ. കോമേഴ്സ് വെബ് പോർട്ടൽ അനെർട്ട് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.
- കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ: സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ 1 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.
- പൊതു സ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു: സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരുന്നു.

- ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ - ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

- ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫിസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

- പ്രധാൻ മന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭ്യാൻ (PM -Kusum) പദ്ധതി: ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ -ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതവുമാണ്.

- കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടു വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കാനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി

ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ - വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE) യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

വാഹനങ്ങൾ ഇലക്ട്രിക് വാഹനങ്ങളായി മാറ്റുന്നതിനും വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുമായി സോളാർ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ഊർജ്ജ കേരള മിഷൻ**

256 (622) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഊർജ്ജ കേരള മിഷൻ എന്ന ഫ്ലാഗ്ഷിപ്പ് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വൈദ്യുതി വിതരണരംഗം ലോകനിലവാരത്തിൽ ഉയർത്തുന്നതിന് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(സി) കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കുന്നതിന് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ നടപടികളിലൂടെ വൈദ്യുതി ബോർഡിന്റെ പ്രസരണ - വിതരണ നഷ്ടം, അഗ്രഗേറ്റ് ടെക്നിക്കൽ ആന്റ് കൊമേഴ്സ്യൽ ലോസ് എന്നിവ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ രംഗത്തിന് പുത്തനുണർവ് പകരാൻ അഞ്ച് വ്യത്യസ്ത പദ്ധതികൾ കോർത്തിണക്കി രൂപം നൽകിയ പദ്ധതിയാണ് ഊർജ്ജ കേരള മിഷൻ. വിതരണശൃംഖലയുടെ മെച്ചപ്പെടുത്തലിനും

വികസനത്തിനുമുള്ള 'ദ്യുതി 2021', പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും, പ്രസരണശേഷി വർദ്ധിപ്പിക്കുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുമായി നടപ്പാക്കുന്ന ' ട്രാൻസ് ഗ്രിഡ് 2.0', സൗരോർജ്ജം ഉപയോഗപ്പെടുത്തി 1000 മെഗാവാട്ട് വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി 'സൗര', ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകളും ട്യൂബുകളും വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം', വൈദ്യുതി അപകടരഹിത കേരളം ലക്ഷ്യമിടുന്ന ' ഇ - സേഫ് ' എന്നിവയാണ് ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ.

1. ദ്യുതി 2021

രണ്ടായിരത്തി ഇരുപത്തിയൊന്നോടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പിലാക്കുന്ന ദ്യുതി 2021 പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

സമ്പൂർണ്ണ വൈദ്യുതീകരണം തുടർന്നും ഉറപ്പാക്കുന്നതിനോടൊപ്പം ഗുണനിലവാരമുള്ള വൈദ്യുതി, ഇടതടവില്ലാതെ, എല്ലാവർക്കും ലഭ്യമാക്കുക.

വൈദ്യുതി സേവനം നൽകുന്നതിനുള്ള നഗര - ഗ്രാമ വിവേചനം ഒഴിവാക്കുക.

വൈദ്യുതി വിതരണത്തിലെ സാങ്കേതിക വാണിജ്യ നഷ്ടങ്ങൾ പരമാവധി കുറയ്ക്കുക.

ഏറ്റവും മെച്ചപ്പെട്ട സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തുക.

പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ വൈദ്യുതി ശൃംഖലയുമായി സുഗമമായി ബന്ധിപ്പിക്കുക.

2. ട്രാൻസ്ഗ്രിഡ് 2.0

സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്തുന്നതിനായി പ്രസരണ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് ട്രാൻസ്ഗ്രിഡ് 2.0 പ്രോജക്ട്. ആഭ്യന്തര ഉത്പാദനം വഴിയും പുറമേനിന്നുള്ള ഇറക്കുമതിയിലൂടെയും ലഭ്യമാകുന്ന വൈദ്യുതി പ്രസരണനഷ്ടം കുറച്ച്, കാര്യക്ഷമവും തടസ്സരഹിതവുമായി ആവശ്യമായ വോൾട്ടേജ് നിലവാരത്തിൽത്തന്നെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ എത്തിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള പ്രസരണ ശൃംഖലാ വികസന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഈ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി നടപ്പാക്കുന്ന 6375 കോടി രൂപയുടെ

പ്രവൃത്തികൾക്കാവശ്യമായ സാമ്പത്തിക സഹായം കേരള സർക്കാരിന്റെ അടിസ്ഥാന സൗകര്യ വികസന നിധിയായ കിഫ്ബിയിൽ നിന്നുമാണ് ലഭ്യമാകുന്നത്. 400 കെ.വി. ലൈനുകൾ, 220 കെ.വി. ലൈനുകൾ, 110 കെ.വി. ലൈനുകൾ തുടങ്ങിയവയുടെ നിർമ്മാണം, 400 കെ.വി.യുടെയും 220 കെ.വി.യുടെയും സബ്സ്റ്റേഷനുകളുടെ നിർമ്മാണം തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. സൗര

നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും പരമാവധി വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതിന് ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്ത പദ്ധതിയാണ് സൗര. 2022 ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40% എങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽനിന്നും ആകണം എന്നതാണ് KSEB ലക്ഷ്യമിടുന്നത്. 2021 ഓടുകൂടി 1000 മെഗാവാട്ട് അധികമായി ചേർക്കുന്ന സൗര പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട്, 200 മെഗാവാട്ട് റിവേഴ്സ് ഇ ബിഡിങ്ങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും, 150 മെഗാവാട്ട് സോളാർ പാർക്കുകളും, 150 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും എന്നിങ്ങനെയാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

4. ഫിലമെന്റ് രഹിത കേരളം

സംസ്ഥാനത്തുടനീളം നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫിലമെന്റ് ലാമ്പുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ലാമ്പുകൾ സ്ഥാപിക്കുക എന്ന ബൃഹത്തായ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. കെ.എസ്.ഇ.ബി.എൽ-. ഉം എനർജി മാനേജ്മെന്റ് സെന്ററും (EMC )ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയാണിത്.

5. ഇ - സേഫ് കേരളം

കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ – സേഫ്" .

(ബി) വൈദ്യുത സേവനങ്ങളെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

1. എൽ.ടി., എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ് പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ചു.

2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.

3. ഉപഭോക്താക്കൾക്ക് ഏതു സെക്ഷൻ ആഫീസിലും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

5. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി. ബാങ്ക്, സി.എസ്.ബി. എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

6. ബി.ബി.പി.എസ്. സംവിധാനത്തിലൂടെ എല്ലാ പേമെന്റ് വെബ്സൈറ്റിലൂടെയും ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.

7. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾഫ്രീ സംവിധാനം.

8. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത് പദ്ധതി'.

9. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

10. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്നും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

11. മൊബൈൽ നമ്പർ ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി' എന്ന മൊബൈൽ ആപ്ലിക്കേഷൻ.

12. മീറ്റർ റീഡിംഗ് എടുക്കുന്നതിനുവേണ്ടി സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

13. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി.

പദ്ധതിയുടെ പാർട്ട് - എ -യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. സംവിധാനങ്ങളിലൂടെ ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

14. മാനവശേഷി വിഭാഗം മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായി.

15. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണമേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനുമുള്ള സ്കാഡ പദ്ധതി നടപ്പിലാക്കിവരുന്നു.

16. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ – ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു.

17. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി (കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

18. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന മൊബൈൽ വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

19. അപ്ലാ സി.എസ്.സി .എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവനകേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരു നെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

21. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും

വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

22. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

23. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് &ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

24. ഉപഭോക്താക്കളുടെ സംശയ നിവാരണത്തിനും കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിനുമായി സോഷ്യൽ മീഡിയ ഡെസ്ക് സംവിധാനം ആരംഭിച്ചു.

25. എച്ച്.ടി. വിഭാഗം ഉപഭോക്താക്കൾക്ക് അതിവേഗം വൈദ്യുതി കണക്ഷൻ അടക്കമുള്ള സേവനങ്ങൾ നൽകുന്നതിനായി ഗ്രീൻ ചാനൽ സംവിധാനം നടപ്പിലാക്കി.

26. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായുള്ള വ്യവസായ പരിശീലനത്തിന് ഓൺലൈനായിത്തന്നെ ഏതു സ്ഥലത്തുനിന്നും അപേക്ഷിക്കുവാനുള്ള സംവിധാനം.

<u>പുതുതായി തുടക്കം കുറിച്ച ആധുനിക സംവിധാനങ്ങൾ/പദ്ധതികൾ</u>

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് പുതിയതായി തുടക്കം കുറിക്കുന്ന പദ്ധതികൾ ഇവയാണ്.

1. വിതരണ ശൃംഖലയുടെ വൈദ്യുതി നഷ്ടം കണ്ടുപിടിക്കുവാനും കുറയ്ക്കുവാനും ലക്ഷ്യമിട്ടിട്ടുള്ള ആർ.എ.പി.ഡി.ആർ.പി., ഫേസ് -2 ഐ.ടി. പദ്ധതി (ഐ.പി.ഡി.എസ്.).

2. തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

3. വിതരണമേഖലയുടെ നവീകരണത്തിനായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് പദ്ധതി.

4. തെരഞ്ഞെടുക്കപ്പെട്ട പട്ടണങ്ങളിലുള്ള സബ്സ്റ്റേഷനുകളിലെ 11 കെ.വി. ലൈനുകളുടെ പ്രവർത്തനം കേന്ദ്രീകൃതമായി മോണിറ്റർ ചെയ്യാനുള്ള ആർ.റ്റി.-ഡാസ് (RT-DAS)പദ്ധതി.

(സി & ഡി) കേരളത്തിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കുന്നതിന് പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. ഈ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടുകൂടി കേരളത്തിലങ്ങോളമിങ്ങോളം 220 കെ.വി.യുടെ ഒരു പവർ ഹൈവേ നിലവിൽ വരുന്നതിനാൽ ഇറക്കുമതി ചെയ്യുന്നതും ഉത്പാദിപ്പിക്കുന്നതുമായ വൈദ്യുതി ഓരോ പ്രദേശത്തിന്റെയും ആവശ്യാനുസരണം അനുബന്ധ ശൃംഖലകളിലൂടെ വിതരണം ചെയ്യുവാൻ സാധിക്കുന്നതാണ്. ഈ പദ്ധതിയുടെ ഭാഗമായി മൂന്ന് 400 കെ.വി. സബ്സ്റ്റേഷനുകളും, ഇരുപത്തിരണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും, 4390 കി.മീ. 400/220/110 കെ.വി. ലൈനുകളുടെയും നിർമ്മാണമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കേരളത്തിന്റെ വൈദ്യുതി പ്രസരണശൃംഖല ശക്തിപ്പെടുത്തുന്നതിനും കൂടംകുളം ആണവനിലയത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട വൈദ്യുതി സുഗമമായി എത്തിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന തിരുനെൽവേലി -ഇടമൺ- കൊച്ചി-മാടക്കത്തറ 400 കെ.വി. ലൈനിന്റെ ഇടമൺ മുതൽ കൊച്ചി വരെയുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വർഷങ്ങളായി തടസ്സപ്പെട്ടിരിക്കുകയായിരുന്നു. സംസ്ഥാന സർക്കാരിന്റെ സജീവമായ ഇടപെടലുകളുടെ ഭാഗമായി തർക്കപരിഹാരത്തിനായി പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും മുടങ്ങിക്കിടന്ന നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും ചെയ്തു. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും ചേർന്ന് 256 കോടി രൂപയുടെ അധിക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിച്ചതിനെത്തുടർന്ന് ത്വരിതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 25-9-2019 -ൽ ലൈൻ ചാർജ്ജ് ചെയ്തു.

ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി വിതരണനഷ്ടം ചരിത്രത്തിൽ ആദ്യമായി 10 ശതമാനത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചത് ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ കെ.എസ്.ഇ.ബി. വിജയകരമായി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി.യുടെ ആകെ പ്രസരണ – വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക – വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് - AT&C loss) ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാനായി.

## വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ നടപടി

257 (623) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യത്തിന് പരിഹാരം കാണുന്നതിനായി നിലവിൽ എന്തെല്ലാം പ്രൊജക്ടുകളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇടുക്കിയിൽ മൂലമറ്റം ഭൂഗർഭ വൈദ്യുതി നിലയത്തിനു സമാനമായ രീതിയിൽ പവർ ഹൗസ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയെ സംബന്ധിച്ച് സാധ്യതാപഠനം നടത്തിയിരുന്നോ; വിശദാംശങ്ങൾ നല്കുമോ;

(സി) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗിച്ചു വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ സ്വീകരിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ ഇതിനോടകം പുനരാരംഭിക്കുകയും, വിവിധ പദ്ധതികൾ പുതുതായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പരിഗണനയിലുള്ള മറ്റ് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് പുറമെ ദീർഘകാല കരാറുകൾ വഴി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമാക്കിവരുന്നു. അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018 -ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു.

ഈ ചുരുങ്ങിയ കാലയളവിൽ 198.29 MW-ന്റെ പദ്ധതികളാണ് കേരളത്തിൽ പൂർത്തിയാക്കിയത്. ഇതിൽ 12.6 മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ KSEB നേരിട്ടും (വെള്ളത്തൂവൽ - 3.6MW, പെരുംതേനരുവി -6MW, കക്കയം -3MW), 12.55MW ശേഷിയുള്ള ജലവൈദ്യുത

പദ്ധതികൾ സ്വകാര്യ സംരംഭകർ മുഖാന്തിരവും (പതങ്കയം - 8MW, കാരിക്കയം -4.5 MW, ദേവിയാർ - 0.05 MW). കൂടാതെ സൗരോർജ്ജ പദ്ധതികളിൽ നിന്നും 146.14 മെഗാവാട്ടും കാറ്റിൽനിന്നും 27 MW -ഉം ഉൾപ്പെടുന്നു.

കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യത്തിന് പരിഹാരം കാണുന്നതിനായി കെ.എസ്.ഇ.ബി.എല്ലിന്റെ കീഴിൽ 193 MW സ്ഥാപിതശേഷിയുള്ള 10 MW ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ പുതുതായി 12 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി 119 MW അധിക സ്ഥാപിതശേഷി കൂടി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതിനുപുറമേ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി, 780 MW സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

എൻ.എച്ച്.പി.സി. വെസ്റ്റ് കല്ലടയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ കരാർ നൽകിയിട്ടുണ്ട്. എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്നും 92 MW വൈദ്യുതി വാങ്ങുവാനും SECI യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 MW വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 MW ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് വൈദ്യുതി വാങ്ങുന്നതിനും KSEB കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 MW ശേഷി കൂട്ടിച്ചേർക്കുന്നു. എൻ.എച്ച്.പി.സി. പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടിയുള്ള റീടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

2016-2017 കാലഘട്ടത്തിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകി. കേരളത്തിന്റെ വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യത്തിന് പരിഹാരം കാണുന്നതിനായി നിലവിൽ അനെർട്ട് മുഖേന താഴെപ്പറയുന്ന പ്രോജക്ടുകളാണ് നടപ്പിലാക്കിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- <u>സൗര – ഊർജ കേരള മിഷൻ:</u> 'ഊർജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ - സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

- <u>കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ</u>: സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ 1 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

- <u>പൊതുസ്ഥാപനങ്ങളിൽ സൗരനിലയം:</u> സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരുന്നു.

- <u>ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി</u>: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ - ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

- <u>ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി</u>: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫിസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

- Pradhan Mantri Kisan Urja Suraksha evam Utthaan Mahabihyan (PM -Kusum) പദ്ധതി: ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ -ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതവുമാണ്.

- കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ട് ആണ്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കാനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ - വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE) യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

(ബി) നിലവിലെ ഇടുക്കി ജലാശയത്തിലെ വെള്ളം ഉപയോഗിച്ച് വെള്ളിയാമറ്റത്ത് 780 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഒരു പുതിയ ഭൂഗർഭ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിനായി ബോർഡ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. അതനുസരിച്ച് ഈ കമ്മിറ്റി പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ പദ്ധതിയായ ഇടുക്കി എക്സ്റ്റൻഷൻ സ്കീമിന്റെ DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള കൺസൽട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ഗ്ലോബൽ

ടെണ്ടർ ക്ഷണിക്കുന്നതിന് 26-4-2019-ൽ ചേർന്ന ബോർഡുയോഗം തീരുമാനിച്ചു. പദ്ധതിയുടെ സാധ്യതാപഠനം നടത്തുന്നതിനുവേണ്ടി ടെണ്ടർ ക്ഷണക്കുവാനുള്ള സർക്കാർ അനുമതി ലഭിച്ചു.

(സി) പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യത കേരളത്തിന്റെ ആകെ ആവശ്യകതയുടെ 40% ആയി 2022-ഓടെ വർദ്ധിപ്പിക്കുവാനും 2020-ഓടെ ആയത് 50% ആയി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 26 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ. -ൽ പൂർത്തികരിച്ചു. (16.38 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 63 മെഗാവാട്ടും, സിയാൽ, അനെർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 97.84 മെഗാവാട്ടും കെ.എസ്.ഇ.ബി.യുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 177 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.

ബാണാസുരസാഗർ റിസർവോയറിൽ 500 കിലോ വാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൻ യൂണിറ്റ്/ പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിച്ചു വരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

ഇതിനുപുറമേ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി കെ.എസ്.ഇ.ബി.ക്ക് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ എൻ.എച്ച്.പി.സി. സ്വീകരിച്ചു വരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം നിറവേറ്റുന്നതിനായും വൈദ്യുതി വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനും വേണ്ടി കേരളത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവിധ നൂതന സാങ്കേതികവിദ്യകൾ ഈ മേഖലയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. പകൽ സമയങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനോടൊപ്പം അധികമായി ഉത്പാദിപ്പിക്കുന്ന വൈദ്യുതി കാര്യക്ഷമതയുള്ള ബാറ്ററികളിൽ സംഭരിച്ചുകൊണ്ട് രാത്രികാലങ്ങളിൽ വൈദ്യുതി ആവശ്യം നിറവേറ്റുന്ന രീതിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി എനർജി മാനേജ്മെന്റ് സെന്ററിൽ ഹൈബ്രിഡ് ഇൻവെർട്ടർ ഉപയോഗിച്ചുകൊണ്ടുള്ള ഒരു പൈലറ്റ് പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്ത് വൈദ്യുതി ഉപയോഗിച്ചുള്ള വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ സ്വീകരിച്ചിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ അനെർട്ട് സർക്കാർ വാഹനങ്ങൾ, ഇലക്ട്രിക് വാഹനങ്ങളായി മാറ്റുന്നതിനും വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി സോളാർ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

258 (624) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ സൗര പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായോ; ഏതൊക്കെ കമ്പനികളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) 2020 മാർച്ച് മാസത്തിനുള്ളിൽ 200 മെഗാവാട്ട് പുരപ്പുറ സോളാർ പ്ലാന്റ് ലക്ഷ്യമിട്ടതുപോലെ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.യ്ക്ക് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് ആകെ 2,78,258 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിരിക്കുന്നത്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ സോളാർ കോ-ഓർഡിനേറ്റർമാർ പറഞ്ഞ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് നടത്തിയ പ്രാഥമിക സാദ്ധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42,489 പുരപ്പുറങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആദ്യഘട്ടമായി 50 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടികൾ പൂർത്തിയായി.

(ബി) ആദ്യഘട്ടമായി 50 മെഗാവാട്ടിന്റെ കരാറുകാരെ നിശ്ചയിക്കാനുള്ള നടപടികൾ പൂർത്തിയായി. രണ്ടാംഘട്ടമായ 60 മെഗാവാട്ടിന്റെ റീ-ടെണ്ടറിംഗ് ജോലികൾ നടന്നുവരുന്നു.

ടാറ്റാ പവർ സോളാർ സിസ്റ്റം ലിമിറ്റഡ്, മുംബൈ, ഇങ്കൽ ലിമിറ്റഡ്, കൊച്ചി, വാരി എഞ്ചിനീയറിംഗ് ലിമിറ്റഡ്, മുംബൈ എന്നീ കമ്പനികളാണ് യോഗ്യത നേടിയത്. ഇതിൽ ടാറ്റാ പവർ സോളാർ ലിമിറ്റഡ്, മുംബൈ, 2020 ജനുവരി മാസം 27-ാം തീയതി കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്.

(സി) 2020 ജൂൺ മാസത്തോടെ ആദ്യഘട്ടമായ പുരപ്പുറ സൗരോർജ്ജ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്.

**സൗജന്യ വൈദ്യുതി ലഭിക്കാനുള്ള നിബന്ധനകൾ**

259 (625) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ നിന്നും സൗജന്യവൈദ്യുതി ലഭിക്കാൻ 30 സെന്റ് ഭൂമി സ്വന്തം പേരിൽ വേണമെന്ന നിബന്ധന കർഷകർക്ക് തിരിച്ചടിയാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) 50 സെന്റ് ഭൂമിയുള്ള കർഷകൻ രണ്ടു മക്കൾക്ക് ഭൂമി വീതിച്ചുനൽകിയാൽ സൗജന്യവൈദ്യുതി ലഭിക്കുന്ന പട്ടികയിൽനിന്നും പുറത്താകുന്ന സ്ഥിതിവിശേഷത്തിനു പരിഹാരം കണ്ടെത്തുമോ; ഇപ്പോൾ സൗജന്യവൈദ്യുതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) സാങ്കേതികകാരണങ്ങളാൽ ആനുകൂല്യങ്ങൾ നിഷേധിക്കുന്ന രീതിക്ക് അറുതിവരുത്തുവാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സൗജന്യ കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് കൃഷി വകുപ്പാണ്. ആയതിനാൽ കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി.എൽ. നൽകിവരുന്നത്. നിലവിൽ കാർഷിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കൃഷി വകുപ്പ് നിശ്ചയിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1-8-1995 മുതൽ ഭൂപരിധിയില്ലാതെ നെൽകൃഷിക്കും, 1-4-1997 മുതൽ 2 ഹെക്ടർ വരെയുള്ള കരഭൂമിയിലെ ഇതര വിളകളുടെ കൃഷിക്കും സൗജന്യ വൈദ്യുതി പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു. 1 സെന്റ് മുതൽ 10 സെന്റ് വരെയുള്ള പോളിഹൗസുകൾക്കും ഈ ആനുകൂല്യമുണ്ട്. പദ്ധതി പ്രകാരം താഴെപ്പറയുന്ന കർഷകർ ആനുകൂല്യത്തിന് അർഹരാണ്:

- 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ
- 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ
- 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ

(സി) നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പരിഗണിക്കാതെ ആനുകൂല്യം നിഷേധിക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുന്നതിന് നൂതന പദ്ധതികൾ**

260 (626) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ഭദ്രത ഉറപ്പു വരുത്തുന്നതിനായി പാരമ്പര്യ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പരമാവധി വിനിയോഗം സാധ്യമാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുനരുപയോഗ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. മുൻകൈ എടുത്തിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ജലസംഭരണികൾ, പൊതു ജലാശയങ്ങൾ തുടങ്ങി സാദ്ധ്യമായ എല്ലായിടത്തും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ ഭദ്രത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള പദ്ധതികളുടെയും നടപടികളുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

<u>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്</u>

പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളുടെ പരമാവധി വിനിയോഗം സാധ്യമാക്കുന്നതിനായി 12 പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20.01.2020 -ൽ ഒപ്പുവച്ചു. പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതിനടത്തിപ്പിനായി WKNCEPPL എന്ന കമ്പനി കെ.എസ്.ഇ.ബി.ക്ക് 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭ ദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

'സൗര' പദ്ധതി പ്രകാരം 2021 -ഓടെ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

അനെർട്ട്

- കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ: സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുവാനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ 1 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

- പൊതു സ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു: സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരുന്നു.

- ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ - ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

- ഓഫ്ഗ്രിഡ് സോളാർ റൂഫ് ടോപ്പ് പദ്ധതി: സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫിസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്.

- Pradhan Mantri Kisan Urja Suraksha evam Utthaan Mahabihyan (PM -Kusum) പദ്ധതി: ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ -ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച്

കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതവുമാണ്.

- <u>കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി</u>: സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ പാലക്കാട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടു വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കാനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ - വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)-യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

<u>എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.)</u>

ഇ.എം.സി.യുടെ വൈദ്യുതി ഉപയോഗം മൊത്തമായും നിറവേറ്റുന്നത് സൗരോർജ്ജം വഴിയാണ്. ഇതിനായി ഗ്രിഡുമായി ബന്ധപ്പെടുത്തിയ സൗരോർജ്ജ സംവിധാനവും ബാറ്ററികളിൽ വൈദ്യുതി സംഭരിച്ചുള്ള സംവിധാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ ഗ്രിഡിലേയ്ക്ക് വൈദ്യുതി കൊടുക്കാൻ കഴിയുന്ന ഹൈബ്രിഡ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പരിപാടികൾ നടന്നുവരുന്നു.

ഇ.എം.സി. തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് പരീക്ഷണാടിസ്ഥാനത്തിൽ കൃത്രിമ ചുഴി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടർബൈൻ ഉപയോഗിച്ച് 20 KW മൈക്രോ ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി, കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തുകഴിഞ്ഞു.

കെ.എസ്.ഇ.ബി. യുടെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിൽ 25KW -ന്റെ കൈനെറ്റിക് ടർബൈനുകൾ (ജലവേഗത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ടർബൈൻ) പരീക്ഷിക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കും.

കൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യത വിവരണ പട്ടിക ക്രോഡീകരിച്ച് റിപ്പോർട്ടാക്കുന്ന പ്രവർത്തനം ഇ.എം.സി. നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൻപ്രകാരം കരമനയാറിൽ 27 പദ്ധതികളിൽ നിന്ന് 2.78 MW -ഉം, വാമനപുരം നദിയിലെ 40 പദ്ധതികളിൽ നിന്ന് 5.62 MW -ഉം, ഇത്തിക്കര ആറ്റിലെ 29 പദ്ധതികളിൽ നിന്ന് 3.77 MW-ഉം കല്ലട നദിയിലെ 15 പദ്ധതികളിൽ നിന്ന് 1.37 MW -ഉം ലഭിക്കുവാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. നൂതന മാർഗ്ഗങ്ങൾ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്നതിന് ഉതകുന്നവയാണ് ഈ പദ്ധതികൾ.

(ബി) സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പുനരുപയോഗ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. മുൻകയ്യെടുത്തിട്ടുണ്ട്. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ 7.8 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനവും സർവ്വേയും നിലവിൽ നടന്നുവരുന്നു.

(സി) ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൻ യൂണിറ്റ് /പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിച്ചുവരുന്നു. കൂടാതെ പാലക്കാട് ചിറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.

വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി. പദ്ധതി നടത്തിപ്പിനായി WKNCEPPL എന്ന കമ്പനി കെ.എസ്.ഇ.ബി.ക്ക്- 25 വർഷത്തേയ്ക്ക് സ്ഥലം ലീസിന് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭ ദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി വരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭ ദശയിലാണ്.

(ഡി) എനർജി മാനേജ്മെന്റ് സെന്റർ മുഖേന സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

2016-2017 കാലഘട്ടത്തിൽ 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുതായി സ്വകാര്യ സംരംഭകർക്ക് 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകിയിരുന്നു.

കൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യതാ പഠനം നടത്തി ASCEND KERALA 2020 വഴി സ്വകാര്യ നിക്ഷേപത്തിനായി അവതരിപ്പിച്ചു. ഈ പദ്ധതികൾ ചെറുകിട ജലവൈദ്യുത നയം 2012 പ്രകാരം സ്വകാര്യ സംരംഭകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയ്ക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

## സുരക്ഷിതമായ നിലയിൽ വൈദ്യുതി വിതരണം

261 (627) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും വൈദ്യുതി വിതരണം ചെയ്യുന്ന സർവ്വീസ് വയറുകൾ ഇൻസുലേഷൻ നഷ്ടപ്പെട്ടും സ്റ്റേ കമ്പികൾ തുരുമ്പെടുത്ത് നശിച്ചും അപകടകരമായ നിലയിൽ പല സ്ഥാപനങ്ങളിലും കാണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത വയറുകൾ മാറ്റി സുരക്ഷിതമായ സർവ്വീസ് വയറുകൾ ബോർഡിന്റെ ചെലവിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സുരക്ഷിതമായ നിലയിൽ വൈദ്യുതി വിതരണം സാദ്ധ്യമാക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

## ഉത്തരം

(എ & ബി) ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ പരിസരത്ത് വൈദ്യുതി സുരക്ഷ ഉറപ്പാക്കണമെന്ന ബഹു. കേരള ബാലാവകാശ കമ്മീഷന്റെ നിർദ്ദേശത്തെത്തുടർന്ന് വിശദമായ സർക്കുലർ KSEBL പുറപ്പെടുവിച്ചിട്ടുണ്ട്. സേഫ്റ്റി ഓഫീസർമാർ സ്കൂൾ പരിസരങ്ങളിലെ സുരക്ഷ ഉറപ്പാക്കാനായി സേഫ്റ്റി ഓഡിറ്റ് നടത്തണമെന്നും സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തെങ്കിലും അധിക പ്രവൃത്തികൾ ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ അനുമതി ലഭ്യമാക്കി ടി പ്രവൃത്തികൾ നടപ്പിലാക്കണമെന്നും ഈ സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തുന്ന ഇത്തരം അറ്റകുറ്റപ്പണികൾക്കായി വാർഷിക പദ്ധതയിൽ പ്രത്യേകം തുക വകയിരുത്തുന്നുണ്ട്. എല്ലാത്തരം ഉപഭോക്താക്കളുടെയും അപകടകരമായ സ്ഥിതിയിലുള്ള സർവീസ് വയറുകൾ ബോർഡിന്റെ ചെലവിൽ മാറ്റി സ്ഥാപിക്കുന്നുണ്ട്.

(സി) വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണശൃംഖല ആധുനികവത്ക്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിയിൽ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്നു. ഈ പദ്ധതയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും ഘട്ടംഘട്ടമായി എബിസി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും KSEBL അതീവ പ്രാധാന്യം നൽകുകയും ചെയ്യുന്നു.

കൂടാതെ ഉപഭോക്താക്കളുടെ പ്രിമൈസസിലെ വൈദ്യുതി സുരക്ഷ ഉറപ്പാക്കുന്നതിനായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നേതൃത്വത്തിൽ ഊർജ്ജകേരള മിഷനിൽ ഉൾപ്പെടുത്തി ഇ - സേഫ് എന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

## സംസ്ഥാനത്ത് വൈദ്യുതിയുടെ വാർഷിക ഉല്പാദനവും ഉപഭോഗവും

262 (628) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ വാർഷിക ഉപഭോഗം എത്ര മെഗാവാട്ടാണ്; ആകെ ഉൽപ്പാദനം എത്ര മെഗാവാട്ടാണ്; കണക്ക് ലഭ്യമാക്കാമോ;

(ബി) വൈദ്യുതോൽപ്പാദനത്തിനായി സംസ്ഥാനത്ത് ഏതൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ; ഇവ ഓരോന്നിലൂടെയും എത്ര മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കേന്ദ്ര പൂളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് അവകാശപ്പെട്ടതെന്നും ഇതിൽ എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ടെന്നും അവകാശപ്പെട്ട മൊത്തം വൈദ്യുതിയും ലഭിക്കുന്നില്ലെങ്കിൽ അതിനു സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) 2018 (ഏപ്രിൽ) മുതൽ 2019 (മാർച്ച്) വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം 24963 ദശലക്ഷം യൂണിറ്റായിരുന്നു. ഈ കാലയളവിലെ മൊത്തം ആഭ്യന്തര ഉല്പാദനം 8027 ദശലക്ഷം യൂണിറ്റായിരുന്നു.

(ബി) വൈദ്യുതി ഉല്പാദനത്തിനായി സംസ്ഥാനത്ത് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(1) ജലം (2) താപം (3) കാറ്റ് (4) സോളാർ

ഇവ ഓരോന്നിലൂടെയും ഉല്പാദിപ്പിക്കാവുന്ന പരമാവധി മെഗാവാട്ട് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) കേന്ദ്ര പൂളിൽനിന്നും കേരളത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം 1611.65 മെഗാവാട്ടാണ്.

പ്രസരണ ലൈനുകളിലെ നഷ്ടവും ജനറേറ്ററുകളുടെ ലഭ്യതയും അനുസരിച്ച് ശരാശരി 1200 മുതൽ 1250 മെഗാവാട്ട് വരെ വൈദ്യുതി ഇപ്പോൾ ലഭിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജനറേറ്ററുകളുടെ ലഭ്യതയിൽ വരുന്ന കുറവ് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാലാണുണ്ടാകുന്നത്:

- വാർഷിക അറ്റകുറ്റപ്പണി
- കൽക്കരി ക്ഷാമം
- യന്ത്രത്തകരാറുകൾ.

വൈദ്യുതി ലഭ്യത പരമാവധി ഉറപ്പാക്കുന്നതിനായി സതേൺ റീജിയണൽ പവർ കമ്മിറ്റിയിലും ഓപ്പറേഷൻ കോർഡിനേഷൻ കമ്മിറ്റിയിലും ഈ വിഷയം നിരന്തരം ഉന്നയിക്കുകയും അതിനനുസരിച്ച് പരമാവധി ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വൈദ്യുതി പൂർണ്ണമായും ഇറക്കുമതി ചെയ്യുന്നതിനുള്ള ഇടനാഴിയുടെ അപര്യാപ്തത പരിഹരിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് തിരുനെൽവേലി-മാടക്കത്തറ 400 കെ.വി. ലൈൻ പൂർത്തീകരിച്ച് ചാർജ് ചെയ്തുകഴിഞ്ഞു. കൂടാതെ പുഗലൂർ-തൃശ്ശൂർ HVDC ലൈനിന്റെ പണി ദ്രുതഗതിയിൽ നടന്നുവരുന്നു. 2020 മേയ് മാസം ഇതുകൂടി കമ്മീഷൻ ചെയ്യുന്നതോടുകൂടി കേന്ദ്ര പൂളിൽനിന്നുള്ള വൈദ്യുതി പൂർണ്ണമായും കേരളത്തിൽ എത്തിക്കാൻ സാധിക്കുന്നതാണ്.

## ഊർജ്ജോല്പാദന വർദ്ധനവിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

263 (629) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ വൈദ്യുതിയുടെ മൂന്നിലൊന്ന് ഭാഗത്തിൽ താഴെ മാത്രമെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുള്ളുവെന്നതിനാൽ ഊർജ്ജോല്പാദന വർദ്ധനവിനു ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പാരിസ്ഥിതിക പ്രത്യാഘാതം കൊണ്ട് പുതിയ ജലവൈദ്യുത പദ്ധതികൾ പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ ഇടുക്കിയിൽ ഒരു അധിക വൈദ്യുത നിലയം കൂടി നിർമ്മിക്കാൻ പരിപാടിയുണ്ടോ;

(ഡി) പദ്ധതിയുടെ ചെലവ് സംബന്ധിച്ചും ലഭ്യമായ ജലത്തിന്റെ അളവിനെ കുറിച്ചും പ്രാഥമിക പഠനം നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ;

(ഇ) ബദൽ ഊർജ്ജസ്രോതസ്സുകൾ വിനിയോഗിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിൽ ഉല്പാദന മേഖലയിൽ നാല് ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു. പഴശ്ശി സാഗർ, പെരുവണ്ണാമൂഴി, ചിന്നാർ, അപ്പർ കല്ലാർ എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിച്ചത്.

കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ഊർജ്ജോല്പാദന വർദ്ധനവിനായി 193.5 MW സ്ഥാപിതശേഷിയുള്ള 10 ജലവൈദ്യുത (4 ചെറുകിട പദ്ധതികളുൾപ്പെടെ) പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു. കൂടാതെ പുതിയതായി 12 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകവഴി 119 MW അധിക സ്ഥാപിതശേഷി കൂടി ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിനുപുറമെ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി 780MW സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർക്ക് നടപ്പിലാക്കാൻ വേണ്ടിയുള്ള അനുമതി നൽകി.

ഇവ കൂടാതെ വിവിധ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പൂർണ്ണമായ സാധ്യതാവിവരണപട്ടിക ക്രോഡീകരിച്ച് റിപ്പോർട്ടാക്കുന്ന പ്രവർത്തനം എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഇതിൻപ്രകാരം കരമനയാറിൽ 27 പദ്ധതികളിൽ നിന്ന് 2.78 MW-ഉം വാമനപുരം നദിയിലെ 40 പദ്ധതികളിൽനിന്ന് 5.62MW-ഉം ഇത്തിക്കരയാറിലെ 29 പദ്ധതികളിൽ നിന്ന് 3.77 MW-ഉം കല്ലട നദിയിലെ 15 പദ്ധതികളിൽനിന്ന് 1.37MW-ഉം ലഭിക്കാൻ സാധ്യതയുണ്ടെന്ന് പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഊർജ്ജോല്പാദന വർദ്ധനവിന് അനെർട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) <u>സൗര-ഊർജ്ജ കേരള മിഷൻ:</u>

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനും കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(2) <u>കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:</u>

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(3) <u>പൊതുസ്ഥാപനങ്ങളിൽ സൗരനിലയം</u>:

സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരുന്നു.

(4 ) <u>ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി</u>:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(5) <u>ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി</u>:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

(6) Pradhan Mantri Kisan Urja Suraksha evam Utthaan Mahabhiyan (PM-Kusum) പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ് ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർപ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്ര സർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

(7) കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതിക അനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ട് വന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)-യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിടുകയുണ്ടായി.

(ബി) നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു

പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധതലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. ഇതിനുപുറമേ പദ്ധതിയുടെ നിർമ്മാണ പുരോഗതി അവലോകനം നടത്തി വിലയിരുത്തുന്നതിനായി ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചുവരുന്നു.

സ്വകാര്യമേഖലയിൽ നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എല്ലാ ഘട്ടത്തിലും വിലയിരുത്തലുകൾ നടത്തി, തടസ്സങ്ങൾ നീക്കി സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഹൈ ലെവൽ കമ്മിറ്റി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള ഇടുക്കി ജലാശയത്തിലെ വെള്ളമുപയോഗിച്ച് 780MW സ്ഥാപിതശേഷിയുള്ള ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ വിശദപഠനം പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ഇ) നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും പരമാവധി വൈദ്യുതി ഉല്പാദിപ്പിക്കുക എന്നതിലാണ് ഈ കാലയളവിൽ ഊന്നൽ നൽകിയിട്ടുള്ളത്. 2022-ഓടുകൂടി സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 40 ശതമാനമെങ്കിലും പുനരുപയോഗ സ്രോതസ്സുകളിൽ നിന്നുമാകണം എന്നതാണ് കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നത്. 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ടും മറ്റൊരു 500 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിംഗ് മുഖേനയുള്ള ഗ്രൗണ്ട്മൗണ്ട്സ് സോളാർ പ്ലാന്റുകളും സോളാർ പാർക്കുകളും ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകളും വഴി ഉല്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ ഭാഗഭാക്കാകാൻ താല്പര്യമുള്ള ഉപഭോക്താക്കളെ കണ്ടെത്തുന്ന ആദ്യഘട്ടത്തിൽ വമ്പിച്ച പൊതുജന സ്വീകാര്യതയാണുണ്ടായത്. ഏകദേശം 2.78 ലക്ഷം ഉപഭോക്താക്കൾ ആദ്യഘട്ടത്തിൽത്തന്നെ തല്പരരായി മുന്നോട്ടുവരികയും ഇവരിൽ നിന്ന് തെരഞ്ഞെടുക്കുന്ന 42000-ൽപരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 മെഗാവാട്ട് ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ഇവ കൂടാതെ 18.96MW ശേഷിയുള്ള വിവിധ സോളാർ പ്രോജക്ടുകളുടെ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽനിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങുവാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽ നിന്ന് 300 മെഗാവാട്ട് വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ.ബി.എൽ. കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ പദ്ധതികളിൽനിന്ന് 200 മെഗാവാട്ട് വൈദ്യുതി റിവേഴ്സ് ബിഡിംഗിലൂടെ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 മെഗാവാട്ട് ശേഷി കൂട്ടിച്ചേർക്കുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 MW ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു.

ബദൽ ഊർജ്ജസ്രോതസ്സുകൾ വിനിയോഗിക്കാനുള്ള ചുവടെ പറയുന്ന പദ്ധതികൾ അനെർട്ട് ആവിഷ്കരിച്ചിട്ടുണ്ട്.

സൗരോർജ്ജം:

(a) <u>ഗ്രിഡ് കണക്ടഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:</u>

സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

(b) ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്.

2. കാറ്റ്

സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്ര സർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്.

## ജി.എസ്.ടി.

264 (630) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് നൽകുന്ന ഏതെങ്കിലും സേവനങ്ങൾക്ക് കെ.എസ്.ഇ.ബി. ജി.എസ്.ടി. ഈടാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങൾക്ക് എത്ര ശതമാനം നിരക്കിൽ ഈടാക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഈടാക്കുന്ന തുക വൈദ്യുതി വകുപ്പ് കേന്ദ്രസർക്കാരിന് നൽകാറുണ്ടോ;

(സി) ഉപഭോക്താക്കൾക്ക് നൽകുന്ന ബില്ലിൽ ജി.എസ്.ടി. നമ്പർ രേഖപ്പെടുത്താറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സേവനങ്ങളുടെയും അതാതിന്റെ നിരക്കുകളുടെയും പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് മുന്നറിയിപ്പ്

265 (631) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യഥാസമയം വൈദ്യുതി ബില്ലുകൾ അടയ്ക്കാത്ത ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനു മുമ്പായി ഇത്തരം ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന വ്യവസ്ഥകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ 122, 123 റെഗുലേഷൻ പ്രകാരമുള്ള ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസാണ് ഉപഭോക്താക്കൾക്ക് മീറ്റർ റീഡർ മുഖേന വൈദ്യുത ബില്ലായി നൽകുന്നത്. ഇതിൽ പിഴ കൂടാതെ വൈദ്യുത ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിയും വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിയും രേഖപ്പെടുത്തിയിട്ടുണ്ട്. മീറ്റർ റീഡർ മുഖേന വൈദ്യുതി ബിൽ നൽകുന്നതിന് പുറമെ, ഉപഭോക്താവിന് വൈദ്യുത ബിൽ ലഭിച്ച് രണ്ടുദിവസത്തിനുള്ളിലും വൈദ്യുതി വിച്ഛേദിക്കാതിരിക്കാൻ ബിൽ തുക അടയ്ക്കേണ്ടുന്ന അവസാന തീയതിക്ക് രണ്ട് ദിവസം മുന്നേയും ബിൽ സംബന്ധിച്ച വിവരം രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ എസ്.എം.എസ്. ആയും രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐ.ഡി.-യിൽ ഇ-മെയിൽ ആയും ഉപഭോക്താക്കളെ അറിയിക്കുന്നതാണ്. ഇതുകൂടാതെ, പ്രത്യേക ബിൽ നൽകേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസിനുപുറമെ പ്രത്യേകം ഡിസ്കണക്ഷൻ നോട്ടീസും നൽകി വരുന്നുണ്ട്.

## ആദിവാസി കോളനികളിലെ വൈദ്യുതീകരണം

266 (632) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ തേര, വാരിയം, ഉറിയൻപെട്ടി എന്നീ ആദിവാസി കോളനികളിൽ വൈദ്യുതീകരണ നടപടികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ ഡി.ഡി.ജി. സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള വർക്ക് ഓർഡർ നല്കിയിട്ടും നാളിതുവരെ വൈദ്യുതീകരണ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വന്യമൃഗ ശല്യം രൂക്ഷമായ പ്രസ്തുത കോളനികളിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി അടിയന്തരമായി വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി വൈദ്യുതീകരിക്കാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലെ 257-ഓളം വീടുകളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കാൻ ദർഘാസ് ക്ഷണിച്ച് 2017 മാർച്ച് മാസം 9-ാം തീയതി വർക്ക് ഓർഡർ നൽകിയിരുന്നു.

സൺ എനർജി സോളാർ സൊല്യൂഷൻസ്, കാസർഗോഡ് എന്ന കരാറുകാരനാണ് ജോലി ഏറ്റെടുത്തത്. എന്നാൽ സമയബന്ധിതമായി ഒരു വീടിന്റെ പോലും ജോലി പൂർത്തിയാക്കാൻ കോൺട്രാക്ടർക്ക് സാധിച്ചില്ല. കെ.എസ്.ഇ.ബി.എൽ. ജോലി പൂർത്തിയാക്കാൻ നിരവധി തവണ സമയം നീട്ടി നൽകുകയും മറ്റ് ഗുണപരമായ ഇടപെടലുകൾ നടത്തുകയും ചെയ്തെങ്കിലും കരാറുകാരൻ വേണ്ടത്ര ശ്രദ്ധയും പരിഗണനയും നൽകി ജോലി പൂർത്തിയാക്കാൻ ശ്രമിച്ചില്ല എന്നുമാത്രമല്ല ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് ജോലി പൂർത്തീകരിക്കാനുള്ള ഇതര സാധ്യതകളെ തടസ്സപ്പെടുത്തുകയും ചെയ്തു. കോടതി കേസ് തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് മറ്റേതെങ്കിലും സാധ്യതകൾ പ്രയോജനപ്പെടുത്തി ജോലി പൂർത്തീകരിച്ച് ഭവനങ്ങൾ വൈദ്യുതീകരിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും അതനുസരിച്ച് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

**പാറശ്ശാല നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

267 (633) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബും എൽ.ഇ.ഡി ട്യൂബും വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി പാറശ്ശാല നിയോജക മണ്ഡലത്തിൽ പുതുതായി എത്ര കണക്ഷനുകൾ ലഭ്യമാക്കി; ആയതിലേക്ക് എത്ര തുക ചെലവഴിച്ചു എന്നുള്ള വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ LED ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകംതന്നെ 1.35 കോടിയിൽപ്പരം LED ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഊർജ്ജ കേരള മിഷൻ എന്ന ഒരു പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇതിലുൾപ്പെടുത്തി കേരളത്തിലെ എല്ലാ വീടുകളിലും ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും CFL-കളും ട്യൂബ് ലൈറ്റുകളും ഘട്ടംഘട്ടമായി LED വിളക്കുകളിലേയ്ക്ക് മാറ്റുന്നതിനുള്ള 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും CFL-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED ബൾബുകൾ ഉപയോഗിച്ച് മാറ്റുന്നത് ലക്ഷ്യമിട്ട ഈ പദ്ധതി നടപ്പിലാക്കുന്നത് വഴി പ്രതിദിനം 2.5 ദശലക്ഷം ടൺ Co2 വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേയ്ക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും, കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും. മാറ്റി നൽകുന്ന LED ബൾബിന്റെ വില വൈദ്യുതി ബിൽ തുകയോടൊപ്പം തവണകളായി അടയ്ക്കാം എന്നതിനാൽ പദ്ധതിക്ക് സ്വീകാര്യത കൂടുതലാകുമെന്ന് കരുതുന്നു. ഈ പദ്ധതിയിൽ ഇതുവരെ 13,21,683 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ LED ബൾബുകൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാറ്റപ്പെട്ട ഫിലമെന്റ് ബൾബുകൾ ഉപഭോക്താക്കളിൽനിന്ന് തിരികെ സ്വീകരിച്ച് യഥാവിധി നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ പുതിയതായി ലഭ്യമാക്കിയ കണക്ഷനുകളുടെയും ആയതിലേയ്ക്ക് ചെലവായ തുകയുടെയും വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ

ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | കണക്ഷനുകളുടെ എണ്ണം | ചെലവായ തുക (രൂപ) |
|---|---|---|
| പാറശ്ശാല | 372 | 38,50,096 |
| വെള്ളറട | 242 | 25,30,097 |
| ഒറ്റശേഖരമംഗലം | 365 | 28,37,608 |
| പെരുങ്കടവിള | 275 | 22,90,182 |
| കൊല്ലയിൽ | 204 | 21,05,534 |
| അമ്പൂരി | 186 | 19,44,905 |
| ആര്യംകോട് | 279 | 30,89,626 |
| കുന്നത്തുകാൽ | 334 | 37,71,474 |
| കള്ളിക്കാട് | 221 | 24,86,664 |
| ആകെ | 2478 | 2,49,06,146 |

## സമ്പൂർണ്ണ വൈദ്യുതീകരണം

268 (634) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ ഇനിയും എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട് എന്നറിയിക്കുമോ;

(സി) ഇനിയും വൈദ്യുതി കണക്ഷൻ നൽകാൻ ഉണ്ടെങ്കിൽ ആയതിന് എന്താണ് തടസ്സമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 1,60,82,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ കെ.എസ്.ഇ.ബി. 94,25,138 രൂപയും എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 50,00,000 രൂപയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16,56,862 രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി&സി) വാമനപുരം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി അപേക്ഷ ലഭിച്ചതിൽ ഇനി മൂന്ന് കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്. വനം വകുപ്പിലേയ്ക്ക് നൽകിയ അപേക്ഷകളിന്മേൽ മൂന്ന് കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ സാധിച്ചിട്ടില്ല.

## വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിന് നടപടി

269 (635) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗത്തിൽ ദിനംപ്രതി വൻവർദ്ധനയുണ്ടാകുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം നിയന്ത്രിക്കുന്നതിലേയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും ആവശ്യമായ എൽ.ഇ.ഡി. ബൾബുകൾ മിതമായ നിരക്കിൽ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ സ്ട്രീറ്റ്ലൈറ്റുകളും സർക്കാർ സ്ഥാപനങ്ങളിലെ ലൈറ്റുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് എൽ.ഇ.ഡി. യിലേയ്ക്ക് മാറ്റുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് വൈദ്യുതിയുടെ അനാവശ്യ ഉപഭോഗം കുറയ്ക്കാനും കാര്യക്ഷമമായ വൈദ്യുതോപകരണങ്ങൾ പ്രോത്സാഹിപ്പിക്കാനുമായി വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) പദ്ധതി പ്രകാരം ഇതിനോടകം തന്നെ 1.35 കോടിയിൽപ്പരം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ഊർജ്ജ കേരള മിഷൻ എന്ന പദ്ധതി സർക്കാർ സമാരംഭിച്ചിട്ടുണ്ട്. ഇതിലുൾപ്പെടുത്തി കേരളത്തിലെ എല്ലാ വീടുകളിലും ഉപയോഗത്തിലുള്ള ഫിലമെന്റ് ബൾബുകളും CFL-കളും ട്യൂബ് ലൈറ്റുകളും ഘട്ടംഘട്ടമായി എൽ.ഇ.ഡി. വിളക്കുകളിലേയ്ക്ക് മാറ്റുന്നതിനുള്ള 'ഫിലമെന്റ് രഹിത കേരളം' പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.

ഗാർഹിക, തെരുവുവിളക്ക് മേഖലകളിൽ നിലവിലുള്ള ഫിലമെന്റ് ബൾബുകളും CFL-കളും ഊർജ്ജക്ഷമത ഏറിയതും ദീർഘകാലം നിലനിൽക്കുന്നതുമായ LED ബൾബുകൾ ഉപയോഗിച്ച് മാറ്റുന്നത് ലക്ഷ്യമിട്ട ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി പ്രതിദിനം 2.5 ദശലക്ഷം ടൺ $Co2$ വാതകവും 600 കിലോഗ്രാം മെർക്കുറിയും അന്തരീക്ഷത്തിലേയ്ക്ക് പുറംതള്ളുന്നത് ഒഴിവാക്കാനാകും. കൂടാതെ പീക്ക് ലോഡ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകരമാകും. മാറ്റി നൽകുന്ന LED ബൾബിന്റെ വില വൈദ്യുതി ബിൽ തുകയോടൊപ്പം തവണകളായി അടയ്ക്കാം എന്നതിനാൽ പദ്ധതിക്ക് സ്വീകാര്യത കൂടുതലാകുമെന്ന് കരുതുന്നു. ഈ പദ്ധതിയിൽ ഇതുവരെ 13,21,683 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ LED ബൾബുകൾ വാങ്ങുന്നതിനായി ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ മാറ്റപ്പെടുന്ന ഫിലമെന്റ് ബൾബുകൾ ഉപഭോക്താക്കളിൽനിന്ന് തിരികെ സ്വീകരിച്ച് യഥാവിധി നശിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

വൈദ്യുതി ഉപഭോഗത്തിൽ ദിനംപ്രതി വൻവർദ്ധനയുണ്ടാകുന്ന സാഹചര്യത്തിൽ വൈദ്യുത ഉപഭോഗം നിയന്ത്രിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന നടപടികൾ നടത്തിവരുന്നു:

- കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 12 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം നടത്തിവരുന്നു.
- പുതിയതായി നിർമ്മിക്കുന്ന വാണിജ്യ കെട്ടിടങ്ങളിൽ 100 KVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യമുള്ള കെട്ടിടങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമ പ്രകാരം എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- കാലാവസ്ഥയ്ക്കനുസരിച്ച് ഇതിൽ മാറ്റം വരുത്താനുള്ള സംസ്ഥാനങ്ങളുടെ അധികാരം ഉപയോഗിച്ച് കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് പ്രസിദ്ധീകരിക്കുകയും ഇത് നടപ്പിൽ വരുത്തുന്നതിനുള്ള പരിശീലന പരിപാടികളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇതുസംബന്ധിച്ച ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പഞ്ചായത്ത് കെട്ടിട

നിർമ്മാണ ചട്ടത്തിലും മുനിസിപ്പൽ കെട്ടിടനിർമ്മാണ ചട്ടത്തിലും ഇതുസംബന്ധിച്ച ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

- വൈദ്യുത ഉപകരണങ്ങളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിച്ച് ഊർജ്ജ ലാഭം നേടുന്നതിനായി നിയമ പ്രകാരം നടപ്പിലാക്കിയ സ്റ്റാൻസേർഡ്സ് & ലേബലിംഗ് പരിപാടിയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

- കേരളത്തിലെ എല്ലാ വൻകിട വൈദ്യുത ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 45 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്.

- ചെറുകിട വ്യവസായ മേഖലയിൽ സൗജന്യ പ്രാഥമിക ഊർജ്ജ ഓഡിറ്റ് പദ്ധതി നടപ്പിലാക്കുന്നു.

- സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയത്. വർഷം മുഴുവനുമുള്ള ഊർജ്ജ സംരക്ഷണവും കാര്യക്ഷമമായ ഊർജ്ജ വിനിയോഗവും ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണം എന്നിവ പ്രാവർത്തികമാക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വ്യവസായങ്ങൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയ്ക്ക് അംഗീകാരം നൽകുന്നു.

- സ്മാർട്ട് എനർജി പ്രോഗ്രാമിന്റെ ഭാഗമായി അനെർട്ടുമായി ചേർന്ന് 22 സ്കൂളുകളിൽ 2KW സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്കൂളിൽ ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്.

- തിരുവനന്തപുരം ജില്ലയിലെ 10 ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ മൊത്തം 327 എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ, 240 എൽ.ഇ.ഡി. ബൾബ്, 145 സീലിംഗ് ഫാൻ എന്നിവ വിതരണം ചെയ്യുകയും ആകെ 30049 യൂണിറ്റ് ഊർജ്ജ ലാഭമുണ്ടാക്കുകയും ചെയ്തു.

- സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ സിവിൽ സ്റ്റേഷൻ കെട്ടിടങ്ങൾ ഊർജ്ജ ഓഡിറ്റ് നടത്തുകയും അതിലെ

ശിപാർശകളുടെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ധനസഹായത്തോടെ മെഡിക്കൽ കോളേജ്, കളമശ്ശേരി, മെഡിക്കൽ കോളേജ് തൃശ്ശൂർ, ജനറൽ ഹോസ്പിറ്റൽ പാല, റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്ത്താൽമോളജി തിരുവനന്തപുരം എന്നിവിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തിവരുന്നു.

- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഊർജ്ജ ഓഡിറ്റ് നടത്തുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകൾ, ഫൈവ് സ്റ്റാർ റേറ്റഡ് ഫാനുകൾ എന്നിവ സ്ഥാപിക്കുന്നതിന് കേരള ഊർജ്ജ സംരക്ഷണ നിധിയിൽ നിന്ന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

- ഊർജ്ജകാര്യക്ഷമ പഞ്ചായത്ത് പരിപാടിയുടെ ഭാഗമായി 14 പഞ്ചായത്തുകളെ ഊർജ്ജകാര്യക്ഷമമാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയമാക്കാൻ സർക്കാരിതര സംഘടനകളെ ഉൾപ്പെടുത്തിക്കൊണ്ട് ഇ.എം.സി. ഊർജ്ജ കിരൺ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

- കേരളത്തിലെ പൊതുജന വായനശാലകളുമായി ചേർന്ന് പ്രാദേശിക തലങ്ങളിൽ വളരെ മികച്ച രീതിയിലുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- ഊർജ്ജ സംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം.

- വീട്ടമ്മമാരെ ഊർജ്ജസംരക്ഷണ യജ്ഞത്തിൽ പങ്കാളികളാക്കാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട വനിതാ റിസോഴ്സ് പേഴ്സൺസിനെ ഉൾപ്പെടുത്തിക്കൊണ്ട് എനർജി ക്ലിനിക്ക് കാമ്പയിൻ സംഘടിപ്പിച്ചുവരുന്നു.

- സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന

ബോയിലറുകളുടെ ഊർജ്ജകാര്യക്ഷമത സംബന്ധിച്ച് പഠനം നടത്തി സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഡീസൽ ജനറേറ്ററുകളുടെ ഊർജ്ജ കാര്യക്ഷമത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- സംസ്ഥാനത്തെ കാർഷിക രംഗത്ത് ഉപയോഗിക്കുന്ന പമ്പ് സെറ്റുകളുടെ ഊർജ്ജകാര്യക്ഷമത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള 25 വൈദ്യുതി വിതരണ ട്രാൻസ്ഫോർമറുകളുടെ ഊർജ്ജകാര്യക്ഷമത സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ 10 ട്രാൻസ്ഫോർമറുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ 5/4 സ്റ്റാർ റേറ്റിംഗുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ഇ.എം.സി. നൽകുന്നതാണ്. ആദ്യ ഗഡുവായി 25 ലക്ഷം കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്.

- സംസ്ഥാനത്തെ 16 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷനിലും നിലവിലുള്ള തെരുവുവിളക്കുകളെ മാറ്റി ഊർജ്ജകാര്യക്ഷമതയുള്ള എൽ.ഇ.ഡി. തെരുവുവിളക്കുകളാക്കാനുള്ള പഠനം നടത്തി റിപ്പോർട്ട് അതത് മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും സമർപ്പിച്ചിട്ടുണ്ട്.

- കശുവണ്ടി ഫാക്ടറികളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 2 ഫാക്ടറികളടക്കം CAPEX-ന്റെ 3 ഫാക്ടറികളും ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

- ഇന്ത്യയിലെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ നിലവിലുള്ള ഊർജ്ജകാര്യക്ഷമത കുറഞ്ഞ തെരുവുവിളക്കുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയതും പരിസ്ഥിതിക്ക് അനുയോജ്യമായ എൽ.ഇ.ഡി. അധിഷ്ഠിത തെരുവുവിളക്കുകളായി മാറ്റുന്ന പദ്ധതി, സ്ട്രീറ്റ് ലൈറ്റ് നാഷണൽ പ്രോഗ്രാം (SLNP) എന്ന പേരിൽ ഇന്ത്യയിൽ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 2019 മാർച്ചിന് മുമ്പ് 1.34 കോടി എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

- കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന നോഡൽ ഏജൻസിയായി (State Nodal Agency) ഇ.എം.സി.-യെ നിയോഗിച്ചിട്ടുണ്ട്.

- കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതുസംബന്ധിച്ച് ഇ.എം.സി. അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊല്ലം, കോഴിക്കോട് എന്നീ നഗരസഭകളിലും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിലും Energy Services Company (ESCO) മാതൃകയിൽ നിലവിലുള്ള തെരുവുവിളക്കുകൾ മാറ്റി ഊർജ്ജകാര്യക്ഷമത കൂടിയ എൽ.ഇ.ഡി. തെരുവ് വിളക്കുകളാക്കി മാറ്റുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. Energy Services Company (ESCO) മാതൃകയിൽ നിലവിലുള്ള തെരുവുവിളക്കുകൾ എൽ.ഇ.ഡി. തെരുവുവിളക്കുകളാക്കി മാറ്റുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിലെ വൈദ്യുതി ബില്ലായി നൽകുന്ന തുകയും അറ്റകുറ്റ പണികൾക്കായി നൽകുന്ന തുകയും മാസതവണകളായി ESCO കമ്പനിക്കാണ് കൈമാറേണ്ടത്. 10 വർഷം വരെയാണ് കാലാവധി. ഈ കാലയളവിൽ വൈദ്യുതി ബില്ലും അറ്റകുറ്റപ്പണികൾക്കുവരുന്ന ബില്ലും ESCO കമ്പനി വഹിക്കുന്നതാണ്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അമിതമായി പണം ചെലവാക്കേണ്ടതില്ല.

## സോളാർ വൈദ്യുതി ഉല്പാദനം

270 (636) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര യൂണിറ്റ് സോളാർ വൈദ്യുതിയാണ് പ്രതിദിനം ഉത്പാദിപ്പിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രസ്തുത ഉത്പാദനം എത്രയായിരുന്നു; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി.-യുടെ കെട്ടിടങ്ങളുടെ മുകളിലും കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലങ്ങളിലുമായി 26 സൗരോർജ്ജ പദ്ധതികൾ (16.88 മെഗാവാട്ട്) പൂർത്തീകരിച്ചു. ഇതിൽനിന്നും പ്രതിദിനം ഉല്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി, ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| നമ്പർ | ജില്ല | സോളാർ വൈദ്യുതി (യൂണിറ്റ്) |
|---|---|---|
| 1 | പാലക്കാട് | 4263 |
| 2 | തൃശ്ശൂർ | 3964 |
| 3 | വയനാട് | 2237 |
| 4 | തിരുവനന്തപുരം | 36380 |
| 5 | കാസർഗോഡ് | 2775 |
| 6 | മലപ്പുറം | 3951 |
| 7 | എറണാകുളം | 6500 |
| 8 | ഇടുക്കി | 1778 |
| 9 | കോഴിക്കോട് | 3501 |
| 10 | കൊല്ലം | 783 |
| 11 | ആലപ്പുഴ | 450 |
| 12 | കോട്ടയം | 248 |
| 13 | പത്തനംതിട്ട | 969 |
| 14 | കണ്ണൂർ | 306 |
| | ആകെ | 68105 |

ഇതുകൂടാതെ കൺസ്യൂമേഴ്സിന്റെ പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി 63 മെഗാവാട്ട്, സിയാൽ 39 മെഗാവാട്ട്, കെ.എം.ആർ.എൽ. 5 മെഗാവാട്ട് എന്ന പ്രകാരം കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. ഇതിൽനിന്നും ഏകദേശം 4,43,814 യൂണിറ്റ് സൗരോർജ്ജ വൈദ്യുതി പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ഇ.ബി.-യുടെ 1.2 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചിരുന്നു. കൂടാതെ, സിയാൽ 13 മെഗാവാട്ടും ഹിൻഡാൽക്കോ ഒരു മെഗാവാട്ടും കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് ലഭ്യമാക്കിയിരുന്നു.

**പുരപ്പുറ സൗരോർജ്ജ പദ്ധതി**

271 (637) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ എത്രമാത്രം വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതി ഇപ്പോൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ; പദ്ധതിയിലൂടെ എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ലോഡ് ഷെഡിംഗ് വരാത്തവിധം ഊർജ്ജ ഉത്പാദന-വിതരണ-പ്രസരണ മേഖലകളെ സംയോജിപ്പിക്കുവാനും നിരീക്ഷിക്കുവാനും എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) പാരമ്പര്യേതര ഊർജ്ജോല്പാദനത്തിന് പുനരുപയോഗ, ഊർജ്ജ സ്രോതസ്സുകൾക്കായി സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റ് സ്ഥാപിക്കാനുദ്ദേശിക്കുന്നു. അതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ട് നടപ്പിലാക്കാനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാസ്ഥാപനമായ എൻ.ടി.പി.സി. കായംകുളത്ത് ജലോപരിതലത്തിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റിൽ നിന്ന് 92 മെഗാവാട്ട് വൈദ്യുതി വാങ്ങാനും SECI-യുമായി കാറ്റാടി നിലയങ്ങളിൽനിന്ന് 300 മെഗാവാട്ട് വാങ്ങുന്നതിനും കൂടാതെ ബ്രഹ്മപുരത്ത് 9.76 മെഗാവാട്ട് ശേഷിയുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റിൽനിന്ന് വൈദ്യുതി വാങ്ങുന്നതിനും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ പദ്ധതികളിൽനിന്ന് 200 മെഗാവാട്ട് വൈദ്യുതി റിവേഴ്സ് ബിഡിംഗിലൂടെ വാങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. THDCIL വഴി കാസർഗോഡ് സോളാർ പാർക്കിൽ 55-60 മെഗാവാട്ട് ശേഷി കൂട്ടിച്ചേർക്കുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.-യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി

നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള അനുയോജ്യമായ ഭൂപ്രദേശങ്ങൾ കണ്ടെത്തി സോളാർ പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതകളും പരിശോധിച്ചുവരുന്നു. കൂടാതെ 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽനിന്നും കൂട്ടിച്ചേർക്കാനുള്ള 'സൗര' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പാരമ്പര്യേതര ഊർജ്ജോല്പാദനത്തിനായി അനെർട്ട് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. <u>'ബൈ മൈ സൺ' വെബ് പോർട്ടൽ</u>

ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

2. <u>കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:</u>

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

3. <u>പൊതു സ്ഥാപനങ്ങളിൽ സൗരനിലയം സ്ഥാപിക്കുന്നു:</u>

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

4. <u>ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ് പദ്ധതി:</u>

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

5. ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്നതാണ് പ്രസ്തുത പദ്ധതി. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

6. പ്രധാൻമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM-Kusum) പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്-ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഉണഭോക്തൃ വിഹിതമാണ്.

7. കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി:

സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനാവശ്യമായ സാങ്കേതിക പരിശോധനയും അനുമതിയും നൽകുന്നത് അനെർട്ടാണ്. അനെർട്ടിന്റെ സാങ്കേതികാനുമതിയോടെ പാലക്കാട്ട് കഞ്ചിക്കോട്ട് ഐ-നോക്സ് എന്ന കമ്പനി 16 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും മലയാള മനോരമ കമ്പനി പാലക്കാട്ട് 10 മെഗാവാട്ടിന്റെ വിൻഡ് പവർ പ്ലാന്റും സ്ഥാപിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സ്ഥലം സ്വന്തമായുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടുവന്നാൽ കാറ്റാടി നിലയം സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം അനെർട്ട് നൽകുന്നതാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതിനായുള്ള സമഗ്രപഠനം നടത്തുന്നതിനും തുടർന്നുള്ള പ്രവർത്തനങ്ങളുടെ സാങ്കേതിക സേവനത്തിനുമായി കേന്ദ്രസർക്കാരിന്റെ ഗവേഷണ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE)-യുമായി അനെർട്ട് 2019 ഡിസംബർ 28-ന് ധാരണാപത്രം ഒപ്പിട്ടുകയുണ്ടായി.

(ബി&സി) 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്ന് കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് 'സൗര'. ഇതിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ 500 MW വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിൽ ഭാഗഭാക്കാകാൻ താല്പര്യമുള്ള 2.78 ലക്ഷം ഉപഭോക്താക്കളിൽനിന്ന് തെരഞ്ഞെടുക്കുന്ന 42000-ൽപ്പരം ഉപഭോക്താക്കളുടെ പുരപ്പുറത്ത് സ്ഥാപിക്കുന്ന പ്ലാന്റുകളിൽ നിന്നായി 200 മെഗാവാട്ട് ആദ്യഘട്ടത്തിൽ കൂട്ടിച്ചേർക്കുന്നതിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. തുടർന്ന് മറ്റൊരു 300 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളിൽനിന്നും 300 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽനിന്ന് 200 മെഗാവാട്ട് കരാർ ചെയ്യുന്നതിനുള്ള നടപടികളുമായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് മുന്നോട്ടുപോകുന്നു.

(ഡി) കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത നിരീക്ഷണ സംവിധാനം വൈദ്യുതി ഉല്പാദന പ്രസരണ വിതരണ മേഖലകളെ നിരീക്ഷിച്ച് വൈദ്യുതി ലഭ്യതയെക്കുറിച്ച് വിവരം നൽകുന്നു.

## പുരപ്പുറ സൗരോർജ്ജ പദ്ധതി

272 (638) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം കമ്പനികളുമായാണ് കെ.എസ്.ഇ.ബി. കരാർ ഒപ്പു വെച്ചത് എന്നറിയിക്കാമോ;

(ബി) പുരപ്പുറത്ത് സോളാർ പാനൽ സ്ഥാപിക്കുന്നവരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി ടെണ്ടർ നടപടിക്രമങ്ങളിലൂടെ മൂന്ന് കമ്പനികളെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ടാറ്റ പവർ സോളാർ സിസ്റ്റം ഇതിനോടകം കരാർ ഒപ്പിട്ടുകഴിഞ്ഞു. സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 42489 ഉപഭോക്താക്കളെ തെരഞ്ഞെടുത്തു. 2020 ജൂൺ മാസത്തോടെ പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്.

**വീടുകൾക്കുമുകളിൽ സൗരോർജ്ജ പാനലുകൾ**

273 (639) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾക്കുമുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിൽ നിന്ന് വൈദ്യുതി ശേഖരിക്കുന്ന കെ.എസ്.ഇ.ബി. യുടെ സൗരോർജ്ജ പദ്ധതി ഉപേക്ഷിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) വീട്ടുടമയ്ക്ക് സാമ്പത്തിക നേട്ടവും ബോർഡിന് വൈദ്യുതിയും ലഭ്യമാകുമായിരുന്ന പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കാനുണ്ടായ സാഹചര്യമെന്ത്; വിശദാംശങ്ങൾ നൽകുമോ;

(സി) ലക്ഷക്കണക്കിന് അപേക്ഷകൾ ബോർഡിന് ലഭിച്ച ഈ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) വീടുകൾക്ക് സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അതിൽനിന്ന് വൈദ്യുതി ശേഖരിക്കുന്ന കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ സൗരോർജ്ജ പദ്ധതി നടപ്പിലാക്കി വരികയാണ്. ഊർജ്ജ കേരള മിഷന്റെ ഭാഗമായി പ്രഖ്യാപിച്ച സൗരോർജ്ജ പദ്ധതിയിലൂടെ കേരളത്തിലെ സൗരോർജ്ജ വൈദ്യുതി ഉല്പാദനം 1000 മെഗാവാട്ട് എത്തിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്നും 500 മെഗാവാട്ട് വൈദ്യുതിയും ഫ്ലോട്ടിംഗ് സോളാർ നിലയങ്ങളിൽനിന്ന് 150 മെഗാവാട്ട് വൈദ്യുതിയും സൗരോർജ്ജ പാർക്കിൽനിന്നും 100 മെഗാവാട്ട് വൈദ്യുതിയും വൈദ്യുതി വാങ്ങൽ കരാറിലൂടെ 200 മെഗാവാട്ട് വൈദ്യുതിയും മറ്റ് മാർഗ്ഗങ്ങളിലൂടെ 50 മെഗാവാട്ട് വൈദ്യുതിയും ഉല്പാദിപ്പിക്കാനാണുദ്ദേശിക്കുന്നത്.

പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേയ്ക്ക് 2,78,258 ഉപഭോക്താക്കളാണ് അപേക്ഷ നൽകിയിരിക്കുന്നത്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് കോ-ഓഡിനേറ്റർമാർ മേൽപ്പറഞ്ഞ എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് നടത്തിയ പ്രാഥമിക സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ 42489 പുരപ്പുറങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

## സൗരോർജ്ജ വൈദ്യുത പദ്ധതി

274 (640) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) സൗരോർജ്ജത്തിൽ നിന്നും എത്ര വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് വൈദ്യുതി വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 'സൗര' പദ്ധതി പ്രകാരം 2021-ഓടെ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉല്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു.

സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിന് അനെർട്ട് മുഖേന സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. <u>കൺസൾട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ:</u>

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ ഒരു മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

2. <u>പൊതു സ്ഥാപനങ്ങളിൽ സൗര നിലയം :</u>

സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ വിവിധ പദ്ധതികളിലൂടെ സോളാർ നിലയങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണ കേന്ദ്രങ്ങളിൽ (ജില്ലാ കളക്ടറേറ്റുകളിൽ) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് കെ.എസ്.ഇ.ബി.എൽ. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു.

3. ഗ്രിഡ് കണക്റ്റഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

ഗ്രിഡ് ബന്ധിത (ഓൺഗ്രിഡ്) സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുകയും ഉപയോഗശേഷമുള്ള വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്ക് നൽകുന്നതാണ് പ്രസ്തുത പദ്ധതി.

4. ഓഫ്ഗ്രിഡ് സോളാർ റൂഫ്ടോപ്പ് പദ്ധതി:

സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടുകൂടിയ സൗരോർജ്ജ നിലയം സബ്സിഡിയോടുകൂടി സ്ഥാപിക്കുന്ന പദ്ധതിയാണിത്. ഇത് സർക്കാർ ഓഫീസുകൾക്ക് മാത്രമായുള്ള പദ്ധതിയാണ്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30 ശതമാനമാണ് സബ്സിഡിയായി നൽകുന്നത്.

5. പ്രധാൻമന്ത്രി കിസാൻ ഊർജ്ജ സുരക്ഷ ഏവം ഉദ്ധാൻ മഹാഭിയാൻ (PM-Kusum) പദ്ധതി:

ബാറ്ററി സംഭരണത്തോടുകൂടിയതോ (ഓഫ്-ഗ്രിഡ്) കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡ് ബന്ധിതമായതോ (ഓൺ ഗ്രിഡ്) ആയ സൗരോർജ്ജ പവർ പ്ലാന്റ് ഉപയോഗിച്ച് കർഷകരുടെ ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന പദ്ധതി കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയം (MNRE) ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനെർട്ട് വഴിയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പദ്ധതി ചെലവിൽ 30% കേന്ദ്രസർക്കാരും 30% സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്. ശേഷിക്കുന്ന 40% ഗുണഭോക്തൃ വിഹിതമാണ്.

കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്രസർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ വിന്റ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ ഒരു മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായുള്ള സംവിധാനങ്ങൾ

275 (641) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി വൈദ്യുതി ബോർഡിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ബി) വൈദ്യുതി മോഷണം, ദുരുപയോഗം എന്നിവയ്ക്ക് പിഴ ചുമത്തിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ശേഖരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തുകയുടെ കണക്ക് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി മോഷണവും ദുരുപയോഗവും കണ്ടെത്തുന്നതിനായി ചീഫ് വിജിലൻസ് ഓഫീസറുടെ കീഴിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ എ.പി.റ്റി.എസ്. മൂന്ന് മേഖലകളിലായും (സൗത്ത്, സെൻട്രൽ, നോർത്ത്), എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലുള്ള ജില്ലാതല സ്ക്വാഡുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു. ഉദ്യോഗസ്ഥർ അവർക്ക് ലഭ്യമാകുന്ന പരാതികളുടെ അടിസ്ഥാനത്തിലും അല്ലാതെയും നിർദ്ദിഷ്ട സ്ഥലങ്ങളിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തി മോഷണം കണ്ടുപിടിക്കുന്നു. കൂടാതെ എല്ലാ മാസവും ചീഫ് വിജിലൻസ് ഓഫീസറുടെ നിർദ്ദേശ പ്രകാരം പ്രത്യേക ഗ്രൂപ്പുകളായി മറ്റ് ജില്ലകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും മീറ്റർ റീഡർമാർക്ക് വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള അവബോധ ക്ലാസ്സുകൾ ചീഫ് വിജിലൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ നടത്തുകയും നല്ല പ്രവർത്തനം കാഴ്ചവച്ച മീറ്റർ റീഡർമാർക്കും ജീവനക്കാർക്കും പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസുകളുടെ ടെലിഫോൺ നമ്പറുകൾ സെക്ഷൻ ഓഫീസുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്രമാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട ഓഫീസുകളുടെ നമ്പരുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്. വൈദ്യുതി മോഷണം അറിയിക്കുന്ന സാധാരണ ജനങ്ങൾക്ക് അവരുടെ പേര് വെളിപ്പെടുത്താതെ തന്നെ പാരിതോഷികം നൽകുകയും ചെയ്യുന്നുണ്ട്.

(ബി) വൈദ്യുതി മോഷണം, ദുരുപയോഗം എന്നിവയ്ക്ക് പിഴ ചുമത്തിയ ഇനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ എ.പി.റ്റി.എസ്.-ന്റെ കീഴിൽ മൊത്തം 73,71,69,691 രൂപ (എഴുപത്തിമൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയൊന്ന് രൂപ മാത്രം) ശേഖരിച്ചിട്ടുണ്ട്.

(സി)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 5,07,13,026 |
| കൊല്ലം | 10,03,96,496 |
| ആലപ്പുഴ | 4,58,84,183 |
| കോട്ടയം | 4,34,59,768 |
| പത്തനംതിട്ട | 1,70,68,211 |
| എറണാകുളം | 7,29,20,261 |
| തൃശ്ശൂർ | 4,20,28,109 |
| ഇടുക്കി | 4,48,52,492 |
| പാലക്കാട് | 3,43,40,878 |
| മലപ്പുറം | 8,16,63,230 |
| കോഴിക്കോട് | 6,84,13,778 |
| വയനാട് | 3,94,55,007 |
| കണ്ണൂർ | 4,41,80,173 |
| കാസർഗോഡ് | 5,17,94,079 |
| ആകെ | 73,71,69,691 |

**കെ.എസ്.ഇ.ബി.-യിലെ കരാർ തൊഴിലാളികൾ**

276 (642) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ കരാർ തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ പെട്ടാൽ ചികിത്സക്കും മറ്റുമായി ധനസഹായം നൽകുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ബി) ഇത്തരം തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ പെട്ടാൽ കെ.എസ്.ഇ.ബി. ധനസഹായം അനുവദിക്കാറുണ്ടോ;

(സി) ഇത്തരം തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽപ്പെട്ട്

മരിക്കുകയോ ഗുരുതരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ പ്രസ്തുത തൊഴിലാളികളുടെ കുടുംബത്തിന് ന്യായമായ നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 5 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കൽതുകയുള്ള പ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്ന കരാറുകാരന്റെ തൊഴിലാളികൾക്ക് ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങൾക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബാധകമായിട്ടുള്ള 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകളിന്മേൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ ഇത്തരം തൊഴിലാളികൾക്ക് ചികിത്സാസഹായം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥകളില്ല. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം കരാറുകാരനായിരിക്കും. 5 ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകട മരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ടപരിഹാര തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്/കരാറുകാരനിൽ നിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു.

(ബി&സി) 5 ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമമനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. നഷ്ടപരിഹാരത്തിന്റെ അർഹത പരിശോധിക്കുന്നതിനായുള്ള രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ആയവ പരിശോധിച്ച് അർഹമാണെന്ന് കണ്ടാൽ താമസംവിനാ കെ.എസ്.ഇ.ബി. ലിമിറ്റഡിൽനിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്.

(i) മരണാനന്തര നഷ്ടപരിഹാരം

- മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.

- ശവസംസ്കാര ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്. (1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം)

(ii) മാരകമല്ലാത്ത അപകടത്തിൽപ്പെടുന്ന കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം

- സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡ് നൽകുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ അവശതാ നഷ്ടപരിഹാരം.
- അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശിപാർശ ചെയ്തുകൊണ്ട് ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധമാസിക നഷ്ടപരിഹാരം.

ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിലും കോടതി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ ബഹുമാനപ്പെട്ട കോടതികൾ കാലതാമസമുണ്ടാക്കുന്ന സാഹചര്യങ്ങളിലും അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് അപകടം സംഭവിച്ച വ്യക്തി/മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

## മൂലമറ്റം വൈദ്യുതി നിലയത്തിൽ ജനറേറ്റർ പൊട്ടിത്തെറിച്ചുണ്ടായ അപകടം

277 (643) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലമറ്റം വൈദ്യുതി നിലയത്തിൽ ജനറേറ്റർ പൊട്ടിത്തെറിച്ച് ഉണ്ടായ അപകടത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത അപകടംമൂലം വൈദ്യുതി വകുപ്പിന് ഉണ്ടായ നഷ്ടം എത്രയാണെന്ന് അറിയിക്കാമോ;

(സി) ഇതുമൂലം വൈദ്യുതി ഉല്പാദനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മൂലമറ്റം വൈദ്യുതി നിലയത്തിന്റെ ജനറേറ്ററുകളുടെ അറ്റകുറ്റപണി സമയബന്ധിതമായി നടത്താത്തത് കാരണമാണോ അപകടം ഉണ്ടായത്; വ്യക്തമാക്കാമോ ;

(ഇ) ഇതുമൂലം പുറത്ത് നിന്നും അധിക വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജനറേറ്റർ പൊട്ടിത്തെറിച്ചല്ല അപകടമുണ്ടായത്. രണ്ടാം നമ്പർ ജനറേറ്ററിന്റെ എക്സൈറ്റേഷൻ ട്രാൻസ്ഫോർമറിന്റെ ബുഷിംഗ് കേടായതുമൂലമാണ് പൊട്ടിത്തെറിയുണ്ടായത്.

(ബി) ഏകദേശം 2 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ആളപായമില്ല.

(സി) 130 മെഗാവാട്ടിന്റെ കുറവുണ്ടായിട്ടുണ്ട്.

(ഡി) അറ്റകുറ്റപണികൾ സമയബന്ധിതമായിത്തന്നെ നടത്തുന്നുണ്ട്. അപകടമുണ്ടായത് ജനറേറ്ററുകളുടെ അറ്റകുറ്റപ്പണി നടത്താത്തത് കാരണമല്ല.

(ഇ) വൈകുന്നേരങ്ങളിലെ വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ജനവരി 21 മുതൽ 31 വരെയുള്ള കാലയളവിൽ 3.14 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി വാങ്ങുകയുണ്ടായി.

## കലഞ്ഞൂർ കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടം

278 (644) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ കലഞ്ഞൂരിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കലഞ്ഞൂർ പഞ്ചായത്ത് വക സ്ഥലത്ത് പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കലഞ്ഞൂർ പഞ്ചായത്തുവക സ്ഥലം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് ലഭ്യമാക്കിയിട്ടില്ല. അനുയോജ്യവും സൗകര്യപ്രദവുമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല.

## ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

279 (645) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ചാർജ്ജിംഗ് സ്റ്റേഷനുകൾ ഓരോ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വൈദ്യുതി ബോർഡിനെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചു.

ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ കേരളത്തിൽ എല്ലായിടത്തും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള EoI വിളിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള 6 കോർപ്പറേഷനിലെ സ്ഥലങ്ങളിൽ ഡി.സി. ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു.

കൂടാതെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം ജില്ലയിൽ ആറ് ചാർജ്ജിംഗ് പോയിന്റ് ഉൾപ്പെടുന്ന 32 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് 8.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽ EV ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനായി ഒരു സോഫ്റ്റ്‌വെയർ സംവിധാനം കെ.എസ്.ഇ.ബി. വികസിപ്പിച്ചുവരുന്നു. ടി

സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് ഓരോ സെക്ഷൻ ഓഫീസിന്റെയും പരിധിയിൽ EV ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും അതിലൂടെ ഇതുമായി ബന്ധപ്പെട്ട ഒരു ഡാറ്റാബാങ്ക് വികസിപ്പിച്ചെടുക്കാനും കഴിയുന്നതാണ്.

## മൂവാറ്റുപുഴ-പോത്താനിക്കാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണം

280 (646) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-പോത്താനിക്കാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഓഫീസ് നിർമ്മാണത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) പോത്താനിക്കാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിർമ്മാണത്തിനുള്ള കരാർ 31-12-2019-ൽ ഷാജു സി. സ്കറിയ എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്.

(ബി) കെട്ടിടനിർമ്മാണത്തിന് 48 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ നിർമ്മാണം 2020 ആഗസ്റ്റ് മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കോതമംഗലം സബ് സ്റ്റേഷൻ

281 (647) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള 66 കെ.വി. യിൽ നിന്നും എത്ര കെ.വി. വരെയാണ് പ്രസ്തുത സബ് സ്റ്റേഷന്റെ ശേഷി ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സബ് സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും, ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും, ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി മൊത്തമായി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം 220 KV സബ്സ്റ്റേഷന്റെ നിർമ്മാണം 60% പൂർത്തിയായി. അനുബന്ധ കെ.വി. ലൈനിന്റെ പണിയും പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി) നിലവിലുള്ള 66 കെ.വി.-യിൽ നിന്നും 220 കെ.വി.ആയി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) 220/110 കെ.വി. ലൈൻ കറുകടത്തുവച്ച് പഴയ ഇടുക്കി-മാടക്കത്തറ ലൈനുമായി യോജിപ്പിച്ച് 3.6 കി.മീറ്ററോളം വലിച്ച് കോതമംഗലം സബ്സ്റ്റേഷനിൽ എത്തിച്ചാണ് 220 കെ.വി. സപ്ലൈ പ്രസ്തുത സബ്സ്റ്റേഷനിൽ ലഭ്യമാക്കുന്നത്. ഈ ലൈനിന്റെ നിർമ്മാണം പൂർത്തിയായി. രണ്ട് 220/110 കെ.വി. 100 മെഗാവാട്ട് ട്രാൻസ്ഫോർമറുകളിൽ ഒരെണ്ണവും രണ്ട് 110/11 കെ.വി 20 മെഗാവാട്ട് ട്രാൻസ്ഫോറുകളും സ്ഥാപിച്ചുകഴിഞ്ഞു. ടവറുകളും ഉപകരണങ്ങളും സ്ഥാപിക്കുന്ന ജോലി 60% പൂർത്തിയായി. കൺട്രോൾ റൂമിന്റെ പണി 90% പൂർത്തിയായി. ബാക്കി പ്രവൃത്തികൾ 2020 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സബ്സ്റ്റേഷൻ ഭാഗികമായി 2020 മാർച്ച് മാസത്തിൽത്തന്നെ കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) കോതമംഗലം സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് 63.60 കോടി രൂപയും അനുബന്ധ ലൈൻ നിർമ്മാണത്തിന് 10.30 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

(ഇ) പ്രസ്തുത പ്രവൃത്തി പൂർണ്ണമായും 2020 ജൂലൈയിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മഞ്ചേശ്വരം മണ്ഡലത്തിലെ വൈദ്യുതി മുടക്കം**

282 (648) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കടമ്പാർ, കുബനൂർ സബ്സ്റ്റേഷന്റെ പരിധിയിലുള്ള വൊർക്കടി, പൈവളിഗെ, മഞ്ചേശ്വരം, ഉപ്പള എന്നീ

സെക്ഷനുകളിൽ നിരന്തരമായി വൈദ്യുതി മുടങ്ങുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) നിരന്തരം വൈദ്യുതി മുടങ്ങുന്നത് കാരണം ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുഞ്ചത്തൂർ മുതൽ തവിട്ഗോളി വരെ നിലവിലുള്ള 110 കെ.വി. സിംഗിൾ സർക്ക്യൂട്ട് ട്രാൻസ്മിഷൻ ലൈൻ ഡബിൾ സർക്ക്യൂട്ടാക്കുന്നതിന്റെ ഭാഗമായി ഡിസംബർ, ജനുവരി മാസങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിലെ കടമ്പാർ, കബനൂർ സബ്സ്റ്റേഷൻ പരിധിയിലുള്ള വോർക്കാടി, പൈവളിഗെ, മഞ്ചേശ്വരം, ഉപ്പള എന്നീ സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ മുൻകൂട്ടി തീരുമാനിച്ചത് പ്രകാരമുള്ള വൈദ്യുതി തടസ്സമുണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ജനുവരി 12-നു പൂർത്തീകരിച്ചിട്ടുണ്ട്.

ഇനിയും ഇതുപോലെയുള്ള പ്രവൃത്തികൾ ചെയ്യേണ്ടിവരുമ്പോൾ വൈദ്യുതി തടസ്സം കുറയ്ക്കുവാനായി ഏറ്റവും ചുരുങ്ങിയ കാലയളവിനുള്ളിൽ പ്രവൃത്തികൾ ചെയ്തുതീർക്കുവാനും മുൻകൂട്ടി ഉപഭോക്താക്കളെ പത്രമാധ്യമങ്ങളിൽക്കൂടിയും ദൃശ്യമാധ്യമങ്ങളിൽക്കൂടിയും അറിയിക്കുവാനും വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## മൂവാറ്റുപുഴ-മാറാടി സബ്സ്റ്റേഷൻ നിർമ്മാണം

283 (649) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ-മാറാടി സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കുന്നതിലെ കാലതാമസം എന്താണെന്നും അത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 110 കെ.വി. വോൾട്ടേജ് നിലവാരത്തിൽ പണിതീർത്തിട്ടുള്ള മാറാടി

സബ്സ്റ്റേഷൻ 29-3-2018 മുതൽ 66 കെ.വി. വോൾട്ടതയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. ഒരു 10 എം.വി.എ. ട്രാൻസ്ഫോർമർ വഴി 11 കെ.വി. ലൈനിലൂടെ വൈദ്യുതി വിതരണം സുഗമമായി നടന്നുവരുന്നു. കോതമംഗലത്തുനിന്നും കൂത്താട്ടുകുളത്തു നിന്നും 66 കെ.വി. ലൈനിലൂടെ നിലവിൽ മാറാടി സബ്സ്റ്റേഷനിൽ വൈദ്യുതി ലഭ്യമാകുന്നുണ്ട്.

(ബി) കോതമംഗലം 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ 110 കെ.വി. സപ്ലൈ മാറാടിയിൽ എത്തിക്കുവാൻ സാധിക്കും. കോതമംഗലം 220 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണപ്രവൃത്തികൾ ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ ഭാഗമായി പുരോഗമിച്ചുവരുന്നു. ഇത് മാർച്ച് 2020-ൽ പൂർത്തിയാകുന്നമുറയ്ക്ക് മാറാടി സബ്സ്റ്റേഷനെ 110 കെ.വി. വോൾട്ടതയിലേയ്ക്ക് ഉയർത്താനാകും. മാറാടി സബ്സ്റ്റേഷനിൽ 110 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. 110 കെ.വി. ഫീഡർ ബേയുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അന്തിമഘട്ടത്തിലാണ്. 2020 മേയ് മാസത്തോടുകൂടി ഈ സബ്സ്റ്റേഷൻ 110 കെ.വി. ലെവലിൽ ചാർജ്ജ് ചെയ്യുവാനായി ലക്ഷ്യമിട്ടിരിക്കുന്നു.

## വല്ലപ്പുഴ 33 കെ.വി. സബ് സ്റ്റേഷൻ

284 (650) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ പഞ്ചായത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വല്ലപ്പുഴ 33 കെ.വി. സബ്സ്റ്റേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; പദ്ധതിയുടെ പൂർത്തീകരണത്തിന് എത്ര സമയമെടുക്കും; വ്യക്തമാക്കാമോ?

### ഉത്തരം

(എ &ബി) പട്ടാമ്പി മണ്ഡലത്തിലെ വല്ലപ്പുഴ പഞ്ചായത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. എന്നാൽ സമീപ പ്രദേശമായ കീഴായൂരിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഈ സബ്സ്റ്റേഷൻ ഈ വർഷാവസാനത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. വല്ലപ്പുഴയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പ്രസ്തുത സബ്സ്റ്റേഷനിൽനിന്നും വല്ലപ്പുഴയ്ക്ക് ഒരു 11 കെ.വി. ഫീഡർ അനുവദിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ എണ്ണത്തിലുണ്ടായിട്ടുള്ള കുറവ്

285 (651) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുത ബോർഡിൽ സാങ്കേതിക വൈദഗ്ദ്ധ്യം ഉള്ള ജീവനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ബോർഡ് എന്തെങ്കിലും പഠനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ;

(സി) വിദഗ്ദ്ധ ജീവനക്കാരുടെ കുറവ് എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ജീവനക്കാരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റിട്ടയർമെന്റുകളും പ്രൊമോഷനുകളും നടക്കുന്നതിനനുസരിച്ച് കാലാകാലങ്ങളിൽ ചില തസ്തികകളിലെ ജീവനക്കാരുടെ ഒഴിവുകളുണ്ടാകാറുണ്ട്. ഇത് നിയമനങ്ങളും പ്രൊമോഷനുകളും മുഖാന്തരം നികത്താറുണ്ട്.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തിക

286 (652) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഊർജ്ജ വകുപ്പും കെ.എസ്.ഇ.ബി.യും കേരള സർക്കാരും തമ്മിൽ ഒപ്പുവച്ച ഉദയ് പദ്ധതിക്കായുള്ള ധാരണാപത്രത്തിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ധാരണ പ്രകാരം പ്രതിമാസം 200 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും 2019 ഡിസംബർ 31-ന് മുമ്പ് സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതുണ്ടായിരുന്നോ;

(സി) എങ്കിൽ ഇത് പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് വഴി മീറ്റർ റീഡർമാരുടെ എത്ര തസ്തികകളാണ് കെ.എസ്.ഇ.ബി.യിൽ നഷ്ടമാകുന്നത് എന്നറിയിക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർമാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരും കേരള സർക്കാരും കേരള ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ഒപ്പുവച്ച ഉദയ് ത്രികക്ഷി കരാർ പ്രകാരമുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

<u>കേന്ദ്ര സർക്കാർ</u>

കൽക്കരി മന്ത്രാലയം വഴി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിനുള്ള ആഭ്യന്തര കൽക്കരി വിതരണത്തിൽ വർദ്ധന വരുത്തേണ്ടതും പവർ പ്ലാന്റുകൾക്കുള്ള കൽക്കരി അനുയോജ്യമായ സ്ഥലത്തുനിന്ന് ഏറ്റവും ചെലവുകുറഞ്ഞ നിരക്കിൽ ലഭ്യമാക്കേണ്ടതും കാര്യക്ഷമതയില്ലാത്ത പ്ലാന്റുകളിൽനിന്നും കാര്യക്ഷമത കൂടിയവയിലേയ്ക്കും ഖനിക്ക് അകലെയുള്ള പ്ലാന്റുകളിൽനിന്നും ഖനിക്ക് അനുബന്ധമായുള്ള പ്ലാന്റുകളിലേയ്ക്ക് കൽക്കരി മാറ്റിനൽകൽ ഉദാരമായി അനുവദിക്കുകയും ഓരോ ഖനികളും പുനർനിർണ്ണയത്തിന് വിധേയമാക്കി കൽക്കരിയുടെ ശ്രേണിയിലുള്ള ച്യുതിക്ക് (coal grade slippage) തിരുത്തൽ നടപടി ഉറപ്പുവരുത്തുകയും കേരള സംസ്ഥാനം ആവശ്യപ്പെടുകയാണെങ്കിൽ 2018 ഒക്ടോബർ ഒന്നാം തീയതി മുതൽ G10 ഗ്രേഡോ അതിനുമുകളിലുള്ളതോ ആയ 100 ശതമാനം ശുദ്ധീകരിച്ച കൽക്കരി (washed coal) നൽകാൻ കോൾ ഇന്ത്യയോട് നിർദ്ദേശിക്കേണ്ടതും കേരള സർക്കാർ ആവശ്യപ്പെടുകയാണെങ്കിൽ 2016 ഏപ്രിൽ ഒന്നാം തീയതി മുതൽ 100 ശതമാനം പൊടിച്ച കൽക്കരിയുടെ (crushed coal) വിതരണം കോൾ ഇന്ത്യയിൽനിന്നും ഉറപ്പുവരുത്തേണ്ടതും അന്തർ സംസ്ഥാന പ്രസരണ ലൈനുകളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കേണ്ടതും വിജ്ഞാനപ്പെടുത്തിയ വിലയ്ക്ക് സംസ്ഥാനത്തിന് കൽക്കരി അനുവദിക്കേണ്ടതും അതനുസരിച്ച് സംസ്ഥാനം താരിഫ് ആധാരമായ ലേല നടപടി (tariff based bidding) പിന്തുടരേണ്ടതുമാണ്.

കേരള സർക്കാർ

സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/ടൗൺ മുനിസിപ്പാലിറ്റികളിലുള്ള എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റാൻ സംസ്ഥാനത്തെ വൈദ്യുതി ഉല്പാദന യൂണിറ്റുകളുടെ കാര്യക്ഷമത വർദ്ധന കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് സർക്കാർ വകുപ്പുകൾ നൽകാനുള്ള കുടിശ്ശിക 2019 മാർച്ച് 31-നുമുമ്പായി അടച്ചുതീർക്കാൻ ഇനിമുതൽ ബാങ്കുകളോ ധനകാര്യ സ്ഥാപനങ്ങളോ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നഷ്ടം നികത്താനായി ഹ്രസ്വകാല കടം നൽകാതിരിക്കുവാൻ തുടങ്ങിയ കാര്യങ്ങളിൽ നടപടിയെടുക്കേണ്ടതാണ്. കേരള സർക്കാർ ലക്ഷ്യപ്രകാരമുള്ള നിശ്ചിത സമയത്തുള്ള താരിഫ് വർദ്ധന, പ്രവർത്തന ലക്ഷ്യങ്ങൾ ഇവ ഉറപ്പുവരുത്തുന്നതിനായി പരിശ്രമിക്കേണ്ടതും ഒരു സംസ്ഥാന ധനകാര്യ പ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനം എല്ലാ മാസവും സംസ്ഥാനതലത്തിൽ വിലയിരുത്തേണ്ടതുമാണ്.

കെ.എസ്.ഇ.ബോർഡ്: AT&C നഷ്ടം 2014-15 സാമ്പത്തിക വർഷത്തിലെ 11.91 ശതമാനത്തിൽനിന്ന് നിശ്ചയിച്ച രീതിയിൽ 2018-19-ൽ 11 ശതമാനമായി കുറയ്ക്കാൻ പരിശ്രമിക്കേണ്ടതാണ്. കൂടാതെ 2018-19 സാമ്പത്തിക വർഷത്തോടെ സപ്ലൈക്കുള്ള ശരാശരി ചെലവും സമാഹരിച്ച ശരാശരി വരവും തമ്മിലുള്ള വിടവില്ലാതാക്കണം. പ്രസരണനഷ്ടം 2015-16 സാമ്പത്തിക വർഷത്തെ 4.45 ശതമാനത്തിൽനിന്ന് നിശ്ചയിച്ച രീതിയിൽ 2018-19-ൽ 4.40 ശതമാനമായി കുറയ്ക്കാൻ പരിശ്രമിക്കേണ്ടതാണ്. കൂടാതെ DDUGJY-ലും IPDS-ലും നിർവ്വഹിച്ച പ്രകാരം പ്രവർത്തന നാഴികക്കല്ലുകൾ കൈവരിക്കേണ്ടതാണ്. വിതരണ വിഭാഗം നഷ്ടം കുറയ്ക്കാനായി വൈദ്യുത മോഷണം നിയന്ത്രിക്കാൻ ഇടയ്ക്കിടെ പേര് കളങ്കപ്പെടുത്തുന്ന (name shame) പ്രചാരണം നടത്തേണ്ടതും വിവിധ തലങ്ങളിൽ മേഖലാടിസ്ഥാനത്തിൽ നഷ്ടം കുറയ്ക്കാനുള്ള ലക്ഷ്യം തയ്യാറാക്കുകയും ബന്ധപ്പെട്ട ഓഫീസർമാരെ ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉത്തരവാദിത്തപ്പെട്ടവരാക്കുകയും AT&C നഷ്ടം കുറഞ്ഞ മേഖലകളിൽ സപ്ലൈ നൽകുന്ന സമയം കൂട്ടുകയും ചെയ്യണം. മീറ്റർ മാറ്റുന്നത് പിന്തുടരുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും ദൈനംദിന പുരോഗതി എന്നിവ ഉന്നത മാനേജ്മെന്റിനെ അറിയിക്കുന്നതിനും പ്രവർത്തന നിരീക്ഷണം മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കേണ്ടതുമാണ്. 2018 മാർച്ച് 30-ഓടെ നഗരമേഖലയിലും ഗ്രാമീണ മേഖലയിലുമുള്ള എല്ലാ വിതരണ ട്രാൻസ്ഫോർമറുകളും മീറ്റർ ചെയ്യും. ഫീഡർ മീറ്ററിംഗിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് നൂറ് ശതമാനം നേട്ടം കൈവരിച്ചിട്ടുണ്ട്. കൂടാതെ 2017 ജൂൺ 30-ഓടെ സ്പീഡർ മീറ്ററുകളെല്ലാം AMR ആക്കാൻ നടപടിയെടുക്കും. ഗ്രാമീണ മേഖലയിൽ ഊർജ്ജ ഓഡിറ്റ് 11 കെ.വി. തലംവരെ

നടന്നുവരുന്നത് മാർച്ച് 2018-ഓടെ പൂർത്തീകരിക്കും. ശൃംഖല ശാക്തീകരിക്കുന്നതിനും ഉത്തമവൽക്കരിക്കുന്നതിനും ഫീഡർ ഇംപ്രൂവ്മെന്റ് പ്രോഗ്രാം കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ പദ്ധതികൾ പ്രകാരം പുരോഗമിക്കുന്നു. ഇതിൽ പൂർണ്ണ ലക്ഷ്യം മാർച്ച് 2018-ഓടെ കൈവരിക്കും. 2017 ഡിസംബർ 31-ഓടെ പ്രതിമാസം 200 യൂണിറ്റുകളിൽ കൂടുതലുപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കാൻ നടപടിയെടുക്കും. 24 x 7 എല്ലാവർക്കും വൈദ്യുതി തീരുമാനിക്കപ്പെട്ട സമയക്രമത്തിന് രണ്ട് വർഷം മുമ്പുതന്നെ 2017-ഓടെ സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കും. 2018 മാർച്ചോടെ ചെലവ് കുറയ്ക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാൻ ERP സംവിധാനവും നടപ്പിലാക്കേണ്ടതാണ്. ഇതുകൂടാതെ ഡിമാന്റ് സൈഡ് മാനേജ്മെന്റിനും താരിഫ് സംബന്ധമായ കാര്യങ്ങൾക്കായും ജീവനക്കാർക്ക് തൊഴിലിലുള്ള ആഭിമുഖ്യവും പങ്കാളിത്തവും വളർത്താനും ഉപഭോക്താക്കൾക്കുവേണ്ടി കേന്ദ്രീകൃത കാൾ സെന്റർ സേവനങ്ങളും ബില്ല് അടയ്ക്കാനായി പുതിയ മാർഗ്ഗങ്ങളും മേഖലകളും തുറക്കാനും ആവശ്യമായ നടപടികളെടുക്കേണ്ടതാണ്. കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് മത്സരസ്വഭാവമുള്ളതും സ്വകാര്യമായതുമായ ദർഘാസുകൾ വഴി വേണം വൈദ്യുതി വാങ്ങലെന്നും കരാറിൽ വ്യവസ്ഥ ചെയ്യുന്നു.

(ബി) ഉദയ് ത്രികക്ഷി ധാരണ പ്രകാരം പ്രതിമാസം 200 യൂണിറ്റിനുമുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും 2019 ഡിസംബർ 31-നുമുമ്പ് സ്മാർട്ട് മീറ്റർ സ്ഥാപിക്കേണ്ടതുണ്ടായിരുന്നു.

(സി) ഉദയ് പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് പ്രാവർത്തികമാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഉദയ് പദ്ധതിയിലുൾപ്പെട്ട സംസ്ഥാനമെന്ന നിലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി വിവരസാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള 3.2 ലക്ഷം ഉപഭോക്താക്കൾക്ക് (6 കോർപ്പറേഷനുകളിലെ തെരഞ്ഞെടുക്കപ്പെട്ട 17 ഇലക്ട്രിക്കൽ സെക്ഷനുകളിലെ എല്ലാ ഉപഭോക്താക്കൾക്കും) ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഇതുപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കാൻവേണ്ടി വിളിച്ച ടെണ്ടറിൽ ഒരു കമ്പനി മാത്രമാണ് പങ്കെടുത്തത്. ആ കമ്പനി സാങ്കേതികമായി അയോഗ്യരുമായി. അതിനാൽ വീണ്ടും കമ്പനികളെ തെരഞ്ഞെടുക്കാനുള്ള റീ-ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കേന്ദ്ര ഊർജ്ജ വകുപ്പും കേരള സർക്കാരും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരം സ്മാർട്ട് മീറ്ററിന്റെ ഉപയോഗം കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കാൻ സാദ്ധ്യതയുള്ളതുകൊണ്ടും കെ.എസ്.ഇ.ആർ. കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് പഠനം നടത്തി കോഴിക്കോട് ഐ.ഐ.എം. നൽകിയിട്ടുള്ള റിപ്പോർട്ടിന്റെ വെളിച്ചത്തിലും പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (പി.ഡി.എ.) വിദ്യകൾ ബോർഡിൽ നടപ്പിലാക്കിയതിന്റെയും മറ്റ് ചെലവ് ചുരുക്കലുകളുടെയും ഭാഗമായി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിലെ മീറ്റർ റീഡർ തസ്തികയുടെ എണ്ണം 1721-ൽ 799 എണ്ണം കുറയ്ക്കാൻ (ബാക്കി കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ വരുന്ന മീറ്റർ റീഡർ തസ്തിക 922) ബോർഡ് ഓർഡർ നമ്പർ B.O. (DB) No. 494/2018 (Estt. II/6718/2016/23.02.2018) പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ ബോർഡിനെതിരെ ഫയൽ ചെയ്തിരുന്ന WP(C) No. 30039/2016 കേസിൽ ജനുവരി 4, 2018-ലെ വിധിന്യായത്തിൽ 799 മീറ്റർ റീഡറുടെ തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഉത്തരവായിരുന്നതിനാൽ പ്രസ്തുത വിധിക്കെതിരെ കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ് ഫയൽ ചെയ്ത WA No. 173/2018-ന്റെ അന്തിമവിധിക്ക് വിധേയമായിക്കൊണ്ടാണ് 799 മീറ്റർ റീഡർ തസ്തിക കുറവുചെയ്ത് മേൽപരാമർശിച്ച ബോർഡ് ഉത്തരവിറക്കിയത്. തുടർന്ന് WA No. 173/2018-ലെ 2019 ജൂലൈ 15 തീയതിയിലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം WP (C) No. 30039/2016 എന്ന റിട്ട് പെറ്റീഷൻ തള്ളുകയുണ്ടായി.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിൽ മീറ്റർ റീഡർ തസ്തികയിൽ ആർക്കും നിയമനം നൽകിയിട്ടില്ല.

## വൈദ്യുതി ബോർഡിന് കൈമാറിയ ഭൂമി

287 (653) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പൊൻമുടി ഡാം പ്രദേശത്ത് കെ.എസ്.ഇ.ബി.-ക്ക് റവന്യൂ വകുപ്പ് കൈമാറിയ സ്ഥലത്ത് നിന്നും 21 ഏക്കർ സ്ഥലം അമ്യൂസ്മെന്റ് പാർക്ക് സ്ഥാപിക്കുന്നതിനായി രാജാക്കാട് സഹകരണ ബാങ്കിന് കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത സഹകരണ ബാങ്ക് കെ.എച്ച്.റ്റി.സി.-ക്ക് എത്ര ശതമാനം വരുമാന പങ്കാളിത്തമാണ് ഉറപ്പ് നൽകിയിട്ടുള്ളത്;

(സി) അമ്യൂസ്മെന്റ് പാർക്ക് നിർമ്മാണത്തിനായി ടെൻഡർ ക്ഷണിച്ചിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് അതിൽ പങ്കെടുത്തത്; ഓരോ സ്ഥാപനവും നൽകിയ ഓഫറുകൾ എന്തൊക്കെയായിരുന്നു;

(ഡി) പ്രത്യേക ആവശ്യത്തിനായി വൈദ്യുതി ബോർഡിന് കൈമാറിയ തരിശ് ഭൂമി ബോർഡ് മറ്റൊരു സ്ഥാപനത്തിന് മറിച്ച് പാട്ടത്തിന് നൽകിയത് നിയമവിധേയമല്ലെന്ന് 7-11-2019-ലെ നക്ഷത്രചിഹ്നമിടാത്ത 3188-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി റവന്യൂ വകുപ്പ് മന്ത്രി മറുപടി നൽകിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ പുറമ്പോക്ക് ഭൂമിയുടെ അവകാശം റവന്യൂ വകുപ്പിന് ആയിരിക്കെ നിയമവിരുദ്ധമായി ഭൂമി സഹകരണ ബാങ്കിന് കൈമാറ്റം ചെയ്ത നടപടി പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡിന്റെ പൊൻമുടി ഡാം പ്രദേശത്ത് ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനായി കേരള ഹൈഡൽ ടൂറിസം സെന്ററും രാജാക്കാട് സഹകരണ ബാങ്കും തമ്മിലുള്ള വരുമാന പങ്കിടൽ പദ്ധതിയുടെ ഭാഗമായി കേരള ഹൈഡൽ ടൂറിസം സെന്ററിന് പ്രസ്തുത പ്രദേശം ടൂറിസം പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് അനുമതി നൽകുകയാണുണ്ടായത്. പ്രസ്തുത 21 ഏക്കർ സ്ഥലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ അധീനതയിൽ തന്നെയാണുള്ളത്.

(ബി) 20% വരുമാന പങ്കാളിത്തമാണ് ഉറപ്പുനൽകിയിട്ടുള്ളത്.

(സി) കെ.എച്ച്.റ്റി.സി. ടെൻഡർ ക്ഷണിച്ചിരുന്നു. 4 സഹകരണ സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തിരുന്നു.

1. മലനാട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
2. രാജാക്കാട് റൂറൽ വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.
3. രാജാക്കാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 342.
4. നാഷണൽ എനർജി വേസ്റ്റ് മാനേജ്മെന്റ് കോ-ഓപ്പറേറ്റീവ് മൾട്ടി പർപ്പസ് സൊസൈറ്റി.

ഇവയിൽ രണ്ടും നാലും നമ്പരായി കാണിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ നിരതദ്രവ്യം വച്ചിട്ടില്ലാതിരുന്നതിനാൽ അവരുടെ ടെണ്ടറുകൾ അസാധുവായി പരിഗണിക്കുകയുണ്ടായി.

സാധുവായ ടെണ്ടറുകളിൽ ക്രമനമ്പർ ഒന്നായി കാണിച്ചിരിക്കുന്ന സ്ഥാപനം 16% വരുമാന വിഹിതവും ക്രമനമ്പർ മൂന്നായി കാണിച്ചിട്ടുള്ള സ്ഥാപനം അതായത് രാജാക്കാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് 20% വരുമാന വിഹിതവുമാണ് ഓഫറായി നൽകിയത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡ് യാതൊരു ഭൂമിയും നിയമവിരുദ്ധമായി ഏതെങ്കിലും സഹകരണ ബാങ്കിന് കൈമാറിയിട്ടില്ല. ഇക്കാര്യത്തിൽ ലഭിച്ച പരാതി (ഫയൽ നമ്പർ A2/245/19/RD) റവന്യൂ വകുപ്പിൽ പരിശോധിച്ചുവരുന്നു.

## വയനാട് ജില്ലയിൽ നടന്ന വൈദ്യുതി അദാലത്ത്

288 (654) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടന്ന വൈദ്യുതി അദാലത്തിൽ ആകെ എത്ര പരാതികൾ ലഭിച്ചു ;

(ബി) ഇതിൽ എത്ര പരാതികൾ തീർപ്പാക്കിയെന്നും തീർപ്പാക്കാനുള്ളവ എത്രയെന്നും വ്യക്തമാക്കാമോ ;

(സി) ഇത്തരം പരിപാടികൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ നടന്ന വൈദ്യുതി അദാലത്തിൽ ആകെ 158 പരാതികളാണ് ലഭിച്ചത്.

(ബി) ഇതിൽ 136 പരാതികൾ തീർപ്പാക്കി, 22 പരാതികൾ കൂടുതൽ അന്വേഷണം ആവശ്യമുള്ളതിനാൽ തീർപ്പാക്കുവാൻ ബാക്കിയുണ്ട്.

(സി) തുടർന്നുള്ള വർഷങ്ങളിലും വൈദ്യുത അദാലത്തുകൾ നടത്തുന്ന കാര്യം ആവശ്യാനുസരണം പരിഗണിക്കുന്നതാണ്.

## മണ്ണന്തല സർക്കാർ പ്രസ്സിലെ വാർഷിക പരിശോധന

289 (655) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് 2018-19, 2019-20 കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല സർക്കാർ പ്രസ്സിൽ വാർഷിക പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഈ പ്രസ്സിലെ ഹൈടെൻഷൻ സംവിധാനത്തിന്റെ പരിപാലനത്തിനായി പര്യാപ്തമായ യോഗ്യതയുള്ള ജീവനക്കാരുടെ കുറവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരത്തിലുള്ള ജീവനക്കാരുടെ കുറവ് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് 2018-19 കാലയളവിൽ മണ്ണന്തല സർക്കാർ പ്രസ്സിൽ വാർഷിക പരിശോധന നടത്തിയിട്ടില്ല. എന്നാൽ 2019-20 കാലയളവിലെ വാർഷിക പരിശോധന 2020 ജനുവരി മാസത്തിൽ നടത്തിയിട്ടുണ്ട്.

(ബി) ഇല്ല. മണ്ണന്തല സർക്കാർ പ്രസ്സിൽ 500 കെ.വി.എ. ട്രാൻസ്ഫോർമറുള്ള ഹൈടെൻഷൻ സംവിധാനമാണ് നിലവിലുള്ളത്. ഈ സംവിധാനത്തിന്റെ പരിപാലനത്തിനായി ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയുള്ള ഒരു ചാർജ്കാരനും ഓരോ ഷിഫ്റ്റിലും ഇലക്ട്രിക്കൽ ഐ.ടി.ഐ. യോഗ്യതയുള്ള രണ്ട് ഇലക്ട്രീഷ്യൻമാരുമാണ് ആവശ്യമുള്ളത്. രണ്ട് ഷിഫ്റ്റുകളിലായി പ്രവർത്തിക്കുന്ന മണ്ണന്തല സർക്കാർ പ്രസ്സിന്റെ ഹൈടെൻഷൻ സംവിധാനത്തിന്റെ പരിപാലനത്തിനായി ഡിപ്ലോമ യോഗ്യതയുള്ള ഒരു ചാർജ്ജുകാരനും നാല് ഇലക്ട്രീഷ്യൻമാരുമുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) ബാധകമല്ല.

## പറമ്പിൽ പീടിക, ചേലേമ്പ്ര എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി. സെക്ഷനുകൾ

290 (656) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ചേളാരി, തലപ്പാറ, കുന്നുംപുറം സെക്ഷനുകൾ വിഭജിച്ച് പറമ്പിൽ പീടിക കേന്ദ്രമാക്കി പുതിയ കെ.എസ്.ഇ.ബി. സെക്ഷനും രാമനാട്ടുകര, കടലുണ്ടി, പുളിക്കൽ, ചേളാരി സെക്ഷനുകൾ വിഭജിച്ച് ചേലേമ്പ്ര കേന്ദ്രമാക്കി പുതിയ കെ.എസ്.ഇ.ബി. സെക്ഷനും രൂപീകരിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഫയൽ നമ്പർ സഹിതം വിശദവിവരം നൽകാമോ?

ഉത്തരം

(എ) പറമ്പിൽ പീടിക, ചേലേമ്പ്ര എന്നിവിടങ്ങൾ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) രണ്ട് നിവേദനങ്ങളും ബോർഡ് പരിശോധിച്ചിരുന്നു. ഇവയുടെ ഫയൽ നമ്പർ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പറമ്പിൽ പീടിക | - D(D&GE/D5/AE5/NS Parambil Peedika/73/2014 (പഴയത്) |
| Renamed as | - D(D&S)/D6-AE2/NS-Parambil Peedika/2014 |
| പുതിയ നമ്പർ | - D(D&IT)/D6-AE2/New section/2016-17/0048 |
| ചേലേമ്പ്ര | - D(D&IT)/D6-AE2/New section/2017-18/0010 |

പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

## ചെറുതോണിയിലും പരിസര പ്രദേശങ്ങളിലും വ്യാപാര സ്ഥാപനങ്ങൾക്കുണ്ടായ നാശനഷ്ടം

291 (657) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ൽ ഇടുക്കി ഡാമിൽ അമിതമായി എത്തിയ വെള്ളം തുറന്നുവിട്ടതിനെ തുടർന്ന് ചെറുതോണിയിലും പരിസര പ്രദേശങ്ങളിലും വ്യാപാര സ്ഥാപനങ്ങൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് വകുപ്പുമുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

2018-ലെ വെള്ളപ്പൊക്കംമൂലം ചെറുതോണിയിലും പരിസര പ്രദേശങ്ങളിലുമുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങളുണ്ടായത് സംബന്ധിച്ച് നേരിട്ട് പരാതികളൊന്നും വൈദ്യുതി ബോർഡ് ലിമിറ്റഡിനോ ഊർജ്ജ വകുപ്പിനോ ഇതുവരെ ലഭിച്ചിട്ടില്ല.

**പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി**

292 (658) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും വർഷത്തിൽ എത്ര മാസമാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്; ഏതൊക്കെ മാസങ്ങളിലാണ് വൈദ്യുതി ഉൽപ്പാദനം നിർത്തിവയ്ക്കുന്നത്; അങ്ങനെ നിർത്തി വയ്ക്കുന്നതിനുള്ള കാരണമെന്താണ്; വിശദമാക്കാമോ;

(സി) വൈദ്യുതി ഉൽപ്പാദനം കാരണം പ്രസ്തുത പദ്ധതിയിൽ നിന്നുള്ള കുടിവെള്ള വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിന്നുള്ള കുടിവെള്ള വിതരണം നിലച്ചതിനാൽ മലയോരമേഖലയിലെ ജനങ്ങൾക്ക് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പദ്ധതിയിലെ വൈദ്യുതോൽപ്പാദനം വേനൽ സമയത്ത് നിർത്തിവച്ച് ഡാം തുറന്ന് വെള്ളം ഒഴുക്കിവിട്ട് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഉല്പാദനശേഷി 6 മെഗാവാട്ടാണ്. 3 മെഗാവാട്ട് വീതം ശേഷിയുള്ള 2 ജനറേറ്ററുകളാണ് ഇവിടെ സ്ഥാപിച്ചിട്ടുള്ളത്.

(ബി) ഈ പദ്ധതിയിൽനിന്നും വർഷത്തിൽ 8 മാസമാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. ജൂൺ മാസം മുതൽ 6 മാസം പൂർണ്ണ തോതിലും ഡിസംബർ, ജനുവരി മാസങ്ങളിൽ ഭാഗിക ഉൽപ്പാദനവുമാണ് നടക്കുന്നത്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മേയ് എന്നീ മാസങ്ങളിൽ ജലദൗർലഭ്യം മൂലവും ഇതിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനുമായിട്ടാണ് ഉല്പാദനം നിർത്തിവയ്ക്കുന്നത്.

(സി) കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം തടസ്സപ്പെടുന്നത് ജല അതോറിറ്റി അധികൃതർ രേഖാമൂലം അറിയിക്കാറുണ്ട്. അതിൻ പ്രകാരമുള്ള വൈദ്യുതി ബോർഡിന്റെ ഉത്തരവ് B.O(FTD) No.407/2019 (D) (GE) P-

Aruvi/2019-20/Thiruvananthapuram dated 20-5-2019 പ്രകാരവും പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ തടയണയിൽ സ്ഥാപിച്ചിട്ടുള്ള സ്ലൂയിസ് ഗേറ്റ് വേനൽക്കാലത്ത് സ്ഥിരമായി 7 സെ.മീ. ഉയർത്തിവച്ച് കുടിവെള്ള പദ്ധതികൾക്കാവശ്യമായ ജലം ലഭ്യമാക്കാറുണ്ട്.

(ഡി) B.O(FTD) No. 407/2019(D) (GE) P-Aruvi/2019-20/ Thiruvananthapuram dated 20-05-2019 പ്രകാരം ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്ലൂയിസ് ഗേറ്റ് വേനൽക്കാലത്ത് 7 സെ.മീ. ഉയർത്തിവരുന്നതാണ്. പെരുന്തേനരുവിയിൽ പുതിയ ഡാം നിർമ്മിച്ചതിനാൽ വേനൽക്കാലത്ത് ലഭ്യമാകുന്ന നീരൊഴുക്ക് സംഭരിച്ച് പ്രസ്തുത പദ്ധതിയുടെ പരിസരത്ത് താമസിക്കുന്ന ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

### നിലമ്പൂർ മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി

293 (659) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി. സെക്ഷനുകളിൽ നടന്നുവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ സെക്ഷനുകളിലും പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഉപയോഗിക്കേണ്ടുന്ന ഉപകരണങ്ങൾക്ക് ക്ഷാമം നേരിടുന്നുണ്ടോയെന്നും എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റിനായി ദ്യുതി പദ്ധതിയിലുൾപ്പെടുത്തി നിലമ്പൂർ, കരുളായി, പൂക്കോട്ടുംപാടം, പോത്തുകല്ല്, എടക്കര, ചുങ്കത്തറ, വഴിക്കടവ്, മൂത്തേടം എന്നീ ഇലക്ട്രിക്കൽ സെക്ഷനാഫീസുകളിലായി താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു:

പുതിയ 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി -9 എണ്ണം.

നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി -2 എണ്ണം.

6 പ്രവൃത്തികളിലായി 5.9 കി.മീ. 11 കെ.വി. ലൈൻ വലിക്കുക.

46 പ്രവൃത്തികളിലായി 33.78 കി.മീ. സിംഗിൾ ഫേസ് ലൈൻ 3 ഫേസാക്കി മാറ്റുക.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ സെക്ഷനാഫീസുകളിലായി 108 ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സെക്ഷൻ | ട്രാൻസ്ഫോർമറുകളുടെ എണ്ണം |
|---|---|---|
| 1 | പോത്തുകല്ല് | 9 |
| 2 | നിലമ്പൂർ | 32 |
| 3 | എടക്കര | 11 |
| 4 | പൂക്കോട്ടുംപാടം | 16 |
| 5 | ചുങ്കത്തറ | 12 |
| 6 | വഴിക്കടവ് | 7 |
| 7 | കരുളായി | 8 |
| 8 | മൂത്തേടം | 13 |
| | ആകെ | 108 |

(സി) നിലവിൽ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള സാധന സാമഗ്രികളുടെ ക്ഷാമമില്ല.

**കേരള ബാങ്ക്**

294 (660) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും, നെറ്റ് വർത്തും ആർ.ബി.ഐ. മാനദണ്ഡം അനുസരിച്ചായിരിക്കണമെന്നും, അതിന് എന്തെങ്കിലും കുറവ് വന്നാൽ അത് സർക്കാർ നികത്തണമെന്നും നിബന്ധന ഉണ്ടായിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിബന്ധന സർക്കാർ പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി സർക്കാർ എന്ത് തുകയാണ് സംസ്ഥാന സഹകരണ ബാങ്കിന് നൽകിയത്; വിശദമാക്കുമോ;

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെ ക്രമരഹിത ഇടപെടൽമൂലം ആസ്തികൾ നഷ്ടമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി കരുതൽ സൂക്ഷിക്കണമെന്ന വ്യവസ്ഥയുടെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) റിസർവ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയപ്പോൾ അതിലൊരു നിബന്ധനയായി നിയമപരമായ മാനദണ്ഡപ്രകാരമുള്ള മൂലധനപര്യാപ്തതയും നെറ്റ്‌വർത്തും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) മൂലധന പര്യാപ്തതയും നെറ്റ്‌വർത്തും കൈവരിക്കുന്നതിനാവശ്യമായ തുക ആവശ്യംവരുന്നപക്ഷം സർക്കാർ സംസ്ഥാന സഹകരണ ബാങ്കിന് നൽകുമെന്ന് അന്തിമ അനുമതിക്ക് അപേക്ഷിക്കുന്ന വേളയിൽ റിസർവ് ബാങ്കിനെ അറിയിച്ചിരുന്നു. നിർദ്ദിഷ്ട കേരള ബാങ്കിന് 9% മൂലധന പര്യാപ്തത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്.

(സി) അസറ്റ് ക്വാളിറ്റി നിലനിർത്തുന്നതിനുവേണ്ടിയുള്ള ഇടപെടലുകളും ആസ്തികളുടെ ഭാഗമായി മൂല്യശോഷണത്തിന് തുല്യമായ തുക കരുതൽ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കുന്നുണ്ട്.

**കേരള ബാങ്ക്**

295 (661) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വന്തം ബാങ്കായ കേരള ബാങ്ക് നിലവിൽ വന്ന സാഹചര്യത്തിൽ എന്തെല്ലാം തരത്തിലുള്ള സഹായമാണ് പ്രസ്തുത ബാങ്ക് മുഖേന കർഷകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) കർഷകർക്ക് നൽകി വരുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പാട്ടഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് (കെ.സി.സി.) ബാധകമാക്കാതെ സ്വർണ്ണപ്പണയത്തിന്മേൽ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ കാർഷിക മേഖലയുടെ സർവ്വതോന്മുഖമായ എല്ലാ വികസനത്തിനും കേരള ബാങ്ക് സഹായകമായിരിക്കും. കൂടാതെ പലിശ നിരക്കിൽ കുറവുവരുത്താനും കർഷകർക്ക് കൂടുതൽ തുക വായ്പകൾ നൽകാനും കഴിയും; നബാർഡിൽനിന്നും കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നത് വഴി കാർഷിക മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്താൻ കഴിയും.

(ബി) നബാർഡ്/ആർ.ബി.ഐ.-യുടെ നയപരമായ തീരുമാനങ്ങൾ അനുസരിച്ചാണ് കാർഷിക വായ്പാപരിധി നിശ്ചയിക്കുന്നത്.

(സി) നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്മെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് മാത്രമേ പാട്ടഭൂമിയിൽ കൃഷിചെയ്യുന്ന കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ബാധകമാക്കാതെ സ്വർണ്ണപ്പണയത്തിന്മേൽ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പ നൽകുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**കേരള ബാങ്ക്**

296 (662) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിൽ സ്വീകരിച്ച നടപടി ക്രമങ്ങൾ വിശദമാക്കാമോ;

(ബി) കേരള ബാങ്ക് രൂപീകരിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ച് കൊണ്ട് ഏതെല്ലാം സംഘടനങ്ങൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച സംസ്ഥാനത്തെ ഹ്രസ്വകാല വായ്പാപദ്ധതി മൂന്ന് തലത്തിൽനിന്ന് രണ്ട് തലത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ഐ.ഐ.എം. ബാംഗ്ലൂരിലെ പ്രൊഫ. എം. എസ്. ശ്രീറാം നേതൃത്വം നൽകിയ കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി 14 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുകളിൽ ലയിപ്പിച്ച് ഒരു ആധുനിക ബാങ്ക് രൂപീകരിക്കുന്നതിനായി നിർദ്ദേശിച്ച് റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള അനുമതിതേടി പ്രാഥമിക അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 19 നിബന്ധനകളോടെ തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിരുന്നു.

തത്വത്തിലുള്ള അംഗീകാരം നൽകുന്ന സമയത്ത് ആർ.ബി.ഐ. നിർദ്ദേശിച്ച 19 നിബന്ധനകളും പാലിച്ച് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽത്തന്നെ അന്തിമാനുമതിക്കുവേണ്ടിയുള്ള അപേക്ഷയും സമർപ്പിച്ചു. നിബന്ധനകൾ പാലിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകളുടെ സംയോജനത്തിനായുള്ള അന്തിമാനുമതി റിസർവ് ബാങ്ക് നൽകുകയും ചെയ്തു. 13 ജില്ലാ ബാങ്കുകൾ മാത്രമെ നിയമപ്രകാരമുള്ള ലയനപ്രമേയം പാസ്സാക്കിയിരുന്നുള്ളൂ. അതിനാൽ 13 ജില്ലാ ബാങ്കുകളെ ലയിപ്പിക്കാനുള്ള അനുമതിയാണ് ആർ.ബി.ഐ. ലഭ്യമാക്കിയത്.

ആർ.ബി.ഐ.-യുടെ അനുമതിയുടെ വെളിച്ചത്തിലും കോടതികളിൽ നിലവിലുണ്ടായിരുന്ന കേസുകൾ ഹൈക്കോടതി തീർപ്പ് കൽപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലും സഹകരണ സംഘം രജിസ്ട്രാറുടെ 29-11-2019-ലെ സി.ബി.(5) 784/2019 നമ്പർ തീരുമാനപ്രകാരം 13 ജില്ലാ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് ഉത്തരവായി.

ലയനശേഷമുള്ള ആദ്യപൊതുയോഗം 20-1-2020-ന് ചേർന്ന് ബൈലോ ഭേദഗതി, ദർശന ദൗത്യരേഖകൾ എന്നിവ അംഗീകരിച്ചു.

(ബി) കേരള ബാങ്ക് രൂപീകരിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചു കൊണ്ട് സംഘടനകളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഹ്രസ്വകാല വായ്പാഘടന 3 തലത്തിൽനിന്നും 2 തലത്തിലേയ്ക്ക് മാറ്റുമ്പോഴുള്ള ആശങ്കകൾ പങ്കുവച്ചുകൊണ്ടുള്ള നിവേദനങ്ങളാണ് ലഭിച്ചിട്ടുള്ളത്.

**കേരള ബാങ്ക് ലയനം**

297 (663) <u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ ലയിക്കാതെ നിൽക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിന്റെ ഭാഗമാക്കാൻ നിർബന്ധിത ലയനത്തിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആർ.ബി.ഐ. യുടെ അനുമതി തേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജില്ലാ ബാങ്കിന്റെ പൊതുയോഗമാണ് ലയനത്തിന് അംഗീകാരം നൽകേണ്ടതെന്ന് ആർ.ബി.ഐ വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ

ലയനത്തിനെതിരെ മലപ്പുറം ജില്ലാ ബാങ്കിന്റെ പൊതുയോഗം തീരുമാനം എടുത്ത സാഹചര്യത്തിൽ പ്രസ്തുത തീരുമാനത്തിന് വിരുദ്ധമായി ബാങ്കിനെ നിർബന്ധിത ലയന നടപടികൾക്ക് വിധേയമാക്കുന്നത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ;

(സി) സഹകരണ പ്രസ്ഥാനങ്ങളുടെ ഉന്നമനത്തിന് വേണ്ടി നടപടി സ്വീകരിക്കേണ്ട സർക്കാർ സഹകരണ സ്ഥാപനങ്ങളെ ഇത്തരത്തിൽ സമ്മർദ്ദത്തിലാക്കുന്നത് ഉചിതമാണോയെന്ന് പരിശോധിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലാ ബാങ്കിനെ കേരളാബാങ്കിൽ ലയിപ്പിക്കുന്നതിന് ആർ.ബി.ഐ.-യുമായി ചർച്ച ചെയ്ത് സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) റിസർവ് ബാങ്ക്, മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകൾ ലയന പ്രമേയം പാസാക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുവാനാണ് അന്തിമ അനുമതി നൽകിയത്.

ലയന നടപടികൾ സഹകരണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ നടത്തുകയുള്ളൂ. മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങൾക്കും സഹകാരികൾക്കും ജീവനക്കാർക്കും സഹകരണ വായ്പാ രംഗത്തെ ഘടനാമാറ്റംമൂലമുണ്ടാകുന്ന ഗുണങ്ങൾ നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണെന്ന് കാണുന്നു. കേരള ബാങ്ക് എന്ന വലിയ സ്ഥാപനം പ്രദാനം ചെയ്യുന്ന ആധുനിക സേവനങ്ങളായ NEFT, RTGS തുടങ്ങിയവയിൽനിന്നും ഒരു ജില്ലയിലെ മാത്രം ഒഴിവാക്കി നിർത്തുന്നത് സഹകരണ മേഖലയുടെ പൊതുവായ വളർച്ചയ്ക്ക് വിഘാതം സൃഷ്ടിക്കുമെന്നും കാണുന്നു.

(സി) കേരള ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളെ സമ്മർദ്ദത്തിലാക്കുന്ന ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല.

**കേരള ബാങ്ക് നിക്ഷേപം**

298 (664) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വന്ന കേരളബാങ്കിന് എത്ര ശാഖകൾ ഉണ്ട്; ഇവയിലെല്ലാം കൂടിയുള്ള നിക്ഷേപം എത്രകോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാഥമിക സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ

എന്നിവ ചേർന്നുള്ള ബാങ്കിങ് ശൃംഖല സംസ്ഥാനത്തിന്റെ വികസനത്തിന് വലിയ സഹായവും മുതൽക്കൂട്ടാകുകയും ചെയ്യുമെന്ന ധനകാര്യ വിദഗ്ദരുടെ അഭിപ്രായം സഹകരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ലയനശേഷം കേരള സംസ്ഥാന സഹകരണ ബാങ്കിന് 769 ശാഖകളുണ്ട്. ലയനത്തിനുശേഷം കേരള സംസ്ഥാന സഹകരണ ബാങ്കിന് 29-11-2019-ലെ കണക്കുപ്രകാരം നിക്ഷേപം 53469.00 കോടി രൂപയാണ്. (മലപ്പുറം ജില്ലാ ബാങ്ക് ഒഴികെ)

(ബി&സി) വിദഗ്ധരുടെ അഭിപ്രായം ഔദ്യോഗികമായി ലഭിച്ചാൽ ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

**കേരള ബാങ്ക് രൂപീകരണം**

299 (665) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തരം അനുമതിയെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കുള്ള അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(ബി) കേരള ബാങ്കിൽ സംസ്ഥാനത്തെ എല്ലാ പ്രാഥമിക ബാങ്കും അഫിലിയേഷൻ നേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അഫിലിയേഷൻ നേടിയിട്ടുള്ള പ്രാഥമിക ബാങ്കുകളുടെ വിവരങ്ങൾ നൽകാമോ;

(സി) മലപ്പുറം ജില്ലയിലെ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ഡി) കേരള ബാങ്ക് ഡയറക്ടർമാരായി നിയമിതരായവരുടെ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 13 ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള അന്തിമ അനുമതിയാണ് ലഭിച്ചിട്ടുള്ളത്.

(ബി) മലപ്പുറം ഒഴികെയുള്ള 13 ജില്ലകളിലെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും ലൈസൻസ്ഡ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കിൽ 'എ'ക്ലാസ് അംഗങ്ങളാണ്.

(സി) നിലവിൽ മലപ്പുറം ജില്ലയിലെ ഒരു പ്രാഥമിക സഹകരണ സംഘവും ഇപ്പോൾ KSCB-യിൽ അംഗമല്ല.

(ഡി) കെ.സി.എസ്. (Amendment) Act 2019 Chapter 10 (C) 74 H (6) പ്രകാരം രൂപീകരിച്ച ഇടക്കാല ഭരണസമിതിയാണ് ബാങ്കിൽ നിലവിലുള്ളത്. ടി ഭരണസമിതിയിൽ സഹകരണ വകുപ്പ് സെക്രട്ടറി ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടർ/സി.ഇ.ഒ. സെക്രട്ടറി (ധനവകുപ്പ്) എന്നിവർ അംഗങ്ങളുമാണ്. മേൽ പരാമർശിച്ചവരെല്ലാം ഐ.എ.എസ്. ഉദ്യോഗസ്ഥരാണ്.

**കേരള ബാങ്ക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

300 (666) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഏകീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമായി ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) കേരള ബാങ്കിന്റെ സോഫ്റ്റ് വെയർ ഇന്റഗ്രേഷൻ നടപ്പിലാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിനായി ഏത് ഏജൻസിയെയാണ് നിയോഗിച്ചിട്ടുള്ളതെന്നും അവരെ എപ്രകാരമാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും എത്ര കോടി രൂപയാണ് ഇക്കാര്യത്തിനായി ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) കേരള ബാങ്ക് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനായി പുതിയ കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിശോധിക്കുന്നതിലേയ്ക്കായി കമ്മിറ്റിയെ നിയമിച്ചിരുന്നു.

(സി&ഡി) കോമൺ Software, Switch, Network Integration എന്നിവയ്ക്കുവേണ്ടി RFP (Request for Proposal) വിളിക്കുകയും അതിൽ ലഭിച്ച ടെണ്ടറുകളുടെ Technical Evaluation Process നടന്നുവരികയുമാണ്.

## സഹകരണ സംഘങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും

301 (667) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിനെതിരെ കോടതിയെ സമീപിക്കാൻ സഹകരണ സംഘങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; എന്തെല്ലാം കാര്യങ്ങളാണ് കോടതിയെ സമീപിക്കുന്ന സംഘങ്ങൾക്ക് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സഹകരണ സംഘങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും മാത്രമുള്ള സർക്കാർ ഇക്കാര്യത്തിൽ സംഘങ്ങൾക്ക് മേൽവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ തീരുമാനം റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആദായ നികുതി ഈടാക്കൽ, ഒരു കോടിക്ക് മുകളിൽ പിൻവലിക്കുന്ന പണത്തിന് രണ്ടു ശതമാനം നികുതി ചുമത്തൽ എന്നീ കേന്ദ്ര തീരുമാനങ്ങൾക്കെതിരെ കേസ് നടത്തുന്ന സംഘങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഈ തീരുമാനം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ&ബി) സഹകരണസംഘം രജിസ്ട്രാർ സംഘങ്ങൾക്കുമേൽ കൈക്കൊള്ളുന്ന നടപടികളിന്മേൽ സഹകരണ നിയമം അനുശാസിക്കുന്ന അപ്പീലുൾപ്പെടെയുള്ള നിയമാനുസൃത പരിഹാരമാർഗ്ഗങ്ങൾ തേടാതെ പകരം കോടതികളെ സമീപിക്കുകയാണെങ്കിൽ അത്തരം കേസുകളുടെ നടത്തിപ്പിനായി സംഘത്തിന്റെ പൊതുഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളതല്ലെന്ന് സഹകരണസംഘം രജിസ്ട്രാർ സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന് വിരുദ്ധമായി വ്യവഹാരങ്ങൾക്കും മറ്റുമായി സംഘം ഫണ്ട് വിനിയോഗിക്കുന്ന ഭരണസമിതിക്കെതിരെയും ഉദ്യോഗസ്ഥർക്കുമേലും സഹകരണനിയമം അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ദുർചെലവ് ചെയ്യുന്നത് നിയന്ത്രിക്കുകയെന്ന സദുദ്ദേശത്തോടെയാണ് സഹകരണസംഘം രജിസ്ട്രാർ

പ്രസ്തുത സർക്കുലർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിലെ ഇത്തരത്തിലുള്ള അനാവശ്യ ചെലവുകൾ നിയന്ത്രിക്കേണ്ടത് ടി സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് എന്നതിനാലും സഹകരണസംഘങ്ങളുടെയും അതുവഴി സഹകരണ മേഖലയുടെയും ഉന്നമനം ലക്ഷ്യമിട്ടുമാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ റദ്ദാക്കുന്നത് പരിഗണനയിലില്ല.

(സി) സംഘങ്ങൾ നടത്തുന്ന ഇതര കേസ്സുകളെ ടി നിർദ്ദേശം പ്രതികൂലമായി ബാധിക്കുകയില്ല.

## സഹകരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ

302 (668) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. വി. കെ. പ്രശാന്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയും പ്രാദേശികമായ സാമ്പത്തിക വികസനവും സാധ്യമാക്കുന്നതിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന സഹകരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിനോദസഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉല്പന്നങ്ങളുടെ ഉല്പാദന വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്ത്രീകളുടെ ശാക്തീകരണത്തിനും അവരുടെ തൊഴിൽ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വ്യക്തമാക്കാമോ;

(ഡി) ട്രാൻസ്ജെൻഡറുകൾക്കായി പ്രത്യേക സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ)

- കേരള സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽനിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനഃക്രമീകരിച്ച് സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന വിധത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളുടെയും നമ്മുടെ പ്രവാസി സമൂഹത്തിന്റേയും തനത് നിക്ഷേപം നടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അത്തരത്തിലുള്ള നിക്ഷേപം സമസ്ത മേഖലയുടേയും വികസനത്തിന് ഉപയോഗപ്പെടുന്ന ശക്തമായ സാമ്പത്തിക അടിത്തറയുള്ളതും ആധുനിക സേവനങ്ങൾ നൽകാൻ കഴിയുന്നതുമായ ഒരു സംസ്ഥാനതല സഹകരണ ബാങ്ക് രൂപീകരിക്കുകയെന്ന സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കിക്കൊണ്ട് സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു. കേരള ബാങ്ക് രൂപീകരിച്ചതോടെ കേരളത്തിലെ ഹ്രസ്വകാല സഹകരണ വായ്പ രംഗത്ത് സമൂലമാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നു. ഇടത്തട്ടിലുള്ള ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്കായി മാറുന്നതോടെ 1% പലിശ നിരക്കിൽ കുറവ് വരുത്തി കർഷകർക്ക് വായ്പ കൊടുക്കാൻ കഴിയും. കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും ഉൾപ്പെടെ ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാർക്ക് നൽകുവാൻ സാധിക്കും. പ്രവാസി നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും മലയാളികളുടെ നിക്ഷേപങ്ങൾ കേരളത്തിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുന്നതിനും കേരളത്തിന്റെ സമഗ്ര വികസനത്തിന് ഉപയുക്തമാക്കുന്നതിനും കേരള ബാങ്കിന് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്ന് രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക

എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല ഗ്രാമീണ ലഘു വായ്പ പദ്ധതി" സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- സഹകരണ വകുപ്പിന്റെയും സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കൃതി അന്താരാഷ്ട്ര പുസ്തക സാഹിത്യോത്സവം 2020-ന്റെ മൂന്നാം പതിപ്പ് ഫെബ്രുവരി 6 മുതൽ 16 വരെ എറണാകുളം മറൈൻ ഡ്രൈവിൽവച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. സ്വദേശത്തും വിദേശത്തുമായി പ്രസിദ്ധീകരണ ശ്രദ്ധ നേടിയ എഴുത്തുകാരുടെ പുസ്തകങ്ങളെയും പ്രമുഖരായ സാഹിത്യകാരന്മാരെയും ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന പുസ്തകമേളയാണ് കൃതി 2020.

- എൻ.സി.ഡി.സി.-യുടെ ധനസഹായത്തോടെ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം മൺവിള കേന്ദ്രമാക്കി ആരംഭിച്ച പരിശീലന കേന്ദ്രമാണ് ACSTI (Agricultural Co-operative Staff Traing institute). ഇപ്പോൾ 26 വർഷം പൂർത്തിയാക്കിയ പരിശീലന കേന്ദ്രം 2018 നവംബർ മാസം മുതൽ സ്വയംഭരണ സ്ഥാപനമായി സർക്കാർ പ്രഖ്യാപിക്കുകയും അതിൻ പ്രകാരം പ്രവർത്തിച്ചുവരുന്നു.

- സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് CARE Kerala (Co-operative Alliance to Rebuild Kerala) പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി.

- അട്ടപ്പാടിയിലെ ആദിവാസികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുടെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യപദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

- സഹകരണ മേഖലയിൽ, PAPCOS എന്ന ബ്രാന്റിൽ നെല്ല് സംഭരിച്ച്

സംസ്കരിച്ച് വിപണിയിലെത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

- ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കൾക്ക് വീട്ടിൽ നേരിട്ട് എത്തിക്കുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. പെൻഷൻ പദ്ധതി എന്നിവ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

- സഹകരണ വകുപ്പിനായി നിലവിലുള്ള തുടർ പദ്ധതികൾക്കുപരിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവത്ക്കരണ ധനസഹായ പദ്ധതിയും വനിതാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- അന്താരാഷ്ട്ര സഹകരണ സഖ്യം വിഭാവനം ചെയ്ത നൂതന ആശയമായ 'പ്ലാറ്റ്ഫോം കോ-ഓപ്പറേറ്റീവ്സ്' കേരളത്തിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി നിർദ്ദേശം പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചു.

(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തിയും ടൂറിസം സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായി ടൂട്ടർഫെഡ് രൂപീകരിച്ച് ചട്ട ഭേദഗതി നിലവിൽ വന്നിട്ടുണ്ട്. പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളും അപ്പെക്സ് സ്ഥാപനമായ ടൂട്ടർഫെഡും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിവിധ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ടൂർ പാക്കേജുകൾ വിജയകരമായി നടത്തിവരുന്നു. തദ്ദേശീയ ഉൽപ്പന്നങ്ങളുടെ ഉൽപാദന വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമെങ്കിൽ ടൂറിസം മേഖലയിലെ സഹകരണ സംഘങ്ങളെ ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സ്ത്രീ ശാക്തീകരണത്തിനും സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും വനിതകൾക്കുവേണ്ടി വനിതകളാൽ നിയന്ത്രിക്കപ്പെടുന്ന വനിതാ സഹകരണ സംഘങ്ങളും അവയുടെ

നിയന്ത്രണത്തിനുവേണ്ടി വനിതാ സഹകരണ ഫെഡറേഷനും പ്രവർത്തിച്ചുവരുന്നു.

വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ പ്രോജക്ടുകൾക്ക് അവയുടെ പ്രായോഗികത, വിജയസാധ്യത, പ്രവർത്തന ലാഭം എന്നിവ വിലയിരുത്തി ധനസഹായം നൽകിവരുന്നു.

ദുർബല വനിതാ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വനിതാ സഹകരണ സംഘങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി ധനസഹായം അനുവദിച്ചുവരുന്നു. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി 2 ലക്ഷം രൂപ വരെയും പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപ വരെയും ധനസഹായമനുവദിച്ചുവരുന്നു. വാർഷിക പദ്ധതി 2019-2020 പ്രകാരം വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമായി സബ്സിഡിയിനത്തിൽ 150 ലക്ഷം രൂപയും ഓഹരിയിനത്തിൽ 150 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2020-2021 വർഷത്തിൽ "വനിതാ സഹകരണ സംഘങ്ങൾക്കും വനിതാ ഫെഡിനുമുള്ള ധനസഹായം" എന്ന സ്കീമിലുൾപ്പെടുത്തി സബ്സിഡിയിനത്തിൽ 491.20 ലക്ഷം രൂപയും ഓഹരിയിനത്തിൽ 285.52 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 776.72 ലക്ഷം രൂപ അനുവദിക്കുന്നതിലേക്കായുള്ള പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രവർത്തനസജ്ജമായ 931 പ്രാഥമിക വനിതാ സഹകരണ സംഘങ്ങളും വനിതാ ഫെഡറേഷനും വിവിധ മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുംവിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായുള്ള പ്രത്യേക പ്രോജക്ട് നടപ്പിലാക്കുന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി സർക്കാരിന്റെ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഇതിനായി 2019-2020 സാമ്പത്തിക വർഷം 3 കോടി രൂപ ബഡ്ജറ്റിൽ

വകയിരുത്തിയിട്ടുള്ളതും ആയത് സംഘങ്ങൾ സമർപ്പിച്ച പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ തുക നൽകിവരുന്നതുമാണ്.

(ഡി) ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി തിരുവനന്തപുരം ആസ്ഥാനമായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് "ട്രാൻസ്ജെൻഡേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4498" എന്ന പേരിൽ ഒരു സഹകരണ സംഘം 2-11-2019-ൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയ്ക്ക് പ്രത്യേക പാക്കേജ്

303 (669) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തുടർച്ചയായ പ്രളയവും വിളനാശവും കാരണം വായ്പാ തിരിച്ചടവ് കൃത്യമായി ലഭിക്കാതെ വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വയനാട് ജില്ലയ്ക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പിൽ വരുത്തുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

പ്രളയവും വിളനാശവും കാരണം വായ്പ തിരിച്ചടവ് കൃത്യമായി ലഭിക്കാത്ത വയനാട് ജില്ലയുൾപ്പെടെയുള്ള എല്ലാ ജില്ലകളിലെയും സഹകരണ സ്ഥാപനങ്ങളിൽ വായ്പാ തിരിച്ചടവ് ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി 2020 ജനുവരി 1 മുതൽ ഫെബ്രുവരി 29 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിലൂടെ കുടിശ്ശികയായിട്ടുള്ള വായ്പകളിൽ തിരിച്ചടവ് വരുന്നതും സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി കുറയുന്നതുമാണ്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങൾക്കുള്ള നഷ്ടം നികത്തുന്നതിലേയ്ക്കായി സഹകരണ സംഘങ്ങളെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ധനസഹായവും അനുവദിച്ചിട്ടുണ്ട്. ജില്ലയിലെ എട്ട് സംഘങ്ങൾക്ക് ഇപ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

വയനാട് ജില്ലയ്ക്കായി പ്രത്യേക പാക്കേജ് നടപ്പിൽ വരുത്തുന്ന കാര്യം പരിഗണനയിലില്ല.

## മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ

304 (670) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൊത്തവ്യാപാര സഹകരണ സ്റ്റോറുകളുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത്, സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും മൊത്ത വ്യാപാര സഹകരണ സ്റ്റോറുകളിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനായി 2009-ൽ ഇറക്കിയ 190/2009 നമ്പർ ഉത്തരവ് പുതുക്കി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇത് എന്നത്തേക്ക് പുതുക്കി നൽകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 16-11-2009-ലെ സ.ഉ.(എം.എസ്.) നമ്പർ 190/09/സഹ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ അംഗൻവാടികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ മൊത്തവ്യാപാര സ്റ്റോറുകളിൽനിന്നും ടെണ്ടർ കൂടാതെ നേരിട്ട് സാധനങ്ങൾ വാങ്ങിയിരുന്നു. എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രത്തിലെ വിലയേക്കാളും കൂടിയ വിലയ്ക്ക് മറ്റ് വിപണന കേന്ദ്രങ്ങളിൽനിന്നും അംഗൻവാടികളിലേയ്ക്ക് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതായി സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അംഗൻവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ അംഗീകൃത വിതരണ കേന്ദ്രത്തിൽനിന്നും മാത്രമേ വാങ്ങുവാൻ പാടുള്ളൂവെന്ന് നിർദ്ദേശിച്ച് സാമൂഹ്യനീതി വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, നീതി സ്റ്റോറുകൾ, സഹകരണ സ്റ്റോറുകൾ എന്നിവിടങ്ങളിൽനിന്നും നിബന്ധനകൾ പാലിച്ചുകൊണ്ട് ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി സാമൂഹ്യനീതി വകുപ്പ് സർക്കുലർ പരിഷ്കരിച്ചിരുന്നു. ടി നിബന്ധനകൾ നടപ്പിലാക്കി സഹകരണ സ്റ്റോറുകളിൽനിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങുന്നതിന് സൂപ്പർവൈസർമാർ തയ്യാറാകുന്നില്ലെന്നും ആയതിനാൽ സ.ഉ. (എം.എസ്) നമ്പർ 190/09/സഹ. നമ്പർ സർക്കാർ ഉത്തരവ് കാലാനുസൃതമായ ഭേദഗതികളോടെ പരിഷ്കരിച്ച് പുതുക്കി നൽകണമെന്ന് സഹകരണസംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

## സഹകരണ ബാങ്കുകളുടെ കാർഷിക വായ്പ

305 (671) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നയങ്ങളുടെ ഭാഗമായി കാർഷിക വായ്പാ മേഖലയിൽ സഹകരണ ബാങ്കുകൾ അവഗണിക്കപ്പെടുകയും സ്വകാര്യ-ന്യൂജനറേഷൻ ബാങ്കുകൾക്ക് അമിത പ്രാധാന്യം കൈവരികയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കർഷകർക്ക് നൽകുന്ന വായ്പയുടെ നിരക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ സഹകരണ ബാങ്കുകൾ കർഷകർക്ക് നൽകുന്ന വായ്പ എത്ര ശതമാനമാണെന്നും ഇത് എത്ര ശതമാനമായി ഉയർത്താനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ, കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകത സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖേന കാർഷിക വായ്പകൾ കൂടുതൽ വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തെ കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40 ശതമാനമെങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് സർക്കുലർ മുഖാന്തരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വായ്പ തോത് ഉയർത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. കാർഷിക മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പയായി 5000 കോടി രൂപ ഈ സാമ്പത്തിക വർഷം നബാർഡിന്റെ പുനർവായ്പാ പദ്ധതിയിലൂടെ കേരള ബാങ്കുവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്നു.

(ബി) കേരള സംസ്ഥാന സഹകരണ ബാങ്ക് ആകെ വായ്പയുടെ 16 ശതമാനം കാർഷിക വായ്പയായി നിലവിൽ നൽകിയിട്ടുണ്ട്. ഇത് 25 ശതമാനമായി ഉയർത്താനുദ്ദേശിക്കുന്നു.

(സി) സംസ്ഥാനത്ത് കൃഷിയുടെ വ്യാപനത്തിനായി സഹകരണ സ്ഥാപനങ്ങൾ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടതിന്റെയും സഹകരണ, കാർഷിക മേഖലകൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതകൾക്ക് ഒരംഗത്തിന് നൽകാവുന്ന കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ പരമാവധി വായ്പ പരിധി മൂന്ന് ലക്ഷത്തിൽനിന്നും അഞ്ച് ലക്ഷം രൂപയായി ഉയർത്തിയും കാർഷിക അനുബന്ധ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപ, കാർഷികാവശ്യങ്ങൾക്കും കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുമുള്ള സ്വർണ്ണപ്പണയ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപയും അനുവദിച്ച് നൽകുന്നതിന് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട് സ്കീം

306 (672) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് സ്കീം പ്രകാരം എത്രപേർക്ക് സംസ്ഥാനത്ത് ആശ്വാസം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നിന്ന് പ്രസ്തുത സ്കീം പ്രകാരം സമർപ്പിച്ച അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) റിസ്ക്ഫണ്ട് സ്കീം പ്രകാരം 56452 പേർക്ക് സംസ്ഥാനത്ത് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീം പ്രകാരം സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് 108 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 69 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചു. 26 അപേക്ഷകൾ നിരസിച്ചു. 13 അപേക്ഷകൾ സംഘങ്ങളിൽനിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാത്തതിനാൽ ബാക്കി നിൽപ്പുണ്ട്. അപേക്ഷകൾ ലഭിച്ച വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ലഭ്യമായ അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | ന്യൂനത പരിഹരിക്കാൻ ബാക്കി നിൽക്കുന്നത് |
|---|---|---|---|---|
| 2016 | 21 | 3 | 1 | 0 |
| 2017 | 37 | 7 | 5 | 7 |
| 2018 | 26 | 44 | 16 | 1 |
| 2019 | 24 | 15 | 4 | 5 |
| ആകെ | 108 | 69 | 26 | 13 |

## റിസ്ക് ഫണ്ട് ഇനത്തിൽ നൽകിയ ആനുകൂല്യം

307 (673) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുക്കുകയും തിരിച്ചടവ് കാലാവധിക്കിടയിൽ മരണപ്പെടുകയും ചെയ്ത സഹകാരികൾക്ക് റിസ്ക് ഫണ്ട് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം നൽകിയ ആനുകൂല്യം എത്ര കുടുംബങ്ങൾക്ക് ലഭ്യമായെന്നും എത്ര രൂപയുടെ സഹായമാണ് ലഭ്യമായതെന്നും അറിയിക്കാമോ?

ഉത്തരം

സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുക്കുകയും തിരിച്ചടവ് കാലാവധിക്കിടയിൽ മരണപ്പെടുകയും ചെയ്ത സഹകാരികൾക്ക് റിസ്ക് ഫണ്ട് ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷം 1-4-2019 മുതൽ 29-1-2020-വരെ 8725 വായ്പക്കാർക്ക് 66,55,05,442 രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## റിസ്ക് ഫണ്ട്

308 (674) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം ജില്ലയിൽ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര പേർക്ക് സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) അവയിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി 2138 വായ്പക്കാർക്ക് 20,83,33,835 രൂപ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി&ഡി) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് 408 റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകൾ ലഭിച്ചതിൽ 312 അപേക്ഷകൾക്കായി മൊത്തം 2,87,41,998 രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചിട്ടുണ്ട്. 90 അപേക്ഷകൾ അർഹതയില്ലാത്തതിനാൽ നിരസിച്ചു. 6 അപേക്ഷകളിൽ സംഘങ്ങളിൽനിന്നും ന്യൂനത പരിഹരിച്ച് ലഭിക്കാനുണ്ട്.

**നിലമ്പൂർ നിയോജകമണ്ഡലത്തിലെ കെയർ ഹോം പദ്ധതി**

309 (675) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ കെയർ ഹോം പദ്ധതി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നുണ്ടോയെന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 2019-ലെ പ്രളയത്തെത്തുടർന്ന് നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെയർ ഹോം പദ്ധതി മുഖേന വീടുകൾ നിർമ്മിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് സഹകരണവകുപ്പ് മന്ത്രിക്ക് 2019 സെപ്റ്റംബർ മാസത്തിൽ നിലമ്പൂർ എം.എൽ.എ. കത്ത് നൽകിയിരുന്നോയെന്നും കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) കെയർ ഹോം പദ്ധതിയുടെ നിർവ്വഹണം എങ്ങനെയാണ് നടത്തുകയെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണെന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) കെയർ ഹോം പദ്ധതി നടപ്പാക്കുമ്പോൾ സ്ഥലം എം.എൽ.എ., തദ്ദേശസ്വയംഭരണ ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്താറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) കെയർ ഹോം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ജനപ്രതിനിധികളെ അറിയിക്കാതിരുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കെയർ ഹോം പദ്ധതി മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നുണ്ട്. പദ്ധതിയുടെ

ഒന്നാം ഘട്ടത്തിൽ 12 വീടുകളാണ് നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിർമ്മിച്ച് നൽകുവാൻ അനുവദിച്ചിരുന്നത്. ടി 12 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിലെ ഭൂദാനം കോളനിയിൽ 2019-ലെ പ്രളയ ദുരന്തത്തിൽ സമ്പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ട 67 കുടുംബങ്ങൾക്ക് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിന് സർക്കാർ അനുമതിയായിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നിർവ്വഹണം ഏറ്റെടുക്കുന്നതാണ്.

(ബി) 2019-ലെ പ്രളയദുരന്തത്തെ തുടർന്ന് വീട് നഷ്ടപ്പെട്ടവർക്ക് നിലമ്പൂർ മണ്ഡലത്തിൽ വീടുകൾ നിർമ്മിച്ച് നൽകണമെന്നഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ. നൽകിയ കത്ത് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് പ്രകാരം വീട് നിർമ്മിച്ച് നൽകുവാൻ നിർദ്ദേശം നൽകണമെന്നും ജില്ലയിലെ സംഘങ്ങളുടെ പൊതുനന്മഫണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിരുന്നു.

കെയർ ഹോം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ വീട് നിർമ്മാണം ഏറ്റെടുക്കുന്നതിന് അനുമതിയായിട്ടുണ്ട്.

(സി-ഇ) സഹകരണവകുപ്പ് നടപ്പാക്കുന്ന കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നിർവ്വഹണ രീതി ഉൾപ്പെടെയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ നടപടിക്രമങ്ങളെക്കുറിച്ച് ആസൂത്രണം ചെയ്തുവരുകയാണ്.

റവന്യൂ വകുപ്പിലൂടെ ജില്ലാ കളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നാണ് കെയർ ഹോം പദ്ധതിയുടെ ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്.

സംസ്ഥാനതല നിർവ്വഹണ സമിതി (പി.ഐ.യു.) അംഗീകരിച്ച് നൽകുന്ന സഹകരണ സ്ഥാപനങ്ങളിലൂടെയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. നിർമ്മാണത്തിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്തൃ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ഒരു ഭരണ സമിതി അംഗം, ഗുണഭോക്താവ്, ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രതിനിധി, ജില്ലാ കളക്ടറുടെ പ്രതിനിധി എന്നിവർ ടി കമ്മിറ്റിയിൽ അംഗങ്ങളാണ്.

കെയർ ഹോം പദ്ധതി പ്രകാരം വീടുകൾ നിർമ്മിച്ച് നൽകുന്നതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ, വീടിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്ന സഹകരണ സംഘം ഗുണഭോക്താവ് എന്നിവർ ചേർന്ന് ജില്ലാ സഹകരണ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്) എന്നിവരെ സാക്ഷികളാക്കി നിർമ്മാണ ധാരണാപത്രം (MoU) ഒപ്പുവയ്ക്കേണ്ടതാണ്. ധാരണാ പത്രത്തിന്റെ കരട് സർക്കാർ പ്രത്യേകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭവന നിർമ്മാണത്തിനാവശ്യമായ നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് യഥാവിധി ചെയ്യേണ്ടതിന്റെ ചുമലത പൂർണ്ണമായും ഗുണഭോക്താവിൽ നിക്ഷിപ്തമാണ്.

പദ്ധതി നടപ്പാക്കുന്നതിന്റെ നേരിട്ടുള്ള മേൽനോട്ടം വഹിക്കുന്നത് ജില്ലാ കളക്ടർ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, ജോയിന്റ് ഡയറക്ടർ, പ്രാഥമിക സംഘങ്ങളുടെ 2 പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ജില്ലാതല നിർവ്വഹണ സമിതിയാണ്.

പദ്ധതി നിർവ്വഹണം മാത്രമേ സഹകരണ വകുപ്പ് ഏറ്റെടുത്തിട്ടുള്ളൂ. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത് ജില്ലാ ഭരണകൂടമാണ്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

310 (676) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ആറയൂർ സർവ്വീസ് സഹകരണ ബാങ്ക്, പൊൻവിള സർവ്വീസ് സഹകരണ ബാങ്ക് എന്നീ ബാങ്കുകളിൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അന്വേഷണത്തിൽ ഏതൊക്കെ തരത്തിലുള്ള ക്രമക്കേടുകൾ ആണ് കണ്ടെത്തിയത് എന്ന് വിശദമാക്കുമോ;

(സി) ഏതു വർഷം മുതലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ സഹകരണ നിയമം വകുപ്പ്

66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. പൊൻവിള സർവ്വീസ് സഹകരണ ബാങ്കിൽ അന്വേഷണം നടത്തിയിട്ടില്ല.

(ബി) ആറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന അന്വേഷണത്തിൽ മുൻകൂർ അനുമതിയില്ലാതെ ആസ്തികൾ ആർജ്ജിച്ചത്, അംഗീകാരമില്ലാതെ എം.ഡി.എസ്. ആരംഭിച്ചത്, അഡ്വാൻസ് തുകകൾ നൽകിയിട്ടുള്ളത്, ലൈസൻസില്ലാതെ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നത്, ആസ്തി ബാദ്ധ്യതകൾ തമ്മിലുള്ള അന്തരം ക്രമാതീതമായി വർദ്ധിച്ചത്, ഫണ്ട് വകമാറ്റി ചെലവഴിച്ചത്, 'സി' ക്ലാസ് അംഗത്വം നൽകി ജീവനക്കാർക്ക് എം.ഡി.എസ്. നൽകിയത്, പ്രവർത്തന പരിധിക്കുപുറത്ത് അംഗത്വം നൽകി വായ്പാ വിതരണം, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾക്ക് വിരുദ്ധമായി അധിക പലിശ നൽകൽ, താൽക്കാലിക നിയമനം, മതിയായ തരളധനം സൂക്ഷിക്കാത്ത നടപടി, വായ്പാ വിതരണത്തിലെ ക്രമക്കേടുകൾ എന്നിവയാണ് കണ്ടെത്തിയിട്ടുള്ളത്.

(സി) ആറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ 1-4-2013 മുതൽ 31-3-2018 വരെയുള്ള കാലയളവിലെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്.

## കേരള ടൂറിസത്തിന്റെ പ്രചാരണം

311 (677) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയംമൂലം കേരള ടൂറിസത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 2019 വർഷത്തിൽ കേരളത്തിലെ ഓരോ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളും സന്ദർശിച്ച ആഭ്യന്തര ടൂറിസ്റ്റുകളുടെയും ,വിദേശ ടൂറിസ്റ്റുകളുടെയും എണ്ണം അറിയിക്കാമോ;

(സി) കേരളാ ടൂറിസത്തിന്റെ പ്രചാരണത്തിന് വേണ്ടി ഇന്ത്യയ്ക്കകത്തും പുറത്തും ചെയ്തുവരുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(ഡി) കേരളാ ടൂറിസത്തിന്റെ പ്രചാരണത്തിന് വേണ്ടി ഈ സർക്കാരിന്റെ കാലത്ത് വിദേശയാത്ര നടത്തിയ മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുടെ വിവരങ്ങൾ, ചെലവ് എന്നിവ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വരുമാന നഷ്ടം സംഭവിച്ചിട്ടില്ല. 2019 സെപ്തംബർ വരെയുള്ള സ്ഥിതിവിവരകണക്കുകളാണ് ഇതുവരെ അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ പരിശോധിക്കുമ്പോൾ 2019-ലെ പ്രളയം സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ വരുമാനത്തെ ബാധിച്ചിട്ടില്ലെന്നാണ് കാണുന്നത്. പ്രസ്തുത കണക്കുകൾ പ്രകാരം 2019 കലണ്ടർ വർഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 16.48% വർദ്ധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.84% വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) 2019 സെപ്റ്റംബർ വരെയുള്ള ജില്ലതിരിച്ചുള്ള സ്ഥിതിവിവരകണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സ്വദേശികളും വിദേശികളുമായ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

- ദേശീയ അന്തർദ്ദേശീയ ട്രേഡ് ഫെയറുകളിൽ പങ്കാളിത്തം
- ദേശീയ അന്തർദ്ദേശീയ തലത്തിൽ ട്രേഡ് മീറ്റുകൾ സംഘടിപ്പിക്കൽ
- ടൂർ ഓപ്പറേറ്റർമാർ, വിനോദസഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുത്ത മാധ്യമപ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്ന ഫാം ടൂർ സംഘടിപ്പിക്കൽ.
- അച്ചടി, ടെലിവിഷൻ, റേഡിയോ എന്നീ മാധ്യമങ്ങൾ വഴിയുള്ള പ്രചരണം
- ട്രെയിൻ ബ്രാൻഡിംഗ്, എയർപോർട്ട് ബ്രാൻഡിംഗ്
- സോഷ്യൽ മീഡിയ ക്യാമ്പയിനുകളും ഓൺലൈൻ ക്യാമ്പയിനുകളും സംഘടിപ്പിക്കൽ
- ബ്ലോഗ് എക്സ്പ്രസ്സ് എന്ന പദ്ധതി
- Human by nature എന്ന പുതിയ ബ്രാൻഡ് ക്യാമ്പയിൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- MICE ടൂറിസം, വെഡ്ഡിംഗ് ടൂറിസം, മൺസൂൺ ടൂറിസം എന്നിവയുടെ പ്രചാരണം.

(ഡി) ഈ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാര വകുപ്പുമന്ത്രിയും താഴെ ചേർക്കുന്ന ഉദ്യോഗസ്ഥരും കേരള ടൂറിസത്തിന്റെ പ്രചാരണത്തിനുവേണ്ടി വിദേശയാത്ര നടത്തിയിട്ടുണ്ട്.

- ശ്രീ. വേണു. വി. ഐ.എ.എസ്., വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്., വിനോദസഞ്ചാര വകുപ്പ് സെക്രട്ടറി.
- ശ്രീ. യു. വി. ജോസ് ഐ.എ.എസ്., വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ
- ശ്രീ. പി. ബാലകിരൺ ഐ.എ.എസ്., വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ
- ശ്രീ. എം. ബാലമുരളി ഐ.എ.എസ്., വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ)
- ശ്രീ. ജാഫർ മാലിക് ഐ.എ.എസ്., വിനോദ സഞ്ചാരവകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ)
- ശ്രീ. അനിൽ വി.എസ്., വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ
- ശ്രീ. ബിജു. ബി. എസ്., വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ.
- ശ്രീ. രാഹുൽ. ആർ., ഐ.ആർ.എസ്., കേരള ടൂറിസം ഡെവലപമെന്റ് കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ

ഈ ഇനത്തിൽ ആകെ ചെലവായ തുക 1,06,12,633 രൂപ

**നെയ്യാർ ഡാം ടൂറിസം വികസനം**

312 (678) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം ടൂറിസം വികസനത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ഇതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാർ ഡാം ടൂറിസം വികസനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 4.92 കോടി രൂപയുടെ പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഇറിഗേഷൻ വകുപ്പിന് നൽകുകയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഫാമിലി സോൺ, ഇക്കോസോൺ, അഡ്വഞ്ചർ സോൺ എന്നിങ്ങനെ മൂന്ന് മേഖലകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളും ഇതിനായി അനുവദിച്ചിരുന്ന തുകയുടെയും വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**പണിമുടക്ക് ദിവസം നോബൽ സമ്മാന ജേതാവിനെ തടഞ്ഞ സംഭവം**

313 (679) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ദേശീയ പണിമുടക്കിനിടെ സംസ്ഥാന സർക്കാരിന്റെ അതിഥിയായെത്തിയ നോബൽ സമ്മാന ജേതാവായ മൈക്കൽ ലൈവിറ്റിനെയും ഭാര്യയെയും ആലപ്പുഴ കായലിൽ സമരാനുകൂലികൾ തടഞ്ഞ സംഭവം സംസ്ഥാനത്തിനും ടൂറിസം മേഖലക്കും ഉണ്ടാക്കിയ നാണക്കേട് സർക്കാർ വിലയിരുത്തിയോ; വ്യക്തമാക്കുമോ;

(ബി) പണിമുടക്കിൽ നിന്ന് ടൂറിസം മേഖലയെ ഒഴിവാക്കിയിരുന്നതായി നേരത്തെ തന്നെ പണിമുടക്കിലേർപ്പെട്ട സംഘടനകൾ പ്രഖ്യാപിച്ചിരുന്നിട്ടും ഇത്തരം സംഭവമുണ്ടായ സാഹചര്യം സർക്കാർ പരിശോധിച്ചുവോ; വിശദമാക്കുമോ;

(സി) യാത്രാ സൗകര്യവും സഞ്ചാരികളുടെ സംരക്ഷണവും വിനോദസഞ്ചാര മേഖലക്ക് അനിവാര്യമാണെന്നിരിക്കെ നോബൽ ജേതാവിനെ പോലും അദ്ദേഹം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

യാത്രചെയ്ത 'പുരവഞ്ചി'യിൽ തടഞ്ഞിട്ട സമരരീതിയെ സർക്കാർ എങ്ങനെയാണ് നോക്കിക്കാണുന്നത്; ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ നിലവിൽ വന്നശേഷം മുഖ്യമന്ത്രി ഒരു സർവ്വകക്ഷിയോഗം വിളിക്കുകയും ഹർത്താലുകൾ, സമരങ്ങൾ തുടങ്ങിയവയിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. അതിനുശേഷമുണ്ടായ ഹർത്താലുകളിൽ നിന്നും സമരങ്ങളിൽനിന്നും ടൂറിസം മേഖലയുടെ പ്രവർത്തനങ്ങൾക്ക് തടസ്സമൊന്നും നേരിട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ ദേശീയ പണിമുടക്കിനിടെ നോബൽ സമ്മാന ജേതാവായ ശ്രീ. മൈക്കൽ ലൈവിറ്റിനും പത്നിക്കും സമരാനുകൂലികളിൽനിന്നും മനോവിഷമമുണ്ടാകുന്ന രീതിയിലുള്ള അനുഭവമുണ്ടായത് വകുപ്പ് ഗൗരവമായി കാണുന്നു. ഇത്തരം സംഭവങ്ങൾ ഒറ്റപ്പെട്ടതാണെങ്കിലും കേരളത്തിന്റെ ടൂറിസം രംഗത്തിന് തിരിച്ചടി നൽകാൻ പോന്നതാണെന്ന് വകുപ്പ് വിലയിരുത്തുന്നു. സർക്കാർ ഈ നിർഭാഗ്യകരമായ സംഭവത്തെ അപലപിക്കുകയും ബഹുമാന്യനായ അതിഥിയോട് ക്ഷമ ചോദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി ഹർത്താൽ, സമരങ്ങൾ തുടങ്ങിയവ പ്രഖ്യാപിക്കുന്ന സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും അംഗങ്ങൾ ബോധവൽക്കരിക്കപ്പെടേണ്ടതുണ്ട്. അതിനായി വകുപ്പ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. നിയമപരമായ നടപടികളും ഇക്കാര്യത്തിൽ കൈക്കൊള്ളാവുന്നതാണ്.

**ഉത്തരവാദിത്വ ടൂറിസം മിഷൻ**

314 (680) <u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. ബി. ഡി. ദേവസ്സി:</u>
<u>ശ്രീ. കാരാട്ട് റസാഖ്:</u>
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനും ഉത്തരവാദിത്വ ടൂറിസം വ്യാപിപ്പിക്കാനും ഉദ്ദേശിച്ചുകൊണ്ട് രൂപീകരിച്ച ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഉത്തരവാദിത്വ ടൂറിസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് വിവിധ ടൂറിസം സംരംഭങ്ങളെ വേർതിരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉത്തരവാദിത്വ ടൂറിസത്തിന്റെ വിവിധ ഘടകങ്ങളുടെ ഏകോപനം ഫലപ്രദമാക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പൊതു പെരുമാറ്റ മര്യാദകൾ, മികച്ച ആശയവിനിമയം എന്നിവയ്ക്ക് ഊന്നൽ നൽകി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുജനങ്ങൾക്കുമായി പരിശീലന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങളും അതുമൂലം തദ്ദേശീയ സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളും വകുപ്പുമന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യാറുണ്ട്.

(ബി) ഉത്തരവാദിത്വ ടൂറിസം മിഷൻ ചെറുതും വലുതുമായ വിവിധ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. അക്കോമഡേഷൻ രംഗത്ത് ഹോം സ്റ്റേകൾ, ഫാം സ്റ്റേകൾ എന്നിവ തുടങ്ങുന്നതിനുള്ള പരിശീലനങ്ങൾ നൽകിവരുന്നു. ഈ സംരംഭങ്ങളിൽ വിവിധ ഉത്തരവാദിത്വ ടൂറിസം ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകിവരുന്നു. റിസോർട്ടുകൾ, ഹോട്ടലുകൾ, ഹോം സ്റ്റേകൾ, ഹൗസ് ബോട്ടുകൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള അക്കോമഡേഷൻ യൂണിറ്റുകളുമായി സഹകരിച്ച് ആർ.ടി. മിഷൻ നടത്തിയ തുടർച്ചയായ ക്യാമ്പയിനുകളുടെ ഫലമായി 393 അക്കോമഡേഷൻ യൂണിറ്റുകൾ 19 ഇനം പ്ലാസ്റ്റിക് ഇനങ്ങൾ ഒഴിവാക്കിക്കൊണ്ട് സെൽഫ് ഡിക്ലറേഷൻ നൽകിയിട്ടുണ്ട്. വിവിധ ടൂറിസം സംരംഭകർക്കായുള്ള ജില്ലാതല മീറ്റിംഗുകൾ നടന്നുവരികയാണ്. കോഴിക്കോട്, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തിരുവനന്തപുരം, കാസർഗോഡ് എന്നീ ജില്ലകളിൽ മീറ്റിംഗുകൾ നടന്നു. പ്രസ്തുത മീറ്റിംഗുകളിൽ ജില്ലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഉത്തരവാദിത്വ ടൂറിസം മിഷനും ഓരോ വിഭാഗത്തിലുംപ്പെട്ട ടൂറിസം സംരംഭങ്ങളും സംയുക്തമായി ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്താമെന്നുള്ള രൂപരേഖയും തയ്യാറാക്കിവരുന്നു.

(സി) ഉത്തരവാദിത്വ ടൂറിസം മിഷന്റെ പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. പെപ്പർ പദ്ധതി, മോഡൽ ആർ.ടി. വില്ലേജ്, റിസോഴ്സ് മാപ്പിംഗ് എന്നിങ്ങനെ വിവിധ പദ്ധതികൾ ആരംഭിക്കുന്നതുതന്നെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്പെഷ്യൽ ടൂറിസം ഗ്രാമസഭകളിലൂടെയാണ്. പരിശീലനങ്ങൾക്കായുള്ള അപേക്ഷരെ തെരഞ്ഞെടുന്നുന്നതിനും കലാകാരന്മാർ, കരകൗശല നിർമ്മാതാക്കൾ, കർഷകർ എന്നിങ്ങനെ വിവിധ ആളുകളെ കണ്ടെത്തി യൂണിറ്റുകളായി രജിസ്റ്റർ ചെയ്യുന്നതും പഞ്ചായത്തിന്റെ സഹായത്തോടെയാണ്.

(ഡി) ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി ആർ.ടി. മിഷൻ സംസ്ഥാനതലം, ജില്ലാതലം, പഞ്ചായത്തുതലം, വാർഡ്തലം എന്നിങ്ങനെ ചെറുതും വലുതുമായ വിവിധ അവബോധ ശില്പശാലകളും പരിശീലന പരിപാടികളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നുണ്ട്. വിവിധ പരിപാടികളിലായി 35000-ത്തിലധികം ആളുകൾ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.

അദ്ധ്യാപകർക്കായി ഇതുവരെ പ്രത്യേക പരിപാടികളൊന്നും നടത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം അദ്ധ്യാപകർക്ക് ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളെപ്പറ്റിയുള്ള അവബോധ ശില്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുവാനുദ്ദേശിക്കുന്നു.

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്കായി ടൂറിസം/ഉത്തരവാദിത്വ ടൂറിസം ക്ലബ്ബുകൾ രൂപീകരിക്കുകയും ആർ.ടി. മിഷനുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നു.

**വിനോദസഞ്ചാരികളുടെ സുരക്ഷ**

315 (681) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ. ആൻസലൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ഈ മേഖലയിലുണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഉന്നതതല കർമ്മസേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന ഒറ്റപ്പെട്ട കുറ്റകൃത്യങ്ങളും അപകടങ്ങളും പോലും അന്താരാഷ്ട്ര ശ്രദ്ധ ആകർഷിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതിനും ടൂറിസം പോലീസിനെ ശാക്തീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) അനധികൃത ടൂർ ഗൈഡുകളുടെയും ടൂർ ഓപ്പറേറ്റർമാരുടെയും ചൂഷണം തടയുന്നതിന്റെ ഭാഗമായി ടൂർ ഗൈഡുമാർക്ക് വിദഗ്ധ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്കുവേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. ടൂറിസ്റ്റുകളുടെ സംരക്ഷണത്തിനായി ടൂറിസം പോലീസിന്റെ സേവനം വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും പ്രവർത്തിച്ചുവരുന്നു.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സിസിടിവി ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുകഴിഞ്ഞു. അന്താരാഷ്ട്ര വിനോദ സഞ്ചാര കേന്ദ്രമായ കോവളം ബീച്ചിൽ അപകട മുന്നറിയിപ്പ് നൽകുന്ന അലാറം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടേയും പരിധിയിൽവരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പുവഴി നിർദ്ദേശം

നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അറിയിപ്പുകളും പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് കായൽ യാത്ര സുരക്ഷിതമാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ മേഖലയിൽ ഹൗസ് ബോട്ടുകൾക്ക് ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം കെൽട്രോൺ മുഖേന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നൂതന കർമ്മ പരിപാടിയായ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയിലൊരു പ്രധാനയിനം സഞ്ചാരികളുടെ സുരക്ഷിതത്വമാണ്. വിനോദസഞ്ചാര മേഖലയിലെ പൊതുവായ ക്രമസമാധാനം, മനുഷ്യക്കടത്ത്, ബാലപീഡനം, മയക്കുമരുന്ന് ഉപയോഗം തുടങ്ങിയവ കാര്യക്ഷമമായി നേരിടുന്നതിന് ആഭ്യന്തരം, എക്സൈസ്, സാമൂഹ്യനീതി, വിനോദസഞ്ചാരം എന്നീ വകുപ്പുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പ്രത്യേക കർമ്മസേന സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ടൂറിസം രംഗത്ത് അംഗീകൃത ടൂർ ഗൈഡുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ 49 പേരെയും ജില്ലാതലത്തിൽ 116 പേരെയും തെരഞ്ഞെടുക്കുകയുണ്ടായി. വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ഇവർ സജീവമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ നിലവിൽ ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് അവരുടെ ലൈസൻസിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പുനർപരിശീലനവും നൽകിവരുന്നു.

## എത്തിക് ക്യുസിൻ പദ്ധതി

316 (682) <u>ശ്രീമതി ഷാനിമോൾ ഉസ്മാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ശൈലിയിലുള്ള കേരളീയ വിഭവങ്ങൾ വൃത്തിയോടെ തയ്യാറാക്കി നൽകുന്ന ശൃംഖല സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ടൂറിസം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ എത്തിക് ക്യുസിൻ പദ്ധതി വിശദമാക്കുമോ;

(സി) ഇതിനകം ഈ പദ്ധതിയിൽ എത്ര വീടുകൾ രജിസ്റ്റർ ചെയ്തു; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത ശൈലിയിലുള്ള കേരളീയ വിഭവങ്ങൾ വൃത്തിയോടെ തയ്യാറാക്കി നൽകുന്നതിന് സാധാരണക്കാരായ വീട്ടമ്മമാർ ഉൾപ്പെടുന്ന ഒരു ശൃംഖല സംസ്ഥാനത്ത് ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെ ഭാഗമായ ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് 'എക്സ്പീരിയൻസ് ദി ലോക്കൽ ക്യുസീൻ പ്രോജക്റ്റ്'.

(ബി) കേരളത്തിന്റെ തനതുവിഭവങ്ങൾ സഞ്ചാരികളെ പരിചയപ്പെടുത്തുന്നതും രുചികരമായതും വൃത്തിയുള്ളതുമായ ഭക്ഷണം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉറപ്പുവരുത്തുന്നതിനുമായിട്ടാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. എത്തിക് ക്യുസിൻ നെറ്റ് വർക്കിൽ ഉൾപ്പെടുന്ന യൂണിറ്റുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള രജിസ്ട്രേഷൻ നിർബന്ധമായും എടുത്തിരിക്കണം. ഭക്ഷണം കഴിക്കാൻ വരുന്നവർക്ക് ടോയിലറ്റ് സൗകര്യം, പ്ലാസ്റ്റിക് ബോട്ടിലുകൾ ഒഴിവാക്കുന്നതിന്റെ ഭാഗമായി ശുദ്ധമായ കുടിവെള്ളം നിറയ്ക്കുന്നതിനുള്ള സൗകര്യം എന്നിവ ഉറപ്പുവരുത്തണം. പദ്ധതിയുടെ ഭാഗമായുള്ള ആദ്യഘട്ട പരിശീലനം ജില്ലകളിൽ പൂർത്തിയായി. പദ്ധതിയുടെ ഭാഗമായി വെബ്സൈറ്റ്, ബുക്കിംഗ് പ്ലാറ്റ്ഫോം എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റ ഫീഡിംഗ് നടന്നുവരുന്നു. 2020 ഫെബ്രുവരി-മാർച്ചിൽ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനവും തുടർന്ന് യൂണിറ്റുകൾക്ക് സോഫ്റ്റ്വെയർ ട്രെയിനിംഗ് നടത്തുവാനും ഉദ്ദേശിക്കുന്നു.

(സി) കേരളത്തിലെ 14 ജില്ലകളിൽനിന്നായി 2008 അപേക്ഷകരാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിൽ സാധാരണക്കാരായ വീട്ടമ്മമാർ, ഹോം സ്റ്റേകൾ, ഗൃഹസ്ഥലികൾ, സർവ്വീസ്ഡ് വില്ലകൾ, വീട്ടിൽ ഊണ് യൂണിറ്റുകൾ, ആർ.ടി. റസ്റ്റോറന്റുകൾ എന്നിങ്ങനെയുള്ള യൂണിറ്റുകളാണുള്ളത്.

**മുസിരിസ് പൈതൃകപദ്ധതി**

317 (683) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ സാമ്പാളൂർ ഗ്രാമവും, വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദേവാലയവും മുസിരിസ് പൈതൃകപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേയ്ക്കു ലഭ്യമാക്കാൻ സാധിക്കും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിലെ സാമ്പാളൂർ ഗ്രാമവും വിശുദ്ധ ഫ്രാൻസിസ് സേവ്യർ ദേവാലയവും മുസിരിസ് പൈതൃക പദ്ധതിയിലുൾപ്പെടുത്തി സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ദേവാലയ വികാരിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ച് പദ്ധതിയുടെ സാധ്യത, സ്ഥലലഭ്യത മുതലായവയുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## കടമക്കുടി ടൂറിസം പദ്ധതി

318 (684) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവുംദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമക്കുടി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) എത്ര രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കടമക്കുടി ടൂറിസം വികസനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ബാക്ക്‌വേർഡ് ഏര്യ ഡെവലപ്മെന്റ് കമ്മിറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ച് പദ്ധതിയുടെ സാധ്യത, സ്ഥല ലഭ്യത മുതലായവയുടെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

319 (685) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചുവെന്നും എന്തെല്ലാം നവീകരണ, വികസന പ്രവൃത്തികൾ നടത്തിയെന്നും വിശദമാക്കാമോ;

(സി) പാലക്കാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി എന്തെല്ലാം പദ്ധതികളാണ് പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) പാലക്കാട് ഡി ടി പി സി മുഖാന്തിരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നടത്തി ;വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാലക്കാട് ഡി.ടി.പി.സി.-യുടെ അധീനതയിൽ ശ്രീകൃഷ്ണപുരത്ത് ബാപ്പുജി ചിൽഡ്രൻസ് പാർക്ക് പ്രവർത്തിച്ചുവരുന്നുണ്ട്. ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതിയിലുൾപ്പെടുത്തി ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിൽ 8,00,000 രൂപയുടെ നവീകരണ-വികസന പ്രവൃത്തി നടത്തിയിട്ടുണ്ട്.

(സി) പാലക്കാട് ഡി.ടി.പി.സി. വഴി ചുവടെ ചേർത്ത പദ്ധതികളാണ് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളത്. മലമ്പുഴ ഡാം ഉദ്യാനം, വാടിക-ശിലാവാടിക ഉദ്യാനം, റോക്ക് ഗാർഡൻ മലമ്പുഴ, കാഞ്ഞിരപ്പുഴ ഡാം ഉദ്യാനം, ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്, വെള്ളിയാങ്കല്ല് പൈതൃക പാർക്ക്, മംഗലം ഡാം ഉദ്യാനം, പോത്തുണ്ടി ഡാം ഉദ്യാനം, ടൂറിസ്റ്റ് റിസോർട്ട് നെല്ലിയാമ്പതി.

(ഡി) പാലക്കാട് ഡി.ടി.പി.സി. മുഖാന്തരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ അഞ്ചുകോടി രൂപ ചെലവിൽ ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക് നിർമ്മിച്ചു. ലക്കിടി കുഞ്ചൻനമ്പ്യാർ സ്മാരക കലാപീഠത്തിന്റെ പുനരുദ്ധാരണത്തിന് 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതാണ്.

**വിനോദസഞ്ചാര വികസന പദ്ധതികൾ**

320 (686) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും ശുചിത്വത്തിന്റെ കുറവുമാണെന്ന്

വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഗ്രീൻ കാർപ്പെറ്റ് പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ; നിലവിൽ എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആരുടെയൊക്കെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിച്ച് ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിന് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാധ്യത വിലയിരുത്തി ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. വിശ്രമ സങ്കേതങ്ങൾ, നടപ്പാതകൾ, കുടിവെള്ള ലഭ്യത, ടോയ്‌ലറ്റ് സംവിധാനം, കഫറ്റേറിയ തുടങ്ങിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി 'ഗ്രീൻ കാർപ്പെറ്റ്' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുകയാണ്. നിലവിൽ 77 വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന എൻ.ജി.ഒ. മുഖേനയും കേരളത്തിലെ മറ്റ് പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുടുംബശ്രീ മിഷൻ മുഖേന "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ" പദ്ധതി മുഖേനയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ് മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ടുതന്നെ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്ന ബാരിയർ ഫ്രീ ടൂറിസം പദ്ധതി പ്രധാനപ്പെട്ട എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും സാദ്ധ്യതയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ് ക്ലീനിംഗ് പരിപാടികൾ തുടർച്ചയായി നടപ്പാക്കിവരുന്നുണ്ട്.

(ബി) വിവിധ ടൂറിസം പദ്ധതികൾ അവലോകനം ചെയ്യുന്ന ഘട്ടങ്ങളിൽ ഗ്രീൻ കാർപ്പെറ്റ് പദ്ധതിയും അവലോകനം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വ മിഷൻ,

നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.കൾ തുടങ്ങിയവയുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡെസ്റ്റിനേഷനുകളിലും ഡെസ്റ്റിനേഷൻ മാനേജർമാരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഗ്രീൻ കാർപ്പെറ്റിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേയ്ക്കുവേണ്ട സംഗതികൾ സമയബന്ധിതമായി തീർത്ത് ടൂറിസ്റ്റുകൾക്കുള്ള ബുദ്ധിമുട്ടും പരാതിയും പരമാവധി ഒഴിവാക്കുകയാണ് ചുമതലപ്പെട്ടവർ നിർവ്വഹിച്ചുവരുന്നത്.

(സി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോവളം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ആധുനിക നിരീക്ഷണ ക്യാമറകൾ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ക്ലീൻ കേരള പദ്ധതി**

321 (687) <u>ശ്രീ. ഐ. ബി. സതീഷ്:</u>

<u>ശ്രീ. എ. എൻ. ഷംസീർ:</u>

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u>

<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ ക്ലീൻ കേരള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) വിനോദസഞ്ചാര മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നൂതന പരിഷ്കാരങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളും ടൂറിസം ഉല്പന്നങ്ങളും കൂടുതൽ ജനസൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉത്തരവാദിത്വ ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കേരള ട്രാവൽമാർട്ട് ഫൗണ്ടേഷനുമായി ചേർന്ന് ക്ലീൻ കേരള ഇനീഷ്യേറ്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് മിഷൻ വലിയ പ്രാധാന്യമാണ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ വിവിധ തരത്തിലുള്ള പരിസ്ഥിതി സംരക്ഷണ/സൗഹാർദ്ദ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടൂറിസം സംരംഭകർ, ടൂറിസം കേന്ദ്രം ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരള മിഷൻ, ടൂറിസം പരിസ്ഥിതി സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എൻ.ജി.ഒ.കൾ എന്നിങ്ങനെ വിവിധ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫൈഡാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

(ബി) കോവളം, അഷ്ടമുടി, ആലപ്പുഴ, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, വൈത്തിരി, ബേക്കൽ എന്നീ 9 കേന്ദ്രങ്ങളെയാണ് ആദ്യ ഘട്ടത്തിൽ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.

(സി) വിനോദസഞ്ചാര മേഖലയെ കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന മാർക്കറ്റിംഗ് പരിഷ്കാരങ്ങൾ നടപ്പാക്കാനാണ് വിനോദസഞ്ചാര വകുപ്പ് ഉദ്ദേശിക്കുന്നത്.

- ക്ലാസിഫിക്കേഷൻ പദ്ധതികളുടെ കാലോചിതമായ നവീകരണം.
- സാഹസിക ടൂറിസം മേഖലയുടെ പരിപോഷണം.
- ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം
- വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പോലുള്ള പദ്ധതികളിലൂടെ ഉത്തരവാദിത്ത ടൂറിസം മേഖലയുടെ വിപുലീകരണവും ശാക്തീകരണവും
- ടൂറിസം മേളകൾ, യോഗ/ആയുർവേദ അംബാസിഡർ ടൂറുകൾ പോലുള്ള നവീന സംരംഭങ്ങൾക്ക് സഹായ സഹകരണങ്ങൾ നൽകൽ.

(ഡി) വിനോദസഞ്ചാര മേഖലയിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പുതിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

- മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)

- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- "ഗ്രീൻ കാർപ്പറ്റ് സ്കീം"
- കൊല്ലം ജില്ലയിലെ ജഡായുപ്പാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതി
- ഉത്തരവാദിത്ത ടൂറിസം പദ്ധതി
- ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട്
- കോവളത്തിന്റെ സമഗ്ര വികസന പദ്ധതി.
- ശംഖുമുഖത്തിന്റെ സമഗ്ര വികസന പദ്ധതി
- ആക്കുളം കായലിന്റെ പുനരുജ്ജീവനം
- വർക്കലയുടെ സമഗ്ര വികസന പദ്ധതി
- വേളിയുടെ സമഗ്ര വികസന പദ്ധതി
- ധർമ്മടം-മുഴപ്പിലങ്ങാട് ബീച്ചുകളുടെ സമഗ്ര വികസന പദ്ധതി
- ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലറ്റ് സമുച്ചയങ്ങൾ

## ഉത്തരവാദിത്ത ടൂറിസം

322 (688) പ്രൊഫ. കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്ത ടൂറിസം മുഖേന ടൂർ പാക്കേജുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

സാധാരണക്കാരായ തദ്ദേശവാസികൾക്ക് തങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് യാതൊരുവിധ തടസ്സവും കൂടാതെ അധിക മുതൽമുടക്കില്ലാതെ ടൂറിസത്തിൽനിന്നും അധിക വരുമാനം ലഭ്യമാക്കുന്നതിനായിട്ടാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ നടത്തുന്നത്. കയർ പിരിക്കൽ, വിവിധ ഉൽപ്പന്നങ്ങളുടെ നെയ്ത്ത്, വിവിധതരം മീൻ പിടുത്ത രീതികൾ, സ്വർണ്ണപ്പണി എന്നിങ്ങനെ പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്ന ആളുകൾക്ക് പരിശീലനം നൽകി ഈ ആക്റ്റിവിറ്റികൾ കോർത്തിണക്കിയ എക്സ്പീരിയൻഷ്യൽ

ടൂർ പാക്കേജുകൾ രൂപീകരിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ ഓൺലൈൻ, ഓഫ് ലൈൻ പ്ലാറ്റ് ഫോമുകൾ വഴി ഈ പാക്കേജുകൾ മാർക്കറ്റ് ചെയ്യുന്നു. ഇതുകൂടാതെ വിവിധ തദ്ദേശവാസികൾ ആർ.ടി. മിഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവർ നടത്തുന്നതും ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പിന്തുടരുന്നതുമായ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളുമായും പരിശോധനയ്ക്കുശേഷം ആർ.ടി. മിഷൻ സഹകരിക്കുന്നുണ്ട്.

## കടമ്പ്രയാർ ടൂറിസം പദ്ധതി

323 (689) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടമ്പ്രയാർ ടൂറിസം പദ്ധതിയിലെ വോക്ക് വേയുടെ ശോചനീയ അവസ്ഥ പരിഹരിക്കുന്നതിനും ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(ബി) ടി പദ്ധതി പ്രദേശത്തെ ശുചീകരണ പ്രവർത്തികൾ, വിനോദ സഞ്ചാരികൾക്കുള്ള ഹോട്ടൽ തുടങ്ങിയവയുടെ നടത്തിപ്പ് കുടുംബശ്രീക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) കടമ്പ്രയാർ ടൂറിസം പദ്ധതിയുടെ സമഗ്ര നവീകരണത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കിവരുന്നു. ലൈസൻസ് അടിസ്ഥാനത്തിൽ ബോട്ടിംഗ്, ഹോട്ടൽ ഉൾപ്പെടെയുള്ള സേവനങ്ങൾ കുടുംബശ്രീക്ക് മുൻഗണന നൽകി നടപ്പിലാക്കാവുന്നതാണ്. ഡി.എം.സി.-യുടെ നിയന്ത്രണത്തിലായതിനാൽ എത്രയും വേഗം കമ്മിറ്റി കൂടി ടി വിഷയത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## തോട്ടം മേഖലകളിലെ വിനോദസഞ്ചാര സാധ്യതകൾ

324 (690) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലകളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ടൂറിസം വകുപ്പിന് പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രതിസന്ധിയിലായ സംസ്ഥാനത്തെ തോട്ടം മേഖലകളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായി ടൂറിസം വകുപ്പ് കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗ്രീൻ ഫാം, സർവ്വീസ്ഡ് വില്ല പോലുള്ള വിഭാഗത്തിൽപ്പെടുത്തി തോട്ടം മേഖലകളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്തെ തോട്ടംമേഖലകളുടെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് മറ്റ് വകുപ്പുകളുമായി ഇതുവരെ കൂടിയാലോചനകൾ നടത്തേണ്ട സാഹചര്യമുണ്ടായിട്ടില്ല. എങ്കിലും എന്തെങ്കിലും നിർദ്ദേശം വന്നാൽ ചർച്ച ചെയ്യാവുന്നതാണ്.

## വയനാട് ചുരത്തിലൂടെയുള്ള കേബിൾ കാർ പദ്ധതി

325 (691) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ചുരത്തിലൂടെയുള്ള കേബിൾ കാർ പദ്ധതി എന്നത്തേയ്ക്ക് നടപ്പിൽ വരുത്തുവാൻ കഴിയും എന്നറിയിക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

വയനാട് ചേംബർ ഓഫ് കോമേഴ്സാണ് ഇത് സംബന്ധമായ പദ്ധതി രേഖ സമർപ്പിച്ചിട്ടുള്ളത്. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു. കോഴിക്കോട് ജില്ലാ കളക്ടറുടെ ചേംബറിൽ 22-11-2019-ന് നടന്ന യോഗത്തിൽ ചേംബർ ഓഫ് കോമേഴ്സ് അപ്പർ ടെർമിനൽ, ലോവർ ടെർമിനൽ എന്നിവ സ്ഥാപിക്കുന്നതിനുള്ള സ്ഥലം വിലയ്ക്കുവാങ്ങിയതായും ആയത് പ്ലാന്റേഷൻ കൺവേർഷനുവേണ്ടി റവന്യൂ വകുപ്പിൽ അപേക്ഷ നൽകിയതായും അറിയിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ടവർ, കേബിൾ ലൈൻ എന്നിവ സ്ഥാപിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷ വനം വകുപ്പിൽ ചേംബർ ഓഫ് കോമേഴ്സ് നേരിട്ട് സമർപ്പിച്ചിട്ടുള്ളതായും എൻവയോൺമെന്റ്സിൽ ക്ലിയറൻസിന് ഏജൻസിയെ നിയോഗിച്ചതായും മേൽ മീറ്റിംഗിൽ അറിയിച്ചിട്ടുണ്ട്.

## ആറന്മുള മണ്ഡലത്തിലെ ഉത്തരവാദിത്ത ടൂറിസം പദ്ധതി

326 (692) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ആറന്മുള നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ ആറന്മുള നിയോജകമണ്ഡലത്തിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നടപ്പിലാക്കേണ്ട പ്രത്യേക പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ ഉത്തരവാദിത്ത ടൂറിസം മിഷൻ സംസ്ഥാന വ്യാപകമായി നടത്തി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി ആറന്മുള കണ്ണാടി ഉൾപ്പെടെ വിവിധ ഹാൻഡി ക്രാഫ്റ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവരുടെ ഉൽപ്പന്നങ്ങൾ ആർ.ടി. മിഷൻ ഓൺലൈൻ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുകയും മാർക്കറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്.

## ഇടുക്കി ഡി.റ്റി.പി.സി.-യുടെ കീഴിൽ വിനോദസഞ്ചാരികൾക്കായി താമസസൗകര്യം

327 (693) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡി.റ്റി.പി.സി.യുടെ കീഴിൽ ഇടുക്കി ഡാമിനോടുചേർന്നുള്ള പാർക്കിനോടനുബന്ധിച്ച് വിനോദസഞ്ചാരികൾക്കായി നിർമ്മിക്കുന്ന കോട്ടേജുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്കായി എന്നുമുതൽ തുറന്നു കൊടുക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കോട്ടേജുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) കോട്ടേജുകൾക്ക് കെട്ടിട നമ്പർ നേടാനുള്ള നടപടികൾ പുരോഗതിയിലാണ്. ആയതു ലഭിച്ചാലുടൻ വൈദ്യുതി, ശുദ്ധജല സംവിധാനങ്ങളൊരുക്കി കോട്ടേജുകൾ സഞ്ചാരികൾക്ക് തുറന്നുകൊടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണ നടപടികൾ

328 (694) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണ പ്രവൃത്തികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിലെ ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രവുമായി ഡി.ടി.പി.സി. കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ

329 (695) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര രൂപാ വീതം അനുവദിച്ചുവെന്ന് അറിയിക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും പുരോഗതി റിപ്പോർട്ട് നൽകാമോ?

ഉത്തരം

(എ-സി) വാമനപുരം നിയോജകമണ്ഡലത്തിൽ 1.44 കോടി രൂപയുടെ 'അരുവിപ്പുറം ടൂറിസം പദ്ധതിക്ക് ' ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വർക്കല മണ്ഡലത്തിലെ വിനോദസഞ്ചാര പ്രവൃത്തികൾ

330 (696) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിൽ നിന്നും എന്തെല്ലാം പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും കരാർ ഉടമ്പടി ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർക്കല മണ്ഡലത്തിൽ ഭരണാനുമതി നൽകി അനുവദിച്ച ടൂറിസം പദ്ധതിയുടെ പുരോഗതി സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പോത്തുണ്ടി ടൂറിസം പദ്ധതി

331 (697) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തുണ്ടി ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പദ്ധതിയുടെ 72% പൂർത്തീകരിച്ചിട്ടുണ്ട്. 2020 മാർച്ച് 31-ന് ഉദ്ഘാടനത്തിന് തയ്യാറാകണമെന്ന് നിർവ്വഹണ ഏജൻസിയായ വാപ്കോസിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലയിലെ ടൂറിസം പദ്ധതികൾ

332 (698) ശ്രീ. എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ടൂറിസം വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്; വ്യക്തമാക്കാമോ;

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള മോഡൽ ടൂറിസം പദ്ധതി സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ നിരവധി ആളുകളെ ആകർഷിക്കുന്നതും ടൂറിസത്തിന് അനുയോജ്യവുമായ പൊസടി ഗുംപെ ഹിൽ സ്റ്റേഷൻ, കിദൂർ പക്ഷി സങ്കേതം, ആരിക്കാടി കോട്ട എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1) ആയാംകടവ് പുഴയോര പദ്ധതി

2) ചെമ്പരിക്ക ബീച്ച് വികസന പദ്ധതി

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള മോഡൽ ടൂറിസം പദ്ധതി കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 2.74 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പൊസടിഗുംപെ ഹിൽ സ്റ്റേഷൻ, ആരിക്കാടി കോട്ട എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്തുവരുകയാണ്. ഇതിനായി സർക്കാർ ഭൂമിയുടെ ലഭ്യത പരിശോധിച്ചുവരികയാണ്.

കിദൂർ പക്ഷി സങ്കേതം കുമ്പള മോഡൽ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് വികസന പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## മാനന്തവാടി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ

333 (699) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും നിർവ്വഹണ ഏജൻസിയും ഏതൊക്കെയാണ്; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നിലവിൽ നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളും അവയുടെ നിർവ്വഹണ ഏജൻസികളും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## വിനോദസഞ്ചാര വകുപ്പിന്റെ വിവിധ ടൂറിസം പദ്ധതികൾ

334 (700) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം ടൂറിസം പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി ആയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പുഴയോര ടൂറിസം പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ പുതിയ ടൂറിസം പദ്ധതികൾക്ക് തുടക്കം കുറിക്കുകയോ ഭരണാനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

(സി) വള്ളിക്കുന്ന് മണ്ഡലത്തിൽ ടൂറിസം ഡെവലപ്മെന്റ് അറ്റ് വള്ളിക്കുന്ന്, മലപ്പുറം എന്ന ടൂറിസം പദ്ധതിക്കായി ഡി.റ്റി.പി.സി. മലപ്പുറം സിഡ്കോ മുഖേന നിർമ്മാണ പ്രവൃത്തികൾ നടത്തിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെ നിർമ്മാണത്തിൽ വിജിലൻസ് വകുപ്പ് കേസ്സെടുത്ത് അന്വേഷണം നടത്തി വരുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ കഴിയാത്ത അവസ്ഥയിലാണ്.

(ഡി) വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പയ്യന്നൂർ മണ്ഡലത്തിലെ മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതി

335 (701) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിനുകീഴിൽ അനുവദിച്ച മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ "വാട്ടർ റിക്രിയേഷൻ സെന്റർ അറ്റ് മീൻകുഴി" എന്ന പദ്ധതിക്ക് 25-3-2017 തീയതിയിലെ ജി.ഒ.(ആർ.ടി) 177/2017/ടി.എസ്.എം. നമ്പർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചതും ഡി.പി.ആർ. തയ്യാറാക്കിയതും പ്രധാനമായും ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തായിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് 3-10-2018-ന് കണ്ണൂർ ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 7 സെന്റ് സ്ഥലത്ത് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിൽ ഇറിഗേഷൻ വകുപ്പിന് തടസ്സമില്ലായെന്ന് അറിയിക്കുകയും ടൂറിസം വകുപ്പിന് പെർമിസ്സീവ് സാങ്ഷൻ നൽകാൻ യോഗത്തിൽ ധാരണയാവുകയും ചെയ്തിരുന്നു. എന്നാൽ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 6-10-2018 തീയതിയിലെ ജില്ലാ കളക്ടർക്ക് നൽകിയ കത്തിൽ മീൻകുഴി അണക്കെട്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികളുമായി ഡിപ്പാർട്ട്മെന്റ് മുന്നോട്ടുപോവുകയാണെന്നും 2020-ൽ നിർമ്മാണം നടത്താൻ ഇറിഗേഷൻ വകുപ്പിന് ആവശ്യമായി വരുന്ന ഘട്ടത്തിൽ ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നീക്കം ചെയ്ത് ഇറിഗേഷൻ വകുപ്പിന് ഉപയോഗിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ഇറിഗേഷൻ വകുപ്പും ടൂറിസം വകുപ്പും കരാർ ഒപ്പിട്ട് മാത്രമേ പ്രവൃത്തി തുടങ്ങാൻ അനുവാദം നൽകാവൂ എന്നുള്ള നിബന്ധനയും രേഖപ്പെടുത്തുകയുണ്ടായി. ഈ പദ്ധതിയുടെ ഭാഗമായി മീൻകുഴിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ 2020-ഓടെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ പദ്ധതി പ്രവൃത്തികളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല.

## നെല്ലിക്കുഴി തീർത്ഥാടനം

336 (702) ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ശ്രീരാമവിലാസം ചവളാർ സൊസൈറ്റിയുടെ നേതൃത്വത്തിൽ പഴനിക്ഷേത്രം മുതൽ നെല്ലിക്കുഴി ക്ഷേത്രം വരെയുള്ള വിവിധ സാംസ്കാരിക കേന്ദ്രങ്ങൾ സന്ദർശിച്ച് സാമൂഹ്യതിന്മകൾക്കെതിരെ ബോധവത്കരണം നടത്തിവരുന്ന നെല്ലിക്കുഴി തീർത്ഥാടനം സർക്കാരിന്റെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് മാസ്റ്റർപ്ലാൻ സഹിതം ഭാരവാഹികൾ നൽകിയ നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വർഷംതോറും ചവളാർ സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന നെല്ലിക്കുഴി തീർത്ഥാടനം സർക്കാരിന്റെ പിൽഗ്രിം ടൂറിസത്തിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) നെല്ലിക്കുഴി തീർത്ഥാടനത്തിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീരാമ വിലാസം ചവളർ സൊസൈറ്റിയുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ച് പദ്ധതിയുടെ സാധ്യത, സ്ഥല ലഭ്യത മുതലായവ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മുതലമൂർഖൻ കടവിലെ ബോട്ടിംഗ്

337 (703) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച ടൂറിസം വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന 'വെള്ളിനേഴി പഞ്ചായത്തിലെ കുറ്റാനശ്ശേരി മുതലമൂർഖൻ കടവിൽ ബോട്ടിങ്ങ് എന്ന പ്രവൃത്തി സംബന്ധിച്ച് ടൂറിസം വകുപ്പ് ഇത് വരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമാക്കി ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) വെള്ളിനേഴി പഞ്ചായത്തിലെ കുറ്റാനശ്ശേരി മുതലമൂർഖൻ കടവിൽ ബോട്ടിംഗ് എന്ന പ്രവൃത്തിയുടെ രൂപരേഖ ഡി.റ്റി.പി.സി. വഴി തയ്യാറാക്കികൊണ്ടിരിക്കുകയാണ്. ടി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കിയശേഷം ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ ടൂറിസം സാധ്യതകൾ**

338 (704) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ കന്നേറ്റി കായലിന്റെയും പള്ളിക്കലാറിന്റെയും തീരത്തുകൂടി റോഡ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇതിനായി പ്രാഥമിക പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കി കരുനാഗപ്പള്ളിയുടെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കന്നേറ്റി കായലിന്റേയും പള്ളിക്കലാറിന്റേയും തീരത്തുകൂടി റോഡ് നിർമ്മിക്കുന്ന പദ്ധതി നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

339 (705) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയിലും സ്വദേശ് ദർശൻ പദ്ധതിയിലും ഉൾപ്പെടുത്തി നടത്തുന്ന പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

മലനാട് റിവർ ക്രൂയിസ് ടൂറിസം സംസ്ഥാന പദ്ധതിയിൽപ്പെട്ട പഴയങ്ങാടി ബോട്ട് ടെർമിനൽ നിർമ്മാണ പ്രവൃത്തി നിർവ്വഹണ ഏജൻസിയായ ഉൾനാടൻ ജല ഗതാഗതവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സ്ഥലലഭ്യതയ്ക്കുള്ള മാടായി പഞ്ചായത്ത് റെസല്യൂഷൻ ലഭിച്ചിട്ടുണ്ട്. നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.

സ്വദേശ് ദർശൻ സ്കീം-മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി അനുമതി ലഭിച്ച ബോട്ട് ജെട്ടി/ടെർമിനൽ എന്നിവയുടെ നിർവ്വഹണ ഏജൻസി ഉൾനാടൻ ജലഗതാഗത വകുപ്പും മറ്റ് അനുബന്ധ പ്രവൃത്തികൾ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) മാണ് ഏറ്റെടുത്തിട്ടുള്ളത്. പട്ടുവം പഞ്ചായത്ത് പരിധിയിൽപ്പെട്ട മംഗലശ്ശേരി പ്രദേശത്ത് ബോട്ട് ടെർമിനൽ നിർമ്മാണ പ്രവൃത്തി നടന്നുവരികയാണ്. മറ്റ് സ്ഥലത്തെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഡി.പി.ആർ. പ്രകാരം പഞ്ചായത്ത്/പൊതുസ്ഥലങ്ങളിലാണ് മിക്ക പ്രവൃത്തികളും വിഭാവനം ചെയ്തതെങ്കിലും യഥാർത്ഥത്തിൽ പല കമ്പോണന്റും സ്വകാര്യ സ്ഥലത്തും കൂടി ഉൾപ്പെടുന്നതിനാൽ റിലിങ്ക്വിഷ്മെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സർവ്വേ ആവശ്യമുള്ള പ്രദേശങ്ങളിലെ സർവ്വേ പ്രവൃത്തികൾ എന്നിവ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നുണ്ട്.

മാട്ടൂൽ പഞ്ചായത്തിൽ തെക്കുമ്പാട് പ്രദേശത്തെ 2.5 കി.മീ. നടപ്പാത, മറ്റ ഘടകങ്ങളായ ആർട്ടിസാൻസ് ആല ബയോടോയ്ലെറ്റ് പാർക്കിംഗ് യാർഡ്, തെയ്യം പെർഫോർമിംഗ് യാർഡ്, സൈക്കിൾ ട്രാക്ക് എന്നിവ നടപ്പിലാക്കുന്നതിനായി അമ്പതോളം സ്വകാര്യ വ്യക്തികളുടെ റിലിങ്ക്വിഷ്മെന്റ് വേണ്ടിവരുന്നതിനാലും ടി പ്രദേശത്ത് റീ സർവ്വേ നടക്കാത്തതിനാലും സ്ഥലം സബ് ഡിവിഷൻ ചെയ്ത് ബൗണ്ടറി തിട്ടപ്പെടുത്താൻ കഴിയാത്തതിനാൽ സർവ്വേ & ലാൻഡ് റെക്കോർഡ് വകുപ്പ് സർവ്വേ നടത്തി അളന്ന് തിട്ടപ്പെടുത്താൻ വില്ലേജ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. അതിൻപ്രകാരം ജില്ലാ സർവ്വേ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും റിലിങ്ക്വിഷ്മെന്റ് ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നും പുരോഗമിച്ചുവരികയുമാണ്.

നിയന്ത്രിതാനുമതി ടൂറിസം വകുപ്പിന് നൽകിക്കൊണ്ടുള്ള ഗ്രാമ പഞ്ചായത്ത് പ്രമേയങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിൽനിന്നും ലഭിച്ചിട്ടുണ്ട്. ലഭ്യമായ പഞ്ചായത്ത് ഭരണസമിതി പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കാവശ്യമായ സ്ഥലത്തിനുള്ള നിയന്ത്രിതാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് മുഖേന സ്വീകരിച്ചുവരുന്നു.

പട്ടുവം പഞ്ചായത്തിലെ മംഗലശ്ശേരി ബോട്ട് ടെർമിനൽ & മുതുകാട് ബോട്ട് ജെട്ടി, ചെറുകുന്ന് പഞ്ചായത്തിലെ താവം ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി, മാട്ടൂൽ സൗത്ത് ബോട്ട് ജെട്ടി & തെക്കുമ്പാട് ബോട്ട് ടെർമിനൽ എന്നിവയ്ക്കുള്ള പഞ്ചായത്ത് പ്രമേയം ലഭിച്ചിട്ടുണ്ട്.

മടക്കര ബോട്ട് ജെട്ടി സ്ഥലം പദ്ധതിക്ക് മാട്ടൂൽ പഞ്ചായത്ത് റെസല്യൂഷൻ ലഭ്യമാക്കേണ്ടതുണ്ട്.

ചെറുകുന്ന് പഞ്ചായത്തിലെ മൂട്ടിൽ ബോട്ട് ജെട്ടി & ചെറുകുന്ന് ബോട്ട് ജെട്ടി, മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ നോർത്ത് ബോട്ട് ജെട്ടി എന്നിവിടങ്ങളിൽ സ്വകാര്യ സ്ഥലം റിലിങ്ക്വിഷമെന്റ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. ഇതിനുള്ള നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂട്ടിൽ ചെറുകുന്ന് പ്രദേശങ്ങളിലെ പദ്ധതികൾക്ക് പഞ്ചായത്ത് റെസല്യൂഷൻ ലഭ്യമാക്കേണ്ടതുണ്ട്.

പദ്ധതിക്കാവശ്യമായ സി.ആർ.ഇസഡ്. ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന് (KSINC) ടൂറിസം വകുപ്പ് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. സി.ആർ.ഇസഡ്. ക്ലിയറൻസിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ KSINC മുഖേന പുരോഗമിച്ചുവരികയാണ്.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വലിയകുളം ടൂറിസം പ്രോജക്ട്

340 (706) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ചെങ്കൽ പഞ്ചായത്തിലെ വലിയകുളം ടൂറിസം പ്രോജക്ടുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കാൻ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയ വാപ്പ്കോസ് എന്ന ഏജൻസി എന്തൊക്കെ നടപടികൾ ആണ് പൂർത്തീകരിച്ചത് എന്ന് വിശദമാക്കാമോ; ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഡി.പി.ആർ. തയ്യാറാക്കാനായി വാപ്പ്കോസിന് അനുമതി നൽകിയത് ഏതു വർഷമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര വലിയകുളം ടൂറിസം പ്രോജക്ടുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുവാൻ നിലവിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്നതിനായി വാപ്കോസ് എന്ന ഏജൻസിയെ 2019-ലാണ് ചുമലതപ്പെടുത്തിയിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**വിളപ്പിൽശാലയിൽ അഡ്വഞ്ചർ അക്കാദമിയുടെ ആസ്ഥാനം**

341 (707) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വഞ്ചർ അക്കാദമിയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും തുടർനടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതിന് വിളപ്പിൽ വില്ലേജിൽ 4.85 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 18-9-2019-ലെ സ.ഉ. (സാധാ) നമ്പർ 320/19/ടൂറിസം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവനുസരിച്ച് മേൽ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾക്കായി അർത്ഥനാപത്രം, വിശദമായ പ്രോജക്ട് റിപ്പോർട്ട്, കൺസെപ്റ്റ് നോട്ട് എന്നിവ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**ശബരിമല ഭരണ നിർവ്വഹണത്തിന് പ്രത്യേക നിയമം**

342 T* (708) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതിയുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല ഭരണനിർവ്വഹണത്തിനായി ഒരു പ്രത്യേക നിയമം കൊണ്ടുവരുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ശബരിമല വികസനത്തിനായി ഹൈക്കോടതി നിയമിച്ച ഒരു ഹൈപവർ കമ്മിറ്റി നിലവിലുള്ളപ്പോൾതന്നെ ശബരിമല ഒരു പ്രത്യേക അധികാര കേന്ദ്രത്തിന് കീഴിൽ വരുന്ന രീതിയിൽ ഒരു നിയമം കൊണ്ടുവരുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ തകർക്കുന്ന നടപടിയാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമത്തിലെ അടിസ്ഥാന വ്യവസ്ഥകൾ മാറ്റുന്നതിനുമുമ്പ് അത് കവനന്റിന് എതിരാണോയെന്നും കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ;

(ഡി) ശബരിമല പ്രത്യേക നിയമത്തിന് കീഴിലാക്കിയാൽ ശബരിമല വരുമാനംകൊണ്ട് നിലനിൽക്കുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ആയിരത്തി ഇരുന്നൂറോളം ക്ഷേത്രങ്ങളും ബോർഡിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രതിസന്ധിയിലാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനത്തിൽനിന്നും പിൻവാങ്ങുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ശബരിമല ഒരു പ്രത്യേക അധികാര കേന്ദ്രത്തിനുകീഴിൽ വരുന്ന രീതിയിൽ ഒരു നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലില്ല.

(സി) 1950-ലെ ആക്ടിലെ അടിസ്ഥാന വ്യവസ്ഥകളൊന്നും മാറ്റുന്ന കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

**ദേവസ്വം ബോർഡുകളുടെ വരുമാനം**

343 (709) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം പൂർണ്ണമായും ദേവസ്വം ബോർഡുകൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ മണ്ഡല-മകര വിളക്ക് കാലത്ത് ശബരിമലയിലെ നടവരവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; കഴിഞ്ഞ സീസണെ അപേക്ഷിച്ച് എത്രത്തോളം വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിനുണ്ടായ വരുമാന നഷ്ടം പരിഹരിക്കുന്നതിന് 2019-20-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; വകയിരുത്തിയിരുന്ന തുക പൂർണ്ണമായും ദേവസ്വം ബോർഡിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈമാറിയ തിയതി വെളിപ്പെടുത്താമോ;

(ഡി) ശബരിമല തീർത്ഥാടകർക്കായി ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) ശബരിമലയെ വിശ്വാസികളുടെ തീർത്ഥാടനകേന്ദ്രമാക്കുന്നതിനും, അവിടെ എത്തുന്ന ഭക്തർക്ക് സൗകര്യം ഒരുക്കുന്നതിനും ദേവസ്വം ബോർഡ് പുതിയതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വങ്ങൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം അതതു ദേവസ്വം ബോർഡുകൾക്കുതന്നെയാണ് ലഭിക്കുന്നത്. എന്നാൽ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനം അതതു ക്ഷേത്രങ്ങളുടെ അക്കൗണ്ടിലേയ്ക്കാണ് വരുന്നത്.

(ബി) ഉണ്ട്. ശബരിമലയിൽ 84,34,53,619 രൂപയുടെ വർദ്ധനവ് ഈ വർഷമുണ്ടായിട്ടുണ്ട്.

(സി) 2019-2020 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 100 കോടി രൂപയിൽനിന്നും 30 കോടി രൂപ സ.ഉ. (സാധാ) നമ്പർ. 221/2019/റവ. തീയതി 13-8-2019 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകിയിട്ടുണ്ട്.

(ഡി) 150 കോടി രൂപ ചെലവിൽ കിഫ്ബി ധനസഹായം ലഭ്യമാക്കി ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ എസ്.പി.വി. ആയും എൻ.ബി.സി.സി. എന്ന കമ്പനിയെ പി.എം.സി. ആയും തെരഞ്ഞെടുത്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനുള്ള എം.ഒ.യു. ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) 2019-2020-ലെ ശബരിമല തീർത്ഥാടനത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിലുണ്ടായിരുന്ന സൗകര്യങ്ങൾ മെച്ചപ്പെടുത്തി തീർത്ഥാടനം സുഗമമാക്കിയിട്ടുണ്ട്. കുന്നാർ ചെക്ക് ഡാം, കുമ്പളം തോട് എന്നിവിടങ്ങളിൽനിന്നും വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് ലൈൻ

ഉപയോഗിച്ചും ഈ വർഷം ആവശ്യാനുസരണം കുടിവെള്ളം ലഭ്യമാക്കിയിരുന്നു. പമ്പ മുതൽ ശബരിമലവരെ എല്ലാ സ്ഥലങ്ങളും ഔഷധ കുടിവെള്ളവും ലഭ്യമാക്കിയിരുന്നു. ശബരിമലയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് 5 എം.എൽ.ഡി. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉപയോഗിച്ച് മാലിന്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്തു. 2018-ൽ പമ്പയിൽ പ്രളയത്തിൽ തകർന്ന ടോയ്‌ലെറ്റുകൾ പുതുക്കിപ്പണിതിട്ടുണ്ട്. ശബരിമലയിൽ 1000 ശുചിമുറികളും 100 കുളിമുറികളും പ്രവർത്തിപ്പിച്ചു. നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ അയ്യപ്പഭക്തർക്കും വകുപ്പുകളിലെ സേവനദാതാക്കളായ ഉദ്യോഗസ്ഥർക്കും സന്നദ്ധ സേവകർക്കും ഉചിതമായ രീതിയിൽ താമസസൗകര്യം ഏർപ്പെടുത്തി. ശബരിമലയിൽ അന്നദാന മണ്ഡപത്തിന്റെ ഒന്നാം നിലയിൽ 35000 ചതുരശ്ര അടിയും വലിയ നടപ്പന്തലിന്റെ കിഴക്ക് ഭാഗത്തെ കെട്ടിടത്തിന്റെ മുകളിൽ 12000 ചതുരശ്ര അടിയും പാണ്ടിത്താവളത്തിൽ 2000 ചതുരശ്ര അടിയും വിസ്തൃതിയിലുള്ള വിരിഷെഡുകൾ സ്ഥാപിച്ചു. ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ എമർജൻസി സെന്ററുകൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ വിപുലമാക്കി. തീർത്ഥാടകർക്കാവശ്യമായ അപ്പം, അരവണ, വിഭൂതി തുടങ്ങിയവയും വഴിപാടുകൾക്കും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി തിരക്കൊഴിവാക്കിയ നടപടി ഭക്തർക്ക് വളരെ അധികം സഹായകമായി. അയ്യപ്പ സേവാസംഘമുൾപ്പെടെയുള്ള വിവിധ സന്നദ്ധ സേവകരും പോലീസ് വകുപ്പിന്റേതുൾപ്പെടെയുള്ള എല്ലാ വകുപ്പുകളും ദേവസ്വം ബോർഡും വളരെ ഏകോപനത്തോടെ പ്രവർത്തിച്ചതിനാൽ തീർത്ഥാടനം കുറ്റമറ്റതാക്കിത്തീർക്കാൻ കഴിഞ്ഞു.

**ശബരിമലയിലെ ആചാര സംരക്ഷണം**

344 (710) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആചാരാനുഷ്ഠാന സംരക്ഷകരായി മാറുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) ശബരിമലയിലെ ആചാരം സംരക്ഷിച്ചും ഹൈന്ദവ വിശ്വാസ താൽപ്പര്യം മാനിച്ചും സുപ്രീംകോടതിയിൽ നയം വ്യക്തമാക്കുമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രഖ്യാപനം കഴിഞ്ഞ വർഷത്തെ മണ്ഡല-മകര വിളക്ക് കാലത്ത് സ്വീകരിച്ച നടപടികൾക്കുള്ള പ്രായശ്ചിത്തമായി കണക്കാക്കാമോ;

(സി) 2016-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സുപ്രീംകോടതിയിൽ നൽകിയ സത്യവാങ്മൂലത്തെ അനുകൂലിക്കുവാൻ നിലവിലെ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള സത്യവാങ്മൂലം നൽകി ശബരിമല ഭക്തരുടെ വിശ്വാസ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശബരിമലയിലെ ആചാരാനുഷ്ഠാനങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള നയമാണ് ദേവസ്വം ബോർഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് നോട്ടീസ് ലഭിക്കുകയോ എതിർ സത്യവാങ്മൂലം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. 2016-ലെ അന്നത്തെ ബോർഡ് കൊടുത്ത സത്യവാങ്മൂലത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ ഇപ്പോഴത്തെ ബോർഡ് യാതൊരു തീരുമാനമെടുത്തിട്ടില്ലെന്നും ഭക്തജനങ്ങളുടെ താല്പര്യം സംരക്ഷിച്ചുകൊണ്ടുള്ള തീരുമാനം മാത്രമേ ബോർഡ് കൈക്കൊള്ളുവെന്നും ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## ശബരിമലയിലെ നിലവിലുള്ള ഉന്നതാധികാര സമിതി

345 (711) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നിലവിലുള്ള ഉന്നതാധികാര സമിതിയുടെ ഘടന വിശദമാക്കാമോ;

(ബി) പ്രസ്തുത സമിതി രൂപീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) സമിതിയുടെ അടിസ്ഥാന വികസന ഫണ്ടിൽ സംഭാവനയായി നാളിതുവരെ വരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വികസന ഫണ്ടിലേക്ക് സർക്കാർ സഹായം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഇ) ഉന്നതാധികാര സമിതി ലക്ഷ്യമിട്ട മാസ്റ്റർപ്ലാനിൽ എന്തെല്ലാം പദ്ധതികൾ വിഭാവനം ചെയ്തിരുന്നുവെന്നും ആയതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(എഫ്) സമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) റിട്ടേയേർഡ് ജസ്റ്റിസ് ശ്രീ. എസ്. സിരിജഗൻ ചെയർമാനും മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, രണ്ട് അംഗങ്ങൾ, കമ്മീഷണർ, വിവിധ വകുപ്പ് പ്രതിനിധികൾ എന്നിവരുൾപ്പെടെ ആകെ 22 അംഗങ്ങളാണ് ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റിയിലുള്ളത്. നിലവിലെ അംഗങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ശബരിമല ഉന്നതാധികാര സമിതി രൂപീകരിച്ചത് 2-4-2009-ലാണ്. നിലവിലുള്ള ഉന്നതാധികാര സമിതി 30-8-2017-ൽ പുനഃസംഘടിപ്പിച്ചതാണ്.

(സി) 2009 മുതൽ നാളിതുവരെ 2,66,11,729 രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ഡി) വിവരം അനുബന്ധമായി* ചേർക്കുന്നു.

(ഇ) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിനുള്ള പദ്ധതികളാണ് ശബരിമല മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരുന്നത്. പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(എഫ്) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയാണ് ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുള്ളത്. ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടത്തുന്നതിന് സർക്കാർ ഒരു പ്രത്യേക വികസന അതോറിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

346 (712) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് സാമ്പത്തിക പ്രതിസന്ധിയിലാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വരുമാനവർദ്ധനക്ക് എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) വലിയനിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണം ബോർഡിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലാക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചെലവുകൾ നിയന്ത്രിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നിലവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് സാമ്പത്തിക പ്രതിസന്ധിയില്ല.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ വരുമാന ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളുടെയും നിർവ്വഹണം ബോർഡിന്റെ നിരീക്ഷണത്തിലാണ് നടന്നുവരുന്നത്.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ദേവസ്വങ്ങളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, ചെലവുകൾ നിയന്ത്രിക്കുക, കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ഗ്രൂപ്പ് ആഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണർമാരുടെ അടിയന്തരയോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ**

347 (713) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങൾ എതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ അധീനതയിൽ എത്ര വീതം ഭൂമിയാണ് ഉള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രത്തിൽ വിശ്രമ സങ്കേതം**

348 (714) ശ്രീ. കെ. യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല തീർത്ഥാടകർ പ്രധാന ഇടത്താവളമായി ഉപയോഗിക്കുന്ന മുരിങ്ങമംഗലം മഹാദേവർ ക്ഷേത്രത്തിൽ തീർത്ഥാടകർക്കായി വിശ്രമ സങ്കേതം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

ശബരിമല തീർത്ഥാടനകാലത്ത് കോന്നി മുരിങ്ങമംഗലം ദേവസ്വത്തിൽ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി രണ്ട് ഇടത്താവളങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ട്. ഭക്തരുടെ തിരക്ക് കൂടിവരുന്ന സാഹചര്യങ്ങളിൽ ക്ഷേത്രത്തിനുള്ളിലെ ഭജനമഠവും തീർത്ഥാടകർക്കായി തുറന്നുകൊടുക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊട്ടാരക്കര ശ്രീമണികണ്ഠേശ്വരം മഹാഗണപതി ക്ഷേത്രവികസനം

349 (715) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ശ്രീമണികണ്ഠേശ്വരം മഹാഗണപതി ക്ഷേത്ര വികസനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മാസ്റ്റർ പ്ലാൻ തയ്യാർ ചെയ്തിരുന്നോ;

(ബി) എങ്കിൽ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഈ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാസ്റ്റർപ്ലാന് അന്തിമ രൂപരേഖ ആയിട്ടില്ല. മാസ്റ്റർപ്ലാൻ വിഭാവനം ചെയ്യുന്ന ക്ഷേത്രവികസനവുമായി ബന്ധപ്പെട്ട് സ്ഥലപരിമിതിയുള്ളതിനാൽ കൂടുതൽ സ്ഥലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്രക്കുളം നവീകരിച്ച് ചുറ്റും വിശ്രമസൗകര്യം ഒരുക്കുക, പാർക്കിംഗ് ഗ്രൗണ്ടിനോട് ചേർന്നുള്ള പനയ്ക്കൽകാവ് ക്ഷേത്രത്തിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി നടപ്പന്തൽ നിർമ്മിക്കുക, ക്ഷേത്രത്തിന്റെ തെക്കേനടയിൽ ഒരു സ്ഥിരം ടിക്കറ്റ് കൗണ്ടർ സ്ഥാപിക്കുക മുതലായ പ്രവൃത്തികളാണ് വിഭാവനം ചെയ്യുന്നത്.

(സി) മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ച പ്രകാരം പങ്കെടുത്തവരിൽനിന്നും പിത്തവാടിയൻ & പാർട്നേഴ്സിനെ ചുമതലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 406, 463, 484, 497, 498, 500 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 A.M.]

## II. അടിയന്തരപ്രമേയം

### വിദ്യാർത്ഥികൾക്കെതിരെ യു.എ.പി.എ. ചുമത്തിയ നടപടി

മി. സ്പീക്കർ: നിയമ വിദ്യാർത്ഥിയായ അലൻ ഷുഹൈബ്, മാധ്യമ വിദ്യാർത്ഥിയായ താഹ ഫസൽ എന്നിവരെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്യുകയും കുറ്റകൃത്യങ്ങളോ തെളിവുകളോ സംബന്ധിച്ച് വ്യക്തതയില്ലാതെ തടങ്കലിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ക്ലാസ്സിൽ ഹാജരാകാൻ സാധിക്കാത്തതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും അവരെ പുറത്താക്കുന്ന സാഹചര്യവും യു.എ.പി.എ. നിയമം കേരളത്തിൽ നടപ്പിലാക്കാൻ അവസരം സൃഷ്ടിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ പി. ടി. തോമസ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇതേവിഷയം സംബന്ധിച്ച് 4-11-2019-ന് സഭയിൽ പ്രതിപക്ഷം അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് വിശദീകരണം നൽകിയിട്ടുള്ളതാണ്. അതിനാൽ അതുസംബന്ധിച്ച് കൂടുതൽ വിവരങ്ങളിലേയ്ക്ക് കടക്കുന്നില്ല. 2019 നവംബർ 1-ാം തീയതി പന്തീരാങ്കാവ് പോലീസ് പട്രോളിംഗ് ഡ്യൂട്ടി നടത്തവെ സംശയാസ്പദമായ സാഹചര്യത്തിൽ കാണപ്പെട്ട അലൻ ഷുഹൈബ്, താഹ ഫസൽ എന്നിവരെ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുകയും മാവോയിസ്റ്റ് സംഘടനകളുമായുള്ള ബന്ധമുണ്ടെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 507/2019 ആയി യു.എ.പി.എ. ആക്ടിലെ 20, 38, 39 വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരികയുമായിരുന്നു. ഇക്കാര്യം പോലീസ് റിപ്പോർട്ടിൽ പറയുന്നതാണ്. കോഴിക്കോട് സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തിയതിൽ അലൻ ഷുഹൈബിനെയും താഹ ഫസലിനെയും സംശയാസ്പദ സാഹചര്യത്തിൽ കാണപ്പെട്ട സമയത്ത് പോലീസ് പാർട്ടിയെക്കണ്ട് സംഭവസ്ഥലത്തുനിന്നും ഓടിപ്പോയ, അവർക്കൊപ്പമുണ്ടായിരുന്ന ഉസ്മാൻ, യു.എ.പി.എ. നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം ഒല്ലൂർ, മാനന്തവാടി, കരുവാരകുണ്ട്, സുൽത്താൻബത്തേരി എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അഞ്ച് കേസുകളിൽ പ്രതിയാണെന്ന് വെളിവായിട്ടുണ്ട്. 17-11-2019-ൽ ടിയാളെ പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ കേസിൽ പ്രതിപട്ടികയിൽ ചേർത്തു.

കേസിന്റെ വിശദമായ അന്വേഷണം നടന്നുവരവെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 16-12-2019-ലെ കത്ത് പ്രകാരം കേസിന്റെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 18-12-2019-ൽ Crime No. RC-04/2019/NIA/KOC ആയി ദേശീയ അന്വേഷണ ഏജൻസി കൊച്ചി യൂണിറ്റിൽ മേൽ സംഭവത്തിന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ വിവരം 20-12-2019-ൽ ദേശീയ അന്വേഷണ ഏജൻസി ഡയറക്ടർ, സംസ്ഥാന പോലീസ് മേധാവിയെ അറിയിക്കുകയാണുണ്ടായത്. തുടർന്ന് സംസ്ഥാന പോലീസ് മേധാവി കേസിന്റെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് കൈമാറാൻ ഉത്തരവായിട്ടുള്ളതും 27-12-2019-ന് കേസിന്റെ അന്വേഷണം എൻ.ഐ.എ. കൊച്ചി യൂണിറ്റിന് കൈമാറിയിട്ടുള്ളതുമാണ്. കേന്ദ്ര ഏജൻസിക്ക് കേസ് കൈമാറിയത് സംസ്ഥാന സർക്കാരല്ല. (...ബഹളം...)

മി. സ്പീക്കർ: പ്ലീസ്... ഓർഡർ... ഓർഡർ... എന്താണിത്? അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ ബഹളമുണ്ടാക്കരുത്. ദയവായി സീറ്റിൽ ഇരിക്കൂ. ...(ബഹളം)... എല്ലാവർക്കും ബാധകമാണ്. പ്ലീസ്... സീറ്റിൽ ഇരിക്കൂ.

ശ്രീ. പിണറായി വിജയൻ: സർ, കേന്ദ്ര സർക്കാർ സ്വമേധയാ കേസ് ഏറ്റെടുക്കുകയായിരുന്നു. ശ്രീ. പി. ചിദംബരം ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് പാസ്സാക്കിയ എൻ.ഐ.എ. ആക്ട്, 2008-ലെ 6, 5, 8 എന്നീ വകുപ്പുകൾ പ്രകാരമാണ് ഇത്തരം കേസുകൾ സംസ്ഥാന സർക്കാരിനെ മറികടന്ന് എൻ.ഐ.എ.-യെ ഏൽപ്പിക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകിയത്. എൻ.ഐ.എ. നിയമപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായത്തിൽ ഷെഡ്യൂൾഡ് ഒഫൻസ് നടന്നിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ കേസിന്റെ അന്വേഷണം സ്വമേധയാ ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരമുണ്ട്. ഈ നിയമത്തിന്റെ ബലത്തിൽ നിന്നുകൊണ്ട് കേന്ദ്ര ആഭ്യന്തര വകുപ്പാണ് പ്രസ്തുത കേസ് എൻ.ഐ.എ. ഏറ്റെടുക്കണമെന്ന വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് യാതൊരു പങ്കുമില്ല. വസ്തുത ഇതായിരിക്കെ, ഈ കേസ് തുടർനടപടിക്ക് കേന്ദ്ര സർക്കാരിന് വിട്ടുനൽകുകയാണ് ചെയ്തതെന്ന പ്രമേയത്തിലെ പരാമർശം വസ്തുതാവിരുദ്ധമാണ്. ഈ കേസ് എൻ.ഐ.എ.-യുടെ അന്വേഷണ പരിധിയിൽ വന്നിരിക്കുകയാണ്. ഇത്തരമൊരു കേസിന്റെ തെളിവുകളും മറ്റും ഇവിടെ വിശദീകരിക്കുന്നത് ശരിയല്ല എന്നതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. നിശ്ചിത ഹാജർ ഇല്ല എന്നതിന്റെ പേരിലാണ് വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും കുട്ടികളെ പുറത്താക്കിയത്. അത്

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ രീതികൾക്കനുസരിച്ച് അവർ നടത്തിയ നടപടികളാണ്. ഈ കേസ് ചാർജ് ചെയ്ത ഘട്ടത്തിൽതന്നെ സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്. ഉയർന്നുവരുന്ന പരാതികളുടെയും പ്രശ്നങ്ങളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള നിയമപ്രകാരം ഏത് വകുപ്പാണ് ചുമത്തേണ്ടത് എന്നത് പോലീസാണ് തീരുമാനിക്കുന്നത്. അക്കാര്യത്തിൽ സർക്കാർ ഇടപെടാറില്ല. യു.എ.പി.എ. ചുമത്തിയ ഈ കേസിൽ സർക്കാർ നിലപാട് നേരത്തെതന്നെ വ്യക്തമാക്കിയതാണ്. യു.എ.പി.എ. കേസുകൾ ചാർജ് ചെയ്യപ്പെട്ടുകഴിഞ്ഞാൽ അത് ശരിയായ രീതിയിലാണോയെന്ന് പരിശോധിക്കുന്നതിന് നിലവിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനായ ഒരു സമിതി പ്രവർത്തിക്കുന്നുണ്ട്. ഈ സമിതി വസ്തുതകൾ പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും അത് പരിശോധിച്ച് സംസ്ഥാന സർക്കാരാണ് പ്രോസിക്യൂഷന് അനുമതി നൽകണമോയെന്ന് തീരുമാനിക്കുകയും ചെയ്യുന്നത്. ഈ ഘട്ടത്തിൽ ഇതുസംബന്ധിച്ച സർക്കാർ നിലപാടനുസരിച്ച് പ്രവർത്തിക്കുമെന്ന് നേരത്തെതന്നെ വ്യക്തമാക്കിയതാണ്. എന്നാൽ അത്തരം സാധ്യതകളെ ഇല്ലാതാക്കുന്നവിധം ശ്രീ. പി. ചിദംബരം കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശപ്രകാരം കേസ് എൻ.ഐ.എ. ഏറ്റെടുക്കുകയാണ് ചെയ്തത്.

<u>ഡോ. എം. കെ. മുനീർ</u>: സർ, എൽ.എൽ.ബി. വിദ്യാർത്ഥിയായ അലൻ ഷുഹൈബ് (വയസ്സ് 20) സി.പി.ഐ.(എം.)പാർട്ടി അംഗമാണ്. സി.പി.ഐ.(എം.) സാംസ്കാരിക പ്രവർത്തകനായ ശ്രീ. ഷുഹൈബിന്റെയും പാർട്ടിയെ ജീവനുതുല്യം സ്നേഹിക്കുന്ന പാർട്ടിയംഗമായ ശ്രീമതി സബിതാ മഠത്തിലിന്റെയും ഏക മകൻ. താഹ ഫസൽ (23 വയസ്സ്) ജേർണലിസം വിദ്യാർത്ഥിയാണ്. മനസ്സും ശരീരവും സി.പി.ഐ.(എം.)-ൽ സമർപ്പിച്ച് പഠന ചെലവുകൾക്കായി കൂലിപ്പണി ചെയ്യുന്ന യഥാർത്ഥ കമ്മ്യൂണിസ്റ്റ് ദരിദ്ര കുടുംബം. രോഗിയായ വാപ്പയും ഉമ്മയും. ഇവർ രണ്ടുപേരും കൽത്തുറുങ്കിലായിട്ട് ഇന്നേയ്ക്ക് നാല് മാസവും രണ്ട് ദിവസവും തികയുകയാണ്. യു.എ.പി.എ. ആര് കൊണ്ടുവന്നു; എൻ.ഐ.എ. ആര് കൊണ്ടുവന്നു എന്നുള്ള ചർച്ചയ്ക്കുവേണ്ടിയല്ല ഈ വിഷയം ഞാൻ ഇവിടെ അവതരിപ്പിച്ചത്. ഞാൻ ചോദിക്കുന്നത്, എൻ.ഐ.എ. വരാനുള്ള കാരണമെന്താണ്? വെറുതെ വന്ന് എൻ.ഐ.എ.-യ്ക്ക് ഒരു കേസെടുക്കാൻ സാധിക്കില്ല. അങ്ങനെയാണെങ്കിൽ ഈ നാട്ടിലാർക്കും ജീവിക്കാൻ പറ്റില്ലല്ലോ? ഏത് സമയത്തും എൻ.ഐ.എ.യ്ക്ക് വന്ന് കേസെടുക്കാമല്ലോ? 'Investigation of Scheduled Offences' എന്ന ലിസ്റ്റിനകത്ത് ആരെയെങ്കിലും ഉൾപ്പെടുത്തിയാൽ മാത്രമേ എൻ.ഐ.എ.-യ്ക്ക് കടന്നുവരാൻ സാധിക്കൂ. എൻ.ഐ.എ. ഇവിടേയ്ക്ക്

കടന്നുവന്ന് അലൻ ഷുഹൈബിന്റെയും താഹ ഫസലിന്റെയും കേസെടുക്കാനുള്ള കാരണമെന്താണ്? കാരണം, കേരള പോലീസ് അവർക്കെതിരെ യു.എ.പി.എ. എന്ന ഷെഡ്യൂൾഡ് ഒഫൻസിൽ കേസ്സെടുത്തതുകൊണ്ടാണ്. യു.എ.പി.എ.-യിൽ ഉൾപ്പെടുത്തി കേസ്സെടുക്കാനുണ്ടായ കാരണമെന്താണ്? അവരെ ഏതെങ്കിലും അക്രമണത്തിനുവേണ്ടിയുള്ള ആസൂത്രണത്തിനിടയിലോ ഗൂഢാലോചനയ്ക്കിടയിലോ ആണോ പിടിച്ചത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, അവർ ചായ കുടിക്കുമ്പോഴല്ല പിടിച്ചതെന്നാണ്. ശരിയാണ്, അവരെ ചായ കുടിക്കുമ്പോഴല്ല പിടിച്ചത്. പിന്നെ എന്ത് ചെയ്യുമ്പോഴാണ് പിടിച്ചത്? പിടിച്ചശേഷം അവരിൽനിന്നും കിട്ടിയ തെളിവുകളെന്താണെന്ന് വിശദീകരിക്കുകയുണ്ടായി. തെളിവുകൾ എന്നുപറയുന്നത് അവരുടെ കയ്യിൽ കുറച്ച് ലിറ്ററേച്ചറുണ്ടായിരുന്നു എന്നതാണ്. നമ്മൾ പത്രത്തിൽ വായിച്ചതാണ്, ആ ലിറ്ററേച്ചറിന്റെ കൂട്ടത്തിൽ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പാർട്ടി ഭരണഘടന ഉണ്ടായിരുന്നു. പിന്നെയുള്ളത് ജമാഅത്തെ ഇസ്‌ലാമിയുടെ ഐ.പി.എച്ച്. പ്രസിദ്ധീകരിച്ച് ശ്രീ. ഒ. അബ്ദുറഹിമാൻ എഴുതിയ ഒരു പുസ്തകമായിരുന്നു. ഈ ഒരൊറ്റ കാരണത്താൽ പോലീസിന് യു.എ.പി.എ. ചാർത്താൻ അധികാരമുണ്ടോ? ഇത് വ്യക്തമാകണ്ടേ? എൻ.ഐ.എ.-യ്ക്ക് ഈ കേസ് വിട്ടശേഷവും ഡി.ജി.പി.-യുടെ ഒരു പ്രസ്താവന വന്നിട്ടുണ്ട്.'പന്തീരാങ്കാവ് കേസ് - എൻ.ഐ.എ. ഇതുവരെ ഒരു നിഗമനത്തിൽ എത്തിയിട്ടില്ല - പന്തീരാങ്കാവ് യു.എ.പി.എ. കേസ്സിന്റെ കാര്യത്തിൽ എൻ.ഐ.എ. ഒരു നിഗമനത്തിൽ എത്തിയിട്ടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി ശ്രീ. ലോക് നാഥ് ബെഹ്റ. തെളിവുണ്ടെങ്കിൽ മാത്രമേ കേസ് നിലനിൽക്കുകയുള്ളൂ, ഇല്ലെങ്കിൽ തള്ളിക്കളയുമെന്നും ഡി.ജി.പി. വ്യക്തമാക്കി'. തെളിവുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് ഡി.ജി.പി.-ക്കുതന്നെ ധാരണയില്ല. "കേരള പോലീസ് കണ്ടെത്തിയ കുറ്റമെന്താണ് " എന്ന അടുത്ത ചോദ്യത്തിന് വ്യക്തമായി ഉത്തരം പറഞ്ഞില്ല. കേസ് എൻ.ഐ.എ. ഏറ്റെടുത്തതിൽ സംസ്ഥാനത്തിന് ഒരു പങ്കുമില്ലെന്ന് ഡി.ജി.പി. കൂട്ടിച്ചേർത്തു. ശരിയാണ്. ശ്രീ. പി. ചിദംബരം പാസ്സാക്കിയ 2008-ലെ നിയമത്തിലെ ചില കാര്യങ്ങൾ മാത്രം അങ്ങ് പറഞ്ഞു. പക്ഷെ അതിൽ 7-ാം വകുപ്പിൽ പറയുന്നത് - "7. Power to transfer investigation to State Government– While investigating any offence under this Act, the Agency, having regard to the gravity of the offence and other relevant factors, may–

(a) if it is expedient to do so, request the State Government to associate itself with the investigation; or

(b) with the previous approval of the Central Government, transfer the case to the State Government for investigation and trial of the offence"

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയാണെങ്കിൽ 7(b) പ്രകാരം സംസ്ഥാന സർക്കാരിന് തന്നെ കേസ് അന്വേഷിക്കാം. പക്ഷെ അദ്ദേഹം 7-ാം വകുപ്പുമാത്രം ഒഴിവാക്കി ബാക്കിയുള്ള എല്ലാ വകുപ്പുകളും വായിച്ചു. അപ്പോൾ ഇതിന്റെ ഉദ്ദേശ്യം എൻ.ഐ.എ.-യ്ക്ക് കൊടുക്കുക എന്നുള്ളതുതന്നെയാണ്. ഇവിടെ എല്ലാ സാംസ്കാരിക നായകന്മാരും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. പി. മോഹനൻ മാസ്റ്റർ അടക്കം ആദ്യം പറഞ്ഞത് പിന്നീട് മാറ്റി പറഞ്ഞു. അതിന്റെ ചൂടാറും മുമ്പ് അദ്ദേഹത്തിന് കണ്ണുരുട്ടൽ വന്നിട്ടുണ്ടാകും, അതുകൊണ്ട് അദ്ദേഹം മാറ്റിപ്പറഞ്ഞു. 'മുഖ്യമന്ത്രിക്ക് പോലീസ് സ്വരമെന്ന് കോഴിക്കോട് ജില്ലാ സെക്രട്ടറി'. സി.പി.ഐ.(എം.) കോഴിക്കോട് ജില്ലാ സെക്രട്ടറി ശ്രീ. പി. മോഹനൻ പറഞ്ഞത്, 'ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഇരുവരുടെയും ഭാഗം കേൾക്കാൻ പാർട്ടിക്ക് കഴിഞ്ഞിട്ടില്ല. അതില്ലാതെ ഇവർ മാവോയിസ്റ്റ് വാദികളാണെന്നുള്ള നിഗമനത്തിൽ എത്താനാകുകയില്ല. ഇരുവരും മറ്റാരുടെയോ സ്വാധീനത്താൽ വേറെ ആശയങ്ങളിലേയ്ക്ക് ആകർഷിക്കപ്പെട്ടതാകാം; അവർ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ തിരുത്തും. അവർ ഇപ്പോഴും പാർട്ടി അംഗങ്ങളാണ്.' ഇതുപറഞ്ഞ് മണിക്കൂറുകൾക്കുള്ളിൽ അദ്ദേഹം പ്രസ്താവന മാറ്റി. അതിനുശേഷം ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ ഒരു പ്രസ്താവന വന്നു, അതിൽ ഇവർ രണ്ട് പേരും മാവോയിസ്റ്റ് തന്നെയാണെന്നും അവരെ ഒരു കാരണവശാലും പാർട്ടി ഇനി പരിഗണിക്കില്ല എന്നുമാണ് പറയുന്നത്. ഇതിൽ ശ്രീ. പി. മോഹനൻ മാസ്റ്റർ പറഞ്ഞതാണോ ശ്രീ. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞതാണോ മുഖ്യമന്ത്രി ഇവിടെ പറയുന്നതാണോ ശരിയെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഏതായാലും ഈ ആളുകളെ ഞങ്ങളുടെ പാർട്ടിയിലേയ്ക്ക് കിട്ടുമെന്നുള്ള ആഗ്രഹത്തിലൊന്നുമല്ല, കാരണം നിങ്ങളുണ്ടാക്കിയ മനുഷ്യ ശൃംഖലയിൽ അലൻ ഷുഹൈബിന്റെയും താഹ ഫസലിന്റെയും രക്ഷിതാക്കൾ ശൃംഖല കോർത്തിരിക്കുന്ന ചിത്രം നിങ്ങൾക്ക് ഇതിൽ കാണാം. (പത്രകട്ടിംഗ് ഉയർത്തിക്കാട്ടി). അവർ ഇപ്പോഴും നിങ്ങളുടെ ആളുകളാണ്. ഈ രണ്ട് ചെറുപ്പക്കാരെയും എന്തിന്റെ പേരിലാണ് നിങ്ങൾ എൻ.ഐ.എ.-യ്ക്ക് കൊടുത്തിരിക്കുന്നത്; അവരുടെ പഠനംപോലും തകർന്നു തരിപ്പണമായില്ലേ? ഇത്രയും ദയനീയമായ ഒരവസ്ഥയിൽ പ്രശസ്ത സാഹിത്യകാരിയായിട്ടുള്ള ശ്രീമതി കെ. ആർ. മീര ചോദിക്കുന്ന ഒരു ചോദ്യമുണ്ട്; 'ഒരു പത്തൊൻപത് വയസ്സുകാരൻ അഞ്ച് കൊല്ലമായി നിങ്ങളുടെ നിരീക്ഷണത്തിലാണെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ അവന്റെ പതിനാലാമത്തെ വയസ്സുമുതൽ പോലീസ് നിരീക്ഷണത്തിലാണെന്നാണ് അർത്ഥം. പതിനാലാമത്തെ വയസ്സുമുതൽ നിരീക്ഷണത്തിലുള്ള നിങ്ങളുടെ പാർട്ടി പ്രവർത്തകനെ തിരുത്തികൊണ്ടുവരാൻ നിങ്ങൾക്ക് സാധിച്ചില്ലല്ലോ. അപ്പോൾ ആ രണ്ട് കുട്ടികളെ എൻ.ഐ.എ.-യ്ക്ക് വിട്ടുകൊടുക്കുന്നതിൽ നിങ്ങളുടെ പോലീസിനല്ലേ പങ്ക്; ആ രണ്ട് കുട്ടികൾ വഴി

തെറ്റിപോകുന്നവെന്ന് എന്തുകൊണ്ട് നിങ്ങൾ രക്ഷിതാക്കളോട് പറഞ്ഞില്ല? നാല് വർഷമായി അവർ നിങ്ങളുടെ നിരീക്ഷണത്തിലാണ്. ഇനി എത്ര കുട്ടികൾ ഇതുപോലെ നിരീക്ഷണത്തിലുണ്ടാകും; എത്ര കുട്ടികൾ ഇനി എൻ.ഐ.എ.-യുടെ പേരിൽ ജയിലിൽ കിടക്കേണ്ടിവരും? ഇവരെ ഇനി കണികാണാൻ കിട്ടാത്ത രീതിയിൽ എൻ.ഐ.എ. ചോദ്യം ചെയ്യും. എൻ.ഐ.എ. എടുത്തിട്ടുള്ള കേസ്സുകളിൽ തൊണ്ണൂറ്റി അഞ്ച് ശതമാനത്തിലും ഏതെങ്കിലും രീതിയിൽ തെളിവുകൊണ്ടുവന്ന് ശിക്ഷിച്ചിട്ടുണ്ട്. എന്നാൽ സി.ബി.ഐ. എടുത്ത കേസ്സുകൾ പരിശോധിച്ചാൽ ആറോ ഏഴോ ശതമാനമേ ശിക്ഷിക്കപ്പെട്ടിട്ടുള്ളൂ. ഇതിനർത്ഥം ഈ രണ്ട് കുട്ടികളുടെ ഭാവി ഇനി എന്താകുമെന്ന് ആർക്കും പറയാൻ പറ്റില്ല എന്നതാണ് '. സാഹിത്യ ലോകവും അതുപോലെ എല്ലാ നിഷ്പക്ഷമതികളും ഇക്കാര്യത്തിൽ അങ്ങേയറ്റം വേവലാതിയിലാണ്. ഇത് മറ്റൊന്നും കൊണ്ടല്ല, എല്ലാ ചെറുപ്പക്കാരിലും അരക്ഷിതാവസ്ഥയുണ്ടാകാൻ സഹായിക്കുന്ന ഒരു ഉദാഹരണമായി ഈ രണ്ട് കേസ്സുകൾ മാറുകയാണ്. ഇനി ചെറുപ്പക്കാർക്ക് സാഹിത്യം വായിക്കാൻ പറ്റില്ല. എല്ലാവരും ശിവരഞ്ജിത്തല്ല. എല്ലാവരും പുസ്തകം വായിക്കാതെ കോപ്പിയടിച്ച് ജയിക്കുന്നവരല്ല. എസ്.എഫ്.ഐ.-യിൽ ഇങ്ങനെ വായിക്കുന്നവരുമുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന രണ്ട് ഉദാഹരണങ്ങളാണിത്. എന്റെ വീട്ടിൽ ഇ.എം.എസ്.-ന്റെ കൃതിയുണ്ട്, അതിന്റെ അർത്ഥം ഞാൻ മാർക്സിസ്റ്റ് പാർട്ടിയിലാണെന്നാണോ; മാധവ സദാശിവ ഗോൾവാൾക്കറിന്റെ 'We or our nationhood defined' എന്ന പുസ്തകം എന്റെ വീട്ടിലുണ്ട്, അതുകൊണ്ട് ഞാൻ ആർ.എസ്.എസ്.-ലാണോ; ഏതൊക്കെ പുസ്തകങ്ങൾ ആർക്കൊക്കെ വായിക്കാം? ...(ബഹളം).... നിങ്ങളൊന്നും എന്നെ പഠിപ്പിക്കേണ്ട. ആർ.എസ്.എസ്.-നെക്കുറിച്ച് എന്നെ പഠിപ്പിക്കേണ്ട. വായിക്കാത്ത നിങ്ങളോട് ഞാൻ മറുപടി പറയുന്നില്ല.

<u>മി. സ്പീക്കർ</u>: എന്താണ്? അങ്ങ് സംസാരിക്കൂ, അങ്ങ് അവസാനിപ്പിക്കൂ. .....(ബഹളം).....

<u>ഡോ. എം. കെ. മുനീർ</u> : സർ, മാർക്സിസ്റ്റ് പാർട്ടിയെ പറഞ്ഞാൽ ഞാൻ ആർ.എസ്.എസ്. ആകും, ആർ.എസ്.എസ്.-നെ പറഞ്ഞാൽ ഞാൻ എസ്.ഡി.പി.ഐ. ആകും. അതിലൊന്നും പേടിച്ച് ചൂളുന്ന ആളുകളൊന്നുമല്ല ഞങ്ങൾ.

<u>മി. സ്പീക്കർ</u>: ക്ഷോഭിക്കേണ്ട ഇരിക്കൂ, ഇരിക്കൂ. ശ്രീ. പി. കെ. ബഷീർ ഇരിക്കൂ.

<u>ഡോ. എം. കെ. മുനീർ</u>: സർ, അതുകൊണ്ട് ഞാൻ ചോദിക്കുന്നത്, വായിക്കുക എന്നത് ഒരു ദുശ്ശീലമാണോ.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ഡോ. എം. കെ. മുനീർ: സർ, ജമാഅത്തെ ഇസ്ലാമി എന്ന് പറയുന്നതിന് ഇത്രയും പിന്തുണ നൽകിയ ആൾക്കാരില്ല. .....(ബഹളം)..... ശ്രീ. ഒ. അബ്ദുറഹിമാന്റെ പുസ്തകം വായിച്ചാൽ എൻ.ഐ.എ.-യിൽപ്പെടും എന്നുപറഞ്ഞാൽ എന്താണ് ഇതിന്റെ അർത്ഥം.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ.

ഡോ. എം. കെ. മുനീർ: സർ, അതുപോലെ ഈ കുട്ടികളുടെ പഠനം, സാധാരണഗതിയിൽ ലീവായിക്കഴിഞ്ഞാൽ double condonation വരെയുണ്ട്. ആ കുട്ടിയോട് എന്തുകൊണ്ടാണ് നീ ഹാജരാകാത്തതെന്ന് നിങ്ങൾ ചോദിച്ചോ; ജയിലിൽ കിടക്കുന്ന കുട്ടി എങ്ങനെയാണ് ഹാജരാകുന്നത്? ഹാജരാകാൻ പറ്റാത്ത എന്ത് സാഹചര്യമുണ്ടായിയെന്ന് ആ കുട്ടിയോട് ചോദിക്കാൻ കണ്ണൂർ യൂണിവേഴ്സിറ്റി തയ്യാറായില്ല. ഇവിടെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടല്ലോ; അദ്ദേഹം കൂടി മറുപടി പറയേണ്ടതാണ്. നിങ്ങൾ തന്നെ കൽത്തുറുങ്കിൽ അടയ്ക്കുക, നിങ്ങൾതന്നെ അറ്റൻഡൻസില്ലെന്ന് പറയുക, അവസാനം നിങ്ങൾതന്നെ അവർക്ക് പഠിപ്പ് നിഷേധിക്കുക. ഈ കുട്ടികളൊക്കെ എവിടെയെത്തും. ഇതിന് ഞങ്ങൾക്ക് വ്യക്തമായ മറുപടി വേണം. ഞങ്ങൾക്ക് പറയാനുള്ളത്, 7(b) അനുസരിച്ച് കേസ് തിരിച്ചുവിളിക്കുക, എന്നിട്ട് സംസ്ഥാന സർക്കാർ തന്നെ യു.എ.പി.എ. ചേർത്തത് ശരിയാണോയെന്ന് പരിശോധിക്കുക. Atleast, ശ്രീ. പി. മോഹനൻ മാസ്റ്ററോടെങ്കിലും ചോദിക്കുക; അദ്ദേഹം കോഴിക്കോടാണല്ലോ ഉള്ളത്. ഇപ്പോഴും മനുഷ്യ ശൃംഖലയിൽ ആ കുടുംബം നിങ്ങളുടെ ഭാഗമായി നിൽക്കുമ്പോൾ നിങ്ങൾ എന്തിന്റെ പേരിലാണ് ഇവരെ ഇസ്ലാമിക് ടെററിസ്റ്റ് എന്ന് പറയുന്നത്. ഇസ്ലാമിക് ടെററിസവും ഇതും തമ്മിൽ എന്താണ് ബന്ധം? ഇങ്ങനെ രണ്ട് കുട്ടികളെ നിങ്ങളുടെ പ്രാദേശിക തലത്തിലുള്ള വൈരാഗ്യം തീർക്കുന്നതിനുവേണ്ടി കുരുതി കൊടുക്കരുത്. ഇതിന് അങ്ങയിൽനിന്നും ഞങ്ങൾ വ്യക്തമായ മറുപടി പ്രതീക്ഷിക്കുന്നു. എന്ത് നടപടിയെടുക്കാനാണ് പോകുന്നത്; എന്താണ് പോലീസ് കണ്ടെത്തിയത്; ഈ പുസ്തകം കയ്യിൽ വച്ചതുമാത്രമാണോ അതോ രണ്ട് സിം കാർഡുള്ളതാണോ? രണ്ട് സിം കാർഡുള്ള എല്ലാവരുടേയും പേരിൽ എൻ.ഐ.എ. കേസ് എടുക്കുമോയെന്നാണ് ശ്രീ. കാനം രാജേന്ദ്രൻ ചോദിച്ചത്. അതുകൊണ്ട് യാതൊരു തരത്തിലുള്ള ന്യായീകരണവുമില്ലാത്ത രീതിയിൽ പോലീസ് ഭാഷ്യം അങ്ങ് ഇവിടെ പറയരുത്. പോലീസിന്റെ എന്തെങ്കിലും താൽപ്പര്യങ്ങൾക്കനുസരിച്ച് അങ്ങ് സംസാരിക്കരുത്. ഒരു മുഖ്യമന്ത്രിയെന്ന നിലയ്ക്കുള്ള മറുപടി ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ ഒട്ടേറെ കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്. അതിലൊരുഭാഗം

ഈ ചെറുപ്പക്കാരുടെ രക്ഷിതാക്കളെക്കുറിച്ചാണ്. രക്ഷിതാക്കൾ മനുഷ്യ മഹാശൃംഖലയിൽ പങ്കെടുത്തുവെന്ന് അദ്ദേഹം പറയുകയുണ്ടായി. രക്ഷിതാക്കളുടെ കാര്യത്തിൽ ഇവിടെ വേറെ പരാതികളൊന്നും ആരും ഉന്നയിച്ചിട്ടില്ല. ഏത് മകൻ ഇത്തരമൊരു കേസ്സിൽപ്പെട്ടാലും ആ മകന്റെ രക്ഷിതാക്കൾക്കുണ്ടാകുന്ന ഉത്കണ്ഠയും വേവലാതിയും നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. അതിനെ ഏതെങ്കിലും തരത്തിൽ ദുരുപയോഗിക്കാൻ ശ്രമം നടന്നോയെന്നുള്ളത് സ്വയമേവ പരിശോധിച്ച് നോക്കിയാൽ മതി. ഈ വിഷയം സംബന്ധിച്ച് ആ കുടുംബം വന്ന ഘട്ടത്തിൽതന്നെ ഞങ്ങൾ കാര്യങ്ങൾ പറഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കും. ഇതിനിടയ്ക്കാണ് എൻ.ഐ.എ. കേസ് ഏറ്റെടുക്കുന്ന സാഹചര്യം വന്നിട്ടുള്ളത്. സർക്കാരിന് പരിശോധിക്കാനുള്ള ഘട്ടം വരുന്നതിനുമുമ്പുതന്നെ എൻ.ഐ.എ. കേസ് ഏറ്റെടുത്തുകഴിഞ്ഞു. അതിശയകരമായ ഒരു വ്യാഖ്യാനം ഡോ. എം. കെ. മുനീർ നടത്തുകയുണ്ടായി. ഡോ. എം. കെ. മുനീറിന് വായിച്ചാൽ മനസ്സിലാകാത്ത പ്രശ്നമൊന്നുമില്ലല്ലോ? സഭയെ തെറ്റിദ്ധരിപ്പിക്കാനല്ലേ ഇങ്ങനെയൊരു ശ്രമം നടത്തിയതെന്നാണ് എന്റെ സംശയം. ഇതിൽ 7(b) എന്ന് പറയുന്നത് - '(b) with the previous approval of the Central Government,' അത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 'with the previous approval of the Central Government, transfer the case to the State Government for investigation and trial of the offence'. ഇതു കേട്ടില്ലേ; (....ബഹളം....) ആരെയാണ് സമീപിക്കേണ്ടത്; ......(ബഹളം)..... ആരെ സമീപിച്ച് വാങ്ങണമെന്നാണ്? ...(ബഹളം).........

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്.....

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ നല്ല മാൻപേടകളായിട്ടാണല്ലോ ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ശ്രീ. ഇ. പി. ജയരാജൻ ഉൾപ്പെടെ നാല് പേർ 8-2-2016-ന് ഈ സഭയിൽ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. അതിന് ഇന്നത്തെ പ്രതിപക്ഷനേതാവ് നൽകിയ മറുപടിയിൽ ഒരു ലിസ്റ്റ് കൊടുത്തിട്ടുണ്ട്. ആകെ 123 കേസ്സുകൾ. ആ കേസ്സുകൾ സംസ്ഥാനത്താകെ വ്യാപിച്ചുകിടക്കുകയാണ്. കൊല്ലം റൂറൽ-2, ആലപ്പുഴ-3, കോട്ടയം-1, കൊച്ചി സിറ്റി-9, എറണാകുളം റൂറൽ-2, പാലക്കാട്-32, മലപ്പുറം-33, കോഴിക്കോട് സിറ്റി-2, കോഴിക്കോട് റൂറൽ-10, വയനാട്-27, കണ്ണൂർ-11, കാസർഗോഡ്-2. ഇങ്ങനെ മൊത്തം 134 കേസ്സുകളാണ്. അതിൽ LWE കേസുകൾ - 123 എണ്ണം. ഇവിടെ ഓർക്കേണ്ട കാര്യം, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒൻപത് കേസ്സുകൾ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ട്. എൻ.ഐ.എ. ഏറ്റെടുത്ത കേസ്സുകളുടെ കാര്യത്തിലെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ

മുന്നിൽ ഹർജികളുമായി പോയിരുന്നോ; ഇവിടെ ശ്രീ. അമിത്ഷായുടെ മുന്നിൽ കത്തുംകൊണ്ട് പോകണമെന്നാണ് പറയുന്നത്. ....(ബഹളം) ....

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്....

ശ്രീ. പിണറായി വിജയൻ: സർ, ഏത് കേസ്സാണ് ഇത്തരത്തിൽ വിട്ടുകൊടുത്തിട്ടുള്ളത്. 134 കേസ്സുകളിൽ ഒരു കേസ്സുണ്ട് യു.എ.പി.എ. ചാർജ് ചെയ്തത്. കണ്ണൂരിലെ 11 കേസ്സുകളിൽ ഒന്ന് കതിരൂരിലുള്ള കേസ്സാണ്. ആ കേസ് പൊളിറ്റിക്കൽ മർഡർ എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാണ് യു.എ.പി.എ. ചേർത്തിരുന്നത്. അതിൽ ശ്രീ. പി. ജയരാജനെ പ്രതിയാക്കിയത് എങ്ങനെയാണെന്ന് ഇവർക്കറിയില്ലേ; ആ ശീലം വച്ചാണ് ഞങ്ങളോട് ചോദിക്കുന്നത്, പോലീസിന്റെ ഓരോ കാര്യവും ഞങ്ങൾ ഓരോ ദിവസവും മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണോ? ഞങ്ങൾക്ക് ആ പണിയില്ല. .............(ബഹളം) .............

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്....

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് അന്ന് സഖാവ് ഇ. പി. ജയരാജൻ അടക്കമുള്ളവർ ചോദിച്ചത് 'കേന്ദ്ര ആഭ്യന്തരമന്ത്രി, കതിരൂർ കൊലപാതക കേസ് സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന് കണ്ണൂരിൽ വന്ന് ആവശ്യപ്പെടുകയുണ്ടായോ' എന്നാണ്. ...(ബഹളം)..... ഇക്കാര്യം ഉന്നയിച്ച് ആർ.എസ്.എസ്., ബി.ജെ.പി. നേതാക്കൾ മുഖ്യമന്ത്രിയെയും ആഭ്യന്തര വകുപ്പുമന്ത്രിയെയും നേരിൽ കാണുകയുണ്ടായോ; ചോദ്യം വ്യക്തമാണ്. അതിൽ പറഞ്ഞ മറുപടിയാണ് ഞാൻ പറഞ്ഞത്. "134 കേസ്സുകൾ (ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു). ഇതിൽ ക്രൈം നമ്പർ 780/14 കതിരൂർ പി.എസ്., കേസ് സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്." എന്നതാണ് മറുപടി. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് മിണ്ടുന്നില്ല. ആരുടെ താല്പര്യമായിരുന്നു അത്; ഇതെല്ലാം കേരളത്തിൽ സംഭവിച്ച കാര്യങ്ങളല്ലേ; എല്ലാവർക്കും അറിയാവുന്ന ഒരു പൊതുപ്രവർത്തകൻ യു.എ.പി.എ.-യുമായി ബന്ധപ്പെട്ട് ഒരുതരത്തിലും അത്തരമൊരു വകുപ്പ് ചാർജ് ചെയ്യാൻ സാധ്യതയില്ലാത്ത ഒരു കേസ്. അതിലല്ലേ ഈ വകുപ്പ് ചാർത്തിക്കൊടുത്തത്; ................(ബഹളം)......... അതായിരുന്നില്ലേ ഇവിടത്തെ പഴയ പാരമ്പര്യം?

..........(ബഹളം).......

മി. സ്പീക്കർ: പ്ലീസ്......... പ്ലീസ്....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ ചോദിച്ചു, അഞ്ച് വർഷം നിരീക്ഷണത്തിലായിരുന്നിട്ടും എന്തുകൊണ്ട് നിങ്ങൾക്ക് തിരുത്താൻ കഴിഞ്ഞില്ലായെന്ന്. അഞ്ച് വർഷം നിരീക്ഷണത്തിലെന്ന് പറയുന്നത്, ഞങ്ങളുടെയോ, ഈ പറയുന്ന ചെറുപ്പക്കാരനുണ്ടായിരുന്ന പാർട്ടിയുടെയോ നിരീക്ഷണത്തിലല്ല. കേരളത്തിലെ പോലീസിന്റെ നിരീക്ഷണത്തിലാണ് ഉണ്ടായിരുന്നത്. പോലീസ് നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവരെയെല്ലാം കുറിച്ച് ഞങ്ങൾ ദിവസവും അറിയുകയാണോ? ഈ സംസ്ഥാനത്ത് ആഭ്യന്തര മന്ത്രിയായിരുന്ന ആളാണല്ലോ ഇന്ന് പ്രതിപക്ഷ നേതാവായി ഇരിക്കുന്നത്. പോലീസ് ആരെയെങ്കിലും നിരീക്ഷിച്ചുകൊണ്ടിരിക്കുന്നതിന്റെ ഓരോ ദിവസത്തേയും പട്ടിക ആഭ്യന്തര വകുപ്പുമന്ത്രിയുടെ കയ്യിൽ ലഭിക്കുന്നുണ്ടോ? അത് അറിയാത്ത വ്യക്തിയാണോ ഡോ. എം. കെ. മുനീർ. ഏതോ ഒരാളുടെ പേര് പറഞ്ഞു. അവരെ നിങ്ങൾ എന്തുകൊണ്ട് തിരുത്തിയില്ലായെന്ന് ചോദിച്ചുവെന്നാണ് പറയുന്നത്. അത്രയും മനസ്സിലാക്കാനുള്ള സാമാന്യ ധാരണയില്ലാത്ത ആളായി പോയോ ഡോ. എം. കെ. മുനീർ. ....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്......... പ്ലീസ്....

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ടെററിസ്റ്റുകൾ തമ്മിൽ ചില ബന്ധങ്ങളുണ്ട്, അത് നാം കാണാതിരിക്കേണ്ട. അതിനെക്കുറിച്ച് ഒരു പരാമർശം ഇവിടെയുണ്ടായി. മാവോയിസ്റ്റുകളുടെ പ്രശ്നം വരുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റുചില ടെററിസ്റ്റുകൾക്കും അതുമായി ബന്ധപ്പെട്ട് ചില താൽപ്പര്യങ്ങൾ ഉണ്ടാകുന്നുണ്ട്, ചില പൊതുവായ നിലപാടുകളും കാണാൻ കഴിയുന്നുണ്ട്. (....ബഹളം....)

<u>മി. സ്പീക്കർ</u>: നിങ്ങൾ ദയവായി കേൾക്കുക.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കേരളത്തിൽ യു.എ.പി.എ. പ്രകാരം ചാർജ് ചെയ്ത കേസുകളിൽ പല കേസുകളും യു.എ.പി.എ.-യുടെ ജുഡീഷ്യൽ സംവിധാനത്തിന്റെ പരിശോധനയിലൂടെ അസാധുവായിട്ടുണ്ട്. മുന്നോട്ട് നോക്കാതെ കഴിഞ്ഞ കാലത്ത് യു.ഡി.എഫ്. കേസെടുത്ത രീതിയും ഇപ്പോൾ യു.എ.പി.എ. മുൻനിർത്തി അവർതന്നെ സംസാരിക്കുന്നതും കാണുമ്പോൾ നല്ല രസം തോന്നുന്നുണ്ട്. പണ്ട് ഒന്നുംനോക്കാതെ കേസെടുക്കുകയായിരുന്നു. യു.ഡി.എഫ്.-ൽ നിന്നും നേരത്തെ 9 കേസുകൾ എൻ.ഐ.എ. ഏറ്റെടുത്തത് ഇവർ ശിപാർശ ചെയ്തിട്ടായിരുന്നോ; അത് നിയമപ്രകാരമുള്ള അധികാരംവച്ച് അവരെടുക്കുകയാണ്. നമ്മുടെ രാജ്യത്ത് എത്രയോ കരിനിയമങ്ങളുണ്ടായിട്ടുണ്ട്. DIR, MISA എന്നിങ്ങനെ ദുരുപയോഗം നടത്തിയ ഒരുപാട് കരിനിയമങ്ങൾ.

അത് ഉപയോഗിച്ചതിന്റെയെല്ലാം തുടക്കക്കാർ കോൺഗ്രസ്സാണെന്ന് ആർക്കാണ് അറിയാത്തത്; പോലീസ് നിയമപ്രകാരം കേസെടുക്കുന്ന രീതിയാണോ അന്നൊക്കെയുണ്ടായിരുന്നത്? കാലം മാറിയില്ലേ; പോലീസ്, പോലീസ് ജീപ്പിൽ കയറി പ്രതികളെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്ന ഒരു കാലം പണ്ടുണ്ടായിരുന്നു. ആ കാലം മാറി. ഏതായാലും ആ സംസ്കാരമൊന്നും ഞങ്ങൾക്കില്ലെന്ന് മനസ്സിലാക്കണം. ആരെ കേസിൽപ്പെടുത്തണം, ആരെയൊക്കെ കേസിൽനിന്ന് ഒഴിവാക്കണം എന്ന നിലപാടൊന്നും ഞങ്ങൾ തീരുമാനിക്കുന്നതല്ല. സംസ്ഥാനത്തെ പോലീസ് സാധാരണഗതിയിൽ അന്വേഷിക്കും. ആ അന്വേഷണത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടി അവർ സ്വീകരിക്കും. ഇവിടെ 'POTA' എന്ന് ഈ സാഹചര്യത്തിൽ പറഞ്ഞാൽ തെറ്റിദ്ധരിച്ചുപോകുമോയെന്ന് അറിയില്ല. കാരണം ചെറിയൊരു അക്ഷരം തിരുത്തിപ്പറഞ്ഞാൽ വേറെ അർത്ഥം വരും. കേരളത്തിൽ ഇതുപോലെ POTA ഉപയോഗിച്ചിരുന്നു. സഖാവ് പി. ജയരാജന്റെ കാര്യം പറഞ്ഞതുപോലെ തന്നെ ചില ആളുകളെ POTA-യുടെ ഭാഗമായി കേസിൽപ്പെടുത്തിയിരുന്നു. ഇതിനോടൊപ്പംതന്നെ അതും പറയേണ്ടതല്ലേ? ഞങ്ങൾ പരിശുദ്ധാത്മാക്കളാണ്, പാവപ്പെട്ട ജീവികളാണ് എന്ന് അഭിനയിക്കാൻ നോക്കുമ്പോൾ എന്തായിരുന്നു നിങ്ങളെന്ന് നാടറിയണ്ടേ? ഒരു നിയമമുണ്ടാക്കിവച്ചാൽ അത് അന്വേഷണ ഏജൻസികൾ എങ്ങനെ ഉപയോഗിക്കുമെന്ന് ആദ്യം മനസ്സിലാക്കണം. അതാണ് ഇവിടെ സംഭവിച്ചിട്ടുള്ളത്. രാഷ്ട്രീയ രക്ഷാകർതൃത്വം ആ നിയമത്തിന് അപ്പുറത്താണ് നിൽക്കുന്നത്. ഞങ്ങൾ ആ നിയമവുംകൊണ്ട് പുറപ്പെടാൻ നിന്നിട്ടില്ല. കേസെടുക്കുന്നതും പിൻവലിക്കുന്നതും രാഷ്ട്രീയ നിർദ്ദേശമനുസരിച്ചല്ല എന്നത് നാം കാണണം. ഏതായാലും ഒരു കാര്യമേ പറയാനുള്ളൂ, എൽ.ഡി.എഫ്.-നെ രാഷ്ട്രീയമായി എതിർക്കാനുള്ള താൽപ്പര്യത്തിൽ മാവോയിസ്റ്റുകളെ ന്യായീകരിക്കാൻ വല്ലാത്ത വ്യഗ്രത കാണിക്കരുത്. മാവോയിസ്റ്റുകൾ എന്നുപറയുന്നവർ എന്താണ് ചെയ്യുന്നതെന്ന് എല്ലാവർക്കുമറിയാം. അവരെ ന്യായീകരിക്കാൻ ഇവരെ പോലുള്ള പാർട്ടികൾ തയ്യാറാകുന്നത് ആശ്ചര്യകരമാണ്. മാവോയിസ്റ്റ് എന്ന പേരുതന്നെ യഥാർത്ഥത്തിൽ തെറ്റിദ്ധരിപ്പിക്കുന്നതാണ്. മാവോയുമായി ബന്ധപ്പെട്ടാണല്ലോ ഈ പേര് വരുന്നത്. മാവോ പണംപിടിച്ചുപറിക്കലും ആളെ കൊല്ലലുമൊന്നും പറഞ്ഞ നേതാവല്ല. .... (ബഹളം).... ഇവിടെ ജനങ്ങളുടെ മഹത്തായ മുന്നേറ്റങ്ങളുണ്ടാക്കി. ചൈനയിൽ മഹത്തായ മുന്നേറ്റങ്ങളുണ്ടാക്കി അന്ന് അവിടെയുണ്ടായിരുന്ന വ്യവസ്ഥിതിയെ മാറ്റുന്നതിന് നേതൃത്വം കൊടുത്ത നേതാവാണ് മാവോ. ആ പ്രത്യയശാസ്ത്രമാണ് മാവോയുടേത്, അല്ലാതെ വ്യക്തിപരമായി ആളുകളെ കൊല്ലുന്ന പ്രത്യയശാസ്ത്രമല്ല. മാവോയിസ്റ്റെന്ന പേരുതന്നെ യഥാർത്ഥത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന ഒന്നാണെന്ന്

നമ്മൾ കാണേണ്ടതായിട്ടുണ്ട്. രാഷ്ട്രീയമായി മാവോയിസ്റ്റുകളെടുക്കുന്ന നിലപാട് പരിശോധിച്ചാൽ ബി.ജെ.പി., കോൺഗ്രസ്സ്, മാവോയിസ്റ്റുകൾ, തൃണമൂൽ തുടങ്ങിയ എല്ലാ പാർട്ടികളും കൂടിച്ചേർന്ന് പടിഞ്ഞാറൻ ബംഗാളിൽ അവിടത്തെ ഇടതുപക്ഷ ഗവൺമെന്റുണ്ടായിരുന്ന കാലത്ത് അതിനെതിരെ നടത്തിയ നീക്കം നാം ഈ ഘട്ടത്തിൽ ഓർക്കേണ്ടതാണ്. ഞങ്ങളെ സംബന്ധിച്ചുള്ള നിലപാട് കൃത്യമായി അറിയണം. നേരത്തെ നമ്മുടെ രാജ്യത്ത് നക്സലിസം വന്നു. ആ ഘട്ടത്തിൽ നക്സലൈറ്റിന്റെ പേരിൽ സി.പി.ഐ.(എം.)-നെ വേട്ടയാടാൻ പറ്റുമോയെന്നായിരുന്നു അന്ന് പ്രതിപക്ഷാംഗങ്ങൾ നോക്കിയത്. ...... (...ബഹളം...)......

മി. സ്പീക്കർ: ശ്രീ. പി.കെ. ബഷീർ, ഇരിക്കു........

ശ്രീ. പിണറായി വിജയൻ: സർ, ഞങ്ങൾ അന്ന് സ്വീകരിച്ച നിലപാട് നക്സലിസത്തെ ശക്തമായി എതിർക്കുന്നത് തന്നെയാണ്. നമ്മുടെ രാജ്യത്തെ വിപ്ലവ പ്രസ്ഥാനത്തിന് വലിയതോതിലുള്ള അപചയമുണ്ടാക്കുന്ന നീക്കങ്ങളാണ് അവരുടെ ഭാഗത്തുനിന്നുമുള്ളത് എന്നുള്ളതുകൊണ്ടുതന്നെ അതിനെ ശക്തമായി എതിർക്കുന്ന നിലപാടായിരുന്നു ഞങ്ങൾ സ്വീകരിച്ചത്. അന്ന് അതിനെ പ്രോത്സാഹിപ്പിക്കാൻ നോക്കി. ആ പ്രോത്സാഹനത്തിലൂടെ സി.പി.ഐ.(എം.)-നെക്കുറിച്ച് തെറ്റിദ്ധാരണ പരത്താൻ പറ്റുമോ എന്നായിരുന്നു അവർ നോക്കിയത്. അതെല്ലാം നമ്മുടെ നാടിന്റെ ചരിത്രമാണ്. ഒറ്റപ്പെട്ട അതിസാഹസിക നീക്കങ്ങൾക്കെതിരെ എപ്പോഴും ശക്തമായ നിലപാടെടുത്തിട്ടുള്ള പ്രസ്ഥാനമാണ് ഞങ്ങളുടേത്. മാവോയിസ്റ്റുകളോടുള്ള സമീപനത്തിലും ഇതുതന്നെയാണ് ഞങ്ങൾ സ്വീകരിക്കുന്നത്. യഥാർത്ഥത്തിൽ മാവോയിസ്റ്റുകളെ പ്രകീർത്തിച്ച് അവരെ മഹത്വവൽക്കരിക്കുന്ന സമീപനം നമ്മുടെ രാജ്യത്തിനും നാടിനും ചേർന്നതാണോയെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ചെറുപ്പക്കാരായവരെ അതിസാഹസികതകൊണ്ട്, ഇടതുപക്ഷ തീവ്രവാദ ചിന്താഗതികൊണ്ട് ചിലപ്പോൾ ആകർഷിക്കാൻ കഴിയും. അങ്ങനെ വഴിതെറ്റിപ്പോകുന്നവരെ തിരുത്തുന്നതിനുള്ള നടപടികൾ സ്വാഭാവികമായും സ്വീകരിക്കുകയാണ് വേണ്ടത്. ആ നടപടിതന്നെയാണ് ഏതൊരു കൂട്ടരും സ്വീകരിക്കേണ്ടത്. അത്തരം ചെറുപ്പക്കാരെ അതിലേയ്ക്കുതന്നെ തള്ളിവിടുന്ന നിലപാടല്ല സ്വീകരിക്കേണ്ടത്. അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമല്ല, അതിനെ ശരിയായ രീതിയിൽ വിമർശിച്ച്, തെറ്റുതിരുത്തുന്ന രീതിയിൽ, തെറ്റ് ബോദ്ധ്യപ്പെടുത്തുന്ന സമീപനം സ്വീകരിച്ചുകൊണ്ടുതന്നെ പോകാൻ കഴിയണം. എപ്പോഴും ഇത്തരം കാര്യങ്ങളിൽ തെറ്റുതിരുത്തുന്നതിനായിരിക്കണം പ്രാധാന്യം. ഈ ഘട്ടത്തിൽ ......... (ബഹളം)........ ഇത്രയും സമയം കുട്ടികളുടെ കാര്യമാണ് പറഞ്ഞത്. അത് മാത്രം

പ്രതിപക്ഷാംഗങ്ങൾ കേൾക്കുന്നില്ല, അവിടെയിരുന്ന് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെയാകെ ഭയപ്പെടുത്തുക എന്ന നിലപാട് സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. ഈ നാടിന്റെ ശക്തിയാണ്, ഭാവിയാണ് ചെറുപ്പക്കാർ. അവരെ തെറ്റായ വഴിയിലേയ്ക്ക് കൊണ്ടുപോകാതിരിക്കുക എന്നതിൽ ഞങ്ങൾക്ക് അതിയായ താൽപ്പര്യമുണ്ട്, അതിൽ നിർബന്ധവുമുണ്ട്. അവരെ വഴിതിരിച്ചുവിടാതിരിക്കാൻ ശ്രദ്ധിക്കണം. അവർ നമ്മുടെ നാടിന്റെ സർവ്വപ്രധാനമാണെന്ന് കണ്ടുകൊണ്ടുതന്നെയുള്ള നിലപാട് സ്വീകരിച്ചുപോകണമെന്നതന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഈ ചെറുപ്പക്കാർ മാത്രമല്ല, പൊതുവിൽത്തന്നെ തെറ്റായ വഴിയിലേയ്ക്ക് നീങ്ങുന്നവരെ തിരുത്തുന്നതിനുള്ള ശ്രമം നടത്തേണ്ടതായിട്ടുണ്ട്. തെറ്റിനെ തെറ്റായി കണ്ടുകൊണ്ട് പോകണം, അതിനെ മഹത്വവൽക്കരിച്ചുകൊണ്ട് പോകുന്നത് തെറ്റ് കൂടുതലാകാൻ മാത്രമേ വഴിവയ്ക്കൂ. അത് മനസ്സിലാക്കുന്നത് നല്ലതാണ്. ആ ഒരു ഭാഗം ബഹുമാന്യനായ എം.കെ. മുനീറിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ലെന്നതാണ് നാം കാണേണ്ടത്. ഇതിൽക്കൂടുതലൊന്നും പറയാനില്ല. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, സർ, ഞാൻ ലോക്സഭയിലാണോ നിയമസഭയിലാണോ നിൽക്കുന്നതെന്ന് എനിക്ക് സംശയം തോന്നുന്നു. മറുപടി പറഞ്ഞത് ശ്രീ. അമിത് ഷായാണോ ശ്രീ. പിണറായി വിജയനാണോ എന്നും എനിക്ക് സംശയം തോന്നുന്നു. ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കാത്ത മറുപടി പ്രസംഗമാണ് ഇപ്പോൾ ഇവിടെ കേട്ടത്. വിപ്ലവപാതയിൽ സ്വന്തം ജീവിതം സമർപ്പിച്ച ചെഗുവേര പറഞ്ഞിട്ടുള്ള പ്രശസ്തമായൊരു വാചകമുണ്ട്, "Above all, try always to be able to feel deeply any injustice committed against any person in any part of the world. It is the most beautiful quality of a revolutionary." ലോകത്തിന്റെ ഏത് കോണിലായാലും ഏത് വ്യക്തിക്ക് നേരെയാണെങ്കിലും അനീതി നേരിട്ടതായി അറിയുമ്പോൾ അവർക്കൊപ്പം നിൽക്കുക, വിപ്ലവ പ്രസ്ഥാനത്തിന്റെ ഏറ്റവും മനോഹരമായ ഗുണം ഇങ്ങനെ ഐക്യപ്പെടുന്നതിലാണ്. കേരളത്തിലെ മുഖ്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി.

ലോകത്തിന്റെ ഏത് കോണിൽ അനീതിയുണ്ടായാലും അവരോടൊപ്പം ചേർന്ന് നിൽക്കണമെന്ന് പറയുന്ന ഒരു പ്രസ്ഥാനത്തിൽ വിശ്വസിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് രണ്ട് ചെറുപ്പക്കാരെ ജയിലിലടച്ച് നാല് മാസം കഴിഞ്ഞതിനെപ്പറ്റി ഒരു അടിയന്തരപ്രമേയം ഡോ. എം. കെ. മുനീർ ഇവിടെ അവതരിപ്പിച്ചപ്പോൾ ലാഘവത്തോടുകൂടി ഇവിടെ സംസാരിച്ചത്. അദ്ദേഹത്തിന്റെ മനസ്സാക്ഷിക്ക് വിരുദ്ധമായ ഒരു സംസാരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്.

ഞാനും ഡോ. എം. കെ. മുനീറും ചേർന്ന് അലന്റെയും താഹയുടെയും വീടുകൾ സന്ദർശിച്ചിരുന്നു. ഡോ. ടി. എം. തോമസ് ഐസക് ഞങ്ങൾ പോകുന്നതിന് മുൻപേ ആ വീടുകളിൽ പോയിരുന്നു. ഞങ്ങൾ ആ വീടുകളിൽ പോയത് ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ മുതലെടുപ്പിനല്ല. അവരിപ്പോഴും കമ്മ്യൂണിസ്റ്റ് കുടുംബമാണ്. ആ കുടുംബം കമ്മ്യൂണിസ്റ്റ് പാർട്ടിയോടൊപ്പം ചേർന്ന് നിൽക്കുന്നവരാണ്. പക്ഷെ ഇത്തരമൊരു സംഭവമുണ്ടായപ്പോൾ വസ്തുത എന്താണെന്നറിയാനുള്ള ബാധ്യത ഞങ്ങൾക്കുള്ളതുകൊണ്ടാണ് ഞങ്ങൾ രണ്ടുപേരും അവിടെ പോയത്. വികാരനിർഭരമായിട്ടാണ് അവർ ഞങ്ങളോട് സംസാരിച്ചത്. പാർട്ടിയായിരുന്നു ഞങ്ങളുടെ ജീവൻ, മുഖ്യമന്ത്രി നിർദാക്ഷിണ്യം പെരുമാറിയെന്ന് സബിതാ മഠത്തിൽ പറഞ്ഞു. പാർട്ടി ഞങ്ങളുടെ ജീവനായിരുന്നുവെന്നും അത്രമേൽ പാർട്ടിയെ സ്നേഹിച്ചിട്ടും മുഖ്യമന്ത്രി ദാക്ഷിണ്യമില്ലാതെ പെരുമാറിയെന്നും പന്തീരാങ്കാവ് യു.എ.പി.എ. കേസ്സിൽ അറസ്റ്റിലായ അലന്റെ അമ്മ സബിതാ മഠത്തിൽ പറഞ്ഞു, "ബഹുമാനപ്പെട്ട ഹൈക്കോടതി ജാമ്യാപേക്ഷ പരിഗണിക്കുമ്പോൾപോലും അലനും താഹയും മാവോയിസ്റ്റുകളാണെന്ന് പറഞ്ഞിട്ടില്ല. അവർ മാവോയിസ്റ്റുകളാണെന്ന മുഖ്യമന്ത്രിയുടെ പ്രയോഗം വളരെ വിഷമമുണ്ടാക്കി. പൗരത്വ ബില്ലിനെതിരെ സമരം ചെയ്യുന്ന വിദ്യാർത്ഥികൾക്കുവേണ്ടി സംസാരിച്ച മുഖ്യമന്ത്രിയും സി.പി.ഐ.(എം)-ഉം അലനെയും താഹയെയും മറന്നു. യു.എ.പി.എ. കേരളത്തിൽ നടപ്പാക്കില്ലെന്ന് പറഞ്ഞവരാണ് ഇപ്പോൾ അതേ വകുപ്പ് ചുമത്തി കുട്ടികളെ അറസ്റ്റുചെയ്ത് വച്ചിരിക്കുന്നത്. ഇത് ഇരട്ടത്താപ്പാണ്. ലഘുലേഖയോ പുസ്തകമോ കൈവശം വച്ചത് യു.എ.പി.എ. ചുമത്തേണ്ട കാര്യത്തിൽപ്പെടില്ല. എന്തിനാണ് മുഖ്യമന്ത്രി ദാക്ഷിണ്യമില്ലാതെ പെരുമാറിയത്?" ഞങ്ങൾ നിശബ്ദമായി കേട്ട കാര്യങ്ങളാണിവ. ലഘുലേഖ കൈവശംവച്ചവരുടെമേൽ യു.എ.പി.എ. ചുമത്തിയിട്ടുള്ള ഏതെങ്കിലുമൊരു കേസ് ഞാൻ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് എടുത്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡി.ജി.പി.-യോട് ചോദിക്കണം. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു സംഭവം

ഉണ്ടായിട്ടുണ്ടോയെന്ന് പറയണം. സി.പി.ഐ.-യുടെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ. പ്രകാശ് ബാബു പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കട്ടെ, മാവോയിസ്റ്റ് വേട്ടയെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി ശ്രീ. യോഗി ആദിത്യനാഥിനെപ്പോലെ മറുപടി പറയരുതെന്നാണ്. ഇക്കാര്യത്തിൽ ഇടതുപക്ഷ നിലപാട് നഷ്ടപ്പെടാതെ മറുപടി പറയാനുള്ള ബാധ്യത കേരളത്തിന്റെ മുഖ്യമന്ത്രിക്കുണ്ടെന്ന് ശ്രീ. കെ. പ്രകാശ് ബാബു പറയുന്നു. ശ്രീ. കാനം രാജേന്ദ്രനെ ഞാനിവിടെ ഉദ്ധരിക്കുന്നില്ല. ഇവിടെ രണ്ട് ചെറുപ്പക്കാരെ അറസ്റ്റുചെയ്ത് കൊണ്ടുപോയത് എന്തിനാണെന്ന് ഇതുവരെ പറയുന്നില്ല. എന്ത് കുറ്റമാണ് അവർ ചെയ്തതെന്ന് ആരും ആരോടും പറയുന്നില്ല. ഒൻപതാം ക്ലാസ്സിലായിരിക്കവെ അലൻ മാവോയിസ്റ്റ് മുദ്രാവാക്യമെഴുതിയെന്നാണ് ഈയടുത്ത് വന്നൊരു വാർത്ത. അലൻ ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ മാവോയിസ്റ്റ് അനുകൂല മുദ്രാവാക്യം വിളിച്ചുവെന്നത് പോലീസിന്റെ വിചിത്രമായൊരു വാദമാണ്. അലൻ ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂളിന്റെ ചുമരിൽ മാവോയിസം സിന്ദാബാദ്, കമ്മ്യൂണിസ്റ്റ് പാർട്ടി സിന്ദാബാദ്, മാവോയിസം ജയിക്കട്ടെ എന്ന മുദ്രാവാക്യം എഴുതിയെന്നാണ് പോലീസ് ഒരു തെളിവിൽ പറയുന്നത്. വിചിത്രമായ വാദങ്ങളും ചിന്തയ്ക്ക് യോജിക്കാത്ത നിലപാടുകളുമാണ് പോലീസ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്. അല്ലെങ്കിൽ എന്തിന് യു.എ.പി.എ. ചുമത്തിയെന്ന് മുഖ്യമന്ത്രി മറുപടി പറയണം.

കഴിഞ്ഞ തവണ ഈ സഭയിൽ ഞങ്ങൾ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞപ്പോഴും എന്തുകൊണ്ടാണ് അവരെ അറസ്റ്റ് ചെയ്തതെന്ന് അദ്ദേഹം വ്യക്തമാക്കിയില്ല. എന്തുകൊണ്ടാണ് അവരെ അറസ്റ്റ് ചെയ്തതെന്ന് ഇന്നും അദ്ദേഹം വ്യക്തമാക്കിയില്ല. ശ്രീ. പി. ചിദംബരത്തിന്റെ കാര്യമാണ് അദ്ദേഹം എടുത്തുപറയുന്നത്. നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചശേഷം രാജ്യത്തെ തീവ്രവാദപ്രവർത്തനങ്ങൾ തടയാനായി നിരവധി നിയമങ്ങളുണ്ടായിട്ടുണ്ട്. രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയ്ക്കുവേണ്ടിയും അതിർത്തി സംരക്ഷണത്തിനുവേണ്ടിയും നിലനിൽപ്പിനുവേണ്ടിയും ധാരാളം നിയമങ്ങളുണ്ടാക്കിയിട്ടുണ്ട്. അതിനെ ഇതുമായി കൂട്ടിക്കുഴയ്ക്കരുത്. അലന്റെയും താഹയുടെയും കാര്യം ആ വീട്ടിൽ പോയാൽ മനസ്സിലാകും. ഞാൻ സ്പീക്കറോട് ആവശ്യപ്പെടുകയാണ്, അങ്ങയുടെ പഴയ സഹപ്രവർത്തകരല്ലേ, അങ്ങ് ആ വീടൊന്നുപോയി കാണണം. ഒരു മഴ പെയ്താൽ മുഴുവൻ വെള്ളവും താഹയുടെ വീടിന്റെ പുറത്തല്ല പോകുന്നത്, അകത്താണ്. കൂലിപ്പണി ചെയ്ത് ജീവിതം മുന്നോട്ടുനയിക്കുന്ന ഒരു കുടുംബമാണ്. പ്രായമായ ഉമ്മയും ബാപ്പയും അടങ്ങിയ ആ കുടുംബത്തെ മുന്നോട്ട് കൊണ്ടുപോയിരുന്നത് താഹയെന്ന ഈ ചെറുപ്പക്കാരനാണ്.

വളരെ പാവപ്പെട്ട ഒരു കുടുംബമാണ്, ആ വീട്ടിൽ വളരെ ബുദ്ധിമുട്ടിയാണ് എനിക്ക് എത്തിച്ചേരാൻ കഴിഞ്ഞത്. സബിതാ മഠത്തിലിനെക്കുറിച്ച് ഞാൻ പറയുന്നില്ല, നിങ്ങൾക്ക് അറിയാവുന്നതാണ്. ഈ കുടുംബത്തിന് നേരിട്ടിരിക്കുന്ന ദുര്യോഗം ഒരു ചെറിയ കാര്യമല്ല. ചായ കുടിക്കാൻ പോയപ്പോൾ അറസ്റ്റ് ചെയ്തതല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. എങ്ങനെ മുഖ്യമന്ത്രിക്ക് അങ്ങനെ പറയാൻ കഴിയുന്നു? നമ്മുടെ സംസ്ഥാനത്ത് യു.എ.പി.എ. ചുമത്തിയതിനെപ്പറ്റി അദ്ദേഹം പറഞ്ഞു, യു.എ.പി.എ. ചുമത്തിയതുകൊണ്ടല്ലേ എൻ.ഐ.എ. കേസ് ഏറ്റെടുത്തത്? യു.എ.പി.എ. ചുമത്താനുള്ള കാരണമെന്താണെന്ന് ഞങ്ങൾ ചോദിച്ചപ്പോൾ പോലീസ് മറുപടി പറയുന്നില്ല. എൻ.ഐ.എ. കേസ്സുകളിൽ 90 ശതമാനം കേസുകൾക്കും കൺവിക്ഷനുണ്ട്. Rate of Conviction is 90-95%. ഈ കുട്ടികൾ ഇനി പുറത്തുവരുമോയെന്നതിന് ആർക്കാണ് ഉത്തരം പറയാൻ സാധിക്കുന്നത്? ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് 7 (ബി) സെക്ഷൻ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു, " with the previous approval of the Central Government." ഞാൻ ശ്രീ. അമിത് ഷായുടെ മുന്നിൽപ്പോയി കാലുപിടിക്കണോ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്. അങ്ങുതന്നെയല്ലേ കഴിഞ്ഞ തവണ ഡൽഹിയിൽ പോയപ്പോൾ പൂച്ചെണ്ട് നൽകി ശ്രീ. അമിത് ഷായെ സ്വീകരിച്ചത്? അങ്ങ് എന്തിനാണ് പോയത്? അങ്ങ് പോയത് കേരള മുഖ്യമന്ത്രിയെന്ന നിലയിൽ കേന്ദ്ര ആഭ്യന്തര മന്ത്രിയായ ശ്രീ. അമിത് ഷായെ കാണാനാണ്. ആ നിലയ്ക്ക് ശ്രീ. അമിത് ഷായെ കാണാൻ അങ്ങേയ്ക്ക് പോകാം. കാരണം അങ്ങ് കേരള മുഖ്യമന്ത്രിയും അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രിയുമാണ്. അഭിപ്രായവ്യത്യാസം ഉണ്ടാകുമെങ്കിലും മുഖ്യമന്ത്രിയെന്ന നിലയിൽ പോകേണ്ട ബാധ്യത അങ്ങേയ്ക്കുണ്ട്. അങ്ങ് കേരള മുഖ്യമന്ത്രിയും ശ്രീ. അമിത് ഷാ കേന്ദ്ര ആഭ്യന്തര മന്ത്രിയുമായിരിക്കുമ്പോൾ ഈ കേസ് തിരിച്ചുതരണമെന്ന് പറയാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം അങ്ങ് എന്തുകൊണ്ട് ഉപയോഗിച്ചില്ല? അങ്ങേയ്ക്കൊരു റിപ്പോർട്ട് കൊടുക്കാമായിരുന്നല്ലോ. ഈ കേസിൽ ഞങ്ങൾക്ക് സംശയമുണ്ട്, യു.എ.പി.എ. ചുമത്തിയിരിക്കുന്നു, എൻ.ഐ.എ. ഏറ്റെടുക്കേണ്ട കാര്യമില്ല, we are on the enquiry, ഞങ്ങൾ കാര്യങ്ങളുമായി മുന്നോട്ടുപോകുകയാണ്, റിട്ടയേർഡ് ജഡ്ജിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി പരിശോധിക്കാൻ പോകുമ്പോൾ ഇപ്പോൾ ഇതേറ്റെടുക്കേണ്ട ആവശ്യമില്ല, 7 (ബി) അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് കേസ് തിരികെ തരണമെന്ന് പറയാൻ അങ്ങേയ്ക്ക് എന്തുകൊണ്ട് കഴിഞ്ഞില്ല; അങ്ങ് കാലുപിടിക്കാൻ പോകുകയാണോ? അങ്ങനെയെങ്കിൽ എന്തിനാണ് കഴിഞ്ഞ തവണ പോയപ്പോൾ പൂച്ചെണ്ട് കൊടുത്ത് അദ്ദേഹത്തെ കണ്ടത്? അപ്പോൾ ഈ കേസിൽ അങ്ങേയ്ക്കെന്തിനാണ്

ദുരഭിമാനവും പിടിവാശിയും? ഈ കുട്ടികളെ മാവോയിസ്റ്റുകളാക്കി മുദ്രകുത്തുന്നതിൽ എന്ത് കാര്യമാണ് അങ്ങേയ്ക്കുള്ളത്? ശ്രീ. പി. മോഹനൻ മാസ്റ്റർ പറഞ്ഞല്ലോ ഇപ്പോഴും ഞങ്ങളുടെ പാർട്ടി അംഗങ്ങളാണ്, ഞങ്ങൾ അവരുടെ തെറ്റുതിരുത്തും എന്ന്. അത് നല്ല കാര്യമാണ്. അവർ വഴിതെറ്റി പോയിട്ടുണ്ടെങ്കിൽ തെറ്റുതിരുത്തണം. അതാണ് ആവശ്യം. അങ്ങനെ തിരുത്താനുള്ള നയം സ്വീകരിക്കുന്നതിനുപകരം അവരെ മുദ്രകുത്തി ആട്ടിൻ കുട്ടികളല്ല, ചായകുടിക്കാൻ പോയവരല്ല അവർ മാവോയിസ്റ്റുകളാണ്, അവരുടെ പേരിൽ യു.എ.പി.എ. ചുമത്തണം, എൻ.ഐ.എ. കേസ്സെടുത്താൽ പിൻവലിക്കണമെന്ന് ഞങ്ങൾ പറയില്ല എന്നൊരു നിലപാട് ഒരിക്കലും ചേർന്നതല്ല. അങ്ങ് ആ നയം തിരുത്തണം. ഞാൻ കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ വികാരംകൂടി ചേർത്ത് പറയുന്നു, അങ്ങത് പിൻവലിക്കാൻ തയ്യാറാകണം, അതിന് മുൻകയ്യെടുക്കണം. അങ്ങ് ശ്രീ. അമിത് ഷായുടെ കാലുപിടിക്കാൻ പോകുന്നതല്ല. ഗവർണ്ണറുടെ കാലുപിടിക്കുന്നതിനേക്കാൾ നല്ലതാണല്ലോ ഇക്കാര്യത്തിൽ അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ അത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നതിൽ എന്ത് തെറ്റാണുള്ളത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, 123 കേസുകൾ ഞാൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ ചുമത്തിയെന്ന്. ശരിയാണ്. ഇപ്പോൾ എത്ര കേസുണ്ട്? ഇന്നലെ എട്ടോ ഒൻപതോ കേസുകൾ എൻ.ഐ.എ.-യ്ക്ക് വിട്ടില്ലേ? നമ്മൾ അറിഞ്ഞുകൊണ്ടാണോ യു.എ.പി.എ. കേസെടുക്കുന്നത്? നമ്മളെ സംബന്ധിച്ചിടത്തോളം ഈ കേസെടുക്കുന്ന സന്ദർഭത്തിൽ നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ പെരുമാറണമെന്ന് പോലീസിന് കൃത്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് പ്രവർത്തിക്കേണ്ടത് എങ്ങനെയാണെന്ന പൊതുവായ നിയമങ്ങളുണ്ടല്ലോ. ഇവിടെ സംഭവിച്ചതെന്താണ്? അങ്ങ് ശ്രീ. പി. ജയരാജനെപ്പറ്റി പറഞ്ഞല്ലോ; അദ്ദേഹത്തിന്റെ പേരിൽ ഇതല്ലാതെ എത്ര കേസുകളുണ്ട്. അരിയിൽ ഷുക്കൂർ എന്ന 17 വയസ്സുകാരനെ കൊന്ന കേസിൽ അദ്ദേഹം പ്രതിയല്ലേ? കതിരൂർ മനോജ് വധക്കേസ്സുണ്ടായപ്പോൾ ബോംബെറിഞ്ഞ് അക്രമത്തിന്റെ പ്രതീതിയുണ്ടാക്കി സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചതിന്റെ പേരിലാണ് സെക്ഷൻ 15 അനുസരിച്ച് കേസെടുത്തത്. അതുകൊണ്ടാണ് യു.എ.പി.എ. വന്നത്. ഈ സഭയിൽത്തന്നെ ഞാനത് പറഞ്ഞിട്ടുള്ള കാര്യമാണ്. ഇത്തരം കേസുകൾ യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിട്ടുണ്ട്, ഞാൻ സമ്മതിക്കുന്നു. ഇവിടെ ആരാണ് മാവോയിസ്റ്റുമായി ബന്ധമുള്ളവർ? അദ്ദേഹം പഴയ ചരിത്രമൊക്കെ പറഞ്ഞല്ലോ. കോൺഗ്രസ്സിൽനിന്നും ആരും മാവോയിസ്റ്റായിട്ടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും ഓരോ കാലഘട്ടങ്ങളിൽ വ്യതിചലിച്ചുപോയിട്ടുള്ള ആളുകളാണ് മാവോയിസ്റ്റായിട്ടുള്ളത്. ആരൊക്കെയാണെന്ന് നിങ്ങൾ ആലോചിച്ച്

നോക്കിയാൽ മതി. എസ്.എഫ്.ഐ.-യിൽനിന്നും ഡി.വൈ.എഫ്.ഐ.-യിൽ നിന്നുമൊക്കെയുള്ള ആളുകൾ മാവോയിസ്റ്റുകളായി പോകുന്നതിനെ നിങ്ങൾ ചെറുക്കുകയാണ് വേണ്ടത്. അതിന്റെ അന്തർധാരയെന്താണെന്ന് നിങ്ങൾ മനസ്സിലാക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാവോയെയും സ്റ്റാലിനെയുമൊക്കെ ന്യായീകരിക്കുന്നത് കണ്ടു. ആയിരക്കണക്കിനാളുകളെ കൊന്നൊടുക്കിയ ഇതുപോലെയുള്ള ഭരണാധികാരികളുടെ പ്രതിമകൾപോലും ആ നാടുകളിൽ വയ്ക്കാൻ ജനങ്ങൾ സമ്മതിക്കുന്നില്ല. എന്തുകൊണ്ടാണ് സ്റ്റാലിന്റെ പ്രതിമകൾ ആളുകൾ അടിച്ചുതകർക്കുന്നത്? സ്റ്റാലിന്റെ ഫോട്ടോ വയ്ക്കുന്ന ഒരേയൊരു സംസ്ഥാനം കേരളമാണ്. വേറൊരു സംസ്ഥാനത്തും സ്റ്റാലിന്റെ ഫോട്ടോ വയ്ക്കാറില്ല. ഞാൻ പോയിട്ടുള്ള സ്ഥലമാണ് ജോർജിയ. സ്റ്റാലിന്റെ ജന്മഗൃഹമുൾപ്പെടെ മുമ്പ് ഞാൻ കണ്ടിട്ടുണ്ട്. ഇപ്പോൾ ഒരു സ്ഥലത്തും സ്റ്റാലിന്റെ പ്രതിമപോലും വയ്ക്കില്ല. അദ്ദേഹത്തിന്റെ പേരുപോലും അവിടെയുള്ള ആളുകൾ പറയാൻ ഇഷ്ടപ്പെടുന്നില്ല. ആയിരക്കണക്കിനാളുകളെ കൊന്നൊടുക്കി ഭീകരപ്രവർത്തനം നടത്തിയ ഭരണാധികാരികളെ അവിടത്തെ ജനങ്ങൾ ഇന്നെങ്ങനെ കാണുന്നുവെന്ന് നിങ്ങൾ കാണണം. മാവോയുടെ പ്രവർത്തനങ്ങൾ എങ്ങനെയുള്ളതാണെന്ന് കാണണം. അതൊന്നും ആവേശംകൊള്ളേണ്ട കാര്യങ്ങളൊന്നുമല്ല. 'Annihilation' ആയിരുന്നു അവരുടെ തിയറി. ഈ സംസ്ഥാനത്ത് മാവോയിസ്റ്റുകൾക്ക് നേരെയുള്ള സമീപനമെന്താണെന്നുള്ളതാണ് പ്രശ്നം. ഈ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം തെറ്റാണ്. ഞങ്ങളാരും മാവോയിസ്റ്റുകളെ ന്യായീകരിക്കുകയോ പിന്തുണയ്ക്കുകയോ ചെയ്യുന്നില്ല. പക്ഷേ ഗവൺമെന്റിന്റെ സമീപനത്തിലാണ് തെറ്റ്. ഏഴ് മാവോയിസ്റ്റുകളെ നിങ്ങൾ വെടിവച്ച് കൊന്നു. കേരളത്തിൽ ഒരു ഗവൺമെന്റിന്റെയും കാലത്ത് ഏഴ് പേരെ ഇതുപോലെ ജീവനോടെ വെടിവച്ചുകൊന്നിട്ടില്ല. മാവോയിസ്റ്റുകളെ വെടിവച്ചുകൊല്ലാൻ നിങ്ങൾക്കെന്ത് അധികാരം? അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയാണ് പോലീസിന്റെ ദൗത്യം. രൂപേഷിന്റെയും ഷൈനിയുടേയും കാര്യം കഴിഞ്ഞ തവണ ഇവിടെ പറഞ്ഞതാണ്. രൂപേഷിനെയും ഷൈനിയേയും വെടിവച്ച് കൊല്ലുന്ന സാഹചര്യത്തെപ്പറ്റി അഭ്യൂഹങ്ങളുണ്ടായിരുന്നു. അവരെ വെടിവച്ച് കൊല്ലാതെ അവർക്ക് ഒരു പോറൽപോലുമേൽക്കാതെ നിയമത്തിന് മുന്നിൽ കൊണ്ടുവന്നു, അതാണ് പോലീസ് ചെയ്യേണ്ടത്. അല്ലാതെ കാണുമ്പോൾത്തന്നെ അവരെ വെടിവയ്ക്കുകയും എന്നിട്ട് false encounter ആണെന്ന് പറയുകയുമല്ല ചെയ്യേണ്ടത്. അവരെ കൂടുതൽ വിവരങ്ങൾ അറിയാനായി നിയമത്തിനുമുന്നിൽ കൊണ്ടുവരണം. അങ്ങനെ ചെയ്യാതെ പോയിന്റ് ബ്ലാങ്കിൽ വെടിവച്ച് കൊല്ലുന്ന നിഷ്ഠൂരമായ നടപടിയാണ് ഈ ഗവൺമെന്റിന്റെ

കാലത്തുണ്ടായത്. 7 പേരെയാണ് വെടിവച്ചുകൊന്നത്. 7 പേരെ ജീവനോടെ വെടിവച്ചുകൊന്നു. കീഴടങ്ങാൻ കാത്തുനിന്ന മണിവാസകമടക്കമുള്ള രോഗബാധിതരായ ആളുകളെ വെടിവച്ചുകൊല്ലുന്ന എന്ത് സാഹചര്യമാണുണ്ടായിരുന്നത്? നമ്മൾ ആ ചിത്രം നോക്കിയാൽ കാണാൻ സാധിക്കും ഒരു പോലീസുകാരാൻ വെടിവയ്ക്കുന്നതിനിടയിൽ അവിടെയിരുന്ന് എഴുതിക്കൊണ്ടിരിക്കുകയാണ്. വെടിവയ്ക്കുന്നതിനിടയിൽ പോലീസുകാർ അവിടെ വച്ച് എഴുതുകയാണോ ചെയ്യുന്നത്; എന്താണ് നടക്കുന്നത്? കീഴടങ്ങാൻ വന്ന മണിവാസകത്തെ വെടിവച്ച് കൊല്ലുന്ന നടപടിയെപ്പറ്റി പോലീസിനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചിട്ടുണ്ടോ? ഈ സമീപനമാണ് തെറ്റ്. ഞങ്ങളാരും മാവോയിസത്തെ പിന്തുണയ്ക്കുകയോ മാവോയിസ്റ്റ് നടപടികളെ അംഗീകരിക്കുകയോ ചെയ്യുന്നില്ല. അതിനെതിരെ ശക്തവും നിയമപരവും രാഷ്ട്രീയവുമായ നിലപാട് സ്വീകരിച്ചിട്ടുള്ള മുന്നണിയും പാർട്ടിയുമാണ് ഞങ്ങളുടേത്. നിങ്ങളുടെ നയം തെറ്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഇത്രയുംനേരം പ്രസംഗിച്ചിട്ടും അലന്റെയും താഹയുടേയും കാര്യം വിശദീകരിക്കാൻ തയ്യാറാകാത്തത് തെറ്റായിപ്പോയി. പാർട്ടി സെക്രട്ടറി പറഞ്ഞ കാര്യം അങ്ങ് തള്ളിപ്പറഞ്ഞില്ലല്ലോ. അങ്ങയുടെ നിലപാടെന്താണ്; കോഴിക്കോട് ജില്ലാ സെക്രട്ടറി ശ്രീ. പി. മോഹനൻ മാസ്റ്റർ പറഞ്ഞതിൽ അങ്ങയുടെ നിലപാടെന്താണ്; അലന്റെയും താഹയുടേയും കാര്യത്തിൽ അങ്ങയുടെ നിലപാടെന്താണ്? പോലീസിന്റെ നിലപാടല്ല ഞങ്ങൾ ചോദിച്ചത്. കേരളത്തിലെ മുഖ്യമന്ത്രിയായ അങ്ങ് പറഞ്ഞു, ഇവർ ആട്ടിൻകുട്ടികളല്ല, അവർ ചായ കുടിക്കാൻ പോയപ്പോൾ അറസ്റ്റ് ചെയ്തതല്ല എന്ന്. പിന്നെ അവർ എന്താണ് ചെയ്തത്; ഈ സഭയ്ക്ക് അറിയാനുള്ള അവകാശമില്ലേ; എന്താണ് അവർ ചെയ്ത കുറ്റം; അവർ ചെയ്ത offence എന്താണ്? അത് പറയാതെ ഈ രണ്ട് ചെറുപ്പക്കാർക്കെതിരെ അങ്ങ് സ്വീകരിക്കുന്ന സമീപനം കേരള ചരിത്രത്തിൽ ജനങ്ങളെന്നും വളരെ ഗൗരവത്തോടെ കാണാൻ പോകുന്ന കാര്യം തന്നെയാണ്. ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിക്ക് ചേരാത്ത നടപടിയാണ് അങ്ങ് സ്വീകരിച്ചിരിക്കുന്നത്. ഇതുമാത്രമല്ല, അങ്ങ് ചെയ്യുന്നതൊന്നും ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിക്ക് ചേരുന്ന കാര്യമല്ല, അത് നമുക്ക് പിന്നീട് സംസാരിക്കാം. ഇക്കാര്യത്തിൽ ഈ ഗവൺമെന്റെടുക്കുന്ന സമീപനം അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഞാനും ഡോ. എം. കെ. മുനീറും അവിടെ ചെന്നപ്പോൾ ഈ രണ്ട് കമ്മ്യൂണിസ്റ്റ് കുടുംബങ്ങളും ഞങ്ങളോട് പറഞ്ഞ കാര്യങ്ങൾ എല്ലാം ഇവിടെ വിശദീകരിക്കാൻ സമയമില്ല.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... 17 മിനിട്ടായി.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 25 മിനിട്ടെടുത്തു. ഞാനത്രയും പറയുന്നില്ല.

മി. സ്പീക്കർ: അതിനുമുമ്പ് ഡോ. എം. കെ. മുനീർ സാഹിബ് 11 മിനിട്ട് സംസാരിച്ചു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പോലീസെടുക്കുന്ന സമീപനം അങ്ങേയറ്റം ആത്മഹത്യാപരവും തെറ്റുമാണ്. വെറുതെ നടക്കുന്ന ചെറുപ്പക്കാരെ പിടിച്ചുകൊണ്ടുപോയി യു.എ.പി.എ. ചുമത്തുക, ആ കേസ് എൻ.ഐ.എ. ഏറ്റെടുക്കുക, ജാമ്യം ലഭിക്കാതിരിക്കുക, പരീക്ഷയെഴുതാൻ അവസരം നൽകാതിരിക്കുക, കോളേജിൽ നിന്ന് പുറത്താക്കുക അങ്ങനെ ശുദ്ധവായുവും വെളിച്ചവും കാണാൻ കഴിയാത്ത നിലയിൽ ആ ചെറുപ്പക്കാരെ ഇരുമ്പഴിക്കുള്ളിൽ അയച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

11.00 A.M.]

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞൊരു കാര്യമാണ് ഞാൻ പറയുന്നത്. ഞങ്ങൾ ഇവരെ മാവോയിസ്റ്റിലേയ്ക്ക് തള്ളിവിടാൻ കൊണ്ടുവന്ന പ്രമേയമാണെന്നാണ് അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുന്നത്. അവർ മാവോയിസ്റ്റല്ലെന്ന് ബോധ്യമുണ്ടെങ്കിൽ തിരിച്ചുകൊണ്ടുവരണമെന്നാണ് ഞങ്ങൾ പറഞ്ഞത്. പക്ഷേ യു.എ.പി.എ. ചുമത്തി എൻ.ഐ.എ.-യിലേയ്ക്ക് പോയിക്കഴിഞ്ഞാൽ അവർ എങ്ങനെയാണ് തിരിച്ചുവരുന്നത്? തിരിച്ചുവരാനുള്ള എല്ലാ വാതിലുകളും അടച്ചത് മുഖ്യമന്ത്രിയല്ലേ? എന്നാൽ, നവംബർ 14-ന് ശ്രീ. സീതാറാം യെച്ചൂരി കോഴിക്കോട് വന്നപ്പോൾ പറഞ്ഞത്, The party will explore legal options to fight this slapping of sections of the U.A.P.A. on two youths in Kozhikode district for their alleged Maoist links എന്നാണ്. അദ്ദേഹമടക്കം പറഞ്ഞിട്ടുള്ളത്, യു.എ.പി.എ.-യിൽ നിന്നും ഈ രണ്ട് ചെറുപ്പക്കാരെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി എന്തൊക്കെ ലീഗൽ ഓപ്ഷനുകളുണ്ടോ അതൊക്കെ നോക്കുമെന്നാണ്. പക്ഷേ, ആ പാർട്ടിയുടെ മുഖ്യമന്ത്രി ഉറപ്പിച്ച് പറയുന്നത് അവർ മാവോയിസ്റ്റുകൾ തന്നെയാണെന്നാണ്.

അവർ മാവോയിസ്റ്റുകളാണെന്ന് തീരുമാനിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് പറയാനുള്ള ബാദ്ധ്യതകൂടി മുഖ്യമന്ത്രിക്കുണ്ടായിരുന്നു. എന്നാൽ അദ്ദേഹം പറഞ്ഞില്ല. ശ്രീമതി സബിതാ മഠത്തിൽ അങ്ങയുടെ പാർട്ടിയിൽ തന്നെയാണെങ്കിലും അവർ എഫ്.ബി.-യിൽ പോസ്റ്റ് ചെയ്തത്, ചരിത്രത്തിൽ എല്ലാ സ്വേച്ഛാധിപതികളുടേയും അന്ത്യം ദയനീയമായിരിക്കും അതിനായി ക്ഷമയോടെ കാത്തിരിക്കണമെന്ന് ഞാൻ അലനോട് അപേക്ഷിക്കുന്നുവെന്നാണ്. ആ അമ്മയുടെ വാക്കുകൾ അങ്ങ് ഇടയ്ക്കെങ്കിലും ഓർക്കണമെന്ന് പറഞ്ഞുകൊണ്ട് ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പോലീസ് യു.എ.പി.എ. ചുമത്തുന്നത് നിഷ്പക്ഷമായിട്ടല്ലെന്ന് പരക്കെ ആക്ഷേപം വന്നിരിക്കുന്നു. ഇത് എൻ.ഐ.എ.-യിലേയ്ക്ക് തള്ളിവിടുന്ന സ്ഥിതി ദൗർഭാഗ്യകരമാണ്. ഇക്കാര്യങ്ങളെ മൊത്തത്തിൽ പുനഃപരിശോധിക്കാനുള്ള സന്മനസ്സ് ണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയത്തിൽ പൊതുജനാഭിപ്രായം മാനിച്ച് നിഷ്പക്ഷമായ ഒരു നിലപാട് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, യു.എ.പി.എ. ചുമത്തിയ 42 കേസ്സുകൾ നിലനിൽക്കുന്നതല്ലെന്ന് പോലീസുതന്നെ പിന്നീട് കണ്ടെത്തിയ സാഹചര്യമുണ്ട്. ലഘുലേഖ കൈവശം വച്ചുവെന്നതിന്റെ പേരിൽ ഇവർക്കെതിരെ യു.എ.പി.എ. ചുമത്തിയിരിക്കുന്നുവെന്നാണ് പോലീസിന്റെ ഭാഷ്യം. ഇത് യു.എ.പി.എ. ചുമത്താവുന്ന കുറ്റമല്ലെന്ന് പല സന്ദർഭങ്ങളിലും നിയമ വിദഗ്ദ്ധരും കോടതികളും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. ഇതിനെ സംബന്ധിച്ച് ഒരു തുറന്ന സമീപനമാണ് ഞങ്ങൾക്കുള്ളത്. രണ്ട് ചെറുപ്പക്കാർക്കെതിരെ യു.എ.പി.എ. ചുമത്തുമ്പോൾ, അവധാനതയില്ലാത്ത ഒരു നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. നാലുമാസമായി ഇവർ ജയിലിലാണ്. എൻ.ഐ.എ. അതേറ്റെടുത്തുകഴിയുമ്പോൾ പിന്നീടുണ്ടാകാവുന്ന വിഷയങ്ങളെ സംബന്ധിച്ചാണ് ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചത്. സ്വാഭാവികമായും മറ്റ്

നടപടികളിലേയ്ക്ക് കടക്കുന്ന സാഹചര്യത്തിലേയ്ക്ക് വരും. ഇവർ നിരപരാധികളാണോ എന്നതുസംബന്ധിച്ച് വ്യക്തവും വസ്തുനിഷ്ഠവുമായ അന്വേഷണം പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല എന്നത് വാസ്തവമാണ്. അതുകൊണ്ടുതന്നെയാണ് സി.പി.ഐ.(എം.) നേതൃത്വത്തിൽനിന്നുതന്നെ ഇതിനെതിരെ ശബ്ദമുയർന്നിരിക്കുന്നത്. ശ്രീ. സീതാറാം യെച്ചൂരി ഈ നടപടിയെ തള്ളിപ്പറഞ്ഞിരിക്കുന്നു, കോഴിക്കോട് ജില്ലാ സെക്രട്ടറി തള്ളിപ്പറഞ്ഞിരിക്കുന്നു. പാർട്ടിയിൽത്തന്നെ വ്യത്യസ്ത അഭിപ്രായമുണ്ടെന്ന് ഇതിൽനിന്നും വ്യക്തമാണ്. ഞങ്ങൾ പറയുന്നതല്ല, നിങ്ങളുടെ പാർട്ടിയും നേതൃത്വവും പറഞ്ഞിട്ടുള്ള കാര്യമാണ്. അതിന്റെ അടിസ്ഥാനത്തിലെങ്കിലും ഇതുസംബന്ധിച്ച് പുനരന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, വളരെ ഗൗരവമുള്ള ഈ വിഷയം ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത സാഹചര്യം ഒരു തരത്തിലും നീതികരിക്കാവുന്നതല്ല. ഈ മനോഭാവത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) തീരദേശ മേഖലയിലെ ജനങ്ങളുടെ ആശങ്കകൾ

ശ്രീ. റ്റി. വി. രാജേഷ്: സർ, മരട് ഫ്ലാറ്റുമായി ബന്ധപ്പെട്ട വിഷയത്തിനുശേഷം തീരദേശ പരിപാലന നിയമവ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ പരിശോധന നടത്തണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ഇതിന്റെ ഭാഗമായി തീരദേശ മേഖലയിൽ കടുത്ത ആശങ്കയാണ് ഉയർന്നുവന്നിട്ടുള്ളത്. ആ ആശങ്കയാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാനത്ത് കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ,

എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ 10 ജില്ലകളിലാണ് ഈ ലംഘനം ഉണ്ടായിട്ടുണ്ടോയെന്നുള്ള പരിശോധന നടക്കുന്നത്. പൊതുജനങ്ങളിൽനിന്ന് അഭിപ്രായ ശേഖരണം നടത്തി സർക്കാരിന് സമർപ്പിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അഞ്ചംഗ സമിതിയിൽ ടൗൺ പ്ലാനർ കൺവീനർ, അതത് തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറി, തീരദേശ വില്ലേജുകളിലെ വില്ലേജ് ഓഫീസർ, കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന വ്യക്തി എന്നിവരാണ് അംഗങ്ങൾ. 1991 മുതലുള്ള ലംഘനങ്ങൾ പരിശോധിക്കുകയാണ്. 1996-ൽ തയ്യാറാക്കിയ തീരദേശ പരിപാലന ഭൂപടം അടിസ്ഥാനമാക്കുമ്പോൾ ചട്ടലംഘനമുണ്ടെന്ന് കണ്ടെത്തുന്ന കെട്ടിടങ്ങളുടെ പട്ടികയും തയ്യാറാക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ ഭാഗമായി ഇരുപത്തിയാറായിരത്തോളം കെട്ടിടങ്ങൾ ചട്ടം ലംഘിച്ച് നിർമ്മിച്ചിട്ടുണ്ടെന്ന് കരട് പട്ടികയിലുണ്ടെന്നാണ് അറിയുന്നത്. ഇതിൽ ഏതാണ്ട് 90 ശതമാനവും വീടുകളാണ്. ഈ വീടുകളിൽ പലതും കൃത്യമായി അനുമതി വാങ്ങി നിർമ്മിച്ചിട്ടുള്ളതാണ്. കണ്ണൂർ ജില്ലയിൽ 2195 കെട്ടിടങ്ങളിൽ 1900 വീടുകളാണ് ഈ കരട് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. റവന്യൂ ഉദ്യോഗസ്ഥർക്ക് വീട്ടുകാർ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇതിൽ മഹാഭൂരിപക്ഷവും വർഷങ്ങളായി അവിടെ താമസിക്കുന്നവരും രേഖകൾ കൈവശമുള്ളവരുമാണ്. അവർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ചട്ടപ്രകാരം കെട്ടിടാനുമതി ലഭിച്ചവരുമാണ്. തീരദേശവാസികളിൽ മഹാഭൂരിപക്ഷവും മത്സ്യത്തൊഴിലാളികളും ദുർബല ജനവിഭാഗങ്ങളുമാണ്. ഇവർക്ക് മറ്റൊരു സ്ഥലമോ വീടോ നിലവിലില്ല. ചിലർക്ക് കൈവശരേഖ മാത്രമാണ് റവന്യൂ അധികാരികൾ നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ സർക്കാരിന്റെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഓരോ ജില്ലകളിലും തീരദേശ മേഖലയിൽ ഇത് കടുത്ത ആശങ്കയാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ ആശങ്ക പരിഹരിക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 1991-ൽ തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം (സി.ആർ.ഇസഡ്. നോട്ടിഫിക്കേഷൻ) രാജ്യത്ത് നിലവിൽവന്നുവെങ്കിലും 27-9-1996-ലാണ് നമ്മുടെ സംസ്ഥാനത്ത് തീരദേശ പരിപാലന പ്ലാൻ പ്രാബല്യത്തിൽ വന്നത്. സി.ആർ.ഇസഡ്. വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 6-1-2011-ൽ കേന്ദ്ര സർക്കാർ പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ പ്രസ്തുത വിജ്ഞാപനപ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിച്ച് 8 വർഷങ്ങൾക്കുശേഷം കേരളത്തിൽ

നിലവിൽവന്നത് 28-2-2019-ൽ മാത്രമാണ്. നിയന്ത്രണങ്ങൾക്കുള്ള ദൂരപരിധിയുടെ കാര്യത്തിൽ 1991-ലെയും 2011-ലെയും വിജ്ഞാപനങ്ങൾ തമ്മിൽ വലിയ വ്യത്യാസമില്ലായിരുന്നു. 18-1-2019-ൽ ദൂരപരിധിയിൽ ഇളവുവരുത്തിക്കൊണ്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും പ്രസ്തുത വിജ്ഞാപനത്തിലെ 6(1) വ്യവസ്ഥപ്രകാരം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ പുതിയ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുവെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുവരെ 2011-ലെ സി.ആർ.ഇസഡ്. വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമായിരിക്കും സംസ്ഥാനത്ത് ബാധകമാകുന്നത്. അതായത്, പുതിയ പ്ലാൻ അംഗീകരിക്കപ്പെടുന്നതുവരെ ഉപ്പുരസത്തിന്റെ തോത് 5 P.P.T. (Parts Per Thousand)-യിൽ കൂടുതലുള്ള കായൽ, നദി, തോട് തുടങ്ങിയവയുടെ ഉയർന്ന വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററോ അഥവാ പ്രസ്തുത ജലാശയങ്ങളുടെ വീതിയോ ഏതാണോ കുറവ് അത്രയും ദൂരം സി.ആർ.ഇസഡ്. മേഖലയായിരിക്കും. ഇത് സി.ആർ.ഇസഡ്.-ൽപ്പെടുന്ന മേഖലയാണെങ്കിൽ വികസന നിഷിദ്ധ മേഖലയിൽപ്പെടും. 2019-ലെ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും എത്രയുംവേഗം കരട് പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്. തീരദേശ പരിപാലന പ്ലാൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് വലിയൊരളവിൽ പരിഹാരമാകും. സംസ്ഥാന തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളും. ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത് പൂർത്തീകരിക്കുകയും ചെയ്യും. സി.ആർ.ഇസഡ്. ആക്ട് നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെപ്പറ്റി ഇവിടെ പറഞ്ഞു. കായൽ, നദി, തോട് തുടങ്ങിയവയുടെ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററോ പ്രസ്തുത ജലാശയങ്ങളുടെ വീതി ഏതാണോ കുറവ് അത്രയും ദൂരം സി.ആർ.ഇസഡ്. മേഖലയായിരിക്കും. ഇക്കാര്യത്തിൽ പാർഷ്യൽ എക്സംപ്ഷൻ ചില സംസ്ഥാനങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് കേൾക്കുന്നുണ്ട്. അതിനുവേണ്ടിയും സംസ്ഥാന സർക്കാർ ശ്രമിക്കുന്നതായിരിക്കും. തോട് എന്ന് പറയുമ്പോൾ നമ്മുടെ നാട്ടിൽ മനുഷ്യനിർമ്മിതമായ തോടുകളുമുണ്ട്. ആ തോടുകളുടെ ഭാഗത്തും ഈ പറയുന്ന നിയമം ബാധകമാകുകയാണ്. അതുമായി ബന്ധപ്പെട്ടും പരിശോധന നടത്താനാണ് സർക്കാർ ആലോചിക്കുന്നത്. മരട് മുനിസിപ്പാലിറ്റിയിലെ അനധികൃത നിർമ്മിതികളുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 23-9-2019-ലെ ഉത്തരവിൽ സി.ആർ.ഇസഡ്. നിയമം

ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ലിസ്റ്റ് ബഹുമാനപ്പെട്ട കോടതി ആവശ്യപ്പെട്ടിരുന്നു. അതേത്തുടർന്ന് തീരദേശ നിയമ ലംഘനങ്ങൾ കണ്ടെത്താനായി 10 തീരദേശ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായ സമിതി രൂപീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായാണ് നോട്ടീസുകൾ നൽകിയതെന്ന് കാണുന്നു. ഇതാണ് ജനങ്ങൾക്കിടയിൽ ആശങ്കയുളവാക്കിയത്. 2019-ലെ വ്യവസ്ഥകൾക്കനുസൃതമായ തീരദേശ പരിപാലന പ്ലാൻ പൂർത്തീകരിക്കുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങളാണ് നടത്തിവരുന്നത്. ഇത് എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്. തീരദേശ മേഖലയിൽ താമസിക്കുന്നവരിൽ മഹാഭൂരിപക്ഷവും സാധാരണക്കാരായ ആളുകളാണ്. വീടില്ലാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയുടെ ഭാഗമായുള്ള വീടുനിർമ്മാണം ത്വരിതഗതിയിൽ നടന്നുവരികയാണ്. ഇത്തരമൊരു ഘട്ടത്തിൽ തീരദേശ മേഖലയിൽ താമസിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്ന ഒരു നടപടിയും സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ഒരു ഭാഗത്ത് വീട് നിർമ്മിച്ച് കൊടുക്കുക, വേറൊരു ഭാഗത്ത് ഉള്ള വീട്ടിൽ നിന്നും പുറത്താക്കുന്ന രീതിയിൽ നാറാണത്തു ഭ്രാന്തന്റെ നടപടിയൊന്നും സ്വീകരിക്കാൻ സർക്കാർ ഏതായാലും ഉദ്ദേശിക്കുന്നില്ല. അവർക്ക് സുരക്ഷിതമായ ജീവിതമൊരുക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഈ നിലപാടിനെ സ്വാഗതം ചെയ്യുകയാണ്. ഗവൺമെന്റ് ഇടപെട്ട് ഇപ്പോൾ ഈ കാര്യങ്ങൾ നിർത്തിവച്ചിട്ടുണ്ട്. അത് വളരെ ആശ്വാസകരമായ ഒരു നടപടിയാണ്. കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാവ്യതിയാന വകുപ്പിനെ സമീപിച്ചാൽ വീടുകൾക്ക് ഇളവ് കിട്ടുമെന്ന് പറയപ്പെടുന്നു. അതോടൊപ്പംതന്നെ സി.ആർ.ഇസഡ്.- 2 ൽ അശാസ്ത്രീയമായ രീതിയിൽ വർഗ്ഗീകരിക്കപ്പെട്ടിട്ടുള്ള ഒരു പട്ടികയാണ് ഇന്നുള്ളത്. ഇപ്പോൾ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ ജനസാന്ദ്രത 2167 സ്ക്വയർ കിലോമീറ്ററാണ്. തൊട്ടടുത്ത മുനിസിപ്പാലിറ്റിയിലെ ജനസാന്ദ്രത 1300 സ്ക്വയർ കിലോമീറ്ററുമാണ്. പഞ്ചായത്തുകൾ സി.ആർ.ഇസഡ് 3-യിലും മുനിസിപ്പാലിറ്റി അർബൻ ഏരിയ സി.ആർ.ഇസഡ്. 2-ലുമാണ് വരുന്നത്. പുതിയ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ ഇത്തരം പഞ്ചായത്തുകളെ സി.ആർ.ഇസഡ്. 2-ൽപ്പെടുത്താൻ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണം. മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ പരമാവധി വിസ്തൃതി 500 മുതൽ 900 മീറ്റർ വരെ മാത്രമാണ്. ഈ നിയമം ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്നത് ഇതുപോലെയുള്ള തീരദേശ മേഖലയെയാണ്. ആ കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ അടിസ്ഥാനപരമായ പ്രശ്നം സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കൃത്യമായി തയ്യാറാക്കാൻ വൈകി എന്നുള്ളതാണ്. വളരെ വേഗത്തിൽ പൂർത്തിയാക്കാൻ ഒരു ഭാഗത്ത് ശ്രമിക്കുന്നുണ്ട്. ഏല്പിച്ച ഏജൻസികൾക്ക് പുറമേ മറ്റ് ഏജൻസികളെയും ഏൽപ്പിക്കേണ്ടതുണ്ടെങ്കിൽ അങ്ങനെ ചെയ്ത് കാര്യങ്ങൾ വേഗത്തിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിന്റെകൂടെ മറ്റ് കാര്യങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ ശ്രമിക്കുന്നതാണ്.

(2) തദ്ദേശഭരണസ്ഥാപന തെരഞ്ഞെടുപ്പിൽ പേപ്പർ ബാലറ്റ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ജനാധിപത്യത്തിന്റെ ആത്മാവ് കുറ്റമറ്റ തെരഞ്ഞെടുപ്പ് പ്രക്രിയയാണ്. എന്നാൽ രാജ്യത്ത് പേപ്പർ ബാലറ്റുകൾക്ക് പകരം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ച് തുടങ്ങിയതിനുശേഷം നടന്ന പല തെരഞ്ഞെടുപ്പുകളിലും വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടക്കുന്നുണ്ടെന്ന ആരോപണങ്ങളും വാർത്തകളും തെരഞ്ഞെടുപ്പ് സംവിധാനത്തിന്റെ വിശ്വാസ്യതയേയും സുതാര്യതയേയും ബാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ തെരഞ്ഞെടുക്കപ്പെട്ട പല സർക്കാരുകളും സംശയത്തിന്റെ നിഴലിലാണ്. ഇത് ജനാധിപത്യത്തിന് ഭൂഷണമല്ല. ലോകത്തെമ്പാടുമുപയോഗിക്കുന്ന വോട്ടിംഗ് മെഷീനുകൾ പൂർണ്ണമായും സുതാര്യവും സുരക്ഷിതവുമല്ലെന്ന് പലരാലും തെളിയിക്കപ്പെട്ടിട്ടുണ്ട്. നമ്മൾ ഉപയോഗിക്കുന്ന വോട്ടിംഗ് മെഷീനുകളെ ഏതെങ്കിലും തരത്തിലുള്ള സുരക്ഷിതത്വ ഓഡിറ്റിംഗിന് വിധേയമാക്കുന്നതുമില്ല. ഈ യന്ത്രങ്ങളിൽ ഹാക്കിംഗും കൃത്രിമവും സാധ്യമാണെന്നും 2014-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിലും അതിനുശേഷം ചില നിയമസഭകളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പുകളിലും കൃത്രിമം നടന്നിരുന്നുവെന്നും സയ്യിദ് ഷൂജ എന്ന യു.എസ്. ഹാക്കർ വെളിപ്പെടുത്തിയത് രാജ്യത്ത് വലിയ വിവാദം സൃഷ്ടിക്കുകയും ജനാധിപത്യ വിശ്വാസികളിൽ ആശങ്കയുളവാക്കുകയും ചെയ്ത സംഭവമാണ്. കൂടാതെ കഴിഞ്ഞ വർഷം ബീഹാർ, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ വോട്ടിംഗ് ദിവസം പോളിംഗ് ബൂത്തിലെ വോട്ടിംഗ് മെഷീൻ ഒഴിവാക്കി പകരം പുറമേ നിന്നും വോട്ടിംഗ് മെഷീനുകൾ എത്തിച്ചതായ വാർത്തകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏത് ചിഹ്നത്തിൽ കുത്തിയാലും ഒരേ ചിഹ്നത്തിൽ മാത്രം വോട്ട് പതിയുന്ന സംഭവം വിവിധ പോളിംഗ് സ്റ്റേഷനുകളിൽ നിന്നും രാജ്യമെമ്പാടും റിപ്പോർട്ട് ചെയ്തത് നാം കണ്ടതാണ്. തെരഞ്ഞെടുപ്പിനുശേഷംപോലും അട്ടിമറി സാധ്യത നിലനിൽക്കുന്നുവെന്ന് 2010-ൽ സെക്യൂരിറ്റി റിസർച്ചർമാരായ Hari K. Prasad, J. Alex Halderman, Rop Gonggrijp എന്നിവർ കണ്ടെത്തുകയും വോട്ടിംഗ് മെഷീനുകളിൽ തിരുത്തലുകൾ

വരുത്താമെന്ന് തെളിയിക്കുകയും ചെയ്തതാണ്. ഇതൊക്കെത്തന്നെ രാജ്യത്ത് നിലനിൽക്കുന്ന വോട്ടിംഗ് മെഷീൻ സംവിധാനത്തിന് കരിനിഴൽ വീഴ്ത്തിയ സംഭവങ്ങളാണ്. VVPAT വന്നതോടെ വോട്ട് ചെയ്യുന്നത് അതേചിഹ്നത്തിൽ തന്നെയാണെന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനമായെന്നാണ് പറയുന്നത്. എന്നാൽ മെഷീൻ ഹാക്ക് ചെയ്യുന്നതിന്റേയും വോട്ടിംഗിനുശേഷം ഉണ്ടായേക്കാവുന്ന കൃത്രിമത്വത്തിന്റെയും സാധ്യതകൾക്ക് ഇനിയും തൃപ്തികരമായിട്ടുള്ള വിശദീകരണം നൽകാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, ഇപ്പോൾ VVPAT യന്ത്രത്തിൽ തകരാർ കണ്ടാൽപോലും വോട്ടർമാർ അത് ഉന്നയിക്കുന്നതിന് ധൈര്യപ്പെടുന്നില്ല എന്നതാണ് മറ്റൊരു വസ്തുത. വോട്ട് ചെയ്ത സ്ഥാനാർത്ഥിയുടെ പേരും ചിഹ്നവും അല്ല VVPAT സ്ലിപ്പിൽ കണ്ടതെന്ന് ബോധ്യപ്പെട്ടാൽപോലും ആരും പരാതിപ്പെടാൻ തയ്യാറാകുന്നില്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് ഇത്തരത്തിൽ പരാതി ഉന്നയിച്ച എബിൻ എന്ന യുവാവിനെതിരെ കേസ്സെടുത്ത സംഭവംമൂലം പലരും ഇപ്പോൾ അതിന് തയ്യാറാകുന്നില്ല. തെളിയിക്കാൻ കഴിയാത്ത പക്ഷം പോലീസ് പരാതിക്കാരനെതിരെ കേസ്സെടുക്കുമെന്നതുകൊണ്ട് ആരും ഇതിനായി മുന്നോട്ടുവരുന്നില്ല. കൂടാതെ വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുള്ള തെരഞ്ഞെടുപ്പുകളിലെല്ലാം വോട്ടിംഗ് മെഷീനുകളിൽ വ്യാപക തകരാറുകളാണ് റിപ്പോർട്ട് ചെയ്യാറുള്ളത്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് സംസ്ഥാനത്ത് ഈ തകരാറുമൂലം VVPAT ഉൾപ്പെടെ മൂവായിരത്തിലധികം മെഷീനുകളാണ് ഏറ്റവും അവസാന നിമിഷം സംഘടിപ്പിക്കേണ്ടിവന്നത്. തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് ഈ യന്ത്രങ്ങൾ തകരാറിലാകുന്നതുമൂലം പോളിംഗ് തടസ്സപ്പെടുന്നു, പലപ്പോഴും വോട്ടർമാർ വോട്ട് ചെയ്യാതെ മടങ്ങിപ്പോകുന്നു. ഉദ്യോഗസ്ഥർക്കും തെരഞ്ഞെടുപ്പ് പ്രക്രിയയ്ക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഇപ്പോൾ പതിവാണ്. ഈ കാരണങ്ങൾ കൊണ്ടാണ് 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകൾക്ക് പകരം പേപ്പർ ബാലറ്റുകൾ ഉപയോഗിക്കണമെന്ന് പ്രതിപക്ഷ കക്ഷികൾ തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടത്. പല വികസിത രാജ്യങ്ങളിലും ഇ.വി.എം.-ന്റെ ഉപയോഗം നിരോധിച്ചിട്ടുള്ളതാണ്. അമേരിക്കയിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പിനുപോലും ബാലറ്റ് പേപ്പറുകളാണ് ഉപയോഗിച്ചുവരുന്നത്. 2006-ൽ നെതർലാന്റ്സിലും അയർലന്റിലും ഇറ്റലിയിലും ഇ.വി.എം. ഉപയോഗിച്ചുള്ള വോട്ടിംഗ് അവസാനിപ്പിച്ച് ബാലറ്റിലേയ്ക്ക് മടങ്ങിപ്പോയി. ജർമ്മൻ സുപ്രീംകോടതി ഇ.വി.എം. ഉപയോഗിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. വോട്ടിംഗ് സംവിധാനം എന്നത് ഒരു വിദഗ്ദ്ധന്റെയും സഹായമില്ലാതെ സാധാരണക്കാരന് പരിശോധിച്ച് വിശ്വാസ്യത ഉറപ്പുവരുത്താൻ കഴിയുന്നതാകണം. ബാലറ്റ് പേപ്പറിലേയ്ക്ക് മടങ്ങുന്നതിൽ പ്രധാനമായും പറയുന്ന

തടസ്സം തെരഞ്ഞെടുപ്പ് പ്രക്രിയയിലെ സമയലാഭം, ജോലിയിലുള്ള അനായാസത, സ്റ്റേഷനറിച്ചെലവിലുണ്ടായിട്ടുള്ള ലാഭം എന്നിവയാണ്. പരിശോധിച്ചാൽ ഇത് നൂറുശതമാനം തെറ്റാണെന്ന് മനസ്സിലാക്കാൻ കഴിയും. മാത്രമല്ല, ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിശ്വാസ്യതയും സുരക്ഷിതത്വവും സുതാര്യതയുമാണ് പേപ്പർ ബാലറ്റ് ഒഴിവാക്കുന്നതിലൂടെ അവഗണിക്കപ്പെടുന്നത്. രാജ്യത്തിന് തന്നെ മാതൃകയായ പല തീരുമാനങ്ങളും കൈക്കൊണ്ടിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടക്കാൻ പോകുകയാണ്. ഈ സന്ദർഭത്തിൽ വോട്ടിംഗ് മെഷീനുകൾക്ക് പകരം ബാലറ്റ് പേപ്പർ ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് സംസ്ഥാനം രാജ്യത്തിന് തന്നെ മാതൃകയാകണമെന്ന വിഷയത്തിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2005-ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പൽ ആക്ട് ഭേദഗതികളിലൂടെയാണ് തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് യന്ത്രം ഉപയോഗിക്കാനുള്ള നിയമം നിലവിൽ വന്നത്. പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2005-ലും 2010-ലും നടന്ന പൊതുതെരഞ്ഞെടുപ്പിൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിലാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആദ്യമായി വോട്ടിംഗ് മെഷീൻ ഉപയോഗിച്ചത്. 2015-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്കുപുറമേ ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലും ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിക്കുകയുണ്ടായി. നൂറുശതമാനം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ചുകൊണ്ട് നടത്തിയ പ്രസ്തുത തെരഞ്ഞെടുപ്പിൽ യന്ത്രങ്ങളിൽ ക്രമക്കേടുകൾ നടന്നതായി പരാതികളൊന്നുംതന്നെ ലഭിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്നുവരുന്ന ഉപതെരഞ്ഞെടുപ്പുകളിലും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിച്ചുവരുന്നു. 2015-ൽ വാങ്ങിയിട്ടുള്ള മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ആധുനികമായ സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുള്ളതിനാലും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആവശ്യകതയ്ക്കനുസരിച്ച് രൂപകല്പന ചെയ്തിട്ടുള്ളതിനാലും മറ്റ് മെഷീനുകൾക്കില്ലാത്ത Detachable Memory Module സംവിധാനമുള്ളതിനാലും ആസന്നമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2020-ലെ പൊതുതെരഞ്ഞെടുപ്പിലും മൾട്ടി പോസ്റ്റ് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകൾ ഉപയോഗിക്കാനാണ്

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 74(A) പ്രകാരവും കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 130(A) പ്രകാരവുമാണ് വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്താനുള്ള അധികാരം തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയത്. അതുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 74, 74(A), കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 130, 130(A) എന്നിവ പ്രകാരം ബാലറ്റ് പേപ്പർ ഉപയോഗിച്ചാണോ വോട്ടിംഗ് യന്ത്രം ഉപയോഗിച്ചാണോ തെരഞ്ഞെടുപ്പ് നടത്തേണ്ടതെന്ന് നിശ്ചയിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ഏതെങ്കിലും തരത്തിലുള്ള കൃത്രിമം നടത്താനുള്ള സാധ്യതകൾ തടയുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചുകൊണ്ടാണ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തി വരുന്നതെന്നും ആയതിനാൽ വരുന്ന പൊതു തെരഞ്ഞെടുപ്പിൽ അത് തുടരാനാണ് ഉദ്ദേശിക്കുന്നതെന്നും അവർ അറിയിച്ചിട്ടുണ്ട്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു ഭരണഘടനാ സ്ഥാപനമായതുകൊണ്ട് അവരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരത്തിൽ കൈകടത്താൻ തെരഞ്ഞെടുപ്പ് ആസന്നമായ ഘട്ടത്തിൽ സർക്കാർ ഉദ്ദേശിക്കുന്നില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ കാര്യം വിശദമായി ചർച്ച ചെയ്യാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരെയും ഇലക്ഷൻ കമ്മീഷനിലെ ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് ചർച്ച നടത്താൻ സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾ വോട്ടർ പട്ടിക പുതുക്കൽ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞതിനാൽ ഈ വിഷയത്തിന് മാത്രമായി ഇപ്പോൾ പ്രത്യേക ചർച്ച നടത്തുന്നത് പ്രായോഗികമാകുമെന്ന് കരുതുന്നില്ല.

## IV. സബ്മിഷൻ

### (1) സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് ബി.ജെ.പി. നേതാവ് നടത്തിയ പ്രസ്താവന

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമരം ഒരു നാടകമായിരുന്നുവെന്ന് മുൻ കേന്ദ്രമന്ത്രിയും ബി.ജെ.പി. നേതാവുമായ അനന്തകുമാർ ഹെഗ്ഡെയുടെ പ്രസ്താവന, രാഷ്ട്രപിതാവിനെയും അദ്ദേഹത്തിന്റെയും ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെയും നേതൃത്വത്തിൽ നടന്ന മഹത്തായ ദേശീയ പ്രസ്ഥാനത്തെയും

അപമാനിക്കുന്നതിനും അവഹേളിക്കുന്നതിനും തുല്യമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ യാതൊരു പങ്കുമില്ലാത്ത, അതിനെ പിന്നിൽ നിന്നും കുത്താൻ ശ്രമിച്ചവരാണ് ഇപ്പോൾ ഗാന്ധിയെയും സ്വാതന്ത്ര്യ സമരത്തെയും അപമാനിക്കുന്നത്. നേരത്തേ ബി.ജെ.പി. എം.പി. പ്രഗ്യാൻസിംഗ് ഠാക്കൂർ ഗാന്ധിജിയെ അവഹേളിക്കുന്ന പ്രസ്താവനകളും ഹിന്ദുമഹാസഭ നേതാവ് ശുകൻ പാണ്ഡെ ഗാന്ധിജിയുടെ ചിത്രത്തിലേയ്ക്ക് പ്രതീകാത്മകമായി നിറയൊഴിക്കുകയും ചെയ്ത സംഭവവും തലകുനിച്ചുനിന്ന് മാത്രമാണ് നമ്മൾ കേട്ടത്. ഗാന്ധിജിയുടെ നിരാഹാരം നാടകമാണെന്നും രാജ്യത്ത് നടന്ന സ്വാതന്ത്ര്യ സമരം കപടമാണെന്നും ബി.ജെ.പി. നേതാവ് പറയുന്നത് അദ്ദേഹത്തിന്റെ മാത്രം അഭിപ്രായമാണെന്ന് കരുതാൻ വയ്യ. രാജ്യം ഭരിക്കുന്ന പാർട്ടിയുടെയും അവരെ നയിക്കുന്ന പ്രത്യയ ശാസ്ത്രത്തിന്റെയും പിന്തുണയോടെയാണ് ഈ ബി.ജെ.പി. നേതാവ് ഇത്തരം ഭോഷ്ക്കുകൾ വിളമ്പുന്നത്. ലോകമെമ്പാടും പ്രകീർത്തിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ലോകത്തെ മറ്റെങ്ങുമുള്ള അവകാശ പോരാട്ടങ്ങൾക്ക് വഴികാട്ടിയായതും അവയ്ക്ക് പ്രചോദനമായതും ഇന്ത്യയുടെ സ്വാതന്ത്ര്യ സമരമാണ്. അത് നാടകമാണെന്ന് പറയുന്നവരുടെ അജണ്ടകൾ നമ്മൾ കരുതിയിരിക്കണം. അവരാണ് രാജ്യത്തെ വർഗ്ഗീയമായി വിഭജിക്കുന്നത്. ഇന്ത്യയുടെ രാഷ്ട്രപിതാവിനും ദേശീയ പ്രസ്ഥാനത്തിനുമെതിരെ ബി.ജെ.പി. എം.പി.-യും മുൻ കേന്ദ്ര മന്ത്രിയുമായ ശ്രീ. അനന്തകുമാർ ഹെഗ്ഡെ നടത്തിയ ഈ പരാമർശത്തെ സഭ ഒറ്റക്കെട്ടായി അപലപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വാതന്ത്ര്യ സമരം നാടകമാണെന്ന് പറയുന്നവർക്ക് സ്വാതന്ത്ര്യ സമര പങ്കാളിത്തംതന്നെ അന്യമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ പോരാടിയ ജനലക്ഷങ്ങളെ അപമാനിക്കുന്നതാണ് ഈ പ്രസ്താവന. ഈ പ്രസ്താവന തീർത്തും അപലപനീയമാണ്. മതനിരപേക്ഷതയും സമത്വവും ഉയർത്തിപ്പിടിച്ച് തൊഴിലാളികളും കർഷകരുമടക്കം നടത്തിയ മുന്നേറ്റങ്ങൾ സ്വാതന്ത്ര്യ സമരത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. ഒരു തെരഞ്ഞെടുപ്പ് വിജയം രാജ്യത്തിന്റെ ചരിത്രം മുഴുവനും മാറ്റിയെഴുതാനുള്ള അനുമതിയാണെന്ന് തെറ്റിദ്ധരിക്കുന്ന ചരിത്രബോധമില്ലായ്മ നമ്മുടെ രാജ്യം ഭരിക്കുന്ന കക്ഷിയെയും അവരുടെ പരിവാറിനെയും വെറിപിടിപ്പിക്കുകയാണ്. ഇവിടെ ഐക്യത്തോടെയുള്ള പ്രതിരോധം അനിവാര്യമാണ്. അതിനെ ഞങ്ങൾ പിന്തുണയ്ക്കുന്നു. ഈ പ്രസ്താവനയെ പൂർണ്ണമായി അപലപിക്കുന്നു.

മി. സ്പീക്കർ: ഇന്ത്യ എന്ന ആശയ രൂപീകരണത്തിലേയ്ക്കുതന്നെ നയിച്ച നമ്മുടെ ചരിത്രത്തിലെ ഏറ്റവും വലിയ രാഷ്ട്രീയ അനുഭവമായിരുന്നു സ്വാതന്ത്ര്യ സമരം. ആ സ്വാതന്ത്ര്യ സമരത്തെയും രാഷ്ട്രപിതാവിനെയും തള്ളിപ്പറയുകയും അപമാനിക്കുകയും ചെയ്യുന്ന രീതികൾ തുടർച്ചയായി വരുന്നത് അത്യന്തം അപമാനകരവും ലജ്ജാകരവുമാണ്. കേരള നിയമസഭ ഇക്കാര്യത്തിൽ ഒറ്റക്കെട്ടായുള്ള പ്രതിഷേധവും പ്രതിരോധവും രേഖപ്പെടുത്തുന്നതായി അറിയിക്കുന്നു.

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

(2) തൊഴിൽ സേന

ശ്രീ. ബി. ഡി. ദേവസ്സി: സർ, കേരളത്തിലെ കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതുതലമുറയെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള സംസ്ഥാന കർഷകത്തൊഴിലാളി യൂണിയന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കർഷകത്തൊഴിലാളി സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും നൂറിൽ കുറയാത്ത കർഷകത്തൊഴിലാളികളെ തൊഴിൽ സേന എന്ന രീതിയിൽ സംഘടിപ്പിച്ച് കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനും കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യമിട്ടുമാണ് സംഘങ്ങൾ പ്രവർത്തിക്കുന്നത്. കർഷകത്തൊഴിലാളി സഹകരണ സംഘങ്ങളിലെ തൊഴിൽ സേനയ്ക്ക് യൂണിഫോം, കാർഷികോപകരണങ്ങൾ, മറ്റ് യന്ത്രസാമഗ്രികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം അനുവദിക്കേണ്ടതുണ്ട്. അംഗങ്ങളിൽനിന്നും പിരിക്കുന്ന 100 രൂപ വാർഷിക വരിസംഖ്യ മാത്രമാണ് സംഘങ്ങളുടെ പ്രവർത്തന മൂലധനം. ആയതുകൊണ്ട് കർഷകത്തൊഴിലാളി സംഘങ്ങൾക്ക് സഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ, കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് തയ്യാറാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും അവ നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. ഈ ആവശ്യമുന്നയിച്ച് സെക്രട്ടേറിയറ്റിന് മുന്നിൽ കേരള സംസ്ഥാന കർഷകത്തൊഴിലാളി യൂണിയൻ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ സമരം നടക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരളത്തിലെ കാർഷിക മേഖലയിൽ ന്യായമായ വേതനത്തിന് തൊഴിലാളികളെ ലഭ്യമാക്കുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും പുതുതലമുറയെ കാർഷിക രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനും കൃഷി വകുപ്പിന് കീഴിൽ അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. 18-നും 55 വയസ്സിനും ഇടയിലുള്ള സന്നദ്ധരായ 25-30 വരെ അംഗങ്ങളെയാണ് ഒരു കർമ്മസേനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവർക്ക് കൃഷിപ്പണികൾ ചെയ്യുന്നതിനും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനും പരിശീലനം നൽകുകയും യൂണിഫോം, യന്ത്രസാമഗ്രികൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. തൊഴിലാളികൾക്ക് കൃത്യമായ വരുമാനവും കർഷകർക്ക് ഉല്പാദന വർദ്ധനവിലൂടെ മെച്ചപ്പെട്ട ആദായവും ഇതിലൂടെ ലഭ്യമാക്കുന്നു. സംസ്ഥാനത്ത് 297 കാർഷിക കർമ്മസേനകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പുതിയൊരു കാർഷിക കർമ്മസേന രൂപീകരിക്കുന്നതിന് ഒരു ലക്ഷം രൂപ അനുവദിക്കുന്നു. തുടർന്നുള്ള വർഷങ്ങളിൽ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും സുഗമമായ പ്രവർത്തനത്തിനും 9 ലക്ഷം രൂപ കൃഷി വകുപ്പ് നൽകുന്നുണ്ട്. കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കാർഷിക സഹകരണ സംഘങ്ങൾക്ക് യന്ത്രസാമഗ്രികൾ വാങ്ങാനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉല്പാദന ഗുണമേന്മ വർദ്ധനവിനും തദ്ദേശ സ്വയംഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. നാമമാത്ര കർഷകർ, ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, പാട്ടകൃഷിക്കാർ എന്നിവർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വളം, വിത്ത്, കാർഷിക യന്ത്രങ്ങൾ എന്നിവ വാങ്ങിനൽകുകയും കൂലിച്ചെലവ്, കീടരോഗ നിയന്ത്രണം, ജലസേചനം എന്നിവ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്യുന്നു. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രാദേശിക കാർഷിക ഉല്പന്നങ്ങൾക്ക് വിപണന സംവിധാനമൊരുക്കി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ കൊണ്ടുവരുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## (3) പോലീസ് സ്റ്റേഷൻ

ശ്രീ. ആർ. രാമചന്ദ്രൻ: സർ, എന്റെ മണ്ഡലത്തിലെ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തന പരിധി 9 വില്ലേജുകൾ ഉൾപ്പെടുന്ന പ്രദേശമാണ്. അവിടെ അനുഭവപ്പെടുന്ന ഗതാഗതത്തിരക്കും ക്രമസമാധാന പ്രശ്നങ്ങളും

കൈകാര്യം ചെയ്യുന്നതിന് നിലവിൽ വളരെയധികം ബുദ്ധിമുട്ടുന്ന സാഹചര്യമാണുള്ളത്. കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനും സ്റ്റേഷന്റെ അതിർത്തിയായ ചിറയ്ക്കൽ പ്രദേശവും തമ്മിലുള്ള ദൂരം 22 കിലോമീറ്ററും കരുനാഗപ്പള്ളിയും ആലപ്പാട് ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയും തമ്മിൽ 15 കി.മീറ്റർ ദൂരവുമാണുള്ളത്. പലപ്പോഴും ഈ പ്രദേശങ്ങളിലുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ ഉടനടി പരിഹരിക്കുന്നതിന് ഇതുമൂലം കഴിയുന്നില്ല. നഗരത്തിലെയും സമീപ റോഡുകളിലെയും ഗതാഗത നിയന്ത്രണവും ക്രമസമാധാന പ്രശ്നങ്ങളും ഒരുമിച്ച് കൊണ്ടുപോകുന്നതിനാവശ്യമായ ജീവനക്കാരോ വാഹനങ്ങളോ നിലവിലില്ല. പ്രസ്തുത സാഹചര്യത്തിൽ തഴവ കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിലവിൽ അനുവദിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പ്രവർത്തന സജ്ജമാക്കുന്നതിനാണ് സർക്കാർ ഇപ്പോൾ പരിഗണന നൽകിയിട്ടുള്ളത്. ആയതിനാൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ പ്രവർത്തന മേഖല വിഭജിച്ച് തഴവ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ എന്ന ആവശ്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

### (4) പോലീസ് സബ് ഡിവിഷൻ ഓഫീസ്

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം കേന്ദ്രമാക്കി ഒരു സബ് ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഇതുസംബന്ധിച്ച നിവേദനം 2018-ൽ തന്നെ ഗവൺമെന്റിന് മുമ്പാകെ കൊണ്ടുവന്നിരുന്നു. മൂവാറ്റുപുഴ ഡിവൈ.എസ്.പി. ഓഫീസിന്റെ കീഴിലാണ് പ്രസ്തുത പ്രദേശം വരുന്നത്. 13 സ്റ്റേഷനുകളാണ് അതിന്റെ കീഴിലുള്ളത്. എറണാകുളം സിറ്റിയുടെ ആരംഭം മുതൽ കോതമംഗലം കുട്ടമ്പുഴ വരെ നീണ്ടുകിടക്കുന്ന വിസ്തൃതമായ ഭൂപ്രദേശമാണ് ഡിവൈ.എസ്.പി. അഡ്മിനിസ്ട്രേഷനിൽ വരുന്നത്. അതുകൊണ്ടുതന്നെ അതിന്റേതായ പാളിച്ചകൾ ആ മേഖലയിലുണ്ടെന്നുള്ളതുകൊണ്ടാണ് പിറവം കേന്ദ്രീകരിച്ച് ഒരു ഡിവൈ.എസ്.പി. ഓഫീസ് ആവശ്യപ്പെടുന്നത്. 13 സ്റ്റേഷനുകളിൽ അഞ്ച് സ്റ്റേഷനുകൾ ഈ നിയോജകമണ്ഡല പരിധിയിൽ വരുന്നതാണ്. അഞ്ച് സ്റ്റേഷനുകളിലായി 14 പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുണ്ട്. ജനസാന്ദ്രത വർദ്ധിക്കുന്ന സാഹചര്യത്തിൽ അഡ്മിനിസ്ട്രേഷൻ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മറ്റ് പശ്ചാത്തലങ്ങളുടെ അടിസ്ഥാനത്തിലും ഒരു പുതിയ ഓഫീസ് പിറവം കേന്ദ്രീകൃതമായി അനുവദിച്ചുനൽകണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ജനങ്ങളോടൊപ്പം നിന്ന് അവരുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന സുതാര്യവും സേവനാധിഷ്ഠിതവും സംശുദ്ധവുമായ പോലീസ് സംവിധാനം ലക്ഷ്യമിട്ടുള്ള ഇടപെടലുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയിട്ടുള്ളത്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ ഇതിന്റെ ഭാഗമായി സർക്കാർ സ്വീകരിച്ചുകഴിഞ്ഞു. പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.-മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിക്കുകയുണ്ടായി. ക്രമസമാധാനവും കുറ്റകൃത്യങ്ങളും വേർതിരിച്ച് പ്രത്യേക സബ്ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ രീതി അവലംബിച്ചുകൊണ്ട് ഒട്ടേറെ കേസുകൾ തെളിയിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സംസ്ഥാനത്ത് പുതിയ സബ്ഡിവിഷനുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

എറണാകുളം റൂറൽ ജില്ലയിൽ മൂവാറ്റുപുഴ സബ്ഡിവിഷന് കീഴിൽ 13 പോലീസ് സ്റ്റേഷനുകളാണ് പ്രവർത്തിക്കുന്നത്. ജനസാന്ദ്രത പരിഗണിച്ച് മൂവാറ്റുപുഴ സബ്ഡിവിഷനെ വിഭജിക്കേണ്ട കാര്യവും പരിഗണിക്കേണ്ടതുണ്ട്. പിറവം കേന്ദ്രമായി ഒരു സബ്ഡിവിഷൻ വേണമെന്നതുൾപ്പെടെയുള്ള ആവശ്യവും സർക്കാർ പരിശോധിക്കുന്നതാണ്.

### (5) ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബിൽ

ശ്രീ. വി. എസ്. ശിവകുമാർ: സർ, മത്സ്യത്തൊഴിലാളികളെ ദുരിതക്കയത്തിലേയ്ക്ക് തള്ളിവിടുന്ന നിർദ്ദിഷ്ട ദേശീയ സമുദ്ര മത്സ്യബന്ധന നിയന്ത്രണ ബില്ലിലെ വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. സ്വന്തം ജീവൻപോലും തൃണവൽഗണിച്ച് കടലിനോട് മല്ലിട്ട് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുന്ന മത്സ്യത്തൊഴിലാളികളെ ദുരിതക്കയത്തിലേയ്ക്ക് തള്ളിവിടുന്ന നിർദ്ദിഷ്ട ദേശീയ സമുദ്ര മത്സ്യബന്ധന ബില്ലിലെ (National Marine Fisheries Regulation & Management Bill 2019) വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കടലിന്റെ മക്കളായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ആഴക്കടൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതുവഴി അവരുടെ ഏകജീവനോപാധിയെ എന്നന്നേയ്ക്കുമായി ഇല്ലാതാക്കുകയാണ് നിർദ്ദിഷ്ട ദേശീയ സമുദ്ര മത്സ്യബന്ധന ബില്ലിലെ വ്യവസ്ഥകളിലൂടെ ചെയ്യുന്നത്. നിർദ്ദിഷ്ട ബിൽ അനുസരിച്ച് 12 നോട്ടിക്കൽ മൈൽ

വരെ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് സംസ്ഥാന സർക്കാരും 12 മുതൽ 200 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് കേന്ദ്ര സർക്കാരുമാണ് നൽകേണ്ടത്. ലൈസൻസില്ലാതെ 12 നോട്ടിക്കൽ മൈൽ കടന്ന് മത്സ്യബന്ധനം നടത്തുന്നവർക്ക് വൻപിഴയും ശിക്ഷയുമാണ് ബിൽ വിഭാവന ചെയ്യുന്നത്. 12 നോട്ടിക്കൽ മൈൽ കഴിഞ്ഞുള്ള മേഖല എക്സ്ക്ലൂസീവ് ഇക്കണോമിക് സോണായി പ്രഖ്യാപിച്ച് അവിടെ കോർപ്പറേറ്റ് മത്സ്യബന്ധന കമ്പനികൾക്ക് പരിധിയില്ലാത്ത മത്സ്യ ബന്ധനത്തിന് അനുമതി നൽകുന്നതാണ് ഈ ബിൽ. രാജ്യത്തിന്റെ എല്ലാ സമ്പത്തും വിറ്റുതുലയ്ക്കുന്ന കേന്ദ്ര സർക്കാർ കടൽപോലും കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ്. കേരളത്തിൽ 600 കിലോമീറ്ററും ഇന്ത്യയിൽ 8000 കിലോമീറ്ററും ദൈർഘ്യമുള്ള തീരദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് കടൽ അന്യമാക്കി വിദേശ കമ്പനികൾക്ക് നൽകുന്നതുവഴി അവരുടെ പരമ്പരാഗതമായ വരുമാനം അപ്രാപ്യമാവുകയാണ്. നിലവിൽ ഓഖി, കാലാവസ്ഥാ വ്യതിയാനം, അടിക്കടിയുള്ള അപകട മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത കേരളത്തിലെ കടലിന്റെ മക്കൾക്ക് വറുതിയുടെ നാളുകളായിരിക്കും ഈ ബിൽ നൽകുന്നത്. സാധാരണക്കാരന്റെ ഭക്ഷണമായ മത്സ്യം അവർക്ക് അപ്രാപ്യമാകുന്നതോടൊപ്പം നമ്മുടെ മത്സ്യ സമ്പത്ത് വിദേശ മത്സ്യബന്ധന കമ്പനികൾക്ക് ചാകരയാക്കി മാറ്റുന്നതിന് ഈ ബിൽ ഇടയാക്കും. കടലിന്റെ ഒഴുക്കും മത്സ്യക്കൂട്ടത്തിന്റെ ഗതിയും അനുസരിച്ച് ആഴക്കടലിൽ അബദ്ധത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കാരാഗൃഹ വാസമായിരിക്കും ഈ ബിൽ സമ്മാനിക്കുക. ഗവർണറുടെ നയപ്രഖ്യാപനത്തിൽ, കേരളത്തിന് നാശംവിതച്ച പ്രളയകാലത്ത് വ്യാപകമായി പ്രചരിച്ച ഒരു പോസ്റ്ററിന്റെ കാര്യം സൂചിപ്പിച്ചിരുന്നു. ഹോളിവുഡിന് സ്പൈഡർമാനും ബാറ്റ്മാനും അയൺമാനുമുണ്ട്. എന്നാൽ കേരളീയർക്ക് ഫിഷർമെൻ എന്ന ഒറ്റ പേരിൻകീഴിൽ ഇവരെല്ലാവരുമുണ്ട്. ഇപ്രകാരം മഹാപ്രളയത്തിൽ നമ്മുടെ നാടിന് കൈത്താങ്ങായ മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങാകുവാൻ നിർദ്ദിഷ്ട ബില്ലിലെ വ്യവസ്ഥകൾ പിൻവലിക്കുന്നതിന് സർവ്വകക്ഷി സംഘം കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. അതുപോലെതന്നെ ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിക്കണം. അതോടൊപ്പം തീരദേശ മത്സ്യബന്ധനമുള്ള 9 സംസ്ഥാനങ്ങളുമായി ചേർന്ന് സംയുക്തമായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ കേരളം നേതൃത്വം നൽകണമെന്നും ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, കരട് സമുദ്ര മത്സ്യബന്ധന നിയന്ത്രണ പരിപാലന ബിൽ 2019 സംസ്ഥാനത്തിന്റെ താത്പര്യം ഹനിക്കുന്നതാണെന്ന് കണ്ട് അതുസംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആദ്യഘട്ടത്തിൽ 48 നിർദ്ദേശങ്ങൾ സമർപ്പിച്ചതിൽ 43 എണ്ണവും കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നു. അതിനുശേഷവും ചെറുതും വലുതുമായി 36 പുതിയ നിർദ്ദേശങ്ങൾകൂടി സമർപ്പിച്ചിരുന്നു. കൂടാതെ കേന്ദ്ര ഫിഷറീസ് സെക്രട്ടറി 9-10-2019-ൽ കേന്ദ്ര മറൈൻ ബിൽ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി കേരളത്തിൽ വരികയും ഫിഷറീസ് വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഉദ്യോഗസ്ഥരുമായും മത്സ്യമേഖലാ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചർച്ച ചെയ്യുകയും ടി ചർച്ചയിൽ കേന്ദ്ര മറൈൻ ബിൽ സംബന്ധിച്ച സംസ്ഥാനങ്ങളുടെ ആശങ്കകൾ നേരിട്ട് അറിയിക്കുകയും ചെയ്തു. കേരളം സമർപ്പിച്ച നിർദ്ദേശങ്ങൾ പലതും ഡ്രാഫ്റ്റ് ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ റൂൾ ഡ്രാഫ്റ്റ് കമ്മിറ്റിയിൽ കേരളത്തിന്റെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- 12 നോട്ടിക്കൽ മൈലിനപ്പുറം 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ ലൈസൻസ് നൽകുന്നതിനുള്ള അവകാശം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാകണം;

- കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് ബിൽ-2019, കേന്ദ്ര സർക്കാരിന്റെ അധികാര പരിധി എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിൽ മാത്രമായി നിജപ്പെടുത്തണം. 12 നോട്ടിക്കൽ മൈലിനുള്ളിൽ മത്സ്യബന്ധനം, നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ തന്നെ നിലനിർത്തണം. നിയമലംഘനം പരിശോധിക്കാനുള്ള അധികാരം കോസ്റ്റ് ഗാർഡ്, നേവി എന്നിവയിൽമാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം. നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം പ്രിൻസിപ്പൽ മജിസ്ട്രേറ്റ്, മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്നുമാറ്റി ഫിഷറീസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനെ ഇതിനായി ചുമതലപ്പെടുത്തണം.

- തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് ഡയറക്ടറിൽ നിക്ഷിപ്തമാകണം;
- ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശയാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല;
- ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം;
- നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യുന്ന വ്യവസ്ഥ എടുത്തുകളയണം. സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം;
- മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങൾ വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ്, ലൈസൻസ് നൽകാതിരുന്നാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും seaworthiness ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ വേണം. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണിവലിപ്പം, ആകെ വലിപ്പം എന്നിവ നിയന്ത്രിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തണം. മത്സ്യബന്ധന യാനം എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലെ മത്സ്യബന്ധന യാനങ്ങൾക്കുള്ള യൂണിഫൈഡ് ലൈസൻസ് സിസ്റ്റം നൽകുന്നതിനുള്ള അധികാരം സംസ്ഥാന മത്സ്യബന്ധന വകുപ്പിന് നൽകണം.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള എല്ലാത്തരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം.

സംസ്ഥാനങ്ങളുടെ അധികാരപരിധിയായ 12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടലിൽ നിലവിൽ സംസ്ഥാനങ്ങൾക്കുള്ള അധികാരം അതേപടി നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ തയ്യാറാക്കിയ കരട് ബില്ലിൽ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ 'പങ്കാളിത്ത മാനേജ്മെന്റ്' എന്നതൊഴികെ എല്ലാ നിർദ്ദേശങ്ങളും അംഗീകരിച്ചിട്ടുണ്ട്. അത് അംഗീകരിച്ച സാഹചര്യത്തിൽ സംയുക്ത നിവേദക സംഘം പോകുകയോ നിയമസഭയിൽ ചർച്ച ചെയ്യുകയോ ചെയ്യേണ്ടതില്ല. വളരെ പോസിറ്റീവായാണ് സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശങ്ങളെ കേന്ദ്ര ഗവൺമെന്റ് കണ്ടിരിക്കുന്നത്. നമ്മുടെ ഉദ്യോഗസ്ഥരും അവിടെ ചർച്ചയ്ക്ക് പോയിരുന്നു. അത് അംഗീകരിച്ചതായാണ് മനസ്സിലാക്കുന്നത്. സഭയിൽ ബിൽ പരിഗണിക്കുമ്പോൾ അതിന് എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോയെന്നത് അപ്പോൾ പരിശോധിക്കാം.

### (6) മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര ജില്ലാ ആശുപത്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് നല്ല പിന്തുണ മാവേലിക്കര ജില്ലാ ആശുപത്രിക്കുവേണ്ടി നൽകിയിട്ടുണ്ട്. എന്നാൽ ഇന്ന് കൂടുതൽ അസൗകര്യങ്ങൾ അവിടെയുണ്ട്. അത് അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽപ്പെടുത്തി വിപുലമായ ഒരു പ്രോജക്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അത് നിലനിൽക്കുമ്പോൾത്തന്നെ ഡോക്ടർമാരുടെ അഭാവമുൾപ്പെടെയുള്ള ചില പ്രശ്നങ്ങൾ അവിടെയുണ്ട്. ജില്ലാ ആശുപത്രിയായി മാറിയതിനുശേഷവും ആ നിലവാരത്തിനാവശ്യമായ ഡോക്ടർമാർ അവിടെയില്ല. നിലവിലുള്ള 29 തസ്തികകളിൽ 26 ഡോക്ടർമാർ, 2 എൻ.എച്ച്.എം. ഡോക്ടർമാർ അടക്കം 28 ഡോക്ടർമാരുടെ സേവനമാണ് ആകെ ലഭിക്കുന്നത്. അതുകൊണ്ട് കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ശരാശരി 1400-ഓളം രോഗികൾ ആശുപത്രിയിൽ പ്രതിദിനം എത്തിച്ചേരുന്നുണ്ട്. ഡോക്ടർമാരുടെ അഭാവംമൂലം

ഇൻപേഷ്യന്റാക്കാതെ രോഗികളെ റഫർ ചെയ്ത് മെഡിക്കൽ കോളേജിലേയ്ക്ക് വിടുന്ന സാഹചര്യവുമുണ്ട്. റഫർ ചെയ്യേണ്ടാത്ത കേസും റഫർ ചെയ്യുന്ന സ്ഥിതിവിശേഷവുമുണ്ടായിട്ടുണ്ട്. അതിനുകാരണം ഡോക്ടർമാരുടെ അഭാവമാണ്. കാഷ്വാലിറ്റി അടക്കമുള്ള സ്ഥലങ്ങളിൽ ഫലപ്രദമായ സേവനം ലഭ്യമാകാത്തതിനാൽ മെഡിക്കൽ ഓഫീസർമാരുടെ തസ്തിക കൂടുതൽ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. അത് അടിയന്തരമായി അനുവദിക്കണം. കൺസൾട്ടന്റിന്റെ (മെഡിസിൻ) രണ്ട് തസ്തികകൾ അവിടെയുണ്ടായിരുന്നു. കാത്ത് ലാബ് ആരംഭിച്ചപ്പോൾ ഒരു നിബന്ധനയുടെ ഭാഗമായി മറ്റൊരു തസ്തിക നൽകാമെന്ന് പറഞ്ഞെങ്കിലും അത് ഇതുവരെയും പാലിക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. വർക്കിംഗ് അറേഞ്ച്മെന്റിന്റെ ഭാഗമായി ആ തസ്തിക ഇപ്പോഴും ഒഴിഞ്ഞുകിടക്കുകയാണ്. എന്നാൽ തസ്തിക അവിടെയുള്ളതായി കണക്കാക്കപ്പെടുകയാണ്. കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ കീഴിലുള്ള പേ-വാർഡിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി പരിഹരിക്കണം. കറവപ്പശുവിനെപ്പോലെ അതിനെ കാണുകയാണ്. പണം വാങ്ങിയെടുക്കുകയല്ലാതെ അതിനനുസരിച്ചുള്ള സേവനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. ഈ സർക്കാരിന്റെ കാലത്ത് ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ നല്ലനിലയിൽ മാറുന്നുണ്ടെങ്കിലും വർഷങ്ങളായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ കീഴിലുള്ള പേ-വാർഡുകൾ നവീകരിക്കാൻ കഴിയുന്നില്ല. പേ-വാർഡ് മികച്ച നിലയിൽ നവീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അവിടെ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചുവെങ്കിലും നെഫ്രോളജിസ്റ്റിന്റെ സേവനം ലഭിക്കാത്തതിനാൽ ഫലപ്രദമായി ഡയാലിസിസ് നടത്താൻ സാധിക്കുന്നില്ല. കിഫ്ബിയിൽ ഉൾപ്പെടുത്തി വിപുലമായ പദ്ധതിക്ക് അനുമതി ലഭിച്ചിട്ട് മൂന്നുമാസം കഴിഞ്ഞു. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിച്ചിരുന്നു. ഏജൻസി തന്നെ ടി.എസ്. കൊടുത്ത് അതിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നത് ശരിയല്ലെന്നുള്ളത് ന്യായമാണ്. ഇപ്പോൾ ടി.എസ്. കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി.എസ്. നൽകാനാവശ്യമായ നടപടി ഗവൺമെന്റ് അടിയന്തരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഒരു പുതിയ പ്രശ്നം ഇപ്പോൾ ഉയർന്നുവരുന്നത്, മരുന്നിന് വലിയ ഷോർട്ടേജുണ്ടാവുകയാണ്. അക്കാര്യം പരിശോധിച്ചപ്പോൾ ഡോക്ടർമാർ കൂടുതൽ മരുന്നുകൾ എഴുതുന്നതായി കാണാൻ കഴിയുന്നുണ്ട്. അതിനാൽ ആശുപത്രിയുടെ ഭാഗമായി ഒരു പ്രിസ്ക്രിപ്ഷൻ ആഡിറ്റ് നടത്തേണ്ടതായിട്ടുണ്ട്. അവയെല്ലാം ചെറിയ പ്രശ്നങ്ങളാണെങ്കിലും അവിടെയെത്തുന്ന ആയിരക്കണക്കിന് രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി, പ്രത്യേകിച്ച് ഡോക്ടർമാരുടെ കുറവ്

പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2011-ൽ മാവേലിക്കര ആശുപത്രിയെ ജില്ലാ ആശുപത്രിയായി പ്രഖ്യാപിച്ചെങ്കിലും ഇപ്പോഴും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലാണ് അതുള്ളത്. സെക്കന്ററി തലത്തിലുള്ള ഹോസ്പിറ്റൽ നവീകരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായാണ് താലൂക്ക് ഹോസ്പിറ്റലുകൾ സ്പെഷ്യലൈസ്ഡ് കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ പട്ടികയിൽ മാവേലിക്കര ആശുപത്രിയെയും ഉൾപ്പെടുത്താൻ തീരുമാനിച്ചത്. ജില്ലാ ആശുപത്രി എന്നുള്ള പേര് മാറ്റുന്നില്ല. എങ്കിലും ഹോസ്പിറ്റൽ നവീകരണത്തിനാവശ്യമായ ശ്രമങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ട്. ഇവിടെയിപ്പോൾ 31 ഡോക്ടർമാരാണുള്ളത്. സ്ഥിരം ജീവനക്കാർ ആകെ 190 പേരുണ്ട്. എച്ച്.എം.സി.-യുടെ ഭാഗമായി 52 താൽക്കാലിക ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ജീവനക്കാരുടെ വലിയ അഭാവമുണ്ടെന്ന് പറയാൻ സാധിക്കില്ല. പോരായ്മയുണ്ട്, തസ്തിക സൃഷ്ടിക്കുന്ന സമയത്ത് ആവശ്യമായ ജീവനക്കാരെ നിയമിക്കാം. ഇത്രയും ജീവനക്കാരുടെ ഫലപ്രദമായ പ്ലാനിംഗും ക്രമീകരണവുമുണ്ടെങ്കിൽ ഒ.പി. ഭംഗിയായി കൈകാര്യം ചെയ്യാൻ സാധിക്കും. മാത്രമല്ല, ഈ ആശുപത്രിയിൽ 347 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ കാര്യങ്ങളും ഭംഗിയായി കൈകാര്യം ചെയ്യാൻ സാധിക്കും. പ്രത്യേക യോഗം വിളിച്ചുചേർത്ത് ഇക്കാര്യം പരിഗണിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ഇപ്പോൾ ബുദ്ധിമുട്ടാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് ആരോഗ്യമേഖലയിൽ ഏറ്റവും കൂടുതൽ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. ഇനിയും തസ്തിക സൃഷ്ടിക്കുന്ന സമയത്ത് മാവേലിക്കര ജില്ലാ ആശുപത്രിക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. ആശുപത്രിയുടെ വികസനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് അവിടെ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചത്. അതുപോലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 102 കോടി രൂപയുടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആ മാസ്റ്റർ പ്ലാൻ കിഫ്ബി അംഗീകരിച്ചു കഴിഞ്ഞു. ഇനി ബാക്കിയുള്ള നടപടിക്രമങ്ങളാണുള്ളത്. മാവേലിക്കര ആശുപത്രിക്ക് ഇതൊരു വലിയ അംഗീകാരമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൈക്കൊണ്ട ധീരമായ നടപടികളുടെ ഭാഗമായിട്ടാണ് ഇക്കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ

സാധിക്കുന്നത്. അതിൽ ഉയർന്ന പരിഗണനയാണ് മാവേലിക്കര ആശുപത്രിക്ക് കിട്ടിയിട്ടുള്ളത്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ വളരെ പെട്ടെന്നുതന്നെ തുടങ്ങാൻ കഴിയും. ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ പേ-വാർഡ് നവീകരണം വളരെ പ്രധാനമായിട്ടുള്ള ആവശ്യം തന്നെയാണ്. കുറേക്കാലമായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ പേ-വാർഡ് നവീകരിക്കുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്യുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ പേ-വാർഡുകൾ ഓരോന്നായി നവീകരിച്ചുകൊണ്ടിരിക്കുകയാണ്. അക്കൂട്ടത്തിൽ മാവേലിക്കര ആശുപത്രിയുടെ പേ-വാർഡും നവീകരിക്കാനുള്ള പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. നെഫ്രോളജിസ്റ്റിനെ എല്ലാ ആശുപത്രികളിലും നിയമിക്കുന്നില്ല. ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ സ്ഥലത്തെല്ലാം നെഫ്രോളജിസ്റ്റിനെ നിയമിക്കാൻ സാധിക്കില്ല. ഗുരുതരമായ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ നെഫ്രോളജിസ്റ്റിന്റെ സേവനം ഉറപ്പുവരുത്താൻ ശ്രമിക്കാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ബാക്കിയെല്ലാ കാര്യങ്ങളും ശ്രദ്ധിക്കുന്നതാണ്. ഗവൺമെന്റ് ആശുപത്രികളെല്ലാം മെച്ചപ്പെട്ട് വന്നപ്പോൾ 2016-ലുള്ളതിന്റെ മൂന്നിരട്ടിയിലേറെ ആളുകളാണ് ഇപ്പോൾ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരുന്നത്. രോഗം കൂടിയതുകൊണ്ടല്ല, മറിച്ച് മറ്റ് പല മേഖലകളിലും പോയി കഷ്ടപ്പെട്ടിരുന്ന ആളുകൾ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് തിരിച്ചുവരികയാണ് ചെയ്യുന്നത്. 2016-ൽ സംസ്ഥാനത്തെ 67 ശതമാനം ആളുകളും സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിച്ചുകൊണ്ടിരുന്നത്. അതിന്റെ ഭാഗമായി ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെൻഡിച്ചർ ഏറ്റവും കൂടിയ സംസ്ഥാനമായിരുന്നു കേരളം. ചികിത്സയ്ക്കുവേണ്ടി പണം ചെലവഴിച്ച് പോക്കറ്റ് കാലിയായി അവസാനം ആത്മഹത്യയുടെ വക്കിലെത്തുന്ന കുടുംബങ്ങളായിരുന്നു ഏറെയും. അവരെല്ലാം ഇപ്പോൾ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് തിരിച്ചുവരുന്നു. അതിനനുസരിച്ച് നമുക്ക് ബഡ്ജറ്റ് അലോക്കേഷൻ കൂടുന്നില്ല. എന്നിട്ടും മരുന്ന് ക്ഷാമം വരാതെ വളരെ ശ്രദ്ധയോടുകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അത് കൈകാര്യം ചെയ്യുന്നുണ്ട്. ഒരു വലിയ കുറവ് എവിടെയും വന്നിട്ടില്ല. പിന്നെ ഏതെങ്കിലും ഒരു മരുന്ന് കുറവാണെങ്കിൽ ആരോഗ്യ വകുപ്പ് മാത്രമല്ല, ആ പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ സഹായിക്കുന്നുണ്ട്. അവരുടെ ശ്രദ്ധയിൽപ്പെടുത്തിയാൽ മെഡിസിൻ വാങ്ങാനുള്ള പണം വകയിരുത്തി, അവ വാങ്ങി അവിടെ കൊടുക്കുന്നുണ്ട് എന്നുള്ളതുകൂടി സൂചിപ്പിക്കുകയാണ്. ഏതായാലും ഇവിടെ ഏതെങ്കിലും മരുന്നിന് കുറവുണ്ടെങ്കിൽ പരിശോധിച്ച് അതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുന്നതാണ്.

### (7) കർഷകത്തൊഴിലാളി ക്ഷേമനിധി

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, നേരത്തെ ചാലക്കുടി നിയമസഭാംഗം ശ്രീ. ബി. ഡി. ദേവസ്സി ഉന്നയിച്ചതുപോലെ കർഷകത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനുമുമ്പിൽ സമരം നടത്തുകയാണ്. 410,67,19,125 രൂപയാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കുടിശ്ശികയായിട്ടുള്ളത്. ഇടതുപക്ഷ ഗവൺമെന്റുകൾ അധികാരത്തിൽ വരുമ്പോഴാണ് കർഷകത്തൊഴിലാളി ജനവിഭാഗത്തെയും ക്ഷേമനിധി ബോർഡിനെയും സഹായിക്കാനുള്ള നിലപാടുകൾ സ്വീകരിച്ചിരുന്നത്. 2006-ലെ വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലത്ത് 119 കോടി രൂപ ഗ്രാന്റായി അനുവദിച്ചിരുന്നു. ഇപ്പോൾ ഈ സർക്കാർ 130 കോടി രൂപ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നയാപൈസപോലും ഗ്രാന്റായി അനുവദിച്ചിട്ടില്ല. മാത്രമല്ല, കർഷകത്തൊഴിലാളി ക്ഷേമനിധി തൊഴിലാളികളുടെ വിഹിതം 5 രൂപയിൽനിന്നും 20 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ഓർഡിനൻസ് സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2009-ലെ നിയമപ്രകാരം സർക്കാർ തൊഴിലാളി വിഹിതത്തിന് തത്തുല്യമായ ഗ്രാന്റ് നൽകേണ്ടതാണ്. തൊഴിലാളി വിഹിതം 5 രൂപ എന്നത് 20 രൂപയാക്കി വർദ്ധിപ്പിച്ചാൽ 20 രൂപ സർക്കാർ ഗ്രാന്റായി നൽകേണ്ടതാണ്. അതിനുപകരം 5 രൂപയായി നിജപ്പെടുത്തിയിരിക്കുകയാണ്. അതാണ് ഈ ഓർഡിനൻസിലെ ഒരു പോരായ്മ. ഇത് അടിയന്തരമായി തിരുത്തേണ്ടതുണ്ട്. മാത്രമല്ല, നേരത്തെ വി.എസ്. അച്ചുതാനന്ദൻ സർക്കാരും ഇപ്പോൾ പിണറായി സർക്കാരും 119 കോടി രൂപയും 130 കോടി രൂപയും നൽകിയിട്ടും 410 കോടിയിലധികം രൂപ കുടിശ്ശികയായി കിടക്കുകയാണ്. ഈ തുക ഘട്ടംഘട്ടമായി മാച്ചിംഗ് ഗ്രാന്റായി നൽകുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ 5 രൂപയിൽ നിന്ന് തൊഴിലാളി വിഹിതം 20 രൂപയായി വർദ്ധിപ്പിച്ചതിന് തത്തുല്യമായ സർക്കാർ വിഹിതവും അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 15,96,732 പേർ അംഗങ്ങളാണ്. ബോർഡ് അംഗങ്ങൾക്ക് അർഹതപ്പെട്ട വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 2011-16 കാലയളവിൽ സർക്കാരിൽനിന്നും ബോർഡിന് സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം അനുവദിക്കാതിരുന്ന സാഹചര്യത്തിൽ അധിവർഷാനുകൂല്യത്തിലടക്കം വിതരണം നടത്തേണ്ട കോടിക്കണക്കിന് രൂപ കുടിശ്ശികയായിരുന്നു. 2016-ൽ ഈ സർക്കാർ

അധികാരമേറ്റശേഷം ഇക്കാര്യങ്ങൾ ഗൗരവമായി പരിഗണിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും അടക്കം ആകെ 130 കോടി രൂപ പ്രത്യേക ധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2011 ഏപ്രിൽ മുതൽ 2013 ഡിസംബർ വരെയുള്ള അധിവർഷാനുകൂല്യ കുടിശ്ശിക വിതരണം ബോർഡ് നടത്തിവരികയാണ്. ഇപ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം, വിനിയോഗ സാക്ഷ്യപത്രം ബോർഡ് ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനമാർഗ്ഗങ്ങളായ തൊഴിലാളികളിൽ നിന്നുമുള്ള അംശദായം 5 രൂപയിൽ നിന്ന് 20 രൂപയായി വർദ്ധിപ്പിക്കുകയും ഭൂവുടമ വിഹിതം 20 ആർ-ന് മുകളിലും 40 ആർ-ന് ഇടയ്ക്കുമുള്ള ഓരോ ആർ-നും 50 പൈസ നിരക്കിലും 40 ആർ-ന് മുകളിൽ ഓരോ ആർ-നും ഒരു രൂപ നിരക്കിലുമാക്കിക്കൊണ്ടും തൊഴിലാളി അടയ്ക്കുന്ന വിഹിതത്തിന്റെ 25 ശതമാനം മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുകയും ചെയ്തുകൊണ്ട് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടാകുകയും തൊഴിലാളികൾക്ക് മാച്ചിംഗ് ഗ്രാന്റ് പ്രതിശീർഷ പരമാവധി ഒരാൾക്ക് 5 രൂപ നിരക്കിൽ പരിമിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതാണ് ഇപ്പോഴുള്ള ഓർഡിനൻസിൽ പറഞ്ഞിട്ടുള്ളത്. ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നതുവഴി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകാൻ കഴിയുമെന്നാണ് ഈ നടപടിയിലൂടെ പ്രതീക്ഷിക്കുന്നത്. തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എത്രയുംവേഗം കുടിശ്ശിക തീർത്ത് കൊടുക്കാനാവശ്യമായ മേൽനടപടികളും ഇതിനോടൊപ്പം സ്വീകരിക്കുന്നതാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് മാത്രമേ മാച്ചിംഗ് ഗ്രാന്റ് 20 രൂപയായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. ഇതിനോട് അനുകൂലമായ നിലപാട് തന്നെയാണ് ഗവൺമെന്റിനുള്ളത്. സാമ്പത്തിക സ്ഥിതി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(8) ഇടത്താവള സമുച്ചയം

ശ്രീ. സജി ചെറിയാൻ: സർ, രണ്ട് വർഷം മുമ്പ് പത്തുകോടി രൂപ ചെലവിൽ ദേവസ്വം ബോർഡ് ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് ചെങ്ങന്നൂരിൽ ഇടത്താവളം സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിട്ടിരുന്നു. എന്നാൽ പിന്നീട് പെട്രോളിയം കമ്പനിയുമായുള്ള ധാരണ നഷ്ടപ്പെടുകയും കിഫ്ബി വഴി ഇതിനുള്ള പണം സർക്കാർ നൽകുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. ഞാൻ കഴിഞ്ഞ സമ്മേളനത്തിലും ഈ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ

കൊണ്ടുവന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറച്ച് കാര്യങ്ങൾ ചെയ്യുന്നതിനപ്പുറം ദേവസ്വം ബോർഡ് കാര്യമായി ഇടപെടുന്നില്ലെന്ന ചില വിവരങ്ങളാണ് എനിക്ക് ലഭിച്ചിട്ടുള്ളത്. ശബരിമലയുടെ വികസനത്തിനും ഭക്തരുടെ ആവശ്യങ്ങൾ പരിഗണിച്ചും ചരിത്രത്തിലെ ഏറ്റവും വലിയ ഇടപെടലുകളും സഹായങ്ങളുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും പ്രത്യേകിച്ച് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും നൽകിയിട്ടുള്ളത്. അതിനെ ഞാൻ ആത്മാർത്ഥമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ചെങ്ങന്നൂർ റെയിൽവെ സ്റ്റേഷനിൽ വന്നിറങ്ങുന്ന ലക്ഷക്കണക്കിന് വരുന്ന ഭക്തന്മാർ, ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിൽ പോയി വിശ്രമിച്ചതിനുശേഷം അവിടെ നിന്നാണ് ശബരിമലയിലേയ്ക്ക് പോകുന്നത്. യഥാർത്ഥത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ഭക്തന്മാർ വരികയും കേന്ദ്രീകരിക്കുകയും തിരിച്ചുവരികയും കയറി പോവുകയും ചെയ്യുന്ന സ്ഥലമെന്ന നിലയിൽ ഇടത്താവളത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ലെന്നുള്ള കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. ഇടത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനായി കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയോ അല്ലെങ്കിൽ വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള ഫണ്ട് ഉപയോഗിക്കുകയോ ചെയ്തുകൊണ്ട് ചെങ്ങന്നൂരിലെ ഇടത്താവള നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം ശരിയാണ്. ചെങ്ങന്നൂർ ഇടത്താവള സമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടി ഐ.ഒ.സി.-യുമായി കരാർ ഉണ്ടാക്കിയിരുന്നു. പിന്നീട് ഐ.ഒ.സി. ആ കരാറിൽ നിന്നും പല കാരണങ്ങളാൽ പിന്മാറുന്ന സാഹചര്യമുണ്ടായി. ആദ്യമായിട്ടുണ്ടായത് രാഷ്ട്രീയ കാരണമാണ്. ഇപ്പോൾ ഐ.ഒ.സി.-യെക്കൊണ്ട് ഇടത്താവളങ്ങൾ നിർമ്മിക്കേണ്ടതില്ലെന്ന നിലപാട് ബഹുമാനപ്പെട്ട ഹൈക്കോടതിയും സ്വീകരിച്ചിട്ടുണ്ട്. അതുകാരണം ഐ.ഒ.സി., ബി.പി.സി.എൽ. പോലുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഇടത്താവള നിർമ്മാണം സാധ്യമാകുന്നില്ല. അതുകൊണ്ടുതന്നെയാണ് നേരത്തെ നിശ്ചയിച്ചിരുന്ന ഇടത്താവളങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടുകൂടി കിഫ്ബിയുടെ ഫണ്ട് ഉപയോഗിച്ച് ഇടത്താവള നിർമ്മാണത്തിന് വേണ്ടി ഒരു പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നഗരത്തിൽ

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ സ്ഥിതി ചെയ്യുന്ന പുരാതനവും ചരിത്ര പ്രസിദ്ധവുമായ ചെങ്ങന്നൂർ മഹാദേവ ക്ഷേത്രം ശബരിമല തീർത്ഥാടകർക്കുള്ള ഒരു പ്രധാന ഇടത്താവളമായതിനാൽ ഇവിടെ മതിയായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന അയ്യപ്പഭക്തരിൽ ഏറിയ പങ്കും ചെങ്ങന്നൂരിൽ ഇറങ്ങി മഹാദേവ ക്ഷേത്രത്തിൽ തങ്ങി ദർശനം നടത്തിയതിനുശേഷമാണ് ശബരിമലയിലേയ്ക്ക് പോകുന്നത്. ശബരിമല തീർത്ഥാടകർക്കുള്ള മതിയായ കുടിവെള്ള സൗകര്യം, പാർക്കിംഗ് ഗ്രൗണ്ട്, ഭക്ഷണശാലകൾ, വിരിപ്പന്തലുകൾ, ശൗചാലയങ്ങൾ, വിശ്രമസങ്കേതങ്ങൾ എന്നിവ നിർമ്മിച്ച് നൽകുന്നതിന് കേരള സർക്കാർ ശബരിമല ഇടത്താവള സമുച്ചയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിൽ ഭക്തർക്ക് വിരിവയ്ക്കാനുള്ള വിരിപന്തലുകളും വിശ്രമസങ്കേതങ്ങളും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ടോയ്‌ലറ്റ് ബ്ലോക്കുകളും പാർക്കിംഗ് ഗ്രൗണ്ട് ഉൾപ്പെടുന്ന വിപുലമായ ശബരിമല ഇടത്താവളം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തുകോടി രൂപ ചെലവിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് എസ്.പി.വി. ആയി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിക്കൊണ്ടും NBCC(National Buildings Construction Corporation)-യെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചും തീരുമാനമായിട്ടുണ്ട്. ഈ ഇടത്താവള സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കി അടുത്ത സീസണിൽ തീർത്ഥാടകർക്ക് ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(9) <u>അംഗീകാരങ്ങൾ വിഭാഗം തിരിച്ച് പ്രഖ്യാപിക്കുന്നത് ഒഴിവാക്കൽ</u>

<u>ഡോ. എൻ. ജയരാജ്</u>: സർ, കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, അവാർഡുകൾ, പ്രത്യേക പുരസ്കാരങ്ങൾ എന്നിവ നൽകുമ്പോൾ പ്രസ്തുത അംഗീകാരങ്ങളുടെ പൊതുവേദിയിലുള്ള അനൗൺസ്മെന്റിൽ പൊതുവിഭാഗം, എസ്.സി./എസ്.റ്റി., ഭിന്നശേഷി, പിന്നാക്ക ജാതി എന്നിങ്ങനെ വിഭാഗം തിരിച്ചുള്ള പ്രഖ്യാപനം കുട്ടികൾക്ക് മാനസിക സംഘർഷമുണ്ടാക്കുന്നതായി മനസ്സിലാക്കുന്നു. പൊതുവേദികളിലും പത്ര മാധ്യമങ്ങളിലൂടെയും വേർതിരിച്ചുള്ള അനൗൺസ്മെന്റ്

നടത്തുമ്പോൾ നേട്ടം കൈവരിച്ച വിദ്യാർത്ഥിയുടെ കഴിവ് സ്വയാർജ്ജിതമല്ലെന്ന രീതിയിൽ സമൂഹം വീക്ഷിക്കുന്നത് പല ചടങ്ങുകളിലും കാണാൻ ഇടയായിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങളും തെരഞ്ഞെടുപ്പ് രീതികളും ഇപ്പോൾ നിലവിലുള്ള രൂപത്തിൽത്തന്നെ തുടരണം. എന്നാൽ പ്രസ്തുത അംഗീകാരങ്ങൾ സമ്മാനിക്കുന്ന വേദിയിൽ ദൃശ്യ-പത്ര മാധ്യമങ്ങളിലും ജാതിയും വിഭാഗവും തിരിച്ചുള്ള പ്രഖ്യാപനം നിയമംമൂലം നിരോധിക്കേണ്ടത് പുരോഗമന കാഴ്ചപ്പാട് ഉൾക്കൊള്ളുന്ന ഭരണകൂടങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. ജനാധിപത്യ മതേതരത്വമൂല്യം ഉയർത്തിപ്പിടിക്കുന്ന സമൂഹത്തിൽ ഇത്തരം പ്രവണതകൾ കുട്ടികളുടെ മാനസികാരോഗ്യത്തെയും മുമ്പോട്ടുള്ള ഉത്സാഹത്തെയും സഹായിക്കുമെന്ന് കരുതാൻ കഴിയില്ല. ഇതുസംബന്ധിച്ചുള്ള പൊതുകാഴ്ചപ്പാട് നമുക്കുണ്ടെങ്കിലും ഈ വിഷയത്തിൽ ഒരു നിയമനിർമ്മാണം ആവശ്യമാണ്. സർക്കുലറുകളും ഉത്തരവുകളുംമാത്രം നൽകിയാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല. കുട്ടികളുടെ സർഗ്ഗാത്മകതയെയും കഴിവുകളെയും അംഗീകരിക്കുമ്പോൾത്തന്നെ അവയ്ക്ക് ജാതീയവും വിഭാഗീയവുമായ പരിഗണനകൾ പ്രഖ്യാപിക്കേണ്ട ആവശ്യമില്ല. വിദ്യാഭ്യാസം അതിന്റെ സമഗ്രമായ അർത്ഥത്തിൽ നടപ്പാക്കിവരുന്ന സർക്കാർ ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിലൂടെ ഒരു പരിഹാരം സാധ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ, അവാർഡുകൾ, പ്രത്യേക പുരസ്കാരങ്ങൾ എന്നിവ നൽകുമ്പോൾ പ്രസ്തുത അംഗീകാരങ്ങളുടെ പൊതുവേദിയിലുള്ള അനൗൺസ്മെന്റിന് പൊതുവിഭാഗം, എസ്.സി./എസ്.റ്റി., ഭിന്നശേഷി, പിന്നാക്ക ജാതി എന്നിങ്ങനെ വിഭാഗം തിരിച്ചുള്ള പ്രഖ്യാപനം കുട്ടികൾക്ക് മാനസിക സംഘർഷമുണ്ടാക്കാൻ സാധ്യതയുണ്ട്. ഈ വിഷയം ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷന്റെ ശ്രദ്ധയിൽ വരികയും 15.05.2019-ന് ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷൻ ഒരുത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികമോ ജാതീയമോ ശാരീരികമോ മറ്റെന്തെങ്കിലും വിധത്തിലുള്ള സവിശേഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ നിറഞ്ഞ സദസ്സിൽവച്ച് വിളിച്ച് സഹപാഠികളുടെയും അദ്ധ്യാപകരുടെയും മുന്നിൽവച്ച് സഹായധനമോ പഠന സഹായ വസ്തുക്കളോ നൽകുന്നതും സഹായം നൽകുന്ന കുട്ടിയുടെ പേരും ഫോട്ടോയുംവച്ച് പരസ്യം കൊടുക്കുന്നതും പ്രചരണം നടത്തുന്നതും പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്നും അതേസമയം ഉത്തരവിൽ നൽകുന്ന നിർദ്ദേശങ്ങൾ അവർക്ക് ലഭിക്കേണ്ട, അല്ലെങ്കിൽ ലഭിച്ചുകൊണ്ടിരിക്കുന്ന

സഹായങ്ങൾ നിർത്തലാക്കുന്നതാകരുതെന്നും അതോടൊപ്പംതന്നെ അവ ഒരിക്കലും കുട്ടികളുടെ ആത്മാഭിമാനത്തിന് ക്ഷതം ഏൽപ്പിക്കുന്നത് ആകരുതെന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ ഇത്തരം സഹായം വിതരണം ചെയ്യുന്നതിന് പൊതുചടങ്ങുകൾ നിർബന്ധമാണെങ്കിൽ പ്രധാനാദ്ധ്യാപകൻ ചടങ്ങിൽവച്ച് സ്വീകരിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തിപരമായി കൈമാറുന്നത് ഉചിതമായിരിക്കുമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ വിഭാഗം വ്യക്തമാക്കാതെ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

12.00 Noon]

(10) സ്കൂളുകൾക്ക് അംഗീകാരം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുന്നത്. കേരളത്തിലെ വിവിധ മതന്യൂനപക്ഷ സംഘടനകൾ നടത്തുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസ് സ്കൂളുകളുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിന്മേൽ വർഷങ്ങളായി തീരുമാനമെടുത്തിട്ടില്ല. ഇതുമൂലം ഈ രംഗത്ത് വലിയ പ്രതിസന്ധിയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്റ്റേറ്റ് സിലബസ് സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയാണ് അപേക്ഷകൾ കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുണ്ടായിട്ടുപോലും ഇതിന് എൻ.ഒ.സി. കൊടുക്കുന്നതിൽ ഈ ഗവൺമെന്റ് അമാന്തം കാണിക്കുകയാണ്. ഇത്തരം സ്ഥാപനങ്ങളിൽ മൂന്ന് ലക്ഷത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. അവരുടെ ഭാവി സങ്കീർണ്ണമായി തുടരുകയാണ്. അതുപോലെ അവിടെ ജോലി ചെയ്യുന്ന ധാരാളം അദ്ധ്യാപകരുടെ കാര്യവും പ്രയാസത്തിലാണ്. മുസ്ലീം, ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട സംഘടനകളാണ് ഇതിൽ ഭൂരിഭാഗം സ്കൂളുകളും നടത്തുന്നത്. ക്രിസ്തീയ സഭകൾ, സിസ്റ്റർമാർ നടത്തുന്ന സ്കൂളുകൾ, മുസ്ലീം സംഘടനകൾ, യത്തീംഖാന കമ്മിറ്റികൾ, പള്ളി കമ്മിറ്റികൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങളാണിത്. മൈനോറിറ്റി സ്കൂളുകളുടെ അവകാശങ്ങൾപോലും ഇക്കാര്യത്തിൽ സംരക്ഷിക്കപ്പെടുന്നില്ല. മൈനോറിറ്റി വിഭാഗങ്ങൾക്ക് ഇങ്ങനെയൊരു അവകാശമുണ്ടെന്നും അത് സ്ഥാപിക്കണമെന്നും അതിനുവേണ്ട സൗകര്യങ്ങൾ ചെയ്യണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി കൃത്യമായി പറഞ്ഞിട്ടുണ്ട്. ഹൈക്കോടതി അവർക്ക് അനുകൂലമായി വിധിച്ചപ്പോഴും സർക്കാർ അതിനെതിരായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ

സമീപിക്കുന്ന സമീപനമാണുണ്ടായത്. സംസ്ഥാനത്തെ വിവിധ ഡി.ഇ.ഒ.-കളിൽ 800 അപേക്ഷകൾ പെൻഡിംഗ് ആയിരുന്നു. അതിൽനിന്നും സ്ക്രൂട്ടിണി കഴിഞ്ഞ് 200 അപേക്ഷകൾ ഡി.പി.ഐ.-യിൽനിന്നും സർക്കാരിലേയ്ക്ക് വന്നിട്ടുണ്ട്. അതിനും ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. മൂന്ന് ലക്ഷം കുട്ടികളുടെയും ആയിരത്തോളം അദ്ധ്യാപകരുടെയും കാര്യമാണ്. ആ സ്കൂളുകൾക്ക് അംഗീകാരം കൊടുക്കണമെന്ന് കോടതി തന്നെ പറഞ്ഞിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കില്ലെന്ന സമീപനമാണ് ഗവൺമെന്റിനുള്ളതെങ്കിൽപ്പോലും ഇപ്പോഴുള്ള സ്കൂളുകൾക്കെങ്കിലും അംഗീകാരം കൊടുക്കുന്നതിന് ഒരു മാനദണ്ഡം വയ്ക്കുന്നതിൽ കുഴപ്പമില്ല. ചില പഞ്ചായത്തുകളിലൊക്കെ ആറും ഏഴും കിലോമീറ്ററിനുള്ളിൽ മറ്റൊരു സ്കൂളുമില്ല; ഈ അൺ-എയ്ഡഡ് സ്കൂളുകൾ മാത്രമേയുള്ളൂ. ദേശീയ വിദ്യാഭ്യാസ നയത്തിൽപ്പോലും അത് പറയുന്നുണ്ട്. മൂന്ന് കിലോമീറ്റർ ചുറ്റളവിൽ യു.പി. സ്കൂളും അഞ്ച് കിലോമീറ്റർ ചുറ്റളവിൽ ഹൈസ്കൂളും ഇല്ലെങ്കിൽ അവിടെ അൺ എയ്ഡഡ് സ്ഥാപനമാണുള്ളതെങ്കിൽ അതിന് അംഗീകാരം കൊടുക്കണമെന്ന് പറയുന്നുണ്ട്. ഇക്കാര്യത്തിലുള്ള നിഷേധാത്മകമായ സമീപനം സർക്കാർ ഒഴിവാക്കണം. അൺ എയ്ഡഡ് സ്കൂളുകളെ പ്രോത്സാഹിപ്പിക്കണമെന്നല്ല ഞങ്ങൾ പറയുന്നത്. നിലവിലുള്ള കുട്ടികളുടെയും അദ്ധ്യാപകരുടെയും പ്രശ്നമാണിത്. ന്യൂനപക്ഷ അവകാശമെന്നുള്ളത് ഭരണഘടനാനുസൃതമാണ്. അത് പരിപാലിക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ടെന്ന കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അംഗീകാരം നൽകുന്നതിനുള്ള എൻ.ഒ.സി. അനുവദിക്കുന്നതിനായി 1-3-2019-ലെ 22/2019/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരവും സംസ്ഥാന പാഠ്യപദ്ധതിയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22-5-2019-ലെ 45/2019/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ആയതനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തരം ലഭ്യമായ അപേക്ഷകൾ സർക്കാർ പരിശോധിക്കുകയും 41 സ്കൂളുകൾക്ക് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. അംഗീകാരത്തിനുള്ള എൻ.ഒ.സി. അനുവദിച്ച് നൽകുകയുമുണ്ടായി. ബാക്കിയുള്ളവയിൽ സർക്കാർ വിവിധ ഘട്ടങ്ങളിലായി നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് 9-1-2020-ലെ

02/2020/പൊ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള 2004-ലെ ദേശീയ കമ്മീഷൻ ആക്ടിലെ വകുപ്പ് 10 അനുസരിച്ച് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിക്കുന്നതിനുള്ള നിരാക്ഷേപപത്രം നൽകുന്നതിനുള്ള അധികാരിയായി ന്യൂനപക്ഷക്ഷേമ ഡയറക്ടറെയും വകുപ്പ് 12 (ബി) അനുസരിച്ച് ന്യൂനപക്ഷ പദവി നൽകുന്നതിനുള്ള അധികാരിയായി പൊതുവിദ്യാഭ്യാസ വകുപ്പുസെക്രട്ടറിയേയും നിയോഗിച്ചിട്ടുണ്ട്.

(11) വന്യജീവി ശല്യം

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം എന്നീ പഞ്ചായത്തുകൾ വനമേഖലയോട് ചേർന്നുകിടക്കുന്നതാണ്. പ്ലാന്റേഷൻ മേഖലകളിലും അതുപോലെ കണ്ണിമംഗലം, പാണ്ഡുപാറ, ഒലിവേലി, മുളങ്കുഴി, ഇല്ലിത്തോട്, നട്ടുവട്ടം എന്നീ പ്രദേശങ്ങളിലും കഴിഞ്ഞ കുറേ നാളുകളായി വന്യജീവികളുടെ ശല്യം വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. കാട്ടാനക്കൂട്ടം വന്ന് ചില പ്രദേശങ്ങളിലെ കൃഷി നിരന്തരമായി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിൽ ഇരുപതിലധികം തവണ ചില പ്രദേശങ്ങളിൽ കാട്ടാനക്കൂട്ടം വലിയ നാശം വിതച്ചതായി പത്രമാധ്യമങ്ങളിലൂടെ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. വനം വകുപ്പിനും അതറിയാവുന്നതാണ്. വേനൽ കൂടിയതോടുകൂടി വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചുവരികയാണ്. പല പ്രദേശങ്ങളിലും സോളാർ ഫെൻസിംഗുണ്ടെങ്കിലും അത് തകർന്നുകിടക്കുകയാണ്. അത് നന്നാക്കുന്നതിനും മറ്റ് ഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികളൊന്നുമുണ്ടായിട്ടില്ല. അതുപോലെ ട്രെഞ്ച് നിർമ്മിക്കേണ്ടതായിട്ടുണ്ട്. ട്രെഞ്ച് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് വകുപ്പിന് നൽകിയിട്ടില്ലെന്നാണ് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. കർഷകർക്ക് വലിയ ബുദ്ധിമുട്ടുകളുണ്ടാകുന്നു, കൃഷി നശിച്ചുകൊണ്ടിരിക്കുന്നു, ആളുകളുടെ ജീവനും സ്വത്തിനും വലിയ ഭീഷണിയായിക്കൊണ്ടിരിക്കുന്നു. 60 കിലോമീറ്ററിലധികം ചുറ്റളവുള്ള കാലടി റെയ്ഞ്ച് ഓഫീസിൽനിന്നും ഈ മേഖലകളിൽ എത്തിച്ചേരുന്നതിനായി വളരെ കാലപ്പഴക്കം ചെന്ന വാഹനമാണ് അവിടെയുള്ളത്. റെയ്ഞ്ച് ഓഫീസിന്റെ പ്രവർത്തനങ്ങൾക്കും പരിമിതമായ സൗകര്യമാണുള്ളത്. അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകളിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന വന്യജീവി ആക്രമണത്തിൽനിന്നും കൃഷിയേയും ജനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ മലയാറ്റൂർ ഡിവിഷനിൽ കാലടി റെയ്ഞ്ചിൽപ്പെട്ട അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം എന്നീ പഞ്ചായത്തുകളിലെ വനമേഖലയോടുചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ടമുണ്ടാക്കുന്ന സംഭവങ്ങളുണ്ടാകുന്നുണ്ട്. ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ 13 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ കമ്പിവേലി നിലവിലുണ്ട്. സൗരോർജ്ജവേലി പ്രവർത്തനക്ഷമമല്ലാത്ത പ്രദേശങ്ങളിൽ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം കണ്ണിമംഗലം പ്രദേശത്ത് 6.35 ലക്ഷം രൂപ ചെലവിൽ പുതിയതായി മൂന്ന് കിലോമീറ്റർ സൗരോർജ്ജ വേലിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കുന്തിരുമുടി പ്രദേശത്ത് പത്ത് ലക്ഷം രൂപ ചെലവിൽ 5 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. യൂക്കാലി ജംഗ്ഷനിൽ 1.75 കിലോമീറ്റർ ദൂരത്തിൽ ആന പ്രതിരോധ കിടങ്ങ് നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങുന്ന പ്രദേശങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ മുന്നറിയിപ്പ് സ്ക്വാഡുകൾ രൂപീകരിക്കുകയും വന്യമൃഗങ്ങളെ വനപ്രദേശങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് രാപ്പകൽ വ്യത്യാസമില്ലാതെ പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നു. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിച്ച് വരികയാണ്. കാലടി റെയ്ഞ്ചിൽ നിലവിൽ ഉപയോഗിച്ചുവരുന്ന വാഹനം പഴക്കം ചെന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ വാഹനം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## V. റൂളിംഗ്

### 3-2-2020-ന് ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്

മി. സ്പീക്കർ: 2020 ജനുവരി 31-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗ തീരുമാനങ്ങൾ മാധ്യമങ്ങളിലൂടെ പുറത്തുപറഞ്ഞതുവഴി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 200-ലെ

വ്യവസ്ഥകൾ ലംഘിച്ചതായും ഇത്തരം പ്രവണതകൾ ആശാസ്യമല്ലെന്നും ഇതിനെതിരെ ശക്തമായ റൂളിംഗ് ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ഇന്നലെ (3-2-2020) ഒരു ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

ജനുവരി 31-ാം തീയതിയിലെ കാര്യോപദേശക സമിതി യോഗത്തിനുശേഷം പുറത്തേയ്ക്കുപോയ തന്നെ പത്രമാധ്യമ പ്രവർത്തകർ സമീപിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുകയാണുണ്ടായതെന്നും കാര്യോപദേശക സമിതിയോഗം ചേരുന്നതിനുമുമ്പുതന്നെ സർക്കാർ ഇക്കാര്യത്തിൽ കൈക്കൊണ്ട നിലപാടാണ് താൻ വിശദീകരിച്ചതെന്നും സമിതിയുടെ പരിഗണനാ വിഷയത്തെ സംബന്ധിച്ചോ സമിതിയുടെ യോഗതീരുമാനത്തെ സംബന്ധിച്ചോ ഒരു കാര്യവും താൻ പത്രക്കാരോട് സംസാരിച്ചിട്ടില്ലായെന്നും ബഹുമാനപ്പെട്ട മന്ത്രി സഭയിൽ വിശദീകരണം നൽകുകയുണ്ടായി. കൂടാതെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് നിയമസഭയിലെ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തി കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെയും സമിതി ശിപാർശകളുടെയും വിശദാംശം വെളിപ്പെടുത്തിയതെന്നും യഥാർത്ഥത്തിൽ ചട്ടലംഘനം നടത്തിയത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണെന്നും ഇതുമായി ബന്ധപ്പെട്ട വീഡിയോ ക്ലിപ്പിംഗുകൾ ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അതോടൊപ്പം 3-2-2020-ൽ ഒരു ദിനപ്പത്രത്തിൽ എഴുതിയ ലേഖനത്തിലൂടെയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചട്ടലംഘനം നടത്തുകയുണ്ടായെന്നും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു.

കാര്യോപദേശക സമിതിയോഗത്തെ പരാമർശിച്ചുകൊണ്ട് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി പത്രക്കാരെ കണ്ട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, ബഹുമാനപ്പെട്ട സ്പീക്കറെ മുൻകൂട്ടി അറിയിച്ചശേഷം കാര്യോപദേശക സമിതിയിലുണ്ടായ കാര്യങ്ങളെ സംബന്ധിച്ച് ഒരു വിശദീകരണം നൽകേണ്ട സാഹചര്യമുണ്ടായതെന്നും താൻ മനഃപൂർവ്വം ചട്ടലംഘനം നടത്തിയിട്ടില്ലെന്നും ബഹുമാനപ്പെട്ട സ്പീക്കർ ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചശേഷം ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അഭ്യർത്ഥിക്കുകയുണ്ടായി.

ഉന്നയിക്കപ്പെട്ട ആരോപണങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങളുടെ വീഡിയോ ക്ലിപ്പിംഗുകൾ സഹിതമുള്ള രേഖകൾ ചെയർ പരിശോധിച്ചു. നിയമസഭാ മന്ദിരത്തിന് പുറത്തുവച്ച്, തന്നെ വന്നുകണ്ട പത്രമാധ്യമ പ്രവർത്തകരോട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നോട്ടീസ് നൽകിയിരുന്ന ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപത്തിന്മേലുള്ള സർക്കാർ നിലപാട് വിശദീകരിക്കുക മാത്രമാണുണ്ടായതെന്ന അദ്ദേഹത്തിന്റെ വാദത്തെ ശരിവയ്ക്കുന്ന തരത്തിൽ തന്നെയായിരുന്നു അതുസംബന്ധിച്ച വീഡിയോ ക്ലിപ്പിംഗുകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. മാത്രവുമല്ല, കാര്യോപദേശക സമിതിയുടെ യോഗതീരുമാനങ്ങളെ സംബന്ധിച്ചുള്ള ഏതെങ്കിലും പരാമർശം അദ്ദേഹം നടത്തിയതായും പ്രസ്തുത വീഡിയോയിൽ കാണാൻ കഴിഞ്ഞില്ല.

എന്നാൽ ബഹുമാനപ്പെട്ട മന്ത്രി കാര്യോപദേശക സമിതി തീരുമാനം പത്രക്കാരോട് വെളിപ്പെടുത്തിയെന്ന ഒരു തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണെന്ന് തോന്നുന്നു, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിയമസഭാ മീഡിയാ റൂമിൽ പത്രസമ്മേളനം നടത്തിയതും കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെ വിശദാംശം പത്രക്കാരോട് വിശദീകരിച്ചതും. കൂടാതെ, 2020 ഫെബ്രുവരി 03-ാം തീയതിയിലെ ഒരു ദിനപ്പത്രത്തിൽ "ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം നിരാകരിച്ചതിന് പിന്നിൽ" എന്ന തലക്കെട്ടിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പേരിൽ വന്ന ലേഖനത്തിലും 31-1-2020-ലെ കാര്യോപദേശക സമിതിയിൽ നടന്ന ചർച്ചയുടെയും സമിതി കൈക്കൊണ്ട തീരുമാനത്തേയും സംബന്ധിച്ച വ്യക്തമായ പരാമർശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

എം. എൻ. കൗൾ ആന്റ് എസ്. എൽ. ശക്ധർ-ന്റെ " Practice and Procedure of Parliament" എന്ന ഗ്രന്ഥത്തിൽ "പാർലമെന്ററി സമിതികൾ" എന്ന 30-ാം അധ്യായത്തിലെ 'പ്രൊസീഡിംഗ്സ് ഇൻ കമ്മിറ്റീസ്' എന്ന ഉപശീർഷകത്തിൻകീഴിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:

" The proceedings of a committee are treated as confidential and it is not permissible for a member of a committee or anyone who has access to those proceedings to communicate, directly or indirectly, to the press or any other persons any information regarding the proceedings, including the report or any conclusion arrived at finally or tentatively, before the report is presented to the House." (Page 839, 7th Edition)

കേരള നിയമസഭയുടെ നടപടി ചട്ടങ്ങളിലും സമാനമായൊരു വ്യവസ്ഥ ചട്ടം 200-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിയമസഭാ സമിതികളുടെ പ്രവർത്തനം കൂടുതൽ ഗൗരവതരവും കാര്യക്ഷമവുമാക്കി മാറ്റണമെന്ന ഉദ്ദേശ്യത്തോടുകൂടിത്തന്നെയാണ്. നിയമസഭാ സമിതികളുടെ കാര്യത്തിൽ പൊതുവായും കാര്യോപദേശക സമിതിയുടെ കാര്യത്തിൽ പ്രത്യേകമായും അവയുടെ രഹസ്യസ്വഭാവം നഷ്ടപ്പെടുത്തിയതും അതുവഴി സഭയുടെയും സമിതികളുടെയും പ്രത്യേക അവകാശം ലംഘിച്ചതും സംബന്ധിച്ച് കാര്യമായ പരാതികളൊന്നുംതന്നെ കഴിഞ്ഞ കാലങ്ങളിൽ ഉയർന്നുവന്നിട്ടില്ല. അതുകൊണ്ടുതന്നെ അക്കാര്യത്തെ സംബന്ധിച്ച് പ്രത്യേക റൂളിംഗുകളും ഉണ്ടായതായി കാണുന്നില്ല.

മാധ്യമങ്ങൾ നമ്മളിലേയ്ക്ക് കിനിഞ്ഞിറങ്ങുകയും നമ്മൾ മാധ്യമങ്ങളാൽ വളഞ്ഞുവയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു കാലത്താണ് നമ്മൾ ഉള്ളത് എന്നത് എല്ലാവരും ജാഗ്രതയോടെ കാണണം. മാധ്യമ സ്വാതന്ത്ര്യം പ്രധാനമാണെങ്കിലും സഭയുടെ അവകാശങ്ങളും അധികാരവും അതുപോലെതന്നെ പ്രധാനമാണ്. സഭ അംഗീകരിച്ചിട്ടില്ലാത്ത കാര്യോപദേശക സമിതിയുടെ റിപ്പോർട്ട്, മാധ്യമ ചർച്ചയ്ക്ക് വിധേയമാകുന്ന തരത്തിൽ, അവസരമായി മാറിയത് അത്യന്തം നിർഭാഗ്യകരമാണ്. അത് സഭയുടെ അന്തസ്സിന് നിരക്കാത്തതായിപ്പോയി. സഭയുടെ അവകാശ ലംഘനത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ പര്യാപ്തമായ ഇത്തരം നടപടികൾ യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കപ്പെടാൻ പാടില്ലെന്ന് ചെയർ ഇത്തരുണത്തിൽ റൂൾ ചെയ്യുന്നു.

## VI. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. ജെയിംസ് മാത്യു: സർ, സർക്കാരിന്റെ നയം പ്രഖ്യാപിച്ചുകൊണ്ട് സഭയിൽ ബഹുമാന്യനായ ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ ശക്തമായി പിന്തുണയ്ക്കുകയാണ്. നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഇന്നലെ സഭയിൽ സംസാരിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഏത് ധാർമ്മികതയാണ് ഈ സഭയിൽ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കാൻ അവർക്ക് അവകാശം നൽകുന്നതെന്ന് എന്നെ അത്ഭുതപ്പെടുത്തുകയാണ്. ബഹുമാന്യനായ ഗവർണ്ണർ മടങ്ങിപ്പോകണമെന്ന് ആവശ്യപ്പെടുക മാത്രമല്ല, സഭയുടെ ചരിത്രത്തിൽ ഇല്ലാത്തവിധം അദ്ദേഹത്തെ തടഞ്ഞുകൊണ്ട് വലിയ പ്രതിഷേധം രേഖപ്പെടുത്തുന്നു. പക്ഷെ ബഹുമാന്യനായ

ഗവർണ്ണറല്ല മടങ്ങിപ്പോയത്; അവർ സ്വയം ഇറങ്ങിപ്പോകുകയാണ് ചെയ്തത്. എന്തിനാണ് അവർ ഇറങ്ങിപ്പോയതെന്ന് ഇപ്പോൾ ശബ്ദമുണ്ടാക്കിയ ശ്രീ. പാറക്കൽ അബ്ദുല്ലയ്ക്കുപോലും വിശദീകരിക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. അവർ ഒന്നുകിൽ സഭയിൽ ഇരിക്കണം; അല്ലെങ്കിൽ ഗവർണ്ണർ ഇറങ്ങിപ്പോകണമെന്നുള്ള അവരുടെ നിലപാടിൽ ഉറച്ചുനിൽക്കണം. ഇത് രണ്ടുമല്ലാതെ അവർ ഇറങ്ങിപ്പോയി. യഥാർത്ഥത്തിൽ ബഹുമാന്യനായ ഗവർണ്ണർ നടത്തിയ പ്രസംഗം കേട്ടിരുന്നെങ്കിൽ അവർപോലും കയ്യടിക്കുമായിരുന്നു. കാരണം ഡിസംബർ 31-ാം തീയതി അവർ ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് ഈ സഭ ഏകകണ്ഠമായി അംഗീകരിച്ച പ്രമേയത്തോട് അദ്ദേഹത്തിന് രാഷ്ട്രീയകാരണങ്ങളാൽ വിയോജിപ്പുണ്ടെങ്കിലും ആ പ്രമേയത്തിന്റെ ഉള്ളടക്കത്തെ സ്വാംശീകരിച്ചുകൊണ്ട് നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ ഭാഗം അദ്ദേഹം വായിക്കുകതന്നെ ചെയ്തു. യഥാർത്ഥത്തിൽ ഇവർ ഒരു ഒത്തുകളി നടത്തിയിട്ടുണ്ടോയെന്നാണ് സംശയിക്കേണ്ടത്. ബഹുമാന്യനായ ഗവർണ്ണർ മടങ്ങിപ്പോകണമെന്ന് ആവശ്യപ്പെടുക; എന്നിട്ട് സ്വയം ഇറങ്ങിപ്പോകുക. യഥാർത്ഥത്തിൽ ബഹുമാന്യനായ ഗവർണ്ണർ ഈ ഭാഗം വായിക്കുമെന്ന് ഇവർ മുൻകൂട്ടി മനസ്സിലാക്കിയിട്ടുണ്ടാകണം. ബഹുമാന്യനായ ഗവർണ്ണർ ഈ ഭാഗം വായിച്ചാൽ തങ്ങൾ ഒന്നുകിൽ കയ്യടിക്കണം; അല്ലെങ്കിൽ ഇളിഭ്യരായിരിക്കണം. അതിലും ഭേദം തങ്ങളുടെ ഭാഗം സ്ഥാപിച്ചുകൊണ്ട് ഇറങ്ങിപ്പോയാൽ അതിന് സാക്ഷ്യം വഹിക്കേണ്ട കാര്യമില്ല. എന്തിനാണ് ഇങ്ങനെയൊരു നാടകം കളിക്കേണ്ട ആവശ്യം? യഥാർത്ഥത്തിൽ ബഹുമാന്യനായ ഗവർണ്ണർ എടുത്ത നിലപാടിനെ ഏതെങ്കിലും ഘട്ടത്തിൽ, ബഹുമാന്യനായ മുഖ്യമന്ത്രിയോ, ഗവൺമെന്റോ അംഗീകരിക്കുകയോ അനുകൂലിക്കുകയോ ചെയ്തിട്ടുണ്ടോ? ഒരു ഘട്ടത്തിലുമില്ല. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി അക്കാര്യങ്ങളെല്ലാം വളരെ വ്യക്തമായി പറഞ്ഞു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ യാതൊരു ദിശാബോധവുമില്ലാതെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. എന്തെങ്കിലും കാര്യത്തെക്കുറിച്ച് സുവ്യക്തമായ അഭിപ്രായം അവർ പറയണ്ടേ; ഒന്നുകിൽ പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ച് പറയണം അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനത്തെക്കുറിച്ച് പറയണം. സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ചാണ് നിങ്ങൾക്ക് പറയാനുള്ളതെങ്കിൽ, ഇവിടെയൊരു പ്രോഗ്രസ്സ് റിപ്പോർട്ടുണ്ട്. (പ്രോഗ്രസ്സ് റിപ്പോർട്ട് ഉയർത്തിക്കാട്ടി) കേരളത്തിന്റെയോ, ഇന്ത്യയുടെയോ ചരിത്രത്തിൽ എന്നെങ്കിലും ഒരു സർക്കാർ തെരഞ്ഞെടുക്കപ്പെടുന്നതിനുമുൻപ് പ്രകടനപത്രികയിൽ

പറഞ്ഞ കാര്യങ്ങൾ അക്കമിട്ട് നിരത്തി, എന്ത് ചെയ്തു; ഇനിയെന്ത് ചെയ്യാൻ അവശേഷിക്കുന്നു; അത് എപ്പോൾ ചെയ്യും; എങ്ങനെ ചെയ്യും എന്ന പ്രോഗ്രസ് റിപ്പോർട്ട് ഇറക്കിയിട്ടുണ്ടോ? ഇവിടെ 600 കാര്യങ്ങളിൽ 552 കാര്യങ്ങളും അക്കമിട്ട് നിരത്തി പറഞ്ഞു. ഈ പ്രോഗ്രസ്സ് റിപ്പോർട്ട് നാട്ടുകാരെക്കൊണ്ട് ഒപ്പിടീച്ചിട്ടേ ഇവിടെ കയറാവൂ എന്നാണ് സത്യത്തിൽ നിങ്ങളോട് ബഹുമാന്യനായ മുഖ്യമന്ത്രി പറയേണ്ടത്. അത് പറയാത്തതുകൊണ്ട് നിങ്ങൾ ഇവിടെ വന്നിരുന്ന് നാട്ടുകാരെപ്പോലും വെല്ലുവിളിക്കുകയാണ്. സത്യത്തിൽ നിങ്ങൾക്ക് എങ്ങനെയാണ് മനഃസാക്ഷിയില്ലാതെ ഇങ്ങനെ പറയാൻ തോന്നുന്നത്? ഭരണകക്ഷി എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലുള്ളതിന്റെ നാലിരട്ടി തുക കിഫ്ബിയിലൂടെ പ്രയോജനപ്പെടുത്തി അതിന്റെ നേട്ടം വലിയ ഫ്ലക്സ് ബോർഡുവച്ച് നാട്ടുകാരെ അറിയിച്ചു. എന്നിട്ട് ഒന്നും നടന്നില്ലെന്ന് ഇവിടെ പറയുകയാണ്. ഇതൊന്നും ശരിയല്ല. ഈ ഗവൺമെന്റ് ഓരോ കാര്യവും കൃത്യതയോടുകൂടിയാണ് ചെയ്യുന്നത്. അക്കൗണ്ടബിലിറ്റിയാണ് പ്രധാനപ്പെട്ട പ്രശ്നം. ചോദിച്ചാൽ എല്ലാ കാര്യങ്ങൾക്കും മറുപടിയുണ്ട്. മന്ത്രിമാർ ഓരോരുത്തരോടും അവരുടെ വകുപ്പ് എന്തൊക്കെ പ്രഖ്യാപനങ്ങളാണ് നടത്തിയത്, എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്; ഇനിയെന്ത് നടപ്പാക്കാനുണ്ട്; അത് എപ്പോൾ നടക്കും എന്നീ കാര്യങ്ങൾ ചോദിച്ചാൽ അവയ്ക്കെല്ലാം മറുപടിയുണ്ട്. ഇത്രയും അക്കൗണ്ടബിലിറ്റിയുള്ള ഒരു സർക്കാർ ഉണ്ടാവുകയെന്ന് പറയുന്നത് എത്ര നല്ല കാര്യമാണ്. അതിനെ അംഗീകരിക്കണ്ടേ? അതിനുപകരം ഇവിടെ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനം എന്താണ്? യഥാർത്ഥത്തിൽ നാടിനെയും ജനങ്ങളെയും വിഡ്ഢികളാക്കുന്ന പ്രവർത്തനമാണ് നിങ്ങൾ നടത്തുന്നത്. ഞാൻ ഓരോ വകുപ്പും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. 62 വർഷക്കാലത്തെ കേരള സംസ്ഥാന ചരിത്രത്തിൽ ഇന്നോളമില്ലാത്ത വിധത്തിൽ, ബഡ്ജറ്റിന് പുറത്ത് 48,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യവികസനം ഈ കാലയളവിനുള്ളിൽ സംസ്ഥാനത്ത് നടപ്പാക്കിയത് നിഷേധിക്കാൻ കഴിയുമോ? ഓരോ ഘട്ടത്തിലും കിഫ്ബിയെക്കുറിച്ച് നിങ്ങൾ പ്രകടിപ്പിച്ച വികാരങ്ങളെല്ലാം വെറും മനോവിഭ്രാന്തികൊണ്ട് നിങ്ങൾ പറഞ്ഞതായിരുന്നുവെന്ന് ഇപ്പോൾ വളരെ വ്യക്തമായില്ലേ? ഇതെല്ലാം നടന്ന കാര്യങ്ങളല്ലേ; ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയല്ലേ; അതിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടോ? ഇപ്പോൾ ആരോഗ്യ വകുപ്പ് ദേശീയ തലത്തിൽ പുരസ്കാരം നേടിയിരിക്കുകയാണ്. നിപ വന്നപ്പോഴുള്ള ഭീതി കൊറോണ വൈറസ് വന്നപ്പോൾ ഇല്ലാത്തതെന്താണ്; കാരണം ആരോഗ്യ വകുപ്പ് അതിന്റെ അവസാന സാധ്യതയും ഉപയോഗിച്ച് ഈ രോഗത്തെ ചെറുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന്

ജനങ്ങൾക്കറിയാം. പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടത്തും. നിപ വന്നപ്പോൾ എന്തുസംഭവിക്കുമെന്ന അങ്കലാപ്പിലായിരുന്നു ജനങ്ങൾ. കോഴിക്കോട് വഴി ട്രെയിൻ കടന്നുപോകുമ്പോൾ മുഴുവൻ ഷട്ടറും താഴ്ത്തിയിട്ട് ജനങ്ങൾ യാത്ര ചെയ്തത് എനിക്കോർമ്മയുണ്ട്. ശ്രീ. പാറക്കൽ അബ്ദുല്ല മാസ്കും ധരിച്ചല്ലേ ഇവിടെ വന്നത്; ഫാൻസി ഡ്രസ് നടത്തിയില്ലേ? ഇപ്പോൾ അതിനേക്കാൾ മാരകമായ കൊറോണ വൈറസ് വന്നപ്പോൾ ആളുകൾക്ക് ആശങ്കയില്ലാത്തതെന്തുകൊണ്ടാണ്? ആരോഗ്യ വകുപ്പിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നതുകൊണ്ടാണ് അവർക്ക് ആശങ്കകളില്ലാത്തത്. അത് മനസ്സിലാക്കാൻ വിവേകമുണ്ടാകണം. ഞാൻ ഓരോ വകുപ്പിനെക്കുറിച്ചും പറയുന്നില്ല. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ലോകത്തിനുതന്നെ മാതൃകയാകുകയാണ്. അക്കാര്യം നിങ്ങളും സമ്മതിക്കുന്നതല്ലേ? ഓരോ വകുപ്പിനെക്കുറിച്ചും നിങ്ങൾക്കുള്ള അഭിപ്രായവും അംഗീകാരവും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. പക്ഷേ ഈ നാടും ജനങ്ങളും ഈ സർക്കാരിനെ അംഗീകരിക്കുന്നുവെന്ന കാര്യം നിങ്ങൾ മനസ്സിലാക്കണം. പൗരത്വ ഭേദഗതി നിയമം വന്നതോടുകൂടി കേരള സംസ്ഥാനത്തെ മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ പുരോഗമനവാദികളായ മുഴുവൻ ജനങ്ങളും ന്യൂനപക്ഷ മതവിഭാഗങ്ങളോടൊപ്പം അണിചേർന്ന് സംസ്ഥാനത്ത് ഒറ്റക്കെട്ടായി മുന്നോട്ടുവരികയാണ്. അതിന്റെ തുടക്കം കുറിക്കാൻ നിങ്ങളുമുണ്ടായി എന്നതിൽ എനിക്ക് അഭിമാനമുണ്ട്. 16-ാം തീയതി നടന്ന ഉപവാസത്തിൽ നിങ്ങളുണ്ടായിരുന്നല്ലോ; സന്തോഷം. ഡിസംബർ 31-ാം തീയതി ഈ സഭയിൽ നടത്തിയ ചർച്ച വളരെ സന്തോഷത്തോടെയാണ് നമ്മൾ കേട്ടത്. ഓരോരുത്തർ സംസാരിക്കുമ്പോഴും നല്ല അഭിപ്രായപ്രകടനമാണെന്ന് നമുക്ക് തോന്നി. പക്ഷേ പുറത്തിറങ്ങിയപ്പോൾ അതെല്ലാം മാറി. ആ മാറ്റത്തിന് എന്താണ് കാരണം? വേറെയൊന്നുമല്ല, ഒരു ചെറിയ പേടി. മതന്യൂനപക്ഷ ജനവിഭാഗങ്ങൾ അവരുടെ വിശ്വാസവും പ്രതീക്ഷയും ഈ സർക്കാരിൽ അർപ്പിക്കുന്നുവെന്നുള്ള ഭയപ്പാട്. ആ ഭയപ്പാട് കൊണ്ടുമാത്രമാണ് പ്രതിപക്ഷാംഗങ്ങൾക്ക് ഈ മാറ്റമുണ്ടായത്. ആ മാറ്റത്തിന് ഏറ്റവുമധികം മുന്നിൽ നിൽക്കുന്നത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗാണ്. ഇന്നു രാവിലെയും ഇവിടെ ചില പ്രകടനങ്ങൾ കണ്ടല്ലോ; ഇന്നലത്തെ ഒരു പ്രസംഗം നമ്മൾ കേട്ടല്ലോ; ഇസ്ലാം മത വിശ്വാസികളാരും വിഗ്രഹാരാധകരാണെന്ന് ഞാൻ വിചാരിക്കുന്നില്ല. അല്ലെന്നുള്ള ഉത്തമ വിശ്വാസം എനിക്കുണ്ട്. മാത്രമല്ല, ഏതെങ്കിലും ഉദ്ഘാടനത്തിനുപോയാലും നിലവിളക്ക് കാണുമ്പോൾ ഇവർ പുറകോട്ട് പോകും. കേരളത്തിൽ ജീവിക്കുന്ന ആളുകൾക്ക് നിലവിളക്ക് കൊളുത്തിയാൽ എന്താണ് പ്രശ്നം? അതുപോലും ചെയ്യാൻ മടിക്കുന്ന

ആളുകൾ ഗണേശോത്സവത്തിന്റെ ഭാഗമായി നടക്കുന്ന ഉദ്ഘാടനത്തിന് പഞ്ചപുച്ഛമടക്കി നിൽക്കുകയാണ്. നാണമുണ്ടോ? ഇവിടെയിരിക്കുന്ന പ്രതിപക്ഷ ഉപനേതാവിന്റെ വർത്തമാനം കേട്ടാൽ പൂവൻപഴം ബ്ലേഡ് വച്ച് മുറിക്കുന്നതുപോലെ തോന്നും. പക്ഷെ പഞ്ചപുച്ഛമടക്കി അവിടെ പോയി നിൽക്കും. അപ്പുറത്തിരിക്കുന്ന ശ്രീ. എൻ. ഷംസുദ്ദീൻ നല്ല വാചാലമായി സംസാരിക്കും. ബി.ജെ.പി.ക്ക് എതിരെ നിലപാട് സ്വീകരിക്കാൻ ഞങ്ങൾക്ക് പരിമിതിയുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ഞങ്ങൾക്ക് മനസ്സിലാകും. ആ പരിമിതിയാണ് നിങ്ങളെ ഈ രാജ്യത്ത് ഒറ്റപ്പെടുത്തുന്നതെന്ന് ഓർക്കണം. ഗുജറാത്ത് കലാപത്തിൽ ശ്രീ. നരേന്ദ്ര മോദി ഉത്തരവാദിയല്ലെന്നാണ് എന്റെ നാട്ടുകാരനും മുസ്ലീം ലീഗ് എം.എൽ.എ.-യുമായ ശ്രീ. കെ. എം. ഷാജി പറഞ്ഞത്. അവിടത്തെ മുസ്ലീങ്ങളാണോ അതിന് ഉത്തരവാദികൾ? എന്തിനാണ് ഇതൊക്കെ പറയുന്നത്; ആർക്കുവേണ്ടിയാണ് ഇതൊക്കെ പറയുന്നത്? മാതൃഭൂമി ന്യൂസിൽ ശ്രീ. വേണു അക്കമിട്ട് നിരത്തി നിങ്ങളോട് ചോദിച്ചപ്പോൾ നിങ്ങളിൽ ഒരൊറ്റയാൾക്ക് മറുപടിയുണ്ടോ? നിങ്ങളുടെ സാദിഖലി തങ്ങളും ഹൈദരലി തങ്ങളുമൊക്കെ പോയി ബാബ രാംദേവിനെ ******* വി. വി. രമേശിനെയും ******* എന്തൊരു ഘോഷം. നിങ്ങൾ കാശ് പിരിച്ച് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊണ്ടുപോയി കൊടുത്തില്ലേ; എന്തിനാണ് ഇതൊക്കെ കൊടുത്തത്? ...........(ബഹളം).......... ലീഗുകാർക്ക് ചൊടിക്കും. ചൊടിച്ചിട്ട് കാര്യമില്ല. .മുത്തലാഖ് ബിൽ, കാശ്മീർ പ്രശ്നം, ഇന്ത്യൻ യൂണിയൻ വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് എന്നിവ ആലോചിക്കണം. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എവിടെ പോയി; എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്ന് നിങ്ങൾ ആലോചിക്കണം. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ അടിത്തറ ഇളകിക്കൊണ്ടിരിക്കുകയാണ്. നിങ്ങളെ ന്യൂനപക്ഷം കൈവിട്ടുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്...കൺക്ലൂഡ്...............അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. ജെയിംസ് മാത്യു: സർ, യഥാർത്ഥത്തിൽ ഒരു വൈറസ് പോലെയാണ് മതവികാരപ്രകടനം കേരളത്തിനകത്ത് ഇവർ കാണിക്കുന്നത്. ഒരു ഭാഗത്ത് എസ്.ഡി.പി.ഐ. മറുഭാഗത്ത് ജമാഅത്തെ ഇസ്‌ലാമി, അതിന്റെ നടുക്കായിരുന്നില്ലേ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കെ. പി. എ. മജീദും, രണ്ടാളും ചേർന്നല്ലേ *******. കേരളത്തിലെ മതന്യൂനപക്ഷ ജനവിഭാഗങ്ങൾ ഇവരെ തള്ളിപ്പറഞ്ഞു. ....(ബഹളം)....

ശ്രീ. പി. കെ. ബഷീർ: സർ, പോയിന്റ് ഓഫ് ഓർഡർ.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

മി. സ്പീക്കർ:. ...... പ്ലീസ് കൺക്ലൂഡ്............... അങ്ങയുടെ സമയം കഴിഞ്ഞു, അവസാനിപ്പിച്ചോളൂ.

ശ്രീ. ജെയിംസ് മാത്യു: സർ, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗും അവരുടെ നേതൃത്വവും കാണിക്കുന്ന ഈ വിടുപണി, ഭയത്തിനുവിധേയമാകുന്ന ഇവരുടെ അടിമ മനോഭാവത്തിന് മുന്നിൽ, ഡൽഹിയിൽ അഡ്വക്കേറ്റ് സൂര്യ എന്ന പെൺകുട്ടി കാണിച്ച ധീരമായ നടപടിയുണ്ട്, ശ്രീ. അമിത് ഷായെ മുഖത്തുനോക്കി വെല്ലുവിളിച്ച്, മടങ്ങിപ്പോകൂ നിങ്ങൾ എന്ന് പറഞ്ഞ കേരളീയയായ പെൺകുട്ടിയെ നിങ്ങൾ കാണണം. കലൂർ പാവക്കുളം അമ്പലമുറ്റത്ത് വർഗ്ഗീയത പ്രസംഗിച്ച ആളുകളോട് വെല്ലുവിളിച്ച പെൺകുട്ടിയെ, നിങ്ങൾ മാതൃകയാക്കണം. ഞാനൊരു കാര്യം ഉറപ്പിച്ചു പറയുകയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് ഈ നിലപാട് തുടർന്നാൽ നിങ്ങൾ ഈ സംസ്ഥാനത്തിന്റെ *********  നിങ്ങളെ ഈ നാടും ജനങ്ങളും പ്രഖ്യാപിക്കും. ഒരു സംശയവും വേണ്ട. ആ കാലം അതിക്രമിച്ചിരിക്കുന്നു. അത് നിങ്ങൾ കാത്തിരിക്കുക എന്നുമാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ പിന്തുണയ്ക്കുകയാണ്............(ബഹളം)..........

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, I am on a point of order. ഇന്ത്യയിൽ അംഗീകരിക്കപ്പെട്ട ഒരു രജിസ്റ്റേർഡ് പാർട്ടിയെപ്പറ്റി അതൊരു ********. ആ പാർട്ടിയെപ്പറ്റി വളരെ അൺപാർലമെന്ററിയായ വാക്കുകൾ ഉപയോഗിച്ചിരിക്കുകയാണ്. അത് അങ്ങ് പരിശോധിച്ച് സഭാനടപടികളിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്റെ ബഹുമാന്യനായ പാർട്ടിനേതാവ് ശ്രീ. ഹൈദരലി ശിഹാബ് തങ്ങളെപ്പറ്റിയും സാദിഖലി ശിഹാബ് തങ്ങളെപ്പറ്റിയും മുസ്ലീം ലീഗിലെ സമുന്നതരായ നേതാക്കന്മാരെപ്പറ്റിയും വളരെ അടിസ്ഥാനരഹിതമായി, മോശമായി ബാബാ രാംദേവിനെ ******* പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടി നേതാക്കൾ പോയി ശ്രീ. അമിത് ഷായ്ക്ക് പൂച്ചെണ്ട് കൊടുത്തതിന് ഞങ്ങളുടെ മെയ്ക്കിട്ട് കയറിയിട്ട് എന്താണ് കാര്യം? ഇതെല്ലാം രേഖയിൽ നിന്നും നീക്കം ചെയ്യണം............(ബഹളം)..........

മി. സ്പീക്കർ: അൺപാർലമെന്ററിയായോ വസ്തുതകൾക്ക് നിരക്കാത്തതോ ആയ എന്തെങ്കിലുമുണ്ടെങ്കിൽ അത് രേഖയിലുണ്ടാകില്ല.

ശ്രീ. വി. ടി. ബൽറാം: സർ, പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. ഗവർണ്ണർക്ക് നന്ദി പറയുന്നത് എന്തിനാണ്; ഇതുപോലെ നാണംകെട്ട ഒരേർപ്പാട്

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

വേറെയുണ്ടോ; ഈ ഗവർണ്ണർക്ക് നന്ദി പറയുക എന്നുള്ള ഗതികേടിൽ ഭരണപക്ഷ അംഗങ്ങൾ എത്തിയെന്നുള്ളത് വളരെ കഷ്ടമായി തോന്നുകയാണ്. പാർലമെന്ററി കീഴ്വഴക്കങ്ങൾ നമുക്കറിയാം. ക്യാബിനറ്റ് അംഗീകരിച്ച് ഒരു പ്രസംഗം തയ്യാറാക്കി അയച്ചുകൊടുത്താൽ രണ്ടുരീതിയിൽ മാത്രമേ ഗവർണ്ണർക്ക് അതിനോട് പ്രതികരിക്കാൻ സാധിക്കുകയുള്ളൂ. ഒന്നുകിൽ അതിൽ പറയുന്ന മുഴുവൻ കാര്യങ്ങളും വായിക്കുക, അല്ലെങ്കിൽ സമയക്കുറവുകൊണ്ടോ മറ്റ് കാരണങ്ങൾകൊണ്ടോ ചില ഭാഗങ്ങൾ വായിക്കാതെ വിടുക. അങ്ങനെ വായിക്കാതെ വിട്ടാലും അത് പ്രസംഗത്തിന്റെ ഭാഗമാണെന്നുള്ളത് സംബന്ധിച്ച് ഇവിടെ റൂളിംഗും വന്നിട്ടുള്ളതാണ്. അതുകൊണ്ട് അദ്ദേഹം വായിക്കുന്നുവോ വായിക്കുന്നില്ലയോ എന്നുള്ളത് പ്രസക്തമല്ല. ഗവൺമെന്റ് അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗമാണ്. പക്ഷേ, കേരളത്തിലെ ഗവർണ്ണർ ഇത്തവണ എന്താണ് ചെയ്തത്; ഗവൺമെന്റ് പറഞ്ഞതിൽ കൂടുതലായി ചില കാര്യങ്ങൾ പ്രസംഗത്തിൽ ചേർക്കുകയാണ്. കേരളത്തിൽ ഇന്നുവരെ അത്തരത്തിലൊരു കീഴ്വഴക്കമുണ്ടായിട്ടില്ല. അതിനാണ് ഇവർ കയ്യടിക്കുകയും നന്ദി പറയുകയും ചെയ്യുന്നത്. ഗവർണർ നിങ്ങളുടെ പ്രസംഗത്തെ തള്ളിപ്പറയുന്നു എന്നുപറഞ്ഞുകൊണ്ട് നടത്തിയ പരാമർശത്തിനാണ് നന്ദി പറയുന്നതെങ്കിൽ നിങ്ങളുടെ ഗതികേടോർത്ത് സഹതപിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. ഇങ്ങനെ സംഭവിക്കും, ഗവർണ്ണർ ഇതിനെ തള്ളിപ്പറയാൻ പോകുകയാണ് എന്നുള്ള കൃത്യമായ ഒരു ധാരണ അദ്ദേഹത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾവച്ചുകൊണ്ട് ഞങ്ങൾക്കും പൊതുസമൂഹത്തിനും ബോധ്യമുണ്ടായിരുന്നതുകൊണ്ടാണ് യു.ഡി.എഫ്. അംഗങ്ങൾ അദ്ദേഹത്തെ ബഹിഷ്കരിക്കാനും തടയാനും തീരുമാനിച്ചത്. നിങ്ങൾ ചെയ്യുന്നതുപോലെ പോഡിയത്തിലേക്ക് ചാടിക്കയറി ഗവർണറുടെ സീറ്റെടുത്ത് താഴെ ഇടുകയൊന്നുമില്ല. ഞങ്ങൾ ജനാധിപത്യപരമായി മര്യാദയുടെ രൂപത്തിൽ പ്രതിഷേധമുയർത്തും. കാരണം, അത് നാടിന്റെ പ്രതിഷേധമാണ്, ഈ സഭയുടെ വികാരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഒരു പ്രമേയം സഭ വളരെ വിശദമായി ചർച്ച ചെയ്ത് ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. ആ പ്രമേയത്തിനെതിരായിട്ടാണ് ഗവർണർ നിലപാട് സ്വീകരിച്ചത്. അതിനെതിരെ ആദ്യപ്രതികരണം സ്വാഭാവികമായി ഉണ്ടാകേണ്ടിയിരുന്നത് അത് അവതരിപ്പിച്ച ആളിൽ നിന്നല്ലേ; അദ്ദേഹം അതിനെതിരെ പ്രതികരിച്ചോ; ഗവർണർ നിരന്തരം ഈ സഭയ്ക്കെതിരായും ഈ സഭ പാസ്സാക്കിയ പ്രമേയത്തിനെതിരായും പരസ്യ പ്രകടനം നടത്തിയപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി എന്നതിനപ്പുറം ഈ സഭയുടെ നേതാവ് കൂടിയായ, ആ പ്രമേയത്തിന്റെ കർത്താവ് കൂടിയായ അദ്ദേഹം 'കമാ' എന്നൊരക്ഷരം ഉരിയാടാൻ തയ്യാറായില്ലെന്നുള്ളത് ഒരു ദുരന്തമല്ലേ; അതല്ലേ യഥാർത്ഥത്തിലുള്ള ദുരന്തം.

ഗവർണർമാരോട് മുഖ്യമന്ത്രിമാർ എങ്ങനെയാണ് പെരുമാറുന്നത് എന്നുള്ളതിനെക്കുറിച്ചുള്ള നിരവധി ഉദാഹരണങ്ങൾ നമ്മുടെ സമീപപ്രദേശങ്ങളിൽ തന്നെയുണ്ട്. പോണ്ടിച്ചേരിയിലെ ഗവർണർ കിരൺ ബേദി അവിടെ ഈ രീതിയിൽ പ്രതികരിച്ചപ്പോൾ അവിടത്തെ മുഖ്യമന്ത്രി ശ്രീ. നാരായണ സ്വാമി കറുത്ത വസ്ത്രങ്ങൾ അണിഞ്ഞുകൊണ്ട് ഗവർണറുടെ ഓഫീസിനുമുമ്പിൽ നടുറോഡിൽ കുത്തിയിരുന്നുകൊണ്ടാണ് നാടിന്റെ പ്രതിഷേധം രേഖപ്പെടുത്തിയത്. പോണ്ടിച്ചേരി ഒരു സംസ്ഥാനം പോലുമല്ല. കേന്ദ്ര ഭരണപ്രദേശമാണ്. ഗവർണ്ണറാണ് അവിടത്തെ പരമാധികാരി. മുഖ്യമന്ത്രിക്ക് പരിമിതമായിട്ടുള്ള അധികാരങ്ങൾ മാത്രമേയുള്ളൂ. എന്നിട്ടുപോലും ആർജ്ജവത്തോടുകൂടിയുള്ള നിലപാട് സ്വീകരിക്കാൻ അവിടത്തെ മുഖ്യമന്ത്രിക്ക് കഴിഞ്ഞുവെന്നുള്ളത് അദ്ദേഹത്തിന്റെ ഇരട്ടച്ചങ്കിനെയാണ് കാണിക്കുന്നത്. അതുപോലെയുള്ള ഒരു നിലപാട് ഇവിടെ ഉണ്ടാകണമായിരുന്നു. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി ഇന്നും ഇന്നലെയുമായി പറഞ്ഞുകൊണ്ടിരിക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. എൻ.ഐ.എ.-യുടെ വിഷയം ഇന്ന് ഇവിടെ ചർച്ച ചെയ്തു. ആ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6 തവണയാണ് ശ്രീ. പി. ചിദംബരത്തിന്റെ പേര് പറയുന്നത്. ശ്രീ. പി. ചിദംബരത്തിന്റെ പേര് 6 തവണ പറയാം. ശ്രീ. അമിത് ഷായുടെ പേര് ഒരു തവണ പറയാൻ ഈ മുഖ്യമന്ത്രിക്ക് കഴിയുന്നുണ്ടോ? 10 കൊല്ലം മുമ്പ് ഏതോ കൊല്ലൻ ഒരു കത്തി ഉണ്ടാക്കി, ആ കത്തി കൊണ്ടാണ് ഞാൻ കുത്തിയത്, അതുകൊണ്ട് പ്രതിയാക്കേണ്ടത് 10 കൊല്ലം മുമ്പ് കത്തി ഉണ്ടാക്കിയ കൊല്ലനെയാണ് എന്നുപറയുന്ന ഒരു വാദഗതിയല്ലേ ഇവിടെ ഉയർത്തപ്പെടുന്നത്; എന്താണ് ആ കുട്ടികളുടെ പേരിലുള്ള ഒഫൻസ്; അതല്ലേ ചോദ്യമായി ഞങ്ങൾ ഉന്നയിച്ചത്; ആ ചോദ്യത്തിന് മറുപടി പറയാൻ തയ്യാറാണോ; രാജ്യത്തിന്റെ സുരക്ഷയ്ക്കുവേണ്ടിയും തീവ്രവാദപ്രവർത്തനങ്ങളെ അമർച്ച ചെയ്യുന്നതിനുവേണ്ടിയും നിയമങ്ങളൊക്കെയുണ്ടാകും. ആ നിയമങ്ങളുടെ ജുഡീഷ്യസായിട്ടുള്ള ഇടപെടലാണോ, അതിന്റെ സയുക്തികമായിട്ടുള്ള നടപ്പാക്കലാണോ പ്രാവർത്തികമാക്കപ്പെടുന്നത് എന്നതല്ലേ ചോദ്യം; കുട്ടികൾക്ക് 14 വയസ്സുള്ളപ്പോൾ മുതൽ പോലീസ് നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ് എന്നുപറയുമ്പോൾ എന്ത് ഒഫൻസാണ് അവർ നടത്തിയത്? ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് കൊലപാതകം നടത്തിയതിന്റെ പേരിലാണ് അവർക്കെതിരെ യു.എ.പി.എ. ചുമത്തിയത് എന്നുപറഞ്ഞു. ഇന്ന് ഇവിടെ ഈ കുട്ടികൾക്കെതിരെയുള്ള എന്തെങ്കിലും തരത്തിലുള്ള ഒഫൻസ് ചൂണ്ടിക്കാണിക്കാൻ സാധിക്കുമോ; ഇല്ല എന്നുള്ളതാണ് കാണാൻ സാധിക്കുന്നത്. ഇതൊന്നും മുഖ്യമന്ത്രി അറിയുന്നില്ല. ആഭ്യന്തര വകുപ്പുമന്ത്രി അറിയുന്നില്ല. ആർക്കെതിരെ

യു.എ.പി.എ. ചുമത്തണം, ആർക്കെതിരെ എൻ.ഐ.എ.-യ്ക്ക് കേസ് കൊടുക്കണം എന്നുള്ളതൊന്നും ആഭ്യന്തര വകുപ്പുമന്ത്രി അറിയുന്നില്ലെന്നാണ് അദ്ദേഹംതന്നെ പറയുന്നത്. സ്വന്തം വകുപ്പിനെക്കുറിച്ച് അറിയില്ലെന്ന് അദ്ദേഹം തന്നെ തുറന്നുപറഞ്ഞാൽ പിന്നെന്തിനാണ് നമ്മൾ നിയമസഭയിൽ ചർച്ച ചെയ്യുന്നത്; ഇന്നലെയും അദ്ദേഹം അങ്ങനെയാണ് പറഞ്ഞത്. ശ്രീ. ടി. പി. സെൻകുമാർ കേസ് കൊടുത്ത് പോലീസിനെ സ്വാധീനിച്ച് പ്രതികളെ തീരുമാനിച്ചത് ഞാൻ അറിഞ്ഞില്ല. ശ്രീ. ടി. പി. സെൻകുമാർ ദീർഘവീക്ഷണമുള്ള ആളാണെന്നല്ലേ അവകാശപ്പെട്ടിരുന്നത്. ശ്രീ. ടി. പി. സെൻകുമാറിന് പോലീസിൽ ഇപ്പോഴും സ്വാധീനം അവശേഷിക്കുന്നുണ്ട്. ഇങ്ങനെ കേസ്സിൽ അദ്ദേഹം ഇടപെടുമെന്നുള്ള കാര്യത്തിൽ ദീർഘവീക്ഷണം പോയിട്ട് സാധാരണരീതിയിലുള്ള വീക്ഷണംപോലും അദ്ദേഹത്തിന് എന്തുകൊണ്ട് ഉണ്ടാകുന്നില്ലെന്നത് സംശയമായി തോന്നുകയാണ്. ഇവിടെ അപകടകരമായിട്ടുള്ള ഒരു വാദഗതിയാണ് മുഖ്യമന്ത്രി ഇന്നലെയും ഇന്നുമായി ഉയർത്തുന്നത്. സമരം ചെയ്യുന്ന മുഴുവൻ ആളുകളെയും എസ്.ഡി.പി.ഐ. ആയി ചിത്രീകരിക്കുകയാണ്. സംഘ്പരിവാർ വാദങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ഒരു ആർഗ്യുമെന്റാണ്. ഒരു straw man ആർഗ്യുമെന്റാണ്. ഒരു വയ്ക്കോൽ കോലത്തെ ഉണ്ടാക്കി മുഴുവൻ ഊർജ്ജവും അതിലേയ്ക്ക് ചെലുത്തി പുതിയ സാങ്കൽപ്പിക ശത്രുവിനെ ഇവിടെ ഉണ്ടാക്കിയെടുക്കുകയാണ്. എസ്.ഡി.പി.ഐ.-യെ അതിശക്തമായി എതിർക്കുന്ന ആളുകളാണ് ഞങ്ങൾ. നിങ്ങളുടെ പ്രിയപ്പെട്ട രക്തസാക്ഷി അഭിമന്യുവിന്റെ കൊലപാതകികളെ പിടിക്കാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കാൻ ഇന്ന് ഞങ്ങൾ മാത്രമേ ബാക്കിയുള്ളൂ. നിങ്ങൾക്ക് ആ ചോദ്യം ഉന്നയിക്കാൻ കഴിയുന്നില്ല. നൗഷാദിന്റെ പ്രതികളെ എന്തുകൊണ്ട് നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നില്ലെന്ന് ചോദിക്കാൻ ഇന്ന് ഞങ്ങൾ മാത്രമേ ബാക്കിയുള്ളൂ. എസ്.ഡി.പി.ഐ.-യുമായി സഹകരിക്കുന്നത് നിങ്ങളല്ലേ? മലപ്പുറം ജില്ലയിൽ ആകെ 2512 പഞ്ചായത്ത് സീറ്റുകളാണുള്ളത്.

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്...

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അങ്ങയുടെ ജില്ലയെക്കുറിച്ചാണ് ഞാൻ പറയുന്നത്. 223 ബ്ലോക്ക് പഞ്ചായത്തുകൾ, 32 ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ, 479 മുനിസിപ്പാലിറ്റികൾ - ആകെ 2512 സീറ്റുകൾ. ഈ 2512 സീറ്റുകളിൽ വെറും 5 സീറ്റുകൾ മാത്രമാണ് എസ്.ഡി.പി.ഐ.-യുടെ കയ്യിലുള്ളത്. അതിൽ രണ്ട് സീറ്റ് നിങ്ങളും എസ്.ഡി.പി.ഐ.-യും ചേർന്ന് ഭരിക്കുന്ന പറപ്പൂർ പഞ്ചായത്തിലാണ്. ഈ 5 സീറ്റുകളിൽ എങ്ങനെയാണ് ജയിച്ചതെന്ന് ഞാൻ പറയാം. പറപ്പൂർ പഞ്ചായത്തിലെ 14-ാം വാർഡിൽ ആകെ രണ്ട് സ്ഥാനാർത്ഥികൾ

മാത്രമേയുണ്ടായിരുന്നുള്ളൂ. എസ്.ഡി.പി.ഐ.-യ്ക്ക് 496 വോട്ട് ലഭിച്ചു. മുസ്ലീം ലീഗിന്റെ സ്ഥാനാർത്ഥി മത്സരിച്ചപ്പോൾ 468 വോട്ട് ലഭിച്ചു. ഞങ്ങൾ രണ്ടാം സ്ഥാനത്തായി. സി.പി.ഐ.(എം.)-നും എൽ.ഡി.എഫ്.-നും ആ വാർഡിൽ സ്ഥാനാർത്ഥി ഇല്ല. അതേ പഞ്ചായത്തിലെ 13-ാം വാർഡിൽ എസ്.ഡി.പി.ഐ.-യ്ക്ക് 591 വോട്ട്, മുസ്ലീം ലീഗിന് 344 വോട്ട്. അവിടെ സി.പി.ഐ.(എം.)-നും എൽ.ഡി.എഫ്.-നും സ്ഥാനാർത്ഥി ഇല്ല. ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡിൽ 4 സ്ഥാനാർത്ഥികൾ. എസ്.ഡി.പി.ഐ.-യ്ക്ക് 498 വോട്ട്, മുസ്ലീം ലീഗിന് 388 വോട്ട്, സി.പി.ഐ.(എം.)-ന്, അങ്ങയുടെ പാർട്ടിക്ക് വെറും 25 വോട്ട്. അങ്ങനെയാണ് എസ്.ഡി.പി.ഐ.-യെ നിങ്ങൾ ജയിപ്പിച്ചത്.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്....സമയം കഴിഞ്ഞു.

ശ്രീ. വി. ടി. ബൽറാം: സർ, മങ്കട ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിൽ എസ്.ഡി.പി.ഐ.-യ്ക്ക് 394 വോട്ട്, മുസ്ലീം ലീഗിന് 308 വോട്ട് സി.പി.ഐ.(എം.)-ന് വെറും 23 വോട്ട്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ 8-ാം വാർഡിൽ എസ്.ഡി.പി.ഐ.-യ്ക്ക് 303 വോട്ട്, മുസ്ലീം ലീഗിന് 248 വോട്ട്, എൽ.ഡി.എഫ്.-ന് അവിടെ സ്ഥാനാർത്ഥി ഇല്ല. ഇങ്ങനെയാണ് നിങ്ങൾ എസ്.ഡി.പി.ഐ.-യെ വിജയിപ്പിച്ചത്. അങ്ങനെയാണ് നിങ്ങൾ എസ്.ഡി.പി.ഐ.-യുമായി കൂട്ടുകൂടുന്നത്. അതുകൊണ്ട് സമരം ചെയ്യുന്ന ആളുകളുടെ ജാതിയും മതവും നോക്കി അവരെ മുഴുവൻ എസ്.ഡി.പി.ഐ.-ക്കാരാണെന്ന് മുദ്രകുത്തി സമരത്തെ അവഹേളിക്കരുത്, അടിച്ചമർത്തരുത്. ഇതുതന്നെയാണ് ആർ.എസ്.എസ്. പറയുന്ന വാദം. ആർ.എസ്.എസ്.-ന്റെ വാദത്തിന്റെ അതേ ആവർത്തനമാണ് ദൗർഭാഗ്യവശാൽ കേരളത്തിലെ മുഖ്യമന്ത്രിയിൽ നിന്നുണ്ടാകുന്നത്. ഇതുപോലെയുള്ള വിഷയങ്ങളുണ്ടാകുമ്പോൾ ശ്രീ. നരേന്ദ്ര മോദിയാകട്ടെ, ഡൊണാൾഡ് ട്രംപാകട്ടെ ഇതേ വാദഗതികളാണ് ആവർത്തിക്കുന്നതെന്നുള്ളത് കാണാതിരിക്കാൻ സാധിക്കില്ല. .....(മൈക്ക് ഓഫ്)....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...സമയം കഴിഞ്ഞു. ശ്രീ. വി. ടി. ബൽറാം വാശിപിടിക്കരുത്. അങ്ങ് രണ്ടുമിനിട്ട് അധികം എടുത്തല്ലോ; ഇരിക്കൂ...ഇരിക്കൂ...അത് ശീലമാക്കേണ്ട. പ്ലീസ്....പ്ലീസ്.......ശ്രീ. ആർ. രാമചന്ദ്രൻ അങ്ങ് സംസാരിക്കൂ.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിന്മേൽ ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഗവർണ്ണറെയല്ല, മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപന പ്രസംഗത്തെയാണ് പിന്താങ്ങുന്നത്. അതുപോലും

മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിയുന്നില്ലെന്നത് കഷ്ടമാണ്. ഇവർ ഏത് ലോകത്താണ് ജീവിക്കുന്നതെന്നാണ് മനസ്സിലാകാത്തത്. ഇവിടെ ഗവർണ്ണറെ തടഞ്ഞുവെന്ന് ഖ്യാതി പറയുന്നുണ്ട്. നഷ്ടപ്പെട്ടുപോയ മുഖം രക്ഷിക്കാൻ വേണ്ടിയുള്ള വിഫലശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പൗരത്വ ഭേദഗതി നിയമം നടപ്പാക്കുന്നതിനെതിരായി കേരളം ഒറ്റക്കെട്ടായി ശബ്ദം ഉയർത്തിയതാണ്. 16-ാം തീയതിയിലെ ധർണ്ണയിൽ അതാണ് കണ്ടത്. 31-ാം തീയതിയിലെ പ്രമേയം പാസ്സാക്കിയതിൽ അതാണ് പ്രകടമായത്. എന്നാൽ അതിനുശേഷമുണ്ടായത് എന്താണ്; കേരള ഗവൺമെന്റിനോട് സഹകരിച്ച് വിഷയമേത് എന്നത് വിസ്മരിച്ചുകൊണ്ട് വെറും രാഷ്ട്രീയ താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ നിലപാട് സ്വീകരിച്ചവർക്ക് നഷ്ടപ്പെട്ടുപോയ മുഖം വീണ്ടെടുക്കാനുള്ള ഒരു അഭ്യാസമായിരുന്നു അന്ന് നടത്തിയതെന്നുള്ളത് കേരളവും ഇന്ത്യയും കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ ഈ പ്രഹസനം നടത്തിയതുകൊണ്ടൊന്നും അതിൽനിന്നും രക്ഷപ്പെടാൻ കഴിയില്ല. കേരളം ഒറ്റക്കെട്ടായി നിൽക്കണമെന്ന് ഇന്നലെ ലീഗിന്റെ പ്രതിനിധി ഇവിടെ പറഞ്ഞു. ആരാണ് ഒറ്റക്കെട്ടായി നിൽക്കുന്നതിനെതിര്; എതിര് നിൽക്കുന്നവരോട് തിരുത്താൻ പറയണം. അതാണ് ആവശ്യം. കേരളത്തിന്റെ സംസ്കാരവും പൈതൃകവും അതാണ് വിളിച്ചറിയിക്കുന്നതെന്ന് ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ)

ഇവിടെ തീവ്രവാദ സംഘടനകളെ സംബന്ധിച്ച് പരാമർശങ്ങളുണ്ടാകുന്നു. ഏത് തരത്തിലുള്ള തീവ്രവാദമായാലും, അത് ന്യൂനപക്ഷ വിഭാഗങ്ങളുടേതായാലും ഭൂരിപക്ഷത്തിന്റേതായാലും ഒരുപോലെ എതിർക്കപ്പെടേണ്ടതാണെന്ന ശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിക്കാറുള്ളത്. താൽക്കാലിക ലാഭത്തിനുവേണ്ടി അവരെ പ്രീണിപ്പിക്കാനും പിന്തുണ നേടാനും ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നതാണ് നിങ്ങളുടെ നിലപാട്. ഇപ്പോഴും അത്തരമൊരു പരിശ്രമത്തിന് തുടക്കംകുറിക്കുന്ന ലക്ഷണങ്ങളാണ് സഭയിൽ പ്രകടമാക്കിക്കൊണ്ടിരിക്കുന്നത്. ഇത് നാടിന് ആപത്ത് ക്ഷണിച്ചുവരുത്തുന്നതാണ്. നയപ്രഖ്യാപന പ്രസംഗത്തിലെ പ്രസക്തഭാഗങ്ങളെ സംബന്ധിച്ച് ഒരക്ഷരം ഉരിയാടുന്നില്ല. അതിനെ സംബന്ധിച്ച് മിണ്ടാൻ എന്തുകൊണ്ട് നിങ്ങൾക്ക് കഴിയുന്നില്ല? കേരള ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാകാത്ത വിധത്തിലുള്ള പുരോഗതി സംസ്ഥാനം ആർജിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിബന്ധങ്ങളുടെ ഇടയിലാണ് ഈ നേട്ടങ്ങൾ കൊയ്തുകൂട്ടുന്നത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ ശ്വാസംമുട്ടിക്കാൻ എല്ലാ രൂപത്തിലും ശ്രമിക്കുന്നത് നിങ്ങളും കാണുകയാണ്. അതിനെ സംബന്ധിച്ച് ഉരിയാടാൻ

നിങ്ങളുടെ നാവ് അനങ്ങുന്നില്ല. കേരളത്തിന്റെ പൊതുതാൽപര്യങ്ങൾ എൽ.ഡി.എഫ്.-ന്റെ മാത്രം കാര്യമല്ല, എൽ.ഡി.എഫ്.-നും യു.ഡി.എഫ്.-നും സമസ്തമനുഷ്യർക്കും ആവശ്യമായ കാര്യങ്ങളാണ്. ആ കാര്യങ്ങൾ ധ്വംസിക്കുന്ന തരത്തിലുള്ള നിലപാടുകൾ കേന്ദ്രം സ്വീകരിക്കുകയാണ്. അതിനെതിരായി കേരളം ഒറ്റക്കെട്ടായി ശബ്ദമുയർത്തേണ്ട സന്ദർഭത്തിൽ, കേവലം രാഷ്ട്രീയലാഭത്തിനുവേണ്ടി, വരാൻ പോകുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഏതാനും സീറ്റുകൾ ലഭിക്കാൻവേണ്ടി ഇത്തരം രാഷ്ട്രീയ അഭ്യാസങ്ങൾ അവസാനിപ്പിക്കാൻ തയ്യാറാകുന്നില്ലെങ്കിൽ കേരളത്തിന്റെ ഗതി വളരെ പ്രയാസകരമാകുമെന്നുള്ളത് നാടിനെ സ്നേഹിക്കുന്ന എല്ലാവരും കാണേണ്ടതാണ്.

നയപ്രഖ്യാപന പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ അപകടത്തിൽപ്പെടുന്നവർക്ക് നാൽപ്പത്തിയെട്ട് മണിക്കൂറിനകം അൻപതിനായിരം രൂപവരെയുള്ള ചികിത്സാ ചെലവുകൾ ലഭ്യമാകുന്ന 'ഗോൾഡൻ അവർ മെഡിക്കൽ ട്രീറ്റ്മെന്റ് പദ്ധതി' ഈ നയപ്രഖ്യാപനത്തിലുണ്ട്. നെൽവയൽ ഉടമകൾക്ക് റോയൽറ്റിയായി ധനസഹായം പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ വരുമാനംകൊണ്ട് ജീവിക്കുന്ന കുടുംബങ്ങൾ അപ്രതീക്ഷിത പ്രതിസന്ധി നേരിടുമ്പോൾ അൻപതിനായിരം രൂപ വരെ സഹായം ലഭിക്കുന്ന അതിജീവക പദ്ധതി ഈ നയപ്രഖ്യാപനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പകൽസമയത്ത് വയോജനങ്ങളെ പരിപാലിക്കുന്നതിന് ഹോം നഴ്സുമാരുടെ സഹായത്തോടെ വയോഹസ്തം പരിപാടി പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെതന്നെ കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ കേന്ദ്രം സ്ഥാപിക്കുന്നു. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി മൂവായിരം ബി.പി.എൽ. കുടുംബങ്ങൾക്ക് റീ-വയറിംഗ് സിസ്റ്റം നടപ്പാക്കുന്നു. കുട്ടനാട് മാതൃകയിൽ വയനാടിനും ഇടുക്കി ജില്ലയ്ക്കും പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചു. കർഷകർക്കായി കൃഷി പാഠശാല, സ്കൂളുകളിൽ ഒരു ലക്ഷം ക്ലാസ്സ് ലൈബ്രറി, എല്ലാ താലൂക്കുകളിലും സബ് ആർ.ടി.ഒ. ഓഫീസുകൾ, ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് ജൽ ജീവൻ മിഷൻ, ഉന്നത ബിരുദ വിദ്യാർത്ഥികൾക്ക് വിദ്യാപോഷിണി സ്കോളർഷിപ്പ് തുടങ്ങിയ മഹത്തരമായ കാര്യങ്ങൾ ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണാൻ കഴിയാതെ പോകുന്നത് കഷ്ടമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിന്റെ അഭിമാനകരമായ 1350 ദിനങ്ങളാണ് ഇപ്പോൾ പിന്നിട്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ജനസമക്ഷം സമർപ്പിച്ചിരിക്കുകയാണ്. വളരെയേറെ പ്രതിസന്ധികളെ കഴിഞ്ഞ

കാലങ്ങളിൽ അതിജീവിക്കേണ്ടിവന്നുവെങ്കിലും തെരഞ്ഞെടുപ്പുകാലത്ത് നൽകിയ വാഗ്ദാനങ്ങളിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കി തുടങ്ങിയിരിക്കുന്നുവെന്ന് മാത്രമല്ല നാം പിന്തുടരുന്ന വികസന നയങ്ങൾ രാജ്യം വളരെ ശ്രദ്ധാപൂർവ്വമാണ് വീക്ഷിച്ചുകൊണ്ടിരിക്കുന്നത്. നീതി ആയോഗ് പുറത്തിറക്കിയ 2019-ലെ 'സുസ്ഥിര വികസന സൂചികയിൽ' തുടർച്ചയായ രണ്ടാം വർഷവും നാം ഒന്നാം സ്ഥാനം നിലനിർത്തിയിരിക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ദാരിദ്ര്യനിർമാർജ്ജനം, ശുദ്ധജല ലഭ്യത, തൊഴിൽ ലഭ്യത തുടങ്ങി അവർ പരിശോധിച്ച എല്ലാ മേഖലകളിലും മികച്ച സ്ഥാനമാണ് കേരളത്തിന് ലഭിച്ചത്. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും തിളക്കമാർന്ന നേട്ടങ്ങളാണ് നാം കൈവരിച്ചിട്ടുള്ളത്. ഈ നേട്ടങ്ങൾ കൈവരിക്കുന്നതിന് കരുത്തുറ്റ നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന് എന്റെ ഹൃദയാഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

ഇന്ന് നമ്മുടെ രാഷ്ട്രം സാമ്പത്തികമായ തകർച്ചയെ നേരിടുന്നതോടൊപ്പം അന്താരാഷ്ട്ര രംഗത്തും വലിയ തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്നു. വിലക്കയറ്റവും തൊഴിലില്ലായ്മയും അനുദിനം ജനജീവിതത്തെ ദുസ്സഹമാക്കുമ്പോൾ ഇന്ത്യൻ കറൻസിയുടെ മൂല്യം ഒരിക്കലുമില്ലാത്തവിധം തകർന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ സാമൂഹ്യക്ഷേമം, ലിംഗസമത്വം എന്നീ വിഷയങ്ങളിൽനിന്നും ഇന്ത്യൻ ഭരണകൂടം പിൻവാങ്ങുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അശാസ്ത്രീയമായ രീതിയിൽ നടപ്പാക്കിയ ചരക്ക് സേവന നികുതിമൂലം ഖജനാവിലേയ്ക്കെത്തുന്ന നികുതി അനുദിനം കുറയുകയാണ്. ഒപ്പംതന്നെ പ്രവാസികളുടെ വൻതോതിലുള്ള തിരിച്ചുവരവും രാജ്യത്തെ പ്രതിസന്ധിയിലാക്കുന്നു. കേന്ദ്രഗവൺമെന്റിന്റെ വികലമായ ആഭ്യന്തര വിദേശ നയങ്ങൾ രാജ്യത്തിനും സമ്പദ് വ്യവസ്ഥയ്ക്കും കനത്ത തിരിച്ചടിയാണ് നൽകിയിരിക്കുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിൽ ജനങ്ങളിൽനിന്ന് പിരിച്ച നികുതിപ്പണം ഉപയോഗിച്ച് സ്ഥാപിക്കപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിക്കുകയാണ് കേന്ദ്രം ചെയ്തുകൊണ്ടിരിക്കുന്നത്. അവശേഷിക്കുന്നത് എൽ.ഐ.സി. മാത്രമാണ്. അതും വിൽക്കുന്നതിനുള്ള തീരുമാനമെടുക്കുകയും വിൽപ്പന തീയതി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും വിറ്റഴിക്കുമ്പോൾ, നമ്മൾ നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ ശക്തമാക്കുന്നതിനുള്ള നയവും സമീപനവുമാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. 2016-ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പല സ്ഥാപനങ്ങളെയും ഇന്ന് ലാഭത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവയിൽ നിന്നുള്ള വരുമാനം സംസ്ഥാന ഗവൺമെന്റിന്റെ പ്രധാന സ്രോതസ്സായി മാറിയിരിക്കുന്നു. ഒപ്പംതന്നെ ലോകത്തിന്റെ വിവിധ

ഭാഗങ്ങളിൽനിന്നുള്ള സംരംഭകർ കേരളത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തയ്യാറായിക്കൊണ്ടിരിക്കുന്നു. ഇത് തൊഴിൽമേഖലയിൽ വൻ കുതിപ്പിന് തുടക്കമിട്ടിരിക്കുന്നു. പുതിയൊരു കേരളം സൃഷ്ടിക്കുന്ന യജ്ഞത്തിന്റെ വിജയത്തിലേയ്ക്ക് നമ്മൾ നീങ്ങുകയാണ്.

കാലത്തിനൊപ്പം മാറ്റത്തിനൊപ്പം എന്നാണ് നമ്മുടെ ഗവൺമെന്റിന്റെ നയം. വികസന പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽതന്നെ ആദ്യമായി ഗവൺമെന്റിന്റെ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിച്ച സർക്കാരാണ് കേരളം ഭരിക്കുന്നതെന്നത് അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പ്രകടനപത്രികയിലെ 600 ഇനങ്ങളിൽ 540-ലും നടപടി സ്വീകരിച്ചു. മലയോര-തീരദേശ ഹൈവേകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ദേശീയ പാത 66-ന്റെ വികസനം വൈകുന്നത് സംസ്ഥാനത്തിന്റെ ഭാവി വികസനത്തെ ബാധിക്കുമെന്ന ബോധത്തിന്റെ അടിസ്ഥാനത്തിൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കലിന്റെ 25% വിഹിതം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ദേശീയപാതാ വികസന അതോറിറ്റിയുമായി കരാർ ഒപ്പിട്ടുകഴിഞ്ഞു. സംസ്ഥാനത്തിന്റെ എക്കാലത്തേയും പ്രതീക്ഷയായ കേരള ബാങ്ക് എന്ന സ്വപ്നത്തിന് റിസർവ് ബാങ്കിന്റെ അന്തിമ അനുമതി ലഭിച്ചു. സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയുടെ മികവിന് നക്ഷത്ര പദവി, ആതുര ശുശ്രൂഷാ രംഗത്ത് ഏറ്റവും മികച്ച സംസ്ഥാനം തുടങ്ങി വളരെ ചുരുങ്ങിയ കാലംകൊണ്ട് പതിറ്റാണ്ടുകളുടെ പുരോഗതിയാണ് നാം നേടിയിട്ടുള്ളത്. ജലഗതാഗതത്തിന് കേരള ചരിത്രത്തിൽ ഒരു സവിശേഷ സ്ഥാനമുണ്ട്. സുദീർഘമായ കടൽത്തീരവും 44 നദികളും 39 കായലുകളുമടങ്ങുന്ന ജലാശയ ശൃംഖല കേരളത്തെ പൗരാണിക കാലംമുതൽ ലോകസഞ്ചാരികളുടെയും നാവിക സംഘങ്ങളുടെയും സ്വപ്നഭൂമിയാക്കിയിരുന്നു. റോഡും റെയിൽവേയും വന്നതോടെ ജലപാതകളെ വിസ്മരിച്ചു; അവ നാശോന്മുഖമായി. എന്നാൽ മാലിന്യനിക്ഷേപത്തിലൂടെയും കയ്യേറ്റത്തിലൂടെയും മൺമറഞ്ഞ ജലപാതകളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് അസാധ്യമെന്ന് കരുതിയ മറ്റൊരു വികസനംകൂടി നാം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാം സഭയെ അഭിസംബോധന ചെയ്തപ്പോൾ കേരളത്തിന്റെ വികസനത്തിനായി അവതരിപ്പിച്ച സ്വപ്ന പദ്ധതികളിൽ ഒന്നാണിത്.

ഈ സർക്കാർ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ഇന്നേയ്ക്കുവേണ്ടി മാത്രമുള്ളതല്ല, വരും തലമുറയ്ക്കുകൂടിവേണ്ടിയുള്ളതാണ് എന്നത് നാം കാണാതിരിക്കരുത്. ഈ സർക്കാരിന്റെ ഭരണകാലത്ത് രണ്ട് പ്രളയങ്ങളെ നാം

നേരിട്ടു. പ്രളയം മനുഷ്യർക്കും ജീവജാലങ്ങൾക്കും മണ്ണിനും മാറ്റങ്ങളുണ്ടാക്കി. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. മണ്ണിന്റെ ഘടനയേയും ജൈവസ്വഭാവത്തേയും മാറ്റിമറിച്ചു. കൃഷി ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള മാറ്റങ്ങൾ പ്രകൃതിക്ക് പ്രളയം വരുത്തിവച്ചു. എന്നാൽ നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിലുണ്ടായ കുതിപ്പ് നിലനിർത്തുന്നതിനും പുതിയ കാലത്തിനനുസരിച്ച് കൃഷിയെ വരുമാനദായകമായ മികച്ച തൊഴിലാക്കി മാറ്റുന്നതിനും കഴിഞ്ഞുവെന്നത് ഈ സർക്കാരിന്റെ വലിയൊരു നേട്ടംതന്നെയാണ്. സുരക്ഷിതമല്ലാത്ത ഭക്ഷണവും മാറിയ ജീവിതശൈലിയും ഇന്ന് ജനങ്ങൾക്ക് മാറാരോഗങ്ങളുണ്ടാക്കുന്നു. ഇത് അകാലമരണങ്ങൾക്കും മാനവ വിഭവശേഷിയുടെ തകർച്ചയ്ക്കും കാരണമാകുന്നുവെന്ന് മനസ്സിലാക്കിയ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ജീവനി'. പച്ചക്കറികളും പഴങ്ങളും പരമ്പരാഗത ഭക്ഷ്യ വിളകളും ഓരോ കുടുംബത്തിലും ഉല്പാദിപ്പിക്കുക; അതിലൂടെ "നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം" എന്ന മുദ്രാവാക്യം നടപ്പിലാക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്ന കൃഷി വകുപ്പിനും അതിന് ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്കും പ്രത്യേക അഭിനന്ദനങ്ങൾ അർപ്പിക്കുകയാണ്.

സംസ്ഥാനത്ത് രണ്ട് ലക്ഷത്തിലധികം വരുന്ന ഭവനരഹിതർക്ക് വലിയ ആശ്വാസമായിരിക്കുകയാണ് 'ലൈഫ്' പദ്ധതി. മുൻകാലങ്ങളിൽ പല പദ്ധതികളിലൂടെ സഹായം ലഭിച്ചിട്ടും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടാത്ത ഭവനരഹിതരുടെ സ്വപ്നസാക്ഷാത്കാരമായി മാറിയ 'ലൈഫ്' പദ്ധതി ഇന്ന് കേരളത്തിലുണ്ടാക്കിയ മാറ്റം ചെറുതല്ല. ഭവനരഹിതരെ കണ്ടെത്തുന്നതിനും പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ഈ സർക്കാർ കാണിച്ച ആത്മാർത്ഥത ലോകത്തിന്റെ തന്നെ പ്രശംസ പിടിച്ചുപറ്റിക്കഴിഞ്ഞതാണ്.

2013-ൽ കേന്ദ്ര സർക്കാർ അംഗീകരിച്ച ദേശീയ ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന അഭിമാനം ഈ സർക്കാരിന് അവകാശപ്പെട്ടതാണ്. കാരണം, ആ പദ്ധതി കേന്ദ്രം അംഗീകരിച്ചിട്ടും നടപ്പിലാക്കാൻ കഴിയാതെ പോയൊരു സംസ്ഥാനമായിരുന്നു നമ്മുടേത്. ഈ സർക്കാർ അധികാരത്തിൽ വന്ന് നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ അത് വിജയകരമായി നടപ്പിലാക്കി ആ രംഗത്ത് ജനവിശ്വാസം വീണ്ടെടുക്കാനും ജനക്ഷേമപരമായ നിലപാട് സ്വീകരിക്കാനും സാധ്യമായി എന്നുള്ളതും ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ആ നിലയിൽ കേരളത്തിന്റെ എല്ലാ മേഖലകളിലും സാധ്യമായ പുരോഗതി ആർജ്ജിക്കാനും കേരള ജനതയുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുമാവശ്യമായ

നടപടികളും കർമ്മപദ്ധതികളുമാണ് ഈ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ പ്രഖ്യാപനമാണ് ഇവിടെ സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയിട്ടുള്ളത്. ആ നയപ്രഖ്യാപനത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ടുള്ള ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

ഈ നയപ്രഖ്യാപന പ്രസംഗത്തിൽ പുതിയതായി ഒന്നുമില്ല. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുടങ്ങിയതും ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷക്കാലമായി നടത്തിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ തുടർന്നുവരുന്നതുമായ പദ്ധതികളുടെ വിശദീകരണവുമാണ് കാര്യമായുള്ളത്. ആകപ്പാടെ ഒരു ഖണ്ഡികയിലാണ് പുതിയൊരു നയം പറഞ്ഞിരിക്കുന്നത്. അത് ഗവർണ്ണർ സ്വയം വായിക്കാതിരിക്കാൻ തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം വായിക്കാൻ തീരുമാനിക്കുകയും ചെയ്ത 18-ാം ഖണ്ഡികയാണത്. ബാക്കിയെല്ലാ കാര്യങ്ങളും ഇവിടെ നടന്നുകൊണ്ടിരിക്കുന്നവയെ സംബന്ധിച്ചുള്ള വിവരങ്ങൾ മാത്രമാണ്.

സർക്കാർ 1,344 ദിവസം പൂർത്തിയാക്കിയ ഈ സമയത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റി എന്നുപറയുമ്പോൾ എന്തൊക്കെയാണ് നിറവേറ്റിയതെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ കാണാൻ കഴിയില്ല. മദ്യവിൽപ്പന, മദ്യത്തിന്റെ നിർമ്മാണം, പുതിയ ബാറുകൾ തുറക്കൽ, പുതിയ ഡാൻസ് ബാർ എന്നിവയൊക്കെയാണ് പുതിയ നയങ്ങളായി ഇവർ മുന്നോട്ടുവയ്ക്കുന്നത്. അഞ്ച് വർഷക്കാലം ഒരു വിലക്കയറ്റവും ഉണ്ടാകില്ലെന്ന് പറഞ്ഞിട്ട്, മുൻ സർക്കാരിന്റെ അഞ്ച് വർഷത്തെ അപേക്ഷിച്ച് ഇരട്ടിയിലധികം വില ഓരോ അവശ്യ സാധനങ്ങൾക്കും ഈടാക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. അതുപോലെത്തന്നെ പ്രളയദുരിതബാധിതർക്ക് ആവശ്യമായ സഹായധനംപോലും സമയത്തിന് നൽകാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ആ തുക വലിയ രീതിയിൽ വകമാറ്റി ചെലവഴിക്കുകയാണ് ചെയ്തത്.

കഴിഞ്ഞ ജനുവരി 26-ന് 'ലൈഫ്' പദ്ധതിയിൽ രണ്ട് ലക്ഷം വീടുകൾ പൂർത്തിയാക്കി എന്നുപറഞ്ഞു. പക്ഷേ, രണ്ട് ലക്ഷം വീടുകൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന് മാത്രമല്ല, ആ വീടുകളൊക്കെ പൂർത്തിയാക്കുന്നത് 'ലൈഫ്'-ലൂടെ മാത്രമല്ല, പി.എം.എ.വൈ.-യിലുള്ള വീടുകൾ കൂടിയുണ്ട്. കൂടുതൽ വീടുകൾ പി.എം.എ.വൈ.യിലാണ്. അതിന്റെ ക്രെഡിറ്റുകൂടി 'ലൈഫ്' പദ്ധതിയിലേയ്ക്ക്

കൊണ്ടുവരികയാണ്. രണ്ട് ലക്ഷം വീടുകൾ പൂർത്തിയാക്കിയെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കൊണ്ടുവരാൻവേണ്ടി ആ കാര്യങ്ങൾ ചെയ്തു. 'ലൈഫ്' പദ്ധതിയിൽ റേഷൻ കാർഡുണ്ടെങ്കിലേ അപേക്ഷിക്കാൻ സാധിക്കുകയുള്ളൂ. റേഷൻ കാർഡ് ഉണ്ടാകണമെങ്കിൽ വീട് വേണം. വീടില്ലാത്തവരാണ് വീടിനുവേണ്ടി അപേക്ഷിക്കുന്നത്. അങ്ങനെയുള്ളൊരു വലിയ വിരോധാഭാസം അക്കാര്യത്തിലുണ്ട്. അതുകൊണ്ടാണ് അപേക്ഷിക്കാൻ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പണം കൂടുതൽ ചെലവഴിക്കേണ്ടി വരുന്നതും സംസ്ഥാന സർക്കാരിന്റെ ഈ പദ്ധതിയിലാണ്. ഈ പദ്ധതിയിലേയ്ക്ക് സംസ്ഥാന സർക്കാർ ചെലവഴിക്കുന്ന വിഹിതം വളരെ കുറവാണ്. കേന്ദ്ര സർക്കാരിന്റെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവുമാണ് കൂടുതലുമുള്ളത്. എന്നാൽ അതിന്റെ ക്രെഡിറ്റ് ഞങ്ങൾക്കാണ് എന്നുപറയുന്ന ഒരുതരം എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവമാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ ഉണ്ടാകുന്നത്.

ലോക കേരള സഭ രണ്ടുവർഷം മുമ്പ് തുടങ്ങി. രണ്ട് വർഷത്തിനിടയിൽ ഒരു പുരോഗതിയും അക്കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അതിന്റെ രണ്ടാം സമ്മേളനം കഴിഞ്ഞു. പ്രവാസികൾക്കാവശ്യമായ ഒരു സഹായവും അതിലൂടെ നൽകാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല, പ്രവാസികൾക്ക് ധാരാളം ബുദ്ധിമുട്ടുണ്ടാകുകയും ആത്മഹത്യവരെ ചെയ്യേണ്ട അവസ്ഥയും നമ്മുടെ സംസ്ഥാനത്തുണ്ടായി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പ്രവാസികൾക്കായി നടപ്പിലാക്കിയ Project for Return Emigrants വായ്പാ പദ്ധതി, സാന്ത്വനം ചികിത്സാ ധനസഹായ പദ്ധതി, പെൺമക്കൾക്കുള്ള വിവാഹ ധനസഹായം, മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർക്കുള്ള ഒരു ലക്ഷം രൂപ സൗജന്യ സഹായ പദ്ധതി എന്നിവയെല്ലാംതന്നെ അട്ടിമറിച്ചുകൊണ്ടാണ് ലോക കേരള സഭയുടെ പേരിൽ വലിയ ധൂർത്ത് നടത്തിയത്. കോടിക്കണക്കിന് രൂപയാണ് ഖജനാവിൽനിന്നും ധൂർത്തടിക്കുന്നത്. ഇതിന്റെ ഗുണം പാവപ്പെട്ട പ്രവാസികൾക്കൊന്നും ലഭിക്കുന്നില്ല. 1,780 കോടി രൂപ വായ്പയായി അനുവദിച്ചത് വകമാറ്റി ചെലവഴിച്ചാണ് ലോക കേരള സഭ നടത്തിയത്. ഇതിന്റെ മുതലും പലിശയും തിരിച്ചടയ്ക്കേണ്ട ബാധ്യതപോലും സാധാരണക്കാരായ ജനങ്ങളുടെ മേൽ വരികയാണ്. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരിൽനിന്നും രണ്ടാം ഗഡു കിട്ടാത്ത അവസ്ഥയും ഇതിന്റെ ഭാഗമായി നിലനിൽക്കുകയാണ്.

വിദ്യാഭ്യാസ മേഖലയിലെ പുരോഗതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. വിദ്യാഭ്യാസ മേഖലയിലെ പുരോഗതി കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തുതന്നെ തുടങ്ങിയതാണ്. സമഗ്ര വിദ്യാഭ്യാസ പദ്ധതിയിലൂടെ

സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയതാണ്. അതിന്റെ തുടർച്ച ഒരു പ്രത്യേക പദ്ധതി വച്ചുകൊണ്ട് നടത്തിയെന്ന് മാത്രമേയുള്ളൂ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്കൂളുകളിൽ വലിയ വിജയശതമാനമുണ്ടായപ്പോൾ പറഞ്ഞു, അതൊക്കെ മന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും കുഴപ്പമാണ്, വെറുതെ മാർക്ക് കൊടുക്കുകയാണ്, സ്കൂളിൽ പോകാത്തവനും മാർക്ക് കിട്ടുന്നു എന്നൊക്കെയാണ് പറഞ്ഞത്. ഇപ്പോൾ വിജയശതമാനം അതിനേക്കാൾ കൂടിയിരിക്കുകയാണ്. അന്ന് ഞങ്ങളെ വിമർശിച്ചവർക്ക് ഇപ്പോൾ എന്താണ് അക്കാര്യത്തിൽ പറയാനുള്ളത്? അതുപോലെതന്നെ ഒരിഞ്ച് സ്ഥലംപോലും ഇല്ലാത്ത സ്കൂളുകൾക്ക് കെട്ടിടം പണിയാൻ കോടിക്കണക്കിന് രൂപ കൊടുത്തിരിക്കുകയാണ്. സ്കൂളുകളും ക്ലാസ്സ് മുറികളും ആവശ്യമുള്ള സ്ഥലത്ത് പണം കൊടുത്തിട്ടുമില്ല. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെയും വിശ്വാസത്തിലെടുക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

സർക്കാരിന്റെ ഉത്തരവുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വലിയ അലംഭാവം ഉണ്ടാകുന്നതുകൊണ്ടാണ് പല തീരുമാനങ്ങളും നടപ്പിലാകാതെ പോകുന്നത്. ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത ധാരാളം സ്കൂളുകളും നിയമന അംഗീകാരം കിട്ടാത്ത സ്കൂളുകളുമുണ്ട്. അതുപോലെതന്നെ വില്ലേജുകളുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായാണ് ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്നത്. അവിടെ ധാരാളം തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിംഗിൽ എഞ്ചിനീയർമാർ അടക്കമുള്ളവരുടെ അഭാവമുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് രണ്ട് മാസമാണ് പദ്ധതി കാലാവധി. രണ്ട് മാസത്തിനുള്ളിൽ പദ്ധതി തയ്യാറാക്കി പൂർത്തീകരിക്കുവാനും തുക ചെലവഴിക്കുവാനും കഴിയാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയ ബുദ്ധിമുട്ടിലാണ്.

ബഹുമാന്യനായ ജെയിംസ് മാത്യു ഇവിടെ സംസാരിച്ചു. അദ്ദേഹത്തിനും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലെ ഉള്ളടക്കത്തെക്കുറിച്ച് ഒന്നും പറയാനില്ല. അതുകൊണ്ടാണ് അദ്ദേഹം മുസ്ലീം ലീഗിന്റെ സമുന്നതരായ നേതാക്കൻമാരായ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെയും സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെയും കുറിച്ച് അവാസ്തവമായ കാര്യങ്ങൾ പറഞ്ഞത്. അത്തരം കാര്യങ്ങൾ സഭാരേഖയിൽനിന്നും നീക്കം ചെയ്യണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് ആവശ്യപ്പെടാനുള്ളത്.

കേന്ദ്ര സർക്കാരിന് സഹായകരമാകുന്ന നിലപാട് പലപ്പോഴും നമ്മുടെ സംസ്ഥാനം സ്വീകരിക്കുന്നുണ്ട്. ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്താൻ നമുക്ക് സാധിക്കുന്നില്ല. കേന്ദ്ര ആഭ്യന്തര വകുപ്പിന് പിന്തുണ അർപ്പിക്കുന്ന സംസ്ഥാന ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്താൻ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സാധിക്കുന്നില്ല. എല്ലാ കക്ഷികളേയും ഉൾപ്പെടുത്തി, പാർട്ടി കൊടികളുടെ കീഴിലല്ലാതെ യോജിച്ച സമരത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും മുൻകയ്യെടുക്കണം. അതില്ലാത്തതുകൊണ്ടാണ് എല്ലാ ഭാഗങ്ങളിലും ഒറ്റയ്ക്കുള്ള പ്രതിഷേധങ്ങൾ ഉയരുന്നത്. ആദ്യം ഒന്നിച്ച് പൗരത്വ നിയമത്തിനെതിരെ പ്രമേയം പാസ്സാക്കിയെങ്കിലും പിന്നീട് ആ യോജിപ്പ് കാണുന്നില്ല. ഈ യോജിപ്പിന് മുൻകയ്യെടുക്കേണ്ട സർക്കാർതന്നെ ബഹുമാനപ്പെട്ട ഗവർണ്ണർക്കെതിരെയുള്ള പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നത് സംശയം ജനിപ്പിക്കുകയാണ്. സംസ്ഥാനത്ത് പൗരത്വ നിയമത്തിനെതിരെ സമാധാനപരമായി നടത്തുന്ന സമരത്തിൽ പങ്കെടുക്കുന്നവർക്കെതിരെ കേസെടുക്കുന്ന ആഭ്യന്തര വകുപ്പിനെയും പോലീസിനെയും നിയന്ത്രിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആഭ്യന്തര വകുപ്പിന്റെ ഇരട്ടനീതിയുടെ ഉദാഹരണങ്ങളാണ് ഇന്ന് രാവിലെ ഡോ. എം. കെ. മുനീർ ഉന്നയിച്ച അലന്റെയും താഹയുടെയും കാര്യം. അലനും താഹയ്ക്കും യു.എ.പി.എ. ചുമത്തിയ പോലീസ് കുറ്റ്യാടിയിലെ ഫാസിസ്റ്റുകളുടെ പ്രകടനം കണ്ടില്ലെന്ന് നടിക്കുകയും അവർക്കെതിരായി കേസെടുക്കാതിരിക്കുകയും ചെയ്യുന്ന ഇരട്ട രീതിയാണ് സ്വീകരിച്ചത്.

ഏതായാലും കാര്യമായി ഒന്നും ഈ സംസ്ഥാനത്തിന് സംഭാവന ചെയ്യാൻ കഴിയാത്ത ഈ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന ശ്രീ. എസ്. ശർമ്മയുടെ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

1.00 P.M.]

ശ്രീ. കെ. ആൻസലൻ: സർ, സംസ്ഥാന ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേറ്റിട്ട് നാല് വർഷം പൂർത്തിയാകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ധനസ്ഥിതിയെ സംബന്ധിച്ച് വിശദീകരിക്കേണ്ട കാര്യമില്ല. ഇന്നലെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ മസ്റ്ററിംഗുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ സങ്കടകരമായ രൂപത്തിൽ

അവതരിപ്പിക്കുകയുണ്ടായി. പ്രിയപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, താങ്കളുടെ ഗവൺമെന്റിന്റെ കാലത്ത് കർഷകത്തൊഴിലാളികളടക്കം 39 ലക്ഷത്തോളം വരുന്ന പെൻഷൻകാരുടെ ക്ഷേമ പെൻഷൻ കൃത്യമായി പോസ്റ്റുമാൻ വീടുകളിൽ എത്തിച്ചിരുന്നതിൽ 10 മാസത്തെ കുടിശ്ശിക വരുത്തുകയും അശരണരായ, ആരോഗ്യപ്രശ്നങ്ങളുള്ള ആളുകളെ എല്ലാ മാസവും ഷെഡ്യൂൾഡ് ബാങ്കുകളിലേയ്ക്ക് അയച്ച് കുത്തിയിരുത്തുകയും ചെയ്ത ആളുകളാണ് ഈ ഗവൺമെന്റിന്റെ നയത്തെ ദുർവ്യാഖ്യാനം ചെയ്ത് പ്രസ്താവന നടത്തുന്നത്. നയപ്രഖ്യാപനം കൃത്യമായി വായിച്ചാൽ ഈ ഗവൺമെന്റിന്റെ പ്രവർത്തന മികവ് കാണാൻ കഴിയും. ഇവിടെ ഒന്നും നടക്കുന്നില്ലെന്നും ഭൂമിയില്ലാത്തിടത്ത് കെട്ടിടം കൊടുക്കുന്നു എന്നൊക്കെയുമാണ് ശ്രീ. പി. കെ. അബ്ദു റബ്ബ് സൂചിപ്പിച്ചത്. 143 സ്കൂളുകളെ അന്തർദേശീയ തലത്തിൽ ഉയർത്തുകയും അവയുടെ ഔപചാരികമായ ഉദ്ഘാടനം നടക്കുകയുമാണ്. എന്റെ മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരു രൂപപോലും നൽകിയിരുന്നില്ല. എന്നാൽ ഏകദേശം 6.39 കോടി രൂപ മുടക്കി നിർമ്മിച്ച അന്തർദ്ദേശീയ നിലവാരത്തിലുള്ള ബഹുനില മന്ദിരത്തിന്റെയും അനുബന്ധ പദ്ധതികളുടേയും ഉദ്ഘാടനം വരുന്ന 20-ാം തീയതി പ്രിയപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയാണ്. ഇത് കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും കാണാൻ കഴിയും. 350-ഓളം സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുകയും അതിന് 3 കോടി രൂപ വീതം അനുവദിക്കുകയും ചെയ്തു. 178 സ്കൂളുകൾക്ക് 2 കോടി രൂപ വീതവും ബാക്കി 300 സ്കൂളുകൾക്ക് ഒരു കോടി രൂപ വീതവും അനുവദിച്ചു. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ആയിരക്കണക്കിന് കോടി രൂപ ചെലവഴിച്ച് പുതിയ മന്ദിരങ്ങൾ സ്ഥാപിച്ചുകൊണ്ടാണ് വിദ്യാഭ്യാസം അടിസ്ഥാനപരമായി മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി കുട്ടികൾ നന്നായി പഠിക്കുന്നു. സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു. 'ഹലോ ഇംഗ്ലീഷ്' പാഠ്യപദ്ധതി, 'ഗണിതോത്സവം' തുടങ്ങി കൊച്ചു കുട്ടികൾക്കുപോലും പാഠഭാഗങ്ങൾ കൃത്യമായി മനസ്സിലാക്കാൻ കഴിയുന്ന രൂപത്തിലേയ്ക്ക് വിദ്യാഭ്യാസ രീതിയിൽ മാറ്റം വരുത്തിക്കൊണ്ടാണ് അഭിമാനകരമായ മുന്നേറ്റം നടത്തുന്നത്. ഇതൊന്നും ലീഗിന് കാണാൻ കഴിയുകയില്ല. പരീക്ഷ എഴുതാത്തവർക്ക് ജയിച്ച സർട്ടിഫിക്കറ്റ് കൊടുത്ത പാരമ്പര്യമുള്ളവരാണ് പ്രതിപക്ഷത്തിരിക്കുന്നവർ. അങ്ങനെ വിദ്യാഭ്യാസത്തെ കച്ചവടമാക്കിയവരാണ് ഇപ്പോൾ അഭിപ്രായം പറയുന്നത്. ഈ ഗവൺമെന്റിന്റെ ദിശ വലുതാണ്, ഞാനത് വിശദമാക്കാം. വിദ്യാഭ്യാസരംഗം, ആരോഗ്യരംഗം എന്നിവയിൽ ഏറ്റവും ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. ലോകത്തിനുതന്നെ മാതൃകയായി ആരോഗ്യമേഖല മാറിയിട്ടുണ്ട്.

കാർഷികരംഗം - 55 ലക്ഷം ടൺ പച്ചക്കറികളാണ് കേരളത്തിൽ അധികമായി ഉൽപ്പാദിപ്പിച്ചത്. ക്ഷീരോൽപ്പാദനത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്.

പൊതുമരാമത്ത് റോഡുകൾ - രണ്ട് പ്രളയവും ദീർഘമായി നിന്ന പെരുമഴയും കേരളത്തിലെ പൊതുറോഡുകളെയാകെ തകർത്തു. അതിന് പരിഹാരം കാണാൻ ഫലപ്രദമായ, അഴിമതിരഹിതമായ പ്രവർത്തനം നടത്തുന്ന ഒരു ഗവൺമെന്റാണിത്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സുതാര്യമായി, അഴിമതിരഹിതമായി വികസന പ്രവർത്തനങ്ങൾ നടക്കുമ്പോഴാണ് അപ്പുറത്ത് ലീഗിന്റെ പ്രതിനിധി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് പാലം നിർമ്മിച്ച് തകർക്കുന്ന രൂപത്തിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടത്തി കൈകൂപ്പി വിജിലൻസിന്റെ മുന്നിൽ നിൽക്കുന്നത്. സോളാർ കേസ് ആവർത്തിച്ച് സഭ ചർച്ച ചെയ്തതാണ്. ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ സമർപ്പിച്ച സോളാർ റിപ്പോർട്ട് ഞാൻ വീട്ടിൽ കൊണ്ടുപോയില്ല; കൊണ്ടുപോയാൽ വായിക്കാൻ കഴിയുകയില്ല. വീട്ടിലാരെങ്കിലും എടുത്ത് വായിച്ചാൽ അതിനകത്ത് അശ്ലീലം കാണാൻ കഴിയും. എത്രയോ മഹാമാന്യന്മാരായിട്ടുള്ള, യു.ഡി.എഫ്.ന്റെ പ്രതിനിധികളെ സംബന്ധിച്ച് ഒരു സ്ത്രീ നൽകിയിട്ടുള്ള മൊഴി പകർപ്പ് പുറത്ത് പ്രസിദ്ധീകരിക്കാൻ കഴിയുകയില്ല. അത്തരത്തിൽ അശ്ലീലത്തിന്റേയും അഴിമതിയുടേയും കൂത്തരങ്ങായി, പൊതുപണം കട്ടുമുടിച്ച് കൊള്ളയടിച്ച മഹാൻമാർ ഈ ഗവൺമെന്റിനെതിരെ പ്രസ്താവന നടത്തുകയാണ്. ഈ ഗവൺമെന്റ് നാല് വർഷം പൂർത്തീകരിക്കുമ്പോൾ ഗൗരവതരമായ ഏതെങ്കിലും ഒരു അഴിമതി ഈ ഗവൺമെന്റിന്റെ പ്രതിനിധികൾക്കെതിരെ ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. നിങ്ങൾ ഉയർത്തിക്കാണിച്ചിട്ടുള്ള ആക്ഷേപങ്ങൾ അപ്പപ്പോൾത്തന്നെ നിങ്ങൾക്ക് മടക്കിവയ്ക്കേണ്ടി വന്നിട്ടുണ്ട്.

ലൈഫ് പാർപ്പിട പദ്ധതി - ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് ഇവിടെ സാഫല്യം പദ്ധതി പ്രഖ്യാപിച്ചത്. പക്ഷേ ഒരാൾക്കുപോലും വീട് കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫെബ്രുവരി മാസം 26-ാം തീയതി പുത്തരിക്കണ്ടത്ത് സംഘടിപ്പിക്കുന്ന പൊതുയോഗത്തിൽ വച്ച് രണ്ടുലക്ഷം വീടുകളാണ് ഔപചാരികമായി ഉദ്ഘാടനം ചെയ്യുന്നത്. ഒരാൾക്ക് 4 ലക്ഷം രൂപ വച്ച് രണ്ടു ലക്ഷം പേർക്ക് നൽകും. ആയിരക്കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് യാഥാർത്ഥ്യമാകുന്നത്. കേരളത്തിലെ ഭൂമിയും വീടുമില്ലാത്ത തെരഞ്ഞെടുക്കപ്പെട്ട ആയിരക്കണക്കിന് കുടുംബങ്ങളുടെ പുനരധിവാസത്തിന് ഫ്ലാറ്റ് മോഡൽ കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുകയാണ്. എന്റെ മണ്ഡലത്തിലെ 128-ഓളം വരുന്ന കുടുംബങ്ങളെ പാർപ്പിക്കുവാൻ 13.82 കോടി രൂപ അനുവദിച്ചുകൊണ്ട് കെട്ടിടനിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

സഹകരണ മേഖല - കേരള ബാങ്ക് യാഥാർത്ഥ്യമാകാൻ പോകുകയാണ്. അത് നടക്കുകയില്ലെന്ന് പറഞ്ഞ് കോടതിയിൽ പോയവരാണ് നിങ്ങൾ. അതെല്ലാം യാഥാർത്ഥ്യമാകുന്ന രൂപത്തിലേക്കാണ് നമ്മുടെ നാട് മുന്നോട്ടുപോകുന്നത്.

പ്രിയപ്പെട്ടവരെ, ഈ സംസ്ഥാനം പൗരത്വ ഭേദഗതി ബില്ലിനെതിരായി, ഇന്ത്യയ്ക്ക് മാതൃകയായി, പ്രിയപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും മുൻകയ്യെടുത്തുകൊണ്ട് 2019 ഡിസംബർ മാസം 16-ാം തീയതി രക്തസാക്ഷി മണ്ഡപത്തിനു മുൻപിൽ ഒരു സമരം പ്രഖ്യാപിച്ചു. ആ സമരം കേരളവും ലോകവും ശ്രദ്ധിച്ചതാണ്. എസ്.ഡി.പി.ഐ. അടക്കമുള്ള മുസ്ലീം തീവ്രവാദ പ്രസ്ഥാനങ്ങളെ മാറ്റി നിർത്തിക്കൊണ്ട്, ആർ.എസ്.എസ്.-നെതിരായി, മതനിരപേക്ഷതയുടെ, കൂട്ടായ്മയുടെ ഏറ്റവും പ്രധാനപ്പെട്ട മഹനീയ സാന്നിധ്യമായി മാറി. കോൺഗ്രസ്സും, യു.ഡി.എഫ്.-ന്റെ കക്ഷികളും, ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മതനിരപേക്ഷതയുടെ ഭാഗമായി നിൽക്കുന്ന ആളുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള ഒരു പോരാട്ടം നടത്തി. 2019 ഡിസംബർ മാസം 31-ാം തീയതി ഒരു പ്രമേയം പാസ്സാക്കി. അതിനുശേഷം ഗവൺമെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സ്യൂട്ട് ഫയൽ ചെയ്തുകൊണ്ട് ഇതിനെതിരായിട്ടുള്ള നിലപാട് സ്വീകരിച്ചു. ഇത് ഇന്ത്യയിലെ മറ്റ് സംസ്ഥാന ഗവൺമെന്റുകൾക്ക്, ബി.ജെ.പി. ഇതര ഗവൺമെന്റുകൾക്ക് ആവേശം പകർന്നു. കോൺഗ്രസ്സ് ഇവിടെ ഏറ്റവും കൂടുതൽ സമരം നടത്തുന്നു. കേരളത്തിൽ മുസ്ലീം ലീഗ് തകരുന്ന അവസ്ഥയിലാണ്. ഇവിടെ ശ്രീ. ജെയിംസ് മാത്യു സംസാരിച്ചപ്പോൾ എന്തൊരു വികാര പ്രകടനമായിരുന്നു; ലാ കോളേജ് സമരവുമായി ബന്ധപ്പെട്ട് ബി.ജെ.പി.-യുടെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ശ്രീ. വി. വി. രാജേഷ് നിരാഹാര സമരം നടത്തിയപ്പോൾ നിങ്ങളുടെ നേതാവ് പോയി കൈകൂപ്പി, ഹാരമിട്ട്, കെട്ടിപ്പിടിച്ച്, ഉമ്മവച്ചത് മറച്ചുവയ്ക്കാൻ സാധിക്കുമോ? മനുഷ്യശൃംഖലയിൽ പങ്കെടുത്ത ലീഗിന്റെ പ്രാദേശിക നേതാവിനെ പുറത്താക്കിയ ലീഗുകാരുടെ രാഷ്ട്രീയം എന്താണ്? നിങ്ങൾ കോൺഗ്രസ്സിനെക്കുറിച്ച് പറയുകയാണ്. 1992-ൽ ബാബറി മസ്ജിദ് പൊളിക്കുമ്പോൾ, ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന നരസിംഹറാവുവിന്റെ മുന്നിലേയ്ക്ക് ബി.ജെ.പി. ഇതര പ്രതിപക്ഷ പാർട്ടികളായിരുന്ന ഇടതുപക്ഷവും മറ്റു പാർട്ടികളുമെല്ലാം തന്നെ ഒരു ഓപ്പൺ ചെക്ക് കൊടുക്കുന്നതുപോലെ പറഞ്ഞു, ആ ബാബറി മസ്ജിദ് പൊളിക്കാതിരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ശക്തമായ നിലപാട് സ്വീകരിക്കണമെന്ന്. എന്നിട്ട് എന്തുചെയ്തു? നിങ്ങളെ കാവൽ നിർത്തിക്കൊണ്ട്

നരസിംഹറാവു ഗവൺമെന്റ് ബാബറി മസ്ജിദിന്റെ അടിത്തറ പൊളിച്ചു. അതിന് കൂട്ടുനിന്നവരല്ലേ ലീഗും കോൺഗ്രസ്സിന്റെ നേതാക്കൻമാരും? മുത്തലാഖ് ബിൽ അവതരിപ്പിച്ചല്ലോ, പാർലമെന്റിൽ ആരാണ് എതിർത്തത്? ലീഗിന്റെ ഒരാൾ ബിരിയാണി കഴിക്കാൻ പോയി. അഞ്ചാളുകളുള്ള ഇടതുപക്ഷമാണ് അതിനെ എതിർത്തത്. ആ മുത്തലാഖ് ബില്ലിന്റെ അപകടത്തെക്കുറിച്ച് ഇന്ത്യൻ പാർലമെന്റിൽ ബി.ജെ.പി.ക്കെതിരെ ശക്തമായ വോട്ട് രേഖപ്പെടുത്തിയത് കമ്യൂണിസ്റ്റ് പാർട്ടിയിലുള്ളവരാണ്. ചുരുക്കം വരുന്ന ആളുകളാണെങ്കിലും അതിനെതിരായ നിലപാട് സ്വീകരിച്ചു. രണ്ടാമത് ജമ്മുകാശ്മീരുമായി ബന്ധപ്പെട്ട ബിൽ അവതരിപ്പിച്ചപ്പോൾ ലീഗ് കൂട്ടുനിൽക്കുകയാണ്. രാജ്യസഭയിലാണ് പ്രസ്തുത ബിൽ ആദ്യം കൊണ്ടുവന്നത്. രാജ്യസഭയിൽ ഭൂരിപക്ഷമില്ലാത്ത എൻ.ഡി.എ. ആ ബിൽ കൊണ്ടുവരുമ്പോൾ ഭാരതത്തിന്റെ ചീഫ് വിപ്പായിട്ടുള്ള ആൾ, ചീഫ് വിപ്പ് സ്ഥാനം രാജിവച്ച്, ആ അപകടകരമായ ബില്ലിൽ ബി.ജെ.പി.-ക്ക് അനുകൂലമായി വോട്ട് രേഖപ്പെടുത്തിയപ്പോൾ ലീഗിന് എന്താണ് മറുപടിയില്ലാതെ പോയത്? ആ ലീഗ് ഇപ്പോൾ ഇവിടെ താളംതെറ്റി കിടക്കുകയാണ്. കോൺഗ്രസ്സുകാർ രക്ഷിക്കുമെന്നാണ് ലീഗ് പറയുന്നത്. കോൺഗ്രസ്സ് രക്ഷിക്കാൻ പോകുന്നില്ല. മതനിരപേക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് രാജ്യത്ത് ഉയർന്നുവരുന്ന പ്രക്ഷോഭങ്ങൾക്ക് തീക്കാറ്റ് ഊതിവിട്ടത് കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നിലപാടാണ്. ഗവർണ്ണറെ മാറ്റണമെന്നു പറയുകയാണ്. ഗവർണ്ണറെ മാറ്റിയാൽ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെ ഗവർണ്ണറാക്കാൻ കഴിയുമോ? എങ്കിൽ ഞങ്ങൾ കൂടെ നിൽക്കാം. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനെ ഗവർണ്ണറാക്കി കൊണ്ടുവരാൻ കഴിയുമെങ്കിൽ ഞങ്ങൾ പിന്തുണയ്ക്കാം. ഇവിടെ പറഞ്ഞതുപോലെ ഈ ഗവർണ്ണർ ജന്മിയുടെ കാര്യസ്ഥനാണ്, ഒരു പണിക്കാരനാണ്, ജന്മിക്കെതിരായിട്ടല്ല സമരം; പണിക്കാരനെതിരായി സമരം നടത്തി, പൗരത്വ ബില്ലിനെതിരായി സമരം നടത്തി ഒറ്റപ്പെട്ടുപോയ യു.ഡി.എഫ്.-നും ലീഗിനും പിടിച്ചുനിൽക്കാനുള്ള കപടനാടകം കേരളത്തിലെ സാധാരണക്കാരായിട്ടുള്ള മനുഷ്യർ മനസ്സിലാക്കുകയാണ്. മനുഷ്യശൃംഖല ഞങ്ങൾ ആദ്യം ആലോചിച്ചത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയാണ്. തിരുവനന്തപുരം ജില്ലയിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരുവനന്തപുരത്തുനിന്നും കളിയിക്കാവിള വരെയുള്ള 32 കിലോമീറ്റർ കൂടി ശൃംഖല പിടിക്കാൻ തീരുമാനിച്ചു. ചുരുങ്ങിയ ദിവസം കൊണ്ട് സംഘടിപ്പിച്ച ആ മനുഷ്യശൃംഖലയിൽ ലക്ഷക്കണക്കിനാളുകൾ അണിനിരക്കുമ്പോൾ ഇന്നലെ വരെ

കോൺഗ്രസ്സിനും യു.ഡി.എഫ്.-നും അനുകൂലമായി വോട്ട് രേഖപ്പെടുത്തിയിട്ടുള്ള ആയിരക്കണക്കിനാളുകൾ ഇനിയും ഞങ്ങളെ നയിക്കുവാൻ ഇടതുപക്ഷത്തിനേ കഴിയൂവെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി പോരാട്ടം നടത്തി. കേരളീയ സമൂഹം നിങ്ങൾക്കെതിരായിട്ടുള്ള നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നും എതിരായിട്ടുള്ള ശക്തമായ പോരാട്ടം ഇന്ത്യയിൽ നടക്കുമ്പോൾ അതിന്റെ മുൻപിൽ നിൽക്കുന്നത് കേരളത്തിലെ ഗവൺമെന്റും പ്രിയങ്കരനായിട്ടുള്ള മുഖ്യമന്ത്രിയും ഇടതുപക്ഷവുമാണെന്ന് ഈ നാടാകെ തിരിച്ചറിയുന്ന രൂപത്തിലേയ്ക്ക് വരികയാണ്. കേരളത്തിൽ പ്രതിപക്ഷം ഒറ്റപ്പെടുന്ന നാളുകൾ വരികയാണ്; അത് തിരിച്ചറിയാൻ നിങ്ങൾ തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ നന്ദിപ്രമേയത്തിന് എല്ലാ പിന്തുണയും അർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷവും പ്രളയമുണ്ടായി. ഈ വർഷത്തെ സ്ഥിതി എന്തായിരിക്കുമെന്ന് ആലോചിച്ചിട്ടുണ്ടോ? അറബിക്കടലിൽ ബംഗാൾ ഉൾക്കടലിനേക്കാൾ ഊഷ്മാവ് $2^0$C വർദ്ധിച്ചിരിക്കുന്നു. ബാഷ്പീകരണം കൂടും, വീണ്ടുമത് അതിവൃഷ്ടിയായി തീരാനുള്ള സാധ്യതയുമുണ്ട്. അതിനെ നേരിടാനുള്ള എന്തെങ്കിലും മുൻകരുതലുണ്ടോ? കഴിഞ്ഞ തവണത്തെ പ്രളയത്തിൽ തകർന്ന വീടുകൾ നിർമ്മിക്കുന്നതിൽ ഈ ഗവൺമെന്റ് ഒട്ടും വിജയിച്ചിട്ടില്ല. ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കേണ്ടതായിരുന്നു. 1985-ൽ പതിനൊന്ന് മാസംകൊണ്ട് ഒരുലക്ഷം വീടുകൾ തീർത്തിരുന്നു. പ്രീ ഫാബ്രിക്കേഷന്റെ കാര്യം ഇവിടെ നേരത്തെ പറഞ്ഞിട്ടുണ്ട്. അത് മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകളെക്കുറിച്ചാണ്. തൊടുപുഴയിൽ പത്ത് ദിവസം കൊണ്ട് ഒരു വീടിന്റെ പണി തീർത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് ഞാൻ താക്കോൽ കൊടുപ്പിച്ചു. ചൈനീസ് ടെക്നോളജി ഉപയോഗിച്ച് ഉറപ്പുള്ള വീട് പത്ത് ദിവസംകൊണ്ട് പൂർത്തിയാക്കുന്ന സ്ഥിതി ഇപ്പോഴുണ്ട്. കുട്ടനാടിനായി വീണ്ടും പാക്കേജ് പറഞ്ഞിരിക്കുന്നു, പക്ഷെ അതിന്റെ ഒരു വിശദാംശവുമില്ല. കുട്ടനാടിൽ വീണ്ടുമൊരു പ്രളയമുണ്ടായാൽ സ്ഥിതി എന്തായിരിക്കും?വീടുകളൊക്കെ നിലംപൊത്താറായിരിക്കുകയാണ്. വീണ്ടും പഴയ സ്ഥിതി വരും. പമ്പ, അച്ചൻകോവിൽ എന്നീ രണ്ട് നദികളിലെ വെള്ളമാണ് കൂടുതലായും കുട്ടനാടിലേയ്ക്ക് വരുന്നത്. ആ വെള്ളം ഒഴുക്കി വിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ. വർഷങ്ങൾക്കുമുമ്പേ 300 മീറ്റർ വീതിയിൽ വെള്ളം ഒഴുകേണ്ടതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, പോയിന്റ് ഓഫ് ഓർഡർ. ഒരു മന്ത്രിപോലും സീറ്റിലില്ല. ഇത്രയും ഗൗരവമുള്ള ചർച്ചയാണ് നടക്കുന്നത്.

ശ്രീ. പി. ജെ. ജോസഫ്: സർ, വളരെ ഗൗരവമുള്ള ചർച്ചയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, രണ്ട് മന്ത്രിമാർ സഭയിലുണ്ട്.

മി. ചെയർമാൻ: അങ്ങേയ്ക്ക് തുടരാം, അങ്ങത് ശ്രദ്ധിക്കേണ്ട.

ശ്രീ. പി. ജെ. ജോസഫ്: സർ, തോട്ടപ്പള്ളി സ്പിൽവേയിലേയ്ക്കുള്ള ലീഡിംഗ് ചാനലിന്റെ ഇപ്പോഴത്തെ വീതി 70 മീറ്ററാണ്. സ്പിൽവേയ്ക്ക് 300 മീറ്റർ വീതിയുണ്ട്. വെള്ളം ഒഴുകുമോ? ലീഡിംഗ് ചാനലിന്റെ വീതികൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ പറയുകയും തുക ഉൾപ്പെടുത്തുകയും ചെയ്തു. ഇതുവരെ ഒരു രൂപയെങ്കിലും ചെലവഴിച്ചിട്ടുണ്ടോ? ഇല്ല. വീതികൂട്ടുന്നതിന് ഏതെങ്കിലും പാക്കേജ് വരട്ടെ. 300 മീറ്ററിൽ വെള്ളമൊഴുകിയാൽ കുട്ടനാടിൽ വെള്ളപ്പൊക്കമില്ല. എന്തുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ അക്കാര്യം ചെയ്യുന്നില്ല? കാലാവസ്ഥാ നിരീക്ഷണത്തിൽ വന്നിരിക്കുന്നത് ഇത്തവണയും വെള്ളപ്പൊക്കമുണ്ടാകും എന്നുതന്നെയാണ്. അറബിക്കടലിൽ ചൂട് കൂടിയിരിക്കുകയാണ്. മേൽപ്പറഞ്ഞ നടപടി സ്വീകരിക്കാതെ കുട്ടനാട്ടിൽ എന്ത് പാക്കേജാണ് ഉണ്ടാകാൻ പോകുന്നത്; ഇക്കാര്യത്തിൽ അടിയന്തരമായി നടപടിയെടുക്കണ്ടേ? അടിസ്ഥാന വിഷയങ്ങളിലേയ്ക്ക് നിങ്ങൾ പോകുന്നില്ല. അതിവർഷമുണ്ടായാൽ ഇനിയും മലയിടിച്ചിൽ ഉണ്ടാകും. ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകൾ ചരിഞ്ഞ പ്രദേശങ്ങളാണ്. മണ്ണിന്റെ കട്ടി നാലോ, അഞ്ചോ അടി മാത്രമാണ്. ആ മണ്ണ് പോയാൽ പാറ തെളിയും. അതില്ലാതിരിക്കാനുള്ള മാർഗ്ഗം വാട്ടർഷെഡ് മാനേജ്മെന്റാണ്. ഞങ്ങളുടെ കാർഷികമേളയിലെ ഇത്തവണത്തെ തീം അതായിരുന്നു. വാട്ടർഷെഡ് മാനേജ്മെന്റിന്റെ ചർച്ചയിൽ പങ്കെടുക്കാൻ അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ശ്രീ. മുരളി തുമ്മാരുകുടി ജനീവയിൽ നിന്നും എത്തിയിരുന്നു. വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പിലാക്കിയാൽ മണ്ണൊലിപ്പും മണ്ണിടിച്ചിലും ഉണ്ടാകില്ല. പത്തോ മുപ്പതോ അടി വീതിയിൽ കോണ്ടൂർ അടിച്ച് രാമച്ചം വച്ചു പിടിപ്പിക്കണം. രാമച്ചത്തിന്റെ വേര് പത്തടി താഴേയ്ക്ക് പോകുകയാണ്. അഞ്ച്-ആറ് ലൈൻ വരുമ്പോഴേയ്ക്കും വെള്ളം അരിച്ചിറങ്ങും. മണ്ണിന്റെ ജലസംഭരണശേഷി വർദ്ധിക്കുകയും ചെയ്യും. അങ്ങനെ വേനലിനെ അതിജീവിക്കാൻ കഴിയും. ഇടുക്കി, വയനാട് മലയോരങ്ങളിലെയും പാലക്കാടിന്റെയും പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ഇതാണ് മാർഗ്ഗം.

വാട്ടർഷെഡ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്, അത് ഇന്ത്യയിലെ പലഭാഗങ്ങളിലും നടപ്പിലാക്കിയിട്ടുമുണ്ട്. 5000 കോടി രൂപ ഇടുക്കിക്കുവേണ്ടി മാറ്റി വച്ചിട്ടുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞതവണ സഭയിൽ പറഞ്ഞതാണ്. 5000 കോടി രൂപ മുഴുവനായും വേണ്ട, 2500 കോടി രൂപയുണ്ടെങ്കിൽ മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ പൂർണ്ണമാക്കാം. ബാക്കി 2500 കോടി രൂപ കേന്ദ്രഗവൺമെന്റ് നൽകും. വാട്ടർഷെഡ് മാനേജ്മെന്റിനെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; അടുത്ത വർഷം പ്രളയത്തെ എങ്ങനെ നേരിടും?

വളരെ ദയനീയമായൊരു ചിത്രം ഇന്നലെ മാതൃഭൂമി ചാനലിൽ വന്നു. ഒരു വീട് പ്രളയത്തിൽ വീണുപോയി, അവർ ഇപ്പോൾ താമസിക്കുന്നത് ആട്ടിൻകൂടിലാണ്. പുതിയതായി വീട് അനുവദിച്ചിട്ടില്ല. ആട്ടിൻകൂടിൽ താമസിക്കുന്നതിന്റെ ചിത്രമടക്കം വാർത്ത വന്നിരിക്കുന്നു. അനുവാദമുണ്ടെങ്കിൽ അവിടെ വീട് നിർമ്മിച്ചു നൽകാൻ ഞങ്ങൾ തയ്യാറാണ്. ഗാന്ധി സ്റ്റഡി സെന്റർ കുറേയേറെ വീടുകൾ പണിതിട്ടുണ്ട്. അത്തരം കാര്യങ്ങൾ ശ്രദ്ധിക്കാത്തത് എന്തുകൊണ്ടാണ്? ഒന്നരക്കൊല്ലം മുമ്പ് അവർക്ക് വീട് നഷ്ടപ്പെട്ടതാണ്, വളരെ ദയനീയമായ ചിത്രമാണത്. ഒരു ലക്ഷം വീട് നിർമ്മിക്കാനുള്ളതിൽ ധാരാളം വീടുകളുടെ പണി തീരാനുണ്ട്. മൂന്ന് പ്രീഫാബ്രിക്കേറ്റഡ് വീടുകൾ എന്റെ മണ്ഡലത്തിൽ പണിതിട്ടുണ്ട്. ആദ്യത്തെ രണ്ട് വീടുകൾ 20 ദിവസംകൊണ്ടും മൂന്നാമത്തെ വീട് 10 ദിവസംകൊണ്ടും പൂർത്തിയാക്കി. മുഖ്യമന്ത്രി അതിന്റെ താക്കോലും കൊടുത്തു. വളരെ ബലവത്തായ വീടുകളാണ്. അമേരിക്കയിലും ഇംഗ്ലണ്ടിലുമൊന്നും വീട് നിർമ്മിക്കുന്നത് കമ്പിയും സിമന്റും ഉപയോഗിച്ചല്ല, എല്ലാം പ്രീഫാബ്രിക്കേറ്റഡാണ്. വളരെ ബലവത്തായ വീടുകൾ നിർമ്മിക്കാം. എന്തുകൊണ്ട് ആ മാർഗ്ഗത്തിലേയ്ക്ക് കടക്കുന്നില്ല?

ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇത്രയധികം സൗകര്യങ്ങളുണ്ടായിട്ടും കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് എന്തുകൊണ്ടാണ്? ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിലേയ്ക്ക് കടക്കാൻ സാധിച്ചാൽ രണ്ടുകൊല്ലംകൊണ്ട് കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ മുഴുവൻ സീറ്റുകളും ഫില്ലാകും. അതിന് നിങ്ങൾ തയ്യാറുണ്ടോ, മോഡേണൈസേഷൻ വരേണ്ടത് ആ മേഖലയിലാണ്. ലോകത്തിന്റെ എല്ലാഭാഗത്തുനിന്നുമുള്ള നീക്കങ്ങൾ മനസിലാക്കിക്കൊണ്ട് കാര്യങ്ങൾ ചെയ്യാൻ കഴിയണം. അതുപോലെതന്നെ പെട്രോകെമിക്കൽസിന് 40000 കോടി രൂപയാണ് അമ്പലമേട്ടിൽ മുതൽമുടക്കുന്നത്. ഒറ്റവർഷം

പോളിടെക്നിക് യോഗ്യതയുള്ള 5000 പേരെ ആവശ്യമുണ്ട്. കെമിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ് എന്നിവയിൽ നാല് വിഷയങ്ങളിൽ പാസ്സായാൽ അവരെ മുഴുവൻ ജോലിക്കെടുക്കാൻ തയ്യാറാണ്. ഗവൺമെന്റ് ആ വെല്ലുവിളി ഏറ്റെടുത്തിട്ടുണ്ടോ? മൂന്ന് വർഷംകൊണ്ട് പാസ്സാകുന്ന മുഴുവനാളുകൾക്കും ജോലി ലഭ്യമാകും. പുതിയ വെല്ലുവിളികളെ നേരിടാൻ കഴിയണ്ടേ? ഇത്തരം കാര്യങ്ങളിലേയ്ക്ക് കടക്കാതെ കുറേ കാര്യങ്ങൾ ആവർത്തിച്ച് പറഞ്ഞതുകൊണ്ട് കാര്യമില്ല. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗവും ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങളും നടപ്പാക്കിയിരുന്നെങ്കിൽ കേരളം സ്വർഗ്ഗമാകുമായിരുന്നു. എല്ലാം വാഗ്ദാനങ്ങളാണ്, ഒന്നും നടപ്പാകുന്നില്ല. കേന്ദ്ര ബഡ്ജറ്റിലെ നല്ല ഭാഗത്തെ ഞാൻ പിന്തുണയ്ക്കുന്നു. കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുകയാണ്, ഓരോ ഏക്കറിനും ലഭിക്കുന്ന യീൽഡ് വർദ്ധിപ്പിക്കുകയാണ്. ആ ലക്ഷ്യം നമുക്കും വയ്ക്കാം. ജലസംഭരണശേഷി വർദ്ധിപ്പിച്ചാൽ വിളവ് ഇരട്ടിയാകുമെന്നുള്ളത് ഉറപ്പാണ്. പഴവർഗ്ഗ കൃഷി നമ്മുടെ നാട്ടിലുണ്ട്. ഞങ്ങളുടെ നാട്ടിലുള്ള ഏറ്റവും പഴയ പഴവർഗ്ഗകൃഷി റംബൂട്ടാനാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു, പ്രസംഗം അവസാനിപ്പിക്കണം, സഹകരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, മുസ്ലീംലീഗിന് അനുവദിച്ച സമയത്തിൽ നിന്നും ഒരു മിനിട്ട് സമയം എനിക്ക് തന്നിട്ടുണ്ട്. ചോദ്യം ചോദിച്ച് എന്റെ ഒരു മിനിട്ട് കളഞ്ഞിട്ടുണ്ട്.

8 ഏക്കറിൽനിന്നും 40 ലക്ഷം രൂപ റംബൂട്ടാൻ കൃഷിയിൽ നിന്നും ലഭിക്കുന്നത് കണ്ടിട്ടുണ്ട്. പൊതുവേ അഭിപ്രായപ്പെടുന്നത് ഈ കൃഷിക്ക് ജലസേചനം വേണമെന്നാണ്. എന്നാൽ അവിടെ ഈ കൃഷി മലയുടെ മുകളിലാണുള്ളത്; ഒരു ജലസേചനവുമില്ല; ഞാൻ പോയിക്കണ്ടതാണ്. മൾച്ചിംഗാണ് ചെയ്യുന്നത്. നല്ലതുപോലെ ഇലകളും ചപ്പുചവറുമിട്ട് മൾച്ചിംഗ് വഴി ജലസേചനമില്ലാതെയുള്ള ഉത്പാദനം അവിടെ കണ്ടു. കുറ്റ്യാടിയിൽ ഏറ്റവും വരൾച്ചയുള്ള സമയത്ത് പോയപ്പോഴും അവിടെ വരൾച്ചയില്ല, കാരണം മൾച്ചിംഗാണ്. മൾച്ചിംഗുണ്ടെങ്കിൽ വേനൽ മഴയിലെ വെള്ളത്തെ പിടിച്ചുനിർത്താൻ കഴിയും. മണ്ണിന്റെ ജലസംഭരണ ശേഷിയെ വർദ്ധിപ്പിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

മി. ചെയർമാൻ: അങ്ങ് അവസാനിപ്പിക്കണം. വിഷയത്തിന്റെ ഗൗരവം അറിയാമെങ്കിലും സമയബന്ധിതമായി ചർച്ച തീർക്കണം. സഹകരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: സർ, കേരളത്തിന്റെ കാർഷിക ഉല്പാദനം ഇരട്ടിപ്പിക്കണം. കേന്ദ്ര സർക്കാരിന്റെ മറ്റൊരു വാഗ്ദാനമുള്ളത് ഫിഷറീസുമായി

ബന്ധപ്പെട്ടാണ്. ശ്രീമതി നിർമ്മലാ സീതാരാമന്റെ പ്രസംഗം മുഴുവനും ഞാൻ കേട്ടതാണ്. ഫീഷറീസ് മേഖലയ്ക്ക് വലിയ വാഗ്ദാനമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അത് കേരളം മൊത്തത്തിൽ പ്രയോജനപ്പെടുത്തണം. കടലിന് മാത്രമല്ല ഇൻലാന്റ് ഫിഷറീസിനും വാഗ്ദാനങ്ങളുണ്ട്. കേരളത്തിൽ വൻതോതിലുള്ള സാധ്യതകളുണ്ട്. ഗിഫ്റ്റ് തിലോപ്പിയ മത്സ്യത്തിന് കരിമീനിന്റെ സ്വാദുണ്ട്. ഒരു കുളത്തിൽ നിന്നോ ഒരു ഏക്കറിൽ നിന്നോ 4-5 ലക്ഷം രൂപ സമ്പാദിക്കാൻ കഴിയും. കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരത്തിലുള്ള നല്ല വാഗ്ദാനങ്ങളെ പ്രയോജനപ്പെടുത്തണം. ക്ലസ്റ്ററുകൾ രൂപീകരിക്കണം; സഹകരണ മേഖലയിലേയ്ക്ക് കടക്കണം. ഒരേക്കറിലെ കാർഷികോല്പാദനം ഇരട്ടിപ്പിക്കാനുള്ള നല്ല പ്രവർത്തനങ്ങൾ നടത്തണം.

കേരളത്തിലെ റോഡുകളിലുണ്ടാകുന്ന അപകടത്തെക്കുറിച്ചുകൂടി പറയാം. റോഡുകളിൽ വലിയ കുഴികളാണ്. ഞാൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നു. 50 ലക്ഷം രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിശ്വസിച്ച് ഏല്പിച്ച് അടിയന്തരമായി ഡീ-സെൻട്രലൈസേഷൻ നടപ്പിലാക്കി റോഡിലെ കുഴികൾ നികത്തിയാൽ വലിയ അപകടങ്ങൾ ഒഴിവാക്കാം. ഒരാളെ കൊല്ലാൻ ഒരു വലിയ കുഴി മതി.

അതുപോലെ ഇടുക്കിയിലെ ഭൂവിനിയോഗം; അവിടത്തെ ആളുകൾക്ക് അവരുടെ ഭൂമിയിൽ കൃഷിചെയ്യാം; വീടുനിർമ്മിക്കാം; പക്ഷേ മറ്റൊന്നിനും സാധിക്കില്ല. ഇതിനായി ഹൈക്കോടതിയെ സമീപിച്ചപ്പോൾ പറഞ്ഞത്, എല്ലാ ജില്ലകളിലും എങ്ങനെയാണോ അതുപോലെയായിരിക്കണം എന്നാണ്. ഇടുക്കി ജില്ലയിലെ കൃഷിക്കാർക്ക് മറ്റ് ജില്ലകളിലുള്ളവരെപ്പോലെ വീട് വയ്ക്കാനും കൊമേഴ്സ്യൽ കെട്ടിടങ്ങൾ നിർമ്മിക്കാനും ആശുപത്രി പണിയുന്നതിനുമുള്ള രീതിയിൽ ഭൂവിനിയോഗത്തിൽ മാറ്റംവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളം അടുത്ത പ്രളയത്തിനുവേണ്ടി തയ്യാറെടുപ്പ് നടത്തേണ്ടിയിരിക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. നമ്മുടെ രാജ്യം അതീവ ഗുരുതരമായൊരവസ്ഥയിലേയ്ക്കാണ് കടന്നുപോകുന്നത്. 2019 ഡിസംബർ 19-ന് കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയ പൗരത്വ ഭേദഗതി ബിൽ ഇന്ത്യയുടെ മതേതര മുഖത്താണ് കത്തിവച്ചിരിക്കുന്നത്. രാജ്യത്തെ മതപരമായി ഭിന്നിപ്പിക്കാനാണ് പൗരത്വ ഭേദഗതി ബില്ലുകൊണ്ടുദ്ദേശിക്കുന്നത്. കേരളം ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. ഏകകണ്ഠമായി പൗരത്വ ഭേദഗതി ബിൽ പിൻവലിക്കണമെന്ന പ്രമേയം നിയമസഭയിൽ പാസ്സാക്കിയെടുക്കുവാൻ സഖാവ്

പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന് കഴിഞ്ഞു. ഇതേതുടർന്ന് മറ്റ് പല സംസ്ഥാനങ്ങളിലും ഇപ്പോൾ പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. എന്നാൽ ഇതിന് വഴികാട്ടിയായത് സംസ്ഥാന സർക്കാരിന്റെ നടപടികളാണ്. കേരളം രണ്ടാമതും ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് മാതൃകയായി. ആവശ്യമായ നിയമോപദേശം തേടി സുപ്രീംകോടതിയിൽ നിയമഭേദഗതിക്കെതിരെ സംസ്ഥാനം കേസ് ഫയൽ ചെയ്തു. ഇക്കാര്യത്തിൽ വിവിധ അഭിപ്രായങ്ങൾ രൂപീകരിക്കുകയും ഗവർണ്ണറെ മാറ്റണമെന്നാവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രമേയം അവതരിപ്പിക്കുകയും ചെയ്തവർ യഥാർത്ഥത്തിൽ കേന്ദ്ര സർക്കാരിനെതിരെ ഒരു യോജിച്ച പ്രക്ഷോഭത്തിന് തയ്യാറാകുന്നില്ല. ഭരണഘടന ഉറപ്പുനൽകുന്ന ജനാധിപത്യ അവകാശങ്ങൾ ഒരു മതവിഭാഗത്തിനുമാത്രം നിഷേധിക്കുമ്പോൾ രാജ്യത്ത് നാളിതുവരെ കാണാൻ കഴിയാത്ത പ്രക്ഷോഭങ്ങളാണ് ഉയർന്നുവരുന്നത്. ഇതുവരെയും ഒരു സമരത്തിനും ഇറങ്ങി പുറപ്പെടാത്ത ബുദ്ധിസമൂഹം, ശാസ്ത്രജ്ഞർ, ഗവേഷണ വിദ്യാർത്ഥികൾ, സർവ്വകലാശാല വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പൗരപ്രമുഖർ തുടങ്ങിയവർ ബില്ലിന്റെ ആപത്ത് തിരിച്ചറിഞ്ഞ് തെരുവിലിറങ്ങി പ്രക്ഷോഭത്തിൽ പങ്കെടുക്കുന്ന കാഴ്ച ഡൽഹി, മഹാരാഷ്ട്ര, ഉത്തർപ്രദേശ് തുടങ്ങി ഉത്തരേന്ത്യയിലാകമാനം നമ്മൾ കണ്ടതാണ്. പ്രക്ഷോഭങ്ങൾക്ക് യു.ഡി.എഫ്. സഹകരിച്ചില്ലെങ്കിലും അവരുടെ അണികളും ഇടത്തട്ടിലെ പ്രവർത്തകരും ജനുവരി 26-ന് കേരളം തീർത്ത ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യംവഹിച്ച് മനുഷ്യ മഹാശൃംഖലയിൽ കണ്ണികളായി. തൊടുന്യായങ്ങൾ പറഞ്ഞുനടന്ന കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രന് ഏറ്റവും വലിയ അടിയായി അത് മാറി. യു.ഡി.എഫ്.-ന്റെ പങ്കാളിത്തത്തിൽ ചിലരുടെ പേരിൽ നടപടിയെടുക്കാൻ തീരുമാനിച്ചെങ്കിലും പങ്കെടുത്തവരുടെ പട്ടിക വലുതായതിനാൽ നടപടി ഉപേക്ഷിച്ചു. കേരളം പൗരത്വ ഭേദഗതിയുടെ കാര്യത്തിൽ ഇന്ത്യയ്ക്ക് മൂന്നാമതും മാതൃകാപരമായ സംഭാവനയാണ് മഹാശൃംഖലയിലൂടെ നൽകിയത്. പുറംതിരിഞ്ഞു നിന്നവർക്കുപോലും കുറ്റം കണ്ടുപിടിക്കാനാകാത്ത സ്ഥിതിയിലായിരുന്നു ജനങ്ങൾ പല സ്ഥലത്തും മനുഷ്യമതിലുകൾ തീർത്തത്. പങ്കെടുത്തവരുടെ മുഖത്ത് നിഴലിച്ച ആകാംക്ഷയും ഭീതിയും കാണാൻ കഴിയാതെ ഏകോപിച്ച പ്രവർത്തനത്തിന് വിഘാതമായി നിന്ന യു.ഡി.എഫ്. നേതൃത്വത്തിന് പുനരാലോചിക്കേണ്ട നിമിഷങ്ങളായിരുന്നു 2020 ജനുവരി 26-ന് കേരളത്തിലുണ്ടായത്. പൗരത്വ ഭേദഗതി ബിൽ ഗാന്ധിജിയുടെ ഒരാഗ്രഹമായിരുന്നുവെന്ന് വാദിക്കാനാണ് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ശ്രമിക്കുന്നത്. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്ന് ഹിന്ദുക്കൾ ഇന്ത്യയിലേയ്ക്ക് കുടിയേറിപ്പാർക്കണമെന്ന് ഗാന്ധിജി പറഞ്ഞിരുന്നതായാണ് ആർ.എസ്.എസ്.-കാരും ബി.ജെ.പി.-ക്കാരും പറഞ്ഞ് പ്രചരിപ്പിക്കുന്നത്. രാജ്യത്ത് തികഞ്ഞ

സമാധാനം നിലനിൽക്കണമെന്നാഗ്രഹിച്ച്, മതത്തിന്റെ അടിസ്ഥാനത്തിൽ വിഷയങ്ങൾ കാണാതെ, നവഖാലിയിലും ബീഹാറിലും ഗ്രാമങ്ങളിലുമെല്ലാം പോയി നഗ്നപാദരായി പദയാത്ര നയിച്ച് സമാധാന സന്ദേശം പ്രചരിപ്പിച്ച മഹാത്മാവിനെ ഇതിൽ കൂടുതലായി ഏത് രീതിയിലാണ് മോശമായി ചിത്രീകരിക്കാനുള്ളത്; ഗാന്ധിജി ആത്മഹത്യ ചെയ്തതാണെന്നാണ് ഇപ്പോൾ പാഠപുസ്തകങ്ങളിലൂടെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്. ഇന്നേയ്ക്ക് 72 വർഷംമുമ്പ് ബിർലാമന്ദിരത്തിൽ വൈകിട്ട് പ്രാർത്ഥനാ സമയത്ത് അദ്ദേഹത്തിനെ വെടിവച്ചുകൊന്ന ഗോഡ്സെ കുറ്റക്കാരനല്ലെന്നും അയാൾ ചെയ്തത് നല്ല കാര്യമാണെന്നും ന്യായീകരിക്കാൻ ശ്രമിക്കുകയാണ് ബി.ജെ.പി. ഇപ്പോൾ അവർ ഗോഡ്സെയ്ക്ക് അമ്പലം പണിയാൻ ശ്രമിക്കുകയാണ്. ദേശീയ പൗരത്വ രജിസ്റ്ററിലെയും ദേശീയ ജനസംഖ്യാ രജിസ്റ്ററിലെയും കാര്യങ്ങൾ കേരളത്തിൽ നടപ്പിലാക്കില്ലായെന്ന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞിട്ടുണ്ട്. സെൻസസിനായി ജന്മസ്ഥലവും മാതാപിതാക്കന്മാരുടെ ജന്മസ്ഥലവും സംബന്ധിച്ച രണ്ടുകാര്യങ്ങൾക്കുള്ള വിവരങ്ങൾ ആവശ്യപ്പെടുകയില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിലെ പൊതുമേഖലാ വ്യവസായങ്ങൾ ഒന്നൊന്നായി തീറെഴുതി കൊടുത്തുകൊണ്ടിരിക്കുകയാണ്. ബി.എസ്.എൻ.എൽ.-ൽനിന്ന് 79,856 പേർ 31-ാം തീയതി വോളണ്ടറി റിട്ടയർമെന്റ് വാങ്ങി പടിയിറങ്ങി. ഇപ്പോൾ നല്ല ലാഭത്തിൽ പോകുന്ന ബി.പി.സി.എൽ. എന്ന എണ്ണക്കമ്പനി സ്വകാര്യവൽക്കരിക്കാൻ തീരുമാനമെടുക്കുന്നു. ഏറ്റവുമൊടുവിൽ നിലവിലുള്ള കോടികളുടെ നഷ്ടം എഴുതിത്തള്ളി എയർ ഇന്ത്യയും കിട്ടുന്ന വിലയ്ക്ക് വിൽക്കാൻ തീരുമാനിച്ചിരിക്കുന്നു. കേരളത്തിലെ കടലും ആകാശവും അദാനിക്ക് തീറെഴുതി കൊടുത്തുകഴിഞ്ഞു. ഒരു ചെറുവള്ളംപോലും നിർമ്മിച്ച് പരിചയമില്ലാത്ത അദാനിക്ക് ഇന്ത്യൻ നേവിക്ക് വേണ്ടിയുള്ള കപ്പൽ നിർമ്മാണത്തിന് കരാർ കൊടുത്തുകഴിഞ്ഞു. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ എൽ.ഐ.സി.-യെ വിൽക്കാനുള്ള പദ്ധതിയും പുതിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. റെയിൽവെ സ്വകാര്യവൽക്കരിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്. മുംബൈ- അഹമ്മദാബാദ്, ഡൽഹി-ആഗ്ര തേജസ് ട്രെയിനുകൾ സ്വകാര്യ മേഖലയിൽ ഓടിത്തുടങ്ങി. കേരളത്തിലെ പ്രത്യേക മന്ത്രിസഭ യോഗതീരുമാന പ്രകാരം തിരുവനന്തപുരം വിമാനത്താവളം നടത്തിപ്പ് സംസ്ഥാന സർക്കാരിന് തരണമെന്നാവശ്യപ്പെട്ടു. എന്നാൽ അദാനിക്ക് നടത്തിപ്പ് ചുമതല ഏൽപ്പിച്ചുകൊടുത്തിരിക്കുകയാണ്. കൊച്ചിയിലെ സിയാൽ, കണ്ണൂരിലെ കിയാൽ മോഡൽ വിമാനത്താവള നടത്തിപ്പിനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരുന്നത്, എന്നാൽ അത് കേൾക്കാൻ തയ്യാറായില്ല. ഈ

സ്ഥിതിയിലാണ് കേരള സർക്കാരിന്റെ പ്രവർത്തന നേട്ടത്തെ നാം വിലയിരുത്തേണ്ടത്. പറഞ്ഞ കാര്യങ്ങൾ ഏകദേശം പൂർത്തിയാക്കി. കേരള സർക്കാർ പുതിയ 12 ഇനം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെ കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ തകർക്കണമെന്നാണ് കേന്ദ്ര സർക്കാർ കരുതുന്നത്. ഈ സാഹചര്യത്തിൽ ബഡ്ജറ്റിന് പുറത്ത് ഫണ്ട് കണ്ടെത്തി കിഫ്ബിയിലൂടെ വികസന പ്രവർത്തനം നടത്താനാണ് സർക്കാർ ശ്രമിച്ചത്. 54,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിക്കുകയും അതിൽ 60 ശതമാനം പദ്ധതികൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയുമാണ്. ബാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുന്ന ഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ സംസ്ഥാന സർക്കാരിനോടുള്ള വിവേചനം നാം കാണണം. നമുക്ക് അർഹമായ ജി.എസ്.ടി. വിഹിതം നിഷേധിക്കുകയും കടമെടുക്കാനുള്ള പരിധി കുറയ്ക്കുകയും ചെയ്യുന്നു. ഫെബ്രുവരി 1-ന് അവതരിപ്പിച്ച ബഡ്ജറ്റിൽ 6866 കോടി രൂപ ജി.എസ്.ടി. ഇനത്തിൽ വരുംവർഷത്തിലും വെട്ടിക്കുറച്ചിരിക്കുന്നു. കൂടാതെ പ്രളയദുരിതത്തിന് ന്യായമായി ലഭിക്കേണ്ട തുകയും നൽകുന്നില്ല. സമാനതകളില്ലാത്ത പ്രളയമാണ് രണ്ടുവർഷവും കേരളം കണ്ടത്. എന്നാൽ ലഭ്യമായത് നാമമാത്രമായ തുക മാത്രം. അയ്യായിരം കോടി രൂപയുടെ ഗ്രാന്റും വെട്ടിക്കുറച്ചു. ഈ സാഹചര്യത്തിലും വികസന പ്രവർത്തനങ്ങളുമായി മുന്നേറുകയാണ് കേരള സർക്കാർ. മത്സ്യത്തൊഴിലാളി ഉപജീവന പദ്ധതി, റൂറൽ ആർട്ട് ഹബ്ബ് എന്നീ പദ്ധതികളും സഖാവ് പിണറായി വിജയൻ സർക്കാരിന്റെ ഭാഗമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. ജെ. മാക്സി: സർ, യുവകലാകാരന്മാർക്കുവേണ്ടി ഡയമണ്ട് ജൂബിലി ഫെലോഷിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം 90 കോടി രൂപയുടെ തീരദേശറോഡുകളുടെ പ്രവർത്തനങ്ങളുമായി എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ്. മത്സ്യത്തൊഴിലാളി കുടുംബ പുനരധിവാസത്തിനായി 540 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 964 ഫ്ലാറ്റുകളുടെ നിർമ്മാണം സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു.

മി. ചെയർമാൻ: കൺക്ലൂഡ് ചെയ്യണം.

ശ്രീ. കെ. ജെ. മാക്സി: സർ, പരീക്ഷണാടിസ്ഥാനത്തിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണവും മറ്റും കിഫ്ബി വഴി സഹായം നൽകി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇത്രയും കടുത്ത പ്രതിസന്ധിയിലും

കേരളത്തെ മുന്നോട്ടുനയിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പതിനെട്ടാമത്തെ പാരഗ്രാഫിൽ പറഞ്ഞിരുന്നത് പൗരത്വം മതത്തിന്റെ അടിസ്ഥാനത്തിലാക്കാൻ കഴിയുകയില്ലായെന്നാണ്. ഈ ഭാഗമാണ് അദ്ദേഹം പൂർണ്ണമായും വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് വായിച്ചത്. ആ ഗവർണ്ണറെ സംരക്ഷിക്കാനുള്ള സമീപനമാണ് നിർഭാഗ്യവശാൽ ഈ ഗവൺമെന്റ് ഇപ്പോഴും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഗവർണ്ണർക്കെതിരെയുള്ള പ്രമേയംപോലും സഭയിൽ ചർച്ച ചെയ്യാൻ ഗവൺമെന്റ് അനുവദിക്കുന്നില്ല. കഴിഞ്ഞ നയപ്രഖ്യാപനത്തിലെ കാര്യങ്ങൾ നടപ്പിലാക്കാതെയാണ് പുതിയതിലേയ്ക്ക് കടന്നിരിക്കുന്നത്. ഈ നയപ്രഖ്യാപനം ഒരു തനിയാവർത്തനം മാത്രമാണ്. ആരോഗ്യമേഖലയിലെ പരിരക്ഷയെക്കുറിച്ചാണ് ഇവിടെ കൊട്ടിഘോഷിച്ചിരിക്കുന്നത്. കഴിഞ്ഞ നയപ്രഖ്യാപനത്തിൽ അത് വ്യക്തമായി പ്രതിപാദിച്ചിരുന്നു. കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട് ചികിത്സാ ഇനത്തിൽ 71 കോടി രൂപയാണ് വിവിധ ആശുപത്രികൾക്ക് ഗവൺമെന്റ് കൊടുക്കാനുള്ളത്. പല സൗജന്യ മരുന്നുകളും ഇന്ന് ലഭിക്കുന്നില്ല. ഹീമോഫീലിയ രോഗികളടക്കം വിഷമിക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. കാരുണ്യ പോലുള്ള പദ്ധതികൾ പരിപൂർണ്ണമായും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. മറ്റൊരു വിഷയം പ്രളയത്തിനുശേഷമുള്ള പുനർ നിർമ്മാണമാണ്. അത് പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുകയാണെന്നത് വാസ്തവമാണ്. പുനർനിർമ്മാണം കാര്യക്ഷമമായ നിലയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഭവനനിർമ്മാണം അടക്കമുള്ള കാര്യങ്ങൾ ഇപ്പോഴും പകുതി വഴിയിലായിരിക്കുന്ന സാഹചര്യമാണുള്ളത്. സ്കൂളുകളുടെ നവീകരണമാണ് മറ്റൊരു കാര്യം. പല സ്ഥലങ്ങളിലും സ്മാർട്ട് സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയാണ്. കരാറുകാർക്കും ഏജൻസികൾക്കും ഗവൺമെന്റ് തുക നൽകാത്തതാണ് അതിനുള്ള കാരണം. സംശയമുണ്ടെങ്കിൽ ഗവൺമെന്റിന് പരിശോധിക്കാം. വയനാട്ടിലെ ഒരു സർക്കാർ സ്കൂളിൽ പാമ്പുകടിയേറ്റ് വിദ്യാർത്ഥി മരിച്ചത് വിസ്മരിക്കാൻ കഴിയുന്നതല്ല. അതൊരു ഒറ്റപ്പെട്ട സംഭവമായി വരുമ്പോഴും നിങ്ങൾ കൊട്ടിഘോഷിക്കുന്ന നവീകരണ പ്രവർത്തനങ്ങൾ, സ്മാർട്ട് സ്കൂളടക്കമുള്ള കാര്യങ്ങൾ വെറും കടലാസിൽത്തന്നെ ഒതുങ്ങുന്നുവെന്നതാണ് ഇത്തരത്തിലുള്ള വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഏറ്റവും കൂടുതൽ കൊട്ടിഘോഷിച്ച മറ്റൊരു വിഷയമായിരുന്നു കിഫ്ബി. ഈ പദ്ധതിയിലൂടെ പുതിയ കേരളത്തെ

സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറയുകയും കിഫ്ബിയെക്കുറിച്ച് വാതോരാതെ പ്രശംസിക്കുകയും ചെയ്തപ്പോൾ ഇത് കാറ്റ് പോയൊരു ബലൂണാണെന്ന് അന്നുതന്നെ ഞങ്ങൾ പറഞ്ഞു. കിഫ്ബിയിൽ എത്ര വർക്കുകൾ സ്തംഭിച്ച് കിടക്കുന്നുവെന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിലെ മണീട് പഞ്ചായത്തിലൂടെ കടന്നുപോകുന്ന റോഡ് 2016-ൽ കിഫ്ബി പദ്ധതിയിലെടുത്തതാണ്. കിഫ്ബിയിലായതിനാൽ ഏറ്റവും വലിയ ആധുനിക രീതിയിലുള്ള റോഡാകുമെന്നാണ് എല്ലാവരും കരുതിയത്. നാല് വർഷം പിന്നിട്ട ശേഷമാണ് അതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ അത് പകുതി വഴിക്കുവച്ച് നിർത്തിവച്ചിരിക്കുകയാണ്. പുതിയ നിബന്ധനകൾവച്ച് ആ റോഡിന്റെ നിർമ്മാണ പ്രവർത്തനം അനന്തമായി നീണ്ടുപോകുകയാണ്. എഗ്രിമെന്റ് വച്ചപ്പോഴില്ലാതിരുന്ന നിബന്ധനകൾ ഇപ്പോൾ കിഫ്ബി അതിൽ വയ്ക്കുകയാണ്. പി.ഡബ്ല്യു.ഡി.-യോട് ചോദിക്കുമ്പോൾ, കിഫ്ബി പറഞ്ഞാൽ മാത്രമേ റോഡ് നിർമ്മിക്കാൻ കഴിയുകയുള്ളൂ എന്നാണ് പറയുന്നത്. എത്ര നിരുത്തരവാദപരമായ സമീപനമാണ് ഇക്കാര്യത്തിൽ കാണുന്നത്. ഇപ്പോൾ ഈ റോഡിന്റെ നിർമ്മാണപ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. കേരളത്തിൽ ഇങ്ങനെയുള്ള അനവധി റോഡുകൾ നമുക്ക് കാണാൻ കഴിയും. മേൽപ്പാലങ്ങളുടെ നിർമ്മാണമടക്കമുള്ള കിഫ്ബി പദ്ധതികൾ പരിപൂർണ്ണമായും സ്തംഭിച്ചുനിൽക്കുന്ന സാഹചര്യമാണിപ്പോൾ നിലനിൽക്കുന്നത്. ഈ ഗവൺമെന്റിന്റെ പരിപൂർണ്ണമായ പരാജയമാണ് ഇത്തരത്തിലുള്ള കാര്യങ്ങളിലൂടെ കാണാൻ കഴിയുന്നത്. സാമ്പത്തിക മേഖല സമ്പൂർണ്ണമായും തകർന്നിരിക്കുന്നു. ട്രഷറി നിയന്ത്രണം തന്നെയാണ് വിവിധ വർക്കുകൾ ഇന്ന് മുമ്പോട്ടുപോകാതിരിക്കുന്നതിന് കാരണം. ട്രഷറി നിയന്ത്രണമൊരു ഘടകമാണ്. ഇത്തരത്തിലുള്ള കാര്യങ്ങളെ സംബന്ധിച്ചും ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചും ജനങ്ങളുടെയിടയിൽ വലിയൊരു ആശങ്ക നിലനിൽക്കുകയാണ്. വെറും പൊള്ളയായ കാര്യങ്ങൾ മാത്രം നിറച്ചിരിക്കുന്ന നയപ്രഖ്യാപനമാണിത്. ഈ പ്രമേയത്തെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുകയാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. പൗരത്വ ഭേദഗതി ബിൽ വന്നപ്പോൾ ഒരു കാലത്തുമുണ്ടായിട്ടില്ലാത്തൊരു ഭയപ്പാട് ഇന്ത്യയിലെ വിവിധ വിഭാഗത്തിൽപ്പെട്ട ന്യൂനപക്ഷങ്ങൾക്കിടയിലുണ്ടായി. കേരളം മാത്രമാണ് നിയമസഭയിൽ ഒരുമിച്ച് പ്രമേയം അവതരിപ്പിച്ചത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ എല്ലാ ന്യൂനപക്ഷ സമുദായത്തിലെയും നേതാക്കളെ അണിനിരത്തിക്കൊണ്ട് ന്യൂനപക്ഷത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ ഒരു

നിലപാടും സ്വീകരിക്കില്ലെന്ന തീരുമാനമെടുത്തു. ഇന്ത്യാരാജ്യത്ത് നമ്മുടെ സംസ്ഥാനത്തിന് മാത്രമാണ് ഈ നിലപാട് സ്വീകരിക്കാൻ കഴിഞ്ഞത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയ പരിശ്രമത്തിന്റെയും പ്രഖ്യാപനങ്ങളുടെയും ഫലമായി ഇന്ന് ഏതാണ്ട് പതിനാല് സംസ്ഥാനങ്ങൾ നമ്മൾ സ്വീകരിച്ച നിലപാടിലേയ്ക്ക് വന്നിരിക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട നിലപാട് സ്വീകരിച്ച ഒരു ഘട്ടത്തിലാണ് നമ്മൾ എത്തിനിൽക്കുന്നത്. കേരളത്തിലെ മുൻ ഗവർണ്ണർമാരും സംസ്ഥാന ഗവൺമെന്റ് പാസ്സാക്കിക്കൊടുത്ത ചില കാര്യങ്ങളെല്ലാം വായിക്കാതിരുന്നിട്ടുണ്ട്. അതൊക്കെ ചെറിയ പ്രശ്നങ്ങളാണ്. സംസ്ഥാന മന്ത്രിമാർ ചർച്ച ചെയ്ത് പാസ്സാക്കിയത് ഗവർണ്ണർ ഇവിടെ വായിച്ചു. അത്ര മാത്രമേയുള്ളൂ. അദ്ദേഹം ന്യൂനപക്ഷ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പറഞ്ഞതിനെയെല്ലാം മുഖ്യമന്ത്രിയടക്കം പരസ്യമായി വിമർശിച്ചു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ മാത്രമല്ല, ഇവിടത്തെ ഭൂരിഭാഗം മതത്തിലുംപെട്ട പിന്നോക്ക വിഭാഗത്തിനെതിരെ കൈപൊക്കാൻ സാധിക്കുന്ന ശക്തികളാണ് ഇന്ന് ഈ നിലപാട് സ്വീകരിച്ചുവരുന്നത്.

മറ്റൊന്ന്, ഇന്ത്യൻ സമ്പദ്ഘടനയുമായി ബന്ധപ്പെട്ടതാണ്. നെഹ്റുവിന്റെ കാലത്തും അതിനുശേഷമുള്ള ഗവൺമെന്റുകളുമെല്ലാം കഷ്ടപ്പെട്ടുണ്ടാക്കിയ പൊതുമേഖലാ വ്യവസായങ്ങൾ മുഴുവൻ ഇന്ന് തകർക്കുകയാണ്. ഇന്ന് ഇന്ത്യ ഭരിക്കുന്നത് വൻകിട കുത്തകകളാണ്. അവസാനം എൽ.ഐ.സി.-യെ അടക്കം തകർക്കുകയാണ്. ജനങ്ങളുടെ മുമ്പാകെ മതപരമായ പ്രശ്നങ്ങൾ കാണിച്ചുകൊണ്ട് ഇന്ത്യയിലെ വൻകിട കുത്തകക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നൊരു ഗവൺമെന്റ് അതിൽ പിടിച്ചുനിൽക്കാനാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങളുമായി നീങ്ങുന്നത്. അതുകൊണ്ട് നിയമസഭയിൽ എന്തുപറഞ്ഞാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്ന ഈ സമീപനത്തിന്റെ ഫലമായി സംസ്ഥാനത്തെ ന്യൂനപക്ഷമടക്കമുള്ള വലിയ വിഭാഗം ജനങ്ങൾ, ഇടതുപക്ഷ ജനാധിപത്യ മുന്നണികൾ സമാധാനപരമായ പ്രക്ഷോഭത്തിലേയ്ക്ക് നീങ്ങും. നേരത്തെ വരാതിരുന്നവരടക്കമുള്ള വലിയൊരു ജനവിഭാഗം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഈ പ്രക്ഷോഭത്തിന്റെ ഭാഗമായി നിന്നു. നിയമസഭയിലെ എല്ലാ കക്ഷികളും താൽക്കാലികമായെങ്കിലും ന്യൂനപക്ഷത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ മുഖ്യമന്ത്രിക്ക് പിന്തുണ കൊടുക്കുന്ന രൂപത്തിലുള്ള ഒരു സമീപനം സ്വീകരിക്കേണ്ടതായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഈ നന്ദി പ്രമേയത്തെ ഒരിക്കൽക്കൂടി അംഗീകരിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിന് സമാരംഭം കുറിച്ചുകൊണ്ട് ഈ മഹനീയ സഭയെ

അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ അവർകളുടെ നയപ്രഖ്യാപനത്തെയും അതിനെ പിന്തുണച്ചുകൊണ്ട് ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെയും ഞാൻ പിന്തുണയ്ക്കുന്നു. 1344 ദിവസം പൂർത്തിയാക്കിയ ഈ സർക്കാർ സമൂഹത്തിൽ പിന്നോക്കാവസ്ഥയിലുള്ള മുഴുവൻ ജനവിഭാഗങ്ങളെയും പരിപാലിക്കുന്നതിലും സംരക്ഷിക്കുന്നതിലും പ്രതിബദ്ധതയോടെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. രണ്ട് മഹാപ്രളയങ്ങളെ അതിജീവിച്ച ഈ കൊച്ചുസംസ്ഥാനത്തെ വിദേശങ്ങളിൽനിന്നടക്കം നിക്ഷേപങ്ങൾ സമാഹരിച്ചുകൊണ്ട് മുന്നോട്ടുകൊണ്ടുപോകാനുമുള്ള സംസ്ഥാന സർക്കാരിന്റെ നിശ്ചയദാർഢ്യം ഓരോ തീരുമാനങ്ങളിലും വ്യക്തമാണ്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കാൻ വിദേശത്തുള്ള സാങ്കേതിക വിദഗ്ദ്ധരുടെ പിന്തുണയോടെ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. നാടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി അൻപതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ദേശീയ തലത്തിൽ അംഗീകാരം നേടിയ സംസ്ഥാനമാണിതെന്നത് ഓരോ കേരളീയനും അഭിമാനിക്കാവുന്നതാണ്. ലൈഫ് മിഷൻ പദ്ധതിയിലൂടെ രണ്ട് ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകാനുള്ള തീരുമാനമെടുക്കുകയും 160000 വീടുകൾ പൂർത്തിയാക്കുകയും ചെയ്തത് അഭിമാനകരമാണ്. ഇന്ത്യയിൽ ഏറ്റവും മികച്ച പൊതുവിദ്യാഭ്യാസ മേഖല നമ്മുടെ സംസ്ഥാനത്താണെന്നത് ആർക്കാണ് നിരാകരിക്കാൻ കഴിയുന്നത്? പൊതുജനാരോഗ്യ സംരക്ഷണ രംഗത്ത് കേരളം പ്രകടിപ്പിച്ച ധീരോദാത്തമായ മാതൃകയെ ലോകം മുഴുവൻ അംഗീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. രാജ്യത്താകമാനം സ്ത്രീ സുരക്ഷ ഒരു വെല്ലുവിളിയായി മാറുമ്പോൾ, കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറുന്നത് ഏതൊരു കേരളീയനും അഭിമാനമാണ്. മത്സ്യത്തൊഴിലാളികളടക്കമുള്ള പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. രാജ്യത്തിന്റെ സാമ്പത്തിക മേഖലയുടെ തകർച്ച ആശങ്കയുളവാക്കുന്നതാണ്. ഈ പ്രതിസന്ധിയിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ കേന്ദ്രം നടത്തുന്ന ആസൂത്രിത ശ്രമങ്ങളെ കേരളത്തിലെ ജനങ്ങൾ ഫലപ്രദമായി ചെറുക്കുമെന്നതിന് തെളിവാണ് ജനുവരി 26-ാം തീയതി കേരളത്തിന്റെ ഒരറ്റം മുതൽ അങ്ങേയറ്റംവരെ അണിനിരന്ന ജനലക്ഷങ്ങൾ. രാജ്യത്തെ മതേതര ജനാധിപത്യ ശക്തികൾക്ക് വഴികാട്ടിയായി നമ്മുടെ കൊച്ചുസംസ്ഥാനമായ കേരളം മാറുന്നു എന്നതും അഭിമാനാർഹമാണ്. കേന്ദ്ര സർക്കാർ പൊതുമേഖലയെ

വിറ്റഴിക്കുമ്പോൾ അവയെ സംരക്ഷിക്കാൻ കേരള സർക്കാരും ബഹുമാന്യനായ മുഖ്യമന്ത്രിയും സ്വീകരിക്കുന്ന നിലപാടുകൾ വ്യക്തമായ സന്ദേശമാണ് നൽകുന്നത്. പക്ഷേ, ലക്ഷക്കണക്കിനാളുകൾ ആശ്രയിക്കുന്ന റബ്ബർ കൃഷിയെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ലെന്നുള്ളത് ഖേദകരമാണ്. റബ്ബർ ഷീറ്റിന് 150 രൂപ തറവില പ്രഖ്യാപിച്ചിരിക്കുമ്പോൾ, റബ്ബറിന്റെ സ്ക്രാപ്പിന്, ഒട്ടുപാലിനും ചിരട്ടപ്പാലിനും വെറും 53 രൂപ മാത്രമാണുള്ളത്. ഇവിടെയാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. മലേഷ്യയിലെ റബ്ബർ തോട്ടം ഞാൻ കണ്ടിട്ടുണ്ട്. അവിടെ രണ്ടടി സ്ക്വയറിൽ കുഴി കുഴിച്ചിരിക്കുകയാണ്. റബ്ബർ പാൽ അതിലേയ്ക്ക് വീഴും. രണ്ടാഴ്ച കഴിഞ്ഞ് അതെടുക്കുമ്പോൾ മണലിൽ ഇത് അബ്സോർബ് ചെയ്തിരിക്കും. ഇതൊരു പീസാക്കിമാറ്റി അതിന്റെ നാല് വശവും കട്ട് ചെയ്ത്, പ്രസ് ചെയ്ത് റബ്ബർ ഷീറ്റ് എന്നുപറഞ്ഞ് ഇന്ത്യയിൽ ഇറക്കുമതി ചെയ്യുന്നു. ഇതിൽ ആസിഡോ അമോണിയയോ ചേരുന്നില്ല. അതുകൊണ്ടുതന്നെ അതിനാണ് ഏറ്റവും വലിയ ഡിമാന്റ്. അത് ഇവിടെ സപ്രസ് ചെയ്തുകൊണ്ട് റബ്ബർ ഷീറ്റിന് പുറകെ പോകുകയാണ്. ഒരു റബ്ബർ ഷീറ്റുണ്ടാക്കുന്നതിന് ധാരാളം പ്രോസസ്സുണ്ട്. രാവിലെ അഞ്ചര മണിക്ക് റബ്ബർ വെട്ടും, ഒൻപതര മണിക്ക് പാലെടുക്കും, അതിൽ വെള്ളവും ആസിഡും മിക്സ് ചെയ്യും, 3-4 മണിയാകുമ്പോൾ ഇത് പ്രസ് ചെയ്ത് ഷീറ്റായി അച്ചിൽ അടിച്ച്, നാല് ദിവസം വെയിലത്തും പിന്നീട് പുകപ്പുരയിലുമിട്ട് ഉണക്കി ഇത് പൂർത്തിയാക്കും. ഇതൊരു വലിയ പ്രോസസ്സാണ്.

മി. ചെയർമാൻ: അങ്ങയുടെ സമയം അവസാനിച്ചു.

ശ്രീ. മാണി സി. കാപ്പൻ: സർ, ഇതിന്റെ പണിക്കൂലിപോലും പകുതിയായി കുറയ്ക്കാൻ കഴിയും. റബ്ബർ ടാപ്പ് ചെയ്യുന്നയാൾ ടാപ്പ് ചെയ്തിട്ടുപോയാൽ മതി. അതായത്, ആറുമണിയാകുമ്പോൾ അയാളുടെ ജോലി കഴിഞ്ഞു. രണ്ടാഴ്ചയിലൊരിക്കൽ ഈ റബ്ബർ എടുത്താൽ മതി. റബ്ബർ കർഷകനെ സംബന്ധിച്ചിടത്തോളം നൂറ്റിഅൻപത് രൂപ ഇപ്പോൾ താങ്ങുവിലയായി കൊടുക്കുന്നുണ്ട്. റബ്ബർ സ്ക്രാപ്പിന് 120 രൂപ താങ്ങുവിലയായി കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചാൽ റബ്ബർ കർഷകരുടെ പ്രതിസന്ധി തീരും, നല്ല നിലയിലേയ്ക്ക് റബ്ബർ കൃഷി മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. അതുകൊണ്ട് ഇന്ത്യാ രാജ്യത്തെ മുഴുവൻ ജനാധിപത്യ ശക്തികൾക്കും സർക്കാരുകൾക്കും മാതൃകയായി മാറുന്ന ഈ സർക്കാരിന്റെ നയപ്രഖ്യാപനത്തെ ഞാൻ പിന്തുണയ്ക്കുന്നു, നന്ദി.

ശ്രീ. കാരാട്ട് റസാഖ്: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ ഇന്ത്യയിൽ പൗരത്വ ഭേദഗതി ബിൽ കൊണ്ടുവന്നപ്പോൾ സംസ്ഥാനത്ത് അത് നടപ്പിലാക്കാൻ

അനുവദിക്കില്ലെന്ന ധീരമായ നിലപാട് സ്വീകരിച്ച മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ ആദ്യമായി അഭിനന്ദിക്കുകയാണ്. മതേതര ഇന്ത്യയ്ക്കുവേണ്ടി ഭരണഘടന നിലനിർത്താൻ ജനാധിപത്യ സമരത്തിനിറങ്ങിയ ഇന്ത്യയിലെ മതേതര ജനതയെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ത്യയുടെ മഹത്തായ മതേതര പാരമ്പര്യത്തിന് വിഘാതമേൽപ്പിച്ചുകൊണ്ട് ശ്രീ. നരേന്ദ്രമോദി നയിക്കുന്ന ബി.ജെ.പി. ഗവൺമെന്റ്, അവർക്ക് മൃഗീയ ഭൂരിപക്ഷമുള്ള ലോക്സഭയിലും പിന്നീട് രാജ്യസഭയിലും പാസ്സാക്കുകയും രാഷ്ട്രപതിയുടെ അംഗീകാരത്തോടെ നിയമമായി പ്രാബല്യത്തിൽ വരുത്തുകയും ചെയ്ത പൗരത്വ ഭേദഗതി നിയമത്തിനെതിരെ രാജ്യമൊന്നടങ്കം തെരുവിലിറങ്ങി പ്രതിഷേധിക്കുന്ന ഒരു സാഹചര്യത്തിലാണ് വർത്തമാനകാല ഇന്ത്യ കടന്നുപോകുന്നത്. തങ്ങളുടെ അഹന്തയ്ക്കും അഹങ്കാരത്തിനും വിഭാഗീയ രാഷ്ട്രീയത്തിനും മതവെറിക്കും കിട്ടിയ മതേതര മറുപടി അവരെ എത്രത്തോളം ഭയപ്പെടുത്തുന്നു എന്നതിന്റെ തെളിവാണ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ അവർ നടത്തിവരുന്ന തീവ്ര മുസ്ലീം വിരുദ്ധ പ്രസ്താവനകളും അതിനുത്തരം നൽകുംവിധം തോക്കുകളും ആയുധങ്ങളുമായി ജുമാ മസ്ജിദിലും ജാമിയ മിലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റിയിലും ഷഹീൻബാഗിലും യു.പി.-യിലും ബീഹാറിലുമെല്ലാം ഭീതിപരത്തുന്ന മതഭ്രാന്തന്മാരുടെ കാട്ടിക്കൂട്ടലുകളും. എന്നാൽ ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും മൗലാനാ അബ്ദുൾ കലാം ആസാദും ഡോ. ബി. ആർ. അംബേദ്കറും അടങ്ങിയവരുടെ മഹത്തായ മതേതര വീക്ഷണത്തെയും കാഴ്ചപ്പാടിനെയും ഭരണഘടനയുടെ മതനിരപേക്ഷ പാരമ്പര്യത്തെയും ഉയർത്തിപ്പിടിച്ചുകൊണ്ട് നിങ്ങൾക്ക് തെറ്റി എന്ന് ഉറക്കെ വിളിച്ചുപറയുന്ന, ചൂണ്ടുവിരൽ ഉയർത്തുന്ന ഒരു മതേതര സമൂഹം ഇവിടെയുണ്ട്, ഇവിടെ ഉണ്ടാകുകതന്നെ ചെയ്യും എന്നുള്ളതുതന്നെയാണ് ഈ പ്രക്ഷോഭത്തിന്റെ ഇതുവരെയുള്ള ഗതി വിശകലനം ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകുന്നത്. പൗരത്വം എന്നത് ഒരു ചെറിയ വിഷയമല്ല. ആധുനിക രാഷ്ട്രവ്യവസ്ഥയിൽ സകല അവകാശങ്ങളെയും നിർണ്ണയിക്കുന്നത് പൗരത്വമാണ്. അതായത്, അവകാശങ്ങൾ നേടിയെടുക്കാനുള്ള ഒരു പ്രാഥമിക അവകാശമായിട്ടാണ് പൗരാവകാശത്തെ നമ്മൾ മനസ്സിലാക്കേണ്ടത്. ജർമ്മനിയിൽ ഹിറ്റ്ലറുടെ നാസികൾ നടത്തിയ ഹോളോകോസ്റ്റിന് സമാനമായ ഒരു സാഹചര്യത്തിലേയ്ക്കാണ് CAA, NRC, NPR എന്നീ നിയമങ്ങളെ ചേർത്തുകൊണ്ട് വിരൽചൂണ്ടുന്നത്. NPR വഴി NRC കൊണ്ടുവരികയും അതുവഴി ഒഴിവാക്കപ്പെടുന്ന മുസ്ലീങ്ങളല്ലാത്ത ആറ് വിഭാഗങ്ങൾക്ക് സിറ്റിസൺഷിപ്പ് പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി CAA കൊണ്ടുവരികയും ചെയ്യുന്നത് ഒരു വിഭാഗത്തെമാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള ഉന്മൂലന പദ്ധതിയായിട്ട് വേണം നാം മനസ്സിലാക്കാൻ. ഇത് ഭരണഘടനാ വിരുദ്ധം മാത്രമല്ല, മനുഷ്യവിരുദ്ധമായ നിയമം

കൂടിയാണ്. ഉള്ളിൽ മനുഷ്യത്വത്തിന്റെ യാതൊരു കണികയും അവശേഷിക്കാത്തവിധം മതഭ്രാന്തും വർഗ്ഗീയതയും തലയിൽ കയറിയവർക്ക് മാത്രമേ തങ്ങളുടെ അതേ രീതിയിൽ ഭരണഘടനാ അവകാശങ്ങളുള്ള ഒരു ജനതയെ അപ്രായോഗികമായ ന്യായങ്ങൾ പറഞ്ഞ് തടവുപാളയത്തിലേയ്ക്ക് അയയ്ക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ ലോകത്തെ വലിയ ഫാസിസ്റ്റുകളിൽനിന്നും പാഠം പഠിച്ചതുകൊണ്ട് വർഷങ്ങൾ നീണ്ട പരിശ്രമത്തിലൂടെ അധികാരത്തിൽവന്ന് അവർ തങ്ങളുടെ മതരാഷ്ട്രമെന്ന സങ്കൽപ്പം സാധ്യമാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ നിയമം ഇപ്പോൾ നോട്ടമിട്ടിരിക്കുന്നത് മുസ്ലീങ്ങളെയാണ്. യഹൂദന് പിറകെ കമ്മ്യൂണിസ്റ്റുകളും നിരീശ്വരരും നാടോടികളും ഭിന്നശേഷിക്കാരും നാസികൾക്കിരയായി തീർന്നുവെന്നാണ് ചരിത്രപാഠം. എന്നാൽ ഇതൊന്നും ഇവിടെ വിലപ്പോകില്ലെന്ന് പറഞ്ഞുകൊടുക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തിന്റെ യശസ്സും പാരമ്പര്യവും ഉയർത്തിപ്പിടിച്ചുകൊണ്ട്, സ്വാതന്ത്ര്യസമര കാലത്ത് രാജ്യത്തെ ഒറ്റിക്കൊടുക്കുകയും മാപ്പെഴുതിക്കൊടുക്കുകയും ചെയ്ത പാരമ്പര്യമുള്ളവർക്കെതിരെ ഒരുമിച്ച് നിന്നുകൊണ്ട്, കക്ഷി- രാഷ്ട്രീയ-ജാതി-മത ഭേദമെന്യേ പോരാടാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. ഇതിൽ നാം രാഷ്ട്രീയ സ്വാർത്ഥത കലർത്തരുത്. അത് ഈ സമരത്തെ വിഭജിക്കാനേ സഹായിക്കൂ. മറിച്ച്, ഇത് നാടിന്റെ വിഷയമായി കണ്ടുകൊണ്ട് ഗൗരവത്തോടുകൂടി ഇതിനെ സമീപിക്കേണ്ടതുണ്ട്.

രാജ്യത്തെ മതത്തിന്റെ പേരിൽ വിഭജിക്കാനൊരുങ്ങുന്നവരുടെ വെല്ലുവിളിയെ നാം ഒരുമിച്ച് നേരിടണം, നേരിടുകതന്നെ ചെയ്യും. മറ്റൊരു മതരാഷ്ട്രമാകാനല്ല നമ്മുടെ രാഷ്ട്രത്തിന്റെ ശില്പികൾ ഈ രാജ്യത്തെ വിഭാവനം ചെയ്തിട്ടുള്ളത്. മറിച്ച്, മതനിരപേക്ഷതയുടെയും സഹിഷ്ണുതയുടെയും മഹത്തായ പാഠങ്ങൾ ലോക രാജ്യങ്ങളിലാകമാനം പഠിപ്പിക്കാനാണ്. ഇതിന് തടസ്സം നിൽക്കുന്ന യാതൊന്നിനെയും നമ്മൾ അംഗീകരിച്ചുകൂടാ; നടപ്പിലാക്കാൻ സമ്മതിച്ചുകൂടാ. ഇത്തരം കിരാത ഫാസിസ്റ്റ് നിയമങ്ങൾക്കെതിരെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ഒരായിരം ഷഹീൻ ബാഗുകൾ വരേണ്ടതുണ്ട്. ഓരോ കലാലയങ്ങളും ജാമിയ മിലിയയും അലിഗഡും ജെ.എൻ.യു.-ഉം ആയി മാറേണ്ടതുണ്ട്. എന്നാൽ മാത്രമേ ഇന്ത്യാ മഹാരാജ്യത്തിന് മതേതരമായ, മതനിരപേക്ഷമായ ഒരു പുലരി സ്വപ്നം കാണാൻ സാധിക്കുകയുള്ളൂ. മറ്റ് വികസനകാര്യത്തിലെന്നതുപോലെ ഈ പ്രക്ഷോഭത്തിലും ഇന്ത്യയ്ക്ക് മാതൃകയായി മാറാൻ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഭരണഘടനാ സംരക്ഷണത്തിനുവേണ്ടി കക്ഷി-രാഷ്ട്രീയ-ജാതി-മത വ്യത്യാസങ്ങൾ മാറ്റിവച്ചുകൊണ്ട് എല്ലാവരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പ്രക്ഷോഭങ്ങൾ

സംഘടിപ്പിച്ചെന്നുമാത്രമല്ല, അതിനെതിരെ നിയമസഭയിൽ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കി ലോകത്തിനുതന്നെ കേരളം മാതൃകയായി. ഇതിനെത്തുടർന്ന് പശ്ചിമബംഗാൾ, രാജസ്ഥാൻ, പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങൾ ഈ ഭരണഘടനാ വിരുദ്ധ നിയമത്തിനെതിരെ പ്രമേയം പാസ്സാക്കുകയും ചെയ്തു. കൂടാതെ ഇന്ത്യയിലെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ കേസ് ഫയൽ ചെയ്യുകയും ചെയ്തു. നമ്മുടെ രാജ്യത്തെ ജനങ്ങൾ അന്തിമമായി വിശ്വാസത്തിലെടുക്കുന്നത് നീതിപീഠത്തെയും നിയമപാലകരെയുമാണ്. ആ വിശ്വാസങ്ങൾക്ക് കളങ്കം വരുത്തുന്ന രീതിയിലുള്ള ഒരു നടപടിയും സമൂഹത്തിന് അംഗീകരിക്കാൻ സാധിക്കുകയില്ല. പക്ഷെ അത്തരം വിശ്വാസങ്ങൾക്ക് ഭംഗം വരുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നിയമപാലകരിൽനിന്നും രാജ്യത്തിന്റെ പല ഭാഗങ്ങളിലും നമുക്ക് കാണാൻ സാധിക്കുന്നതാണ്. ന്യൂനപക്ഷ സമുദായക്കാരായ മുസ്ലീം മതവിശ്വാസികളെയും ന്യൂനപക്ഷങ്ങളെയും അടിച്ചോടിക്കുകയും മുസ്ലീം വീടുകൾ കൊള്ളയടിക്കുകയും മുസ്ലീം സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും കൊലപ്പെടുത്തുകയും ചെയ്യുന്ന ഒരു സാഹചര്യം ഇന്ന് രാജ്യത്ത് നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ നിയമപാലകരുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. നിയമം കയ്യിലെടുക്കുന്നവരെ ശിക്ഷിക്കണം. എന്നാൽ ഇല്ലാത്ത നിയമത്തിന്റെ പേരിൽ ഒരു വിഭാഗത്തെ ക്രൂശിക്കുന്നത് രാജ്യത്ത് ഒരു തെറ്റായ സന്ദേശമാണ് നൽകുന്നത്. നീതിപീഠത്തിന്റെയും നിയമപാലനത്തിന്റെയും വിശ്വാസം രാജ്യത്ത് നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. ഇന്ത്യയുടെ ഭരണഘടന നിലനിർത്താൻ യോജിച്ചുള്ള ഒരു സമരമുന്നേറ്റത്തിന് നമുക്ക് കൈകോർക്കാൻ സാധിക്കേണ്ടതുണ്ട്.

ഈ നാല് വർഷംകൊണ്ട് കേരളം അസൂയാവഹമായ നേട്ടങ്ങളാണ് കൈവരിച്ചത്. രണ്ട് പ്രളയങ്ങൾ നമ്മുടെ സാമ്പത്തിക സ്ഥിതിയെ പിടിച്ചുകുലുക്കിയിട്ടും പരമാവധി സഹായങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ടവർക്ക് അർഹമായ സാമ്പത്തിക സഹായം നൽകി സർക്കാർ മാതൃകയായി. പ്രളയത്തിൽ തകർന്ന 7555 വീടുകൾ പുനർനിർമ്മിച്ചു. 5355 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. സാമൂഹിക പ്രശ്നങ്ങളോ പ്രകൃതി ദുരന്തങ്ങളോ ഒന്നുംതന്നെ വികസനത്തിന് തടസ്സമായിട്ടില്ല. നാല് മിഷനുകളാണ് ഈ സർക്കാർ കാര്യമായും ലക്ഷ്യമിടുന്നത്. ആ നാല് മിഷനുകൾക്കും വളരെ നല്ല രൂപത്തിൽ പ്രവർത്തിക്കാനും ഏറ്റവും നല്ല വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും സാധിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലമായ കൊടുവള്ളി മണ്ഡലത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് ഫണ്ട് നൽകിയിട്ടുണ്ട്. മറ്റ് എം.എൽ.എ.-

മാർക്കും ഇതുപോലെ ഫണ്ടുകൾ നൽകിയിട്ടുണ്ട്. പക്ഷെ പലരും അതൊക്കെ മറച്ചുവയ്ക്കാനാണ് ശ്രമിക്കുന്നതെന്നുള്ളത് വളരെ ഖേദകരമാണ്. ഒരിക്കൽകൂടി ഈ നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു. നന്ദി.

ശ്രീ. അൻവർ സാദത്ത്: സർ, ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെയും ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെയും ഞാൻ എതിർക്കുകയാണ്. കാരണം നമുക്കറിയാം, ഗവൺമെന്റ് എഴുതിക്കൊടുത്ത നയപ്രഖ്യാപനത്തിൽനിന്നും ചില വ്യത്യസ്തമായ നിലപാടുകളോടുകൂടിയാണ് ഗവർണ്ണർ നയപ്രഖ്യാപനം നടത്തിയത്. അപ്പോൾ സ്വാഭാവികമായും നയപ്രഖ്യാപനം രണ്ടായിട്ടാണ് കേരളജനതയ്ക്കും ഞങ്ങൾക്കെല്ലാവർക്കും കാണാൻ സാധിക്കുന്നത്. അതാണ് ഞാൻ രണ്ടിനെയും എതിർക്കുന്നുവന്ന് പറഞ്ഞത്. ഗവർണ്ണർ നിയമസഭയെയും അതിലൂടെ കേരളത്തിലെ ജനങ്ങളെയുമാണ് അപമാനിച്ചത്. അത്തരത്തിൽ കേരളത്തിലെ ജനങ്ങളെയും നിയമസഭയെയും അപമാനിച്ച ഒരു ഗവർണ്ണർ ഈ നിയമസഭാ കവാടത്തിലേയ്ക്ക് വരുമ്പോൾ തടയുകയല്ലാതെ പിന്നെ എന്താണ് ഞങ്ങൾ ചെയ്യേണ്ടത്? അതിൽ ഞങ്ങൾക്ക് യാതൊരു പശ്ചാത്താപവുമില്ല. ശ്രീ. എ. കെ. ബാലൻ 'നിങ്ങൾ ഇതിന്റെ ഭവിഷ്യത്ത് അനുഭവിക്കും' എന്നുപറഞ്ഞ് ഞങ്ങളെ ഭീഷണിപ്പെടുത്തി. പക്ഷെ എന്ത് ഭവിഷ്യത്ത് അനുഭവിച്ചാലും ഗവർണ്ണറെ ഞങ്ങളുടെ അനുമതിയില്ലാതെ നിയമസഭയ്ക്കകത്ത് കയറ്റാനോ ഇവിടെ നയപ്രഖ്യാപനം നടത്താനോ അനുവദിക്കില്ലെന്ന് ഞങ്ങൾ വ്യക്തമായ നിലപാടെടുത്തു. അത് ഗവർണ്ണർ കേരളത്തിലെ ജനങ്ങളെയും നിയമസഭയെയും അപമാനിച്ചതുകൊണ്ട് മാത്രമാണ്. അതല്ലാതെ ഞങ്ങൾക്ക് ഗവർണ്ണറോട് വ്യക്തിവൈരാഗ്യമൊന്നുമില്ല. രാജാവിനേക്കാൾ രാജഭക്തി കാണിക്കുന്ന ഒരു ഗവർണ്ണറാണ്. അദ്ദേഹം എന്തിനാണ് ഈ നിലപാട് സ്വീകരിക്കുന്നത്? കാരണം വേറൊന്നുമല്ല, അദ്ദേഹത്തിന് ഉപരാഷ്ട്രപതിയോ അല്ലെങ്കിൽ രാഷ്ട്രപതിയോ ആയി പ്രൊമോഷൻ കിട്ടണം. അദ്ദേഹം രാഷ്ട്രപതിയോ ഉപരാഷ്ട്രപതിയോ എന്തെങ്കിലും ആകട്ടെ, പക്ഷെ കേരളത്തിലെ ജനങ്ങളുടെ മെക്കിട്ട് കയറിയിട്ട് ആ സ്ഥാനങ്ങൾ നേടിയെടുക്കാമെന്ന് വിചാരിക്കേണ്ട. അതിനെതിരെ ശക്തമായ പ്രതിഷേധങ്ങൾ ഇനിയും കേരളത്തിലെ ജനങ്ങൾ ഏറ്റെടുക്കും. ഇനി ഗവർണ്ണർ ഈ വിഷയത്തിൽ സംയമനം പാലിക്കണം അല്ലെങ്കിൽ അദ്ദേഹം ഗവർണ്ണറുടെ പണിയെടുക്കണമെന്നാണ് ഞങ്ങൾക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുമാത്രമല്ല, നയപ്രഖ്യാപനം നടത്തിയപ്പോൾ എന്താണ് അദ്ദേഹത്തിന്റെ നിലപാടായി പറഞ്ഞത്? 'ഇത് എന്റെ അഭിപ്രായമല്ല' എന്നുപറഞ്ഞുകൊണ്ട് ഈ നിയമസഭയെ അപമാനിച്ചപ്പോൾ ഭരണപക്ഷത്തിരിക്കുന്ന ഡി.വൈ.എഫ്.ഐ.-യുടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും മെമ്പർമാർക്ക്

മിണ്ടാതിരിക്കേണ്ട ഗതികേട് വന്നതിൽ ഞങ്ങൾക്ക് വളരെയധികം സഹതാപം തോന്നുകയാണ്. നിങ്ങളുടെ ആവേശം എവിടെപ്പോയി? 'എന്റെ ഗവൺമെന്റ്' എന്നാണ് അദ്ദേഹം അഭിസംബോധന ചെയ്തത്. അപ്പോൾ 'എന്റെ ഗവൺമെന്റ്' പറയുന്നത് എനിക്ക് അംഗീകരിക്കാൻ സാധിക്കില്ല, ഞാൻ വ്യത്യസ്തമായ നിലപാട് പറയുമെന്ന് പറഞ്ഞപ്പോൾ കോൺഗ്രസ്സിനെയും രാഹുൽ ഗാന്ധിയെയും ഓരോന്ന് പറഞ്ഞ് ഞങ്ങളുടെ മെക്കിട്ട് കയറുന്ന ശ്രീ. ജെയിംസ് മാത്യുവിനെപ്പോലെ ആവേശം കാണിക്കുന്ന പഴയ ഡി.വൈ.എഫ്.ഐ.-ക്കാർക്ക് അതിനുള്ള ആർജ്ജവം ചോർന്നുപോയോ എന്നാണ് ഞങ്ങൾ സംശയിക്കുന്നത്. മമ്മൂട്ടിയുടെ ഒരു സിനിമയിൽ സോമൻ 'ഒന്ന് പ്രതികരിച്ചെങ്കിൽ ഞാൻ ഒന്നും ചെയ്യില്ലായിരുന്നു' എന്ന് പറഞ്ഞതുപോലെ 'ഇവർ എന്തെങ്കിലും ഒന്ന് പറഞ്ഞിരുന്നെങ്കിൽ അത് തിരുത്താം എന്ന് പറയാമായിരുന്നു' എന്ന് ഒരുപക്ഷെ ഗവർണ്ണർ ചിന്തിച്ചുകാണും. അതിനുപോലും ഒരവസരം കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചോ? ഇല്ല. നിങ്ങൾക്ക് എന്താണ്? ഭയമാണ്. ആരെ? ശ്രീ. നരേന്ദ്ര മോദിയെ, ശ്രീ. അമിത് ഷായെ. ഇദ്ദേഹത്തെ പ്രകോപിപ്പിച്ചാൽ വേറെ തീട്ടൂരം ഇവിടെനിന്നും എഴുതുമോ എന്നുള്ളൊരു പേടി. അതുകൊണ്ട് നിങ്ങൾ ഇക്കാര്യത്തിൽ വലിയ വിപ്ലവമൊന്നും പറയേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്.

ഇവിടെ ശബരിമല വിഷയം വന്നപ്പോൾ ഈ ഗവൺമെന്റിനെതിരെ പ്രതിപക്ഷ നേതാവിന്റെ നേതൃത്വത്തിൽ യു.ഡി.എഫ്. ശക്തമായ നിലപാടെടുത്തു. അപ്പോൾ അങ്ങും മുഖ്യമന്ത്രിയും ഇടതുപക്ഷ നേതാക്കളും എന്താണ് പറഞ്ഞത്? നിങ്ങൾ പറഞ്ഞു, ഇത് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സഹായിക്കാനാണെന്ന്. വ്യക്തമായ മറുപടി നിയമസഭയിൽ പറയാൻ പറ്റാതിരിക്കുമ്പോൾ എപ്പോഴും നിങ്ങളുടെ ഒരു തന്ത്രമാണ് അത് ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യെയും സഹായിക്കാൻ എന്നുപറയുന്നത്. പൗരത്വ ബില്ലുമായി ബന്ധപ്പെട്ട് എന്റെ സുഹൃത്ത് ശ്രീ. റോജി എം. ജോൺ അങ്കമാലിയിൽ നടന്ന പ്രകടനത്തെക്കുറിച്ച് പറഞ്ഞു. ശ്രീ. എം. എം. ബാവ മൗലവി എന്ന തികച്ചും മതേതര വിശ്വാസിയായ ഒരു വ്യക്തി ഗതാഗത പ്രശ്നമോ മറ്റെന്തെങ്കിലും പ്രശ്നമോ ഇല്ലാതെ വളരെ സമാധാനപരമായി രണ്ട് വരികളിലായി നടത്തിയ ആ ജാഥയിൽ പങ്കെടുത്ത 200 പേർക്കെതിരെ കേസ്സെടുത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം എന്നുപറഞ്ഞപ്പോൾ അവിടെയും പറഞ്ഞത് എന്താണ്? മറുപടിയില്ല. പകരം എസ്.ഡി.പി.ഐ.-യെ സഹായിക്കാനാണെന്ന് പറഞ്ഞു. ശബരിമല വിഷയത്തിൽ 'ആർ.എസ്.എസ്.-നെ സഹായിക്കാനാണ്' എന്നാണ് പറഞ്ഞതെങ്കിൽ ഇവിടെ 'എസ്.ഡി.പി.ഐ.-യെ സഹായിക്കാനാണ്' എന്ന് പറഞ്ഞുകൊണ്ട് ഞങ്ങളുടെ വായ അടപ്പിക്കാനുള്ള ശ്രമമാണ്. ഞങ്ങൾ എസ്.ഡി.പി.ഐ-യെ സഹായിക്കുന്നില്ല. ഞാൻ ചോദിക്കട്ടെ, എസ്.ഡി.പി.ഐ.

നുഴഞ്ഞുകയറി ഇവിടെ സമരങ്ങൾ നടത്തുന്നു, പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന് പറഞ്ഞു, അങ്ങനെയാണെങ്കിൽ എസ്.ഡി.പി.ഐ.-യ്ക്കെതിരെ ഗവൺമെന്റ് എത്ര കേസ്സെടുത്തിട്ടുണ്ട്; എത്രപേരെ ജയിലിലടച്ചു എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ; ഇല്ല. ജോസഫ് ഗീബൽസിന്റെ സ്വഭാവമുണ്ട്, ഫാസിസം. അദ്ദേഹത്തിന് നുണപറയുന്ന സമീപനമുണ്ട്. അതേ രീതിയിൽ നുണകൾ പറഞ്ഞ് പാവപ്പെട്ട ന്യൂനപക്ഷങ്ങളെ പറ്റിക്കുന്നതാണ് ഇടതുപക്ഷത്തിന്റെ സമീപനം. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. നിങ്ങൾ എടുക്കുന്ന ചില നിലപാടുകളോട് ഞങ്ങൾക്ക് യോജിപ്പുണ്ട്, പക്ഷേ നുണകൾ പറഞ്ഞ് ന്യൂനപക്ഷത്തെ എക്കാലവും നിങ്ങളുടെ കൂടെ നിർത്താമെന്നുള്ള വ്യാമോഹം മാറ്റിവച്ചാൽ മതി. ഗാന്ധിജി നടത്തിയ സമരങ്ങൾ പ്രഹസനമാണെന്ന് ബി.ജെ.പി. എം.പി. ആയ ശ്രീ. അനന്തകുമാർ ഹെഗ്ഡെ ഇന്നലെ പറയുകയുണ്ടായി. ആ എം.പി.-യെ തുറങ്കിലടയ്ക്കുകയും ചാട്ടവാറിന് അടിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകണമെന്നാണ് ഞാൻ പറയുന്നത്. അത്ര നികൃഷ്ട ജീവിയാണ് ശ്രീ. അനന്തകുമാർ ഹെഗ്ഡെ. നമ്മുടെ ചങ്കിലെ ചോരയായ, പ്രിയപ്പെട്ട മഹാത്മാ ഗാന്ധിജിയെപ്പറ്റിപറഞ്ഞ ശ്രീ. അനന്തകുമാർ ഹെഗ്ഡയെ തുറങ്കിലടച്ച്, ചാട്ടവാറിനടിച്ച്, നികൃഷ്ടജീവിയായി പ്രഖ്യാപിക്കണം. അയാളുടെ നാക്ക് പുഴുത്തുപോകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കാരണം, മഹാത്മാഗാന്ധി നമ്മുടെ ചങ്കിലെ ചോരയാണ്, നമ്മുടെ വികാരമാണ്. അങ്ങനെയുള്ള ഗാന്ധിയെ ഇങ്ങനെ പറഞ്ഞാൽ നമുക്ക് സഹിക്കില്ല. ഇവിടെ സി. എച്ച്. മുഹമ്മദ് കോയയുടെ മകനെക്കുറിച്ച് പറയുകയുണ്ടായി.

<u>മി. ചെയർമാൻ</u>: ഇനി പുതിയ വിഷയത്തിലേയ്ക്ക് പോകാൻ സമയമില്ല; അങ്ങ് ചുരുക്കണം; സഹകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, സി.എച്ച്.-ന്റെ മകനെക്കുറിച്ച് എന്താണ് പറഞ്ഞത്; സി.എച്ച്.-ന്റെ മകനായ ഡോ. എം. കെ. മുനീറിനെ നിങ്ങൾ മതേതരത്വമൊന്നും പഠിപ്പിക്കേണ്ട. അദ്ദേഹത്തിന് നിങ്ങളുടെ സർട്ടിഫിക്കറ്റും വേണ്ട. കേരളത്തിൽ മതേതര വിശ്വാസിയായി, എന്നും മതേതരത്വത്തിനു വേണ്ടി നിലനിൽക്കുന്ന സി.എച്ച്.-ന്റെ മകനെ നിങ്ങൾ മതേതരത്വം പഠിപ്പിക്കേണ്ട. ഡോ. എം. കെ. മുനീർ വിളക്കുകത്തിച്ചില്ലായെന്നു പറഞ്ഞു. ഞാനും ഡോ. എം. കെ. മുനീറും പങ്കെടുത്ത ഒരു പരിപാടിയിൽ അദ്ദേഹം അന്തസ്സായി വിളക്ക് കൊളുത്തുന്നത് ഞാൻ കണ്ടു. അപ്പോൾ ഇങ്ങനെയൊക്കെ തെറ്റിദ്ധരിപ്പിച്ച് നുണപ്രചരണം നടത്തുകയാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ്... പ്ലീസ്... അങ്ങ് സഹകരിക്കണം. അങ്ങ് ചുരുക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, പുകമറയുണ്ടാക്കാനുള്ള നിങ്ങളുടെ ശ്രമം മാറ്റിവയ്ക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

2.00 P.M.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീമതി യു. പ്രതിഭ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇന്ത്യാ മഹാരാജ്യം അനുഭവിക്കുന്ന സാമൂഹിക സാമ്പത്തിക അരാജകത്വത്തെക്കുറിച്ച് വളരെ ആനുകാലികമായി കേരളത്തിൽ എല്ലായിടത്തും വലിയ തരത്തിൽ ചർച്ച നടക്കുകയുണ്ടായി. പൗരത്വഭേദഗതി നിയമത്തിനെതിരെ ഒരുപക്ഷെ ചരിത്രത്തിലേയ്ക്ക് തന്നെ ഇടം നേടുന്ന തരത്തിൽ വലിയൊരു മനുഷ്യ മഹാശൃംഖല സൃഷ്ടിച്ചുകൊണ്ട് മതേതരവാദികളായിട്ടുള്ള മനുഷ്യർ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ അണിനിരന്നപ്പോൾ അതിനോട് മുഖം തിരിച്ച സമീപനം നടത്തിയ കോൺഗ്രസ് ഇന്ന് സഭയിൽ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്റെ ചില സാങ്കേതിക കാര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട്, കഴിഞ്ഞ മൂന്നര വർഷക്കാലം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള ശരിയായ വികസന പ്രവർത്തനങ്ങളെ കണ്ണടച്ച് ഇരുട്ടാക്കുന്ന സമീപനമാണ് എടുത്തിട്ടുള്ളത്. അത് ഈ സഭയിൽ വന്ന കാലം മുതൽ ഞങ്ങളൊക്കെ കാണുന്നതാണ്. പ്രതിപക്ഷം അവരുടെ ജോലി ചെയ്യുന്നുവെന്നുള്ളതാണ് പലപ്പോഴും ഞങ്ങൾക്ക് തോന്നാറുള്ളത്. പക്ഷേ ഒരു വികസനവും നടന്നില്ലെന്ന മട്ടിൽ വലിയ പ്രചരണം സംഘടിപ്പിക്കുമ്പോൾ എന്നെ അതിശയിപ്പിച്ച ഒരു കാര്യം ഞാൻ ഈ സഭയിലെ അംഗങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. പൗരത്വ വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു കോൺഗ്രസ് നേതാവ്, ഇതൊരു ഹിന്ദു-മുസ്ലീം വിഷയമല്ലായെന്നും ഭരണഘടനയും വർഗ്ഗീയവാദികളായിട്ടുള്ള സംഘപരിവാറും തമ്മിലുള്ള പോരാട്ടമാണെന്നും പറഞ്ഞുകേൾക്കാൻ ആഗ്രഹിച്ചിട്ടുണ്ട്. പക്ഷേ നിർഭാഗ്യവശാൽ ഒരിടത്തും അവരത് പറഞ്ഞില്ലായെന്നുമാത്രമല്ല പലപ്പോഴും അവർക്ക് വീണുകിട്ടുന്ന അവസരങ്ങളെല്ലാം ഇടതുപക്ഷത്തിനെതിരെ, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കെതിരെ ഉപയോഗിക്കുന്ന ആയുധങ്ങളായിട്ടാണ് കണ്ടിട്ടുള്ളത്. നിങ്ങൾ വലിയ ഒരപകടത്തിലേയ്ക്ക് പോകുന്നു എന്നാണ് യു.ഡി.എഫ്. എം.എൽ.എ.-മാരോട് എനിക്ക് പറയാനുള്ളത്. കാരണം, ഇന്ന് ലോക്സഭയിൽ സീറോ അവറിൽ കൊണ്ടുവന്ന ഒരു ബില്ലിന്റെ ചർച്ച ഞാൻ കേട്ടു. തെരഞ്ഞെടുപ്പുകളൊക്കെ ഏകീകരിക്കാൻ പോകുന്ന നടപടികളിലേയ്ക്കുള്ള പരിശ്രമങ്ങൾ രാജ്യസഭയിൽ ചർച്ച നടത്തുന്നുവെന്നുള്ള വിവരങ്ങൾ പുറത്തേയ്ക്ക് വരുന്നുണ്ട്. അതുപോലെതന്നെ രാജ്യത്ത് ഏകപക്ഷീയമായിട്ടുള്ള എല്ലാ

തീരുമാനങ്ങൾ എടുക്കുമ്പോഴും, ഇപ്പോഴും കോൺഗ്രസ്സിന് കുറച്ച് വേരോട്ടമുള്ള ഉത്തർപ്രദേശിലടക്കം ഒരു പ്രതിഷേധവും സംഘടിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെന്ന വസ്തുത മനസ്സിലാക്കണം. സൈബർ വിംഗിനെ ഉപയോഗിച്ചുകൊണ്ട് എവിടെയെങ്കിലും ഒരു ചെറിയ പ്രശ്നമുണ്ടായാൽ അതിനെ പർവ്വതീകരിച്ച് കാണിക്കുകയാണ്. നയപ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഇടതുപക്ഷ പാർട്ടികൾ വലിയ എന്തോ കാര്യങ്ങൾ ചെയ്തുവെന്നുപറഞ്ഞ് യഥാർത്ഥ വിഷയത്തിൽനിന്നുമാറി, പൗരത്വഭേദഗതി നിയമത്തെയടക്കം വഴിതിരിച്ചുവിടാൻ നിങ്ങൾ നടത്തുന്ന ശ്രമത്തിന് വലിയ വില കൊടുക്കേണ്ടിവരുമെന്ന് ആമുഖമായി ചൂണ്ടിക്കാണിക്കുകയാണ്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഇവിടെ പൗരത്വബില്ലിനെതിരായിട്ടുള്ള ശക്തമായ പ്രക്ഷോഭത്തിന്റെ ഭാഗമായിട്ടാണ് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയത്. ഈ പ്രമേയത്തിലൊന്നും വലിയ കാര്യമില്ലെന്ന ആർ.എസ്.എസ്.-ന്റെ നിലപാട് സ്വീകരിച്ച്, ആ പ്രമേയത്തെ തള്ളിപ്പറഞ്ഞുകൊണ്ട് കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ പ്രസ്താവന ഇറക്കിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീമതി യു. പ്രതിഭ</u>: സർ, അതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കോൺഗ്രസ് നേതാക്കന്മാരിൽ പലരും പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസ്.-ന്റെ ആശയങ്ങളുടെ പ്രചാരകരായും മാറുന്നുവെന്നുള്ളത് കാലങ്ങളായി നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇടതുപക്ഷമാണ് അവരുടെ പ്രധാനപ്പെട്ട ശത്രുവെന്ന് നമുക്കറിയാം. ശബരിമല വിഷയം വന്നപ്പോഴും സമരങ്ങളിൽ കാവിവസ്ത്രം ധരിച്ചുകൊണ്ട് ആർ.എസ്.എസ്.-കാരോടൊപ്പം കോൺഗ്രസ് പങ്കുചേർന്നതൊക്കെ അടുത്ത കാലത്ത് നടന്ന കാര്യമാണ്. കേരള ഗവർണ്ണർ നിയമസഭയിൽ നയപ്രഖ്യാപനം നടത്തിയ കാര്യങ്ങൾ നിങ്ങൾ പറഞ്ഞല്ലോ. കേരളത്തെ മുന്നോട്ടുനയിക്കുന്നതിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വഹിക്കുന്ന പങ്കിനെപ്പറ്റി ബഹുമാനപ്പെട്ട കേരള ഗവർണ്ണർ റിപ്പബ്ലിക് ദിന ചടങ്ങിൽവച്ച് ഹൃദയംഗമമായി അഭിനന്ദിക്കുന്നത് നമ്മളെല്ലാവരും കേട്ടതാണ്. ഈ ഗവൺമെന്റ് നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എണ്ണിയെണ്ണി പറയാൻ ഞങ്ങൾക്ക് എട്ട് മിനിറ്റോ അല്ലെങ്കിൽ ഒരു മണിക്കൂറോ കിട്ടിയാലും തികയില്ല. അത്യധികം വികസന പ്രവർത്തനങ്ങളിലേയ്ക്ക് ഈ ഗവൺമെന്റ് പോയിട്ടുണ്ട്. അടുത്തകാലത്ത് കേട്ടൊരു തമാശയാണ്, എന്നാൽ ഗൗരവമുള്ള കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. എറണാകുളത്തൊരു സ്കൂളിലെ കുട്ടികളോട് ടീച്ചർ കോഴിയുടെ പടം വരയ്ക്കാൻ പറഞ്ഞപ്പോൾ കുട്ടികൾ ചിക്കൻ

കോർണറിൽ ഇരിക്കുന്ന ഡ്രസ് ചെയ്ത കോഴിയുടെ പടമാണ് വരച്ചുവച്ചത്. അവർ കാണുന്നത് അതാണ്. ഇന്ന് നമ്മുടെ രാജ്യത്തെ മതമൗലികവാദികൾ പ്രചരിപ്പിക്കുന്നത് വികൃതമായിട്ടുള്ള ഇന്ത്യയുടെ ചിത്രമാണ്. ആർ.എസ്.എസ്.-ന്റെ/ സംഘപരിവാറിന്റെ അതോടൊപ്പംതന്നെ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ള സൈബർ ഇടങ്ങളിലിരിക്കുന്ന കോൺഗ്രസ്സിന്റെ ചില സൈബർ ട്രോളേഴ്സിന്റെ തലയിലേയ്ക്ക് വികലമായ രൂപത്തിലേയ്ക്കാണ് ഇന്ത്യയുടെ ചിത്രം ഇപ്പോൾ കൊടുത്തിരിക്കുന്നത്. അത് ശരിക്കും മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. 'വെട്ടിമുറിക്കരുത് ഈ പുണ്യഭൂമിയെ, തൊട്ട് നെറുകയിൽ വച്ച് പൊയ്ക്കൊള്ളുക' എന്ന് ഒ.എൻ.വി. കുറുപ്പ് അദ്ദേഹത്തിന്റെ അനുഭവക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. തോന്നയ്ക്കലിൽ സെൻട്രൽ പി.ഡബ്ല്യൂ.ഡി. സ്ഥലമെടുക്കാൻ വന്നപ്പോൾ ആശാൻ സ്മാരക ഭൂമി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ചെറിയ തർക്കമുണ്ടായി. ആ അവസരത്തിൽ ഒ.എൻ.വി. സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ പ്രസംഗത്തിലാണ് അങ്ങനെ പറഞ്ഞത്. ജാതിയുടെയും മതത്തിന്റെയുമൊക്കെ പേരിൽ ഇന്ത്യാ മഹാരാജ്യത്തെ വെട്ടിമുറിക്കാൻ ശ്രമിക്കുന്നവരോട് അരുത് എന്നുതന്നെയാണ് പറയുന്നത്. മതേതര പാർട്ടിയാണ് കോൺഗ്രസ് എന്ന് നാഴികയ്ക്ക് നാൽപത് വട്ടം വീമ്പിളക്കുന്ന നിങ്ങൾ ഈ പുണ്യഭൂമിയെ വെട്ടിമുറിക്കുന്നത് അനുവദിക്കാൻ പാടില്ലായെന്ന് ഈ അവസരത്തിൽ പറയുകയാണ്. നീതി ആയോഗിന്റെ റാങ്കിംഗിൽ സുസ്ഥിര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ തുടർച്ചയായി രണ്ടാമത്തെ തവണയാണ് കേരളം ഒന്നാം സ്ഥാനത്തേയ്ക്ക് വന്നിട്ടുള്ളത്. നയപ്രഖ്യാപനത്തിൽ ഒന്നുമില്ലായെന്ന് പ്രതിപക്ഷത്തിരിക്കുന്ന പരിണിതപ്രജ്ഞരായ കുറച്ച് അംഗങ്ങൾ പറയുന്നത് കേട്ടു. നയപ്രഖ്യാപനത്തിൽ ഒന്നുമില്ലായെന്ന് തോന്നുന്നതിൽ കാര്യമുണ്ട്. കാരണം, sustainable development model ആണ് കേരളത്തിൽ നടപ്പിലാക്കുന്നത്. സുസ്ഥിര വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള വികസനമാണ് കേരള ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അത് ഈ നയപ്രഖ്യാപനത്തിൽ മാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പുള്ള ഇടതുപക്ഷത്തിന്റെ പ്രകടന പത്രികയിലാണെങ്കിലും അതിനുശേഷം നടപ്പിലാക്കിയ നവകേരള മിഷനിലാണെങ്കിലും ലക്ഷ്യമിടുന്നത് സുസ്ഥിര വികസനമാണ്. പ്രോഗ്രസ് റിപ്പോർട്ട് ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ച് വലിയ തന്റേടത്തോടുകൂടി ഇടപെടൽ നടത്തിയപ്പോഴൊക്കെ ഗവൺമെന്റിന്റെ പ്രവർത്തനം ഇന്ത്യയ്ക്കുതന്നെ മാതൃകയായിയെന്ന് നമുക്കറിയാം. പൊതുവിദ്യാഭ്യാസ മേഖലയിലും പൊതുജനാരോഗ്യമേഖലയിലും ഹരിത കേരളം മിഷനിലും പശ്ചാത്തല മേഖലയിലുമെല്ലാം സമാനതകളില്ലാത്ത തരത്തിലേയ്ക്കുള്ള വികസന പ്രവർത്തനങ്ങൾ കൈവരിക്കാൻ ചുരുങ്ങിയ കാലംകൊണ്ട് ഗവൺമെന്റിന്

സാധിച്ചിട്ടുണ്ട്. കിഫ്ബിയിൽ 50,000 കോടി രൂപയുടെ പദ്ധതിയാണ് പറഞ്ഞിരുന്നതെങ്കിലും കഴിഞ്ഞ ജനുവരിയിൽ കൂടിയ കിഫ്ബി ബോർഡ് യോഗത്തിൽ 3,500 കോടി രൂപയുടെ പദ്ധതികൂടി പാസ്സാക്കിയെന്നാണ് അറിയാൻ കഴിഞ്ഞത്. അങ്ങനെ കേരളത്തിൽ 53,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിലൂടെ മാത്രം നടക്കുന്നത്. ഇപ്പോൾ റീ-ബിൽഡ് കേരളയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പ്രത്യേക റോഡുകൾ നിർമ്മിക്കുന്നതിനായി 961 കോടി രൂപ നൽകിയിരിക്കുന്നു. കാർഷിക മേഖലയിലെ തരിശുനില കൃഷിയുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് പല അംഗങ്ങളും പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. പലപ്പോഴും ആരും ശ്രദ്ധിക്കാതെയിരുന്നൊരു മേഖലയാണ് മൃഗസംരക്ഷണ മേഖല. ആ മേഖലയിൽ 'ഗോസമൃദ്ധി' പദ്ധതി നടപ്പിലാക്കി കർഷകരെ കടക്കെണിയിൽനിന്ന് രക്ഷിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തി; അടിയന്തരമായി നിശാ വെറ്ററിനറി സേവനങ്ങൾ നൽകുന്നു. സഹകരണമേഖലയിൽ ഇതിനുമുമ്പെങ്ങുമില്ലാത്ത വിധത്തിൽ കെയർ ഹോം പദ്ധതിപോലുള്ള നിരവധി ക്ഷേമ പദ്ധതികൾക്കും പലിശക്കാരുടെ കൈകളിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻവേണ്ടി 'മുറ്റത്തെ മുല്ല' പദ്ധതിക്കുമായി 219 കോടിയോളം രൂപ നൽകി സഹകരണ മേഖല ഇടപെടുന്നു. അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന പദ്ധതിയാണ് ആർദ്രം മിഷൻ. സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനം 12 മണിവരെ മാത്രമേയുണ്ടായിരുന്നുള്ളൂ. ഇന്ന് 172 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയപ്പോൾ 12 മണിയെന്നത് 6 മണിയായി സമയം നീട്ടി കൊടുത്തിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.............പ്ലീസ്......

<u>ശ്രീമതി യു. പ്രതിഭ</u>: എസ്.സി./എസ്.ടി. കുട്ടികൾക്ക് പഠന മുറി സംവിധാനമൊരുക്കി കൊടുത്തുകൊണ്ടും വിദേശ രാജ്യങ്ങളിലടക്കം ജോലി നേടിക്കൊടുത്തുകൊണ്ടുമുള്ള വലിയ രീതിയിലുള്ള ഇടപെടൽ നടത്തി. അടിസ്ഥാന ജനവിഭാഗങ്ങളെ പല ഗവൺമെന്റുകളും വിസ്മരിച്ച് പോകുമ്പോഴും തോട്ടം മേഖലയിലെ ലയങ്ങളിൽ കഴിഞ്ഞിരുന്ന പാവപ്പെട്ട തൊഴിലാളികളെ ഈ ഗവൺമെന്റ് അഡ്രസ് ചെയ്തിരുന്നു. തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുമെന്ന വാഗ്ദാനം നിറവേറ്റിയ ഗവൺമെന്റാണിത്. എങ്ങനെയാണ് ഇവിടെ ഒരു വികസനം നടക്കുന്നില്ലായെന്ന് നിങ്ങൾക്ക് പറയാൻ കഴിയുന്നത്; നിയമസഭയിൽ ഇത്തരം പ്രസംഗം നടത്തി പ്രചരിപ്പിക്കുമ്പോൾ പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അറിയേണ്ടത്, ഞാൻ ആദ്യം പറഞ്ഞതുപോലെ

എട്ടും പൊട്ടും തിരിയാതെ സൈബർ ഇടങ്ങളിലിരിക്കുന്ന നിങ്ങളുടെ ചില സൈബർ അണികൾ കമ്മ്യൂണിസ്റ്റ് വിരോധം അവിടെ തീർക്കുന്നു എന്നാണ്. അപകടകരമായ അവസ്ഥയിൽ ആർ.എസ്.എസ്.-നോട് നിങ്ങൾ സന്ധി ചെയ്യുന്നതിന് തുല്യമാണത്. നിങ്ങളെ ട്രോളേഴ്സ് ഗ്രൂപ്പ് അന്വേഷിച്ച് നടക്കുകയാണ്. ഇടതുപക്ഷത്തിനെതിരെ ഒരു വടിയുണ്ടോയെന്ന് അന്വേഷിച്ച് നടക്കുന്ന അവസ്ഥയിലേയ്ക്ക് നിങ്ങൾ കാര്യങ്ങൾ എത്തിച്ചിരിക്കുകയാണ്. കുട്ടികൃഷ്ണ മാരാർ 'ഭാരതപര്യടന'-ത്തിൽ പറയുന്നുണ്ട്, "ചീത്ത വാക്ക് ഉറക്കെ പറഞ്ഞാലും തേഞ്ഞ് പോകും, നല്ല വാക്ക് പതുക്കെ പറഞ്ഞാലും തിളങ്ങി നിൽക്കും". ഞങ്ങളുടെ ഭരണം അതുപോലെയാണ്. മനുഷ്യരുടെയിടയിൽ ഈ ഭരണം തിളങ്ങി നിൽക്കും. നല്ല വാക്ക് ഞങ്ങൾ പതുക്കെ പറയുന്നത് തിളങ്ങിതന്നെ ഈ സമൂഹത്തിൽ നിൽക്കും. ഉമിത്തീ പോലെ നാളമില്ലാതെ ജീവിക്കുമെന്ന് നിങ്ങൾ വിചാരിക്കരുത്. നിങ്ങൾ തെല്ലിട ആളിക്കത്തിക്കോളൂ. പൗരത്വ ബില്ലിന്റെ ഭാഗമായിട്ടെങ്കിലും ഒന്ന് ആളിക്കത്താൻ പ്രതിപക്ഷാംഗങ്ങൾക്ക് കഴിയട്ടെയെന്ന് ആഗ്രഹിക്കുന്നു. നാടിന്റെ മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കുന്നതിനുവേണ്ടി കാവലാൾ ആകേണ്ടവർ, ഈ സമയത്തും അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം നിങ്ങളുടെ തലയിൽനിന്നും മനസ്സിൽനിന്നും മാറ്റിക്കൊണ്ട് ഈ ഭരണത്തോടൊപ്പം നിൽക്കാൻ തയ്യാറാകണം. നല്ലത് പറഞ്ഞില്ലെങ്കിലും ഭരണത്തെ തള്ളിപ്പറഞ്ഞുകൊണ്ട് അണികളിൽ തെറ്റിദ്ധാരണ സൃഷ്ടിക്കാതെയെങ്കിലും നിൽക്കാനുള്ള ആർജ്ജവം നിങ്ങൾ കാണിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദി പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു. സമ്പന്നം, സമ്പുഷ്ടം, സമഗ്രം എന്നിവയാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിന്റെ ഉള്ളടക്കം. 1344 ദിവസം പൂർത്തിയാക്കിയ പിണറായി സർക്കാർ വാഗ്ദാന പാലനത്തിന്റെയും അഴിമതിരഹിതവും പ്രവർത്തനനിരതവുമായ ദിനരാത്രങ്ങളാണ് പിന്നിട്ടത്. മതനിരപേക്ഷതയുടെ കാവലാളായി ഇന്ത്യൻ സംസ്ഥാനങ്ങൾക്കുതന്നെ ഈ സർക്കാർ മാതൃകയാകുന്നു. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് ജനങ്ങളിൽനിന്ന് ആർജ്ജിച്ച അതിജീവനത്തിന്റെ കരുത്തുമായി മുന്നോട്ടുപോകാൻ കഴിഞ്ഞു. അടിസ്ഥാന സൗകര്യ വികസനത്തിൽ വിസ്മയകരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ജനങ്ങൾക്ക് ഒട്ടേറെ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. ദീർഘദൂര റോഡുകളുടെ പ്രശ്നം കിഫ്ബി പദ്ധതിവഴി പരിഹരിച്ചപ്പോൾ പിന്നീടുള്ള പരാതി ഗ്രാമീണ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ചായിരുന്നു. ഗ്രാമീണ റോഡുകളുടെ പുനർ നിർമ്മാണത്തിനായി ചീഫ് മിനിസ്റ്റേഴ്സ് ലോക്കൽ റോഡ് റീ-ബിൽഡ് പ്രോജക്ടിന് തുടക്കം കുറിക്കാൻ സർക്കാരിന് കഴിഞ്ഞു. നാടിന് പുതിയൊരു വികസന പരിപ്രേക്ഷ്യം, ഉദാരവത്കൃത സമ്പദ്ഘടനയ്ക്ക്

ജനകീയ പദ്ധതി, അടിസ്ഥാന വികസന സൗകര്യം, വർദ്ധിത നിക്ഷേപം ആകർഷിക്കൽ, കൂടുതൽ തൊഴിലവസരങ്ങൾ, ഐ.ടി., പരമ്പരാഗത വ്യവസായ മേഖലകൾക്ക് പ്രത്യേക പരിഗണന എന്നിവയൊക്കെ നടപ്പാക്കി. 'ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം സാധ്യമാണ് ' എന്ന സന്ദേശവുമായി വരുംതലമുറയെ മുന്നിൽ കണ്ടുകൊണ്ടുള്ള പരിസ്ഥിതി സംരക്ഷണം മുഖ്യ അജണ്ടയായി സർക്കാർ കണ്ടു. നീരുറവകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ചു. തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് മലിനീകരണ സാധ്യതയില്ലാതെ ആധുനിക വ്യവസായ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചു. നീതിപൂർവ്വവും സ്ഥായിയുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. കേരളത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായുള്ള വികസന അജണ്ടയാണ് കേരളത്തിന്റേത്. ഇന്ത്യയിലെയും മൂന്നാം ലോകത്തിലെയും മിക്ക പ്രദേശങ്ങളെയും അപേക്ഷിച്ച് കേരളത്തിലെ പൗരൻമാരക്ക് താരതമ്യേന ഉയർന്ന ജീവിതനിലവാരവും അന്തസ്സും ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാർവ്വത്രിക വിദ്യാഭ്യാസം, പ്രാഥമികാരോഗ്യ പരിരക്ഷ, മിനിമം ഭക്ഷണത്തിനുവേണ്ടിയുള്ള റേഷൻ, വീടുവയ്ക്കാൻ ഒരുതുണ്ട് സ്ഥലം, മിനിമം കൂലി, സാമൂഹ്യ സുരക്ഷ, സാമൂഹ്യ പാരതന്ത്ര്യത്തിന്റെ നികൃഷ്ട രൂപങ്ങൾ ഇല്ലായ്മ ചെയ്യൽ, ജനാധിപത്യ അവകാശങ്ങൾ ഉറപ്പുവരുത്തൽ തുടങ്ങിയ നടപടികളിലൂടെയാണ് കേരളം ഇന്നത്തെ നില കൈവരിച്ചത്. ജീവിത ഗുണമേന്മ അളക്കുന്ന സൂചകങ്ങൾ പലതിലും കേരളം എപ്പോഴും മുൻപന്തിയിലാണ്. ശിശുമരണനിരക്ക്, മാതൃമരണ നിരക്ക്, പ്രതീക്ഷിത ആയുസ്, സാക്ഷരത, സാമൂഹ്യക്ഷേമ രംഗങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയിലെല്ലാം കേരളം ഇന്ത്യയിൽ ഒന്നാമതാണ്. ഇതിന്റെയെല്ലാം അടിസ്ഥാന കാരണം ആസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള ജനകീയ ഇടപെടലുകളാണ്. കേരളത്തിന്റെ നേട്ടങ്ങൾക്കുമുന്നിൽ ഇതാണ് കാരണമെന്ന് നിസ്സംശയം പറയാൻ കഴിയും. കേരളത്തിന്റെ സമഗ്ര പുരോഗതിയുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ ഇന്ത്യ ഭരിക്കുന്ന ഭരണാധികാരികൾ നാടിന് അപമാനമായി മാറിക്കൊണ്ടിരിക്കുകയാണ്. 'ഭാരതമെന്ന പേരുകേട്ടാൽ അഭിമാനപൂരിതമാവണം അന്തരംഗം' എന്നാണ് കവി പാടിയത്. എന്നാൽ ഇവിടെ, ഭാരതമെന്ന പേരുകേട്ടാൽ കുനിയണം ശിരസ്സപമാന ഭാരത്താൽ എന്ന് മാറ്റി പാടേണ്ടിവന്നിരിക്കുന്നു. കേരളമെന്നുകേട്ടാലോ തിളയ്ക്കണം ചോര ഞരമ്പുകളിലെന്ന് പാടി ആവേശംകൊണ്ട നമ്മൾ അതിനേക്കാൾ ഉയരത്തിൽ, കേരളമെന്നുകേട്ടാൽ

കൂടുതൽ ചോര തിളയ്ക്കുന്ന തരത്തിലേയ്ക്ക് , ഇന്ത്യൻ ഭരണാധികാരികൾ നടത്തുന്ന വർഗ്ഗീയ ഫാസിസ്റ്റ് നിലപാടുകൾക്കെതിരെ പ്രതിരോധിക്കാൻ മാതൃകാ സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞുവെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രത്യേകത. ഇന്ത്യൻ രാഷ്ട്രീയം എത്തി നിൽക്കുന്ന അപകടകരമായ മതാത്മക രാഷ്ട്രീയ ഫാസിസ്റ്റ് സാഹചര്യത്തിലാണ് നമ്മൾ ഇപ്പോഴുള്ളത്. 750-ഓളം ഭാഷകളും ഉപഭാഷകളും ഏഴോളം മതങ്ങളും ആയിരക്കണക്കിന് ജാതികളും ഉപജാതികളും ഗ്രോത്രങ്ങളും വ്യത്യസ്ത നരവംശ വിഭാഗങ്ങളുമെല്ലാം ചേർന്ന വൈവിധ്യമാർന്ന ആശയങ്ങളുടെ ഏകോപനമാണ് ഇന്ത്യയെന്ന രാഷ്ട്രം. വൈവിധ്യങ്ങളെയെല്ലാം അഭിസംബോധന ചെയ്യുകയും ഉൾക്കൊള്ളുകയുമാണ് ഇന്ത്യൻ ഭരണഘടനയുടെ മതേതര ജനാധിപത്യ ദർശനം. മതനിരപേക്ഷതയിലും ഫെഡറലിസത്തിലും സമത്വാശയങ്ങളിലും അധിഷ്ഠിതമായ സാമൂഹ്യ ദർശനമാണ് ഭരണഘടന മുന്നോട്ടുവയ്ക്കുന്നത്. അതിനെ വെല്ലുവിളിച്ചുകൊണ്ടുള്ള നിലപാടാണ് കേന്ദ്ര സർക്കാർ അടുത്തകാലത്ത് സ്വീകരിച്ചത്. നാടിനെ വർഗ്ഗീയവത്കരിച്ചും വൈകാരിക പ്രക്ഷോഭങ്ങൾ സൃഷ്ടിച്ചും സാമ്പത്തിക പ്രതിസന്ധിയടക്കമുള്ള വിഷയങ്ങളിൽനിന്ന് ശ്രദ്ധ തിരിച്ചുവിടുകയാണ് ശ്രീ. നരേന്ദ്രമോദിയും കൂട്ടരും ഇന്ന് ചെയ്യുന്നത്. വർഗ്ഗീയ ധ്രുവീകരണം തീവ്രമാക്കലാണ് ബി.ജെ.പി.-യുടെ അജണ്ട. കടുത്ത സവർക്കറിസ്റ്റും ഗോൾവാൾക്കറിസ്റ്റുമായ ശ്രീ. അമിത് ഷാ നാസി സിദ്ധാന്തങ്ങൾ മാതൃകയാക്കുന്ന സാംസ്കാരിക ദേശീയതയുടെ പ്രയോഗവത്ക്കരണമാണ് കേന്ദ്ര ഭരണാധികാരത്തിന്റെ സൗകര്യമുപയോഗിച്ച് നടത്തിക്കൊണ്ടിരിക്കുന്നത്. ശക്തമായി ഇതിനെ പ്രതിരോധിക്കാനും പ്രതിഷേധിക്കാനുമായി മുന്നിൽ നിൽക്കുന്നത് ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. ഗവർണ്ണറോടുള്ള സമീപനത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിനെ പ്രതിപക്ഷം ആക്ഷേപിക്കുകയാണ്. 'അമ്മായി ഉടച്ചത് മൺചട്ടി, മരുമകൾ ഉടച്ചത് പൊൻചട്ടി' എന്ന നയമാണ് ഇവർ സ്വീകരിക്കുന്നത്. ഗവർണ്ണറെ എതിർക്കുന്നതിലായാലും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെ എതിർക്കുന്നതിലായാലും കൃത്യമായ നിലപാടുകളാണ് കേരളത്തിലെ ഭരണകക്ഷിയായ ഇടതുപക്ഷ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളമുള്ളത്. ഇന്നത്തെ വർത്തമാന പത്രം പടികയറിവന്നത് 'ലീഗ് പഴയ നിലപാടിൽ ചില അയവുവരുത്തുന്നു' എന്നായിരുന്നു. ലീഗിനോട് ഒരു കാര്യം മാത്രമേ ഓർമ്മപ്പെടുത്താനുള്ളൂ. ആർ.എസ്.എസ്.-ന്റെ തുടക്കത്തിലേയ്ക്ക് നയിച്ച കെ. ബി. ഹെഡ്ഗേവാറുടെ മനോഭാവം എന്തായിരുന്നുവെന്ന് മറയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. നിസ്സഹകരണ പ്രസ്ഥാനമാകുന്ന പാൽ കുടിച്ച് വളർന്ന യവന സർപ്പങ്ങളെ അവരുടെ വിഷലിപ്തമായ ശബ്ദംകൊണ്ട് രാജ്യത്ത് ലഹളകൾ സൃഷ്ടിക്കുന്നതിനെ എതിർക്കാനായിരുന്നു സംഘം ജന്മമെടുത്തത്.

ആർ.എസ്.എസ്.-നെക്കുറിച്ച് പറയാം, ആരാണ് ഹെഡ്ഗേവാർ പറയുന്ന ഈ യവന സർപ്പങ്ങൾ; അത് മറ്റാരുമല്ല, ഇന്ത്യയിലെ മുസ്ലീം സഹോദരങ്ങളാണ്. അവരെ എതിർക്കാനും ഇല്ലാതാക്കാനുമാണ് ഈ സംഘം ജന്മകാലം മുഴുവൻ പരിശ്രമിച്ചിട്ടുള്ളത്. അതവരുടെ പ്രഖ്യാപിത നിലപാടുമാണ്. ഇവിടെ ഇത് ഓർമ്മിപ്പിക്കാൻ കാരണം, ആർ.എസ്.എസ്.-ന്റെയും സംഘപരിവാറിന്റെയും ബി.ജെ.പി.-യുടെയും ഫാസിസ്റ്റ് നീക്കങ്ങൾക്കെതിരെ പ്രതിരോധിക്കാൻ ഇടതുപക്ഷം മുൻകയ്യെടുക്കുമ്പോൾ, കേരളം അതിന്റെ മുൻനിരയിൽ നിൽക്കുമ്പോൾ, മുഖ്യമന്ത്രി അതിന്റെ നായകനായി നിൽക്കുമ്പോൾ അതിനെതിരെ രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി അപവാദപ്രചരണം നടത്തുകയും എതിർക്കുകയും ചെയ്യുന്ന സമീപനമാണ് മുസ്ലീം ലീഗ് സ്വീകരിക്കുന്നത്. നിങ്ങൾക്ക് തെറ്റ് തിരുത്താനുള്ള സമയമായി എന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്.

ഇവിടെ കിഫ്ബിക്കെതിരായിട്ടായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ആക്ഷേപം ഉയർന്നുവന്നത്. ഭാവിയിലേയ്ക്കുള്ള കേരള വികസനത്തിന്റെ സ്ഥിര നിക്ഷേപമാണ് കിഫ്ബി. എങ്ങനെയാണ് കിഫ്ബി വന്നതെന്ന് നമുക്കറിയാം, കേരളത്തിന്റെ നിലവിലുള്ള പൊതു ഖജനാവിൽ നിന്ന് സർക്കാർ ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കുകയും ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തുകഴിഞ്ഞാൽ കുറച്ച് കാശുമാത്രമാണ് ബാക്കിയുള്ളത്. അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്താതെ കേരളത്തിന് ഒരിഞ്ച് മുന്നോട്ട് പോകാൻ കഴിയില്ല. വിദേശ മൂലധന നിക്ഷേപമായാലും മറ്റ് വ്യവസായികൾ കടന്നുവരണമെങ്കിൽ ഇവിടെ അടിസ്ഥാന സൗകര്യ വികസനമുണ്ടാകണം. അങ്ങനെയാണ് ഒരു പുതിയ പദ്ധതിയെക്കുറിച്ച് ആലോചിക്കുന്നത്. ആ പദ്ധതി വരുമ്പോൾ ആദ്യഘട്ടം മുതൽ തന്നെ പ്രതിപക്ഷം വളരെയധികം ആക്ഷേപം ഉയർത്തിയിരുന്നു. എന്നാൽ ആ ആക്ഷേപത്തിനെല്ലാം മറുപടി കൊടുത്തുകൊണ്ട് ഈ മാന്ദ്യകാലത്ത് കേരള സമ്പദ്ഘടനയ്ക്ക് ഏറ്റവും വലിയ ഉത്തേജനമായി കിഫ്ബി മാറിയിരിക്കുകയാണ്. മാന്ദ്യത്തിന്റെ മരവിപ്പ് ബാധിക്കാതെ നമ്മുടെ സമ്പദ്ഘടനയെ ചലിപ്പിക്കുകയും ദീർഘവീക്ഷണത്തോടെയുള്ള കേരളത്തിന്റെ വികസനം യാഥാർത്ഥ്യമാക്കുകയും ചെയ്യുകയെന്നതാണ് കിഫ്ബിയിലൂടെ കേരളം ലക്ഷ്യമിടുന്നത്. സുതാര്യത, അന്താരാഷ്ട്ര നിലവാരം എന്നിവ ഇതിന്റെ പ്രത്യേകതയാണ്. പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽപ്പോലും 450 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധേയമാണ്. കിഫ്ബിയുടെ റിവ്യൂ എല്ലാ ജില്ലകളിലും ഇപ്പോൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഇതിന്റെയെല്ലാം സംശയങ്ങൾ അതിലൂടെ ദൂരീകരിക്കാൻ സാധിക്കും. തീർച്ചയായും വരും നാളുകളിൽ വികസന മുന്നേറ്റം ഉജ്ജ്വലമാക്കാൻ

ഇതിലൂടെ കഴിയുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഇവിടെ വളരെയധികം കാര്യങ്ങൾ മറ്റ് സുഹൃത്തുക്കൾ പറയുകയുണ്ടായി. ബി.ജെ.പി.-ക്കെതിരായിട്ടുള്ള പ്രതിഷേധം യഥാസമയം ഉയർത്തിക്കൊണ്ടുവരുന്നതിൽപോലും ഇന്ത്യൻ രാഷ്ട്രീയത്തിൽ കോൺഗ്രസ് ദയനീയമായി പരാജയപ്പെടുകയാണ്. ഏറ്റവുമൊടുവിൽ ഒരു സംഭവം നടന്നു, ഗാന്ധിസ്മൃതി എന്നറിയപ്പെടുന്ന ബിർല ഹൗസിൽ പ്രശസ്ത ഫ്രഞ്ച് ഫോട്ടോഗ്രാഫറായിരുന്ന ഹെൻറി കാർട്ടിയർ ബ്രസൺ പകർത്തിയ ചിത്രങ്ങളുണ്ടായിരുന്നു. ഗാന്ധി വെടിയേറ്റ് വീണ ചിത്രങ്ങൾ ഉൾപ്പെടെയുള്ള ഏറ്റവും പ്രധാനപ്പെട്ട ചിത്രങ്ങളായിരുന്നു. അതൊക്കെ ബി.ജെ.പി. സർക്കാർ എടുത്തുമാറ്റി ചരിത്രത്തെ മായ്ക്കാനുള്ള ശ്രമമായിരുന്നു. അതിൽ പ്രതിഷേധിക്കാൻ ഏതെങ്കിലുമൊരു ഗാന്ധിയെ കണ്ടോ; പേരിന്റെ വാലിലെങ്കിലും ഗാന്ധിയുണ്ടല്ലോ; ഗാന്ധി വേറെയാണെങ്കിലും ശ്രീ. രാഹുൽഗാന്ധിയോ ശ്രീമതി സോണിയാ ഗാന്ധിയോ പ്രതിഷേധത്തിന്റെ മുൻനിരയിലേയ്ക്ക് വന്നോ; അതിൽ പ്രതികരിക്കാനും പ്രതിഷേധിക്കാനും തുഷാർ ഗാന്ധി മാത്രമാണ് ഉണ്ടായിരുന്നത്. തീർച്ചയായും ഈ രാഷ്ട്രീയ യുദ്ധമുഖത്ത് അണികളെ എതിരാളികൾക്ക് എറിഞ്ഞുകൊടുക്കുന്ന, യുദ്ധമുഖം ഉപേക്ഷിക്കുന്ന പടനായകനായിരുന്നു നിങ്ങളുടെ രാഹുൽ ഗാന്ധി. അതുകൊണ്ട് വേറൊന്നും അദ്ദേഹത്തിൽനിന്ന് നമ്മൾ പ്രതീക്ഷിച്ചിട്ട് കാര്യമില്ല. ഇന്ത്യയുടെ മതനിരപേക്ഷ രാഷ്ട്രീയം ശക്തിപ്പെടുത്തണമെങ്കിൽ മതനിരപേക്ഷ മനസ്സ് ശക്തിപ്പെടുത്തണമെങ്കിൽ വളരെ വ്യക്തമായ ആശയ നിലപാടുള്ള, പ്രത്യയശാസ്ത്ര കാഴ്ചപ്പാടുള്ള ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുമാത്രമേ വരും നാളുകളിൽ ഇന്ത്യയെ മുന്നോട്ട് നയിക്കാൻ കഴിയൂ.

ദേശീയതലത്തിൽ സമാനതകളില്ലാത്ത ദുരന്തത്തെയാണ് കോൺഗ്രസ് ഇന്ന് ഇന്ത്യൻ രാഷ്ട്രീയത്തിൽ അഭിമുഖീകരിക്കുന്നത്. 2018-ൽ ബി.ജെ.പി.-യുമായി നേരിട്ട് പോരടിച്ച് കോൺഗ്രസ് അധികാരത്തിലേറിയ മധ്യപ്രദേശും രാജസ്ഥാനും ഛത്തീസ്ഗഢുമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽപ്പോലും ഇപ്പോൾ കോൺഗ്രസ് ഭരണത്തിൽ ഇല്ലെന്ന യാഥാർത്ഥ്യം നിങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. വരുംനാളുകളിൽ ബി.ജെ.പി.-യുടെ വർഗ്ഗീയ ഫാസിസ്റ്റ് നയങ്ങൾക്കെതിരെ അതിശക്തമായിട്ടുള്ള പോരാട്ടം ശക്തിപ്പെടുത്തേണ്ട കാലഘട്ടത്തിൽ മതനിരപേക്ഷ സംസ്ഥാനമെന്നുള്ള നിലയിൽ കേരളം അതിന് മാതൃകയാണ്. തുടർന്നും ഉജ്ജ്വലമായി പ്രതികരിച്ചുകൊണ്ട് മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഒപ്പം കേരളത്തിന്റെ സമഗ്രമായ വികസനം ദീർഘവീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകാനുതകുന്ന നയപ്രഖ്യാപനമാണ് ഇവിടെ നടത്തിയത്. ഈ നന്ദിപ്രമേയത്തിന് പിന്തുണ പ്രഖ്യാപിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷത്തിന്റെ ആവർത്തനം മാത്രമാണ് ഈ നയപ്രഖ്യാപനത്തിലുള്ളത്. ഒരു നയപ്രഖ്യാപനം സമൂഹത്തിന് പ്രതീക്ഷ നൽകുന്നതാകണം. അങ്ങനെ പ്രതീക്ഷ നൽകുന്ന ഒരു പരാമർശവും ഇതിലില്ല. 18-ാം ഖണ്ഡിക ഗവർണ്ണറെക്കൊണ്ട് വായിപ്പിച്ചുവെന്നുള്ളതാണ് ഇവിടെ ഏറ്റവും വലിയ കാര്യമായി ചൂണ്ടിക്കാണിക്കുന്നത്. ഒരു നയപ്രഖ്യാപനം മന്ത്രിസഭ അംഗീകരിച്ചുനൽകിയാൽ ഗവർണ്ണർ അത് വായിക്കണം. ചില ഗവർണ്ണർമാർ നിങ്ങളുടെ കാലത്തുതന്നെ വായിക്കാതെ പോയിട്ടുണ്ട്. എന്താണ് അതിന്റെ അനുമാനം; അത് വായിച്ചതായി പരിഗണിക്കണമെന്നാണ്. പക്ഷേ ഇവിടെ എന്താണ് സംഭവിച്ചത്; ഇവിടെ അറിയാതെയാണെങ്കിലും ശ്രീ. ഒ. രാജഗോപാലടക്കം അംഗീകരിച്ച് നമ്മൾ പാസ്സാക്കിയ പ്രമേയത്തിനെതിരെ സംസാരിക്കാൻ ഗവർണ്ണർക്ക് അവസരം ഒരുക്കിക്കൊടുക്കുകയാണ് നിങ്ങൾ ചെയ്തത്. അതാണോ നിങ്ങളുടെ നേട്ടമായി പറയുന്നത്. അദ്ദേഹം എന്താണ് പറഞ്ഞത്; "എനിക്ക് ഇതിനോട് വിയോജിപ്പുണ്ടെങ്കിലും മുഖ്യമന്ത്രിയുമായുള്ള പുതിയ അന്തർധാരയുടെ പശ്ചാത്തലത്തിൽ ഞാനത് കേവലം വായിക്കുകയാണ് " എന്നാണ്. വായിച്ച മഹാകാര്യമെന്താണ്; ആർട്ടിക്കിൾ 131 പ്രകാരം നമ്മൾ ഒന്നിച്ചാണ് കേസ് കൊടുത്തത്; അത് ഉള്ള കാര്യമല്ലേ; വായിക്കുന്നതിൽ എന്താണ് തെറ്റ്. അതുപോലെ നമ്മൾ പ്രമേയം പാസ്സാക്കിയതാണ്. പ്രതിപക്ഷാംഗങ്ങൾ പറഞ്ഞിട്ടാണ് ഈ രണ്ട് സംഗതികളും ഇവിടെ നടന്നത്. അതാണ് മഹാകാര്യമായി പറയുന്നത്. വലിയ പുകമറയാണ് നിങ്ങൾ ഇവിടെ ചെയ്യുന്നത്. ഇന്നലെ ഒരംഗം പ്രസംഗിക്കുകയാണ്, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത്ഷായും ഉള്ളപ്പോൾ ഈ ഗവർണ്ണറുടെ പിന്നാലെ കൂടണമോയെന്ന്. നിങ്ങൾക്ക് ഊരാൻവേണ്ടി നിങ്ങൾ ഓരോ ജാതി തന്ത്രങ്ങൾ മെനയും. അപ്പപ്പോൾ നിങ്ങൾക്ക് പറ്റിയ ഓരോ ന്യായീകരണങ്ങൾ പറയും. ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും പ്രതിരൂപമായിട്ടാണ് ശ്രീ. ആരിഫ് മുഹമ്മദ് ഖാനെന്ന ഗവർണ്ണർ ഇവിടെ പ്രവർത്തിച്ചത്. സി.എ.എ.-യുമായി ബന്ധപ്പെട്ട് ഒരു രാഷ്ട്രീയ നേതാവിനെപ്പോലെ രാജ്യം മുഴുവനും നടന്ന് പ്രസംഗിച്ച ഗവർണ്ണർ ഇവിടെ വന്നപ്പോൾ നിങ്ങൾക്ക് അദ്ദേഹവുമായി അനുരഞ്ജനത്തിലാകാൻ കഴിഞ്ഞു. പക്ഷേ ഞങ്ങൾ അങ്ങനെയാകുന്ന പ്രശ്നമില്ല. ഈ വിഷയത്തിൽ ഞങ്ങളുടെ പോരാട്ടം അതിശക്തമാണ്. ഈ നിലപാടിൽ വെള്ളം ചേർക്കാൻ യു.ഡി.എഫ്.-നെ കിട്ടില്ല. അതാണ് ഞങ്ങളിവിടെ

പ്രതിഫലിപ്പിച്ചത്. അതാണ് ഗവർണ്ണർ വന്നപ്പോൾ വളരെ ശക്തമായ നിലപാട് ഞങ്ങൾ സ്വീകരിച്ചത്. നിങ്ങൾ ആ ഗവർണ്ണറെ കയ്യടിച്ച് സ്വീകരിച്ചു. ഗവർണ്ണർ പ്രസംഗിക്കുമ്പോൾ ഞങ്ങളെ കൂകി വിളിച്ച മഹാന്മാർവരെ അപ്പുറത്തുണ്ടായിരുന്നു. ഞങ്ങൾ ഞങ്ങളുടെ ജനാധിപത്യപരമായ മര്യാദകൾ നിർവ്വഹിച്ചു. സി.എ.എ.-യുടെ കാര്യത്തിൽ ഇടതുപക്ഷ സർക്കാർ എന്തോ മഹാകാര്യം ചെയ്തുവെന്നാണ് നിങ്ങൾ പറയുന്നത്. ഇവിടെ നിങ്ങളാണെങ്കിലും ഞങ്ങളാണെങ്കിലും നടക്കാവുന്നതൊക്കെയേ നടന്നിട്ടുള്ളൂ. ഇവിടെ യു.ഡി.എഫ്. ആണെങ്കിലും എൽ.ഡി.എഫ്. ആണെങ്കിലും ഇതേ നടക്കൂ. യു.ഡി.എഫ്. ആണെങ്കിൽ നിങ്ങളെക്കാളും ഒരുപടി സത്യസന്ധമായി ഈ കാര്യങ്ങൾ നിർവ്വഹിക്കുമായിരുന്നു. അല്ലാതെ ശ്രീ. പിണറായിയുടെ ഗവൺമെന്റ് ഉണ്ടായതുകൊണ്ട് എന്ത് മഹാകാര്യമാണ് ചെയ്തത്; ബംഗാളിൽ പ്രമേയം പാസ്സാക്കിയില്ലേ; ശ്രീമതി മമതാ ബാനർജിയുടെ നാലയലത്തെത്തുന്ന പ്രതികരണം നടത്താൻ നമ്മുടെ മുഖ്യമന്ത്രിക്ക് സാധിച്ചിട്ടുണ്ടോ; പഞ്ചാബ് പ്രതികരിച്ചില്ലേ; പഞ്ചാബിലും പ്രമേയം പാസ്സാക്കി. ഇവിടെ 25 ശതമാനം മുസ്ലീം സമൂഹമുണ്ട്. എന്നാൽ പഞ്ചാബിൽ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രി പ്രമേയം പാസ്സാക്കിയപ്പോൾ മുസ്ലീം സമൂഹം ഒന്നര ശതമാനം മാത്രമാണ്. അത് നിങ്ങൾ മനസ്സിലാക്കണം. രാജസ്ഥാനിൽ മുസ്ലീം സമുദായത്തിന്റെ ശതമാനം വളരെ കുറവാണ്. രാജസ്ഥാനിൽ ശ്രീ. അശോക് ഗഹ്‌ലോട്ടിന്റെ കോൺഗ്രസ് മന്ത്രിസഭ പ്രമേയം പാസ്സാക്കി. അങ്ങനെ ഇതിനെതിരെ ഇന്ത്യ മുഴുവനും പ്രതിരോധിച്ചുകൊണ്ടിരിക്കുന്നത് കോൺഗ്രസ്സും കോൺഗ്രസ്സിന്റെ നേതൃത്വവുമാണ്. പാർലമെന്റിൽ നിങ്ങളും ഞങ്ങളും ഒരുപോലെയാണ്. കോൺഗ്രസ്സില്ലാതെ ഒന്നും നടക്കില്ല, നിങ്ങൾക്ക് മൂന്ന് സീറ്റുകളാണുള്ളത്. പഴയ പ്രതാപമൊക്കെ പോയിയെന്ന് മനസ്സിലാക്കണം. ഞങ്ങൾക്കും ലോക്‌സഭയിൽ മൂന്ന് സീറ്റുകളാണ്. പക്ഷേ ഇവിടെ ഈ വർത്തമാനമല്ലാതെ നിങ്ങളെ എവിടെയും കണ്ടിട്ടില്ല. ഇതിന്റെയൊക്കെ മുമ്പിൽ യു.പി.-യിൽ വലിയ പീഡനങ്ങൾ ഉണ്ടായില്ലേ; അവിടെ ശ്രീമതി പ്രിയങ്കാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയുമാണുണ്ടായിരുന്നത്. നിങ്ങളുടെ ആരാണ് അവിടെയുള്ളത്. നിങ്ങൾക്ക് ആ നിയമസഭയിൽ ആരെങ്കിലുമുണ്ടോ; അതുകൊണ്ട് ആ രീതിയിലുള്ള വർത്തമാനമൊന്നും പറയേണ്ട; ഇത് ഒന്നിച്ചുനിൽക്കേണ്ട സന്ദർഭമാണ്. ഒന്നിച്ചുനിൽക്കേണ്ട കാര്യത്തിൽ ഒന്നിച്ചുനിൽക്കണം. ഈ രാജ്യത്തെ വിഴുങ്ങാൻവേണ്ടി ഫാസിസം തയ്യാറെടുത്ത് നിൽക്കുമ്പോൾ നമ്മളതിനെതിരെ പ്രതിരോധിക്കണം. പക്ഷേ അവിടെ നിങ്ങൾ രാഷ്ട്രീയം കളിക്കുകയാണ്. ഇവിടെ നിങ്ങൾ ന്യൂനപക്ഷങ്ങളുടെ വോട്ടുകണ്ട്

വല്ലാത്ത പ്രചരണങ്ങൾ ഈ രാജ്യത്ത് ഇറക്കിവിടുകയാണ്. നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ഈ വിഷയത്തിന് നേതൃത്വം കൊടുക്കുന്നത് ശ്രീമതി സോണിയാ ഗാന്ധിയാണ്. ആ മീറ്റിംഗിലേയ്ക്കാണ് ഞങ്ങളും നിങ്ങളുമൊക്കെ പോയത്. ഈ രാജ്യം ഫാസിസ്റ്റുകളിൽനിന്ന് തിരിച്ചുപിടിക്കണമെങ്കിൽ, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയിൽ നിന്ന് തിരിച്ചുപിടിക്കണമെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുതന്നെ മുന്നിൽ നിൽക്കണം. നിങ്ങളിപ്പോൾ കോൺഗ്രസ്സിന്റെ കഷ്ടകാലത്തെക്കുറിച്ചാണ് ആലോചിക്കുന്നത്. നിങ്ങൾ ആദ്യം സ്വന്തം കഷ്ടകാലത്തെക്കുറിച്ച് ആലോചിക്കൂ. നിങ്ങൾ എവിടെയാണുള്ളത്; പാർലമെന്റിലെ അംഗസംഖ്യ മൂന്നാണ്. ബംഗാളിലില്ല, ത്രിപുരയിലില്ല. നിങ്ങൾ നാലാം സ്ഥാനത്തോ അഞ്ചാം സ്ഥാനത്തോ ആണ്. അതുകൊണ്ട് കോൺഗ്രസ്സിനെ പാഠം പഠിപ്പിക്കുന്നതിന് മുമ്പ് നിങ്ങൾ സ്വയം തിരുത്താൻ ശ്രമിക്കുക. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, എൻ.ആർ.സി.-യും സി.എ.എ.-യും എൻ.പി.ആർ.-ഉം ഇല്ലെന്നാണ്. പക്ഷേ ഞാൻ ചോദിക്കട്ടെ, നിങ്ങൾ സെൻസസ് നടത്താൻ പോകുകയാണ്. സെൻസസ് നടത്തുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഇതാണ് അതിന്റെ ഉത്തരവ്. (ഉത്തരവിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു) സെൻസസിന് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഗസറ്റ് നോട്ടിഫിക്കേഷനെയുള്ളൂ. Updation of NPR 2020 ഒരേ ഗസറ്റ് നോട്ടിഫിക്കേഷനാണ്. സെൻസസ് നടത്തിയാൽ മതി, എൻ.പി.ആർ. നടത്തേണ്ടെന്ന് ഒരു സംസ്ഥാനത്തിന് പറയാൻ കഴിയുമോ; പറഞ്ഞാൽ അതിന് നിയമപരമായ നിലനിൽപ്പുണ്ടോ; നിങ്ങൾ ഇവിടെ നിന്ന് എന്യൂമറേറ്റർമാരെ തെരഞ്ഞെടുത്ത് നൽകിയാൽ പിന്നെ അവരുടെ നിയന്ത്രണം നിങ്ങളുടെ മേലല്ല, കേന്ദ്ര ഗവൺമെന്റിന്റെ മേലായിരിക്കും. അങ്ങനെ വരുമ്പോൾ ഇവിടെ എൻ.പി.ആർ. സ്വാഭാവികമായും രൂപപ്പെടും. അത് വലിയ പ്രയാസത്തിലേയ്ക്കാണ് പോകുന്നത്.

2010-ലും സെൻസസും എൻ.പി.ആർ.-ഉം ഒന്നായിരുന്നു. ഇന്നത്തെപ്പോലെയുള്ള ഉത്തരവാണ് അന്നും ഇറങ്ങിയത്. സെൻസസും എൻ.പി.ആർ.-ഉം ഒന്നാണ്, സെൻസസ് എൻ.പി.ആർ. ആയി മാറും. എൻ.പി.ആർ. നടത്തുന്നില്ല, സെൻസസ് മാത്രമാണ് ഞങ്ങൾ നടത്താൻ പോകുന്നതെന്നാണ് നിങ്ങൾ ഇവിടെ പറയുന്നത്. സെൻസസിലൂടെ നൽകുന്ന വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ കയ്യിലെത്തിയാൽ അത് എൻ.പി.ആർ. ആയി മാറി. ആ എൻ.പി.ആർ.-നെ എൻ.ആർ.സി. ആക്കാമെന്ന് അടൽ ബിഹാരി വാജ്പേയിയുടെ കാലത്ത് സിറ്റിസൺഷിപ്പ് അമെന്റ്മെന്റ് ആക്റ്റിൽ 2003-ലെ

ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. നിങ്ങൾ ആർ.എസ്.എസ്.-നെ അത്ര ചെറുതായി കാണരുത്. അതിനാൽ ഇത് ഗൗരവമുള്ള വിഷയമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. ഇപ്പോൾ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകണ്ടായെന്ന് പറയുന്നു. എന്നാൽ അടുത്ത ഫെബ്രുവരിയിൽ നടക്കുന്ന രണ്ടാംഘട്ട സർവ്വേയിൽ ഈ എന്യൂമറേറ്റർമാരെ വച്ച് ഉത്തരം കൊടുക്കാൻ കഴിയും. എല്ലാവരും ഉത്തരം കൊടുക്കാതിരിക്കില്ല. കുറേപേർ ഉത്തരം കൊടുക്കും, കുറേപേർ ഉത്തരം കൊടുക്കില്ല. ഉത്തരം കൊടുത്തവർ പട്ടികയിൽ ഉൾപ്പെടും, ഉത്തരം കൊടുക്കാത്തവർ doubtful ആകും. അത്തരത്തിൽ doubtful ആയി കഴിഞ്ഞാൽ അവർ doubtful ആയ പട്ടികയിലേയ്ക്ക് പോവുകയാണ്. അവരെങ്ങനെ രക്ഷപ്പെടും, അതുകൊണ്ട് ഈ പോരാട്ടത്തിൽ കേരള ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ സി.എ.എ. പിൻവലിക്കുന്നതുവരെ, എൻ.ആർ.സി. നടപ്പിലാക്കില്ലെന്ന പ്രഖ്യാപനം വരുന്നതുവരെ സെൻസസ് നടപടികൾ നിർത്തിവയ്ക്കണമെന്ന് ഞങ്ങളിവിടെ ആവശ്യപ്പെടുകയാണ്. ആശങ്കകൾ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ രണ്ട് വർഷത്തേയ്ക്കെങ്കിലും നിങ്ങൾ സെൻസസ് നടപടികൾ നിർത്തിവയ്ക്കണം. ഫാസിസത്തിനെതിരെ പ്രതിരോധം നടത്തുന്നത് ഇങ്ങനെയാണ്. നമ്മുടേത് ഒരു ഫെഡറൽ സ്റ്റേറ്റാണ്. ഈ പശ്ചാത്തലത്തിൽ 'ഒരു സംസ്ഥാനം സെൻസസ് നടത്തില്ലെന്ന് പ്രഖ്യാപിച്ചു' എന്നു പറയുമ്പോൾ അത് പ്രതികരണമാകും. അതിനുള്ള നടപടികളില്ലാതെ പ്രസ്താവനകളിലൂടെ ഇതിനെ നേരിടാമെന്ന് നിങ്ങൾ വിചാരിക്കണ്ട.

വിവിധ സംസ്ഥാനങ്ങളിൽ സെൻസെസ് അസാധ്യമാകുമ്പോൾ കേന്ദ്ര ഗവൺമെന്റ് വഴിക്കുവരും. സി.എ.എ., എൻ.ആർ.സി., എൻ.പി.ആർ. എന്നീ നടപടികൾ ഒരു ഭാഗത്തും ഇതിനെതിരെയുള്ള സമരം മറുഭാഗത്തുമായി രണ്ട് സമാന്തര രേഖകളായി പോകുകയാണ്. അതുകൊണ്ട് കാര്യമില്ല. നിസ്സഹകരണങ്ങൾ ഉണ്ടാകണം. നിസ്സഹകരണങ്ങൾ ഉണ്ടായാൽ മാത്രമേ ഇതിനൊരു പ്രതിവിധി ഉണ്ടാകുകയുള്ളൂ. അല്ലെങ്കിൽ ഇതൊരു വലിയ ചതിയായിരിക്കും. ഈ സെൻസസ് എൻ.പി.ആർ. ആയി മാറും, എൻ.പി.ആർ. പിന്നീട് എൻ.ആർ.സി. ആയി മാറും. അങ്ങനെ വരുമ്പോൾ കേന്ദ്ര ഗവൺമെന്റ് നിങ്ങളെ പറ്റിച്ചതാണെന്ന് നാളെ നിങ്ങൾ പറയും. പക്ഷെ ഇത്തരത്തിൽ പറ്റിക്കപ്പെടാൻ ഒരു സാധ്യതയുണ്ടെന്ന് ഇവിടെ വിളിച്ചു പറയുകയെന്നത് ഞങ്ങളുടെ ഉത്തരവാദിത്തമാണ്, ആ ഉത്തരവാദിത്തമാണ് ഞാൻ നിർവ്വഹിക്കുന്നത്. അതുകൊണ്ട് സെൻസസ് നടപടികൾ നിർത്തിവച്ച് ഈ വിഷയത്തിൽ കേന്ദ്രത്തോട് പ്രതികരിക്കാൻ നിങ്ങൾ തയ്യാറാകണം.

കയ്യടി നേടാൻ വേണ്ടി നിങ്ങളിവിടെ അനേകം കാര്യങ്ങൾ പറയുന്നുണ്ട്. ആ കയ്യടിക്കുള്ള കൂലി നിങ്ങൾ അപ്പോൾ തന്നെ വാങ്ങുന്നുമുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ മുൻപ് പറഞ്ഞതുപോലെ, പണി പാടത്താണെങ്കിൽ കൂലി വരമ്പത്താണ്. നിങ്ങൾ രണ്ട് സ്റ്റേറ്റ്മെന്റുകൾ നടത്തിയശേഷം പിന്നെ ചെയ്തത് മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഭരണഘടനാ സംരക്ഷണ റാലി നടത്തലാണ്. എല്ലാ മതസംഘടനാ നേതാക്കൻമാരെയും ക്ഷണിച്ചിട്ട് സ്റ്റേറ്റ്മെന്റ് പറഞ്ഞതിനുള്ള കൂലി വാങ്ങുകയാണ്. ആളുകളിൽ ഭീതി വിതച്ച് മനുഷ്യ ശൃംഖലയിൽ ആളെ കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഈ നാട്ടിലെ മഹല്ല് കമ്മിറ്റികൾ മുഴുവനും തങ്ങളുടെ ഉള്ളിലുള്ള വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ട് രാജ്യത്താകമാനം പ്രക്ഷോഭങ്ങൾ നടത്തിയപ്പോൾ ആ പ്രക്ഷോഭങ്ങൾ നടത്തിയത് എസ്.ഡി.പി.ഐ.-ക്കാരാണെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിവിടെ പറഞ്ഞത്. പാവപ്പെട്ട പണ്ഡിതൻമാർ, മത സംഘടനകൾ നേതൃത്വം കൊടുത്ത ആ പ്രക്ഷോഭങ്ങളെ മുഴുവനും ഇകഴ്ത്തുന്ന വിധത്തിലാണ് നിങ്ങൾ സംസാരിച്ചത്....... (ബഹളം)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്, പ്ലീസ്, പ്ലീസ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ വ്യക്തിപരമായ വിശദീകരണത്തിന് സമയം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. അതിനായി ഒരു മിനിട്ട് സമയം എനിക്ക് അനുവദിക്കണം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശരി, പറഞ്ഞോളൂ.

## VII വ്യക്തിപരമായ വിശദീകരണം

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ലീഗിന്റെ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് നിങ്ങളുടെ ആരുടെയും സർട്ടിഫിക്കറ്റ് വേണ്ട. നിങ്ങളുമായി ഒന്നിച്ചുനിന്ന അടിയന്തരാവസ്ഥ കാലത്ത്, വി. പി. സിംഗിന്റെ ഭരണകാലത്ത് ഈ അപകടം ചൂണ്ടിക്കാണിച്ചവരാണ് ലീഗ് എന്നുള്ള കാര്യം നിങ്ങൾ മറക്കരുത്. അതാണ് ഞങ്ങളുടെ രാഷ്ട്രീയ വീക്ഷണം. ഫാസിസ്റ്റുകളുടെ കാണാച്ചരടുകളെക്കുറിച്ച് ഡോ. എം. കെ. മുനീറിന്റെ ഒരു കൃതിയുണ്ട്. അത് നിങ്ങൾ മനസ്സിലാക്കണം. ഫാസിസത്തിനെതിരെയുള്ള പോരാട്ടം ഞങ്ങളെ പഠിപ്പിക്കേണ്ട. സി.എ.എ. വിഷയത്തിൽ പാർലമെന്റിൽ ഞങ്ങൾ നടത്തിയതുപോലെയുള്ള പോരാട്ടം നിങ്ങൾ നടത്തിയോ? ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഞങ്ങളുടെ കേസാണ് നിൽക്കുന്നത്. നിങ്ങൾ ഒരു കേസ് കൊടുത്തു, ആ കേസിന് നമ്പർ ഇടീക്കാനെങ്കിലും നിങ്ങൾക്ക് സാധിച്ചോ ?

ബി.ജെ.പി.യെ വളർത്തിയത് കോൺഗ്രസാണെന്നാണ് നിങ്ങൾ പറയുന്നത്. ബി.ജെ.പി. വളർന്നുവന്നത് എങ്ങനെയാണെന്ന് എല്ലാവർക്കുമറിയാം. അടിയന്തരാവസ്ഥ മുതലുള്ള കാര്യങ്ങൾ അറിയാം. രാഷ്ട്രീയ ദൃഷ്ടലാക്കോടെ നിങ്ങൾ മുമ്പോട്ടുവന്നാൽ ഇതെല്ലാം വിശദീകരിക്കേണ്ടി വരും. ശ്രീ. ജെയിംസ് മാത്യു ഇവിടെ പറഞ്ഞത് ലീഗിന് ബി.ജെ.പി.-യെ എതിർക്കാൻ പരിമിതിയുണ്ടെന്ന് ഞാൻ പറഞ്ഞുവെന്നാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ബി.ജെ.പി.-യെ എതിർക്കാൻ ലീഗിന് പരിമിതിയുണ്ടെന്ന് ഞാൻ പറഞ്ഞതായി തെളിയിച്ചാൽ ഞാൻ എന്റെ പൊതുപ്രവർത്തനം അവസാനിപ്പിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..യെസ്... പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗൾഫിൽ വച്ച് ഒരു പത്രസമ്മേളനത്തിൽ എന്നോട് പത്രക്കാർ ചോദിച്ചു........(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: ശ്രീ. വി. എസ്. അച്ചുതാനന്ദൻ സഖാവ് പറഞ്ഞിട്ടുണ്ടല്ലോ, പശു നിങ്ങളുടെ അമ്മയാണെങ്കിൽ കാള നിങ്ങളുടെ അച്ഛനാണെന്ന്, എന്തുകൊണ്ടാണ് ലീഗ് അതുപോലെ പ്രതികരിക്കാത്തത്. ഞാൻ പറഞ്ഞു ലീഗ് അങ്ങനെ പ്രതികരിക്കില്ല, ലീഗ് ജാഗ്രതയോടുകൂടിയെ പ്രതികരിക്കു....... (ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്. പ്ലീസ് കൺക്ലൂഡ്. ഞാൻ മൈക്ക് ഓഫ് ചെയ്യുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: ......(മൈക്ക് ഓഫ്).......

ശ്രീ. എം. സ്വരാജ്: പോയിന്റ് ഓഫ് ഓർഡർ..

മി. ഡെപ്യൂട്ടി സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട ചെയർ, ചട്ടം 188 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണത്തിന് അപേക്ഷ കൊടുത്തുകഴിഞ്ഞാൽ ചെയർ അതിന് സമയം അനുവദിക്കുകയാണ് ചെയ്യുക. വളരെ നിർഭാഗ്യകരമായ സാഹചര്യമാണ് സഭയിൽ കണ്ടത്. സഭയിൽ ബഹുമാനപ്പെട്ട അംഗത്തിന് അനുവദിച്ച സമയത്ത് പ്രസംഗം നടത്തി പൂർത്തിയാക്കിയശേഷം അദ്ദേഹം ആറ് മിനിട്ട് പ്രസംഗം തുടരുകയാണ് ചെയ്തത്. അത് ഓർഡറിലാണോ എന്ന് പരിശോധിക്കണം. റൂളിംഗ് കൊടുക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ചട്ടം 188 അല്ല 288 ആണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിക്കാം.

## നന്ദിപ്രമേയ ചർച്ച (തുടർച്ച)

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനം കേവലം ഗവർണ്ണറുടെ പ്രസംഗം മാത്രമല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് 4 വർഷം പൂർത്തീകരിക്കാൻ പോകുകയാണ്; ഈ കാലത്ത് സമസ്ത മേഖലകളിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിക്കൊണ്ട് അടുത്ത സാമ്പത്തിക വർഷം എന്ത് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നാണ് 155 ഖണ്ഡികകളിലായി ഗവർണ്ണർ ഇവിടെ നടത്തിയ പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളത്. ആ പ്രസംഗത്തിലൂടെ ഒന്ന് കണ്ണോടിച്ചാൽ കേരളം ഇതിനുമുൻപൊരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള വികസനപ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും നടന്നതായി കാണാൻ സാധിക്കും. ഓരോ വർഷവും പുതിയ പുതിയ നയങ്ങളല്ല, മറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളാണ് നടപ്പാക്കുന്നത്. ഗവൺമെന്റിന്റെ നയങ്ങൾ ഏത് വിധത്തിൽ നടപ്പിലാക്കുന്നുവെന്നുള്ളതാണ് ഈ നയപ്രഖ്യാപനത്തിൽ അടങ്ങിയിട്ടുള്ളത്.

പൗരത്വ നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് രാജ്യവ്യാപകമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ആ നിയമത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയായിട്ടുള്ള ഗവർണ്ണറുടെ പ്രതികരണങ്ങളും പരാമർശങ്ങളും കേരളത്തിലാരും അംഗീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ കേരളത്തിലെ ജനങ്ങളുടെ, പ്രത്യേകിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും ഗവൺമെന്റിന്റെയും വിയോജിപ്പും എതിർപ്പും എല്ലാം ഘട്ടങ്ങളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഗവർണ്ണർ പ്രതികരിച്ചുവെന്നുള്ളതു കൊണ്ടുമാത്രം ഗവൺമെന്റ് അത് അംഗീകരിക്കണമെന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ പ്രതിനിധിയെന്ന നിലയിലാണ് ഗവർണ്ണർ പ്രതികരിച്ചിട്ടുള്ളത്. അതിലുള്ള വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അത് ഇപ്പോഴും തുടരുകയാണ്. എന്നാൽ ആ പ്രതികരണം നടത്തിക്കൊണ്ടുതന്നെ കേരള ഗവൺമെന്റിന്റെ നയപ്രഖ്യാപനമാണ് ഗവർണ്ണർ ഇവിടെ നടത്തിയിട്ടുള്ളത്. ആ നയപ്രഖ്യാപനത്തെ പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. പ്രതികൂല സാഹചര്യങ്ങളെ നേരിട്ടുകൊണ്ടാണ് കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് ഇക്കാലത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് നമുക്കറിയാം. 2018-ലെയും 2019-ലെയും മഹാപ്രളയങ്ങൾ, ഓഖി ദുരന്തം, നിപ വൈറസ് എന്നിവയെല്ലാമുണ്ടായ പ്രതികൂലമായ സാഹചര്യങ്ങൾ ഒരു ഭാഗത്ത്, മറ്റൊരു ഭാഗത്ത് കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത അവഗണനയും പകപോക്കൽ നിലപാടുകളും സാമ്പത്തികമായി നമ്മുടെ സംസ്ഥാനത്തെ

ഞെരുക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനെയെല്ലാം അതിജീവിക്കുന്നതിനിടയിലാണ് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ പ്രതിപക്ഷത്തുള്ള പലരും അനുവദിച്ചിട്ടുള്ള സമയം മുഴുവനും ബഹുമാനപ്പെട്ട ഗവർണ്ണറെപ്പറ്റി പറയുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. സംസ്ഥാനത്തെ മഹാഭൂരിപക്ഷം സാധാരണക്കാരായ ജനങ്ങളെ ബാധിക്കുന്ന സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള വിവിധ പദ്ധതികളാണ് നാല് മിഷനുകളിലായി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ ഓരോന്നിന്റെയും പുരോഗതി വിലയിരുത്തിക്കൊണ്ട് ഇവിടെ നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ലൈഫ് മിഷനിലൂടെ വീടില്ലാത്തവർക്ക് രണ്ട് ലക്ഷം വീടുകൾ ഈ മാസത്തോടെ പൂർത്തീകരിക്കാൻ പോകുകയാണ്. ആരോഗ്യ മേഖലയുടെ കാര്യത്തിൽ, ആർദ്രം മിഷനിലൂടെ എല്ലാ ആതുരാലയങ്ങളും നല്ല നിലയിൽ പ്രവർത്തിപ്പിക്കുന്നതിനും വിദ്യാഭ്യാസ മേഖലയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. നമ്മുടെ മണ്ണിനെയും വെള്ളത്തെയും സംരക്ഷിക്കാൻ സാധിക്കത്തക്ക നിലയിലുള്ള ഹരിതകേരളം പദ്ധതിയും ഇതിന്റെ ഭാഗമായി നടക്കുന്നൊരു കാര്യമാണ്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുവേണ്ടി നടത്തിയിട്ടുള്ള പരിശ്രമങ്ങളിലെല്ലാം വിജയം കൈവരിച്ചിരിക്കുന്നു. ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കൈത്തറി, ഖാദി, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലകളെയെല്ലാം നവീകരിച്ച് സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചു വരുന്നു. ആ മേഖലകളിൽ പണിയെടുക്കുന്നവരും ജനങ്ങളും അതിനെ സഹർഷം സ്വാഗതം ചെയ്തിട്ടുണ്ട്. വികസന കാര്യങ്ങളുമായി ബന്ധപ്പെട്ട് നമ്മൾ എല്ലാ സമ്മേളനങ്ങളിലും കേട്ടുകൊണ്ടിരിക്കുന്ന കാര്യമാണ് കിഫ്ബി. കിഫ്ബി പദ്ധതി പ്രഖ്യാപിച്ചപ്പോൾ ആദ്യം അതിനെ പരിഹസിക്കാനും ഇപ്പോൾ അതൊന്നും നടക്കുന്നില്ലെന്ന് വരുത്തി തീർക്കുന്നതിനുമാണ് നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 50,000 കോടിയിലധികം രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ച് കഴിഞ്ഞിരിക്കുകയാണ്. എല്ലായിടത്തും അതിന്റെ പ്രവർത്തനങ്ങൾ കാണാൻ സാധിക്കും. ഓരോ മണ്ഡലത്തിന്റെയും കാര്യങ്ങൾ അവരവർ പരിശോധിച്ചാൽ അവർക്ക് നിഷേധിക്കാൻ സാധിക്കില്ല. എന്റെ മണ്ഡലമായ പയ്യന്നൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ട നിലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കണ്ണൂർ ജില്ലയുടെ ഭാഗമായിട്ടുള്ള ചെറുപുഴ മുതൽ വള്ളിത്തോടുവരെയുള്ള 64 കി.മീ. മലയോര ഹൈവേയുടെ പൂർത്തീകരണം ഈ

മാസം അവസാനത്തോടുകൂടി പ്രഖ്യാപിക്കും. ഇതിനുമുമ്പ് അങ്ങനെയൊരനുഭവം കേരളത്തിലെവിടെയും ഉണ്ടായതായി കാണാൻ സാധിക്കില്ല. അതുപോലതന്നെ കിഫ്ബി പദ്ധതിയിൽ പ്രഖ്യാപിച്ചിട്ടുള്ള ചെറുപുഴയിൽനിന്നും ആരംഭിച്ച് മഞ്ഞക്കാട് മുതുവം വരെയുള്ള റോഡിന്റെ പ്രവൃത്തി ഈ മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കും. 26 കോടി രൂപയാണ് അതിനായി വകയിരുത്തിയിട്ടുള്ളത്. കാങ്കോൽ-ചീമേനി റോഡ്, വെള്ളോറ-കക്കറ റോഡ് ഇതെല്ലാം കിഫ്ബി പദ്ധതിയിലുള്ളതാണ്. ഇതെല്ലാം അടുത്തയാഴ്ചയോ തൊട്ടടുത്ത ആഴ്ചയോ ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കാൻ സാധിക്കും. ഇത്തരത്തിലുള്ള അടിസ്ഥാന വികസന പദ്ധതികൾ പ്രഖ്യാപിക്കുക മാത്രമല്ല അതെല്ലാം നടപ്പിലാക്കുകയുമാണ്. അവയുടെയെല്ലാം ഗുണമേന്മകൾ പരിശോധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നു. ജനങ്ങളെല്ലാം ഇതിൽ സഹകരിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റഴിക്കുകയാണ്, പൊതുമേഖല വിറ്റഴിക്കൽ മേള നടത്തിക്കൊണ്ടിരിക്കുകയാണ്. ഒന്നും ബാക്കി വയ്ക്കുന്നില്ല. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഷെയറുകൾ പൂർണ്ണമായും വിൽക്കുകയാണ്. 1990-91 കാലഘട്ടങ്ങളിൽ അന്നത്തെ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള നവലിബറൽ നയത്തിന്റെ ഭാഗമായിട്ടാണ് ഷെയർ വിൽപ്പന ആരംഭിച്ചത്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് കുറേക്കൂടി ശക്തിപ്പെടുകയാണ് ചെയ്തത്. 2019-20 നടപ്പുസാമ്പത്തിക വർഷം 1.5 ലക്ഷം കോടി രൂപയുടെ ഓഹരി വിൽക്കാനാണ് ലക്ഷ്യമിട്ടതെങ്കിൽ അടുത്ത സാമ്പത്തിക വർഷം 2020-21 കാലത്ത് 2.10 ലക്ഷം കോടി രൂപയുടെ ഓഹരി വിൽക്കുമെന്നുള്ള പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് പൊതുമേഖലയെ വിറ്റഴിക്കുന്നതോടൊപ്പംതന്നെ അങ്ങേയറ്റം ജനങ്ങൾക്കെതിരായിട്ടുള്ള കടന്നാക്രമണങ്ങളുമായി മുന്നോട്ട് പോകുകയാണ്. ഇതിനെതിരായി ശക്തമായ പ്രതിഷേധങ്ങൾ രാജ്യത്ത് ഉയർന്നുവരുന്നുണ്ട്. മാത്രമല്ല, രാജ്യത്തൊമ്പാടുമുള്ള കൃഷിക്കാരും തൊഴിലാളികളും നേരിടുന്ന വളരെ ഗുരുതരമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. ഇതിനെതിരായി ജനങ്ങളുടെ പ്രതിഷേധം വളർന്നുവരുന്നുണ്ട്. അതിനിയും ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. ആ പ്രതിഷേധത്തിന്റെ ഉയർന്ന രൂപമായിരുന്നു 2020 ജനുവരി 8-ാം തീയതി ദേശവ്യാപകമായി നടന്ന പണിമുടക്ക്. അതുപോലുള്ള സമരങ്ങൾ ശക്തിപ്പെടുത്തി മുന്നോട്ട് പോകുന്നതിന് ഇനിയും ശ്രമിക്കേണ്ടതുണ്ട്. കേരളത്തിലെ ജനങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭയും എം.എൽ.എ.-മാരുമെല്ലാം അത്തരം പ്രതിഷേധ സമരങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് ശ്രമിക്കേണ്ടത്. അതോടൊപ്പംതന്നെ കേന്ദ്ര ഗവൺമെന്റിന്റെ പൗരത്വ നിയമ ഭേദഗതിയിലൂടെ

മൗലികാവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കുന്ന നിലപാടുകൾക്കെതിരെ ഐക്യത്തോടുകൂടി ഒന്നിച്ചു നിന്നുകൊണ്ട് മുന്നോട്ട് പോകേണ്ട അവസരമാണ്. അതിന് എല്ലാവരും തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി അനുകൂലിക്കുന്നു. എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യം കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കേരളമെന്ന കൊച്ചു സംസ്ഥാനം ആ പ്രതിസന്ധികളെ തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് ഈ സർക്കാരിന്റെ നയം ഇവിടെ വ്യക്തമാക്കിയത്. നമ്മുടെ രാജ്യം ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കേന്ദ്രഭരണകൂടം രാജ്യത്തിന്റെ സ്വത്തുക്കളെല്ലാം വിൽക്കുന്ന വിൽപ്പനക്കാരായി മാറിയിരിക്കുകയാണ്. ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, എയർ ഇന്ത്യ, മഹാനഗർ ടെലിഫോൺ നിഗം ലിമിറ്റഡ്, തിരുവനന്തപുരം വിമാനത്താവളം എന്നിവയൊക്കെ വിൽക്കുകയാണ്. 45 വർഷത്തിനിടയിൽ ഏറ്റവും കടുത്ത തൊഴിലില്ലായ്മയാണ് നമ്മൾ നേരിടുന്നത്. ഒരു വർഷം 16 ലക്ഷം പുതിയ അവസരങ്ങളാണ് കുറയുന്നതെന്നാണ് എസ്.ബി.ഐ.-യുടെ പുതിയ റിപ്പോർട്ടുകൾ പറയുന്നത്. നമ്മുടെ രാജ്യത്തിന്റെ പ്രധാനപ്പെട്ട മേഖലകളെല്ലാം തകർച്ചയുടെ വക്കിലാണുള്ളത്. കർഷകർ കടുത്ത ദുരിതത്തിലാണ്. എല്ലാ വിഭാഗം തൊഴിലാളികളും വലിയ പ്രതിസന്ധിയിലാണ്. ഇന്ത്യാരാജ്യം ഇത്തരം പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴാണ് കേരളത്തിലെ ജനങ്ങളെ ആ പ്രതിസന്ധിയിൽനിന്നും കരകയറ്റുന്ന രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഈ ഗവൺമെന്റിന്റെ നയം വ്യക്തമാക്കിയത്. നമ്മുടെ രാജ്യത്ത് മറ്റൊരു പ്രതിസന്ധികൂടി നിലനിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ നിരവധിയായ വികസന പദ്ധതികൾ പറയാനുണ്ട്. പക്ഷെ ഒരു കാര്യം പറയാതെ നമുക്കത് പറയാൻ സാധിക്കില്ല. ഇന്ത്യ കേവലം സാമ്പത്തിക പ്രതിസന്ധി മാത്രമല്ല നേരിടുന്നത്, രാജ്യത്തിന്റെ ജനാധിപത്യവും ഭരണഘടനയും വലിയ രീതിയിലുള്ള വെല്ലുവിളികൾ നേരിടുകയാണ്. ഇന്ത്യയെ ഒരു monolingual, monofaith, authoritarian രാജ്യമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം. പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് ഇന്ത്യയെ തകർക്കുകയാണ്. കോടതികളിൽപ്പോലും സ്വാതന്ത്ര്യമില്ലാത്ത രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുന്നുവെന്നാണ് മനസ്സിലാകുന്നത്. ആംഡ് ഫോഴ്സിലുള്ള ഉന്നത ഉദ്യോഗസ്ഥർപോലും രാഷ്ട്രീയം പറയുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ രാജ്യം മാറിയിരിക്കുകയാണ്. പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാപനങ്ങളെല്ലാം ഭരണകൂടത്തിന്റെ കൈപ്പിടിയിലമർന്ന് വർഗ്ഗീയ വിഷം തുപ്പുന്ന പോളിസികളും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. സത്യം പറഞ്ഞാൽ,

സംഘ് പരിവാറിന്റെ കൈകളിൽ ഇന്ത്യയുടെ ജനാധിപത്യം അതിന്റെ ജീവനുവേണ്ടി കേഴുകയാണ്. വലിയ പോരാട്ടത്തിന്റെ സാഹചര്യത്തിലേയ്ക്കാണ് നമ്മൾ പൊയ്ക്കൊണ്ടിരിക്കുന്നത്. അതുപോലെ, രാജ്യത്തെ യൂണിവേഴ്സിറ്റികളിലും പ്രധാനപ്പെട്ട പ്രദേശങ്ങളിലുമെല്ലാം യുവത്വം ഇന്ന് സമരത്തിലാണ്. സമരം ചെയ്യുന്നവരുടെ മുൻപിലേയ്ക്ക് വർഗ്ഗീയവാദികൾ തോക്കുമായിവന്ന് ഭീഷണിപ്പെടുത്തുമ്പോഴും വെടിവയ്ക്കുമ്പോഴും ഡൽഹി പോലീസടക്കം നോക്കിനിൽക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്. രാജ്യത്തിന്റെ ദേശീയതയെക്കുറിച്ച് നമുക്കറിയാം. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ രണ്ട് തരത്തിലുള്ള ദേശീയത ഈ രാജ്യത്തുണ്ടായിരുന്നു. ഒന്ന്, ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമത്വത്തിന്റേതുമായ ദേശീയത. അതാണ് യൂണിവേഴ്സൽ ഹ്യൂമനിസം പ്രോൽസാഹിപ്പിക്കുന്ന ദേശീയത. ഇതാണ് 'വസുധൈവ കുടുംബകം' എന്നു പറയുന്ന ദേശീയത. ആ ദേശീയതയാണ് മഹാത്മാ ഗാന്ധിയും ഡോ. ബി. ആർ. അംബേദ്കറും ജവഹർലാൽ നെഹറുവും മൗലാനാം അബ്ദുൾ കലാം ആസാദും ഭഗത് സിംഗും അടക്കമുള്ളവർ മുന്നോട്ടുവച്ചത്. എന്നാൽ മറ്റൊരു തരത്തിലുള്ള ദേശീയതയുണ്ട്, ഏക ഭാഷ, ഏക സംസ്കാരം, ഏക മതം എന്നിങ്ങനെയുള്ള വെറുപ്പിന്റെ ദേശീയത. മുഹമ്മദ് അലി ജിന്നയും വി. ഡി. സവർക്കറും നാഥൂറാം വിനായക് ഗോഡ്സെയുമാണ് അത് മുന്നോട്ടുവച്ചത്. എന്നാൽ ഒന്നാമത്തെ ദേശീയതയായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ദേശീയത അന്ന് വിജയിച്ചു. അതിന്റെ ഭാഗമായിട്ടാണ് 'We The People of India' എന്നുപറയുന്ന പ്രിയാമ്പിളോടുകൂടിയ കോൺസ്റ്റിറ്റ്യൂഷൻ നമുക്ക് ലഭിച്ചത്. എന്നാൽ ആ കോൺസ്റ്റിറ്റ്യൂഷൻ തകർക്കുന്ന രീതിയിലുള്ള സാഹചര്യങ്ങൾ ഇപ്പോഴുണ്ട്. ഒരു തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിരുന്ന ഒരാൾ പരസ്യമായി വിളിച്ചു പറയുന്നു, Pragya Singh Thakur- " Nathuram Godse was a patriot and will remain so. People calling him a terrorist should introspect. They will be given befitting reply in these elections....." നാഥൂറാം വിനായക് ഗോഡ്സെ മഹാനായ രാജ്യസ്നേഹിയാണെന്ന് വിളിച്ച് പറഞ്ഞ ആ വ്യക്തി തെരഞ്ഞെടുപ്പിൽ വിജയിക്കുന്ന കാഴ്ച രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി വരികയാണ്. അപകടം അവിടെയാണ്. നാഥൂറാം വിനായക് ഗോഡ്സെയുടെ ആരാധകരുടെ എണ്ണം കൂടികൊണ്ടിരിക്കുന്നു. രാജ്യം കണ്ടതിൽവച്ച് ഏറ്റവും വലിയ ഭീകരവാദി, സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വർഗ്ഗീയവാദിയായ നാഥൂറാം വിനായക് ഗോഡ്സെയെ അനുകൂലിക്കുന്നവരാണ് ഇപ്പോൾ പൗരത്വഭേദഗതി നിയമം നടപ്പാക്കാൻവേണ്ടി മുന്നോട്ട് വന്നിട്ടുള്ളത്. പൗരത്വഭേദഗതി നിയമം നടപ്പിലാക്കുന്നത് ഈ രാജ്യത്തെ വേർതിരിക്കാനാണ്. രാജ്യം ഐക്യപ്പെടേണ്ട സമയമാണിത്. നമ്മുടെ രാജ്യം ഐക്യപ്പെടുന്നതിന് വേണ്ടിയാണ് കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നമ്മളെല്ലാവരും ഒരുമിച്ച്

നിന്നുകൊണ്ട് സമരത്തിന് മുന്നോട്ട് പോകുകയും ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും ചെയ്തത്. അങ്ങനെ പ്രമേയം പാസ്സാക്കുന്ന ആദ്യത്തെ സംസ്ഥാനമായി കേരളം മാറി. എൻ.ആർ.സി.-യും എൻ.പി.ആർ.-ഉം കേരളത്തിൽ ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പ് നൽകുന്നു. മനുഷ്യ മഹാശൃംഖലയടക്കമുള്ള വലിയ സമരങ്ങൾ നമ്മൾ മുന്നോട്ട് വച്ചു. അതോടൊപ്പം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒറിജിനൽ സ്യൂട്ട് ഫയൽ ചെയ്യുകയും ഇതിനെതിരെ ശക്തമായ പോരാട്ടവുമായി മുന്നോട്ടുപോകാനും തീരുമാനിച്ചു. എന്തിനാണ് ഇങ്ങനെയൊരു പോരാട്ടവുമായി നമ്മൾ മുമ്പോട്ട് കൊണ്ടുപോകുന്നത്? ഇവിടെ പ്രതിപക്ഷ നേതാവടക്കമുള്ളവർ ഗവർണ്ണറെ തിരിച്ച് വിളിക്കാത്തതിനെക്കുറിച്ചാണ് പറയുന്നത്. ഇവിടെ പ്രസംഗിച്ച ശ്രീ. വി. ടി. ബൽറാമും ശ്രീ. അൻവർ സാദത്തും അടക്കമുള്ളവർ പിണറായി വിജയൻ ഗവൺമെന്റിനെയും ഇടതുപക്ഷത്തെയും മാത്രമാണ് അറ്റാക്ക് ചെയ്യുന്നത്. ഈ രാജ്യം വലിയ പ്രതിസന്ധിയിൽ എത്തിനിൽക്കുമ്പോഴും അതിനെക്കുറിച്ചൊന്നും ഇവർ പറയുന്നില്ല. ഗവർണ്ണറെ തിരിച്ച് വിളിക്കാത്തതിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ രാജ്യം വലിയൊരു പ്രതിസന്ധിയിലാണ്. ആ പ്രതിസന്ധി കേവലം ഗവർണ്ണറുടെ വിഷയമല്ല. ഇവിടെ നടക്കുന്നത് Ethnic cleansing ആണ്, അതായത് വംശശുദ്ധീകരണം. 1935-ൽ പൗരത്വ ബില്ലുപോലൊരു ബിൽ ന്യൂറംബർഗിൽ ഹിറ്റ്ലർ കൊണ്ടുവന്നതുപോലെയാണ് നമ്മുടെ രാജ്യത്ത് ഈ നിയമം നടപ്പിലാക്കുന്നത്. ഇത് കേവലം ഒരു നിയമമല്ല. ഹിറ്റ്ലർ രാജ്യത്തെ ശുദ്ധീകരിക്കാൻവേണ്ടി, പൗരൻമാരുടെ ഇടയിൽ വിശുദ്ധിവരുത്താൻ ജൂതൻമാരെ പുറത്താക്കാൻ വേണ്ടിയുണ്ടാക്കിയ അതേ സങ്കല്പമാണ് ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയുടെയും ശ്രീ. അമിത് ഷായുടെയും നേതൃത്വത്തിൽ നടപ്പിലാക്കുന്നത്. അന്ന് എം. എസ്. ഗോൾവാൾക്കർ തന്നെ എഴുതിവച്ചിട്ടുണ്ട് " to keep up purity of this nation and its culture.” അതിനുവേണ്ടി പലരെയും പുറത്താക്കണമെന്ന്. ജർമ്മനിയിലെ ജൂതൻമാരെ പുറത്താക്കിയതുപോലെ ഇന്ത്യയിലും നടപ്പിലാക്കണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ നിയമം കൊണ്ടുവരുന്നത്. അല്ലെങ്കിൽ രാജ്യം കടുത്ത പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സമയത്ത് എന്തിനാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ മതത്തിന്റെ പേരിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നത്? പൗരത്വത്തിന് മതം ഒരടിസ്ഥാനമല്ല. അതോടൊപ്പം മുത്തലാഖ് ബിൽ കൊണ്ടുവരുന്നു. മുസ്ലീം പുരുഷന്മാർ ഭാര്യമാരെ കാര്യമില്ലാതെ ഒഴിവാക്കിയാൽ, അവനെ ജയിലിലടയ്ക്കാനുള്ള നിയമമാണ്. സ്ത്രീകൾക്ക് വേണ്ടിയാണെങ്കിൽ ആദ്യം ജയിലിൽ അടയ്ക്കേണ്ടിവരുന്നത് രാജ്യത്തിന്റെ പ്രധാനമന്ത്രിയെ തന്നെയായിരിക്കും. സ്വന്തം ഭാര്യയെ ചെറുപ്രായത്തിൽ കാരണമില്ലാതെ ഉപേക്ഷിച്ചുപോയ പ്രധാനമന്ത്രിയുടെ പാർലമെന്റിലാണ്, മുസ്ലീം പുരുഷൻമാരെ ഒഴിവാക്കുന്ന സ്ത്രീകൾക്കുവേണ്ടി മുത്തലാഖ് നിയമം പാസ്സാക്കുന്നത്. ഇത് വർഗ്ഗീയതയ്ക്ക് വേണ്ടിയാണ്. കാശ്മീരിൽ

കൊണ്ടുവന്നത് അടക്കമുള്ള നിയമങ്ങൾ അത്തരത്തിലാണ്. ഒരു ശതമാനം ആളുകൾ ഈ രാജ്യത്ത് കയറിവന്നിട്ടുണ്ടെന്ന് പറഞ്ഞുകൊണ്ട് എൻ.ആർ.സി. നടപ്പിലാക്കി, 99 ശതമാനം ആളുകളെയും സംശയത്തിന്റെ നിഴലിൽ നിർത്താനുള്ള ശ്രമങ്ങളാണ് ഇവിടെ നടക്കുന്നത്. നേരത്തെ ഒരു ശതമാനം കള്ളപ്പണം പിടിക്കാൻ വേണ്ടി 99 ശതമാനത്തെയും എ.റ്റി.എം.-ന്റെ മുൻപിൽ ക്യൂ നിർത്തിയതുപോലെ ഈ രാജ്യത്ത് പൗരത്വം തെളിയിക്കാൻ വേണ്ടി 99 ശതമാനം ആളുകളെയും ക്യൂവിൽ നിർത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്. Ethnic cleansing-നെ ചെറുത്തുതോൽപ്പിക്കേണ്ടത് രാജ്യത്തിന്റെ ആവശ്യമാണ്, രാജ്യത്തിന്റെ ഭരണഘടന സംരക്ഷിക്കാനുള്ള ആവശ്യമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൊണ്ടുവന്ന പ്രമേയം അവതരിപ്പിക്കാത്തതിനെക്കുറിച്ചുള്ള പ്രശ്നങ്ങളുണ്ട്. ഗവർണ്ണറല്ല യഥാർത്ഥത്തിൽ പ്രശ്നം. ഗവർണ്ണറെന്ന് പറയുന്നത്, ഒരു രോഗത്തിന്റെ ലക്ഷണമാണ്. എന്നാൽ രോഗം അതിലും വലുതാണ്. സത്യം പറഞ്ഞാൽ ഈ ഗവർണ്ണറെ ഒഴിവാക്കിയാൽ, നമ്മൾ തിരിച്ചുവിളിക്കാൻ പ്രമേയം പാസാക്കിയാൽത്തന്നെ തിരിച്ചുവിളിക്കാൻ കഴിയില്ല, അഥവാ വിളിച്ചാൽത്തന്നെ അടുത്തത് ആരാണ്? നമ്മുടെ പ്രതിപക്ഷ നേതാവിന് പ്രത്യേക താൽപ്പര്യമുള്ളൊരു വ്യക്തിയായ ശ്രീ. ടി. പി. സെൻകുമാറിനെയായിരിക്കും അടുത്ത് നിയമിക്കാൻ പോകുന്നത്. അതിനുവേണ്ടിയായിരിക്കണം ഇപ്പോഴത്തെ ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന് ആവശ്യപ്പെടുന്നത്. സത്യത്തിൽ ഗവർണ്ണറെയല്ല നമുക്ക് ഒഴിവാക്കേണ്ടത്. ഇതിലും വലിയ പ്രശ്നങ്ങളുണ്ടാക്കുന്ന ഗവർണ്ണറെ നിയമിക്കാൻ സാധ്യതയുള്ള, ജനാധിപത്യം ഹനിക്കുന്ന സംവിധാനത്തെയും വ്യക്തികളെയും ആശയങ്ങളെയുമാണ് പാർലമെന്റിൽനിന്നും പുറത്താക്കുന്നതിനായി യോജിച്ച ഒരു സമരത്തിനാണ് നമ്മൾ മുന്നോട്ടുപോകേണ്ടത്. ആ സമയത്ത് ഇവർ വോട്ടിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. ന്യൂനപക്ഷത്തിന്റെ വോട്ട് നഷ്ടപ്പെടുമോ; അല്ലെങ്കിൽ ഇപ്പുറത്തേയ്ക്ക് കിട്ടുമോ എന്നാണ് ചിന്തിക്കുന്നത്. രാജ്യം മുഴുവൻ ഭീതിയിൽ നിൽക്കുന്ന സമയത്ത്, ഓരോ വ്യക്തിയും ഭയാശങ്കയിൽ നിൽക്കുന്ന സമയത്ത് വോട്ടിനെക്കുറിച്ച് ചിന്തിക്കുകയാണ് നിങ്ങൾ. ഇവർ വോട്ടിലേയ്ക്ക് ചുരുങ്ങുമ്പോൾ തെരുവുകളിൽ യുവത്വം വലിയ സമരത്തിലേയ്ക്ക് പോവുകയാണ്. ഇത്തരത്തിലുള്ള പ്രധാനപ്പെട്ട വിഷയം രാജ്യത്ത് നടക്കുമ്പോൾ, നമ്മുടെ ജനാധിപത്യത്തെ പോലും വെല്ലുവിളിച്ച് അടുത്ത തെരഞ്ഞെടുപ്പ് നടക്കുമോ എന്നുപോലും ഉറപ്പില്ലാതിരിക്കുമ്പോൾ ന്യൂനപക്ഷത്തിന്റെ വോട്ട് എന്ന ചിന്ത മാത്രം വച്ചുകൊണ്ട് ഇത്തരത്തിൽ വിവാദങ്ങളുണ്ടാക്കി മുന്നോട്ട് പോകാനാണ് ശ്രമിക്കുന്നത്. ഇവിടെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് പ്രസംഗിച്ചവരാരുംതന്നെ ഈ രാജ്യത്തിന്റെ പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞില്ല. നമുക്കറിയില്ലേ; രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കേണ്ട കാര്യോപദേശക സമിതിയുടെ റിപ്പോർട്ടുപോലും വളരെ പരസ്യമായി പറഞ്ഞ് അതിന്റെ പേരിൽ ഇന്ന് റൂളിംഗ്

വന്നത് നമ്മൾ കേട്ടതല്ലേ; ആ റൂളിംഗ് എന്തായിരുന്നു? ഇത്തരം നടപടികൾ യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കപ്പെടാനാവില്ല. സഭയുടെ അന്തസ്സിന് നിരക്കാത്ത നടപടിയാണ് പ്രതിപക്ഷനേതാവിനെപോലൊരു വ്യക്തിയുടെ ഭാഗത്തുനിന്നും ഉണ്ടായത്. സഭയെ അവഹേളിക്കുന്ന തീരുമാനങ്ങൾ കേവലം സർക്കാരിനോടുള്ള ദേഷ്യത്തിന്റെ പേരിൽ മാത്രം അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ ഈ സർക്കാരിനോടുള്ള എതിർപ്പിന്റെ പേരിൽ മാത്രം നടക്കുമ്പോൾ ഈ രാജ്യം വെല്ലുവിളിക്കപ്പെടുന്നു. പ്രളയ സമയത്ത് നമ്മളെല്ലാവരും ഒറ്റക്കെട്ടായി മുന്നോട്ട് പോയപ്പോഴും ഡാം തുറന്നതുകൊണ്ടാണ് അതുണ്ടായതെന്ന് പറഞ്ഞു. രണ്ടാമത്തെ പ്രളയം വന്നപ്പോഴാണ് ഡാമിൽ വെള്ളമില്ലെങ്കിലും പ്രളയമുണ്ടാകുമെന്ന് നമ്മൾ മനസ്സിലാക്കിയത്. അത്തരത്തിൽ കേരള ജനത എപ്പോഴൊക്കെ ഒന്നിക്കാൻ പോയിട്ടുണ്ടോ അപ്പോഴൊക്കെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഭിന്നിപ്പിക്കാനുള്ള തന്ത്രങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തോടും ബഹുമാന്യനായ പ്രതിപക്ഷനേതാവിനോടും എനിക്ക് പറയാനുള്ളത്, ഇനി നമുക്ക് ഭിന്നിച്ച് നിൽക്കാൻ സമയമില്ല എന്നാണ്. വിളിച്ചില്ല, പറഞ്ഞില്ല എന്നുപറഞ്ഞുകൊണ്ട് സമരത്തിൽ നിന്ന് മാറി നിൽക്കരുത്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ പറഞ്ഞ ഗവർണ്ണറെ തിരുത്താൻ വേണ്ടി ഞങ്ങൾ ഒന്നും ചെയ്തില്ല, ഞങ്ങൾ ഭയപ്പെട്ടു എന്നാണ് നിങ്ങൾ പറഞ്ഞത്. ഞങ്ങൾക്ക് ഒരു ഭയവുമില്ല. സഭയുടെ നടപടിക്രമങ്ങൾ മുടക്കാതെ തന്നെ ബഹുമാനപ്പെട്ട ഗവർണ്ണറെ ഞങ്ങൾ കൃത്യമായി കാര്യങ്ങൾ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എങ്ങനെയാണത് ബോധ്യപ്പെടുത്തിയത്? പുതിയ ഗവർണ്ണറാണ്, അറിയില്ല. കേരളത്തിലെ ജനത എന്താണ്; എന്താണ് കേരളം എന്നവർക്ക് അറിയില്ല. അതുകൊണ്ട് വലിയ രീതിയിൽ അധികാരമുണ്ടെന്ന് വിചാരിച്ച് വലിയ വർത്തമാനം പറഞ്ഞപ്പോൾ നമ്മൾ കേരളത്തിൽ മനുഷ്യശൃംഖല നടത്തി, കേരളത്തിന്റെ അതിർത്തിയായ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കണ്ണികളായി ചേർന്നുകൊണ്ട് കേരള ജനത ഒന്നിച്ചുനിന്നുകൊണ്ട് പ്രതികരിക്കുമെന്ന സത്യമാണ് നമ്മൾ ഗവർണ്ണറോടും ഈ കാര്യങ്ങൾ പറയാൻ വീര്യം കൊടുത്ത ശ്രീ. അമിത് ഷായോടും ശ്രീ. നരേന്ദ്ര മോദിയോടുമടക്കം പറഞ്ഞത്. ഒരു കണ്ണിയായിട്ടല്ല നിന്നത്, ഒന്നിച്ച് പിടിച്ചുനിന്നുകൊണ്ട് വരികളായി നിന്നു. നിങ്ങൾ എന്തിന്റെ പേരിലാണെങ്കിലും ഈ ജനതയെ ഭിന്നിപ്പിക്കാൻ ശ്രമിച്ചാൽ, അവരുടെ മുന്നിൽ തോക്കു കൊണ്ടുവന്ന് ഭീഷണിപ്പെടുത്തിയാൽ, ഞങ്ങളുടെ ആദ്യത്തെ നിര പോയാൽ, അടുത്ത നിര എന്നുപറഞ്ഞ് പത്തോളം നിരകളായിട്ടാണ് മനുഷ്യച്ചങ്ങലകൾ മാറിയത്. അതുകൊണ്ട് കേരളമെല്ലാം ഒന്നായി നിൽക്കുന്നു എന്ന സന്ദേശമാണ് നൽകിയത്. അതോടുകൂടി ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ആ കാര്യത്തിൽ എങ്ങനെ സംസാരിക്കണമെന്ന് മനസ്സിലായി. അതുകൊണ്ടാണ് നയപ്രഖ്യാന പ്രസംഗത്തിലെ പതിനെട്ടാമത്തെ ഖണ്ഡിക വായിച്ചത്. അങ്ങനെയാണ് ഞങ്ങൾ സമരം കാണിച്ചു കൊടുക്കുന്നത്. രോഗലക്ഷണമല്ല രോഗത്തെത്തന്നെ

ചികിത്സിക്കണം. അതുകൊണ്ട് നമ്മളെല്ലാവരും ഇനിയെങ്കിലും ഒന്നിച്ച് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ രാജ്യത്തെ തുടച്ചുനീക്കുന്ന, ഭിന്നിപ്പിക്കുന്ന, കലാപമുണ്ടാക്കുന്ന രീതിയിൽ പൗരത്വ ഭേദഗതി നിയമംപോലുള്ള ഇത്തരം സമീപനങ്ങൾക്കെതിരായി നിയമസഭയിലും പുറത്തും ഒരുമിച്ച് മുന്നോട്ടുപോകണം. വിവാദങ്ങളുണ്ടാക്കി ഈ വലിയ മുന്നേറ്റത്തെ ഒഴിവാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. കേരളം മാത്രമാണ് ഒറ്റപ്പെട്ട തുരുത്തായി വികസന കാര്യത്തിലും ജനാധിപത്യം സംരക്ഷിക്കുന്ന കാര്യത്തിലും മതനിരപേക്ഷതയുടെ കാര്യത്തിലും മുന്നോട്ടുനിൽക്കുന്നത്. നിങ്ങൾക്കാർക്കെങ്കിലും ഇടതുപക്ഷത്തിന്റെ ആത്മാർത്ഥതയിൽ സംശയമുണ്ടെങ്കിൽ നിങ്ങളോർക്കുക, ഗുജറാത്ത് കലാപം നടന്ന സമയം കുത്തബ്ദീൻ അൻസാരി എന്ന വ്യക്തിയെ നമ്മളെല്ലാവരും കണ്ടതാണ്. അഭയം കിട്ടാതെ പല സ്ഥലങ്ങളിലും നടന്നു. അവസാനം അദ്ദേഹത്തിന് അഭയം കൊടുത്ത കേന്ദ്രമായിരുന്നു ഇടതുപക്ഷം ഭരിച്ച ബംഗാൾ. എന്നാൽ ഹൈന്ദവ തീവ്രവാദികൾ മാത്രമല്ല, തസ്ലീമ നസ്രീനിനെ ഇസ്ലാമിക വർഗ്ഗീയവാദികൾ അത്തരത്തിൽ പുറത്താക്കിയപ്പോൾ അവർക്കും അഭയം കൊടുത്ത സ്ഥലം ഇടതുപക്ഷം ഭരിക്കുന്ന ബംഗാളായിരുന്നു എന്ന കാര്യം നിങ്ങൾ മറക്കരുത്. അതുകൊണ്ട് ഏത് രാഷ്ട്രീയത്തിന്റെ ഭാഗമായും വർഗ്ഗീയത കൊണ്ടുവന്നാൽ അതിനെ ചെറുക്കുന്ന സമീപനമാണുള്ളത്. ഞങ്ങളുടെ ചരിത്രം പഠിച്ചാൽ സംഘപരിവാറിനെതിരെ ഞങ്ങൾ എങ്ങനെ പോരാടി എന്നതിനെക്കുറിച്ച് നിങ്ങൾക്കറിയാൻ കഴിയും. ഇടതുപക്ഷത്തെ നിരോധിച്ചുകൊണ്ടും കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഇല്ലാതാക്കിക്കൊണ്ടും 1924-ൽ കാൺപൂരിൽ വച്ച് നടന്ന ഗൂഢാലോചനക്കേസിൽ നേതാക്കളെ മുഴുവനും ജയിലിലടച്ചുകൊണ്ടും ഇനി കമ്മ്യൂണിസം തീർന്നുവെന്ന് ബ്രിട്ടീഷുകാർ പ്രഖ്യാപിച്ചു. എന്നാൽ നിങ്ങൾ ചരിത്രം പഠിക്കണം. ഒരു വർഷം കഴിഞ്ഞപ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി അതേ കാൺപൂരിൽ രൂപീകരിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റുകാർ മരിച്ചിട്ടില്ലെന്ന് കാണിച്ചുകൊടുത്തു. അതുകൊണ്ട് ഞങ്ങൾ ആരെയും ഭയക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ബഹുമാനപ്പെട്ട ഗവർണ്ണറാണെങ്കിലും ആരാണെങ്കിലും ഭരണഘടന പറയുന്ന കാര്യങ്ങൾ ഞങ്ങൾ അംഗീകരിക്കും. ഞങ്ങൾ ഭരണഘടനയെ ബഹുമാനിക്കുന്നു. എന്നാൽ അതിനപ്പുറത്ത് ആരെയും ഞങ്ങൾക്ക് ഭയമില്ലെന്നുകൂടി ഈ നന്ദിപ്രമേയത്തിലൂടെ അറിയിക്കുകയാണ്.

3.00 P.M.]

ശ്രീ. വി. കെ. പ്രശാന്ത്: ബഹുമാനപ്പെട്ട സ്പീക്കർ, സർ, കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയപ്രഖ്യാപനത്തേയും നന്ദി

പ്രമേയത്തേയും ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ എല്ലാവരും ഭരണഘടനയെ നിലനിർത്തിക്കൊണ്ടുള്ള ഒരു പ്രഭാഷണമാണ് നടത്തിയത്. ഈ ഗവൺമെന്റിന്റെ നയം ഭരണഘടനാപരമായി പ്രഖ്യാപിക്കേണ്ടയാൾ ബഹുമാനപ്പെട്ട ഗവർണ്ണറാണ്. അല്ലാതെ കെ.പി.സി.സി. പ്രസിഡന്റിനെക്കൊണ്ടുവന്ന് ഈ നയം പ്രഖ്യാപിക്കാൻ കഴിയില്ല. അത്തരമൊരു ഭരണഘടനാപരമായ ബാധ്യതയാണ് കേരളത്തിലെ ഗവർണ്ണർ നടപ്പാക്കിയതെന്ന് നമ്മളെല്ലാവരും മനസ്സിലാക്കണം. കേരളത്തിലെ ഗവൺമെന്റ് രൂപീകരിച്ച നയം വള്ളിപുള്ളി വ്യത്യാസമില്ലാതെ അദ്ദേഹത്തിന് അവതരിപ്പിക്കേണ്ടി വന്നു എന്നുള്ളത് നമ്മളെല്ലാവരും കണ്ടതാണ്. ആ നിലയിൽ ഗവർണ്ണറെക്കൊണ്ടുപോലും ആ നയം വായിപ്പിക്കാൻ ഗവൺമെന്റ് കാണിച്ചിട്ടുള്ള, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കാണിച്ചിട്ടുള്ള ആർജ്ജവത്തെ നാം പ്രത്യേകമായി അഭിനന്ദിക്കേണ്ടതാണ്. കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇവിടത്തെ സാമ്പത്തിക വളർച്ച 7 ശതമാനത്തിലേയ്ക്ക് എത്തിക്കുമെന്നും 5 ട്രില്യൻ സാമ്പത്തിക ശക്തിയായി നമ്മുടെ നാടിനെ മാറ്റുമെന്നും പ്രതിവർഷം രണ്ട് കോടി തൊഴിലവസരമടക്കം നൽകുമെന്നുമാണ് പറഞ്ഞത്. എന്നാൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്? രാജ്യം വല്ലാതെ കിതപ്പിലേയ്ക്ക് പോകുകയാണ്. കുതിപ്പിൽനിന്നും കിതപ്പിലേയ്ക്കാണ് പോകുന്നത്. സാമ്പത്തിക തകർച്ച അങ്ങേയറ്റത്തെ പാരമ്യത്തിലേയ്ക്കെത്തി നിൽക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കർഷക ആത്മഹത്യയടക്കമുള്ള കാര്യങ്ങൾ ദിനംപ്രതി നടന്നുകൊണ്ടിരിക്കുന്ന ഒരവസ്ഥാവിശേഷം നാട്ടിൽ സംജാതമായിരിക്കുന്നു. രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ ജനക്ഷേമ പദ്ധതികളുടെ വിഹിതം ധാരാളമായി വെട്ടിക്കുറച്ചതായിട്ടാണ് കാണാൻ സാധിക്കുന്നത്. സാധാരണ ജനങ്ങൾക്കിടയിലേയ്ക്ക് സാമ്പത്തിക വരുമാനമെത്തിച്ചു കൊടുക്കുന്ന ഏറ്റവും അടിസ്ഥാനപരമായ തൊഴിലുറപ്പു പദ്ധതിയിലടക്കം വെട്ടിക്കുറയ്ക്കൽ വരുത്തിക്കൊണ്ടുള്ള നയസമീപനം എടുത്തിരിക്കുന്നു. കേരളത്തിന് ലഭിക്കേണ്ടതായിട്ടുള്ള ന്യായമായ നികുതി വരുമാനത്തിൽ വലിയ തരത്തിലുള്ള കുറവ് വരുത്തിയിരിക്കുന്നു. ഈ സാമ്പത്തിക ചുറ്റുപാടിൽ നിന്നുകൊണ്ടാണ് കേരളത്തിലെ ഗവൺമെന്റ് ജനങ്ങളെ ബാധിക്കുന്ന എല്ലാവിഷയത്തിലും സമയബന്ധിതമായി തീരുമാനമെടുത്തുകൊണ്ട് ജനക്ഷേമപദ്ധതികളുമായി മുന്നോട്ടു പോകുന്നതെന്നുള്ളത് വളരെ അഭിമാനകരമായ കാര്യമാണ്. കേന്ദ്രം ന്യായമായി തരേണ്ട ജി.എസ്.ടി. വിഹിതവും മറ്റ് നികുതി വിഹിതങ്ങളും നൽകുന്നില്ല. എല്ലാനിലയിലും നമുക്കുള്ള ഫണ്ട് ഇല്ലാതാക്കാനുള്ള പരിശ്രമങ്ങൾ നടത്തുന്നു.

രാജ്യത്തെ എല്ലാ പ്രളയബാധിത സംസ്ഥാനങ്ങൾക്കും ഫണ്ട് അനുവദിക്കുമ്പോൾ ഏറ്റവും വലിയ പ്രളയം നേരിട്ട കേരളത്തിന് ന്യായമായ ഫണ്ട് തരാൻ തയ്യാറാകുന്നില്ല. ദുരിതാശ്വാസ നിധിയിൽ ധാരാളം തുക മിച്ചമുണ്ടെന്നാണ് അതിന് പറയുന്ന ന്യായം. ഇതേ മാനദണ്ഡം മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ബാധകമാക്കുന്നില്ല. കേരളത്തോട് അങ്ങേയറ്റത്തെ തെറ്റായ ഒരു നയസമീപനം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോഴും കേരളത്തിലെ ഗവൺമെന്റ് നിരവധി ജനക്ഷേമ പദ്ധതികൾ ഈ നയപ്രഖ്യാപനത്തിലൂടെ വരുന്ന ഒരു വർഷം നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുവാൻ കാണിച്ചിരിക്കുന്ന ധീരതയെ നമ്മൾ പ്രത്യേകമായി അഭിനന്ദിക്കേണ്ടതാണ്. ഇന്ത്യയിലെ ഒരു സംസ്ഥാന ഗവൺമെന്റുകൾക്കും സാധിക്കാത്ത നിലയിൽ ഏറ്റവും ശ്രുഷ്ക്കാന്തിയോടുകൂടി കാര്യങ്ങൾ കൊണ്ടുപോകുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സമ്പന്നർക്ക് കൂടുതൽ ഇളവുകൾ നൽകുകയാണ്. 'Make in India' എന്നൊക്കെയുള്ള പദ്ധതികളുടെ പേരുകൾ പറഞ്ഞുകൊണ്ട് സമ്പന്നർക്ക് കൂടുതൽ ഇളവുകൾ കൊടുക്കുമ്പോൾ സാധാരണക്കാരായ ജനങ്ങളുടെ ജീവിതം വല്ലാതെ തകർച്ചയിലേയ്ക്ക് പോകുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഉല്പാദനം വർദ്ധിപ്പിക്കുക, നീതിയുക്തമായി വിതരണം ചെയ്യുക എന്ന ഇടതുപക്ഷത്തിന്റെ കാഴ്ചപ്പാട് ഈ നയപ്രഖ്യാപനത്തിലൂടെ കാണാൻ കഴിയും. പൊതുമുതൽമുടക്ക് ഗണ്യമായി വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനും ഈ നയപ്രഖ്യാപനത്തിൽ വലിയ ഊന്നൽ കൊടുത്തിരിക്കുകയാണ്. സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന ഗവൺമെന്റായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് മാറിയിട്ടുണ്ടെന്ന് കഴിഞ്ഞ 4 വർഷത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള നാല് മിഷനുകളും കേരളത്തിന്റെ അടിസ്ഥാന പുരോഗതിക്ക് എത്രമാത്രം സഹായകരമാകുമെന്ന് എല്ലാവർക്കുമറിയാം. ഇവിടെയുള്ള എല്ലാ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലും ഈ 4 വർഷക്കാലംകൊണ്ട് അടിസ്ഥാനപരമായിട്ടുള്ള വികസനം എത്രത്തോളം ഉണ്ടായിയെന്നുള്ളത് കണക്കുകൾ സഹിതം നമുക്ക് സ്ഥാപിക്കാൻ കഴിയും. ആ നിലയിൽ ഒരു ബദൽ നയം കേരളത്തിൽ നടപ്പാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് സാധിച്ചു എന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കാനുള്ളതാണെന്ന് വളരെ അഭിമാനത്തോടെ പറയാൻ നമുക്ക് കഴിയും. ഇലക്ഷൻ പ്രകടനപത്രികയിൽ പല കാര്യങ്ങളും പറയും പക്ഷേ അത് നടപ്പിലാക്കാനുള്ളതല്ലെന്ന് ശ്രീ. രാജ്നാഥ്

സിംഗ് അടക്കമുള്ള ബി.ജെ.പി.-യുടെ നേതാക്കൾ പറയുമ്പോൾ, കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രകടനപത്രികയിലെ 600 വാഗ്ദാനങ്ങളിൽ 549 എണ്ണവും നടപ്പാക്കാനുള്ള ആർജ്ജവം കാണിച്ചു. അങ്ങനെ ഇന്ത്യയിലെ എല്ലാ ഗവൺമെന്റുകൾക്കും ഒരു മാതൃക കാണിക്കാൻ നമുക്ക് സാധിച്ചു. മാത്രമല്ല ഓരോ വർഷവും ഈ ഗവൺമെന്റ് നടപ്പിലാക്കിയിരിക്കുന്ന നയപ്രഖ്യാപനങ്ങളെ സംബന്ധിച്ച്, വാഗ്ദാനങ്ങളെ സംബന്ധിച്ച് ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി പ്രോഗ്രസ് കാർഡടക്കം പ്രസിദ്ധീകരിച്ചു. അത് ജനങ്ങളിലേയ്ക്ക് എത്തിച്ചുകൊണ്ട് ഏറ്റവും സുതാര്യർഹമായ നിലയിൽ ജനങ്ങളുമായി സംവദിക്കാൻ തയ്യാറായി. ഇന്ത്യാ മഹാരാജ്യത്തിലെ ഒരു സർക്കാരും ചെയ്യാത്ത നിലയിൽ മാതൃകാപരമായിട്ടുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞത് ചെറിയൊരു കാര്യമല്ല. അതിജീവനത്തിന്റെ ഒരുപാട് മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള നാടാണ് കേരളം. കൂട്ടായ്മയുടെ ഭാഗമായി രണ്ട് പ്രളയങ്ങളെയും നിപ വൈറസിനെയും ഓഖി ദുരന്തത്തെയും നമുക്ക് അതിജീവിക്കാൻ സാധിച്ചു. ഇതിനെയെല്ലാം ശക്തിയായി നേരിടാൻ, കേരളീയരുടെ ഐക്യത്തെ ഒരുമിപ്പിച്ച് കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളത് ഒരു ചെറിയ സംഗതിയല്ല. നമ്മുടെ നാടിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രതിസന്ധി ഘട്ടങ്ങളിലെല്ലാം മലയാളികളെ ഒരുമിപ്പിച്ച് നിർത്തിക്കൊണ്ട് നാടിനെ ഭംഗിയായി മുന്നോട്ട് നയിച്ചിട്ടുണ്ടെന്ന് വളരെ കൃത്യമായി നമുക്ക് പറയാൻ കഴിയും. അതുപോലെതന്നെ ഭരണ-വികസന-ക്ഷേമരംഗത്തെ നിരവധിയായ അവാർഡുകൾ വാങ്ങിയെടുക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗിന്റെ കണക്കുകളും സുസ്ഥിര വികസന റിപ്പോർട്ട് 2019 പ്രകാരവും ഒന്നാം സ്ഥാനം ഈ ഗവൺമെന്റിന് നേടിയെടുക്കാൻ സാധിച്ചു. കഴിഞ്ഞ വർഷവും നമുക്ക് തന്നെയായിരുന്നു ഒന്നാം സ്ഥാനം. സുസ്ഥിര വികസന സൂചികകളുടെ അടിസ്ഥാനത്തിൽ കേരളത്തിന് നിരവധി അംഗീകാരങ്ങൾ ലഭിച്ചു. ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള നീതി ആയോഗിന്റെ സുസ്ഥിര വികസന റിപ്പോർട്ട് 2019-ന്റെ ഒന്നാം സ്ഥാനം; മികച്ച ഭരണം - കേന്ദ്ര പബ്ലിക് അഫയേഴ്സിന്റെ ഒന്നാം സ്ഥാനം; കൈക്കൂലി ഏറ്റവും കുറഞ്ഞ സംസ്ഥാനം - ഇന്ത്യൻ കറപ്ഷൻ സർവ്വേയുടെ ഒന്നാം സ്ഥാനം; ഭക്ഷ്യ സുരക്ഷാ സൂചികയിൽ - ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡിന്റെ ഒന്നാം സ്ഥാനം; വിനോദസഞ്ചാര മേഖലയിലെ മികച്ച സംസ്ഥാനമായി ഇന്ത്യാ ടുഡേയുടെയും സ്റ്റേറ്റ് സർവ്വേയുടെയും റിസൾട്ട്; വിദ്യാലയങ്ങളുടെ ഗുണനിലവാരത്തിൽ ക്വാളിറ്റി ഇൻഡക്സിന്റെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം; നീതി ആയോഗിന്റെ കണക്ക് പ്രകാരം ആരോഗ്യ പരിപാലനത്തിൽ ഒന്നാം സ്ഥാനം; ഗ്രാമങ്ങളുടെ ശുചിത്വം - സ്വച്ഛ് ഭാരത് മിഷന്റെ ഒന്നാം സ്ഥാനം; ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിൽ

ഒന്നാം സ്ഥാനം, ക്രമസമാധാനം - കുറ്റവാളികൾക്കുള്ള ശിക്ഷയുടെ കാര്യത്തിലും കേരളത്തിനാണ് ഒന്നാം സ്ഥാനം. പരിസ്ഥിതി സംരക്ഷണം, ശുചിത്വം തുടങ്ങിയ മേഖലകളിലെ മികച്ച പ്രകടനത്തിന് ഇന്ത്യാ ടുഡേയുടെ പുരസ്കാരമടക്കം നമുക്ക് നേടാൻ കഴിഞ്ഞു. ഈ നിലയിൽ സ്തുത്യർഹമായിട്ടുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളിലൂടെ നടപ്പാക്കാൻ സാധിച്ചുവെന്നത് കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ തൊട്ടറിഞ്ഞുകൊണ്ട് ഇടപെടാൻ ഈ ഗവൺമെന്റ് പരിശ്രമിച്ചതിന്റെ ഏറ്റവും വലിയ ഉദാഹരണമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, അർഹമായ സാമ്പത്തിക വിഹിതമടക്കം നമുക്ക് നിഷേധിക്കുമ്പോഴും കേരളം ഈ നിലയിൽ മാതൃകാപരമായി ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഇത്തരം പദ്ധതികൾ അഭംഗുരം മുന്നോട്ട് കൊണ്ടുപോകുന്നു എന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. നേരത്തേ ക്ഷേമപെൻഷനുകളടക്കം 29-30 മാസം കുടിശ്ശികയായിരുന്നു. ക്ഷേമപെൻഷനുകളുടെയടക്കം കുടിശ്ശിക തീർത്ത് കൊടുത്തുവെന്ന് മാത്രമല്ല, പ്രകടനപത്രികയിൽ പറഞ്ഞതുപോലെ ക്ഷേമപെൻഷൻ 1200 രൂപയായി വർദ്ധിപ്പിച്ച് എല്ലാ മാസവും കൃത്യമായി കൊടുക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നുവെന്നത് ചെറിയൊരു കാര്യമല്ല. അങ്ങനെ നിരവധിയായ കാര്യങ്ങളുണ്ട്. സാമ്പത്തിക രംഗത്ത് കേരള ബാങ്ക് അടക്കമുള്ള പുതിയ സംരംഭങ്ങളുടെ രൂപീകരണം, രാജ്യത്തുതന്നെ ഒരു ബദൽ ശക്തിയായി കേരളത്തെ മാറ്റാനുള്ള നിരവധി പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് കാഴ്ച വയ്ക്കുകയാണ്. അതുപോലെതന്നെ ലോക കേരള സഭയെ പലരും കളിയാക്കുകയാണ്. യഥാർത്ഥത്തിൽ ഇവിടെ വന്നിട്ടുള്ള എല്ലാ പ്രവാസി മലയാളികളും വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഈ ഭരണനിർമ്മാണ പ്രക്രിയയുടെ ഭാഗമാകണമെന്ന അഭിമാന ബോധത്തോടുകൂടി പങ്കെടുക്കുകയാണ്. അത്തരത്തിൽ പ്രവാസികളുടെ വരുമാനത്തെക്കൂടി നാടിന്റെ പുരോഗതിക്ക് വിനിയോഗിക്കുന്നതിനുവേണ്ടി നിരവധിയായ പദ്ധതികൾ നമ്മൾ നടപ്പാക്കുകയാണ്. പൊതുമേഖലയെ ശക്തിപ്പെടുത്താനുള്ള നിരവധി പ്രഖ്യാപനങ്ങളും നടപടികളും ഈ ഗവൺമെന്റിന് നടപ്പാക്കാൻ സാധിച്ചു. അധികാര വികേന്ദ്രീകരണത്തിന്റെ പുതിയ മേഖലകളിലേയ്ക്ക് പോകാൻ സാധിച്ചു. ഈ ഗവൺമെന്റ് നാലാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാംതന്നെ കേരളത്തിന്റെ അടിസ്ഥാന പുരോഗതിക്ക് വലിയ ഊർജ്ജമായി മാറുന്നവയാണ്. നേരത്തേ പറഞ്ഞതുപോലെ മിഷനുകളുടെ കാര്യത്തിൽ നിരവധിയായിട്ടുള്ള പുരോഗതി നമുക്ക് നേടാൻ കഴിഞ്ഞു. ഈ നിലയിൽ സ്തുത്യർഹമായി മുന്നോട്ട് പോകുന്ന ഗവൺമെന്റാണ് ധാരാളം ക്ഷേമ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുമെന്ന് നയപ്രഖ്യാപനത്തിലൂടെ അടിവരയിട്ട്

ഊന്നിപറഞ്ഞത്. തീർച്ചയായും ഈ നയപ്രഖ്യാപനത്തിലെ ഓരോ കാര്യങ്ങളും വരുംവർഷങ്ങളിൽ കൃത്യമായി നടപ്പാക്കാനുള്ള ആർജ്ജവമുള്ള ഒരു ഗവൺമെന്റാണ് ഈ നാട് ഭരിക്കുന്നത് എന്നതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തെയും നന്ദിപ്രമേയത്തെയും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കാരണം, നയമില്ലാത്ത ഒരു ഗവൺമെന്റിന്റെ നയമാണ് ഇവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. ആ നയം പ്രഖ്യാപിച്ച ഉടനെ തന്നെ ശുദ്ധിപത്രം ഇറക്കേണ്ടിവന്നു. ആദ്യം ഗവർണ്ണർ വായിക്കില്ല, പിന്നെ വായിക്കും, പിന്നീട് വിയോജിപ്പോടുകൂടി വായിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ഗവർണ്ണർമാർ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് വായിക്കുന്നത് അനിതരസാധാരണമാണ്. സത്യത്തിൽ അത് ഭരണഘടനാ വിരുദ്ധവുമാണ്. ഒരു ഗവൺമെന്റിന്റെ തലവനാണ് ഗവർണ്ണറെങ്കിൽ ആ ഗവർണ്ണർ ഗവൺമെന്റ് എടുക്കുന്ന നയം പ്രഖ്യാപിക്കുകയാണ് ചെയ്യേണ്ടത്. അതിൽ വിയോജിപ്പ് രേഖപ്പെടുത്തിയാൽ പിന്നെ അതിനെന്താണ് വില എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതിലെ 18-ാമത്തെ ഖണ്ഡിക ശുദ്ധിപത്രം ഇറക്കി ഗവൺമെന്റിന് തിരുത്തേണ്ടിവന്നു. ഗവർണ്ണർ ആദ്യമത് വായിക്കില്ലെന്ന് പറഞ്ഞു, പിന്നെ വായിച്ചത് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തത്, "നമ്മുടെ പൗരത്വം ഭരണഘടനയുടെ അടിസ്ഥാനഘടകമായ മതേതരത്വത്തിന്റെ ഓരോ അംശത്തിനും വിരുദ്ധമായതിനാൽ ഒരിക്കലും മതത്തിന്റെ അടിസ്ഥാനത്തിലാക്കാൻ കഴിയില്ല" എന്നുപറഞ്ഞാണ് തുടങ്ങുന്നത്. അതുതന്നെ പിന്നീട് ശുദ്ധിപത്രം ഇറക്കി തിരുത്തേണ്ടിവന്നു. ഈ ഗവൺമെന്റിനെ മൊത്തം ശുദ്ധിപത്രം ഇറക്കി തിരുത്തേണ്ടിവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അത് ഗംഗാനദിയിൽ പോയി സ്നാനം ചെയ്താലും തീരുമോ എന്നെനിക്കറിയില്ല. ആ രീതിയിലാണ് ഗവൺമെന്റിന്റെ പോക്ക്. സത്യത്തിൽ പിണറായി സർക്കാരല്ല, ഒരു ബഡായി സർക്കാരാണിത്. നയം പറയുക, ബഡായി പറയുക, പൗരത്വ ബില്ലിൽ നിന്നും കേരളത്തിലെ ജനങ്ങളെ ഞങ്ങൾ സംരക്ഷിക്കും, ന്യൂനപക്ഷങ്ങളെ ഞങ്ങൾ സംരക്ഷിക്കും എന്നെല്ലാം പറയുകയാണ്. ബഡായി പറയുന്നതിനപ്പുറത്ത് ഒന്നുമില്ല എന്നുള്ളതാണ്. ഞാൻ ചോദിക്കട്ടെ, പണ്ട് ലോക ബാങ്കിനെ എതിർത്തു, ലോക ബാങ്കിനെ എതിർത്തയാളുകൾ പിന്നീട് ലോക ബാങ്ക് വായ്പ വാങ്ങി. എ.ഡി.ബി. -യെ നിങ്ങൾ എതിർത്തു, പിന്നീട് ആ വായ്പ വാങ്ങി കേരളത്തിൽ പദ്ധതി നടപ്പാക്കി. ഡി.പി.ഇ.പി.യെ എതിർത്തു, കമ്പ്യൂട്ടറിനെ

എതിർത്തു, എന്നിട്ടിപ്പോൾ നിങ്ങൾ ഇവിടെയെല്ലാം കമ്പ്യൂട്ടറുകൾ വാങ്ങി വച്ചു. സ്വകാര്യ മേഖലയെ നിങ്ങൾ എതിർത്തു, എയ്ഡഡ് സ്കൂളുകൾ ഇപ്പോൾ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്ന് പ്രഖ്യാപിക്കുന്നു. നിങ്ങൾ സ്വാശ്രയ കോളേജുകളെ എതിർത്തു. ഇപ്പോൾ നിങ്ങൾ സ്വാശ്രയ കോളേജുകളുടെ നടത്തിപ്പുകാരായി. അതുപോലെ യു.എ.പി.എ.-യെ എതിർക്കുന്നുവെന്ന് പറഞ്ഞു, ഇപ്പോൾ യു.എ.പി.എ. നടപ്പാക്കിക്കൊണ്ട് അലനെയും താഹയെയും ജയിലിലടച്ചു. അപ്പോൾ നിങ്ങളുടെ നയവും പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ വല്ല ബന്ധവുമുണ്ടോയെന്ന് ആലോചിക്കണം. ഇപ്പോൾ പാർട്ടിക്കും ഗവൺമെന്റിനുമല്ല നയം, പിണറായിക്കാണ് നയം. ശ്രീ. പിണറായി വിജയന്റെ നയം ഗവൺമെന്റ് നയമാക്കുക, അത് പാർട്ടിയുടെ നയമാക്കുക, പാർട്ടി പ്രവർത്തകരും നേതാക്കന്മാരുമെല്ലാം അതിന് വഴങ്ങുക എന്നതാണ് ഇപ്പോഴത്തെ രീതി. അലന്റെയും താഹയുടെയും കാര്യമെടുത്താൽ നമുക്കറിയാം, ശ്രീ. സീതാറാം യെച്ചൂരി വന്ന് അത് പാർട്ടി നയമല്ല, അവർ തെറ്റ് ചെയ്തിട്ടില്ലെന്ന് പറഞ്ഞു. ശ്രീ. പ്രകാശ് കാരാട്ടും പറഞ്ഞു. ഇപ്പോഴത്തെ സെക്രട്ടറിയും ആദ്യത്തെ സെക്രട്ടറിയും പറഞ്ഞു. ശ്രീ. കോടിയേരി ബാലകൃഷ്ണനും പറഞ്ഞു, കോഴിക്കോട് ജില്ലാ കമ്മിറ്റിയും പറഞ്ഞു. അന്നെല്ലാം മൗനം പാലിച്ച ശ്രീ. പിണറായി വിജയൻ, അവസാനം അവർ തെറ്റുകാരാണ്, അവർക്ക് മാവോയിസ്റ്റ് ബന്ധമുണ്ട്, അവരെ യു.എ.പി.എ. ചുമത്തിത്തന്നെ അറസ്റ്റ് ചെയ്യുമെന്ന് പറഞ്ഞ് അതിനെ ന്യായീകരിച്ചുകൊണ്ട് നടക്കുകയാണ്. അപ്പോൾ പാർട്ടിയുടെ നിലപാടെല്ലാം മാറ്റി, അവിടത്തെ ലോക്കൽ കമ്മിറ്റിയുടെയും ഏരിയാ കമ്മിറ്റിയുടെയും ജില്ലാ കമ്മിറ്റിയുടെയും സ്റ്റേറ്റ് കമ്മിറ്റിയുടെയും സെൻട്രൽ കമ്മിറ്റിയുടെയും നിലപാട് മാറി. ഇപ്പോൾ എന്താണ് നയം; ഇപ്പോൾ പിണറായി നയമാണ്. 'I am the State' എന്നുപറഞ്ഞ ലൂയി 14-ാമനെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. 'State is the march of God in the Earth' എന്നൊരു ഡെഫിനിഷനുണ്ട്. ആ ഡെഫിനിഷന് തുല്യമാകുന്ന രീതിയിൽ 'I am the State, I am the Party' - ഞാനാണ് പാർട്ടി, ഞാനാണ് സ്റ്റേറ്റ്, ഞാൻ പറയുന്നതാണ് നയം എന്നുപറയുന്നിടത്തേയ്ക്ക് സി.പി.ഐ.(എം.) എത്തിപ്പെട്ടതിൽ, ഇന്ത്യയിൽ വലിയ ചരിത്രമുള്ള സി.പി.ഐ.(എം.)-ന് ആ രീതിയിലേക്ക് അപചയം വന്നതിൽ ഞങ്ങൾക്ക് ഖേദവും സങ്കടവുമുണ്ട്. നയമില്ലാത്ത ഒരു ഗവൺമെന്റിന്റെ നയമാണ് ഇവിടെ പ്രകടമാകുന്നത്. എന്താണ് ഈ നയപ്രഖ്യാപനത്തിലുള്ളത്? ഈ ഗവൺമെന്റ് അഴിമതിയിലും സ്വജനപക്ഷപാതത്തിലും മുങ്ങിക്കിടക്കുകയാണ്. യാതൊരു സംശയവുമില്ല. മാർക്ക് ദാനം വന്നു, ബഹുമാനപ്പെട്ട മന്ത്രി ഇനിമുതൽ മാർക്ക് അദാലത്തിൽ പോകാൻ പാടില്ലെന്ന് ബഹുമാന്യനായ ഗവർണ്ണർക്ക് ഉത്തരവിടേണ്ടിവന്നു. സ്വന്തക്കാർക്ക് മാർക്ക് വാരിക്കോരി കൊടുക്കുകയാണ്.

ഇത് സ്വജന പക്ഷപാതമാണ്. സി-ഡിറ്റ് നിയമനത്തിൽ അഴിമതി നടക്കുകയാണ്. അത് പാർട്ടി കമ്മിറ്റിക്കാർക്കുതന്നെ നേരിട്ട് പറയേണ്ടിവന്നു. അതുപോലെതന്നെ SCOLE (State Council for Open and Lifelong Education) കേരളയിൽ പിൻവാതിൽ നിയമനം നടക്കാൻ പോകുകയാണ്. കിഫ്ബിയിൽ എ.ജി. ഓഡിറ്റ് വേണ്ടെന്ന് പറയുന്നു. കണ്ണൂർ വിമാനത്താവളത്തിന്റെ കണക്കുകളിലും മറ്റ് കാര്യങ്ങളിലും ഓഡിറ്റ് വേണ്ടെന്ന് പറയുന്നു. ട്രാൻസ്ഗ്രിഡ് വൈദ്യുതി മേഖലയിലെ ഏറ്റവും വലിയ അഴിമതിയായി നിൽക്കുന്നു. പൗരത്വ ഭേദഗതി നിയമത്തെപ്പറ്റി പറഞ്ഞുകൊണ്ട് ലോകത്ത് മൂന്ന് വിഭാഗമാണ് രക്ഷപ്പെട്ടുനിൽക്കുന്നത്. അതിലൊന്ന് ശ്രീ. നരേന്ദ്ര മോദിയാണ്. മോദി അനങ്ങിയാൽ പാകിസ്ഥാൻ എന്നുപറയും. പാകിസ്ഥാനെ മുന്നിൽ നിർത്തിക്കൊണ്ട് ഇന്ത്യയിലെ എല്ലാ ജനകീയവും അടിസ്ഥാനവുമായ പ്രശ്നങ്ങളിൽനിന്ന് ശ്രീ. നരേന്ദ്ര മോദി രക്ഷപ്പെടുന്നതുപോലെ, ഇന്ത്യയെക്കാണിച്ചുകൊണ്ട് പാകിസ്ഥാനിലെ ജനങ്ങളിൽനിന്ന് ഇമ്രാൻ ഖാൻ രക്ഷപ്പെടുന്നു. ഇവിടെ പൗരത്വ ഭേദഗതി ബിൽ, മോദി, അമിത് ഷാ എന്നു പറഞ്ഞുകൊണ്ട് ഇവിടത്തെ ജനകീയ പ്രശ്നങ്ങളിൽനിന്ന് പിണറായി ഗവൺമെന്റ് രക്ഷപ്പെടുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ പറയുന്ന കാര്യങ്ങളിൽ മാർക്സിസ്റ്റ് പാർട്ടിക്ക് യഥാർത്ഥത്തിൽ ആത്മാർത്ഥതയുണ്ടോ? ശ്രീ. നരേന്ദ്ര മോദിയെയും ശ്രീ. അമിത് ഷായെയുമൊക്കെ ഈ കോലത്തിൽ എത്തിച്ചത് ആരാണ്? ബി.ജെ.പി.യെ ഇത്ര ശക്തമാക്കിയത് ആരാണ്? ആർ.എസ്.എസ്.-ന് ഇന്ത്യയുടെ ഭരണചക്രം തിരിക്കാൻ ഇടം കൊടുത്തത് ആരാണ്? 1967-ലാണ് ഇന്ത്യയിൽ ആദ്യമായി ഏഴ് സംസ്ഥാനങ്ങളിൽനിന്ന് കോൺഗ്രസ് പുറത്തുപോയത്. അപ്പോൾ ഗുജറാത്തിലും ബീഹാറിലും എസ്.ടി.വി. എന്ന സംഖ്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൂടി ഉണ്ടായിരുന്നുവെന്നത് ആർക്കാണ് നിഷേധിക്കാൻ സാധിക്കുക? ആർ.എസ്.എസ്.-ന്റെയും ജനസംഘത്തിന്റെയും കൂടെ 1967-ൽ നിങ്ങൾ ഒരുമിച്ചിരിക്കാൻ തുടങ്ങിയതാണ്. 1977-ൽ കെ. ജി. മാരാർ ഉദുമയിൽ മത്സരിച്ചപ്പോൾ അദ്ദേഹത്തിനുവേണ്ടി വോട്ട് പിടിക്കാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഉദുമയിൽ പോയി പ്രസംഗിച്ചു. അന്ന് തളിപ്പറമ്പിൽ ശ്രീ. പിണറായി വിജയൻ മത്സരിക്കുമ്പോൾ തളിപ്പറമ്പിൽ ആർ.എസ്.എസ്.കാരനും ജനസംഘക്കാരനും വോട്ട് ചെയ്തത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിക്കാണ്. ആലത്തിയൂരിൽനിന്ന് ഇ.എം.എസ്. മത്സരിക്കുമ്പോൾ അദ്ദേഹത്തിനുവേണ്ടി വോട്ട് ചെയ്തത് ആർ.എസ്.എസ്.-ഉം. ജനസംഘക്കാരുമാണ്. പാലക്കാട് സുന്ന സാഹിബ് മത്സരിച്ചപ്പോൾ അദ്ദേഹത്തിനെതിരെ മത്സരിച്ച നിങ്ങളുടെ മുന്നണിയിലെ ശ്രീ. ടി. ശിവദാസ മേനോന്റെ തെരഞ്ഞെടുപ്പ് റാലി ഉദ്ഘാടനം ചെയ്തത് ശ്രീ. എൽ. കെ. അദ്വാനിയാണ്. നിങ്ങൾക്ക് വിമർശിക്കാൻ കഴിയുമോ?

1977-ൽ വന്നു, 1980-ൽ നിങ്ങൾ അവരുടെകൂടെ കൂടി. 1989-ൽ വി. പി. സിംഗിന്റെ സർക്കാരിനെ നിർത്തിയിരുന്നത് നിങ്ങളെല്ലാവരും കൂടിയാണ്. പൗരത്വ ഭേദഗതിക്കെതിരെ നടന്ന റാലിയിൽ എസ്.ഡി.പി.ഐ.ക്കാർ പങ്കെടുത്തതുകൊണ്ടാണ് ഗവൺമെന്റ് കേസെടുത്തതെന്ന് ഇപ്പോൾ പറയുന്നു. എസ്.ഡി.പി.ഐ.-ക്കാരോടും വെൽഫെയർ പാർട്ടിക്കാരോടും നിങ്ങൾക്ക് എന്നാണ് വിരോധം തുടങ്ങിയത്; 1977-ൽ ജമാഅത്തെ ഇസ്ലാമിയെയും ആർ.എസ്.എസ്.-നെയും നിരോധിച്ച പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്, ഇന്ദിരാ ഗാന്ധിയാണ്. അന്ന് ജമാഅത്തെ ഇസ്ലാമിയെയും ആർ.എസ്.എസ്.നെയും കൂടെക്കൂട്ടി നടന്നവരാണ് സി.പി.ഐ.(എം.).

ഇക്കഴിഞ്ഞ പഞ്ചായത്ത് ഇലക്ഷൻ കഴിഞ്ഞപ്പോൾ വന്ന പത്ര റിപ്പോർട്ട് പ്രകാരം (പത്രത്തിന്റെ കോപ്പി ഉയർത്തിക്കാട്ടി) എസ്.ഡി.പി.ഐ, വെൽഫെയർ പാർട്ടി, പി.ഡി.പി. എന്നിവർ മുന്നണിയിൽ; പറപ്പൂരിൽ സി.പി.ഐ.(എം.)-ന് പ്രസിഡന്റ് സ്ഥാനം. മാത്രമല്ല അവരോടൊപ്പം മാലയിട്ടു നടക്കുന്ന ഫോട്ടോയാണിത്. അതുപോലെതന്നെ കുട്ടിലങ്ങാടിയിൽ ഇപ്പോൾ പ്രസിഡന്റ് സി.പി.ഐ.(എം.)ആണ്. അവിടെ വൈസ് പ്രസിഡന്റ് വെൽഫെയർ പാർട്ടിയിലെ ശ്രീ. സലീം എന്നയാളായിരുന്നു. വെൽഫെയർ പാർട്ടിക്കാരുമായി കൂടിക്കൊണ്ടാണ് ഇന്ന് കുട്ടിലങ്ങാടി പഞ്ചായത്ത് ഭരിക്കുന്നത്. എട്ട് സീറ്റ് യു.ഡി.എഫ്., എട്ട് സീറ്റ് എൽ.ഡി.എഫ്., രണ്ട് സീറ്റ് വെൽഫെയർ പാർട്ടി. ആ രണ്ട് സീറ്റുകൂടി ചേർത്താണ് ഇപ്പോൾ പഞ്ചായത്ത് ഭരിക്കുന്നത്. വൈസ് പ്രസിഡന്റ് വെൽഫെയർ പാർട്ടിക്കായിരുന്നു. അതുപോലെ പറപ്പൂരിൽ സെയ്ഫുന്നിസ എസ്.ഡി.പി.ഐ.-യുടെ മെമ്പറാണ്. നിങ്ങളുടെ മുന്നണിയിലെ ഇപ്പോഴത്തെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ. മൂക്കം പഞ്ചായത്തിൽ മൂന്ന് എസ്.ഡി.പി.ഐ.-ക്കാരുടെയും മൂന്ന് വെൽഫെയർ പാർട്ടിക്കാരുടെയും പിന്തുണയോടെയാണ് നിങ്ങൾ അവിടെ ഭരിക്കുന്നത്. ആ രീതിയിലേയ്ക്ക് നിങ്ങൾ തരംതാഴ്ന്ന പോയി.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സംസ്ഥാനത്ത് കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുകയാണ്. കരാറുകാർ ടെണ്ടർ എടുക്കുന്നില്ല. ട്രഷറികൾ അടഞ്ഞുകിടക്കുന്നു. ബില്ലുകൾ മാറിക്കിട്ടുന്നില്ല. ട്രഷറിയിൽ നിയന്ത്രണം നിലനിൽക്കുന്നു. എന്റെ മണ്ഡലത്തിൽ കുടിവെള്ള പദ്ധതിക്ക് കൊടുത്ത എ.എസ്., രണ്ട് മാസങ്ങൾക്കുള്ളിൽ പിൻവലിച്ചു. വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടമുണ്ടായെന്ന് പറയുന്നു. കഴിഞ്ഞ ഡിസംബർ വരെ യൂണിഫോം ലഭിക്കാത്ത

സ്കൂളുകൾ കേരളത്തിലുണ്ട്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എഴുതിക്കൊടുത്തിരുന്നു. യൂണിഫോം പോലും കൊടുക്കാൻ കഴിയാത്ത സർക്കാരാണ് പൊതുവിദ്യാഭ്യാസത്തിന്റെ മേന്മ പറയുന്നത്. പ്രൈമറി സ്കൂളിലെ ക്ലാസ് മുറികളുടെ തറപോലും നല്ല രീതിയിൽ പണിചെയ്യാതെ മാളങ്ങളുള്ള തറയിൽനിന്ന് വിദ്യാർത്ഥിക്ക് പാമ്പ് കടിയേറ്റ് മരിക്കുന്ന ചരിത്രം കേരളത്തിൽ മാത്രമാണുള്ളത്. ഇതാണ് വിദ്യാഭ്യാസ രംഗത്തെ നേട്ടം. കേരളത്തിലെ സർവ്വകലാശാലകൾ കുത്തഴിഞ്ഞു കിടക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: താങ്കൾക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്ലീസ്.. കൺക്ലൂഡ്...

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ 150-ഓളം അദ്ധ്യാപക നിയമനം നടക്കുകയാണ്. പിന്നോക്കക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും പേര് പറയുന്ന നിങ്ങൾക്ക് അവിടെ സംവരണം നടപ്പാക്കാൻ സാധിച്ചിട്ടില്ല. സംവരണം മുൻകൂട്ടി പ്രഖ്യാപിക്കാതെയാണ് നിയമനം നടത്താൻ പോകുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലുള്ള സിൻഡിക്കേറ്റ് അവരുടെ സ്വന്തക്കാർക്ക് നിയമനം നൽകുന്നതിനുവേണ്ടി സംവരണംപോലും അട്ടിമറിച്ചിരിക്കുകയാണ്. കേരളത്തിലെ മറ്റ് സർവ്വകലാശാലകളിലൊക്കെ സംവരണത്തിന്റെ റൊട്ടേഷൻ നേരത്തെ പ്രഖ്യാപിക്കുന്നുണ്ട്. പക്ഷെ കോടതി വിധിയുടെ കാര്യം പറഞ്ഞുകൊണ്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സംവരണത്തിന്റെ റൊട്ടേഷൻപോലും മുൻകൂട്ടി പ്രഖ്യാപിക്കാതെയാണ് നിയമനം നടത്താൻ പോകുന്നത്. പിൻവാതിൽ നിയമനം നടക്കാൻ പോവുകയാണ്. ആ രീതിയിൽ വിദ്യാഭ്യാസ, സാമ്പത്തിക, തൊഴിൽ മേഖലകൾ കുത്തഴിഞ്ഞ സർക്കാരിന്റെ നയരഹിതമായ പ്രഖ്യാപനമാണ് ഇവിടെ നടന്നിട്ടുള്ളത്. അതുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: சா், தோழா் எ்ஸ. ஷா்மமா அவா்க்ள இங்கு அறிவிதத நன்றி அறிவிபபை நான ஆதாிககிறேன. சவுககியம தான, உங்களுககும சோ்ததுதான பாரதியாா் சொ்லலியிருக்கிறாா்.

"என்று தணியும இநத சுதநதிர தாகம

என்று மடியும எங்க்ள அடிமையின மோகம "

இது 250 ஆண்டுகெளுககு முனபு ഇന്ത്യയുടെ ഗതിയെന്താകും, കോൺഗ്രസ് ഭരിച്ചാലും ബി.ജെ.പി. വന്നാലും ഇന്ത്യയുടെ ഗതിയെന്താകുമെന്ന് 250 വർഷങ്ങൾക്കുമുമ്പ് സുബ്രഹ്മണ്യ ഭാരതിയാർ രേഖപ്പെടുത്തിയിട്ടുള്ള ഒരു കവിതയാണ് ഇത്.

"எ்நதமா்  த்னனகை வில்ஙகுக்ளபோகு்ம
எ்நதமை தினா்க்ள  தீ்நதேயாகு்ம
அ்னறொரு பாரத்ம ஆ்ககவ்நதேனே
ஆரியா் வா்ழவினை ஆதரி்பபோனே
வெ்னறு திரு துணை நி்னறதி்னறாணோ
மெ்ய அடிய்ன எ்னறு்ம வீடுத்ல ந்னறோ"

ഇന്ത്യയിൽ  പൗരത്വത്തെ സംബന്ധിച്ച് വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്ന സന്ദർഭമാണ്. രാജ്യത്ത് ഇന്ന് വലിയ പ്രതിസന്ധിയും പ്രശ്നങ്ങളും നിലനിൽക്കുമ്പോൾ ലീഗിന്റെയും കോൺഗ്രസിന്റെയും പ്രധാനപ്പെട്ട പ്രവർത്തകർ എൽ.ഡി.എഫ്.-നെതിരെ തിരിയുകയാണ്. ഇങ്ങനെയൊരു മുഖ്യമന്ത്രിയെ ഇവരുടെ ജീവിതത്തിൽ ലോകം മുഴുവൻ തെരഞ്ഞ് നോക്കിയാൽ കിട്ടുമോ? ഇവർ ഇവിടെ നിവർന്നുനിന്ന് സംസാരിക്കുന്നത് മുഖ്യമന്ത്രിയുടെയും ഇടതുപക്ഷത്തിന്റെയും ബലത്തിലാണ്. ലോകത്തിനും ഇന്ത്യക്കും മറ്റ് സംസ്ഥാനങ്ങൾക്കും പൗരത്വ ബില്ലിനെ സംബന്ധിച്ച് മനസ്സിലാക്കാൻ ഒരവസരം ലഭ്യമായത് കേരളത്തിലെ മുഖ്യമന്ത്രിയുള്ളതുകൊണ്ടാണെന്ന് നിങ്ങൾ ഓർക്കണം. ഉത്തർപ്രദേശിലോ വേറെ ഏതെങ്കിലും സംസ്ഥാനത്തിലോ ഈ ജനവിഭാഗത്തിന്റെ സ്ഥിതി എന്താണെന്ന മനസ്സിലാക്കുവാൻ ലീഗിലെ പ്രിയപ്പെട്ടവർക്ക് സാധിച്ചിട്ടുണ്ടോ? കേരളത്തിലും മറ്റ് പല സ്ഥലങ്ങളിലും പഞ്ചായത്തുൾപ്പെടെയുള്ള മേഖലകളിൽ ഓരോരുത്തർക്കും ഓരോ താത്പര്യം കാണും. അതല്ല, പഞ്ചായത്തിന്റെ ഭരണം. പഞ്ചായത്തിൽ ഭരണപക്ഷവും പ്രതിപക്ഷവുമില്ല, അതറിയില്ലേ? നിങ്ങൾ പഞ്ചായത്ത് രാജ് ആക്ട് നോക്കൂ. ഭരണസമിതി മാത്രമേയുള്ളൂ. നിങ്ങൾ ആ നിയമം വായിച്ചു നോക്കൂ. ഇത് ചിരിക്കാനുള്ളതല്ല. ഞാൻ തമാശ പറഞ്ഞതല്ല. അതുകൊണ്ട് ശ്രീ. പി. കെ. ബഷീറടക്കമുള്ളവർ ബഹളവും ഒച്ചപ്പാടുമുണ്ടാക്കുന്നത് നല്ലതാണ്. സംസ്ഥാന സർക്കാരിന്റെ അഭിപ്രായം പൂർണ്ണമായും ബഹുമാനപ്പെട്ട ഗവർണ്ണറെക്കൊണ്ട് വായിപ്പിച്ചല്ലോ? നിങ്ങൾ എന്താണ് ചിന്തിച്ചത്? ഗവൺമെന്റിനെ പ്രതിസന്ധിയിലാക്കാനുള്ള തന്ത്രം പാളിപ്പോയെന്ന വിഷമമാണ് നിങ്ങൾക്കുള്ളത്. അതാണ് നിങ്ങളുടെ പ്രസംഗങ്ങളിൽ പ്രതിഫലിക്കുന്നതെന്ന കാര്യത്തിൽ ഞങ്ങൾക്കൊരു സംശയവുമില്ല. അതുകൊണ്ട് നിങ്ങളെ ഇങ്ങനെ സംരക്ഷിക്കുവാനുള്ള ബാധ്യത ബഹുമാന്യനായ പിണറായി വിജയൻ ഭരണം നടത്തുന്ന ഇടതുപക്ഷ ഗവൺമെന്റിനുണ്ടെന്ന് നിങ്ങളെ ബോധ്യപ്പെടുത്താൻ ഈ

അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഞാൻ അതിലേയ്ക്ക് ഒരുപാട് കടക്കുവാൻ ആഗ്രഹിക്കുന്നില്ല. തൊഴിലാളികളുടെ ജോലിഭാരവും സമയവുമൊക്കെ നിശ്ചയിച്ചുകൊണ്ടുള്ള പുതിയ ബിൽ കേന്ദ്രം പാസ്സാക്കി. തൊഴിലിടങ്ങളിലെ സുരക്ഷ, ആരോഗ്യം, സാഹചര്യം എന്നിവ സംബന്ധിച്ചാണ്. OSH കോഡ് എന്നാണ് ബില്ലിന്റെ പേര്. 8 മണിക്കൂർ എന്നുള്ളത് മാറി 14 മണിക്കൂർ ജോലി ചെയ്യുവാനുള്ള അവസരം നൽകുന്ന ഒരു പ്രത്യേക ബില്ലാണ് ഇപ്പോൾ കേന്ദ്രം പാസ്സാക്കിയിട്ടുള്ളത്. രാജ്യത്തിന് സ്വാതന്ത്ര്യം ലഭ്യമായപ്പോൾ നമുക്ക് ലഭിച്ച അവകാശങ്ങളും നിയമങ്ങളുമെല്ലാം ഓരോന്നോരോന്നായി ലംഘിക്കപ്പെടുന്ന രീതിയിലേയ്ക്കാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. പക്ഷേ, ഇന്നലെയും ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പ്രസംഗിക്കുന്നത് കേട്ടു. പക്ഷേ, അദ്ദേഹം ശ്രീ. എം. എം. മണിയെ വിടാതെ പിടിച്ചിരിക്കുകയാണ്. മഴ പെയ്താൽ സാധാരണഗതിയിൽ ഡാമുകളിൽ വെള്ളം നിറയും. എന്നോ നടന്നുപോയ കാര്യങ്ങളിലേയ്ക്ക് വീണ്ടുംവീണ്ടും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ വരികയാണ്. ഒപ്പം ദേവികുളത്ത് ഉദ്യോഗസ്ഥർ വരുന്നു, പോകുന്നു. അവിടെ പെർമനന്റായി ഇരിക്കാൻ ഉത്തരവ് വാങ്ങിച്ചുവരുന്നവരല്ലല്ലോ. അപ്പോൾ അവിടെ സബ് കളക്ടർമാർ മാറി മാറി വരിക, പോകുക എന്നുള്ളത് ഒരു യഥാർത്ഥ്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. എം. എം. മണി 46 ദിവസം ജയിലിൽ കിടന്നത് എന്തിനുവേണ്ടിയാണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അറിയാം. ശ്രീ. എം. എം. മണിയെ ഒരു കാരണവുമില്ലാതെ ജയിലിൽ കിടത്തുക എന്നുള്ളത് മാത്രമായിരുന്നു ഇവരുടെ അജണ്ട. മാത്രമല്ല, 308 പ്രകാരം ഇടുക്കി ജില്ലയിലെ താമസം പാടില്ലെന്ന് പറഞ്ഞ് വേറെ ജില്ലയിലേയ്ക്ക് നാടുകടത്തിയവരാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരളത്തിലെ ഒരു വകുപ്പിന്റെ മന്ത്രിയായിരുന്ന സമയത്ത് ഇടുക്കി ജില്ലയിൽ നടന്ന ചില കാര്യങ്ങളൊക്കെ വളരെ വ്യക്തമായി ഞങ്ങൾക്കറിയാം.

ഈ ഗവൺമെന്റ് പൈസ ചെലവാക്കുന്നില്ലെന്ന് ഇവിടെ പറഞ്ഞു. പ്രളയത്തിൽ സ്വത്ത് നഷ്ടപ്പെട്ട എന്റെ മണ്ഡലത്തിലെ ആളുകൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പിൽ നിന്ന് ലഭ്യമായ തുകയെത്രയാണെന്നറിയാമോ? 25,24,46,250 രൂപയാണ്. ഏതാണ്ട് 26 കോടി രൂപയാണ് പ്രളയദുരിതാശ്വാസമായി എന്റെ മണ്ഡലത്തിലെ ആളുകൾക്ക് ഗവൺമെന്റിന്റെ ധനസഹായമായി ലഭ്യമായത്.

ശ്രീ. എം. വിൻസെന്റ്: സർ, അവർക്കുണ്ടായ നഷ്ടം എത്രയാണ്?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, നഷ്ടമെന്ന് പറഞ്ഞാൽ ജീവിതകാലം മുഴുവൻ നഷ്ടമാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ അറുപതുവർഷക്കാലം മുഴുവൻ നഷ്ടമാണ്. അതാണ് ഭാരതിയാർ പാടിയത്. ഞാൻ അടുത്ത കവിതയിലേയ്ക്ക് കടക്കുന്നില്ല, സമയമില്ല. ഇന്ത്യയിൽ നിങ്ങൾ ഭരണം നടത്തിയപ്പോൾ മുഴുവൻ നഷ്ടക്കണക്കാണെന്നാണ് ഇവിടെ എഴുതിവച്ചിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ മാത്രം കിട്ടിയ തുകയാണ് ഞാൻ പറഞ്ഞത്. 25,24,46,250/- രൂപ എന്നത് തഹസീൽദാർ തന്ന കൃത്യമായ കണക്കാണ്. നിങ്ങൾ നിങ്ങളുടെ മണ്ഡലത്തിൽ നോക്കണം. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രളയത്തിൽപ്പെട്ട ആളുകൾക്ക് സർക്കാർ അനുവദിച്ച തുകയാണ്. ഇവിടെയെല്ലാവരും ചോദിച്ചു, നിങ്ങൾക്ക് എത്ര കാശ് കിഫ്ബിയിൽ കിട്ടി, പി.ഡബ്ല്യു.ഡി. എത്ര കൊടുത്തു, ആരോഗ്യ വകുപ്പ് എത്ര കൊടുത്തു, കൃഷി ഭവനിൽ എത്ര കിട്ടി എന്നൊക്കെ കണക്ക് കൂട്ടിനോക്കൂ. നിങ്ങളുടെ ജീവിതകാലത്തിൽ ഓർക്കാൻ, എണ്ണിയാലും എണ്ണിയാലും തീരാത്ത കാശാണ് കിട്ടിയത്. അതുകൊണ്ട് ഈ ഗവൺമെന്റിനെ നന്ദിപൂർവ്വം നിങ്ങൾ സ്മരിക്കണമെന്ന് മാത്രം ഈയവസരത്തിൽ അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട എസ്. ശർമ്മ അവതരിപ്പിച്ച പ്രമേയത്തിനെ അനുകൂലിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ നന്ദിപ്രമേയത്തെ എതിർക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നയപ്രഖ്യാപനത്തിൽ ഒന്നും തന്നെയില്ല. റവന്യൂ കമ്മി 9654 കോടി രൂപയിൽ നിന്നും 16183 കോടി രൂപയായും ധനക്കമ്മി 17818 കോടി രൂപയിൽ നിന്നും 23686.84 കോടി രൂപയായും പൊതുകടം 109730 കോടി രൂപയിൽ നിന്നും 169155 കോടി രൂപയായും ഉയർന്നു. മൂന്നര വർഷംകൊണ്ട് 59424 കോടി രൂപയാണ് പൊതുകടം വർദ്ധിച്ചത്. സി. ആന്റ് എ.ജി.യുടെ ഫിനാൻസ് അക്കൗണ്ട് 2017-18 അനുസരിച്ച് റവന്യൂ കമ്മിയിൽ 8892 കോടി രൂപയും ധനക്കമ്മിയിൽ 9378 കോടി രൂപയും തെറ്റായി കാണിച്ചിരിക്കുകയാണെന്ന് ചൂണ്ടിക്കാണിച്ചിരുന്നു. അത് പരിഹരിക്കാൻ യാതൊരു നടപടിയുമെടുത്തിട്ടില്ല. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ മുഖ്യപങ്ക് വഹിക്കുന്ന തനത് നികുതി വരുമാനം 2013-14-ൽ വരുമാനത്തിന്റെ 65 ശതമാനമായിരുന്നെങ്കിൽ 2017-18-ൽ 56 ശതമാനമായി കുറഞ്ഞു. നിരന്തരമായുണ്ടാകുന്ന ട്രഷറി നിയന്ത്രണം വികസന പ്രവർത്തനങ്ങളെയും ക്ഷേമപ്രവർത്തനങ്ങളെയും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളെയും ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. നേരത്തെ ശമ്പളവും

പെൻഷനും കൊടുക്കുന്ന സമയത്ത് മാത്രമുണ്ടായിരുന്ന നിയന്ത്രണം ഇപ്പോൾ മാസത്തിന്റെ ആദ്യപകുതിയിൽ തന്നെ തുടങ്ങി മാസാവസാനം വരെ തുടരുകയാണ്. 1-4-2019 മുതൽ 30-9-2019 വരെ വേയ്സ് ആന്റ് മീൻസ് അനുവദിക്കാത്ത ബില്ലുകൾ 1050 എണ്ണവും തുക 1133.46 കോടി രൂപയുമാണ്. റവന്യൂ റിക്കവറി, തിരിച്ചടയ്ക്കേണ്ട തുക 7548 കോടി രൂപയാണ്. അങ്ങനെയുള്ള ഒരു നയപ്രഖ്യാപനത്തെ അംഗീകരിക്കാൻ കഴിയില്ല. ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറലും അഡീഷണൽ അഡ്വക്കേറ്റ് ജനറലും ഡി.ജി.പി.-യും നൂറോളം പ്ലീഡർമാരുള്ളപ്പോഴാണ് സി.പി.ഐ.(എം.)-കാർ ക്രൂരമായി വെട്ടിക്കൊന്ന ഷുഹൈബിന്റെയും പെരിയയിലെ കൊച്ചനുജന്മാരായ കൃപേഷിന്റെയും ശരത്‌ലാലിന്റെയും മാതാപിതാക്കൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് കോടതിയിൽ പോയത്. ഈ വക്കീലന്മാരെ പുറത്തു നിർത്തിക്കൊണ്ടാണ് കൂടുതൽ ഫീസ് കൊടുത്ത് വേറെ വക്കീലന്മാരെ കൊണ്ടുവന്നത്. അതിനുവേണ്ടി ഒരു കോടി മുപ്പത്തൊന്ന് ലക്ഷം രൂപ ചെലവഴിച്ചു. ട്രാൻസ്ഗ്രിഡ് എന്നൊരു പദ്ധതി കെ.എസ്.ഇ.ബി.എൽ. അവതരിപ്പിച്ചിട്ടുണ്ട്. അതിനെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തിയാൽ ചുരുങ്ങിയത് 1000 കോടി രൂപയിലധികമുള്ള ക്രമക്കേടുകൾ കാണാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഗവൺമെന്റ് അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന ഒരു ഗവൺമെന്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ പറഞ്ഞത്, നാട്ടിൽ എസ്.ഡി.പി.ഐ. എന്നൊരു വിഭാഗമുണ്ടെന്നറിയില്ലേ; തീവ്രവാദപരമായി ചിന്തിക്കുന്ന ഒരു വിഭാഗമുണ്ടെന്നറിയില്ലേ; എസ്.ഡി.പി.ഐ. എന്നുപറയുമ്പോൾ പ്രതിപക്ഷം എന്തിന് ബഹളം വയ്ക്കുന്നു എന്നൊക്കെ. ഈ പ്രസംഗത്തിന്റെ പ്രത്യാഘാതം എന്താണെന്ന് അങ്ങ് വിലയിരുത്തിയിട്ടുണ്ടോ? എല്ലാ കാര്യങ്ങളും വിലയിരുത്താറുള്ള സി.പി.ഐ.(എം.) നേതൃത്വം ഇതിന്റെ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ? അങ്ങ് നടത്തിയ പ്രസ്താവന ശ്രീ. നരേന്ദ്ര മോദി-ശ്രീ. അമിത് ഷാ കൂട്ടുകെട്ടിന് മുതൽക്കൂട്ടാകുകയല്ലേ ചെയ്തിരിക്കുന്നത്. അങ്ങ് നിയമസഭയിൽ ആധികാരികമായി നൽകിയ മറുപടി രാജ്യത്തെമ്പാടും ശ്രീ. നരേന്ദ്ര മോദി പ്രസംഗിക്കാൻ ഒരു ആയുധമാക്കിയില്ലേ? പൗരത്വ ഭേദഗതിക്കെതിരെ രാജ്യത്ത് നടന്ന സമരങ്ങൾ, വിശേഷിച്ചും കേരളത്തിൽ നടക്കുന്ന വൻപ്രതിഷേധം എസ്.ഡി.പി.ഐ. യുടേതാണോ? അങ്ങ് പറയണം. സമരക്കാർ എസ്.ഡി.പി.ഐ. ക്കാരാണെന്ന് അങ്ങ് പറയുന്നു. എതിരാളികൾക്ക് പറയാനും യഥാർത്ഥ സമരക്കാരെ അടിക്കാനും ഒരു വടി അങ്ങ് കൊടുക്കാൻ പാടില്ലായിരുന്നു. കേരളത്തിലെ ആയിരക്കണക്കിന് മതേതരത്വവാദികളും ജമാ-അത്ത് കമ്മിറ്റികളും മഹല്ലുകളും ഈ രാജ്യത്ത് ജീവിക്കാൻവേണ്ടി നടത്തുന്ന സമരങ്ങളെ എസ്.ഡി.പി.ഐ. സമരമായി നിങ്ങൾ ചുരുക്കി

നിസ്സാരവത്കരിച്ചില്ലേ. ഇത് ഏതെങ്കിലും തരത്തിൽ ദേശവ്യാപകമായി നടന്നുവരുന്ന പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടക്കുന്ന സമരത്തെ ശക്തിപ്പെടുത്തുമോ അതോ ദുർബലപ്പെടുത്തുമോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. എസ്.ഡി.പി.ഐ.-ക്കാർ മഹാരാജാസ് കേളേജിൽ വച്ച് അഭിമന്യുവിനെ കുത്തിമലർത്തിയ അന്നല്ലേ വെമ്പായം പഞ്ചായത്തിൽ എസ്.ഡി.പി.ഐ.-യുമായി സഖ്യമുണ്ടാക്കി പഞ്ചായത്ത് ഭരണം പിടിച്ചെടുത്തത്. അതേപോലെ കുട്ടിലങ്ങാടിയിലും മുക്കത്തും പറപ്പൂരിലും നിങ്ങൾ ഒന്നിച്ച് കെട്ടിപ്പിടിച്ചിരിക്കുകയല്ലേ; എന്നിട്ട് എസ്.ഡി.പി.ഐ.-യെ സംബന്ധിച്ച് ഞങ്ങളോട് വിരൽ ചൂണ്ടി പറയാൻ അങ്ങേയ്ക്ക് എങ്ങനെ തോന്നിയെന്ന് ഞാൻ ചോദിക്കുകയാണ്.

'ഒരു കണ്ണീർകണം ഞാൻ
മറ്റുള്ളവർക്കായി പൊഴിക്കവേ
ഉദിക്കയാണെൻ ആത്മാവി-
ലായിരം സൗരമണ്ഡലം'

എന്ന് പാടിയ കവിയെ നിങ്ങൾ ഓർമ്മിക്കണം. ഇന്ത്യയിൽ പീഡനമനുഭവിക്കുന്ന മതേതരത്വവാദികൾക്കും മുസ്ലീം സഹോദരന്മാർക്കുംവേണ്ടി ഒരു കണ്ണീർക്കണം നാം കരുതിവയ്ക്കേണ്ട ഇക്കാലത്ത് സമരക്കാരെല്ലാം എസ്.ഡി.പി.ഐ.-ക്കാരാണെന്ന് പറഞ്ഞ് ഹിന്ദുത്വതീവ്രവാദികളുടെ എരിതീയിൽ എണ്ണയൊഴിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കാൻ പാടില്ലായിരുന്നു. ഇതേദിവസം ഡൽഹിയിലെ ഷഹീൻബാഗ് സമരം രാജ്യത്തിന്റെ ഐക്യം തകർക്കാനുള്ള ഗൂഢാലോചനയാണെന്ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പറഞ്ഞിരുന്നു. എസ്.ഡി.പി.ഐ.-ക്കാരാണ് സമരക്കാരെന്ന് കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ സുദിനമായിരുന്നു അത്. ദേശീയ മാധ്യമങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ പ്രസ്താവന ആഘോഷിക്കുകയായിരുന്നു. ഇന്ന് രാജ്യസഭയിൽ ഒരു എം.പി. പറഞ്ഞത്, Radical elements have penetrated in Anti CIA protest. What UP CM said; Pinarayi Vijayan is the only substantiating that എന്നാണ്. ഈ പ്രസ്താവനയുടെ ഗൗരവം ശ്രീ. പിണറായി വിജയൻ എന്ന് പറയുന്ന മുഖ്യമന്ത്രി മനസ്സിലാക്കുന്നില്ലെങ്കിലും സി.പി.ഐ.(എം.) എന്ന പാർട്ടി ചർച്ച ചെയ്യുമെന്ന് ഞാൻ വിചാരിക്കുകയാണ്.

കോൺഗ്രസ് നേതാക്കൾ ബി.ജെ.പി.-യിലേയ്ക്ക് പോകാനൊരുങ്ങുന്നു എന്നുപറഞ്ഞ് വ്യാപകമായി പ്രചരണം നടത്തുകയായിരുന്നില്ലേ. വിശ്വപൗരനായ

ശ്രീ. ശശി തരൂർ ഇപ്പോൾ പോകുമെന്ന് പറഞ്ഞില്ലേ? ഇന്ന് ഇന്ത്യയിൽ ഇത്തരം സമരങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിൽ മുന്നണി പടയാളിയാണ് ബഹുമാന്യനായ ശശി തരൂരെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെങ്കിലും അറിയില്ലേ? ഹിന്ദുത്വവിരുദ്ധ സമരങ്ങളുടെ നേതൃത്വം നൽകുന്ന ആളായി അദ്ദേഹം മാറിയില്ലേ? ആരാണ് ബി.ജെ.പി.-യിലേയ്ക്ക് പോയിട്ടുള്ളത്? അങ്ങയുടെ സഹപ്രവർത്തകനായിരുന്നില്ലേ പഴയ പത്മനാഭൻ; അൽഫോൺസ് കണ്ണന്താനം നിങ്ങളുടെ എം.എൽ.എ. ആയിരുന്നില്ലേ; പി. സി. തോമസ് നിങ്ങളുടെ എം.പി. ആയിരുന്നില്ലേ; വിശ്വനാഥമേനോനെ നിങ്ങൾ മറന്നുപോയോ? ആരാണ് പോയത്; ഒരു കോൺഗ്രസ്സുകാരന്റെ പേര് നിങ്ങൾ പറയൂ. എന്നിട്ടും നിങ്ങൾ നാടുമുഴുവൻ ഇക്കാര്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ നിലപാട് അപകടകരമായ സാഹചര്യമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, മതേതരത്വ ഇന്ത്യയുടെ ഹൃദയം പിളർന്നുകൊണ്ടുള്ള കേന്ദ്ര പൗരത്വ നിയമ ഭേദഗതി നടക്കുന്ന ഘട്ടത്തിൽ നാം ആലോചിക്കേണ്ടത് മഹാത്മാ ഗാന്ധിയെ പറ്റിയാണ്.

1908-ൽ ഹിന്ദ് സ്വരാജ് എഴുതുന്ന ഘട്ടത്തിൽ ഗാന്ധിജി പറഞ്ഞുവച്ചത് പ്രവാചക തുല്യമായിരുന്നു. ഇന്ത്യ ഹിന്ദുക്കളുടെ മാത്രം രാജ്യമാണെന്ന് ധരിക്കുന്നവർ സ്വപ്നലോകത്താണ്. ബഹുസ്വരത, അഹിംസ, പരക്ലേശ വിധേയത്വം, കരുണ എന്നിവയാണ് ഇന്ത്യ എന്ന വാക്കിന്റെ ഉൾബലം. പല മതക്കാരും വന്ന് ലയിക്കുന്ന ഇടമാണ് ഭാരതം. ഒരു രാജ്യത്തിന്റെ മുഴുവൻ ആളുകളും ഒരേ മതക്കാരായാലും രാഷ്ട്രത്തിന് മതമുണ്ടാകാൻ പാടില്ലെന്ന് പറഞ്ഞ ഗാന്ധിജിയുടെ നാടാണ് ഇന്ത്യ. 1931-ൽ ഗാന്ധിജി പറഞ്ഞുവച്ചത്, വേണ്ടി വന്നാൽ പാപം ചെയ്യാനുള്ള സ്വാതന്ത്ര്യംപോലും ഉള്ളതായിരിക്കണം നമ്മുടെ ഭരണഘടന. ദേശീയ ചൈതന്യം ഉള്ളിൽ സൂക്ഷിക്കുന്നവർ അന്യമതത്തിൽ ഇടപെടാൻ പാടില്ലെന്ന് ഗാന്ധിജി പറഞ്ഞു. സ്വന്തം രാജ്യം തെറ്റ് ചെയ്യുമ്പോൾ ചൂണ്ടിക്കാണിക്കുന്നവനാണ് രാജ്യസ്നേഹി. 1947 ആഗസ്റ്റ് 14-ന് സംഘപരിവാറിന്റെ ജിഹ്വ ആയ ഓർഗനൈസർ പറഞ്ഞത്, ദേശീയ പതാക Injurious to health എന്നാണ്. ഗാന്ധി ഇന്ത്യയെ എന്താക്കി; മാന്തി പുണ്ണാക്കി എന്ന് കമ്മ്യൂണിസ്റ്റുകാരും ആ കാലഘട്ടത്തിൽ വിളിച്ചു. അതിന്റെ തുടർച്ചയാണ് ശ്രീ. അനന്തകുമാർ ഹെഗ്ഡെ ഇന്നലെ പറഞ്ഞിട്ടുള്ള ഗാന്ധിജിക്കെതിരായ പരാമർശം. യഥാർത്ഥത്തിൽ ഹിന്ദു തീവ്രവാദികളും കമ്മ്യൂണിസ്റ്റുകളും തമ്മിൽ, ശങ്കരാടിയുടെ ഭാഷയിൽ പറഞ്ഞാൽ, വിഘടനവാദികളെയും പ്രതിക്രിയാവാദികളെയും കണ്ടെത്തി അവരുടെ അന്തർധാര മുറിക്കാൻ കഴിഞ്ഞാലേ രക്ഷപ്പെടൂ. യഥാർത്ഥത്തിൽ അത് മുറിക്കേണ്ടതല്ലേ. അങ്ങ് ശ്രീ. എൽ. കെ. അദ്വാനിയുടെ ' മൈ കൺട്രി മൈ ലൈഫ് ' എന്ന പുസ്തകം

വായിച്ചിട്ടുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. അദ്ദേഹം വായിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പക്ഷേ, ഒന്നുണ്ട്, പ്രസ്തുത പുസ്തകത്തിന്റെ 443-മത്തെ പേജിന്റെ ഹെഡ്ഡിംഗ് കമ്മ്യൂണിസ്റ്റ് ഹിപ്പോക്രസി എന്നാണ്. " I was happy that semi institutionalised framework for three-way co-ordination between National Front, BJP and Left parties came into being soon. Every Tuesday, leaders of the three constituents used to meet for dinner at the Prime Mininster's official residence to discuss important issues before the government" . അതുമാത്രമല്ല, " On several occasions, the BJP and Left parties adopted floor co-ordination when Congress governments were in office. Their MPs would tell us: We should try to isolate the Congress on this matter." കോൺഗ്രസ്സിനെ ഐസൊലേറ്റ് ചെയ്യുന്നതാണ് നിങ്ങളുടെ മുഖ്യ അജണ്ട. അതുമാറ്റാൻ നിങ്ങൾ തയ്യാറുണ്ടോ? ആരാണ് നിങ്ങളുടെ ഒന്നാം നമ്പർ ശത്രു; കോൺഗ്രസ് ഒന്നാം നമ്പർ ശത്രുവെങ്കിൽ എങ്ങനെ കൂട്ടുകൂടാൻ കഴിയും; യോജിച്ച സമരം എങ്ങനെ ചെയ്യാൻ കഴിയും; കോൺഗ്രസ്സിനെ തോൽപ്പിക്കാൻ ഏത് ചെകുത്താനുമായും കൂട്ടുകൂടുമെന്ന നിങ്ങളുടെ പഴയ സിദ്ധാന്തം മാറ്റിയിട്ടുണ്ടോ? ഗാന്ധി വധത്തെത്തുടർന്ന് പകൽ പുറത്തിറങ്ങാൻ കഴിയാതിരുന്ന ആർ.എസ്.എസ്., സംഘപരിവാർ ശക്തികളെ കെട്ടിപ്പിടിച്ച് കൂട്ടുകൂടി ചൊവ്വാഴ്ചകളിൽ അത്താഴവിരുന്നുണ്ട്, നിങ്ങൾ ചാർത്തിക്കൊടുത്ത അന്തസ്സിന്റെ ഭീകരരൂപമാണ് ഇന്ന് ബി.ജെ.പി. വിശ്വരൂപമായി ഇന്ത്യയിൽ കാണിക്കുന്നത്. 1977-ലെ തെരഞ്ഞെടുപ്പിൽ കൂത്തുപറമ്പിൽ അബ്ദുൾ ഖാദറിനോട് മത്സരിച്ചത് അങ്ങ് മറന്നിട്ടില്ലല്ലോ? അന്നും സംഘപരിവാറിന് അവിടെ സ്ഥാനാർത്ഥി ഉണ്ടായിരുന്നില്ല. പണ്ട് നിങ്ങൾ മുസ്ലീം ലീഗിനെ കളിയാക്കിയിരുന്നു.

മി. സ്പീക്കർ: യെസ്...ശ്രീ. പി. ടി. തോമസ്..

ശ്രീ. പി. ടി. തോമസ്: സർ, അവസാനിപ്പിക്കുകയാണ്. എല്ലാവർക്കും നാലഞ്ച് മിനിറ്റ് കൊടുത്തു.

മി. സ്പീക്കർ: ആർക്കും കൊടുത്തിട്ടില്ല. കൊടുക്കുന്ന പ്രശ്നമില്ല. അനധികൃതമായി സമയം എടുത്തിട്ടുണ്ടാകും.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീമതി സോണിയാ ഗാന്ധി ശ്രീ. സീതാറാം യെച്ചൂരിയെ പാർലമെന്റിൽ കൊണ്ടുവരാമെന്ന് പറഞ്ഞു. കേരളത്തിലെ സി.പി.ഐ.(എം.) നേതൃത്വത്തിന്റെ ഭീഷണി പോളിറ്റ് ബ്യൂറോയിൽ മുഴങ്ങിയതുകൊണ്ട് നടന്നില്ല. സംഘപരിവാറിനെതിരെ പോരാടാൻ ഒരാൾകൂടി എന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം. നിങ്ങളുടെ ഹിപ്പോക്രസിയുടെ മറ്റൊരു ഉദാഹരണമാണ് ബാബറി മസ്ജിദ് പ്രശ്നം.

ഇത് മാതൃഭൂമിയിൽ വന്ന വാർത്തയാണ്. XXXXXXXXX* ഇന്നലെ എന്നെ ശ്രീ. രാജേഷ് വെല്ലുവിളിച്ചല്ലോ. ഇത് നിങ്ങൾ ചോദിക്കണം. ഇന്നലെ ബഹുമാന്യനായ മുല്ലക്കര രത്നാകരൻ കനയ്യ കുമാറിനെ ഉദ്ധരിച്ചിരുന്നു. കഴിഞ്ഞ ദിവസം കനയ്യ കുമാർ ശ്രീ. പ്രകാശ് കാരാട്ടിനോട് പറഞ്ഞത്, അങ്കിൾ, ഫാസിസം ഇന്ത്യയിൽ വന്നിട്ടില്ലായെന്നാണ് ഇപ്പോഴും അങ്ങയുടെ അഭിപ്രായമെങ്കിൽ ദയവായി ലണ്ടനിൽ പോയി വിശ്രമിക്കുക എന്നാണ്.

അങ്ങയുടെ മറ്റൊരു കാപട്യം ഭൂപരിഷ്കരണ നിയമത്തിന്റെ കാര്യത്തിലാണ്. പി. എസ്. നടരാജപിള്ള അവതരിപ്പിച്ച ഭൂപരിഷ്കരണ നിയമത്തെ പിന്തുണച്ച് അന്ന് ശ്രീമതി കെ. ആർ. ഗൗരിയമ്മ സഭയിൽ പറഞ്ഞത് ഇന്ത്യക്ക് മാതൃകയാണെന്നാണ്. ആർ. ശങ്കറിന്റെ കാലത്ത് പി.റ്റി. ചാക്കോ കൊണ്ടു വന്ന റൂൾ 1, 1964 ആണ് ഇന്ത്യയിലെ ഭൂപരിഷ്കരണത്തിന്റെ കൊടി അടയാളം. അച്യുതമേനോൻ നടത്തിയ ഇടപെടലും മറ്റുമാണ് ഭൂപരിഷ്കരണത്തിന്റെ ചാലകശക്തി. 1969 ഡിസംബർ 24-ന് അച്യുതമേനോൻ പുറപ്പെടുവിച്ച പ്രസ്താവന സി.പി.ഐ.(എം.)കാർ മറന്നാലും സി.പി.ഐ.-ക്കാർ മറക്കരുത്. സി.പി.ഐ.(എം.) നടത്തുന്ന സമരം സർക്കാരിനെതിരെ മാത്രമല്ല, നീതിപൂർവ്വവും നിഷ്പക്ഷവുമായി ഭൂമി വിതരണം ചെയ്തുകിട്ടാനുള്ള പാവപ്പെട്ടവനെതിരെയുള്ള സമരമാണ്. കേരളത്തിലെ സി.പി.ഐ.(എം.)-ന്റെ ഇപ്പോഴത്തെ pin drop silence ഉത്കണ്ഠാജനകമാണ്. പിന്നിലിരിക്കുന്ന സിംഹക്കുട്ടികളും ഗജകേസരികളും മാൻപേടയെപോലെ അടങ്ങിയിരിക്കുവാൻ പാടില്ല. ഈ കാലഘട്ടം കോളറ കാലത്തെ പ്രണയമാകരുത്. കേരളത്തിലെ സി.പി.ഐ.(എം.) അടിമ, ഉടമ വാഴ്ചയുടെ നാട്ടുവാഴിയായി പിണറായിയോട് "മന്നവേന്ദ്രാ വിളങ്ങുന്നു ചന്ദ്രനെപ്പോലെ നിൻമുഖം" എന്ന് പറയുന്ന നിങ്ങൾ, വൻകിട മൂലധന ശക്തികളുമായി കൈകോർത്തുപോകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നയത്തെ തിരുത്തുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു ഉൾവിളി ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ നയപ്രഖ്യാപനത്തെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ബഹുമാന്യനായ മുതിർന്ന അംഗം തന്റെ പ്രസംഗത്തിനിടയിൽ മഹാനായ ഇ.എം.എസ്.നെ സംബന്ധിച്ച പത്ര വാർത്തയെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. 1987-ൽ മാതൃഭൂമിയിൽ വന്ന വാർത്തയെക്കുറിച്ച് തൊട്ടടുത്ത ദിവസം തന്നെ, ആ അടിസ്ഥാരഹിതമായ വളച്ചൊടിച്ച വാർത്ത ലേഖകന്റെ ഭാവനാസൃഷ്ടി ആണെന്നും യഥാർത്ഥത്തിൽ താൻ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫ.നമ്പർ . 890/ഇ.ബി./2020/നി.സെ. തീയതി 6-2-2020) രേഖയിൽ നിന്നും നീക്കം ചെയ്തു.)

പറഞ്ഞിട്ടുള്ള കാര്യം വാർത്തയ്ക്ക് കടകവിരുദ്ധമാണെന്നും വിശദമായി ഇ.എം.എസ്. ചിന്ത മാസികയിൽ എഴുതിയിട്ടുള്ളതും ആ തെറ്റായ വാർത്ത സമൂഹം തള്ളിക്കളഞ്ഞതുമാണ്. ഈ സഭയെയാകെ തെറ്റിദ്ധരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ പിന്നീട് മാതൃഭൂമി തന്നെ തിരുത്ത് വരുത്തിയിട്ടുള്ള കളവ് മുതിർന്ന ഒരംഗം ഈ സഭയിൽ ഉന്നയിച്ചത് നിർഭാഗ്യകരമാണ്. ആ തെറ്റിദ്ധരിപ്പിക്കുന്ന കളവ് സഭാരേഖയിലുണ്ടാകാൻ പാടില്ല. അത് പരിശോധിച്ച് നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം

ശ്രീ. വി. ജോയി: സർ, ബഹുമാന്യനായ എസ്. ശർമ്മ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ത്യയും ലോകവും ശ്രദ്ധിക്കുന്ന ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തെ സംബന്ധിച്ച ചർച്ചയാണ് ഈ സഭയിൽ നടക്കുന്നത്. ' മകൻ മരിച്ചാലും വേണ്ടില്ല, മരുമകളുടെ താലി അറുക്കണം ' എന്ന ഏറ്റവും ധിക്കാരപരവും ധാർഷ്ട്യപരവും നീതിരഹിതവും നീചവുമായ നടപടിയാണ് ഇവിടെ പ്രതിപക്ഷം തുടക്കംമുതൽ എടുത്തുവരുന്നത്. ശ്രീ. നരേന്ദ്ര മോദിയും ശ്രീ. അമിത് ഷായും കൊണ്ടുവരുന്ന ജനവിരുദ്ധമായ ധാരാളം നിയമങ്ങൾ, അതിലേറ്റവും പ്രാധാന്യമുള്ള പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പ്രതിപക്ഷം ഈ സഭയിൽ ചർച്ച ചെയ്യുന്നില്ല. മറിച്ച് ഗവർണ്ണറെ സംബന്ധിച്ച ചില കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിച്ചുകൊണ്ട് ഒറ്റതിരിഞ്ഞ് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയെ ആക്രമിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഇവിടെ ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗം നടത്തും. നിങ്ങൾക്കോ എനിക്കോ മറ്റാർക്കെങ്കിലുമോ ഈ സഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്താൻ കഴിയില്ല. ഗവൺമെന്റിന്റെ നയം മന്ത്രിസഭ അംഗീകരിച്ചുകൊടുത്താൽ അത് ഗവർണ്ണർ ഇവിടെ അവതരിപ്പിക്കണം. ചിലപ്പോൾ നിങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെയാകാം. പക്ഷേ, ഇവിടെ എന്താണ് സംഭവിച്ചത്? പത്രമാധ്യമങ്ങളിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഗവർണ്ണർ പതിനെട്ടാമത്തെ പാരഗ്രാഫ് വായിക്കുകയില്ലെന്ന് നിങ്ങൾ തീരുമാനിച്ചു. തുമ്പി കല്ലെടുക്കുകയില്ലെന്ന് നിങ്ങൾ പ്രതീക്ഷിച്ചു. പക്ഷേ, ഗവർണ്ണർ വന്നു, അത് വായിച്ചു, തുമ്പി കല്ലെടുക്കുകയും ചെയ്തു. അപ്പോഴാണ് നിങ്ങൾ വേവലാതിപൂണ്ടത്. നിങ്ങൾ അന്ന് കാണിച്ചതുമുഴുവൻ വൃഥാവിലായി, അല്ലെങ്കിൽ അതിന് ഫലമില്ലാതായെന്ന് നിങ്ങൾക്കുതന്നെ പിന്നീട് ബോധ്യം വന്നു. അന്നത്തെ വൈകുന്നേരങ്ങളിലെ ചാനൽ ചർച്ചകളിൽ നിറഞ്ഞുനിന്ന നിങ്ങളുടെ മുഖങ്ങൾ പരിശോധിച്ചാൽ അത് മനസ്സിലാകും. അവിടെ വിജയം കൊയ്തത് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ നയങ്ങളുമാണെന്ന കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരക്ഷരം മിണ്ടിയില്ലെന്ന് ഇവിടെ നിരവധി പ്രതിപക്ഷാംഗങ്ങൾ

പറയുന്നത് കേട്ടു. പിന്നെ നിങ്ങളാണോ മിണ്ടിയത്? ഈ പ്രശ്നങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ എത്ര തവണയാണ് കേരളത്തിന്റെ മുഖ്യമന്ത്രി പതിനായിരങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് ഗവർണ്ണർ എടുത്ത നടപടിക്കെതിരായി അഭിപ്രായം പറഞ്ഞത്. എല്ലാ ദിവസവും നിങ്ങൾ പറയുന്നതുപോലെ പറയണോ? അതിന്റെ ആവശ്യമില്ല. പറയേണ്ട സ്ഥലത്ത് പറയേണ്ട സമയത്ത് അദ്ദേഹം പറയേണ്ടത് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഗവർണ്ണറോട് നിങ്ങൾക്ക് ഭയങ്കര വിരോധമാണ്. ഏതെല്ലാം അവസരങ്ങളിൽ നിങ്ങൾ ഗവർണ്ണറുമായി സംസാരിച്ചിട്ടുണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷത്തോട് ചോദിക്കുകയാണ്. ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരും മാത്രമാണോ ഗവർണ്ണറോട് സംസാരിച്ചത്? അല്ലല്ലോ. കെ. കരുണാകരന്റെ സ്മൃതിദിനവുമായി ബന്ധപ്പെട്ട് നിങ്ങൾ ആരെയാണ് വിളിച്ചത്? ഈ ഗവർണ്ണറെയല്ലേ നിങ്ങൾ വിളിച്ചത്. എന്നിട്ട് അവസാനം എന്തായി? ശ്രീ. കെ. മുരളീധരൻ വിയോജനക്കുറിപ്പ് എഴുതുകയും എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തപ്പോഴല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കത്ത് കൊടുത്ത് ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ ആ പരിപാടിയിൽനിന്നും മാറ്റിയത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓർഡിനൻസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എത്രപ്രാവശ്യമാണ് രാജ്ഭവനിലേയ്ക്ക് പോയത്. അപ്പോൾ നിങ്ങൾ അവിടെ പോയാലും ചായ കുടിച്ചാലും പ്രശ്നമില്ല. കേരളത്തിന്റെ മുഖ്യമന്ത്രി അവിടെപ്പോയി ഇരുന്നാൽ അത് പ്രശ്നമാണ്. ഇതൊരു ഇരട്ടത്താപ്പാണെന്ന് നിങ്ങൾ മനസ്സിലാക്കണം. പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ഈ രാജ്യത്ത് ആരെങ്കിലും ആർജ്ജവത്തോടെ സംസാരിച്ചിട്ടുണ്ടെങ്കിൽ അത് കേരളത്തിന്റെ മുഖ്യമന്ത്രിയാണെന്ന കാര്യം കേരളത്തിലെ എന്നുമാത്രമല്ല ഇന്ത്യയിലെ ആളുകൾക്കെല്ലാമറിയാമെന്ന് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ ദിവസം മുംബൈയിലെ കളക്ടീവിൽ നടന്നിട്ടുള്ള പ്രത്യേക പ്രസംഗവും കാര്യങ്ങളും നിങ്ങൾ ശ്രദ്ധിച്ചുകാണണം. ഇവിടെ യോജിച്ച പ്രക്ഷോഭത്തെ സംബന്ധിച്ച് പറയുന്നു. യോജിച്ച പ്രക്ഷോഭവുമായി ബന്ധപ്പെട്ട് സംസാരിച്ചപ്പോൾ, നിങ്ങളുമായിട്ടാണോ എന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നലെ ഇവിടെ ചോദിച്ചു. നിങ്ങളുമായി അടുക്കാമോ; നിങ്ങൾ ആരാണ് എന്ന് ബഹുമാന്യനായ പി. ടി. തോമസ് ഇന്നിവിടെ സൂചിപ്പിച്ചത് അതിന്റെ വേറൊരു പതിപ്പാണ്. ഞങ്ങളൊരു ചെറിയ പാർട്ടിയാണ്. ഇപ്പോൾ കേരളത്തിൽ മാത്രമേയുള്ളു. നേരത്തെ രണ്ടുമൂന്ന് സംസ്ഥാനങ്ങളിലുണ്ടായിരുന്നു. പക്ഷേ ഇങ്ങനെ കളിയാക്കാമോ? ഇന്ത്യയിലാകെ 4131 എം.എൽ.എ.-മാരുണ്ട്. അതിൽ നിങ്ങൾക്കാകെയുള്ളത് 101 എം.എൽ.എ.-മാർ മാത്രമാണ്. അതുകൊണ്ട് നിങ്ങളുമായി കൂട്ടുചേരാമോ? ഇവിടെ ഹിന്ദുത്വവുമായി കൂട്ടുകൂടുന്നതും സന്ധി ചെയ്യുന്നതും കമ്മ്യൂണിസ്റ്റുകാരാണെന്ന് നിങ്ങൾ പറഞ്ഞല്ലോ? ഇപ്പോൾ

പ്രതിപക്ഷത്തിരിക്കുന്നത് ആരാണ്? നിങ്ങൾ ഞങ്ങളോടൊപ്പം കൂട്ടുകൂടേണ്ട. നേരത്തെ കോൺഗ്രസ്സിന് 415 സീറ്റുണ്ടായിരുന്നു. ഇപ്പോഴത്തെ കോൺഗ്രസ്സിന്റെ സ്ഥിതിയെന്താണ്? ഇപ്പോൾ നിങ്ങൾക്ക് 44 സീറ്റ് മാത്രമാണുള്ളതെന്ന് മനസ്സിലാക്കണം. ഇപ്പോഴുള്ള ബി.ജെ.പി. എം.പി.മാരിൽ 192 പേർ നിങ്ങളിൽനിന്നും പോയി എം.പി. മാരായവരാണെന്ന കാര്യം മനസ്സിലാക്കണം. അഞ്ച് മുഖ്യമന്ത്രിമാർ നിങ്ങളിൽനിന്നും പോയി ബി.ജെ.പി.-യിൽ ഇരിക്കുകയാണ്. 14 പി.സി.സി. അദ്ധ്യക്ഷന്മാരും പോയി. അവരെല്ലാം പോയി ബി.ജെ.പി.-യെ ബലപ്പിച്ച് ഭരണത്തിൽ കൊണ്ടുവന്ന് എല്ലാം ചെയ്തതിനുശേഷം ഇതെല്ലാം ഇടതുപക്ഷത്തിന്റെയും കേരളത്തിന്റെ മുഖ്യമന്ത്രിയുടെയും തലയിൽ കൊണ്ടുവയ്ക്കുന്ന ഏർപ്പാടാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ആർജ്ജവത്തോടെയുള്ള പ്രവർത്തനം ഈ രാജ്യത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ആളുകളും സാധാരണക്കാരും മനസ്സിലാക്കുന്നുണ്ട്. അതുകൊണ്ടാണ് മനുഷ്യ മഹാശൃംഖലയിൽ ആയിരങ്ങൾ ഒഴുകിയെത്തിയത്. നിങ്ങളുടെ ഭൂപടത്തിൽ എങ്ങനെയായിരുന്നുവെന്നുള്ളത് നിങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസ് എന്ത് സമരമാണ് ചെയ്തത്? കഴിഞ്ഞ രണ്ട് പ്രാവശ്യമായി ബി.ജെ.പി. ഗവൺമെന്റ് ഇവിടെ എല്ലാം തകർക്കുകയാണ്. സോമാലിയയ്ക്കുശേഷം സ്വന്തമായി വിമാന സർവ്വീസില്ലാത്ത രാജ്യമായി നമ്മുടെ രാജ്യം മാറാൻ പോകുകയാണ്. ഇവിടെ 50 രൂപയ്ക്ക് പെട്രോൾ കൊടുക്കുമെന്നും 10 കോടി തൊഴിൽ ദിനങ്ങൾ നൽകുമെന്നും പാചക വാതകത്തിന്റെ വില കുറയ്ക്കുമെന്നും 50 ലക്ഷം രൂപ അക്കൗണ്ടിൽ കൊണ്ടുവരുമെന്നും ജി.എസ്.ടി. നടപ്പിലാക്കിയാൽ വില കുറയുമെന്നും പറഞ്ഞു. ഇന്ത്യാ രാജ്യത്തെ കെട്ടിപ്പടുക്കാൻ രാജ്യത്താകെ പടർത്തുന്ന രീതിയിലേയ്ക്ക് ഏതെങ്കിലുമൊരു സമരം കൊണ്ടുവരാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് സാധിച്ചിട്ടുണ്ടോ? സാധിച്ചിട്ടില്ലെന്ന വസ്തുത നിങ്ങൾ മനസ്സിലാക്കണമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അടക്കമുള്ള ആളുകൾ ഇന്നലെ പ്രസംഗിച്ചപ്പോൾ സഖാവ് ഇ.എം.എസ്.-നെക്കുറിച്ച് പറയുകയുണ്ടായി. ഇ.എം.എസ്.-നെ പിടിച്ചുകൊണ്ടാണ് ലീഗ് നേതാക്കൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. നിങ്ങളെ നിങ്ങളാക്കിയതാരെന്ന ഓർമ്മ നിങ്ങൾക്കുവേണം. 1960-ൽ മന്ത്രിസഭ രൂപീകരിക്കുമ്പോൾ കോൺഗ്രസ്സിന് 43 സീറ്റുണ്ടായിരുന്നു. പി.എസ്.പി.-ക്ക് 11 സീറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ പി.എസ്.പി.-യുടെ ആളിനെ കേരളത്തിന്റെ മുഖ്യമന്ത്രിയാക്കി. നിങ്ങളെ സ്പീക്കറാക്കി. പിന്നീട് അതുംപോയി. 1965-ൽ ആർക്കും ഭൂരിപക്ഷം കിട്ടിയില്ല. 1967-ൽ കേരളത്തിലാദ്യമായി മുസ്ലീം ലീഗ്, നിങ്ങൾ പറയുന്നതുപോലെ തൊപ്പിവച്ച്,

മന്ത്രിസഭയിൽ വന്നത് സഖാവ് ഇ.എം.എസ്. ആണെന്നുള്ള ബോധ്യം നിങ്ങൾക്കുണ്ടാകുന്നത് വളരെ നല്ലതാണ്. (....ബഹളം......)

ശ്രീ. പി. കെ. ബഷീർ: സർ, സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായത് ഞങ്ങൾ നിമിത്തമാണ്. (....ബഹളം......)

ശ്രീ. വി. ജോയി: സർ, 1960-ൽ നിങ്ങളെ സ്പീക്കറാക്കിയതിന്റെ പേരിൽ കോൺഗ്രസ്സിലെ ദക്ഷിണേന്ത്യൻ വിഭാഗം അത് തെറ്റായിപ്പോയി എന്ന തീരുമാനമെടുത്തു. 1961-ലെ ദുർഗ്ഗാപൂർ പ്രമേയം നിങ്ങൾ മനസ്സിലാക്കണം. ലീഗുമായി കൂട്ടുകൂടിയതിന്റെ ഭാഗമായി കോൺഗ്രസ് എടുത്ത പ്രമേയമാണത്. ഇപ്പോൾ നിങ്ങൾ വല്ലാതെ പരിഭ്രമിക്കുകയാണ്. കോൺഗ്രസ് ലീഗിനെ മുൻനിർത്തി കളിക്കുകയാണ്. അത് വളരെ ആപത്കരമായ കളിയാണ്. ഇവിടെ എസ്.ഡി.പി.ഐ-യുമായി ആരും സന്ധിസംഭാഷണത്തിന് പോയിട്ടില്ല. ആരുടെ ഭാഗത്തുനിന്നുമുള്ള അക്രമത്തെ പ്രോത്സാഹിപ്പിക്കുന്നില്ലെന്നാണ് എസ്.ഡി.പി.ഐ-യെ സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത്. എസ്.ഡി.പി.ഐ.യുമായി ബന്ധപ്പെട്ട് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് നിങ്ങൾ എവിടെ ചർച്ച ചെയ്തുവെന്ന് ചാനലുകളിൽ വന്നു. നിങ്ങൾക്ക് മിണ്ടാട്ടമുണ്ടായിരുന്നോ? കോഴിക്കോട് സി.എച്ച്. സെന്ററിൽ ആർ.എസ്.എസ്.ന്റെ ആളുകളുമായി നിങ്ങൾ മുമ്പ് സന്ധിസംഭാഷണം നടത്തി. ഈ വർഗ്ഗീയവാദികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തത് നിങ്ങളാണെന്നുള്ള കാര്യം നിങ്ങൾ ഓർക്കേണ്ടതായിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: ശ്രീ. വി. ജോയി, അങ്ങയുടെ സമയം കഴിഞ്ഞു. അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കട്ടെ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിൽ സി.എച്ച്. സെന്ററിൽ ആർ.എസ്.എസ്.-ഉം ആയി ലീഗ് നേതൃത്വം ചർച്ച നടത്തിയെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിച്ച് നടപടി സ്വീകരിക്കാം.* പ്ലീസ്...... അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ജോയി: സർ, ഈ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മമ്പാട് എം.ഇ.എസ്. കോളേജിലെ ഇലക്ഷനിൽ കെ.എസ്.യു. ജയിച്ചു. അന്ന്

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫ.നമ്പർ 891/ഇ.ബി./2020/നി.സെ. തീയതി 6-12-2020)പ്രകാരം രേഖയിൽ നിലനിർത്തി.

കെ.എസ്.യു. വിദ്യാർത്ഥികൾ ടൗണിൽ നടത്തിയ ഒരു പ്രകടനമുണ്ട്. "പച്ചക്കൊടിയും തേങ്ങാപ്പൂളും എം.എസ്.എഫ്.-ന് പൊന്നാണെങ്കിൽ കെ.എസ്.യു.-വിന് പുല്ലാണ്" എന്നവർ വിളിച്ചു. നേതാക്കന്മാർ അത് മനസ്സിലാക്കണം. പാണക്കാട് ഒരു ഫോണുണ്ടെങ്കിൽ ഒന്നുവിളിച്ച് പറഞ്ഞേയ്ക്കു, എം.ഇ.എസ്. തിരുമുറ്റത്ത് ആര്യാടന്റെ പട്ടാളം നീല പൊൻകൊടി പാറിച്ചു എന്ന് അവർ വിളിച്ചു.

മി. സ്പീക്കർ: പ്ലീസ്...........കൺക്ലൂഡ്......

ശ്രീ. വി. ജോയി: സർ, കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം വികസന പ്രവർത്തനങ്ങൾ നടത്തിയ ഒരു ഗവൺമെന്റ് വേറെയില്ലെന്ന് നാം ഓർക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കിഫ്ബിയുമായി ബന്ധപ്പെട്ട് 409 കോടി രൂപയുടെ എ.എസ്. ലഭിച്ചുവെന്ന് നേരത്തെ പറഞ്ഞു. എന്നാൽ തിരുവനന്തപുരം ജില്ലയിലെ ഒരു പ്രതിപക്ഷ എം.എൽ.എ.-യ്ക്ക് 536 കോടി രൂപയാണ് കിഫ്ബി വഴി എ.എസ്. ലഭിച്ചതെന്നുള്ളത് നിങ്ങൾ ഓർക്കണം. കേരള ചരിത്രത്തിൽ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഇത്രയധികം തുക ചെലവഴിക്കപ്പെട്ടിട്ടുള്ള ഒരു കാലമുണ്ടായിട്ടില്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ നന്ദിപ്രമേയത്തെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ഓർഡർ........ ഓർഡർ............ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

**(2020 ഫെബ്രുവരി മാസം 05-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.02-ന് പിരിഞ്ഞു.)**